# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

## അനുവർത്തന ഓഡിറ്റ് റിപ്പോർട്ട്
## 2022 മാർച്ച് 31–ന് അവസാനിച്ച വർഷത്തേത്

**കേരള സർക്കാർ**

**2024 വർഷത്തെ റിപ്പോർട്ട് നമ്പർ 2**

## ഉള്ളടക്കം


| വിശദാംശങ്ങൾ | പരാമർശിക്കുന്ന | |
|---|---|---|
| | ഖണ്ഡിക | പേജ് |
| **മുഖവുര** | | |
| **ഉപരിവീക്ഷണം** | | |
| **അദ്ധ്യായം I :സാമാന്യം** | | |
| ആമുഖം | 1.1 | 1 |
| ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ രൂപരേഖ | 1.2 | 1 |
| ഓഡിറ്റ് നടത്താനുള്ള അധികാരം | 1.3 | 2 |
| ഓഡിറ്റ് യൂണിവേഴ്സും യൂണിറ്റുകളുടെ കവറേജും | 1.4 | 2 |
| ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും | 1.5 | 3 |
| റിപ്പോർട്ടിന്റെ കവറേജ് | 1.6 | 3 |
| ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള വകുപ്പുകളുടെ/ പിഎസ്‌യുകളുടെ പ്രതികരണം | 1.7 | 4 |
| ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ | 1.8 | 6 |
| പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി)/ പബ്ലിക് അണ്ടർടേക്കിങ്സ് കമ്മിറ്റി (കോപു) എന്നിവയുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള ചർച്ച | 1.9 | 7 |
| **ഭാഗം I: സംസ്ഥാന സർക്കാർ വകുപ്പുകൾ** | | |
| **അദ്ധ്യായം II: സംസ്ഥാന സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ** | | |
| **വനം വന്യജീവി വകുപ്പ്** | | |
| മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട പ്രതിരോധ, ലഘൂകരണ നടപടികൾ നടപ്പിലാക്കൽ | 2.1 | 9 |
| റോഡിനായി കൈമാറ്റം ചെയ്ത ഭൂമിക്ക് പകരം ലഭിച്ച വനഭൂമി തിരിച്ചറിയുന്നതിൽ വനം-വന്യജീവി വകുപ്പിനുണ്ടായ പരാജയം, നഷ്ടപരിഹാര വനവൽക്കരണവും ഒരു സംസ്ഥാന പാതയുടെ പുനർനിർമ്മാണവും നടപ്പാകാതിരിക്കാൻ കാരണമായി. | 2.2 | 45 |
| **പൊതുമരാമത്ത് വകുപ്പ്** | | |
| കേരള പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ, പരിപാലന പ്രവർത്തനങ്ങൾ | 2.3 | 47 |
| ബിൽ ഓഫ് ക്വാണ്ടിറ്റീസിൽ മാറ്റം വരുത്തിയതും ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ ഈടാക്കാത്തതും കരാറുകാരന് 21.84 കോടി രൂപയുടെ അനർഹമായ ആനുകൂല്യം ലഭിക്കുന്നതിന് കാരണമായി | 2.4 | 88 |
| പ്രവൃത്തികളുടെ തെറ്റായ എസ്റ്റിമേറ്റ് സർക്കാരിന് അധികച്ചെലവിനും ഒരു അംഗീകൃത ഏജൻസിക്ക് അനർഹമായ ആനുകൂല്യം ലഭിക്കുന്നതിനും കാരണമായി | 2.5 | 92 |
| പൂർത്തിയായ പ്രവൃത്തി ബില്ലുകൾ വീണ്ടും തുറന്ന് മുറപ്രകാരം പിരിച്ച തുക ക്രമവിരുദ്ധമായി തിരിച്ചു നൽകിയതും അന്തിമ ബില്ലുകളിൽ വരുത്തിയ അനുചിതമായ ക്രമീകരണങ്ങളും സർക്കാരിന് നഷ്ടം വരുത്തി | 2.6 | 96 |
| **ഖനന ഭൂവിജ്ഞാന ഡയറക്ടറേറ്റ്** | | |
| കേരളത്തിലെ ഖനന പ്രവർത്തനങ്ങൾ | 2.7 | 98 |
| **സാംസ്കാരികകാര്യവകുപ്പ്** | | |
| 63.42 ലക്ഷം രൂപ ചെലവിൽ വാങ്ങിയ ആസ്തികളുടെ നിഷ്ക്രിയത്വം | 2.8 | 123 |
| കരാറുകാർക്ക് അനർഹമായ ആനുകൂല്യം | 2.9 | 125 |

| വിശദാംശങ്ങൾ | പരാമർശിക്കുന്ന | |
|---|---|---|
| | ഖണ്ഡിക | പേജ് |
| **കയർ വികസന ഡയറക്ടറേറ്റ്** | | |
| പാഴ്ച്ചെലവ് | 2.10 | 126 |
| **ഭാഗം II: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ** | | |
| **അദ്ധ്യായം III: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ** | | |
| ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ പ്രവർത്തന പ്രകടനം | 3.1 | 131 |
| **സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്** | | |
| സംസ്ഥാന ജലഗതാഗത വകുപ്പിന് വേണ്ടിയുള്ള പ്രവൃത്തികളുടെ നിർവ്വഹണം | 3.2 | 151 |
| **ദി കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്** | | |
| അധിക ചെലവ് | 3.3 | 154 |
| **കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്** | | |
| ജാമ്യത്തുക ഈടാക്കാതെയും നഷ്ടോത്തരവാദിത്ത ബാധ്യത വീണ്ടെടുക്കാതെയും മൊബിലൈസേഷൻ അഡ്വാൻസിന് നൽകിയ ക്രമരഹിതമായ അനുമതി | 3.4 | 156 |
| **കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്** | | |
| മാസ്റ്റർ ട്രസ്റ്റിന് 26,401.16 കോടി രൂപയുടെ ഫണ്ട് നൽകാതിരുന്നത് | 3.5 | 159 |
| സർക്കാരിന്റെ അംഗീകാരമില്ലാതെ ശമ്പളപരിഷ്കരണം നടപ്പിലാക്കൽ | 3.6 | 162 |
| പർച്ചേസ് ഓർഡറിൽ വില വ്യതിയാന നിബന്ധന ഉൾപ്പെടുത്താതിരുന്നത് ഒഴിവാക്കാവുമായിരുന്ന അധിക ചെലവിന് കാരണമായി | 3.7 | 164 |
| ഈ റിപ്പോർട്ടിലെ ഖണ്ഡികകളിൻമേലുള്ള സർക്കാരിന്റെ പ്രതികരണം | 3.8 | 165 |

# അനുബന്ധങ്ങൾ


| അനുബന്ധം നമ്പർ | വിശദാംശങ്ങൾ | പരാമർശിക്കുന്ന ഖണ്ഡിക | പേജ് |
|---|---|---|---|
| 1 | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ പ്രൊഫൈൽ | 1.2 | 167 |
| 2 | വകുപ്പുകളുമായി ബന്ധപ്പെട്ട തീർപ്പാകാത്ത ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും കാലപ്പഴക്കം അനുസരിച്ചുള്ള വിവരണം | 1.7.1.1 | 169 |
| 3 | പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തീർപ്പാക്കാത്ത ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടേയും ഖണ്ഡികകളുടേയും കാലപ്പഴക്കം തിരിച്ചുള്ള അവലോകനം കാണിക്കുന്ന പ്രസ്താവന | 1.7.1.2 | 170 |
| 4 | കയ്യേറ്റത്തിന്റെ വിശദാംശങ്ങൾ | 2.1.7.4 | 175 |
| 5 | അനുവദിച്ച ഫെൻസിങ് പദ്ധതികൾ നടപ്പാക്കാത്തത് | 2.1.8.1 | 177 |
| 6 | റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനത്തിലെ വീഴ്ചകൾ | 2.1.8.8 | 178 |
| 7 | 2019–20 മുതൽ 2021–22 വരെയുള്ള കാലയളവിൽ അടച്ച വാടകയുടെ വിശദാംശങ്ങൾ | 2.3.4.1 | 179 |
| 8 | തടസ്സരഹിത ഭൂമി ക്രമീകരിക്കാതെയുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ | 2.3.4.4 | 182 |
| 9 | പ്രാഥമിക അന്വേഷണം, മൂല്യ നിർണ്ണയം, സാങ്കേതിക അനുമതി, ടെൻഡറിംഗ് എന്നിവയിലെ പ്രശ്നങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ | 2.3.4.5<br>2.3.6.1<br>2.3.6.3 | 187 |
| 10 | ശേഖരിക്കാത്ത/ ഭാഗികമായി ശേഖരിച്ച സെക്യൂരിറ്റി ഡിപ്പോസിറ്റുകളുടെയും കാലഹരണപ്പെട്ട ബാങ്ക് ഗ്യാരണ്ടികളുടെയും വിശദാംശങ്ങൾ | 2.3.5.3 | 194 |
| 11 | നഷ്ടോത്തരവാദിത്തം തിരിച്ചു പിടിക്കാത്തതിന്റെ/ വിലയിരുത്താത്തതിന്റെ വിശദാംശങ്ങൾ | 2.3.5.4 | 197 |
| 12 | പ്രവൃത്തിനിർവ്വഹണത്തിലെ കാലതാമസത്തിന്റെ വിശദാംശങ്ങൾ | 2.3.6.2 | 199 |
| 13 | ഇൻഷുറൻസ് ശേഖരിക്കാത്ത/ കിഴിവുകൾ പ്രാബല്യത്തിൽ വരുത്താത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ | 2.3.6.4 | 212 |
| 14 | ന്യൂനതാ പരിഹാര ബാധ്യതാ കാലയളവ് കുറച്ച് നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ | 2.3.6.6 | 218 |
| 15 | ഉപയോക്തൃ വകുപ്പിന് കൈമാറാൻ ശേഷിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ | 2.3.6.7 | 220 |
| 16 | കൈമാറാൻ വൈകിയ കെട്ടിടങ്ങളുടെ പട്ടിക | 2.3.6.7 | 222 |
| 17 | ഗുണനിലവാര നിയന്ത്രണ പരിശോധനകളുടെ ആവൃത്തി | 2.3.7.1 | 223 |
| 18 | ഗുണനിലവാര നിയന്ത്രണ ടെസ്റ്റുകൾ ഒന്നും നടത്താത്തതും കൽപ്പണി ഇനങ്ങളിൽ ഗുണനിലവാര നിയന്ത്രണ ടെസ്റ്റുകൾ നടത്താത്തതുമായ പ്രവൃത്തികളുടെ പട്ടിക | 2.3.7.1 | 224 |
| 19 | അംഗീകൃത ഡിസൈൻ മിക്സ് ഇല്ലാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ | 2.3.7.1 | 228 |
| 20 | പണി സ്ഥലത്ത് ഫീൽഡ് ലാബ് സജ്ജീകരിക്കുന്നതിലെ പാളിച്ചകൾ സംയുക്ത പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടത് | 2.3.7.2 | 229 |
| 21 | പ്രവൃത്തി നിരീക്ഷണത്തിനായി കരാറുകാരൻ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ സൈറ്റിൽ വിന്യസിക്കാതിരുന്നത്/ഭാഗികമായി വിന്യസിച്ചത് | 2.3.7.3 | 230 |
| 22 | സാമഗ്രികൾക്കുള്ള യഥാർത്ഥ ഗതാഗത നിരക്ക് നാല് | 2.5(a) | 232 |

| അനുബന്ധം നമ്പർ | വിശദാംശങ്ങൾ | പരാമർശിക്കുന്ന | |
|---|---|---|---|
| | | ഖണ്ഡിക | പേജ് |
| | പ്രധാന ഇനങ്ങളുടെ കാര്യത്തിൽ അനുവദിച്ചത് മൂലമുള്ള നഷ്ടം | | |
| 23 | എസ്റ്റിമേറ്റിലെ അനാവശ്യ ഘടകങ്ങൾ | 2.5(b) | 233 |
| 24 | ബിറ്റുമിൻ സംബന്ധിച്ച് അധികമായി നൽകിയ തുക അല്ലെങ്കിൽ തിരിച്ചു പിടിക്കാത്ത തുക | 2.6 | 237 |
| 25 | മാർച്ച് 2022 വരെയുള്ള കേരളത്തിലെ ധാതു ശേഖരത്തിന്റെ വിശദാംശങ്ങൾ | 2.7.1 | 239 |
| 26 | റോയൽറ്റിയുടെ കുറവ് റിക്കവറി കാരണമുണ്ടായ വരുമാന നഷ്ടം | 2.7.8.1 | 240 |
| 27 | ധാതുക്കൾ അധികമായി ഖനനം ചെയ്തതിനുള്ള റോയൽറ്റിയും പ്രൈസും റിക്കവർ ചെയാത്തത് | 2.7.8.4 | 241 |
| 28 | റോയൽറ്റി, പ്രൈസ്, പിഴ എന്നിവ റിക്കവർ ചെയ്യാത്ത കേസുകൾ | 2.7.8.9 | 242 |
| 29 | ഓരോ കേസിനും 25,000 രൂപ വീതം പിഴ ചുമത്തിയ അനധികൃത ഖനനത്തിന്റെ അളവ് | 2.7.10 | 244 |
| 30 | മൈനർ ധാതുക്കൾ അനധികൃതമായി ഖനനം ചെയ്തതും നീക്കം ചെയ്തതിനുമുള്ള വിപണി നിരക്ക് റിക്കവർ ചെയ്യാത്ത കേസുകൾ | 2.7.10 | 245 |
| 31 | സമീപ ഭൂമിയിൽ അനധികൃത ഖനനം നടന്നതായി സംശയിക്കുന്ന സൈറ്റുകളുടെ ലൊക്കേഷൻ കോർഡിനേറ്റുകൾ | 2.7.13.2 | 247 |
| 32 | അനുവദനീയമായ ക്വാറി മേഖലയ്ക്ക് പുറത്തു അനധികൃത ഖനനം | 2.7.13.3 | 251 |
| 33 | ബഫർ സോണിൽ ഖനനം നടന്നതായി സംശയിക്കുന്ന കേസുകൾ | 2.7.13.4 | 252 |
| 34 | ബെഞ്ച് കട്ടിങ് ഇല്ലാതെയുള്ള ക്വാറി | 2.7.13.5 | 254 |
| 35 | അസംസ്കൃത വസ്തുക്കളുടെ യുക്തിരഹിതമായ വാങ്ങൽ മൂലമുള്ള അധിക ചെലവ് | 3.1.13 | 255 |
| 36 | പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം ഉൽപ്പാദനക്ഷമമല്ലാത്ത വേതനം | 3.1.14.1 | 257 |
| 37 | തൊഴിൽ കാര്യക്ഷമതയില്ലായ്മ കാരണം ഉണ്ടായ നഷ്ടം | 3.1.14.2 | 258 |
| 38 | ഉയർന്ന വില പരിഷ്കരണ വ്യവസ്ഥ ഇല്ലാത്ത വിൽപ്പന മൂലമുള്ള നഷ്ടം | 3.1.15.2 | 259 |
| 39 | മാസ്റ്റർ ട്രസ്റ്റുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ നാൾവഴി | 3.5 | 260 |
| 40 | എ. കേരളസർക്കാരും കെഎസ്ഇബിഎല്ലും നടത്തുന്ന ഫണ്ട് ചെയ്യാത്ത ബാധ്യതയുടെ ഫണ്ടിങ് ക്രമം<br>ബി.കെഎസ്ഇബിഎൽ മുഖേന മാസ്റ്റർ ട്രസ്റ്റിന് കേരള സർക്കാരിന്റെ വിഹിതം | 3.5 | 262 |
| 41 | ബോണ്ടുകളുടെ തിരിച്ചടവിന് വേണ്ടിയുള്ള ഫണ്ടുകളുടെ വൈകിയുള്ള കൈമാറ്റം മൂലം അധിക പലിശ അടക്കുന്നതിനുള്ള ബാധ്യത | 3.5 | 263 |
| 42 | ഒഴിവാക്കാമായിരുന്ന അധിക ചെലവ് | 3.7 | 264 |

# മുഖവുര

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151 (2) പ്രകാരവും കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 1971–ലെ (ചുമതലകൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ) നിയമം പ്രകാരവും കേരള ഗവർണർക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയതാണ് 2021–22 വർഷത്തേക്കുള്ള ഈ റിപ്പോർട്ട്.

2 വ്യവസായം–വാണിജ്യം, ഊർജ്ജം, സാംസ്കാരിക കാര്യം, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, തുറമുഖം, വിനോദസഞ്ചാരം, പരിസ്ഥിതി–കാലാവസ്ഥവ്യതിയാനം, വനം വന്യജീവി, ശാസ്ത്രസാങ്കേതികം, പൊതുമരാമത്ത്, ഗതാഗതം എന്നീ സംസ്ഥാന സർക്കാർ വകുപ്പുകളുടെയും അവയ്ക്കു കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും അനുവർത്തന ഓഡിറ്റുകളുടെ സുപ്രധാന നിരീക്ഷണങ്ങൾ ഈ റിപ്പോർട്ട് കൈകാര്യം ചെയ്യുന്നു.

3 ഈ റിപ്പോർട്ടിനെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിന്മേലുള്ള അനുവർത്തന ഓഡിറ്റ് നിരീക്ഷണങ്ങൾ ഭാഗം I കൈകാര്യം ചെയ്യുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിന്മേലുള്ള അനുവർത്തന ഓഡിറ്റ് നിരീക്ഷണങ്ങളാണ് ഭാഗം II കൈകാര്യം ചെയ്യുന്നത്.

4 2021–22 വർഷത്തേക്കുള്ള രേഖകളുടെ ടെസ്റ്റ് ഓഡിറ്റിൽ അറിഞ്ഞതും മുൻവർഷങ്ങളിൽ ശ്രദ്ധയിൽ പെട്ടതും എന്നാൽ മുൻപുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാത്തതുമായ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. 2021–22–നു ശേഷമുള്ള കാലയളവിനെ സംബന്ധിക്കുന്ന സംഭവങ്ങൾ ആവശ്യാനുസരണം ഉൾപ്പെടുത്തിയിട്ടുണ്ട്.

5 ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ച ഓഡിറ്റിങ് മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് ഓഡിറ്റിങ് നിർവ്വഹിക്കപ്പെട്ടത്.

പരിഭാഷപ്പെടുത്തിയ കാര്യങ്ങളിൽ സംശയം ഉളവായാൽ, ഇംഗ്ലീഷ് പതിപ്പിനെ ആധികാരികമായി കരുതേണ്ടതാണ്.

# ഉപരിവീക്ഷണം

# ഉപരിവീക്ഷണം

ഇടപാടുകളുടെ മാതൃകാ പരിശോധന നടത്തുന്നതിനും നിയമങ്ങളിലും നടപടിക്രമങ്ങളിലും നിർദ്ദേശിച്ചിരിക്കുന്നതു പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടുകളും മറ്റ് രേഖകളും പരിപാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള സർക്കാർ വകുപ്പുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും ഓഡിറ്റ് ചെയ്യുന്നു. ഈ പരിശോധനകൾക്ക് ശേഷം ഓഡിറ്റിനിടെ കണ്ടെത്തിയതും എന്നാൽ തൽസമയം തീർപ്പാക്കാത്തതുമായ ക്രമക്കേടുകൾ ഉൾക്കൊള്ളിച്ച് ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ (ഐആർ) തയ്യാറാക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഭാഗം I സംസ്ഥാന സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റ് നിരീക്ഷണങ്ങളും ഭാഗം II സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് നിരീക്ഷണങ്ങളും കൈകാര്യം ചെയ്യുന്നു. ഖണ്ഡികകളുടെ മൊത്തം സാമ്പത്തിക ആഘാതം 27,855.78 കോടി രൂപയാണ്, ഇത് രണ്ടാം അദ്ധ്യായത്തിലും മൂന്നാം അദ്ധ്യായത്തിലും ചർച്ചചെയ്യുന്നു.

സെപ്തംബർ 2022 വരെ നൽകിയ ഐആറുകളുടെ വിശകലനത്തിൽ, ഈ വകുപ്പുകളുമായി ബന്ധപ്പെട്ടു 1,076 ഐആറുകളിലെ 6,395 ഖണ്ഡികകൾ  സെപ്തംബർ 2022 അവസാനം വരെ തീർപ്പാകാതെ ശേഷിക്കുന്നതായി കണ്ടെത്തി.

***(ഖണ്ഡിക 1.7.1.1)***

അറുപത്തിയെട്ട്  സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്  സെപ്തംബർ 2022 വരെ പുറപ്പെടുവിച്ച ഐആറുകൾ പരിശോധിച്ചതിൽ, 335 ഐആറുകളിലായി 1,894 ഖണ്ഡികകൾ സെപ്തംബർ 2022  അവസാനം വരെ തീർപ്പാകാതെ ബാക്കിയുണ്ടെന്ന് വെളിപ്പെട്ടു.

***(ഖണ്ഡിക 1.7.1.2)***

## ഭാഗം I: സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

### മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട പ്രതിരോധ, ലഘൂകരണ നടപടികൾ നടപ്പിലാക്കൽ

#### *വന്യജീവി ആവാസവ്യവസ്ഥയുടെ പരിപാലനം*

വനഭൂമി വനേതര ആവശ്യങ്ങൾക്കായി വക മാറ്റുന്നത് തടയുക; കയ്യേറ്റങ്ങൾ, ആസൂത്രിതമല്ലാത്ത വികസന പദ്ധതികൾ മുതലായവയിൽ നിന്ന് വന്യജീവികളുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുക; ആനത്താരകൾ സുരക്ഷിതമാക്കുക, അധിനിവേശ ജീവജാലങ്ങളെ നീക്കം ചെയ്യുക, ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും ലഭ്യത ഉറപ്പാക്കുക തുടങ്ങിയവയിലൂടെ വന്യജീവികളുടെ ആവാസവ്യവസ്ഥ പരിപാലിക്കുക എന്നിവയിൽ വകുപ്പിനുണ്ടായ വീഴ്ചകളാണ് സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങളിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങൾ.

***(ഖണ്ഡിക 2.1.7)***

#### *പ്രതിരോധ ലഘൂകരണ നടപടികൾ*

പ്രതിരോധ ഘടനകളുടെ നിർമ്മാണവും പരിപാലനവും, വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുക, റേഡിയോ കോളർ, എസ്എംഎസ് ജാഗ്രതാ സംവിധാനം, ഇരുവശവുമുള്ള കാട് തെളിക്കൽ മുതലായവയിലെ വീഴ്ചകൾ മനുഷ്യ-വന്യജീവി സംഘർഷങ്ങളിലേക്ക് നയിക്കുന്നു.

***(ഖണ്ഡിക 2.1.8)***

#### *മനുഷ്യ-വന്യജീവി സംഘർഷാനന്തര നടപടികൾ*

നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം, അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ വീഴ്ചകളും ക്രമക്കേടുകളും, പുനരധിവാസ പിന്തുണയുടെ അഭാവം മുതലായവ മനുഷ്യ-വന്യജീവി സംഘർഷാനന്തര നടപടികളെ ബാധിച്ചു.

***(ഖണ്ഡിക 2.1.9)***

***തത്പരകക്ഷികളുമായുള്ള ഏകോപനം***

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ വിവിധ തത്പരകക്ഷികളുമായുള്ള ഏകോപനമില്ലായ്മ വകുപ്പിന്റെ മനുഷ്യ-വന്യജീവി സംഘർഷ നടപടികളെ ബാധിക്കുന്നു.

***(ഖണ്ഡിക 2.1.10)***

**റോഡിനായി കൈമാറ്റം ചെയ്ത ഭൂമിക്ക് പകരം ലഭിച്ച വനഭൂമി തിരിച്ചറിയുന്നതിൽ വനം, വന്യജീവി വകുപ്പിനുണ്ടായ പരാജയം, നഷ്ടപരിഹാര വനവൽക്കരണവും ഒരു സംസ്ഥാന പാതയുടെ പുനർനിർമ്മാണവും നടപ്പാകാതിരിക്കാൻ കാരണമായി.**

ഒരു സ്വകാര്യ വ്യക്തിയിൽ നിന്ന് ഭൂമി വാങ്ങി നഷ്ടപരിഹാര വനവൽക്കരണത്തിനായി കൈമാറാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചത് നിക്ഷിപ്ത വനഭൂമിയാണെന്ന് തിരിച്ചറിയുന്നതിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരാജയപ്പെട്ടു.

***(ഖണ്ഡിക 2.2)***

**കേരള പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ, പരിപാലന പ്രവർത്തനങ്ങൾ**

***ആസൂത്രണവും മൂല്യനിർണ്ണയവും***

കെട്ടിട നിർമ്മാണ പരിപാലന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് കണക്കാക്കുന്നതിലെ പിഴവുകളും ആസൂത്രണത്തിലെ പോരായ്മകളും സമയക്രമം അതിക്രമിക്കുന്നതിനും ചെലവ് അധികരിക്കുന്നതിനും ഹരിത കെട്ടിട ആശയങ്ങൾ നടപ്പാക്കാതിരുന്നതിനും കെട്ടിടങ്ങളുടെ പരിപാലനം അപര്യാപ്തമാകുന്നതിനും കാരണമായി.

***(ഖണ്ഡിക 2.3.4)***

***സാമ്പത്തിക നടത്തിപ്പ്***

കെട്ടിട വിഭാഗത്തിന്റെ സാമ്പത്തിക നടത്തിപ്പിലെ വീഴ്ചകൾ നിക്ഷേപങ്ങളുടെ നിഷ്ക്രിയ ശേഖരണത്തിനും, കാലഹരണപ്പെട്ട നിക്ഷേപങ്ങൾ, സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ, നഷ്ടോത്തരവാദിത്തം, ബാഹ്യ ഫണ്ട് എന്നിവ ഈടാക്കാനാവാതെ പോകുന്നതിനും, പരിപാലന ഗ്രാന്റ് നിശ്ചയിക്കാതിരിക്കുന്നതിനും കാരണമായി.

***(ഖണ്ഡിക 2.3.5)***

***പദ്ധതികളുടെ നിർവ്വഹണം***

സ്ഥലപരിശോധന, കൃത്യമായ രൂപരേഖയും വിശദമായ എസ്റ്റിമേറ്റും ഉറപ്പാക്കാതെ സാങ്കേതികാനുമതി നൽകൽ, തടസ്സങ്ങൾ നീക്കാതെ സ്ഥലം കൈമാറൽ തുടങ്ങി നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ സമയം അധികരിച്ചത് കാരണം കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ അറ്റകുറ്റപ്പണികൾ തടസ്സപ്പെട്ടു. മത്സരാധിഷ്ഠിത ലേലം, ഇൻഷുറൻസ്, ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ, മതിയായ ന്യൂനത പരിഹാര ബാധ്യതാ കാലയളവ്, കെട്ടിടങ്ങളുടെ പരിശോധന, എന്നിവ ഉറപ്പാക്കുന്നതിലെ വീഴ്ചകളും കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടു.

***(ഖണ്ഡിക 2.3.6)***

***ഗുണനിലവാര നിയന്ത്രണം, നിരീക്ഷണം, ആഭ്യന്തര നിയന്ത്രണം എന്നിവയിലെ പ്രശ്നങ്ങൾ***

ഗുണനിലവാര നിയന്ത്രണ വശങ്ങളുടെ സമയബന്ധിതമായ നിരീക്ഷണത്തിന്റെ അഭാവം കാരണം നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാര നിയന്ത്രണ നടപടികൾ നടപ്പാക്കുന്നത് അപര്യാപ്തമായിരുന്നു.

***(ഖണ്ഡിക 2.3.7)***

**കരാറുകാരന് അനുകൂലമായി അളവുകളുടെ ബില്ലിൽ മാറ്റം വരുത്തുകയും ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ ഈടാക്കാതിരിക്കുകയും ചെയ്തത് സംബന്ധിച്ച്**

ഒരു പ്രവൃത്തിയുടെ ടെൻഡർ രേഖകൾ തയ്യാറാക്കുന്നതിലും വിലയിരുത്തുന്നതിലും പൊതുമരാമത്ത് വകുപ്പിലെ വകുപ്പുതല അധികാരികളുടെ അനാസ്ഥ മൂലം ഖജനാവിന് 6.97 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യതയും കരാറുകാരന് 14.87 കോടി രൂപയുടെ അനർഹമായ സാമ്പത്തിക ലാഭവും ഉണ്ടായി.

***(ഖണ്ഡിക 2.4)***

**പ്രവൃത്തികളുടെ തെറ്റായ എസ്റ്റിമേറ്റ് സർക്കാരിന് അധികച്ചെലവിനും ഒരു അംഗീകൃത ഏജൻസിക്ക് അനർഹമായ ആനുകൂല്യം ലഭിക്കുന്നതിനും കാരണമായി**

കോഴിക്കോട് എൻഎച്ച് ഡിവിഷൻ തയ്യാറാക്കിയ തെറ്റായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് രണ്ട് മേൽപ്പാലങ്ങളുടെ നിർമ്മാണം ഒരു അംഗീകൃത ഏജൻസിയെ ഏൽപ്പിച്ചതിനാൽ സർക്കാരിന് അധികച്ചെലവും ഏജൻസിക്ക് 2.87 കോടി രൂപയുടെ അനർഹമായ നേട്ടവും ഉണ്ടായി.

***(ഖണ്ഡിക 2.5)***

**പൂർത്തിയായ പ്രവൃത്തി ബില്ലുകൾ വീണ്ടും തുറന്ന് മുറപ്രകാരം പിരിച്ച തുക ക്രമവിരുദ്ധമായി തിരിച്ചു നൽകിയതും അന്തിമ ബില്ലുകളിൽ വരുത്തിയ അനുചിതമായ ക്രമീകരണങ്ങളും സർക്കാരിന് നഷ്ടം വരുത്തി**

കാസർകോട് പിഡബ്ല്യുഡി റോഡ്സ് ഡിവിഷനിൽ പൂർത്തിയായ മൂന്ന് പ്രവൃത്തി ഫയലുകൾ വീണ്ടും തുറന്ന് ക്രമരഹിതമായി റീഫണ്ട് നടത്തിയതും മൂന്ന് പ്രവൃത്തി ഫയലുകളുടെ അന്തിമ ബില്ലുകളിൽ വരുത്തിയ അനുചിതമായ ക്രമീകരണങ്ങളും കാരണം സർക്കാരിന് 134.32 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി.

***(ഖണ്ഡിക 2.6)***

**കേരളത്തിലെ ഖനന പ്രവർത്തനങ്ങൾ**

നിയമങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങളിലും അതിന്റെ നിർവ്വഹണത്തിലും പോരായ്മകൾ നിരീക്ഷിക്കപ്പെട്ടു, ഇത് അനധികൃത ഖനനത്തിനും ധാതു വിഭവങ്ങളുടെ അമിത ചൂഷണത്തിനും വരുമാനനഷ്ടത്തിനും കാരണമായി. കൂടാതെ, പരിസ്ഥിതി നശീകരണത്തിൽ അനധികൃത ഖനനത്തിന്റെ ആഘാതം സർക്കാർ/ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് പരിഹാര നടപടികൾക്കായി വിലയിരുത്തിയിട്ടില്ല.

***(ഖണ്ഡിക 2.7)***

**63.42 ലക്ഷം രൂപ ചെലവിൽ വാങ്ങിയ ആസ്തികളുടെ നിഷ്ക്രിയത്വം**

63.42 ലക്ഷം രൂപ ചെലവിൽ വാങ്ങിയ ആസ്തികൾ പുരാവസ്തു ഡയറക്ടറേറ്റ് കമ്മീഷൻ ചെയ്യാതിരുന്നതിന്റെയും നന്നാക്കാതിരുന്നതിന്റെയും ഫലമായി പൊതുപണം പാഴായി.

***(ഖണ്ഡിക 2.8)***

**കരാറുകാർക്ക് അനർഹമായ ആനുകൂല്യം**

മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ് അനർഹമായ അഡ്വാൻസ് നൽകിയതിന്റെ ഫലമായി 8.11 കോടി രൂപയുടെ ഫണ്ട് തടസ്സപ്പെട്ടു

***(ഖണ്ഡിക 2.9)***

**പാഴ്ച്ചെലവ്**

ആറ് വർഷത്തിലേറെയായി സൊസൈറ്റികൾ സൗകര്യങ്ങൾ ഒരുക്കുന്നത് നിരീക്ഷിക്കുന്നതിൽ കയർ വികസന ഡയറക്ടറേറ്റ് പരാജയപ്പെട്ടത് കാരണം 0.61 കോടി രൂപ പാഴായി.

***(ഖണ്ഡിക 2.10)***

## ഭാഗം II സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ പ്രവർത്തന പ്രകടനം**

പ്രവർത്തനപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ആസൂത്രണത്തിന്റെ അഭാവം, പ്രവർത്തന മൂലധന മാനേജ്മെന്റിലെ കാര്യക്ഷമതയില്ലായ്മ, നിഷ്ക്രിയ വേതനം ഉൾപ്പെടെയുള്ള അശാസ്ത്രീയ ഉൽപ്പാദന പ്രക്രിയ, മാർക്കറ്റിംഗിലെയും കരാർ മാനേജ്മെന്റിലെയും പോരായ്മകൾ, പ്രായോഗികമല്ലാത്തതും കാലഹരണപ്പെട്ടതുമായ പദ്ധതികളിലെ നിക്ഷേപം തുടങ്ങിയവ വർഷങ്ങളായി കമ്പനിയുടെ മോശം പ്രകടനത്തിന് കാരണമാകുകയും തൽഫലമായി മൂലധനത്തിന്റെ ശോഷണത്തിലേക്കും നെഗറ്റീവ് റിട്ടേണിലേക്കും നയിച്ചു.

***(ഖണ്ഡിക 3.1)***

**സംസ്ഥാന ജലഗതാഗത വകുപ്പിന് വേണ്ടിയുള്ള സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ പ്രവൃത്തികളുടെ നിർവ്വഹണം**

സംസ്ഥാന ജലഗതാഗത വകുപ്പിന് വേണ്ടിയുള്ള ബോട്ടുകളുടെ നിർമ്മാണത്തിന് ഹൈഡ്രോളിക് പ്രൊപ്പൽഷൻ ഉള്ള എഞ്ചിനുകളുടെ അനുയോജ്യത ഉറപ്പ് വരുത്താതെ അവ ഉപയോഗിച്ചതിന്റെ ഫലമായി 60.66 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന നഷ്ടമുണ്ടായി.

***(ഖണ്ഡിക 3.2)***

**അധിക ചെലവ്**

സ്റ്റോർസ് പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ ലംഘിച്ച് ദി കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ടെൻഡർ റദ്ദാക്കിയതിനാൽ 93.39 ലക്ഷം രൂപ അധികച്ചെലവുണ്ടായി.

***(ഖണ്ഡിക 3.3)***

***ജാമ്യത്തുക ഈടാക്കാതെയും നഷ്ടോത്തരവാദിത്ത ബാധ്യത വീണ്ടെടുക്കാതെയും മൊബിലൈസേഷൻ അഡ്വാൻസിന് നൽകിയ ക്രമരഹിതമായ അനുമതി***

സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ഒരു കരാറുകാരന് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് 77.40 ലക്ഷം രൂപ തിരിച്ചുപിടിക്കാൻ കഴിയാതിരിക്കുന്നതിന് ഇടയാക്കി.

***(ഖണ്ഡിക 3.4)***

**ജാമ്യത്തുക ഈടാക്കാതെ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചതുമൂലമുള്ള നഷ്ടം**

സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ഒരു കരാറുകാരന് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് 77.40 ലക്ഷം രൂപ തിരിച്ചുപിടിക്കാൻ കഴിയാതിരിക്കുന്നതിന് ഇടയാക്കി.

***(ഖണ്ഡിക 3.4)***

***26,401.16 കോടി രൂപയുടെ ഫണ്ട് മാസ്റ്റർ ട്രസ്റ്റിന് നൽകാതിരുന്നത്***

മാസ്റ്റർ ട്രസ്റ്റിന് മതിയായ ഫണ്ട് അനുവദിക്കുന്നതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരാജയപ്പെട്ടതിനാൽ, കമ്പനിയിലെ ജീവനക്കാർക്ക്/പെൻഷൻകാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ/ പെൻഷൻ മുതലായവ നൽകുന്നതിനായി ഫണ്ട് നിക്ഷേപിക്കാനും വരുമാനം ഉണ്ടാക്കാനും മാസ്റ്റർ ട്രസ്റ്റിന് കഴിഞ്ഞില്ല. അതിനാൽ, കമ്പനിയുടെ സാമ്പത്തിക ആരോഗ്യത്തെ ആശ്രയിക്കാതെ, വിരമിക്കൽ ആനുകൂല്യങ്ങളും പെൻഷനും ഉറപ്പാക്കുക എന്ന സർക്കാരിന്റെ ഉദ്ദേശ്യം കൈവരിക്കാനായില്ല.

***(ഖണ്ഡിക 3.5)***

**സർക്കാരിന്റെ അംഗീകാരമില്ലാതെ ശമ്പളപരിഷ്കരണം നടപ്പിലാക്കൽ**

കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും കേരള സർക്കാരിന്റെ ഉത്തരവുകളും ലംഘിച്ച് ശമ്പള പരിഷ്കരണം നടപ്പാക്കിയതുവഴി ശമ്പളത്തിനും അലവൻസുകൾക്കുമായി 1,011 കോടി രൂപയും പെൻഷൻ പരിഷ്കരണ കുടിശ്ശിക ഇനത്തിൽ 306.66 കോടി രൂപയും അനിയതമായി ചെലവഴിച്ചു.

***(ഖണ്ഡിക 3.6)***

**പർച്ചേസ് ഓർഡറിൽ വില വ്യതിയാന നിബന്ധന ഉൾപ്പെടുത്താതിരുന്നത് ഒഴിവാക്കാവുന്ന അധിക ചെലവിന് കാരണമായി**

ഹൈടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ ഒരേ കാലയളവിൽ ഒരേ സ്ഥാപനത്തിൽ നിന്ന് വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതിന്റെ ഫലമായി അധികച്ചെലവ് 1.73 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന അധികച്ചെലവ് ഉണ്ടായി.

***(ഖണ്ഡിക 3.7)***

# അദ്ധ്യായം I

# സാമാന്യം

# അദ്ധ്യായം I

# സാമാന്യം

## 1.1 ആമുഖം

ഇന്ത്യൻ ഭരണഘടനയിലെ വ്യവസ്ഥകൾ, ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, മറ്റ് ഉത്തരവുകളും ഉത്തരവാദപ്പെട്ട അധികാരികൾ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾ നിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് വേണ്ടി ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ഇടപാടുകളുടെ പരിശോധനയാണ് അനുവർത്തനഓഡിറ്റ്. നിയമങ്ങൾ, വ്യവസ്ഥകൾ, ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവയുടെ നിയമസാധുത, പര്യാപ്തത, സുതാര്യത, ഔചിത്യം, വിവേകം തുടങ്ങിയവ പരിശോധിക്കുന്നതും അനുവർത്തന ഓഡിറ്റിൽ ഉൾപ്പെടുന്നു.

ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങൾ സംസ്ഥാന നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാണ് ഈ റിപ്പോർട്ടിന്റെ പ്രാഥമിക ലക്ഷ്യം. ഇടപാടുകളുടെ സ്വഭാവം, അളവ്, വ്യാപ്തി എന്നിവയ്ക്ക് ആനുപാതികമായിരിക്കണം റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങളുടെ പ്രാധാന്യം എന്ന് ഓഡിറ്റിംഗ് മാനദണ്ഡങ്ങൾ ആവശ്യപ്പെടുന്നു. അതിനാൽ വളരെ പ്രധാനപ്പെട്ട ഫലങ്ങൾ മാത്രമേ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും സ്ഥാപനങ്ങളുടെ സാമ്പത്തിക നിർവ്വഹണം മെച്ചപ്പെടുത്തുന്നതിലേക്ക് നയിക്കുന്ന നയങ്ങളും പൊതുനിർദ്ദേശങ്ങളും രൂപീകരിക്കുന്നതിനും ഭരണാധികാരികളെ ഓഡിറ്റിന്റെ കണ്ടെത്തലുകൾ പ്രാപ്തമാക്കുകയും, അങ്ങനെ നല്ല ഭരണക്രമത്തിന് സഹായകമാകുകയും ചെയ്യുമെന്ന് പ്രതീഷിക്കുന്നു.

ഓഡിറ്റിന്റെ ആസൂത്രണവും വ്യാപ്തിയും വിശദീകരിക്കുന്നതിന് പുറമേ, മുമ്പത്തെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികളെക്കുറിച്ചുള്ള വിവരങ്ങളും ഈ അദ്ധ്യായത്തിൽ നൽകിയിരിക്കുന്നു.

## 1.2 ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ രൂപരേഖ

കമ്മീഷണർമാർ/ ഡയറക്ടർമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ സബോർഡിനേറ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ എന്നിവരാണ് വകുപ്പുകൾക്ക് നേതൃത്വം നൽകുന്നത്.

റിപ്പോർട്ടിന്റെ ഈ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന പതിനൊന്ന് വകുപ്പുകളുടെ ഒരു ഹ്രസ്വവിവരണം ***അനുബന്ധം 1***–ൽ കൊടുത്തിരിക്കുന്നു.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ്–II, കേരള ഓഫീസിന്റെ പരിധിയിൽ വരുന്ന 11 വകുപ്പുകളുടെ യഥാർത്ഥ റവന്യൂ, മൂലധന ചെലവുകളുടേയും ബഡ്ജറ്റ് വകയിരുത്തലുകളുടേയും വിശദാംശങ്ങൾ **പട്ടിക 1.1**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.1: 2021-22 വർഷത്തിലെ ബഡ്ജറ്റ് വകയിരുത്തലുകളും യഥാർത്ഥ റവന്യൂ മൂലധന ചെലവുകളും**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | റവന്യൂ | | മൂലധന | |
|---|---|---|---|---|---|
| | | ബഡ്ജറ്റ് വകയിരുത്തലുകൾ | യഥാർത്ഥ ചെലവുകൾ | ബഡ്ജറ്റ് വകയിരുത്തലുകൾ | യഥാർത്ഥ ചെലവുകൾ |
| 1 | വ്യവസായം വാണിജ്യം | 579.22 | 522.18 | 1,075.19 | 733.50 |
| 2 | ഊർജ്ജം | 415.47 | 380.91 | 64.85 | 58.32 |
| 3 | സാംസ്കാരികകാര്യം | 317.57 | 237.85 | 0 | 0 |
| 4 | ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി | 2.00 | 2.00 | 107.71 | 100.44 |
| 5 | തുറമുഖം | 72.38 | 72.83 | 73.13 | 39.79 |
| 6 | വിനോദ സഞ്ചാരം | 201.05 | 163.67 | 187.04 | 170.76 |
| 7 | ഗതാഗതം | 206.21 | 200.61 | 3,254.93 | 3,196.57 |
| 8 | പരിസ്ഥിതി-കാലാവസ്ഥവ്യതിയാനം | 33.64 | 13.05 | 0 | 0 |
| 9 | പൊതുമരാമത്ത് | 3,971.75 | 3,423.02 | 4,295.15 | 3,594.21 |
| 10 | വനം വന്യജീവി | 717.52 | 704.39 | 82.40 | 82.60 |
| 11 | ശാസ്ത്രസാങ്കേതികം | 188.42 | 120.68 | 0 | 0 |
| | **ആകെ** | **6,705.23** | **5,841.19** | **9,140.40** | **7,976.19** |

*(സ്രോതസ്സ്: 2021-22 വർഷത്തെ അപ്പ്രോപ്രിയേഷൻ അക്കൗണ്ടുകൾ, കേരള സർക്കാർ)*

2021-22 വർഷത്തിൽ, 11 വകുപ്പുകളും ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കുറഞ്ഞ തുകയാണ് മൂലധനത്തിനും റവന്യൂവിനുമായി ചെലവഴിച്ചത്. മൊത്തം മൂലധന ബജറ്റ് വിഹിതമായ 9,140.40 കോടി രൂപയിൽ 7,976.19 കോടി രൂപ (87.26 ശതമാനം) വകുപ്പുകൾ ചെലവഴിച്ചു. അതുപോലെ, മൊത്തം റവന്യൂ ബജറ്റ് വിഹിതമായ 6,705.23 കോടി രൂപയിൽ, 5,841.19 കോടി രൂപ (87.11 ശതമാനം) വകുപ്പുകൾ ചെലവഴിച്ചു.

ബജറ്റ് വിഹിതവുമായുള്ള മൂലധനച്ചെലവിന്റെ ശതമാനം ഏറ്റവും കുറവായി കണ്ടത് (54.41 ശതമാനം) തുറമുഖ വകുപ്പിലാണ്.

## 1.3 ഓഡിറ്റ് നടത്താനുള്ള അധികാരം

വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും (പിഎസ്‌യു) ഓഡിറ്റ് ചെയ്യുന്നതിനുള്ള കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) അധികാരം ഇന്ത്യൻ ഭരണഘടനയുടെ 149, 151 അനുച്ഛേദം പ്രകാരവും 1971-ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ) നിയമവും [സിഎജിയുടെ (ഡിപിസി) നിയമം] അനുസരിച്ചാണ്. വിവിധ ഓഡിറ്റുകളുടെ തത്ത്വങ്ങളും രീതിശാസ്ത്രങ്ങളും സിഎജി പുറപ്പെടുവിച്ച 2020-ലെ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് റെഗുലേഷൻസ്, 2017-ലെ ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

## 1.4 ഓഡിറ്റ് യൂണിവേർസും യൂണിറ്റുകളുടെ കവറേജും

2021-22 വർഷത്തിൽ, 11 വകുപ്പുകളുടെ കീഴിൽ 1,065 ഓഡിറ്റ് യൂണിറ്റുകൾ ഉണ്ടായിരുന്നു, അതിൽ 119 യൂണിറ്റുകൾ ഓഡിറ്റിനു വേണ്ടി ആസൂത്രണം ചെയ്യപ്പെടുകയും, 134 യൂണിറ്റുകൾ ഓഡിറ്റ് ചെയ്യപ്പെടുകയും ചെയ്തു.

ആകെയുള്ള 150 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ, 125 ഓഡിറ്റ്

യൂണിറ്റുകൾ അടങ്ങുന്ന 98 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ[1] ഓഡിറ്റ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ്–II, കേരള ഓഫീസിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇവയിൽ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ അറ്റസ്റ്റേഷൻ ഓഡിറ്റിന് പുറമെ, 2021–22 കാലയളവിൽ 20 പൊതുമേഖലാ സ്ഥാപനങ്ങളുടെ 27 യൂണിറ്റുകൾ അനുവർത്തന ഓഡിറ്റിനായി തിരഞ്ഞെടുക്കപ്പെട്ടു.

## 1.5 ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

ചെലവുകൾ, പ്രവർത്തനങ്ങളുടെ നിർണായകത/സങ്കീർണ്ണത, നിയുക്ത സാമ്പത്തിക അധികാരങ്ങളുടെ പരിധി, മൊത്തത്തിലുള്ള ആഭ്യന്തര നിയന്ത്രണങ്ങളുടെ വിലയിരുത്തൽ, ഗുണഭോക്താകളുടെ ആശങ്കകൾ പിൽക്കാല ഓഡിറ്റ് നിരീക്ഷണങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന റിസ്ക്കുകൾ വിലയിരുത്തി കൊണ്ടാണ് ഓഡിറ്റ് പ്രക്രിയ ആരംഭിക്കുന്നത്. റിസ്ക് വിലയിരുത്തലിനെ അടിസ്ഥാനമാക്കിയാണ് ഓഡിറ്റിന്റെ ആവർത്തനവും വ്യാപ്തിയും തീരുമാനിക്കുന്നത്.

2021–22 വർഷത്തിൽ, വകുപ്പുകളുമായി ബന്ധപ്പെട്ട് 134 യൂണിറ്റുകളുടെ ഓഡിറ്റ് നടത്താൻ 1,405 പാർട്ടി ദിനങ്ങളും[2] പൊതുമേഖലാ സ്ഥാപനങ്ങളുടെ 27 യൂണിറ്റുകളുടെ ഓഡിറ്റ് നടത്താൻ 1,307 പാർട്ടി ദിനങ്ങളും വിനിയോഗിച്ചു. ഇതേ കാലയളവിൽ 2020–21–ൽ, വകുപ്പുകളുമായി ബന്ധപ്പെട്ട് 48 യൂണിറ്റുകളുടെ ഓഡിറ്റിന് 1,079 പാർട്ടി ദിനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുടെ 17 യൂണിറ്റുകളുടെ ഓഡിറ്റിന് 794 പാർട്ടി ദിനങ്ങളും ഉപയോഗിച്ചു.

ഓരോ യൂണിറ്റിന്റെയും ഓഡിറ്റ് പൂർത്തിയാക്കിയ ശേഷം, ഓഡിറ്റ് കണ്ടെത്തലുകൾ അടങ്ങിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് (ഐആർ) വകുപ്പ് മേധാവിക്കും പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിനും ഭരണ വകുപ്പിനും നൽകപ്പെടുന്നു. ഐആർ ലഭിച്ച് ഒരു മാസത്തിനകം ഓഡിറ്റ് കണ്ടെത്തലുകൾക്കുള്ള മറുപടികൾ നൽകാൻ വകുപ്പുകളോട് അഭ്യർത്ഥിക്കുന്നു. മറുപടികൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കപ്പെടുകയോ അല്ലെങ്കിൽ അനുവർത്തനത്തിനുള്ള തുടർനടപടികൾ നിർദ്ദേശിക്കപ്പെടുകയോ ചെയ്യും. ഈ ഐആറുകളിൽ നിന്ന് ഉയർന്നു വന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനായി പ്രോസസ്സ് ചെയ്യപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം സംസ്ഥാന നിയമസഭയിൽ മേശപ്പുറത്ത് വയ്ക്കുന്നതിനായി ഓഡിറ്റ് റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണർക്ക് സമർപ്പിക്കപ്പെടുന്നു.

## 1.6 റിപ്പോർട്ടിന്റെ കവറേജ്

2021–22 കാലയളവിലും അതിനുമുൻപുള്ള കാലഘട്ടങ്ങളിലും നടത്തിയ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ് –II, കേരള ഓഫീസിന്റെ പരിധിയിൽ വരുന്ന കേരള സർക്കാരിന്റെ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അനുവർത്തന ഓഡിറ്റിൽ നിന്ന് ഉയർന്നു വന്ന കാര്യങ്ങളുമായി ഈ റിപ്പോർട്ട് ബന്ധപ്പെട്ടിരിക്കുന്നു. വകുപ്പുകളുമായി ബന്ധപ്പെട്ട പത്ത് ഖണ്ഡികകൾ ഈ റിപ്പോർട്ടിന്റെ **രണ്ടാം അദ്ധ്യായത്തിൽ** ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സർക്കാർ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ എന്നിവർക്ക് നൽകപ്പെട്ട സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഏഴ് ഖണ്ഡികകൾ (ഓഗസ്റ്റ് 2022 മുതൽ ജനുവരി 2023 വരെ) ഈ റിപ്പോർട്ടിന്റെ **മൂന്നാം അദ്ധ്യായത്തിൽ** ഉൾപ്പെടുത്തിയിട്ടുണ്ട്. അനുവർത്തന ഓഡിറ്റ് ഖണ്ഡികകളുടെ മൊത്തം സാമ്പത്തിക ആഘാതം 27,855.78 കോടി രൂപയാണ്.

---

[1] എഴുപത്തി ഒമ്പത് വർക്കിംഗ് കമ്പനികളും, മൂന്ന് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും, 16 നോൺ വർക്കിംഗ് കമ്പനികളും.

[2] ഓഡിറ്റ് പാർട്ടി ഓഡിറ്റിനായി ഉപയോഗിച്ച ദിവസങ്ങളുടെ എണ്ണം.

## 1.7 ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള വകുപ്പുകളുടെ/പിഎസ്‌യുകളുടെ പ്രതികരണം

സർക്കാർ വകുപ്പുകളുടെയും പിഎസ്‌യുകളുടെയും ഇടപാടുകളുടെ മാതൃകാ പരിശോധന നടത്തുവാനും, നിയമങ്ങളും നടപടിക്രമങ്ങളും അനുശാസിക്കുന്ന വിധത്തിൽ പ്രധാനപ്പെട്ട അക്കൗണ്ടുകളും മറ്റ് രേഖകളും നിലനിർത്തപ്പെടുന്നുണ്ടോ എന്നു സ്ഥിരീകരിക്കുവാനും വേണ്ടിയാണ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് –II), അവയുടെ ഓഡിറ്റ് നടത്തുന്നത്. ഓഡിറ്റിനിടെ കണ്ടെത്തിയതും തൽസമയം തീർപ്പാക്കാത്തതുമായ ക്രമക്കേടുകൾ ഈ പരിശോധനകൾക്ക് ശേഷം തയാറാക്കപ്പെടുന്ന ഐആറുകളിൽ ഉൾപ്പെടുത്തുന്നു.

വകുപ്പ് മേധാവികളും അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളും ഒരു മാസത്തിനുള്ളിൽ ഐആറുകൾക്ക് മറുപടികൾ നൽകേണ്ടതുണ്ട്. ഐആറുകളിലെ ഖണ്ഡികകളുടെ തീർപ്പാക്കലിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി, സർക്കാരും ഓഡിറ്റ് കമ്മിറ്റികൾ/ ഓഡിറ്റ് സബ് കമ്മിറ്റികൾ എന്നിവ രൂപീകരിക്കുന്നു. ഇക്കാര്യത്തിൽ, ഓഡിറ്റ് ഇനിപ്പറയുന്നവ നിരീക്ഷിച്ചു:

### 1.7.1 തീർപ്പാകാത്ത ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ

#### *1.7.1.1 വകുപ്പുകൾ*

സെപ്റ്റംബർ 2022 വരെ നൽകിയ ഐആറുകളുടെ വിശകലനത്തിൽ, ഈ വകുപ്പുകളുമായി ബന്ധപ്പെട്ടു 1,076 ഐആറുകളിലെ 6,395 ഖണ്ഡികകൾ സെപ്റ്റംബർ 2022 അവസാനം വരെ തീർപ്പാകാതെ ശേഷിക്കുന്നതായി കണ്ടെത്തി. സെപ്റ്റംബർ 2022 വരെയുള്ള കണക്കുകളും അതിനുമുമ്പുള്ള രണ്ട് വർഷങ്ങളിലെ അനുബന്ധ കണക്കുകളും **പട്ടിക 1.2**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.2 – ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെ കുടിശ്ശികയുടെ വിശദാംശങ്ങൾ**

| വിശദാംശങ്ങൾ | സെപ്റ്റംബർ 2020 | സെപ്റ്റംബർ 2021 | സെപ്റ്റംബർ 2022 |
|---|---|---|---|
| തീർപ്പാകാത്ത ഐആറുകളുടെ എണ്ണം | 1,033 | 1,041 | 1,076 |
| തീർപ്പാകാത്ത ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം | 5,939 | 6,177 | 6,395 |

*(സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളുമായി സമീകരിച്ച് ഓഡിറ്റ് സമാഹരിച്ച വിശദാംശങ്ങൾ)*

പട്ടികയിൽ നിന്ന് വ്യക്തമാകുന്നത് പോലെ, കുടിശ്ശികയുള്ള ഐആറുകളുടെയും ഖണ്ഡികകളുടെയും എണ്ണം വർഷാനുവർഷം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

2022 സെപ്റ്റംബർ 30 വരെ കുടിശ്ശികയുള്ള ഐആറുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 1.3**–ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.3: തീർപ്പാക്കാത്ത ഐആറുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ**

| ക്രമ നമ്പർ | വകുപ്പ് | തീർപ്പാകാത്ത ഐആറുകൾ | തീർപ്പാകാത്ത ഖണ്ഡികകൾ |
|---|---|---|---|
| 1 | വ്യവസായം വാണിജ്യം | 78 | 379 |
| 2 | ഊർജ്ജം | 27 | 110 |
| 3 | സാംസ്കാരികകാര്യം | 92 | 474 |
| 4 | ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി | 24 | 216 |
| 5 | തുറമുഖം | 16 | 47 |
| 6 | വിനോദസഞ്ചാരം | 18 | 108 |

| ക്രമ നമ്പർ | വകുപ്പ് | തീർപ്പാകാത്ത ഐആറുകൾ | തീർപ്പാകാത്ത ഖണ്ഡികകൾ |
|---|---|---|---|
| 7 | ഗതാഗതം | 294 | 2,377 |
| 8 | പരിസ്ഥിതി–കാലാവസ്ഥവ്യതിയാനം | 12 | 86 |
| 9 | പൊതുമരാമത്ത് | 327 | 1,734 |
| 10 | വനം വന്യജീവി | 164 | 779 |
| 11 | ശാസ്ത്രസാങ്കേതികം | 24 | 85 |
| **ആകെ** | | **1,076** | **6,395** |

*(സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളുമായി സമീകരിച്ചു ഓഡിറ്റ് സമാഹരിച്ച വിശദാംശങ്ങൾ)*

**പട്ടിക 1.3**–ൽ കാണുന്നതുപോലെ, തീർപ്പാകാത്ത ഐആറുകളുടെയും ഖണ്ഡികകളുടെയും കാര്യത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത് പൊതുമരാമത്ത് വകുപ്പിലാണ്. ***അനുബന്ധം 2***–ൽ കൊടുത്തിരിക്കുന്ന, തീർപ്പാകാത്ത ഐആറുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും കാലപ്പഴക്കം തിരിച്ചുള്ള വിശകലനത്തിൽ നിന്നും 682 ഐആറുകൾ (ആകെ കുടിശ്ശികയുള്ള ഐആറുകളുടെ 63.38 ശതമാനം) അഞ്ച് വർഷത്തിലേറെയായി തീർപ്പ് കൽപ്പിച്ചില്ലെന്ന് വെളിപ്പെടുന്നു.

***1.7.1.2 പൊതുമേഖലാ സ്ഥാപനങ്ങൾ***

68 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 2022 വരെ പുറപ്പെടുവിച്ച ഐആറുകൾ പരിശോധിച്ചതിൽ, 335 ഐആറുകളിലായി 1,894 ഖണ്ഡികകൾ സെപ്റ്റംബർ 2022 അവസാനം വരെ തീർപ്പാക്കാതെ ബാക്കിയുണ്ടെന്ന് വെളിപ്പെട്ടു. കമ്പനി തിരിച്ചുള്ള ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും 2022 സെപ്റ്റംബർ 30–ലെ സ്ഥിതി ***അനുബന്ധം 3***–ൽ നൽകിയിരിക്കുന്നു.

ഐആർ വഴി ഓഡിറ്റ് ചൂണ്ടിക്കാണിച്ച പിഴവുകളും ക്രമക്കേടുകളും പരിഹരിക്കാൻ ഓഫീസ് മേധാവികളും വകുപ്പുകളും/ പൊതുമേഖലാ സ്ഥാപനങ്ങളും കാര്യക്ഷമമായ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെയാണ് തീർപ്പു കൽപ്പിക്കാതിരിക്കൽ സൂചിപ്പിക്കുന്നത്.

## 1.7.2 ഓഡിറ്റ് കമ്മിറ്റി മീറ്റിംഗുകൾ

***1.7.2.1 വകുപ്പുകൾ***

2021–22 വർഷത്തിൽ നടന്ന ഓഡിറ്റ് കമ്മിറ്റി മീറ്റിംഗുകളുടെ (എസിഎം) വിശദാംശങ്ങളും അതിൽ തീർപ്പാക്കിയ ഖണ്ഡികകളും **പട്ടിക 1.4**–ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.4: 2021–22 കാലയളവിലെ ഓഡിറ്റ് കമ്മിറ്റി മീറ്റിംഗുകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | വകുപ്പ് | ഓഡിറ്റ് കമ്മിറ്റി യോഗങ്ങളുടെ എണ്ണം | തീർപ്പാക്കിയ ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | പൊതുമരാമത്ത് | 1 | 10 |
| 2 | ഗതാഗതം | 16 | 167 |
| **ആകെ** | | **17** | **177** |

*(സ്രോതസ്സ്: ഓഡിറ്റ് സമാഹരിച്ച വിശദാംശങ്ങൾ)*

രണ്ട് വകുപ്പുകളുടെ കാര്യത്തിൽ മാത്രമാണ് എസിഎമ്മുകൾ നടന്നതെന്ന് പട്ടികയിൽ നിന്ന് കാണാൻ കഴിയും. ശേഷിക്കുന്ന ഒമ്പത് വകുപ്പുകളായ വ്യവസായം വാണിജ്യം, ഊർജ്ജം, സാംസ്കാരികകാര്യം, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, തുറമുഖം, വിനോദസഞ്ചാരം, പരിസ്ഥിതി കാലാവസ്ഥാവ്യതിയാനം,

വനംവന്യജീവി, ശാസ്ത്രസാങ്കേതികം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 2021–22 കാലയളവിൽ എസിഎം ഒന്നും നടന്നിട്ടില്ല. അതുപോലെ, ഈ കാലയളവിൽ ഈ 11 വകുപ്പുകളിലും ഓഡിറ്റ് ഉപസമിതികളുടെ യോഗങ്ങളും നടന്നിട്ടില്ല.

#### *1.7.2.2 പൊതുമേഖലാ സ്ഥാപനങ്ങൾ*

2021–22 കാലയളവിൽ നാല് പൊതുമേഖലാ സ്ഥാപനങ്ങളിലായി ഒമ്പത് എസിഎമ്മുകൾ നടത്തപ്പെടുകയും അതിൽ ഉത്തരവാദിത്തവും പ്രതികരണശേഷിയും ഉറപ്പുവരുത്തുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ/ ഭരണ വകുപ്പുകളുടെ മാനേജ്മെന്റുകളുമായി ഖണ്ഡികകളുടെ ചർച്ച നടക്കുകയും, 186 ഖണ്ഡികകൾ തീർപ്പാക്കപ്പെടുകയും ചെയ്തു.

### 1.8 ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ

ഓഡിറ്റ് സൂക്ഷ്മപരിശോധനാ പ്രക്രിയയുടെ പരിസമാപ്തിയെയാണ് സിഎജിയുടെ റിപ്പോർട്ടുകൾ പ്രതിനിധീകരിക്കുന്നത്. അത്കൊണ്ട് തന്നെ, അതിന്മേലുള്ള എക്സിക്യൂട്ടീവിന്റെ ഉചിതവും സമയബന്ധിതവുമായ പ്രതികരണം ലഭിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനക്ഷമത ഓഡിറ്റുകൾ/ ഓഡിറ്റ് ഖണ്ഡികകൾ എന്നിവയുടെ മേൽ എടുത്ത നടപടികളെ സംബന്ധിച്ച പ്രസ്താവനകൾ ഓഡിറ്റ് റിപോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ച് രണ്ട് മാസത്തിനകം നിയമസഭാ സെക്രട്ടേറിയറ്റിലേക്ക് നേരിട്ടും അതിന്റെ പകർപ്പുകൾ ഓഡിറ്റ് ഓഫീസിലേക്കും സമർപ്പിക്കണമെന്ന് സർക്കാരിന്റെ എല്ലാ വകുപ്പുകളോടും ധനവകുപ്പ് 2017–ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റ് ഖണ്ഡികകളുടെ തീർപ്പാക്കൽ ത്വരിതമാക്കുക എന്നതായിരുന്നു ഈ നിർദ്ദേശത്തിന്റെ ലക്ഷ്യം.

സെപ്റ്റംബർ 2022 വരെ വിശദീകരണ കുറിപ്പുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ/ പ്രവർത്തനക്ഷമത ഓഡിറ്റുകൾ സംബന്ധിച്ച സ്ഥിതി **പട്ടിക 1.5**–ലും **പട്ടിക 1.6**–ലും നൽകിയിരിക്കുന്നു.

**പട്ടിക 1.5: 2022 സെപ്റ്റംബർ 31 വരെ വകുപ്പുകളുമായി ബന്ധപ്പെട്ട വിശദീകരണ കുറിപ്പുകൾ ലഭിച്ചിട്ടില്ലാത്ത പ്രവർത്തനക്ഷമത ഓഡിറ്റുകൾ/ ഖണ്ഡികകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവർത്തനക്ഷമത ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും എണ്ണം | | വിശദീകരണ കുറിപ്പുകൾ ലഭിക്കാത്ത പ്രവർത്തനക്ഷമത ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും എണ്ണം | |
|---|---|---|---|---|
| | പ്രവർത്തനക്ഷമത ഓഡിറ്റുകൾ | ഖണ്ഡികകൾ | പ്രവർത്തനക്ഷമത ഓഡിറ്റുകൾ | ഖണ്ഡികകൾ |
| 2015-16 | 1 | 5 | 0 | 1 |
| 2016-17 | 1 | 7 | 1 | 1 |
| 2017-18 | 1 | 7 | 0 | 4 |
| 2018-19 | 0 | 4 | 0 | 3 |
| **ആകെ** | **3** | **23** | **1** | **9** |

*(സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളുമായി സമീകരിച്ച് ഓഡിറ്റ് സമാഹരിച്ച വിശദാംശങ്ങൾ)*

**പട്ടിക 1.6: 2022 സെപ്റ്റംബർ 31 വരെ സംസ്ഥാന പിഎസ്‌യുകളുമായി ബന്ധപ്പെട്ട വിശദീകരണ കുറിപ്പുകൾ ലഭിച്ചിട്ടില്ലാത്ത പ്രവർത്തനക്ഷമത ഓഡിറ്റുകൾ/ ഖണ്ഡികകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സംസ്ഥാന നിയമസഭയിൽ ഓഡിറ്റ് റിപോർട്ട് സമർപ്പിച്ച തിയതി | പ്രവർത്തനക്ഷമത ഓഡിറ്റുകൾ/ ഖണ്ഡികകൾ എന്നിവയുടെ മൊത്തം എണ്ണം | | പ്രവർത്തനക്ഷമത ഓഡിറ്റുകൾ/ ഖണ്ഡികകൾ എന്നിവയുടെ മൊത്തം എണ്ണം | |
|---|---|---|---|---|---|
| | | പ്രവർത്തനക്ഷമത ഓഡിറ്റുകൾ | ഖണ്ഡികകൾ | പ്രവർത്തനക്ഷമത ഓഡിറ്റുകൾ | ഖണ്ഡികകൾ |
| 2015-16 | 23/05/2017 | 2 | 10 | 1 | 2 |
| 2016-17 | 19/06/2018 | 2 | 8 | 1 | 2 |
| 2017-18 | 24/08/2020 | 0 | 5 | 0 | 4 |
| 2018-19 | 10/06/2021 | 1 | 6 | 1 | 5 |
| **ആകെ** | | **5** | **29** | **3** | **13** |

*(സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളുമായി സമീകരിച്ച് ഓഡിറ്റ് സമാഹരിച്ച വിശദാംശങ്ങൾ)*

ഭരണവകുപ്പുകൾ, ധനകാര്യ വകുപ്പിന്റെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ചില്ല. കൂടാതെ മുകളിലെ പട്ടികയിൽ വിവരിച്ചിരിക്കുന്നതു പോലെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള പ്രതികരണങ്ങളിൽ അസാമാന്യമായ കാലതാമസം നേരിട്ടു.

## 1.9 പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി)/ പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി (കോപു) എന്നിവയുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള ചർച്ച

വകുപ്പുകളിൽമേലും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിന്മേലുമുള്ള സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനായി സംസ്ഥാന നിയമസഭ യഥാക്രമം രൂപീകരിച്ച സമിതികളാണ് പിഎസി, കോപു എന്നിവ.

സെപ്റ്റംബർ 2022 വരെയുള്ള പിഎസി, കോപു എന്നിവയുടെ പ്രവർത്തനക്ഷമത ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും ചർച്ചയുടെ സ്ഥിതിവിവരകണക്കുകൾ യഥാക്രമം **പട്ടിക 1.7,1.8** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 1.7: വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനക്ഷമത ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും പിഎസിയുടെ ചർച്ചയുടെ സ്ഥിതിവിവരകണക്കുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | പ്രവർത്തന ക്ഷമത ഓഡിറ്റ്/ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|
| | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയവ | | ചർച്ച ചെയ്യപ്പെട്ടവ | |
| | പ്രവർത്തനക്ഷമത ഓഡിറ്റുകൾ | ഖണ്ഡികകൾ | പ്രവർത്തനക്ഷമത ഓഡിറ്റുകൾ | ഖണ്ഡികകൾ |
| 2012-13 | 0 | 5 | 0 | 4 |
| 2013-14 | 0 | 1 | 0 | 0 |
| 2014-15 | 2 | 7 | 0 | 7 |
| 2015-16 | 1 | 5 | 0 | 4 |
| 2016-17 | 1 | 7 | 0 | 0 |
| 2017-18 | 1 | 7 | 0 | 0 |
| 2018-19 | 0 | 4 | 0 | 4 |
| **ആകെ** | **5** | **36** | **0** | **19** |

*(സ്രോതസ്സ്: ഓഡിറ്റിന്റെ കൈവശമുള്ള രേഖകൾ)*

സെപ്റ്റംബർ 2022 വരെ പിഎസി ചർച്ച ചെയ്യാത്ത പ്രവർത്തനക്ഷമത ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും സ്ഥിതി അവലോകനം ചെയ്തപ്പോൾ അഞ്ച് പ്രവർത്തനക്ഷമത ഓഡിറ്റുകളും 17 ഖണ്ഡികകളും (വനം വന്യജീവി, വിനോദസഞ്ചാരം, പൊതുമരാമത്ത് വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ടത്) ഇനിയും ചർച്ച ചെയ്യാനുണ്ടെന്ന് കാണിച്ചു.

**പട്ടിക 1.8: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനക്ഷമത ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും കോപുവിന്റെ ചർച്ചയുടെ സ്ഥിതി**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | പ്രവർത്തനക്ഷമത ഓഡിറ്റ്/ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|
| | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയവ | | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയവ | |
| | പ്രവർത്തനക്ഷമത ഓഡിറ്റുകൾ | ഖണ്ഡികകൾ | പ്രവർത്തനക്ഷമത ഓഡിറ്റുകൾ | ഖണ്ഡികകൾ |
| 2015-16 | 2 | 10 | 1 | 6 |
| 2016-17 | 2 | 8 | 1 | 1 |
| 2017-18 | 0 | 5 | 0 | 0 |
| 2018-19 | 1 | 6 | 0 | 0 |
| **ആകെ** | **5** | **29** | **2** | **7** |

*(സ്രോതസ്സ്: ഓഡിറ്റിന്റെ കൈവശമുള്ള രേഖകൾ)*

ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നതിലെ കാലതാമസം, റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും പൊരുത്തക്കേടുകൾ, ക്രമക്കേടുകൾ അല്ലെങ്കിൽ കെടുകാര്യസ്ഥത എന്നിവ പരിഹരിക്കുന്നതിലും കാലതാമസമുണ്ടാക്കും. പട്ടികയിൽനിന്ന് കാണാൻ കഴിയുന്നത് പോലെ, മൂന്ന് പ്രവർത്തനക്ഷമത ഓഡിറ്റുകളും 22 ഖണ്ഡികകളും കോപു ചർച്ച ചെയ്തിട്ടില്ല.

***ശുപാർശകൾ:***

***സർക്കാർ ചെയ്യേണ്ടത്:***

- ***ഓഡിറ്റ് റിപോർട്ടുകളിന്മേലുള്ള മറുപടികളും/ വിശദീകരണ കുറിപ്പുകളും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെയും പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെയും ശുപാർശകളിന്മേലുള്ള നടപടിയെടുത്ത കുറിപ്പുകളും നിശ്ചിത സമയത്തിനുള്ളിൽ നൽകപ്പെടുന്നു എന്നു ഉറപ്പാക്കുക.***
- ***ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.***
- ***കരട് ഖണ്ഡികകൾക്കും അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾക്കും മറുപടികൾ കൃത്യസമയത്ത് നൽകുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുക***

# ഭാഗം I

# സംസ്ഥാന സർക്കാർ വകുപ്പുകൾ

# അദ്ധ്യായം II

# സംസ്ഥാന സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

# അദ്ധ്യായം II

# സംസ്ഥാന സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

## വനം, വന്യജീവി വകുപ്പ്

### *2.1 മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട പ്രതിരോധ, ലഘൂകരണ നടപടികൾ നടപ്പിലാക്കൽ*

### 2.1.1 ആമുഖം

വന്യജീവികളുടെ സംരക്ഷണം, പരിസ്ഥിതി, മനുഷ്യരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ജീവിതം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതിലേക്ക് നയിക്കുന്ന മനുഷ്യരും വന്യജീവികളും തമ്മിലുള്ള ഏതൊരു ഇടപെടലിനെയും, മനുഷ്യ-വന്യജീവി സംഘർഷം എന്ന് പൊതുവെ നിർവ്വചിക്കുന്നു[3]. കാർഷിക വിളകൾ, കന്നുകാലികൾ, വീടുകൾ പോലുള്ള വസ്തുവകകൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടം; ജന്തു-ജന്യ രോഗങ്ങളുടെ വ്യാപനം; മനുഷ്യർക്കും മൃഗങ്ങൾക്കുമുണ്ടാകുന്ന ജീവഹാനി അല്ലെങ്കിൽ പരിക്കുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജനസംഖ്യാ വർദ്ധനവും ഭൂമിയുടെ ആവശ്യകതയും വനഭൂമി കയ്യേറുന്നതിന് ഇടയാക്കുകയും തത്ഫലമായി വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ ശിഥിലീകരണത്തിനും നഷ്ടത്തിനും കാരണമാവുകയും ചെയ്യുന്നു. കൂടാതെ, കാലാവസ്ഥാ വ്യതിയാനം, അധിനിവേശ ജീവജാലങ്ങൾ, ആസൂത്രണമില്ലാതെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ, ഏകവിള തോട്ടങ്ങൾ മുതലായവ വന്യമൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയെ രൂപാന്തരപ്പെടുത്തുന്നുണ്ട്. ഇവ ഭക്ഷണം, വെള്ളം എന്നിവയുടെ ദൗർലഭ്യത്തിലേക്ക് നയിക്കുകയും, ഭക്ഷണവും വെള്ളവും തേടി ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങാൻ വന്യമൃഗങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ചുറ്റുമുള്ള കൃഷിയുടെ വിസ്തൃതി വർദ്ധിക്കുന്നതും, പ്രത്യേകിച്ച് വന്യമൃഗങ്ങളെ ആകർഷിക്കുന്ന വിളകൾ; കടുവ, കാട്ടുപന്നി, മയിൽ മുതലായ ചില ഇനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നു. അതിനാൽ, മനുഷ്യ-വന്യജീവി സംഘർഷം പ്രധാനമായും മനുഷ്യ പ്രേരിതവും, അതോടൊപ്പം മൃഗങ്ങളുടെ വംശ-നിർദ്ദിഷ്ട പെരുമാറ്റ രീതികളുമായും, ബാഹ്യ പരിസ്ഥിതി ഘടകങ്ങളുമായും ബന്ധപ്പെട്ടുമിരിക്കുന്നു.

സംസ്ഥാനത്തെ വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണവും, പരിപാലനവും വനം, വന്യജീവി വകുപ്പിന്റെ ഉത്തരവാദിത്തമാണ്. കേരളത്തിൽ 11,524.91 ചതുരശ്ര കിലോമീറ്റർ വനമുണ്ട്. അതിൽ 3,441.21 ചതുരശ്ര കിലോമീറ്റർ (30 ശതമാനം), ആറ് ദേശീയ ഉദ്യാനങ്ങളും, 18 വന്യജീവി സങ്കേതങ്ങളും, ഒരു കമ്മ്യൂണിറ്റി റിസർവും ഉൾപ്പെടുന്ന സംരക്ഷിത മേഖലയിലാണ്.

മനുഷ്യരും വന്യജീവികളും തമ്മിലുള്ള സഹവർത്തിത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിന് വിവിധ പ്രതിരോധ, ലഘൂകരണ നടപടികൾ വകുപ്പ് കൈക്കൊള്ളുന്നു. ഉയർന്ന തോതിലുള്ള സംഘർഷ മേഖലകൾ തിരിച്ചറിയുക, സംഘർഷ തീവ്രതയുള്ള പ്രദേശങ്ങളുടെ ഭൂപടങ്ങൾ തയ്യാറാക്കുക, കയ്യേറ്റങ്ങൾ തിരിച്ചറിയുകയും ഒഴിപ്പിക്കുകയും ചെയ്യുക, വനാതിർത്തികളിൽ വേലികൾ, കിടങ്ങുകൾ, ഭിത്തികൾ എന്നിവ സ്ഥാപിക്കുക, അധിനിവേശ ജീവജാലങ്ങളുടെ ഉന്മൂലനവും, വെള്ളം, ഭക്ഷണം എന്നിവയുടെ ലഭ്യതയും ഉറപ്പാക്കിക്കൊണ്ട് വന്യജീവി ആവാസവ്യവസ്ഥ പരിപാലിക്കുക, മനുഷ്യ-വന്യജീവി സംഘർഷത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുക, വിള

[3] വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ.

ഇൻഷുറൻസ്, വനഭൂമിയിലെ മനുഷ്യവാസസ്ഥലങ്ങളിൽ നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുക, പുനരധിവാസത്തിന് സഹായിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

### 2.1.2 സംഘടന സംവിധാനം

അഡീഷണൽ ചീഫ് സെക്രട്ടറിയാണ് വകുപ്പിന്റെ സർക്കാർ തലത്തിലുള്ള ഭരണത്തലവൻ. ഹെഡ്ക്വാർട്ടേഴ്സിലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി) എന്നിവരുടെ സഹായത്തോടെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് ഫോഴ്സ് മേധാവി) ആണ് വകുപ്പിന്റെ നേതൃത്വം വഹിക്കുന്നത്.

79 ഡിവിഷനുകളും, 205 റേഞ്ചുകളുമുള്ള 15 സർക്കിളുകൾ[4] ഈ വകുപ്പിൽ ഉൾപ്പെടുന്നു. ടെറിട്ടോറിയൽ വിംഗിലെ അഞ്ച് സർക്കിളുകൾക്ക് കീഴിൽ 25 ടെറിട്ടോറിയൽ ഡിവിഷനുകളും, വൈൽഡ് ലൈഫ് വിംഗിലെ മൂന്ന് സർക്കിളുകൾക്ക് കീഴിൽ 11 വൈൽഡ് ലൈഫ് ഡിവിഷനുകളും, മനുഷ്യ-വന്യജീവി സംഘർഷ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിൽ ക്രിയാത്മക പ്രവർത്തനങ്ങൾ തുടങ്ങി വയ്ക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു.

### 2.1.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

- കയ്യേറ്റങ്ങൾ തടയുകയും ഒഴിപ്പിക്കുകയും ചെയ്യുന്നതുൾപ്പെടെ സംസ്ഥാനത്തെ വന്യജീവികളുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് വേണ്ടത്ര നടപ്പാക്കിയിട്ടുണ്ടോ, കൂടാതെ അതിന്റെ ഫലപ്രാപ്തി നിരീക്ഷിക്കാൻ ഒരു സംവിധാനം നിലവിലുണ്ടോ;

- മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിരോധ ലഘൂകരണ നടപടികൾ ഫലപ്രദമായി നടപ്പിലാക്കിയോ;

- മനുഷ്യരും വന്യജീവികളും തമ്മിൽ സുസ്ഥിരവും ഐക്യമുള്ളതുമായ ബന്ധം സൃഷ്ടിക്കുന്നതിനായി നഷ്ടപരിഹാരം നൽകൽ, പുനരധിവാസ പിന്തുണ തുടങ്ങി, മനുഷ്യ-വന്യജീവി സംഘർഷത്തിന് ശേഷമുള്ള നടപടികൾ പര്യാപ്തമായിരുന്നോ; ഒപ്പം

- നേട്ടങ്ങൾക്കും ഉദ്ദേശിച്ച ഫലങ്ങൾ കൈവരിക്കുന്നതിനുമായി എല്ലാ ഘട്ടങ്ങളിലും എല്ലാ തത്പരകക്ഷികളുമായും ഏകോപനം ഉറപ്പാക്കിയിട്ടുണ്ടോ;

എന്നിവ കൈവരിച്ചോ എന്ന് പരിശോധിക്കുന്നതിനായി.

### 2.1.4 ഓഡിറ്റിന്റെ മാനദണ്ഡം

ഓഡിറ്റ് മാനദണ്ഡങ്ങൾ ഇനി പറയുന്നവയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്:

- വന്യജീവി (സംരക്ഷണം) നിയമം (ഡബ്ല്യു.പി.എ), 1972
- കേരള ഫോറസ്റ്റ് ആകട് (കെ.എഫ്.എ), 1961-ഉം അതിനു കീഴിൽ തയ്യാറാക്കിയ നിയമങ്ങളും
- ദേശീയ വന നയം (എൻ.എഫ്.പി), 1988
- ദേശീയ വന്യജീവി പ്രവർത്തന പദ്ധതി (എൻ.ഡബ്ല്യു.എ.പി), 2017-31

[4] ടെറിട്ടോറിയൽ-05, വൈൽഡ് ലൈഫ്-03, വിജിലൻസ്-02, സോഷ്യൽ ഫോറസ്ട്രി-03, വർക്കിംഗ് പ്ലാൻ-01, ട്രെയിനിംഗ്-01.

- വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കേരള നിയമങ്ങൾ, 1980 (കേരള നഷ്ടപരിഹാര നിയമങ്ങൾ, 1980)
- കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് (കെ.എഫ്.എസ്), 2017 മുതൽ 2021 വരെ
- കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെയും / ഏജൻസികളുടെയും റിപ്പോർട്ടുകൾ / പഠനങ്ങൾ

### 2.1.5 ഓഡിറ്റിന്റെ വ്യാപ്തിയും രീതികളും

2021 ജൂലൈ മുതൽ ഡിസംബർ വരെയും 2022 മേയ് മുതൽ നവംബർ വരെയും ഐഡിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സ്ട്രാറ്റിഫൈഡ് റാൻഡം സാമ്പ്ളിംഗ് രീതിയിൽ തിരഞ്ഞെടുത്ത 11 ഫോറസ്റ്റ് ഡിവിഷനുകളിൽ[5] (36 ഡിവിഷനുകളിൽ നിന്നും) ഉൾപ്പെടെ സർക്കാർ/വകുപ്പിന്റെ രേഖകൾ പരിശോധിച്ചതിലൂടെ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവ് ഓഡിറ്റ് ചെയ്യുകയും, ഒത്തു നോക്കി ശരിയാണെന്ന് ഉറപ്പുവരുത്താൻ മറ്റ് വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും, വകുപ്പ് ജീവനക്കാരുമായി ചേർന്ന് ആവശ്യമുള്ളിടത്തെല്ലാം സംയുക്ത പരിശോധന നടത്തുകയും ചെയ്തു.

2022 ആഗസ്റ്റ് 11-ന് നടന്ന എൻട്രി മീറ്റിങ്ങിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, ഓഡിറ്റ് മാനദണ്ഡങ്ങൾ, വ്യാപ്തി, രീതി എന്നിവ സർക്കാരിന്റെയും വകുപ്പിന്റെയും പ്രതിനിധികളുമായി ചർച്ച ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുന്നതിനായി സർക്കാരിന്റെയും വകുപ്പിന്റെയും പ്രതിനിധികളുമായുള്ള എക്സിറ്റ് മീറ്റിങ്ങ് 2023 ഫെബ്രുവരി 17-ന് നടത്തി.

### *2.1.6* മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ സ്ഥിതി

താഴെ വിവരിച്ചിരിക്കുന്നതു പോലെ മനുഷ്യ ജീവനും സ്വത്തിനും വന്യജീവികൾക്കും വലിയ തോതിലുള്ള നാശനഷ്ടമുണ്ടായി:

#### *2.1.6.1 മനുഷ്യ ജീവനും സ്വത്തിനും ഉണ്ടാകുന്ന ഹാനി*

മനുഷ്യ ജീവനും സ്വത്തുക്കളും നഷ്ടപ്പെട്ടതിന്റെ വിശദാംശങ്ങൾ ഫോറസ്റ്റ് ഡിവിഷനുകളിൽ നിന്ന് ശേഖരിച്ച് കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സിൽ[6] സംഗ്രഹിച്ചിരിക്കുന്നു. 2017-21 കാലയളവിലെ കണക്കുകൾ പ്രകാരം, 445 മനുഷ്യമരണങ്ങൾ ഉൾപ്പെടെ 29,798 കേസുകൾ മനുഷ്യ-വന്യജീവി സംഘർഷത്തിന്റേതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 6,161 കേസുകളുള്ള (12.48 ശതമാനം) വയനാട് നോർത്ത് ഡിവിഷനിലാണ് മനുഷ്യ-വന്യജീവി സംഘർഷത്തിനിരയായവരിൽ നിന്ന് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ഏറ്റവും കൂടുതൽ ലഭിച്ചത്. വിശദാംശങ്ങൾ **പട്ടിക 2.1**-ൽ നൽകിയിരിക്കുന്നു.

---

[5] തിരുവനന്തപുരം, റാന്നി, മറയൂർ, മലയാറ്റൂർ, പാലക്കാട്, മണ്ണാർക്കാട്, സൗത്ത് വയനാട്, കണ്ണൂർ എന്നിങ്ങനെ എട്ട് ടെറിട്ടോറിയൽ ഡിവിഷനുകളും പെരിയാർ ഈസ്റ്റ്, പറമ്പിക്കുളം, വയനാട് വന്യജീവി എന്നിങ്ങനെ മൂന്ന് വന്യജീവി ഡിവിഷനുകളും.

[6] സംസ്ഥാനത്തെ വനം-വന്യജീവി പരിപാലനവുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ വനം വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ശേഖരിക്കുകയും സമാഹരിക്കുകയും ചെയ്തത്.

**പട്ടിക 2.1 : മനുഷ്യ-വന്യജീവി സംഘർഷത്താൽ മനുഷ്യ ജീവനും സ്വത്തിനും സംഭവിച്ച നഷ്ടങ്ങളുടെ വിശദാംശങ്ങൾ**

| സംഭവങ്ങൾ നടന്ന വർഷം | മനുഷ്യ മരണം | മനുഷ്യർ -ക്കുണ്ടായ പരിക്ക് | കന്നുകാലി നഷ്ടം | വിളകൾക്കും വസ്തു വകകൾക്കും ഉണ്ടായ നാശം$ | ആകെ | ഏറ്റവും കൂടുതൽ കേസുകളുള്ള ഡിവിഷൻ (കേസുകളുടെ ശതമാനം)* |
|---|---|---|---|---|---|---|
| 2017–18 | 119 | 846 | 561 | 5,703 | 7,229 | വയനാട് നോർത്ത് (12.48 ശതമാനം) |
| 2018–19 | 146 | 765 | 348 | 6,631 | 7,890 | |
| 2019–20 | 92 | 699 | 321 | 5,550 | 6,662 | |
| 2020–21# | 88 | 988 | 400 | 6,541 | 8,017 | |
| **ആകെ** | **445** | **3,298** | **1,630** | **24,425** | **29,798** | |

**2017-22 കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തിനിരയായവരിൽ നിന്ന് ലഭിച്ച അപേക്ഷകളുടെ എണ്ണത്തെ അടിസ്ഥാനമാക്കി*

*# 2022-ലെ കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് ഡാറ്റ ലഭ്യമല്ല*

*$ വിളകൾക്കും വസ്തുവകകൾക്കും ഉണ്ടായ നാശനഷ്ടത്തിന് ലഭിച്ച അപേക്ഷകളുടെ എണ്ണം*

*(ഉറവിടം: കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്, 2017-21)*

മൃഗങ്ങളെ അടിസ്ഥാനമാക്കിയുള്ള മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.2**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 2.2 : പ്രധാനപ്പെട്ട മൃഗങ്ങളെ അടിസ്ഥാനമാക്കി 2017-21 കാലയളവിലുള്ള കേസുകളുടെ വിശദാംശങ്ങൾ**

| മൃഗങ്ങളെ അടിസ്ഥാന മാക്കിയുള്ള സംഭവങ്ങൾ | മനുഷ്യ മരണം | മനുഷ്യർ ക്കുണ്ടായ പരിക്ക് | കന്നു കാലി നഷ്ടം | വിളകൾക്കും വസ്തുവക കൾക്കും ഉണ്ടായ നാശം | ആകെ | ഏറ്റവും കൂടുതൽ കേസുകളുള്ള ഡിവിഷൻ (കേസുകളുടെ ശതമാനം)* |
|---|---|---|---|---|---|---|
| ആന | 78 | 159 | 196 | 13,092 | 13,525 | സൗത്ത് വയനാട് (17.47 ശതമാനം) |
| കാട്ടുപന്നി | 19 | 515 | 31 | 5,572 | 6,137 | കണ്ണൂർ (12.05 ശതമാനം) |
| പാമ്പ് | 338 | 2,505 | 76 | 0 | 2,919 | കണ്ണൂർ (26.83 ശതമാനം) |
| കടുവ | 5 | 12 | 447 | 213 | 677 | വയനാട് വന്യജീവി (37.83 ശതമാനം) |
| പുള്ളിപ്പുലി | 0 | 2 | 556 | 31 | 589 | മണ്ണാർക്കാട് (18.95 ശതമാനം) |
| കാട്ടു പോത്ത് | 1 | 9 | 5 | 161 | 176 | മറയൂർ (25.90 ശതമാനം) |

**2017-22 കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തിനിരയായവരിൽ നിന്ന് ലഭിച്ച അപേക്ഷകളുടെ എണ്ണത്തെ അടിസ്ഥാനമാക്കി.*

*(ഉറവിടം: കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്, 2017-21)*

മേൽപ്പറഞ്ഞ പട്ടികയിൽ കാണുന്നതുപോലെ, ആനയുടെ ആക്രമണത്താലാണ് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംഭവിക്കുന്നത്. അതിനാൽ, ഏത് മനുഷ്യ-വന്യജീവി സംഘർഷ പ്രതിരോധ ലഘൂകരണ പദ്ധതിയിലും ആനകളിൽ നിന്നുള്ള സംരക്ഷണം പരിഗണിക്കേണ്ടതുണ്ട്. കാട്ടുപന്നികളുടെ ആക്രമണം ഏറ്റവും

ഉയർന്ന രണ്ടാമത്തെ (20.60 ശതമാനം) മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ എണ്ണത്തിനു കാരണമാകുന്നു, വനാതിർത്തികളിൽ നിന്ന് വളരെ അകലെയുള്ള പ്രദേശങ്ങളിലാണ് ഇത് കൂടുതലും കാണപ്പെടുന്നത്. സർക്കാരും വകുപ്പും വർഷങ്ങളായി നടപടികൾ സ്വീകരിച്ചിട്ടും, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ എണ്ണം തുടർച്ചയായി ഉയർന്ന നിലയിലാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ എണ്ണം ഉയരാനുള്ള കാരണങ്ങൾ ഈ റിപ്പോർട്ടിലെ ***ഖണ്ഡിക 2.1.7***-ൽ വിശകലനം ചെയ്തിട്ടുണ്ട്.

### *2.1.6.2 വന്യജീവികളുടെ നാശം*

ഭക്ഷണവും വെള്ളവും തേടി വന്യമൃഗങ്ങൾ വനമേഖലയിൽ നിന്ന് പുറത്തേക്ക് പോകുന്നത് അവയ്ക്ക് പരിക്കേൽക്കുന്നതിനും കൂടാതെ അസ്വാഭാവിക മരണത്തിനും കാരണമാകുന്നു. അസ്വാഭാവിക മരണങ്ങളുടെ വിശദാംശങ്ങൾ കേരള ഫോറസ്റ്റ് വൈൽഡ് ലൈഫ് ഡെത്ത് റിപ്പോർട്ടിംഗ് പോർട്ടൽ വഴി കേന്ദ്ര സർക്കാരിനെ അറിയിക്കുന്നു. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ പരാമർശിച്ചിരിക്കുന്ന ചില പ്രധാന വന്യമൃഗങ്ങളുടെ മരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **പട്ടിക 2.3**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.3 : വന്യമൃഗങ്ങളുടെ അസ്വാഭാവിക മരണത്തിന്റെ വിശദാംശങ്ങൾ**

| വർഷം | ആന | പുള്ളിപ്പുലി | കടുവ | കാട്ടുപോത്ത്/ ഇന്ത്യൻ കാട്ടുപോത്ത് |
|---|---|---|---|---|
| 2017-18 | 0 | 4 | 0 | 0 |
| 2018-19 | 8 | 2 | 1 | 5 |
| 2019-20 | 10 | 1 | 0 | 6 |
| 2020-21 | 11 | 2 | 1 | 3 |
| 2021-22 | 6 | 3 | 0 | 3 |
| **ആകെ** | **35** | **12** | **2** | **17** |

*(ഉറവിടം: കേരള ഫോറസ്റ്റ് വൈൽഡ് ലൈഫ് ഡെത്ത് റിപ്പോർട്ടിംഗ് പോർട്ടലിൽ നിന്നുള്ള ഡാറ്റ)*

ഓഡിറ്റ് കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മൊത്തം അസ്വാഭാവിക മരണങ്ങളുടെ എണ്ണം 662 ആയിരുന്നു, അതിൽ 223 മരണങ്ങൾ (33.69 ശതമാനം) വൈദ്യുതാഘാതമേറ്റും, 170 മരണങ്ങൾ (25.68 ശതമാനം) വാഹനമിടിച്ചും, 146 മരണങ്ങൾ (22.05 ശതമാനം) വേട്ടയാടൽ മൂലവുമാണ്. ഇതിൽ 280 കേസുകൾ 1972-ലെ വന്യജീവി സംരക്ഷണ നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിക്കേറ്റ വന്യമൃഗങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനത്ത് രേഖപ്പെടുത്തിയിട്ടില്ല.

**ഓഡിറ്റ് കണ്ടെത്തലുകൾ**

വന്യജീവി ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലുമുള്ള വകുപ്പിന്റെ പരാജയം, അവയുടെ ആവാസവ്യവസ്ഥ നഷ്ടപ്പെടുന്നതിനും വിഘടിക്കുന്നതിനും തത്ഫലമായി മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വർദ്ധനവിനും കാരണമാകുന്നു. കയ്യേറ്റങ്ങൾ, വകമാറ്റൽ, ആസൂത്രിതമല്ലാത്ത വികസനങ്ങൾ, ഏകവിള തോട്ടങ്ങൾ, ആനത്താരകൾ തിരിച്ചറിയുന്നതിലെ കാലതാമസം, കന്നുകാലി മേച്ചിൽ, അധിനിവേശ ഇനങ്ങൾ, ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും ലഭ്യത ഉറപ്പു വരുത്താത്തത് തുടങ്ങി വന്യജീവി ആവാസവ്യവസ്ഥയുടെ നഷ്ടത്തിനും വിഘടനത്തിനും കാരണമായ വിവിധ വശങ്ങൾ ഓഡിറ്റ് പരിശോധിച്ചു. പ്രതിരോധ സംവിധാനങ്ങളുടെ നിർമ്മാണവും പരിപാലനവും, കുങ്കി ആനകളുടെ സ്ക്വാഡുകൾ, മുന്നറിയിപ്പ് നൽകുന്ന എസ്.എം.എസ് ജാഗ്രതാ സംവിധാനം, പ്രശ്നക്കാരായ മൃഗങ്ങളിൽ റേഡിയോ കോളറുകൾ ഘടിപ്പിക്കൽ, ജനസംഖ്യാ നിയന്ത്രണം, ഇരുവശവുമുള്ള കാട് തെളിക്കൽ, സർപ്പ ആപ്പ്, വനഭൂമികളിലെ മനുഷ്യ വാസസ്ഥലങ്ങളിലെ ജനങ്ങളുടെ പുനരധിവാസം തുടങ്ങി വകുപ്പ് നടത്തിയ പ്രതിരോധ, ലഘൂകരണ നടപടികളുടെ ഫലപ്രാപ്തി പരിശോധിച്ചു. മനുഷ്യ-വന്യജീവി സംഘർഷത്തിനിരയായവർക്ക് നഷ്ടപരിഹാരം

നൽകുന്നതുൾപ്പെടെയുള്ള മനുഷ്യ-വന്യജീവി സംഘർഷത്തിന് ശേഷമുള്ള നടപടികൾ അവയുടെ മിതവ്യയം, പര്യാപ്തത, സമയക്ലിപ്തത എന്നിവയ്ക്കായി പരിശോധിച്ചു. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ, ടൂറിസം, കൃഷി എന്നീ വകുപ്പുകൾ, പ്രദേശവാസികൾ തുടങ്ങി വിവിധ തത്പരകക്ഷികളുമായി സഹകരിക്കേണ്ടതിന്റെ ആവശ്യകതയും ഓഡിറ്റ് നിരീക്ഷിച്ചു.

അതിനാൽ, ഓഡിറ്റ് കണ്ടെത്തലുകളെ പ്രധാനമായും നാല് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു, അതായത്, വന്യജീവി ആവാസവ്യവസ്ഥകളുടെ പരിപാലനം ***(ഖണ്ഡിക 2.1.7)***, പ്രതിരോധ ലഘൂകരണ നടപടികൾ ***(ഖണ്ഡിക 2.1.8)***, മനുഷ്യ-വന്യജീവി സംഘർഷത്തിന് ശേഷമുള്ള നടപടികൾ ***(ഖണ്ഡിക 2.1.9)***, എല്ലാ തത്പരകക്ഷികളുമായുള്ള ഏകോപനം ***(ഖണ്ഡിക 2.1.10)***.

### 2.1.7 വന്യജീവി ആവാസവ്യവസ്ഥയുടെ പരിപാലനം

**വനഭൂമി വനേതര ആവശ്യങ്ങൾക്കായി വക മാറ്റുന്നത് തടയുക; കയ്യേറ്റങ്ങൾ, ആസൂത്രിതമല്ലാത്ത വികസന പദ്ധതികൾ മുതലായവയിൽ നിന്ന് വന്യജീവികളുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുക; ആനത്താരകൾ സുരക്ഷിതമാക്കുക, അധിനിവേശ ജീവജാലങ്ങളെ നീക്കം ചെയ്യുക, ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും ലഭ്യത ഉറപ്പാക്കുക തുടങ്ങിയവയിലൂടെ വന്യജീവികളുടെ ആവാസവ്യവസ്ഥ പരിപാലിക്കുക എന്നിവയിൽ വകുപ്പിനുണ്ടായ വീഴ്ചകളാണ് സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങളിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങൾ.**

2017-31-ലെ ദേശീയ വന്യജീവി പ്രവർത്തന പദ്ധതി പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ പ്രാഥമിക കാരണം, നിരവധി വന്യജീവി ആവാസവ്യവസ്ഥകളുടെ നഷ്ടവും അധഃപതനവും വിഘടനവുമാണ്; അതുകാരണം, ഏഷ്യൻ ആനകളും മറ്റ് നിരവധി വന്യമൃഗങ്ങളും അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ നിന്ന് പുറത്തുകടന്ന് മനുഷ്യരുമായി സമ്പർക്കത്തിലേർപ്പെടാനുള്ള സാധ്യതകൾ വർദ്ധിക്കുന്നു. വന്യജീവി ആവാസവ്യവസ്ഥകൾ കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധയിൽപ്പെട്ട വീഴ്ചകൾ ചുവടെ പരാമർശിച്ചിരിക്കുന്നു:

#### *2.1.7.1 വന്യജീവി ആവാസവ്യവസ്ഥയിലെ വാഹകശേഷി പഠനത്തിന്റെ അഭാവം*

ഭക്ഷണം, ആവാസവ്യവസ്ഥ, ജലം, ലഭ്യമായ മറ്റ് വിഭവങ്ങൾ എന്നിവ കണക്കിലെടുക്കുമ്പോൾ ആ നിർദ്ദിഷ്ട പരിതസ്ഥിതിക്ക് നിലനിർത്താൻ കഴിയുന്ന ഒരു ജൈവ ജീവജാലത്തിന്റെ പരമാവധി ജനസംഖ്യാ വലുപ്പമാണ് ഒരു പരിതസ്ഥിതിയുടെ വാഹകശേഷി. സംസ്ഥാനത്തെ വന്യജീവികളുടെ ആവാസവ്യവസ്ഥ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും അതുവഴി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും വാഹകശേഷി പഠനം ആവശ്യമാണ്.

സംസ്ഥാനത്ത് വന്യജീവി ആവാസവ്യവസ്ഥകളുടെ വാഹകശേഷി പഠനങ്ങളൊന്നും തന്നെ വകുപ്പ് നടത്തിയിട്ടില്ലെന്ന് നിരീക്ഷിച്ചു.

#### *2.1.7.2 വനഭൂമി വനേതര ആവശ്യങ്ങൾക്കായി വൻതോതിൽ വഴിതിരിച്ചുവിടുന്നത്*

വകുപ്പിന്റെ രേഖകൾ പ്രകാരം 11,524.91 ചതുരശ്ര കിലോമീറ്റർ, അതായത് സംസ്ഥാന വിസ്തീർണ്ണത്തിന്റെ (38,863 ചതുരശ്ര കിലോമീറ്റർ) 29.66 ശതമാനം വനമാണ്. ഈ സ്ഥലത്തിന്റെ 21.81 ശതമാനം (2,513.53 ചതുരശ്ര കിലോമീറ്റർ) വനേതര ആവശ്യങ്ങൾക്കായി വകമാറ്റിയതായും, പൊതുവെ വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമല്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. പ്രധാന കാരണങ്ങൾ ഇനിപ്പറയുന്നവയാണ്:

- തേക്ക്, അക്കേഷ്യ, യൂക്കാലിപ്റ്റസ്, മുതലായവ ഉൾപ്പെടുന്ന ഏകവിള തോട്ടങ്ങളിൽ (1,562.04 ചതുരശ്ര കിലോമീറ്റർ) വന്യജീവി ആവാസവ്യവസ്ഥ കുറവാണ് ***(ഖണ്ഡിക 2.1.7.7)***;

- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് പാട്ടത്തിന് ഭൂമി നൽകൽ, സ്വകാര്യ തോട്ടങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും (പിഎസ്‌യു) തോട്ടം പ്രവർത്തനങ്ങൾ മുതലായവ (514.90 ചതുരശ്ര കിലോമീറ്റർ);
- 1980–ലെ വനസംരക്ഷണ നിയമ പ്രകാരം പ്രധാനമായും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെയും ജലസേചന വകുപ്പിന്റെയും വിവിധ പദ്ധതികൾ, സ്വകാര്യ വ്യക്തികളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും തോട്ടം പ്രവർത്തനങ്ങൾ, പദ്ധതി ബാധിത പ്രദേശങ്ങളിലെ ആളുകളെ പുനരധിവസിപ്പിക്കൽ, 1977 ജനുവരി 01–ന് മുമ്പുള്ള കയ്യേറ്റങ്ങൾ[7] മുതലായവയ്ക്കായുള്ള വകമാറ്റൽ (384.12 ചതുരശ്ര കിലോമീറ്റർ);
- 1977 ജനുവരി 01–ന് ശേഷമുള്ള കയ്യേറ്റങ്ങൾ (50.25 ചതുരശ്ര കിലോമീറ്റർ, ***ഖണ്ഡിക 2.1.7.4***);
- മൂന്ന് ഡിവിഷനുകളിലായി[8] 2.22 ചതുരശ്ര കിലോമീറ്റർ വനഭൂമിയിൽ റവന്യൂ വകുപ്പ് നൽകിയ പട്ടയങ്ങൾ[9].

ഇതു കൂടാതെ, നിക്ഷിപ്ത വനങ്ങൾ പ്രധാനമായും കൃഷി ആവശ്യത്തിനായി സർക്കാർ ഏറ്റെടുത്തിട്ടുള്ളതും ഒറ്റപ്പെട്ടും വേർപ്പെട്ട് കിടക്കുന്നതുമായ വനങ്ങളാണ്, അതിനാൽ വന്യജീവികൾക്ക്, പ്രത്യേകിച്ച് കാട്ടാനകൾക്ക്, വാസയോഗ്യമല്ല.

**കേസ് സ്റ്റഡി 1 : വയനാട് ജില്ലയിലെ വനങ്ങളുടെ വിഘടനം** – ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷത്തിനിരയായവരിൽ നിന്നുള്ള അപേക്ഷകൾ ലഭിച്ചത് വയനാട് ജില്ലയിലാണ്. വയനാട് വന്യജീവി സങ്കേതത്തിന്റെ മാനേജ്മെന്റ് പ്ലാൻ അനുസരിച്ച്, 1950–ൽ വയനാട് ജില്ലയുടെ വനഭൂമി 1,811.35 ചതുരശ്ര കിലോമീറ്ററായിരുന്നത്, 2021–ൽ 863.86 ചതുരശ്ര കിലോമീറ്ററായി കുറഞ്ഞു. 947.49 ചതുരശ്ര കിലോമീറ്റർ വനത്തിന്റെ കുറവുണ്ടാവുകയും, തോട്ടം, കൃഷി മുതലായവയുടെ വിസ്തൃതിയിൽ അതിനനുസരിച്ച് വർദ്ധനവുണ്ടാവുകയും, ഇത് ഒരിക്കൽ തുടർച്ചയായി നിലനിന്നിരുന്ന സസ്യജാലങ്ങളുടെ വിഘടനത്തിലേക്ക് നയിക്കുകയും ചെയ്തു.

തോട്ടങ്ങളെ തിരിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ഉചിതമായ രീതിയിൽ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട് സർക്കാർ മറുപടിയിൽ പ്രസ്താവിച്ചു (2023 മാർച്ച്).

***ഖണ്ഡിക 2.1.7.7***–ൽ പരാമർശിച്ചിരിക്കുന്ന പോലെ നിരവധി പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നതിനാൽ തോട്ടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ ഫലപ്രദമായിട്ടില്ല.

### *2.1.7.3 ആസൂത്രിതമല്ലാത്ത വികസനം മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെ വർദ്ധനവിലേക്ക് നയിക്കുന്നു*

വന്യജീവി ആവാസവ്യവസ്ഥയിലേക്കുള്ള മനുഷ്യരുടെ കടന്നുകയറ്റവും അവരുടെ പ്രവർത്തനങ്ങളുമാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം. 1988–ലെ ദേശീയ വന നയം അനുസരിച്ച്, വനഭൂമി ഏതെങ്കിലും വനേതര ആവശ്യങ്ങൾക്കായി വക മാറ്റുന്നത് സാമൂഹികവും പാരിസ്ഥിതികവുമായ ചെലവുകളുടെയും ആനുകൂല്യങ്ങളുടെയും കാഴ്ചപ്പാടിൽ നിന്ന് കൊണ്ട് വിദഗ്ധരുടെ ഏറ്റവും സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കിയായിരിക്കണം.

---

7 1993–ലെ കേരള ലാൻഡ് അസൈൻമെന്റ് (01.01.1977–ന് മുമ്പുള്ള വനഭൂമിയുടെ അധിനിവേശം ക്രമപ്പെടുത്തൽ) സ്പെഷ്യൽ റൂൾസ് അനുസരിച്ച് (കെ എൽ എ സ്പെഷ്യൽ റൂൾസ്,1993).

8 മറയൂർ (0.88 ചതുരശ്ര കിലോമീറ്റർ), മണ്ണാർക്കാട് (0.80 ചതുരശ്ര കിലോമീറ്റർ), മലയാറ്റൂർ (0.53 ചതുരശ്ര കിലോമീറ്റർ).

9 ഒരു വസ്തുവിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചുള്ള ആദ്യന്തേതും യഥാർത്ഥവുമായ രേഖ.

മനുഷ്യ-വന്യജീവി സംഘർഷാവസ്ഥയെ പ്രതികൂലമായി ബാധിക്കുകയോ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതോ ആയ സംസ്ഥാനത്തെ മൂന്ന് വികസന പദ്ധതികൾ ചുവടെ ചർച്ച ചെയ്യുന്നു.

- **പെരിയാർ ടൈഗർ റിസർവിനോട് ചേർന്നുള്ള എൻ.സി.സി എയർസ്ട്രിപ്പിന്റെ നിർമ്മാണം**

  എൻ.സി.സി കേഡറ്റുകളുടെ പറക്കൽ പരിശീലനത്തിനായി, 2017-ൽ, കേരള പൊതുമരാമത്ത് വകുപ്പ്, പെരിയാർ കടുവാ സങ്കേതത്തിന്റെ അതിർത്തിയിൽ നിന്ന് 630 മീറ്റർ മാത്രം അകലെ, വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് നിർമ്മിക്കാൻ തുടങ്ങി. പരിസ്ഥിതി ആഘാത വിലയിരുത്തൽ നടത്താതെയും, ആവശ്യമായ പരിസ്ഥിതി അനുമതികൾ നേടാതെയുമാണ് പദ്ധതി ആരംഭിച്ചതെന്ന് കോട്ടയത്തെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവി), പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് മുമ്പാകെ റിപ്പോർട്ട് ചെയ്തു (2021 ഒക്ടോബർ). ആന, കടുവ തുടങ്ങിയ മുൻനിര ഇനങ്ങളുൾപ്പെടെയുള്ള, ജൈവവൈവിധ്യത്താൽ സമ്പന്നമായ ഒരു പരിസ്ഥിതിയുടെ ശബ്ദപശ്ചാത്തലത്തെ എയർസ്ട്രിപ്പിന്റെ പ്രവർത്തനം ബാധിക്കും. ഇത് മനുഷ്യ-വന്യജീവി സംഘർഷം കൂടുതൽ വർദ്ധിപ്പിക്കും. വന്യജീവികളുടെ സംരക്ഷണത്തിനുള്ള പ്രാധാന്യത്തെക്കുറിച്ചും അവയിലുണ്ടായേക്കാവുന്ന പ്രതികൂല ആഘാതത്തെക്കുറിച്ചും യഥാസമയം സർക്കാരിനെ അറിയിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു. 2021 ഒക്ടോബറിൽ, പദ്ധതി ഏതാണ്ട് പൂർത്തിയായപ്പോൾ മാത്രമാണ്, ആവശ്യമായ അനുമതികളെക്കുറിച്ചും പരിസ്ഥിതിക്ക് ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും വകുപ്പ് സർക്കാരിനെ അറിയിച്ചത്[10].

- **പാലക്കാട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി) കാമ്പസ് സ്ഥാപിക്കൽ**

  പാലക്കാട് ജില്ലയിൽ ഒരു പുതിയ ഐ.ഐ.ടി സ്ഥാപിക്കുന്നതിനായി 2015-ൽ 500 ഏക്കർ ഭൂമി നീക്കിവച്ചിരുന്നു. നിലമ്പൂർ ആന സങ്കേതത്തിന്റെ ഭാഗമായ, ആനകളുടെ സാന്നിധ്യമുള്ള 18.14 ഹെക്ടർ നിക്ഷിപ്ത വനഭൂമിയും ഇതിൽ ഉൾപ്പെടുന്നു. ഇതിന്റെ ഫലമായി, ആനക്കൂട്ടങ്ങൾ കാമ്പസിലെ പതിവ് സന്ദർശകരാണെന്ന് 2021 സെപ്റ്റംബറിൽ വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വെളിപ്പെട്ടു. കാമ്പസിനുള്ളിൽ സ്ഥിതി ചെയ്യുന്ന കുളങ്ങളിലെ വെള്ളത്തിന് വേണ്ടിയാകാം ആനകൾ ഇടയ്ക്കിടെ കാമ്പസിന്റെ ചുറ്റുമതിൽ നശിപ്പിച്ചെത്തുന്നത്. പദ്ധതിയുടെ നിലവിലെ സ്ഥാനം മനുഷ്യ-വന്യജീവി സംഘർഷത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനെക്കുറിച്ച് യഥാസമയം സർക്കാരിനെ അറിയിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു.



**ചിത്രം 2.1:** നിർമ്മാണത്തിലിരിക്കുന്ന പാലക്കാട് ഐ.ഐ.ടി കാമ്പസിലെത്തിയ ആനക്കൂട്ടം (2021 സെപ്റ്റംബർ)

[10] വനം, വന്യജീവി വകുപ്പിലെ സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറിക്ക് 2021 ഒക്ടോബർ 28-ന് പി.സി.സി.എഫ് (എഫ്.എം) അയച്ച കത്ത് മുഖേന.

➢ **ആറളം ഫാമിൽ ഭൂരഹിതരായ ആദിവാസികളുടെ പുനരധിവാസം**

7,000 ഏക്കർ പ്രധാന വനവിസ്തൃതിയിലുൾപ്പെട്ട ആറളം ഫാം, ഈ പ്രദേശത്തെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആറളം സെൻട്രൽ സ്റ്റേറ്റ് ഫാം ആക്കി മാറ്റി. ഇതിൽ, ആറളം വന്യജീവി സങ്കേതത്തോട് ചേർന്നുള്ള മൊത്തം 3,375 ഏക്കർ ഭൂമി 1,500 ആദിവാസി കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ വിതരണം ചെയ്യുകയും, ബാക്കി സ്ഥലം ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് (പി.എസ്.യു) ആയി നിലനിർത്തുകയും ചെയ്തു. ആനകൾ സ്ഥിരമായി വരുന്നതിനാൽ പ്രദേശത്ത് താമസിക്കുന്ന ആദിവാസി കുടുംബങ്ങൾ നിരന്തരം ബുദ്ധിമുട്ടുകയാണ്. ഏകദേശം 40-ഓളം കാട്ടാനകൾ കൃഷിയിടത്തിനുള്ളിൽ ഭൂരിഭാഗം സമയവും ചെലവഴിക്കുന്നതായും ഇത് അവരുടെ ആവാസ കേന്ദ്രമായി മാറിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2014-22 കാലയളവിൽ ആനയുടെ ആക്രമണത്തിൽ പതിമൂന്ന് പേർ കൊല്ലപ്പെട്ടു.

വനത്തിന് സമീപം വികസന പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ് കൃത്യമായ ആസൂത്രണത്തിന്റെയും ആഘാത പഠനങ്ങളുടെയും അഭാവം വന്യജീവികളുടെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും തത്ഫലമായി മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വർദ്ധനവിനും ഇടയാക്കി.

സർക്കാർ നൽകിയ (2023 മാർച്ച്) മറുപടി പ്രകാരം റിസോർട്ടുകളുടെ ആസൂത്രിതമല്ലാത്ത വികസനം, മൈനർ എക്കോ-ടൂറിസം, ആളുകൾക്ക് വനത്തിനുള്ളിലേക്ക് പ്രവേശിക്കാനുള്ള ട്രെക്കിംഗ് പാതകൾ, മുതലായവ കാരണം സ്വാഭാവിക ആനത്താരകൾ നശിപ്പിക്കപ്പെട്ടു. ഓഡിറ്റ് നിരീക്ഷിച്ചതും നിർദ്ദേശിച്ചതുമായ ആശയങ്ങൾ പരിശോധിക്കാൻ, മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട നോഡൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുമെന്നും ഉറപ്പിച്ചു പറഞ്ഞു.

എന്നിരുന്നാലും, മുകളിൽ സൂചിപ്പിച്ച മൂന്ന് വികസന പദ്ധതികളിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രശ്നങ്ങളിന്മേൽ മറുപടി നിശബ്ദമാണ്.

### *2.1.7.4 കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലും/ തടയുന്നതിലും വകുപ്പിനുണ്ടായ പരാജയം*

വനങ്ങളിലേക്കുള്ള മനുഷ്യരുടെ കടന്നുകയറ്റം വന്യജീവികളുടെ ആവാസവ്യവസ്ഥയെ കുറയ്ക്കുക മാത്രമല്ല, മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കയ്യേറ്റങ്ങൾ തടയുന്നതിനും വനാതിർത്തികൾ തിരിച്ചറിയുന്നതിനും വഴിയടയാളങ്ങളും/ ജണ്ടകളും[11] ഉപയോഗിച്ച് അതിർത്തി നിർണ്ണയിക്കുന്നത് പ്രധാനമാണ്.

2021 മാർച്ച് 31 വരെയുള്ള കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് കണക്കുകൾ പ്രകാരം, പറമ്പിക്കുളം ടൈഗർ റിസർവ് ഒഴികെ, തിരഞ്ഞെടുത്ത 10 ഡിവിഷനുകളിൽ 1,605.30 ഹെക്ടർ പ്രദേശം കയ്യേറിയിട്ടുണ്ട്. മലയാറ്റൂർ (28.50 ഹെക്ടർ), വയനാട് (354 ഹെക്ടർ) എന്നീ വന്യജീവി ഡിവിഷനുകളിലെ കയ്യേറ്റങ്ങൾ ഉൾപ്പെടാത്തതിനാൽ ഇതിൽ 382.50 ഹെക്ടർ കുറച്ചാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, 2018 മുതൽ 2021 വരെയുള്ള കാലയളവിൽ, തിരഞ്ഞെടുത്ത ഏഴ് ഡിവിഷനുകളിലായി ***അനുബന്ധം 4***-ൽ വിശദീകരിച്ചിരിക്കുന്നതു പോലെ കയ്യേറ്റത്തിൽ[12] 476.32 ഹെക്ടറിന്റെ വർദ്ധനവുണ്ടായി. ഇത് കയ്യേറ്റത്തിന്റെ വിസ്തൃതി വർദ്ധിക്കുന്നതായും കയ്യേറ്റത്തിന്റെ യഥാർത്ഥ വ്യാപ്തി റിപ്പോർട്ട് ചെയ്തതിനേക്കാൾ കൂടുതലായിരിക്കാം എന്നും സൂചിപ്പിക്കുന്നു.

---

[11] കല്ലുകൾ, മണ്ണ്, സിമന്റ് മുതലായവയുടെ ഒരു കൂമ്പാരം. കാടിന്റെ അതിരുകൾ അടയാളപ്പെടുത്തുന്നതിനായി പിരമിഡിന്റെ ഒരു ഭാഗത്തിന്റെ ആകൃതിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.

[12] തിരുവനന്തപുരം (0.59 ഹെക്ടർ), റാന്നി (0.61 ഹെക്ടർ), മലയാറ്റൂർ (26.87 ഹെക്ടർ), വയനാട് സൗത്ത് (49.60 ഹെക്ടർ), കണ്ണൂർ (39.64 ഹെക്ടർ), പെരിയാർ ഈസ്റ്റ് (4.38 ഹെക്ടർ), വയനാട് വന്യജീവി (354.63 ഹെക്ടർ).

തിരഞ്ഞെടുത്ത പതിനൊന്ന് ഡിവിഷനുകൾക്ക് (എട്ട് ടെറിട്ടോറിയൽ ഡിവിഷനുകളും മൂന്ന് വന്യജീവി ഡിവിഷനുകളും) കീഴിൽ വരുന്ന മൊത്തം 4537.752 ചതുരശ്ര കിലോമീറ്റർ വനവിസ്തൃതിയിൽ 54.134 ചതുരശ്ര കിലോമീറ്റർ സംബന്ധിച്ച് വിജ്ഞാപനം വരാനുണ്ട്. 3866.43 കിലോമീറ്റർ നീളമുള്ള വനാതിർത്തിയിൽ 2021 മാർച്ച് 31 വരെ, 513.13 കിലോമീറ്റർ (13.27 ശതമാനം) അതിർത്തി നിർണ്ണയം തീർപ്പുകൽപ്പിച്ചിട്ടില്ല. മലയാറ്റൂർ ഡിവിഷനിൽ, ജണ്ടകൾ ഉപയോഗിച്ച് വനാതിർത്തി നിശ്ചയിക്കുന്നതിലെ കാലതാമസം കാരണം, 1980-ൽ കൃഷി വകുപ്പിൽ നിന്ന് വനം വകുപ്പ് ഏറ്റെടുത്ത 52.48 ഹെക്ടറിൽ, 28.50 ഹെക്ടർ ഭൂമി കയ്യേറി.

അതിനാൽ, വനാതിർത്തികളുടെ നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും കയ്യേറ്റങ്ങൾ തടയുന്നതിലുമുള്ള വകുപ്പിന്റെ വീഴ്ച, വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ വിഘടനത്തിനും തകർച്ചയ്ക്കും അതുവഴി മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വർദ്ധനവിനും കാരണമായി.

വകുപ്പ്, വിവരങ്ങൾ ആസൂത്രിതമായി പരിശോധിച്ചുവരികയാണെന്നും വിജ്ഞാപനം ചെയ്ത വനഭൂമിയിൽ നിന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ശ്രമിക്കുമെന്നും സർക്കാർ മറുപടി നൽകി (2023 മാർച്ച്). അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട്, കയ്യേറ്റത്തിന് സാധ്യതയുള്ള എല്ലാ പ്രദേശങ്ങളിലും മുൻഗണനാടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയം നടത്തുകയാണെന്നും പ്രസ്താവിച്ചു. എന്നിരുന്നാലും, ജനങ്ങളുടെ ചെറുത്തു നിൽപ്പ് മൂലമുണ്ടാകുന്ന വിവിധ കോടതി കേസുകൾ കാരണം വനാതിർത്തികളുടെ മിച്ചമുള്ള ഏകീകരണം പൂർത്തിയായിട്ടില്ല.

#### *2.1.7.5 വനത്തിനുള്ളിൽ ജല-ഭക്ഷണ ലഭ്യത ഉറപ്പാക്കുന്നതിലെ പോരായ്മകൾ*

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പരിഹാരങ്ങളിലൊന്ന് വനമേഖലയിൽ ജല-ഭക്ഷണ ലഭ്യത ഉറപ്പാക്കുക എന്നതാണെന്ന് വകുപ്പ് കണ്ടെത്തിയിരുന്നു. വയലുകളുടെ[13] പരിപാലനം, ചെക്ക് ഡാമുകൾ/കുളങ്ങൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും, ഫലവൃക്ഷങ്ങൾ വളർത്തൽ, നാടൻ സസ്യജാലങ്ങളെ വളർത്തൽ, വളക്കൂറുള്ള മണ്ണ് ഒഴുകി പോകാതിരിക്കാനുള്ള സംവിധാനം (ഗല്ലി പ്ലഗ്ഗിംഗ്) മുതലായവയാണ് ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വകുപ്പ് ഏറ്റെടുത്തിരിക്കുന്ന പ്രധാന ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ.

ഇക്കാര്യത്തിൽ താഴെ പറയുന്ന വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടു:

- വയലുകളും പുൽമേടുകളും സസ്യഭുക്കുകളുടെ പ്രധാന ആവാസവ്യവസ്ഥകളിലൊന്നാണ്. പരിശോധിച്ച എട്ട് ടെറിട്ടോറിയൽ ഡിവിഷനുകളിൽ ഒന്നിൽ[14] മാത്രമേ പുൽമേടുകളുടെയും വയലുകളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളൂ.

- 2017-22 കാലയളവിൽ, വകുപ്പിന്റെ നിർവ്വഹണ ബജറ്റ് അനുസരിച്ച്, വനത്തിൽ ജലം ഉറപ്പാക്കുന്നതിനുള്ള ഗല്ലി പ്ലഗ്ഗിംഗ്, മണ്ണും ഈർപ്പവും സംരക്ഷിക്കുക, കുളങ്ങൾ, ചെക്ക് ഡാമുകൾ, ജലാശയങ്ങൾ എന്നിവയുടെ നിർമ്മാണ അറ്റകുറ്റപ്പണികൾ എന്നീ പ്രവർത്തനങ്ങൾ ടെറിട്ടോറിയൽ, വന്യജീവി ഡിവിഷനുകളിൽ നടത്തി. എന്നാൽ 2018-19, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ ലക്ഷ്യങ്ങൾ കൈവരിക്കാനായില്ല. കൂടാതെ, തീറ്റ ഉറപ്പാക്കുന്നതിനായി നാടൻ ഇനങ്ങളോ ഫലവൃക്ഷങ്ങളോ നട്ടുപിടിപ്പിക്കുന്നതും വനത്തിലെ വയൽ പരിപാലനവും വന്യജീവി ഡിവിഷനുകൾക്ക് കീഴിൽ മാത്രമാണ് നടത്തിയത്.

---

[13] വെള്ളവും പുല്ലും സ്ഥിരമായി ലഭിക്കുന്ന കുറഞ്ഞ ഉയരത്തിലുള്ള ചതുപ്പ് പുൽമേടുകളാണ് വയലുകൾ.

[14] റാന്നി ഡിവിഷൻ.

ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ അഭാവത്താൽ, പ്രത്യേകിച്ച് ടെറിട്ടോറിയൽ ഡിവിഷനുകൾക്ക് കീഴിൽ, ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വനാതിർത്തി പ്രദേശങ്ങളിൽ ആക്രമണം നടത്തുന്നത് കുറയ്ക്കാൻ കഴിഞ്ഞില്ല.

ടെറിട്ടോറിയൽ ഫോറസ്റ്റ് ഡിവിഷനുകളിലും വനാതിർത്തി പ്രദേശങ്ങളിലും വന്യജീവികളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പ്രാധാന്യം നൽകുമെന്നും നിലവിലെ സാഹചര്യം വിശകലനം ചെയ്യാൻ നടപടി സ്വീകരിക്കുമെന്നും സർക്കാർ ഉറപ്പ് നൽകി (2023 മാർച്ച്).

### 2.1.7.6 വന്യജീവികളുടെ ആവാസവ്യവസ്ഥയെ ബാധിക്കുന്ന അധിനിവേശ ഇനങ്ങൾ

2021-ലെ കേരള ഇക്കോ-റസ്റ്റൊറേഷൻ പോളിസി, അധിനിവേശ ജീവജാലങ്ങളുടെ വ്യാപനം സ്വാഭാവിക വനങ്ങളുടെ ശോഷണത്തിലേക്ക് നയിച്ചതായി നിരീക്ഷിച്ചു. ശോഷിച്ച ആവാസവ്യവസ്ഥകൾ, വന്യമൃഗങ്ങളെ ഭക്ഷണത്തിനായി മനുഷ്യവാസ കേന്ദ്രങ്ങളിലേക്കും കൃഷിയിടങ്ങളിലേക്കും കടന്നുകയറാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ മനുഷ്യ-വന്യജീവി സംഘർഷം സങ്കീർണ്ണമാകുന്നു. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ഇത്തരം അധിനിവേശ ജീവജാലങ്ങളെ ഉന്മൂലനം ചെയ്യുന്നതിന് ഉയർന്ന മുൻഗണനയാണ് നൽകേണ്ടത്.

ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു:

- 2017-18 കാലയളവിൽ, വകുപ്പ് നടത്തിയ മൊത്തം 2,556 ഹെക്ടർ കള നീക്കം ചെയ്യൽ പ്രവർത്തനങ്ങളിൽ, 73 ഹെക്ടർ മാത്രമാണ് ടെറിട്ടോറിയൽ ഡിവിഷനുകളിൽ ഉൾപ്പെട്ടത്. 2018-19, 2019-20 കാലയളവിൽ, വന്യജീവി ഡിവിഷനുകളിൽ മാത്രമാണ് കള നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടന്നത്. എന്നാൽ, ടെറിട്ടോറിയൽ, വന്യജീവി വിഭാഗങ്ങൾ തിരിച്ചുള്ള വിഭജനം 2020-21, 2021-22 വർഷങ്ങളിൽ ലഭ്യമായിരുന്നില്ല.

- ആദ്യമായി 1986-ലാണ് മുത്തങ്ങയിലെ ഓഫീസ് കോമ്പൗണ്ടിൽ സെന്ന സ്പെക്റ്റാബിലിസ് (സെന്ന)[15] തണൽ മരമായി നട്ടുപിടിപ്പിച്ചത്. 2012-ൽ വയനാട് വന്യജീവി സങ്കേതത്തിലെ 14.56 ചതുരശ്ര കിലോമീറ്ററിൽ സെന്ന വ്യാപിച്ചിരുന്നു, 2020 ആയപ്പോഴേക്കും അത് 78.91 ചതുരശ്ര കിലോമീറ്ററിൽ (സങ്കേതത്തിന്റെ ആകെ വിസ്തൃതിയുടെ 23 ശതമാനം) വ്യാപിച്ചു. സങ്കേതത്തിൽ സെന്ന പടർന്ന് പിടിക്കുന്ന തീവ്രതയും വ്യാപ്തിയും ഭയാനകമാം വിധം ഉയർന്നതാണ്, കൂടാതെ സെന്നയുടെ[16] സമൃദ്ധമായ വളർച്ചയുള്ള പ്രദേശങ്ങളിൽ നാടൻ ഇനങ്ങളുടെ പുനരുജ്ജീവനം ഏതാണ്ട് ഇല്ലാതായിരിക്കുന്നു.

---

[15] സൗത്ത്, മധ്യ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള ഒരു ഇലപൊഴിയും വൃക്ഷമാണിത്. ഉയർന്ന വളർച്ചാ നിരക്കും നാടൻ മരങ്ങളുടെയും പുൽച്ചെടികളുടെയും വളർച്ച തടയുകയും ചെയ്യുന്നതിനാൽ, ഇത് കേരളത്തിന്റെ ചില ഭാഗങ്ങളിൽ, പ്രത്യേകിച്ച് വയനാട് വന്യജീവി സങ്കേതത്തിൽ, ഒരു അധിനിവേശ ഇനമായി മാറിയിരിക്കുന്നു.

[16] ഫേൺസ് നേച്ചർ കൺസർവേഷൻ സൊസൈറ്റിയുടെയും വകുപ്പിന്റെയും പഠനം.



**ചിത്രം 2.2 :** വയനാട് വന്യജീവി സങ്കേതത്തിൽ സെന്ന സ്പെക്റ്റാബിലിസ് പടർന്ന് പിടിച്ചത് (2021 നവംബർ)

- പെരിയാർ ഈസ്റ്റ് ഡിവിഷനു കീഴിൽ തേക്കടിയിലെ തൊണ്ടിയാർ സെക്ഷനിൽ നടത്തിയ (2021 ഡിസംബർ 08) സംയുക്ത പരിശോധനയിൽ, നിരവധി സെന്ന ചെടികളുടെ സാന്നിധ്യം ഓഡിറ്റ് സംഘം നിരീക്ഷിച്ചു. സെന്നയുടെ സാന്നിധ്യവും അതിനെ ഉന്മൂലനം ചെയ്യുന്നതും ഡിവിഷന്റെ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമായിരുന്നില്ല.
- 2021-ലെ ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ 490 ചതുരശ്ര കിലോമീറ്റർ വനഭൂമി അഞ്ച് പ്രധാന അധിനിവേശ ഇനങ്ങളാൽ[17] വ്യാപിച്ചിരിക്കുന്നു. ഈ റിപ്പോർട്ടിൽ സെന്ന ഒരു അധിനിവേശ ഇനമായി ഉൾപ്പെടുത്തിയിട്ടില്ല.

സംഘർഷം കുറയ്ക്കുന്നതിനായി വന്യജീവികളുടെ ആവാസവ്യവസ്ഥയെ ബാധിക്കുന്ന അധിനിവേശ ഇനങ്ങൾ ഉൾപ്പെടെയുള്ള ഉപദ്രവകരമായ ഇനങ്ങളെ നീക്കം ചെയ്യുന്നത് റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്നതായി സർക്കാർ മറുപടി നൽകി (2023 മാർച്ച്).

എന്നാൽ, സെന്ന വിപത്ത് നിയന്ത്രിക്കുന്നതിനുള്ള വിവരങ്ങളൊന്നും തന്നെ മറുപടിയിൽ ഉണ്ടായിരുന്നില്ല.

### *2.1.7.7 വനഭൂമിയെ അശാസ്ത്രീയമായി ഏകവിളത്തോട്ടങ്ങളാക്കി മാറ്റുന്നത് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യതയെ ബാധിക്കുന്നു.*

1988-ലെ ദേശീയ വന നയം (ഇനം 4.3.3) അനുസരിച്ച്, പരിസ്ഥിതി, വനം, കൃഷി എന്നീ മേഖലകളിലെ വിദഗ്ധർ നടത്തുന്ന ദീർഘകാല ശാസ്ത്രീയ പരീക്ഷണങ്ങൾക്ക് ശേഷം അവ അനുയോജ്യമാണെന്നും തദ്ദേശീയ സസ്യങ്ങൾക്കും പരിസ്ഥിതിക്കും പ്രതികൂല സ്വാധീനം ചെലുത്തുന്നില്ലെന്നും കണ്ടെത്തിയില്ലെങ്കിൽ, പൊതു അല്ലെങ്കിൽ സ്വകാര്യ സ്രോതസ്സുകളിലൂടെ വിദേശ ഇനം സസ്യജാലങ്ങളെ കൊണ്ടുവരാൻ പാടില്ല.

'കുറഞ്ഞ മൂല്യമുള്ള' പുൽമേടുകളെ തോട്ടങ്ങളാക്കി മാറ്റുക, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ തദ്ദേശീയമല്ലാത്ത ഇനങ്ങളെ വ്യാപകമായി നട്ടുപിടിപ്പിക്കുക എന്ന നയം വകുപ്പിന് ഉണ്ടായിരുന്നു. ഇത്തരം തോട്ടങ്ങൾ കുറഞ്ഞ കാലത്തിനുള്ളിൽ പടർന്നു പിടിക്കുകയും, പുൽമേടുകളേയും ചോല വനങ്ങളേയും നശിപ്പിക്കുവാനും തുടങ്ങി. ഇത്തരം തോട്ടങ്ങൾ, പുൽമേടുകളുടെ വിസ്തീർണ്ണം കുറയുന്നതിനും, സസ്യഭുക്കുകളുടെ തീറ്റ കണ്ടെത്തുന്നതിനുള്ള പ്രധാന പ്രദേശം നഷ്ടപ്പെടുന്നതിനും പുൽമേടിന്റെ ജലശാസ്ത്രപരമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും അതുവഴി മണ്ണിന്റെ ഈർപ്പം വൻ തോതിൽ കുറയുന്നതിനും കാരണമായി. പുൽമേടുകളുടെ വിസ്തൃതി കുറയുന്നത് ആനകളുടെയും മറ്റ്

[17] ക്രോമോലെന അഡോറാറ്റ (362 ചതുരശ്ര കിലോമീറ്റർ), ലന്താന കാമറ (87 ചതുരശ്ര കിലോമീറ്റർ), അഗെരാറ്റം കോൺസോയ്ഡസ് (29 ചതുരശ്ര കിലോമീറ്റർ), അഗെറാറ്റം ഒഡെനോഫോറ (9 ചതുരശ്ര കിലോമീറ്റർ), മിക്കാനിയ മൈക്രാന്ത (3 ചതുരശ്ര കിലോമീറ്റർ).

സസ്യഭുക്കുകളായ മൃഗങ്ങളുടെയും വന്യജീവി ആവാസവ്യവസ്ഥയെ നശിപ്പിക്കുകയും ഭക്ഷണവും വെള്ളവും തേടി കാട്ടിൽ നിന്ന് പുറത്തുവരാൻ അവയെ നിർബന്ധിതരാക്കുകയും ചെയ്യുന്നു.

ആത്യന്തികമായി, വകുപ്പ് 1995 മുതൽ വാറ്റിൽ നടുന്നത് നിർത്തി, 2018 മുതൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നിവയും; കൂടാതെ എല്ലാ ടെറിട്ടോറിയൽ ഡിവിഷനുകളുടെയും വർക്കിംഗ് പ്ലാനുകളിൽ വാറ്റിൽ, യൂക്കാലിപ്റ്റസ്, അക്കേഷ്യ തോട്ടങ്ങൾ ഘട്ടം ഘട്ടമായി പ്രകൃതിദത്ത വനങ്ങളാക്കി മാറ്റാൻ നിർദ്ദേശിച്ചു. എന്നാൽ 2016–ലെയും 2021–ലെയും കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സിലെ കണക്കുകൾ താരതമ്യം ചെയ്തപ്പോൾ, 2021 മാർച്ച് 31 വരെ അക്കേഷ്യ ഓറിക്കുലിഫോർമിസ്, വാറ്റിൽ എന്നീ തോട്ടങ്ങളുടെ വിസ്തൃതി കുറയുന്നതിന് പകരം യഥാക്രമം 1,245.09 ഹെക്ടറും 836.95 ഹെക്ടറും വർദ്ധിച്ചതായി കണ്ടെത്തി.

തിരുവനന്തപുരം ഡിവിഷനു കീഴിലുള്ള മൂന്ന് അക്കേഷ്യ തോട്ടങ്ങളിൽ, 2010–ൽ പെരിങ്ങമല സെക്ഷനിൽ ഔഷധച്ചെടികളും (4.16 ഹെക്ടർ), 2017–ൽ ഭരതന്നൂർ സെക്ഷനിൽ മുളയും (4.18 ഹെക്ടർ), വിവിധ ഇനം ചെടികളും (49.4 ഹെക്ടർ) നട്ടുപിടിപ്പിച്ച് പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടു. സംയുക്ത പരിശോധനാ വേളയിൽ (2021 ആഗസ്റ്റ് 26), പല പ്രദേശങ്ങളിലും വീണ്ടും നട്ടുവളർത്തിയ തദ്ദേശീയ ഇനങ്ങളുടെ വളർച്ച അക്കേഷ്യ മൂലം മുരടിച്ചതായി നിരീക്ഷിച്ചു. ഇത് അക്കേഷ്യ തോട്ടങ്ങളിലെ പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണം എന്നിവയിലെ ന്യൂനതകളിലേക്ക് വിരൽ ചൂണ്ടുന്നു.



**ചിത്രം 2.3** : തിരുവനന്തപുരം ഡിവിഷനു കീഴിലുള്ള പെരിങ്ങമല ഫോറസ്റ്റ് സെക്ഷനിൽ വെട്ടി നീക്കിയ പഴയ അക്കേഷ്യ ചെടികളുടെ വളർച്ച മൂലം മുളച്ചെടികളുടെ വളർച്ച മുരടിച്ചു.

പൊതുമേഖലയിലെ വിവിധ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതിനായാണ് അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ എന്നിവ നട്ടുപിടിപ്പിച്ചതെന്ന് സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്). വന്യമൃഗങ്ങൾക്ക് വെള്ളം, ഭക്ഷണം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അവയുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുമായി വിദേശ സസ്യങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്യുന്നതിന് സംസ്ഥാനം പരിസ്ഥിതി പുനരുദ്ധാരണ നയം രൂപീകരിച്ചു. തോട്ടങ്ങളിലെ വിദേശ ഇനങ്ങളുടെ വിസ്തൃതിയിലുള്ള വർദ്ധനവ്, പരിസ്ഥിതി പുനരുദ്ധാരണ പദ്ധതിയുടെ പരാജയം, പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട ഭാവി പ്രവർത്തന പദ്ധതി എന്നിവയെക്കുറിച്ച് ഓഡിറ്റ് നടത്തിയ നിരീക്ഷണത്തിന്മേൽ മറുപടി നിശബ്ദമാണ്.

### 2.1.7.8 ആനത്താരകൾ സുരക്ഷിതമാക്കുന്നതിലെ മന്ദഗതിയിലുള്ള പുരോഗതി

ആനത്താരകൾ നേർരേഖയിലുള്ളതും ഇടുങ്ങിയതും സ്വാഭാവികമായ ആവാസവ്യവസ്ഥകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമാണ്, അത് ആനകളെ മനുഷ്യരുടെ ശല്യങ്ങളിൽ നിന്ന് അകന്ന് സുരക്ഷിതമായ ആവാസവ്യവസ്ഥകൾക്കിടയിൽ സഞ്ചരിക്കാൻ അനുവദിക്കുന്നു. ആനത്താരകൾ തിരിച്ചറിയുക, ഭൂമി ഏറ്റെടുത്ത് അവ സുരക്ഷിതമാക്കുക, പരിമിതികളില്ലാത്തതാക്കി ഒടുവിൽ വനഭൂമിയായി വിജ്ഞാപനം ചെയ്യുക എന്നിവ നടപടിക്രമത്തിൽ ഉൾപ്പെടുന്നു. ആനത്താരകൾ പരിരക്ഷിക്കുകയും സുരക്ഷിതമാക്കുകയും ചെയ്യുന്നത് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഒരു ദീർഘകാല നടപടിയാണെന്ന് തിരിച്ചറിഞ്ഞു.

2005-ലെ റൈറ്റ് ടു പാസ്സേജ് റിപ്പോർട്ടും, 2010-ലെ ഗജ റിപ്പോർട്ടും സംസ്ഥാനത്ത് നാല് ആനത്താരകൾ തിരിച്ചറിഞ്ഞു, നിലവിൽ വകുപ്പ് ഒമ്പത് ആനത്താരകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. തിരിച്ചറിഞ്ഞ ഈ ഒമ്പത് ആനത്താരകളിൽ തിരുനെല്ലി-കുദ്രക്കോട്ടെ ഇടനാഴി മാത്രമാണ് പൂർണ്ണമായും സ്ഥാപിച്ചിട്ടുള്ളത്. മറ്റുള്ളവയുടെ കാര്യത്തിൽ, ആനത്താരകൾ ഇതുവരെ സ്ഥാപിച്ചിട്ടില്ല.

ഈ ഇടനാഴികളുടെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്:

**പട്ടിക 2.4 : തിരിച്ചറിഞ്ഞ ആനത്താരകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ആനത്താരയുടെ പേര് (തിരിച്ചറിഞ്ഞ വർഷം) | ആനത്താര ഉൾപ്പെടുന്ന ഡിവിഷൻ | ആനത്താര | | ഇപ്പോഴത്തെ നില | പരാമർശം |
|---|---|---|---|---|---|---|
| | | | നീളം കിലോ മീറ്ററിൽ | വീതി കിലോ മീറ്ററിൽ | | |
| 1 | കൊട്ടിയൂർ-പെരിയ (1996) | കണ്ണൂർ, വയനാട് (നോർത്ത്) | 3 | 0.1 | 97.38 ഹെക്ടറിൽ 29.59 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുത്തത്. | ഭൂമി ഏറ്റെടുക്കൽ മന്ദഗതിയിലാണ് |
| 2 | ബേഗൂർ-ബ്രഹ്മഗിരി (2005) | ബ്രഹ്മഗിരി വന്യജീവി സങ്കേതം& നാഗർഹോളെ ടൈഗർ റിസർവ് (കർണാടക) എന്നിവ യോടൊപ്പം വയനാട് വന്യജീവി സങ്കേതം | 1 | 0.8 | ഭൂമി ഏറ്റെടുക്കണം; വിസ്തൃതി ഉറപ്പാക്കിയിട്ടില്ല | ഫണ്ട് ലഭ്യമല്ലാത്ത തിനാൽ ഭൂമി ഏറ്റെടുത്തിട്ടില്ല |
| 3 | നിലമ്പൂർ-അപ്പൻകാപ്പ് (2017) | നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകൾ | 0.4 | 0.5 | ഭൂമി ഏറ്റെടുക്കണം | |
| 4 | പക്രാംതളത്തിലെ പെരിയ (2019) | വയനാട് (നോർത്ത്) | 0.5 | 0.2 | ഭൂമി ഏറ്റെടുക്കണം | |
| 5 | തിരുനെല്ലി-കുദ്രക്കോട് (2005) | വയനാട് (നോർത്ത്) | 6 | 1 മുതൽ 1.5 വരെ | ഭൂമി പൂർണ്ണമായി ഏറ്റെടുക്കുകയും പരസ്യപ്പെടുത്തുകയും ചെയ്തു | ഇല്ല |
| 6 | നിലമ്പൂർ കോവിലകം - പുതിയ അമരമ്പലം (2017) | നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകൾ | 1 | 0.5 | ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ല | പരസ്യപ്പെടുത്തി യിട്ടില്ല പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് വനഭൂമി പാട്ടത്തിന് നൽകി. |

| ക്രമ നമ്പർ | ആനത്താരയുടെ പേര് (തിരിച്ചറിഞ്ഞ വർഷം) | ആനത്താര ഉൾപ്പെടുന്ന ഡിവിഷൻ | ആനത്താര | | ഇപ്പോഴത്തെ നില | പരാമർശം |
|---|---|---|---|---|---|---|
| | | | നീളം കിലോ മീറ്ററിൽ | വീതി കിലോ മീറ്ററിൽ | | |
| 7 | മുതുമല–ഓ' വാലി വഴി നിലമ്പൂർ (ഓച്ചർലോണി വാലി) (2017) | നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനും മുതുമല ടൈഗർ റിസർവും (തമിഴ്നാട്) | 35 | 0.1 | കേരളത്തിന്റെ ഭാഗത്ത് നിന്നും ഏറ്റെടുക്കൽ ആവശ്യമില്ല. തമിഴ്നാട്ടിലെ സ്ഥിതി ലഭ്യമല്ല. | പരസ്യപ്പെടുത്തിയിട്ടില്ല |
| 8 | ഷാണമംഗലം–പടിരി (2021) | വയനാട് (നോർത്ത്) | – | – | പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു | ഇല്ല |
| 9 | ആര്യങ്കാവ് (2021 ) | തെന്മല ഡിവിഷൻ | – | – | പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു | ഇല്ല |

*(ഉറവിടം: വകുപ്പ് നൽകിയ വിശദാംശങ്ങൾ)*

അവശേഷിക്കുന്ന എട്ട് ആനത്താരകളിൽ, മൂന്ന് എണ്ണത്തിൽ ആനകളുടെ പതിവ് സാന്നിധ്യമുണ്ട് (ബേഗൂർ–ബ്രഹ്മഗിരി, നിലമ്പൂർ–അപ്പൻകാപ്പ്, പക്രംതളത്തിലെ പെരിയ). ആനത്താരകൾ സമയോചിതമായി തിരിച്ചറിയുകയും ഭൂമി ഏറ്റെടുക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ഈ സാഹചര്യം അടിവരയിടുന്നു.

തടസ്സരഹിതമായ വഴികൾ സമയബന്ധിതമായി തിരിച്ചറിഞ്ഞ് ആനകൾക്കായി നൽകുന്നത് പ്രസ്തുത പ്രദേശത്ത് മാത്രമല്ല, സമീപ പ്രദേശങ്ങളിലും മനുഷ്യ–വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് ഇടയാക്കും.

ഇതിനകം കണ്ടെത്തിയ ആനത്താരകളും പുതിയ ആനത്താരകൾ ഉണ്ടെങ്കിൽ അവയും തിരിച്ചറിയുന്നതിനും ഏറ്റെടുക്കുന്നതിനും വേണ്ട നടപടി വേഗത്തിലാക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്).

**കേസ് സ്റ്റഡി 2: ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ–മതികെട്ടാൻ പ്രദേശങ്ങളിൽ ആനത്താരകളുടെ സുരക്ഷ ഉറപ്പാക്കുന്നില്ല:–** ആനയിറങ്കൽ അണക്കെട്ടിലെ വെള്ളത്തിന്റെ സാമീപ്യവും ഭക്ഷണ ലഭ്യതയും കാരണം 28 ഓളം ആനകൾ ഈ പ്രദേശത്ത് വസിക്കുന്നു. എന്നിരുന്നാലും, മനുഷ്യജന്യമായ പ്രവർത്തനങ്ങൾ അവയുടെ ആവാസവ്യവസ്ഥയ്ക്ക് കനത്ത ആഘാതം ഏൽപ്പിക്കുകയും, മതികെട്ടാൻ ചോല, ദേവികുളം തുടങ്ങിയ വനമേഖലകളിലേക്കുള്ള അവയുടെ സഞ്ചാരം സുഗമമാക്കുന്ന ഇടനാഴികളെ ഭൂവിനിയോഗ മാറ്റങ്ങൾ ബാധിക്കുകയും, ഇത് ആനകളെ മറ്റ് ആവാസവ്യവസ്ഥകളിൽ നിന്ന് കൂടുതലായി വേർപെടുത്തുകയും ചെയ്യുന്നു. 2005 മുതൽ ആനയുടെ ആക്രമണത്തിൽ 34 മനുഷ്യ മരണങ്ങളും, 179 സ്വത്ത് നാശവും, 90 കൃഷി നാശവും മറ്റും ഉണ്ടായിട്ടുണ്ട്. കൂടാതെ, 2010 മുതൽ ഏഴ് കാട്ടാനകൾ അസ്വാഭാവിക കാരണങ്ങളാൽ ചരിഞ്ഞിട്ടുണ്ട്.

### *2.1.7.9 വനഭൂമിയിലെ കന്നുകാലി മേച്ചിലിലൂടെ ആവാസവ്യവസ്ഥയിലേക്കുള്ള കടന്നുകയറ്റം*

വനത്തിനുള്ളിലെ മേച്ചിൽ വന്യജീവികളുടെ സുലഭമായ തീറ്റയെ ബാധിക്കുന്നതിനാൽ ആവാസവ്യവസ്ഥയുടെ നാശത്തിന് കാരണമാവുകയും മൃഗങ്ങൾ മനുഷ്യവാസ മേഖലകളിലേക്ക് കടന്നുകയറാൻ ഇടയാക്കുകയും ചെയ്യുന്നു. വന്യമൃഗങ്ങളും മനുഷ്യരും കന്നുകാലികളും തമ്മിലുള്ള പരസ്പര സമ്പർക്കം മൂലം ജന്തുജന്യ രോഗങ്ങൾ പടരുന്നതിനും ഇത് കാരണമാകും. 1988–ലെ ദേശീയ വന നയം അനുസരിച്ച്, വനമേഖലകളിലെ മേച്ചിൽ നിയന്ത്രിക്കേണ്ടതുണ്ട്.

1985–ലെ കേരള ഫോറസ്റ്റ് (മേച്ചിൽ) നിയമത്തിലെ സെക്ഷൻ 3 പ്രകാരം, നിശ്ചിത ഫീസ് നൽകിയ ശേഷം ഉത്തരവാദപ്പെട്ട അധികാരിയിൽ നിന്ന്, അതായത്, റേഞ്ച് ഓഫീസർ അല്ലെങ്കിൽ അദ്ദേഹം മുഖേന അധികാരപ്പെടുത്തിയ മറ്റേതെങ്കിലും

ഉദ്യോഗസ്ഥനിൽ നിന്ന് ഉചിതമായ അനുമതി വാങ്ങാതെ, ഒരു വ്യക്തിയെയും സംരക്ഷിത വനങ്ങളിൽ തന്റെ കന്നുകാലികളെ മേയ്ക്കാൻ അനുവദിക്കില്ല. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് മാത്രമാണ് ഇതിൽ ഇളവ് നൽകുന്നത്. കൂടാതെ, മേച്ചിൽ സീസണുകളിൽ അല്ലാതെയും, ഫീസ് നൽകാതെയുമുള്ള അനധികൃത മേച്ചിൽ എന്നിവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ (കന്നുകാലികളെ പിടിച്ചെടുക്കൽ പോലെയുള്ളവ) നിയമം അനുശാസിക്കുന്നു.

വനഭൂമികളിൽ മേയുന്നതിന്റെ പ്രതികൂല ഫലങ്ങളായ വനനശീകരണം, മണ്ണൊലിപ്പ്, പകർച്ചവ്യാധികൾ എന്നിവ തിരഞ്ഞെടുത്ത എല്ലാ ഡിവിഷനുകളുടെയും മാനേജ്മെന്റ്/ വർക്കിംഗ് പ്ലാനുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേച്ചിൽ നിയന്ത്രിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ, മേച്ചിൽ നടത്താൻ നൽകിയ അനുമതികൾ, പിരിച്ചെടുത്ത മേച്ചിൽ ഫീസ് തുടങ്ങിയ കാര്യങ്ങളെപ്പറ്റി വകുപ്പ് യാതൊരു വിവരവും നൽകിയിട്ടില്ല.

സംയുക്ത പരിശോധനാ വേളയിൽ സന്ദർശിച്ച 11 ഡിവിഷനുകളിൽ, നാല്[18] ഡിവിഷനുകൾക്ക് കീഴിലുള്ള വനഭൂമിയിൽ കന്നുകാലി മേച്ചിൽ ശ്രദ്ധയിൽപ്പെട്ടു. മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ആധിക്യം കൂടുതലുള്ള വയനാട് ജില്ലയിൽ, വകുപ്പിന്റെ കണക്കുകൾ പ്രകാരം[19], ഏകദേശം 10,000 കന്നുകാലികൾ ഉള്ളതിൽ 80 ശതമാനവും വനങ്ങളിലാണ് മേയുന്നത്.

മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വർദ്ധനവിന് കാരണമാകുന്ന ഗുരുതരമായ പ്രശ്നമാണ് മേച്ചിൽ എന്ന് തിരിച്ചറിഞ്ഞിട്ടും, വനഭൂമിയിലെ അനധികൃത മേച്ചിൽ ഫലപ്രദമായി നിയന്ത്രിക്കാനും തടയാനും വകുപ്പ് ബുദ്ധിമുട്ടുകയാണ്.

നിയമങ്ങൾ, മാനേജ്മെന്റ് പ്ലാൻ, വർക്കിംഗ് പ്ലാൻ എന്നിവ കർശനമായി പാലിക്കുന്നതിനായി പതിവായി നടക്കുന്ന സീനിയർ ഫോറസ്റ്റ് ഓഫീസർമാരുടെ യോഗങ്ങളിൽ ബന്ധപ്പെട്ട മേൽനോട്ട അധികാരികൾ മുഖേന സമയാസമയങ്ങളിൽ നിർദ്ദേശങ്ങൾ നൽകാറുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്).

മേച്ചിൽ നിയന്ത്രിക്കാൻ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ, മേച്ചിലിനായി അനുവദിച്ച പെർമിറ്റ്, മേച്ചിൽ ഫീസ് ശേഖരണം എന്നിവയെക്കുറിച്ചുള്ള വിവരങ്ങളൊന്നും മറുപടിയിൽ ഇല്ല. കൂടാതെ സർക്കാർ അവകാശപ്പെടുന്ന മികച്ച ശ്രമങ്ങൾക്കിടയിലും മേച്ചിൽ തടസ്സമില്ലാതെ തുടരുകയാണ്.

***ശുപാർശകൾ:***

- ***വനങ്ങളുടെ നശീകരണവും വിഘടനവും ഒഴിവാക്കുന്നതിനായി, കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും തടയുന്നതിനും, ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി പുനഃസ്ഥാപിക്കുന്നതിനും, വനത്തിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനും വകുപ്പ് മതിയായ നടപടികൾ ആരംഭിക്കണം.***

- ***വന്യമൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ നിലനിർത്തുന്നതിന് ആവശ്യമായ വിഭവങ്ങൾ ലഭ്യമാക്കി വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് വകുപ്പ് ഉറപ്പാക്കണം.***

- ***വിജ്ഞാപനം ചെയ്ത സ്ഥലത്തിന്റെ അതിർത്തിയുടെ മുഴുവൻ നീളവും വ്യക്തമായി അതിർത്തി നിർണ്ണയിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം.***

---

[18] പാലക്കാട് (2021 സെപ്റ്റംബർ 16), മലയാറ്റൂർ (2021 സെപ്റ്റംബർ 30), സൗത്ത് വയനാട് (2021 ഒക്ടോബർ 27), വയനാട് വന്യജീവി (2021 നവംബർ 02).

[19] കേരളത്തിലെ മനുഷ്യ-വന്യജീവി ഇടപെടലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിദഗ്ധ ഉപഗ്രൂപ്പിന്റെ റിപ്പോർട്ട് 2021 നവംബറിൽ സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ചത്.

### 2.1.8 മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിരോധ ലഘൂകരണ നടപടികൾ

**പ്രതിരോധ ഘടനകളുടെ നിർമ്മാണവും പരിപാലനവും, വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുക, റേഡിയോ കോളർ, എസ്.എം.എസ് ജാഗ്രതാ സംവിധാനം, ഇരുവശവുമുള്ള കാട് തെളിക്കൽ മുതലായവയിലെ വീഴ്ചകൾ മനുഷ്യ-വന്യജീവി സംഘർഷങ്ങളിലേക്ക് നയിക്കുന്നു.**

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നത് വെല്ലുവിളിയാകാം, എന്നാൽ അത്തരം സംഭവങ്ങളുടെ അപകടസാധ്യത കുറയ്ക്കുന്നതിന് സ്വീകരിക്കാവുന്ന പ്രതിരോധ ലഘൂകരണ നടപടികളും ഉണ്ട്. വകുപ്പ് സ്വീകരിച്ച പ്രതിരോധ ലഘൂകരണ നടപടികൾ പരിശോധിക്കുകയും ഇക്കാര്യത്തിൽ നിരീക്ഷിച്ച വീഴ്ചകൾ ചുവടെ പരാമർശിക്കുകയും ചെയ്യുന്നു:

#### *2.1.8.1 ആനകൾ ഉൾപ്പെടുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്കെതിരായ പ്രതിരോധ ഘടനകൾ*

കാട്ടാനകൾ മനുഷ്യന് മരണം/പരിക്ക്, വിളനാശം, വസ്തുവകകളുടെ നാശം തുടങ്ങി വിവിധ നാശനഷ്ടങ്ങൾ ഉണ്ടാക്കുക മാത്രമല്ല, അവയുടെ സാന്നിധ്യം ഭയം സൃഷ്ടിക്കുകയും അത് സാമൂഹിക ജീവിതത്തെ ബാധിക്കുകയും ചെയ്യുന്നു. കാട്ടാനകളുമായുള്ള സംഘർഷം കുറയ്ക്കുന്നതിൽ പ്രതിരോധ ഘടനകൾക്ക് വലിയ പങ്കുണ്ട്. പരമ്പരാഗത സൗരോർജ്ജ വേലി കെട്ടൽ ഏറ്റവും ചെലവ് കുറഞ്ഞതും ഒപ്പം വ്യാപകമായി ഉപയോഗിക്കുന്നതുമായ പ്രതിരോധ ഘടനയാണ്. ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾ, ഭിത്തികൾ, അഴി വേലികൾ, ക്രാഷ് ഗാർഡ് വേലികൾ എന്നിവയും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിൽ കാര്യമായ പങ്ക് വഹിക്കുന്നു. നിലവിലുള്ള പ്രതിരോധ ഘടനകളുടെ ആകെ ദൈർഘ്യം 2,994.92[20] കിലോമീറ്റർ ആണ്.

ആനകൾക്കെതിരായ പ്രതിരോധ ഘടനകളുടെ നിർമ്മാണത്തിലും പരിപാലനത്തിലും ശ്രദ്ധയിൽപ്പെട്ട വിവിധ വീഴ്ചകൾ ചുവടെ ചർച്ച ചെയ്യുന്നു:

- **ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയില്ലാതെ വൈദ്യുത വേലികളുടെ പ്രവർത്തനം**

  മൃഗങ്ങൾ അതിരുകൾ കടക്കുന്നത് തടയാൻ വൈദ്യുത ആഘാതത്തിന്റെ സഹായത്തോടെ ഉപയോഗിക്കുന്ന ഒരു പ്രതിബന്ധമാണ് വൈദ്യുത വേലി. ഒരു ബാറ്ററിയോ അല്ലെങ്കിൽ എ.സി ഔട്ട്ലെറ്റോ പോലെയുള്ള ഊർജ്ജ സ്രോതസ്സുമായി ബന്ധിപ്പിച്ചിരിക്കുന്ന വയറുകളുടെയും ചാലക ഘടകങ്ങളുടെയും ഒരു ശ്രേണി ഇതിൽ സാധാരണയായി അടങ്ങിയിരിക്കുന്നു. ഒരു മൃഗം വേലിയിൽ സ്പർശിക്കുമ്പോൾ, അവ ഒരു ഇലക്ട്രിക്കൽ സർക്യൂട്ട് പൂർത്തിയാക്കുന്നു, അത് വേദനാജനകവും എന്നാൽ മാരകമല്ലാത്തതുമായ വൈദ്യുതാഘാതം നൽകുന്നു. പ്രതിബന്ധം മറികടക്കാൻ ശ്രമിക്കുന്നതിൽ നിന്ന് മൃഗത്തെ പിന്തിരിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഷോക്ക്.

  വന്യമൃഗങ്ങൾ, പ്രത്യേകിച്ച് ആനകൾ, വനാതിർത്തികളിലേക്ക് കടക്കുന്നത് തടയാൻ വകുപ്പ് സൗരോർജ്ജ വേലികൾ ഉപയോഗിക്കുന്നു. കൂടാതെ, സ്വകാര്യ വ്യക്തികൾ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് അവരുടെ വസ്തുവകകളെ സംരക്ഷിക്കാൻ

[20] 2021 നവംബറിൽ സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ച കേരളത്തിലെ മനുഷ്യ-വന്യജീവി ഇടപെടലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിദഗ്ധ ഉപഗ്രൂപ്പിന്റെ റിപ്പോർട്ട് പ്രകാരം സൗരോർജ്ജ വേലി-2,348.14 കിലോമീറ്റർ, ആനയെ പ്രതിരോധിക്കുന്ന കിടങ്ങ്-511.22 കിലോമീറ്റർ, ആനയെ പ്രതിരോധിക്കുന്ന മതിൽ-66.26 കിലോമീറ്റർ, ക്രാഷ് ഗാർഡ് റോപ്പ് വേലി-32.40 കിലോമീറ്റർ, കയ്യാല (പ്രാദേശികമായി ലഭ്യമായ മണ്ണും കല്ലും കൊണ്ട് നിർമ്മിച്ച ചെറിയ ഭിത്തികൾ)-15.12 കിലോമീറ്റർ, അഴി വേലി-10 കിലോമീറ്റർ, തൂക്കുവേലി-9.70 കിലോമീറ്റർ, മുനകളോട് കൂടിയ സ്റ്റീൽ ഘടനകൾ-1.88 കിലോമീറ്റർ, ജൈവവേലി-0.20 കിലോമീറ്റർ.

ഇലക്ട്രിക് ലൈനിൽ നിന്നും നേരിട്ട് എടുത്ത് പ്രവർത്തിപ്പിക്കുന്ന അല്ലെങ്കിൽ ബാറ്ററിയാൽ പ്രവർത്തിക്കുന്ന വേലികൾ ഉപയോഗിക്കുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കേരള സർക്കാർ, ഊർജ്ജ വകുപ്പ്, ഒരു സർക്കുലർ[21] പുറപ്പെടുവിക്കുകയും (2010 ഡിസംബർ), ടി വകുപ്പിന്റെ എല്ലാ ഉദ്യോഗസ്ഥരും സംസ്ഥാനത്ത് ഒരിടത്തും അനധികൃത വൈദ്യുത വേലികൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച്, മനുഷ്യരുടെയും മൃഗങ്ങളുടെയും ജീവന് അപകടമുണ്ടാകാതിരിക്കാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് 2011 നവംബർ 17-ന് വൈദ്യുത വേലി എനർജൈസർ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. വൈദ്യുത വേലി സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ആവശ്യമാണ്. വൈദ്യുത വേലി സ്ഥാപിക്കുന്നതിൽ ഇനിപ്പറയുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടു:

- എല്ലാ ഡിവിഷനുകളിലും സൗരോർജ്ജ വേലികൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി നേടിയിട്ടില്ല എന്നത് വനം വകുപ്പ് നിയമലംഘനം നടത്തുന്നതിന് കാരണമായി.

- 2017-22 കാലയളവിൽ വൈദ്യുത വേലിയിൽ നിന്നുള്ള വൈദ്യുതാഘാതമേറ്റ് 223 വന്യമൃഗങ്ങൾ കൊല്ലപ്പെട്ടു. ഇതിൽ 17 ആനകളും ഉൾപ്പെടുന്നു, ഇത് ആനകളുടെ മൊത്തം അസ്വാഭാവിക മരണത്തിന്റെ 49 ശതമാനമായിരുന്നു. ഇതിൽ ഒരു മരണം സംഭവിച്ചത് വയനാട് വന്യജീവി സങ്കേതത്തിൽ വകുപ്പ് സ്ഥാപിച്ച സൗരോർജ്ജ വേലിയിൽ നിന്നാണ്. ക്രമവിരുദ്ധമായ സവിശേഷതകളുള്ള വേലികൾ സ്ഥാപിച്ചത് ആനകളുടെ മരണകാരണമായി മാറിയതായി ഇത് സൂചിപ്പിക്കുന്നു.



**ചിത്രം 2.4 :** പാലക്കാട് ഡിവിഷനു കീഴിലുള്ള മലമ്പുഴ ആനക്കാലിൽ വൈദ്യുതാഘാതമേറ്റ് ആനയുടെ മരണം (2021 നവംബർ)

- സ്വകാര്യ വ്യക്തികൾ പ്രവർത്തിപ്പിക്കുന്ന വൈദ്യുത വേലികളുടെ വിശദാംശങ്ങളോ അവയ്ക്കുമേൽ നിയന്ത്രണമോ വകുപ്പിന് ഇല്ല.

സൗരോർജ്ജ/ വൈദ്യുത വേലികൾ മനുഷ്യവാസകേന്ദ്രങ്ങളിലേക്കുള്ള വന്യമൃഗങ്ങളുടെ കടന്നുകയറ്റം തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമാണെങ്കിലും, അവയുടെ അശ്രദ്ധമായ ഉപയോഗവും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയില്ലാതെ വേലികൾ സ്ഥാപിച്ചതും വന്യമൃഗങ്ങളുടെ പതിവ് സഞ്ചാരപാത തടസ്സപ്പെടുന്നതിനും മരണത്തിനും കാരണമായി. കൂടാതെ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി വാങ്ങാതിരുന്നത് വനം വകുപ്പ് നിയമലംഘനം നടത്തുന്നതിന് കാരണമായി.

എക്സിറ്റ് മീറ്റിംഗിൽ (2023 ഫെബ്രുവരി), സൗരോർജ്ജ/വൈദ്യുത വേലികൾ വന്യമൃഗങ്ങളുടെ സഞ്ചാരം തടയുന്നുവെന്നും, ചുരുക്കം ചില പ്രദേശങ്ങളിൽ മാത്രമാണ് വേലികൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്കായി സ്വകാര്യ

[21] നമ്പർ 8096/ബി2/10/പി.ഡി തീയതി 2010 ഡിസംബർ 17.

വ്യക്തികൾ വനം വകുപ്പിനെ സമീപിക്കുന്നതെന്നും വനം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സമ്മതിച്ചു.

➢ **സൗരോർജ്ജ വേലികളുടെ കൃത്യമായ അറ്റകുറ്റപ്പണികളുടെ അഭാവം**

സൗരോർജ്ജ വേലിയാൽ മനുഷ്യവാസകേന്ദ്രങ്ങളെ വലയം ചെയ്താൽ മാത്രമേ വന്യമൃഗങ്ങൾ മനുഷ്യരുടെ ആവാസവ്യവസ്ഥയിലേക്ക് കടക്കുന്നത് തടയുന്നതിൽ വിജയിക്കുകയുള്ളൂ. മതിയായ വൈദ്യുത ആഘാതം ഉറപ്പാക്കാൻ വേലിക്ക് സമീപമുള്ള കാട് പതിവായി വെട്ടിത്തെളിക്കുക, കേടുപാടുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിക്കുക തുടങ്ങിയ സൂക്ഷ്മമായ ദൈനംദിന അറ്റകുറ്റപ്പണികൾ ആവശ്യമാണ്.

സൗരോർജ്ജ വേലിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വീഴ്ചകൾ ഓഡിറ്റ് നിരീക്ഷിച്ചു:

- സൗരോർജ്ജ വേലികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായ തിരഞ്ഞെടുത്ത മൂന്ന് ഡിവിഷനുകളിൽ, ആകെ സ്ഥാപിച്ച 306.09 കിലോമീറ്റർ സൗരോർജ്ജ വേലികളിൽ 93.91 കിലോമീറ്ററും[22] പ്രവർത്തനക്ഷമമായിരുന്നില്ല.

- തിരഞ്ഞെടുത്ത ഡിവിഷനുകൾക്ക് കീഴിൽ വരുന്ന 15 സ്ഥലങ്ങളിൽ[23] വകുപ്പിലെ ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ സംയുക്ത പരിശോധനയിൽ (2021 ഓഗസ്റ്റ് മുതൽ ഡിസംബർ വരെ) ഇനിപ്പറയുന്നവ ഓഡിറ്റ് നിരീക്ഷിച്ചു:

  - ❖ എട്ട് സ്ഥലങ്ങളിൽ[24] സൗരോർജ്ജ വേലികൾ പ്രവർത്തനരഹിതമായിരുന്നു.

  - ❖ നാല് സ്ഥലങ്ങളിൽ[25] സൗരോർജ്ജ വേലികൾക്ക് കീഴിലുള്ള ചെടികൾ വെട്ടിമാറ്റിയിട്ടില്ല.

---

22 മണ്ണാർക്കാട് (35.28 കിലോമീറ്റർ), പാലക്കാട് (10.63 കിലോമീറ്റർ), മലയാറ്റൂർ (48.00 കിലോമീറ്റർ)

23 തിരുവനന്തപുരം ഡിവിഷനു കീഴിലെ പാലോട് റേഞ്ചിലെ ഇടവം, റാന്നി റേഞ്ചിലെ ബിമരം, റാന്നി ഡിവിഷനു കീഴിലെ വടശ്ശേരിക്കര റേഞ്ചിലെ ആക്കേമൺ, മറയൂർ ഡിവിഷനു കീഴിലുള്ള കാന്തല്ലൂർ റേഞ്ചിലെ കാരയൂർ ചന്ദന റിസർവും വെട്ടുകാടും, മലയാറ്റൂർ ഡിവിഷന് കീഴിലുള്ള മേക്കപ്പാല റേഞ്ച്, വടാട്ടുപാറ റേഞ്ചിലെ പലവൻപാടി, പാലക്കാട് ഡിവിഷണിലെ ഒലവക്കോട് റേഞ്ചിലെ ധോണി, വാളയാർ റേഞ്ചിലെ 53 ക്വാറികൾ, മണ്ണാർക്കാട് ഡിവിഷനിലെ തിരുവിഴാംകുന്ന്, സൗത്ത് വയനാട് ഡിവിഷനിലെ പുൽപ്പള്ളിയും, ഇരുളവും, വയനാട് വന്യജീവി ഡിവിഷനിലെ കുറിച്ചിയാട്ട്, കണ്ണൂർ ഡിവിഷനിലെ കൊട്ടിയൂർ, പെരിയാർ ഈസ്റ്റ് ഡിവിഷനിലെ വള്ളക്കടവ് റേഞ്ചിലെ തൊണ്ടിയാർ.

24 മറയൂർ ഡിവിഷനിലെ കാന്തല്ലൂർ റേഞ്ചിലെ കാരയൂർ ചന്ദന റിസർവും വെട്ടുകാടും, മലയാറ്റൂർ ഡിവിഷനിലെ മേക്കപ്പാല, വടാട്ടുപാറ, റാന്നി ഡിവിഷനിലെ റാന്നി, വടശ്ശേരിക്കര, പാലക്കാട് ഡിവിഷനിലെ വാളയാർ, പെരിയാർ ഈസ്റ്റ് ഡിവിഷനിലെ വള്ളക്കടവ് റേഞ്ചിലെ തൊണ്ടിയാർ.

25 തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള പാലോട് റേഞ്ചിലെ ഇടവം, റാന്നി ഡിവിഷന് കീഴിലുള്ള റാന്നി റേഞ്ചിലെ ബിമരം, പാലക്കാട് ഡിവിഷന് കീഴിലുള്ള ഒലവക്കോട് റേഞ്ചിലെ ധോണി, മലയാറ്റൂർ ഡിവിഷന് കീഴിലുള്ള വടാട്ടുപാറ റേഞ്ചിലെ പലവൻപാടി.



**ചിത്രം 2.5 :** പരിപാലിക്കാത്ത സൗരോർജ്ജ വേലി – മലയാറ്റൂർ ഡിവിഷനിലെ വടാട്ടുപാറ (2021 സെപ്റ്റംബർ 30)



**ചിത്രം 2.6 :** പ്രവർത്തിക്കാത്ത സൗരോർജ്ജ വേലി – റാന്നി റേഞ്ചിലെ ബിമരം (2021 സെപ്റ്റംബർ 23)

➢ **ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകളുടെയും ഭിത്തികളുടെയും പരിപാലനത്തിലെ വീഴ്ചകൾ**

കാട്ടാനകൾ വനാതിർത്തി പ്രദേശങ്ങളിലേക്ക് പ്രവേശിക്കുന്നത് തടയാൻ ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾക്കും ഭിത്തികൾക്കും രൂപം നൽകി. മൃഗങ്ങൾ, മണ്ണിടിച്ചിലുകൾ, ആളുകൾ, മഴ തുടങ്ങിയവയുടെ പ്രവർത്തനത്താൽ മണ്ണ് നിക്ഷേപിക്കപ്പെടുകയും അതുവഴി ഇവ കേടാവുകയും അല്ലെങ്കിൽ നികത്തപ്പെടുകയും ചെയ്യുന്നതിനാൽ ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾക്ക് പതിവ് അറ്റകുറ്റപ്പണികൾ ആവശ്യമാണ്. താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു:

- ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾ നിർമ്മിച്ചിട്ടുള്ള തിരഞ്ഞെടുത്ത ഒമ്പത് ഡിവിഷനുകളിൽ, വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് നാല് ഡിവിഷനുകളിലെ[26] നാല് സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തിയതിൽ (2021 സെപ്റ്റംബർ മുതൽ ഡിസംബർ വരെ) നാല് സ്ഥലങ്ങളിലും ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾ പരിപാലിക്കുന്നില്ല എന്ന് കണ്ടെത്തി.

- ആനയെ പ്രതിരോധിക്കുന്ന ഭിത്തികൾ നിർമ്മിച്ചിട്ടുള്ള തിരഞ്ഞെടുത്ത ആറ് ഡിവിഷനുകളിൽ, വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് മൂന്ന് ഡിവിഷനുകളിലെ മൂന്ന് സ്ഥലങ്ങളിൽ സംയുക്ത പരിശോധന (2021 സെപ്റ്റംബർ മുതൽ നവംബർ വരെ) നടത്തുകയും, രണ്ട് സ്ഥലങ്ങളിൽ[27] കേടായതോ, അറ്റകുറ്റപ്പണികൾ നടത്താത്തതോ ആയ ആനയെ പ്രതിരോധിക്കുന്ന ഭിത്തികൾ ശ്രദ്ധയിൽപ്പെടുകയും ചെയ്തു.

ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾ അല്ലെങ്കിൽ ഭിത്തികൾ പരിപാലിക്കുന്നതിൽ ഒരൊറ്റ സ്ഥലത്തെ പിഴവ് പോലും മുഴുവൻ സ്ഥലത്തെയും പ്രതിരോധം ഫലപ്രദമല്ലാതാക്കും. അതിനാൽ, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിന്

---

26 പെരിയാർ ഈസ്റ്റ് ഡിവിഷനിലെ വള്ളക്കടവ് റേഞ്ചിനു കീഴിലുള്ള തൊണ്ടിയാർ സെക്ഷൻ, പാലക്കാട് ഡിവിഷനിലെ ഒലവക്കോട് റേഞ്ചിനു കീഴിലുള്ള ധോണി ഫോറസ്റ്റ് സെക്ഷൻ, കണ്ണൂർ ഡിവിഷനിലെ കൊട്ടിയൂർ റേഞ്ചിനു കീഴിലുള്ള ആറളം ഫാം, വയനാട് വന്യജീവി ഡിവിഷനിലെ കുറിച്ചിയാട് റേഞ്ചിന്റെ കീഴിലുള്ള കുപ്പാടി ഫോറസ്റ്റ് സ്റ്റേഷൻ.

27 സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റേഞ്ചിലെ ചേലക്കൊല്ലി, കണ്ണൂർ ഡിവിഷനിലെ കൊട്ടിയൂർ റേഞ്ചിന്റെ കീഴിലുള്ള ആറളം ഫാം.

ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾക്കും ഭിത്തികൾക്കും കൃത്യമായ ഇടവേളകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമാണ്.



**ചിത്രം 2.7**: ആനയെ പ്രതിരോധിക്കുന്ന കിടങ്ങ് തകർന്ന നിലയിൽ – പെരിയാർ ഈസ്റ്റ് ഡിവിഷൻ (2021 ഡിസംബർ 08)



**ചിത്രം 2.8**: ആനയെ പ്രതിരോധിക്കുന്ന കിടങ്ങ് തകർന്ന നിലയിൽ – വയനാട് വന്യജീവി ഡിവിഷൻ (2021 ഒക്ടോബർ 27)




**ചിത്രം 2.9 :** ആനയെ പ്രതിരോധിക്കുന്ന ഭിത്തി തകർന്ന നിലയിൽ – ആറളം വന്യജീവി സങ്കേതം (2021 നവംബർ 16)

- **അനുവദിച്ച വേലികെട്ടൽ പദ്ധതികൾ നടപ്പാക്കാത്തത്**

വന്യജീവി ആക്രമണ കേസുകളുടെ എണ്ണം വർഷം തോറും വർദ്ധിച്ചു വരുന്ന പ്രവണത കാണുന്നുണ്ട്. നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് മനുഷ്യ–വന്യജീവി സംഘർഷ പ്രതിരോധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടത് ആവശ്യമാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കാർഷിക വിളകളെ സംരക്ഷിക്കുന്നതിനായി കർഷകർക്ക് പ്രയോജനപ്പെടുന്ന ഒരു പദ്ധതിയായ 'കൃഷി രക്ഷാ പദ്ധതി', കൂടാതെ, മനുഷ്യ–വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിന് സംയോജിത ആദിവാസി വികസന പദ്ധതിക്ക് കീഴിൽ രണ്ട് പദ്ധതികൾ, മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി, അഗളി എന്നീ റേഞ്ചുകളിൽ ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾ, ആനയെ പ്രതിരോധിക്കുന്ന ഭിത്തികൾ എന്നിവയുടെ നിർമ്മാണം; സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത്, കൽപ്പറ്റ, മേപ്പാടി എന്നീ റേഞ്ചുകളിലെ ക്രാഷ് ഗാർഡ് വേലികളുടെ നിർമ്മാണം എന്നിവ വേണ്ടത്ര ആസൂത്രണമില്ലായ്മ, ശരിയായ പഠനങ്ങളുടെ അഭാവം, നടപടിക്രമങ്ങളിലെ കാലതാമസം തുടങ്ങിയ കാരണങ്ങളാൽ നടപ്പാക്കിയില്ല, വിശദാംശങ്ങൾ ***അനുബന്ധം 5***–ൽ കൊടുത്തിരിക്കുന്നു. താഴെപ്പറയുന്നവ നിരീക്ഷിക്കപ്പെട്ടു:

- 2017-22 കാലയളവിൽ, ആകെ ലഭിച്ച 34,814 വിളനാശ നഷ്ടപരിഹാര അപേക്ഷകളിൽ, 2022 ഡിസംബർ 23 വരെ 27,133 അപേക്ഷകൾ അംഗീകരിക്കുകയും 19.16 കോടി രൂപ നഷ്ടപരിഹാരമായി നൽകുകയും ചെയ്തു. കൃഷി രക്ഷാ പദ്ധതി സമയബന്ധിതമായി നടപ്പാക്കിയിരുന്നെങ്കിൽ മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള വിളനാശവും നഷ്ടപരിഹാര അപേക്ഷകളും കുറയ്ക്കാമായിരുന്നു.

- അട്ടപ്പാടി, അഗളി റേഞ്ചുകളിൽ 2020 ജൂലൈ മുതൽ 2022 ഏപ്രിൽ വരെയുള്ള കാലയളവിൽ കാട്ടാന ആക്രമണത്തിൽ 13 പേർ മരണപ്പെട്ടു, അതിൽ 10 പേർ ആദിവാസികളാണ്.

ഫലപ്രദമായ പ്രതിരോധ നടപടികൾ ഉറപ്പാക്കുന്നതിനായി റിപ്പോർട്ടിൽ നിരീക്ഷിച്ച എല്ലാ ആശയങ്ങളും പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്).

### *2.1.8.2 ആനകളുടെ ആക്രമണം കാരണമുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള മറ്റ് നടപടികൾ*

ആനകൾ മൂലമുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിന് പ്രതിരോധ സംവിധാനങ്ങൾക്ക് പുറമേ, കുങ്കി ആനകളുടെ സ്ക്വാഡ്, മയക്ക് വെടി വെച്ച് സ്ഥലം മാറ്റി പാർപ്പിക്കൽ, എസ്.എം.എസ് ജാഗ്രതാ സംവിധാനം മുതലായ മറ്റ് മാർഗ്ഗങ്ങളും വകുപ്പ് ഉപയോഗിക്കുന്നു.

#### ➢ ആനകളുടെ സ്ക്വാഡ് രൂപീകരണം - കുങ്കി ആനകളുടെ കുറവ്

2014-ൽ, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് ആനകളുടെ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് തിരിച്ചറിഞ്ഞു. ജനവാസ കേന്ദ്രങ്ങളിലേക്ക് പ്രവേശിക്കുന്ന ആനകളെ തിരികെ ഓടിക്കാൻ ആവശ്യമായ പരിശീലനം ലഭിച്ച ആനകളാണ് കുങ്കി ആനകൾ. 2017 ആഗസ്റ്റിൽ, 10 ആനകളെ ഉൾപ്പെടുത്തി കുങ്കി ആനകളുടെ സ്ക്വാഡ് രൂപീകരിക്കാൻ വകുപ്പ് തീരുമാനിച്ചു. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാൻ കുങ്കി ആനകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന്, 2019 ഫെബ്രുവരിയിൽ, 20 ആനകളെ കുങ്കി ആനകളായി പരിശീലിപ്പിക്കാൻ തീരുമാനിച്ചു. ഒരു കുങ്കി ആനയെ പരിശീലിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന കാലയളവ് മൂന്ന് മാസമായിരുന്നു.

നിലവിൽ, വകുപ്പിന് 11 കുങ്കി ആനകളുണ്ട്, ഇതിൽ ആറെണ്ണം പരിശീലനത്തിലാണ്, ഒരെണ്ണത്തിന് പരിക്കേറ്റു. അതിനാൽ, ഫലത്തിൽ അവയിൽ നാലെണ്ണം മാത്രമേ കുങ്കി ആനകളായി ഉപയോഗിക്കാൻ യോഗ്യമായിട്ടുള്ളൂ. കൂടാതെ, പാലക്കാട്, വയനാട് ഡിവിഷനുകളിലാണ് കുങ്കി ആനകളുടെ നിലവിലെ താവളം എന്നതിനാൽ അവയുടെ സേവനം ഈ ഡിവിഷനുകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. ഇവ ആനകളുടെ സ്ക്വാഡുകൾ ഉപയോഗിക്കുന്നതിന്റെ ഫലപ്രാപ്തിയെ പരിമിതപ്പെടുത്തുന്നു.

കുങ്കി ആനകളാക്കാൻ പരിശീലിപ്പിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ അവയുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിനും വകുപ്പിൽ ലഭ്യമായ യോഗ്യവും അനുയോജ്യവുമായ ആനകളെ പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്). ഇക്കാര്യത്തിന്മേലുള്ള കൂടുതൽ പുരോഗതി പ്രതീക്ഷിക്കുന്നു.

#### ➢ പ്രവർത്തിക്കാത്ത എസ്.എം.എസ് ജാഗ്രതാ സംവിധാനം

2017-ൽ പരിസ്ഥിതി, വനം മന്ത്രാലയം പുറപ്പെടുവിച്ച മനുഷ്യനും-ആനയും തമ്മിലുള്ള സംഘർഷങ്ങളിന്മേലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്നത് പ്രകാരം എസ്.എം.എസ് ജാഗ്രതാ സംവിധാനം തമിഴ്നാട്ടിലെയും പശ്ചിമ ബംഗാളിലെയും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന്

ഫലപ്രദമാണെന്ന് കണ്ടെത്തി. തിരഞ്ഞെടുത്ത എട്ട്[28] വന ഡിവിഷനുകൾക്ക് കീഴിലുള്ള 35 സ്ഥലങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനായി വകുപ്പ് എസ്.എം.എസ് ജാഗ്രതാ സംവിധാനം സ്ഥാപിച്ചു (2017 മാർച്ച്). എന്നാൽ തിരഞ്ഞെടുത്ത ഡിവിഷനുകളിലൊന്നും എസ്.എം.എസ് ജാഗ്രതാ സംവിധാനം പ്രവർത്തനക്ഷമമായിരുന്നില്ല.

എസ്.എം.എസ് ജാഗ്രതാ സംവിധാനം അവലോകനം ചെയ്യുന്നതിനും അവ പ്രവർത്തനക്ഷമമാക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്).

- **പ്രശ്നക്കാരായ ആനകളിൽ റേഡിയോ കോളറുകൾ ഘടിപ്പിക്കാത്തത്**

1972–ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ 12–ാം വകുപ്പ് പ്രകാരം ഏതെങ്കിലും വന്യമൃഗങ്ങളെ കൊല്ലുകയോ, വിഷം കൊടുക്കുകയോ, ഉപദ്രവിക്കുകയോ ചെയ്യാതെ, അവയെ അനുയോജ്യമായ ഒരു ബദൽ ആവാസവ്യവസ്ഥയിലേക്ക് മാറ്റുകയോ എണ്ണം നിയന്ത്രിക്കുകയോ ചെയ്യുന്നത് വഴി വന്യമൃഗങ്ങളെ ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ അനുവദിക്കുന്നു. ചീഫ് വൈൽഡ് ലൈഫ് വാർഡൻ കൺവീനറും പരിസ്ഥിതി, വനം മന്ത്രാലയത്തിന്റെ നോമിനിയും ഉൾപ്പെടുന്ന ഒരു വിദഗ്ധ സംഘത്തിന്റെ ശുപാർശ പ്രകാരം പ്രശ്നക്കാരായ ആനകളെ പിടികൂടുന്നതിന് അനുമതി തേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിസ്ഥിതി, വനം മന്ത്രാലയം പുറപ്പെടുവിച്ചിരുന്നു (2005 ഫെബ്രുവരി[29]).

പ്രശ്നക്കാരായ ആനകളെ കണ്ടെത്താനും അവയുടെ നീക്കങ്ങളെക്കുറിച്ച് കർഷകർക്ക് മുന്നറിയിപ്പ് നൽകാനും റേഡിയോ കോളറുകൾ ഉപയോഗിക്കാം. റേഡിയോ കോളറുകൾ ഘടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ആനകളെ പിടികൂടേണ്ടതാണ്.

പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പ്രശ്നക്കാരായ മൂന്ന് ആനകളെ കണ്ടെത്തുകയും, അവയെ മയക്കുവെടി വെച്ച് റേഡിയോ കോളർ ഘടിപ്പിക്കുന്നതിനുള്ള അനുമതിക്കായി അഭ്യർത്ഥിക്കുകയും ചെയ്തു[30]. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട്, 2018 ഒക്ടോബറിൽ 5.63 ലക്ഷം രൂപ ചെലവിൽ മൂന്ന് റേഡിയോ കോളറുകൾ വാങ്ങിയിരുന്നു, ശേഷം 2018 നവംബറിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഇതിന് അംഗീകാരം നൽകി. എന്നാൽ നാളിതുവരെ (2023 ജനുവരി), കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുകയോ റേഡിയോ കോളറുകൾ ഘടിപ്പിക്കുകയോ ചെയ്തിട്ടില്ല.

പ്രശ്നക്കാരായ ആനകളെ പിടികൂടുന്നതിനും റേഡിയോ കോളർ ഘടിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി വാങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു. പ്രശ്നക്കാരായ മൃഗങ്ങളിൽ സമയബന്ധിതമായി റേഡിയോ കോളർ ഘടിപ്പിക്കുന്നത് അവയുടെ സാന്നിധ്യത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകാനും അതുവഴി മനുഷ്യ–വന്യജീവി സംഘർഷം കുറയ്ക്കുവാനും സഹായകമാകുമായിരുന്നു.

പ്രശ്നക്കാരായ ആനകളെ പിടികൂടുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്നതിന് മുൻപാണ് റേഡിയോ കോളറുകൾ വാങ്ങിയത്, ഇവ ഇപ്പോൾ പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നാല് വർഷത്തിലേറെയായി ഉപയോഗശൂന്യമായി കിടക്കുകയാണ്.

---

28 തിരുവനന്തപുരം, മറയൂർ, മലയാറ്റൂർ, പാലക്കാട്, മണ്ണാർക്കാട്, സൗത്ത് വയനാട്, വയനാട് വന്യജീവി, കണ്ണൂർ.

29 2005 ഫെബ്രുവരി 08–ലെ കത്ത് നമ്പർ. 7–5/2000 (പി.ഇ) പ്രകാരം.

30 2018 ആഗസ്റ്റ് 29–ലെ കത്ത് നമ്പർ ഇ2–5713/16 പ്രകാരം.

മേൽപ്പറഞ്ഞവ ഉണ്ടായിരുന്നിട്ടും, 2021 ജൂലൈയിൽ, എട്ട് റേഡിയോ കോളറുകൾ കൂടി വാങ്ങാൻ വകുപ്പ് തീരുമാനിച്ചു .

പ്രശ്നക്കാരായ കാട്ടാനകളെ നേരിടേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ റേഡിയോ കോളറിന്റെ ആവശ്യകത പരിഗണിക്കുകയും വകുപ്പിന്റെ പക്കൽ ലഭ്യമായവ ഉപയോഗിച്ച് അവയെ നിരീക്ഷിക്കുമെന്നും സർക്കാർ മറുപടി നൽകി (2023 മാർച്ച്).

റേഡിയോ കോളറുകൾ വാങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിലെ പിഴവുകളെ കുറിച്ചും പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നാല് വർഷത്തിലേറെയായി മൂന്ന് റേഡിയോ കോളറുകൾ നിഷ്ക്രിയമായിരിക്കുന്നതിനെപ്പറ്റിയും മറുപടി നിശബ്ദമാണ്.

### *2.1.8.3 കാട്ടുപന്നി, കുരങ്ങുകൾ, മയിൽ എന്നിവ മൂലമുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നേരിടുന്നതിനുള്ള ഫലപ്രദമായ തന്ത്രത്തിന്റെ അഭാവം*

കാട്ടുപന്നികൾ, കുരങ്ങുകൾ, മയിൽ എന്നിവ ധാരാളം സന്തതികളെ ഉത്പാദിപ്പിക്കുന്നവയാണ്, കൂടാതെ വകുപ്പിന്റെ കണക്കനുസരിച്ച് അവയുടെ എണ്ണം വർദ്ധിച്ചു. വനത്തിലെ ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും ദൗർലഭ്യം, മനുഷ്യവാസ കേന്ദ്രങ്ങളിലെ ആകർഷകമായ വിളകളും മാലിന്യങ്ങളും, പ്രകൃതിദത്ത വേട്ടക്കാരുടെ അഭാവം (മയിൽ) മുതലായവയാണ് വനാതിർത്തികളിലേക്കും ദൂരെയുള്ള മനുഷ്യവാസ കേന്ദ്രങ്ങളിലേക്കും ഇവ വ്യാപിക്കുവാനും മനുഷ്യ-വന്യജീവി സംഘർഷത്തിലേക്ക് നയിക്കുവാനും സാധ്യതയുള്ള കാരണങ്ങൾ. 2017-22 കാലയളവിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൊണ്ടുണ്ടായ നാശനഷ്ട അപേക്ഷകളിൽ കാട്ടുപന്നികളുടെ ആക്രമണം മൂലമുള്ളത് 10,433-ഉം (21 മനുഷ്യ മരണങ്ങൾ ഉൾപ്പെടെ) കുരങ്ങ് ശല്യം കാരണമുണ്ടായവ 7,819-ഉം ആയിരുന്നു.

- കാട്ടുപന്നിയുടെ കാര്യത്തിൽ, 1972-ലെ വന്യജീവി സംരക്ഷണ നിയമം, സെക്ഷൻ 11(1)(ബി) പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടുപന്നികളെ കൊല്ലാൻ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. 2020 ജൂൺ മുതൽ 2022 മെയ് വരെയുള്ള കാലയളവിൽ 2,395 കാട്ടുപന്നികളെയാണ് ഈ ഉത്തരവ് പ്രകാരം കൊന്നത്. 2022 ജൂൺ[31] മുതൽ പ്രശ്നക്കാരായ കാട്ടുപന്നികളെ കൊല്ലാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി.
- പ്രശ്നക്കാരായ കുരങ്ങുകളെ പിടികൂടി മാറ്റിപ്പാർപ്പിച്ചു.

ഇവ ഹ്രസ്വകാല നടപടികൾ മാത്രമാണെന്നും, വന്യമൃഗങ്ങളെ വനമേഖലയ്ക്കുള്ളിൽ നിലനിർത്താൻ ദീർഘകാലാടിസ്ഥാനത്തിൽ ഫലപ്രദമായ തന്ത്രങ്ങളൊന്നും വകുപ്പ് നടപ്പാക്കിയിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, മയിലുകളുടെ കാര്യത്തിൽ വകുപ്പ് ഒരു തന്ത്രവും ആവിഷ്കരിച്ചിട്ടില്ല.

### *2.1.8.4 വയനാട് പുനരധിവാസ പദ്ധതിക്ക് കീഴിലുള്ള ജനവാസ കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്നതിലെ മന്ദഗതിയിലുള്ള പുരോഗതി*

വനഭൂമിയിൽ വസിക്കുന്ന കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കലാണ് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഒരു ദീർഘകാല ലഘൂകരണ നടപടി എന്ന് കണ്ടെത്തി. വയനാട് വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ 2,613 കുടുംബങ്ങളുള്ള 107 സെറ്റിൽമെന്റുകൾ ഉണ്ടായിരുന്നു. മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വർദ്ധനവ് കാരണം, അവരെ അവിടെ നിന്ന് മാറ്റിപ്പാർപ്പിക്കണമെന്ന് തദ്ദേശവാസികളുടെ ആവശ്യം ഉയർന്നു. അതനുസരിച്ച്, വയനാട് പുനരധിവാസ പാക്കേജ് പ്രാഥമിക ഘട്ടത്തിന് കീഴിൽ 14 സെറ്റിൽമെന്റുകളിൽ നിന്ന് 800 കുടുംബങ്ങളെ അവരുടെ താത്പര്യ പ്രകാരം മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശം വകുപ്പ് സമർപ്പിക്കുകയും, ഇതിന് കേന്ദ്രാവിഷ്കൃത പദ്ധതി (സി.എസ്.എസ്) പ്രകാരം കേന്ദ്ര സർക്കാർ അംഗീകാരം

[31] 2022 മെയ് 31-ലെ ജി.ഒ(ആർ.ടി) നം. 239/2022/എഫ്&ഡബ്ല്യു.എൽ.ഡി, 2022 മെയ് 28-ലെ ജി.ഒ(എം.എസ്)നം. 29/2022/എഫ്&ഡബ്ല്യു.എൽ.ഡി-ക്കൊപ്പം വായിക്കേണ്ടതാണ്.

നൽകുകയും 2011 മുതൽ വിവിധ കാലഘട്ടങ്ങളിലായി കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് ഫണ്ട് അനുവദിക്കുകയും ചെയ്തു.

പ്രാഥമിക ഘട്ടത്തിൽ പുനരധിവസിപ്പിക്കാനായി തിരഞ്ഞെടുത്ത 14 സെറ്റിൽമെന്റുകളിൽ നിന്ന് 147 കുടുംബങ്ങളുള്ള എട്ട് സെറ്റിൽമെന്റുകൾ മാത്രമാണ് പൂർണ്ണമായി പുനരധിവസിപ്പിച്ചത്. രണ്ട് സെറ്റിൽമെന്റുകളിൽ[32], 283-ൽ 174 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു, നാല് സെറ്റിൽമെന്റുകളിൽ[33] പുനരധിവാസം നടന്നിട്ടില്ല.

ഫണ്ടിന്റെ കുറവ്, ഭൂമിയുടെ രജിസ്ട്രേഷൻ, നടപടിക്രമങ്ങൾ, കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ അനുവദിക്കുന്നത് മുതലായവയിലെ കാലതാമസം എന്നിവയാണ് പദ്ധതി 10 വർഷത്തിലേറെ വൈകാൻ കാരണമായതെന്ന് നിരീക്ഷിച്ചു.

അതിനാൽ, വന്യജീവി സംരക്ഷണത്തിനായി ഒരു അഭേദ്യമായ പ്രദേശം സൃഷ്ടിക്കുക എന്ന ലക്ഷ്യം കൈവരിക്കാനായില്ല, കൂടാതെ ഈ പ്രദേശത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഇപ്പോഴും തുടരുന്നു.

തുച്ഛമായ പുനരധിവാസ പാക്കേജ് വ്യവസ്ഥ കാരണമാണ് പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും അടുത്തിടെ പാക്കേജിൽ വർദ്ധനവുണ്ടായെന്നും സർക്കാർ മറുപടി നൽകി (2023 മാർച്ച്). ഈ മേഖലയിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തുടരുന്നതിനാലും പദ്ധതി പൂർത്തിയാക്കാൻ സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാലും മറുപടി സ്വീകാര്യമല്ല.

### 2.1.8.5 വന്യമൃഗങ്ങളുമായുള്ള മനുഷ്യരുടെ ഏറ്റുമുട്ടൽ കുറയ്ക്കുന്നതിന് ഇരുവശവുമുള്ള കാട് വെട്ടിത്തെളിക്കുന്നതിലുള്ള അഭാവം

പ്രദേശങ്ങൾ വ്യക്തമായി കാണുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും, പാതയോരങ്ങളിലും മനുഷ്യവാസ കേന്ദ്രങ്ങളുടെ ചുറ്റിലുമുള്ള സസ്യജാലങ്ങൾ വെട്ടി വൃത്തിയാക്കുന്ന പ്രവർത്തനമാണ് വിസ്താ ക്ലിയറൻസ് (ഇരുവശവുമുള്ള കാട് വെട്ടിത്തെളിക്കൽ) എന്നത്. വനം ജീവനക്കാർ ഉപയോഗിക്കുന്ന പതിവ് ട്രെക്ക് റൂട്ടുകൾ, വനത്തിലൂടെ കടന്നുപോകുന്ന പൊതു റോഡുകൾ, ജനവാസ കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ മുതലായവ ഉൾപ്പെടെയുള്ള ആളുകൾ പതിവായി സഞ്ചരിക്കുന്ന സ്ഥലങ്ങളിൽ ഇത് പ്രത്യേകിച്ചും ഉപയോഗപ്രദമാണ്.

ഇരുവശവുമുള്ള കാട് വെട്ടിത്തെളിക്കുന്നതിലെ അഭാവം മൂലം മനുഷ്യ-വന്യജീവി സംഘർഷത്തിലേക്ക് നയിച്ച മൂന്ന് സംഭവങ്ങൾ ചുവടെ ചർച്ച ചെയ്യുന്നു:

- വയനാട് വന്യജീവി ഡിവിഷനിൽ, അഞ്ച് സന്ദർഭങ്ങളിൽ വാഹനമിടിച്ച് വന്യമൃഗങ്ങൾ, അതായത്, ഒരു ആന, ഒരു പുള്ളിപ്പുലി, രണ്ട് പുള്ളിമാൻ, ഒരു കാട്ടുപോത്ത് എന്നിവ കൊല്ലപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. ഒഫെൻസ് കേസസ് രജിസ്റ്റർ പ്രകാരം, റോഡിന് വളരെ അടുത്തായി കടുവ ചത്തതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മൂന്ന്[34] റോഡുകളിലായാണ് ഈ കേസുകൾ സംഭവിച്ചത്. സുൽത്താൻ ബത്തേരി-പുൽപ്പള്ളി റോഡിന്റെ ഭാഗത്ത് ഒരു സംയുക്ത പരിശോധന ഓഡിറ്റ് നടത്തുകയും (2021 നവംബർ 9) ഇരുവശങ്ങളിലെയും കാട് വെട്ടിത്തെളിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെടുകയും ചെയ്തു. ഇത് റോഡിലെ കാഴ്ചയെ സാരമായി ബാധിക്കുകയും വന്യമൃഗങ്ങൾ വാഹനമിടിച്ച് കൊല്ലപ്പെടുന്നതിന് ഇടയാക്കുകയും ചെയ്യും.

[32] കുറിച്യാട്, ചെട്ടിയാലത്തൂർ.

[33] പാമ്പൻകൊല്ലി, മണിമുണ്ട, പാങ്കളം, കോലോട്ട്.

[34] സുൽത്താൻ ബത്തേരി – പുൽപള്ളി റോഡ്, മാനന്തവാടി – കുട്ട റോഡ്, സുൽത്താൻ ബത്തേരി – മൈസൂർ റോഡ്.



**ചിത്രം 2.10 :** ഇരുവശങ്ങളിലെയും കാട് വെട്ടിത്തെളിച്ചിട്ടില്ല. വയനാട് വന്യജീവി ഡിവിഷനു കീഴിലുള്ള സുൽത്താൻ ബത്തേരി – പുൽപ്പള്ളി റോഡ്



**ചിത്രം 2.11** : സൗത്ത് വയനാട് ഡിവിഷനു കീഴിലുള്ള ഇരുവശവുമുള്ള കാട് വെട്ടി വൃത്തിയാക്കിയ അതേ റോഡ്

- പാലക്കാട് ഡിവിഷനു കീഴിലുള്ള വാളയാർ റേഞ്ചിൽ, ഓഡിറ്റ് കാലയളവിനിടെ നാല് ആനകൾ ട്രെയിനിടിച്ച് ചരിഞ്ഞു[35]. റെയിൽവേ ട്രാക്കിനിരുവശത്തും വർഷത്തിൽ രണ്ടു തവണ കാട് വെട്ടിത്തെളിക്കുന്നതിന്റെ ആവൃത്തി അപര്യാപ്തമാണെന്ന് നിരീക്ഷിച്ചു, 2022 ആഗസ്റ്റ് 10-ന് റെയിൽവേയും വനം വകുപ്പും തമ്മിൽ നടന്ന യോഗത്തിൽ ഇത് പ്രതിവർഷം കുറഞ്ഞത് നാലായി ഉയർത്തണമെന്ന് അഭിപ്രായപ്പെട്ടു.

- കണ്ണൂർ ഡിവിഷനിലെ ആറളം ഫാമിൽ നടത്തിയ സംയുക്ത പരിശോധനയിൽ (2021 നവംബർ 16), ഫാമിലൂടെ കടന്നുപോകുന്ന റോഡുകളുടെ ഇരുവശത്തെയും കാട് വെട്ടിത്തെളിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. 2014-22 കാലയളവിൽ, ആറളം ഫാമിൽ കാട്ടാനയുടെ ആക്രമണത്തിൽ പതിനൊന്ന് പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.




**ചിത്രം 2.12** : ആറളം ഫാമിലൂടെ കടന്നുപോകുന്ന റോഡിന്റെ ഇരുവശത്തെയും കാട് വെട്ടി വൃത്തിയാക്കിയിട്ടില്ല

ഫണ്ടുകളുടെ ലഭ്യതയ്ക്ക് വിധേയമായി മുൻഗണനാടിസ്ഥാനത്തിൽ ചില സ്ഥലങ്ങളിൽ വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള ഏറ്റുമുട്ടൽ കുറയ്ക്കുന്നതിന് വേണ്ടി റോഡിന് ഇരുവശവുമുള്ള കാട് വെട്ടിത്തെളിക്കുന്നുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്).

ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച സംഭവങ്ങളിന്മേൽ കൃത്യമായ മറുപടികൾ നൽകിയിട്ടില്ല.

---

[35] 2018-ൽ ഒരു ആനയും 2019-ൽ മൂന്ന് ആനകളും.

### *2.1.8.6 കടുവകളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനത്തിന്റെ അഭാവം വയനാട്ടിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു*

നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വസ്തുതകൾ പ്രകാരം 80-100 വരെ ജീവനക്ഷമമായ കടുവകളുടെ എണ്ണത്തിന്, 800 മുതൽ 1200 ചതുരശ്ര കിലോമീറ്റർ സംരക്ഷിത സ്ഥലം ആവശ്യമാണ്. പറമ്പിക്കുളം (27 എണ്ണം), പെരിയാർ (26 എണ്ണം) എന്നീ രണ്ട് കടുവ സംരക്ഷണ കേന്ദ്രങ്ങളെ അപേക്ഷിച്ച്, വയനാട് വന്യജീവി സങ്കേതത്തിൽ കടുവകളുടെ എണ്ണവും സാന്ദ്രതയും വളരെ കൂടുതലാണ് (344 ചതുരശ്ര കിലോമീറ്ററിൽ[36] 120 എണ്ണം). 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ടിന്റെ സെക്ഷൻ 12 അനുസരിച്ച് ശാസ്ത്രീയ നിയന്ത്രണത്തിലൂടെ പ്രശ്നക്കാരായ മൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കാൻ അനുവദിക്കുന്നുണ്ടെങ്കിലും, കടുവകളുടെ സാന്ദ്രത കുറഞ്ഞ മറ്റ് കടുവാ സങ്കേതങ്ങളിലേക്ക് മാറ്റുന്നത് പോലുള്ള ഒരു വംശ നിയന്ത്രണ സംവിധാനവും വകുപ്പ് ആവിഷ്കരിച്ചിട്ടില്ല.

കടുവകൾ ഉൾപ്പെട്ട ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ (2017-22 കാലയളവിൽ ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ[37] ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ) വയനാട് വന്യജീവി സങ്കേതത്തിലും (336 കേസുകൾ), സമീപ റേഞ്ചുകളായ നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂരിലും (139 കേസുകൾ), സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്തിലുമാണ് (132 കേസുകൾ). ഇത് സംസ്ഥാനത്തെ ആകെ 888 കേസുകളിൽ 68.35 ശതമാനമാണ്.

2018-ലെ ഇന്ത്യയിലെ കടുവകളുടെയും മറ്റ് വേട്ട മൃഗങ്ങളുടെയും, ഇരകളുടെയും സ്ഥിതി റിപ്പോർട്ട് അനുസരിച്ച്, ഇരകളുടെ എണ്ണവും കടുവകളുടെ സാന്ദ്രതയും വയനാട് വന്യജീവി സങ്കേതത്തിന്റെ സവിശേഷതയായിരുന്നു. ടി റിപ്പോർട്ട്, തൊട്ടടുത്തുള്ള കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ കടുവാ സങ്കേതങ്ങൾക്കൊപ്പം ഈ പ്രദേശം കടുവകളുടെയും ആനകളുടെയും ലോകത്തിലെ ഏറ്റവും വലിയ ആവാസ കേന്ദ്രമാണെന്ന് നിരീക്ഷിക്കുകയും, ഈ വന്യജീവി സങ്കേതത്തെ ഒരു കടുവ സംരക്ഷണ കേന്ദ്രമായി ഗസറ്റ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. ഒരു കടുവാ സങ്കേതം തയ്യാറാക്കുന്നത് കൂടുതൽ കേന്ദ്ര ഫണ്ടിന്റെ വിഹിതം, വന്യജീവി ആവാസവ്യവസ്ഥയുടെ ഫലപ്രദമായ പരിപാലനം എന്നിവ ഉറപ്പാക്കുകയും, തത്ഫലമായി, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുകയും ചെയ്യും. എന്നാൽ ഈ ശുപാർശകൾ സർക്കാർ നാളിതുവരെ (2023 ഏപ്രിൽ) നടപ്പാക്കിയിട്ടില്ല.

വയനാടൻ ഭൂപ്രകൃതിയിലെ കടുവകളുടെ എണ്ണം കണക്കാക്കാൻ വകുപ്പ് പദ്ധതിയിട്ടിട്ടുണ്ടെന്നും, 2022 ഡിസംബർ 27-ന് ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിൽ വയനാട് വന്യജീവി സങ്കേതത്തെ കടുവാ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്തിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2023 മാർച്ച്). വയനാട് ജില്ലയിലെ കടുവകളുടെ എണ്ണം നിയന്ത്രിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിനും എടുത്ത നടപടികളിന്മേലുള്ള പുരോഗതി പ്രതീക്ഷിക്കുന്നു.

### *2.1.8.7 സർപ്പ ആപ്പും പാമ്പുകളുമായി ബന്ധപ്പെട്ട മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതും*

മനുഷ്യവാസസ്ഥലങ്ങളിൽ നിന്ന് പാമ്പുകളുടെ രക്ഷാപ്രവർത്തനവും മോചനവും വ്യവസ്ഥാപിതമായി നിരീക്ഷിക്കുന്നതിനും, പാമ്പുകളെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, ആന്റി-വെനം ചികിത്സ ലഭ്യമായ ഏറ്റവും അടുത്തുള്ള സ്ഥലം കണ്ടെത്താനും സർപ്പ (സ്നേക്ക് അവേർനെസ് റെസ്ക്യൂ ആൻഡ്

---

[36] 2020-ൽ ഭാരത സർക്കാരിലെ, നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയും, ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും ചേർന്ന് തയ്യാറാക്കിയ 'ഇന്ത്യയിലെ കടുവകളുടെയും മറ്റ് വേട്ട മൃഗങ്ങളുടെയും ഇരകളുടെയും സ്ഥിതി, 2018' റിപ്പോർട്ട്.

[37] പൗരന്മാർക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ. ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴിയാണ് മനുഷ്യ-വന്യജീവി സംഘർഷ ക്ലെയിമുകൾ വനം വകുപ്പിന് സമർപ്പിക്കുന്നത്.

പ്രൊട്ടക്ഷൻ ആപ്ലിക്കേഷൻ) എന്ന മൊബൈൽ ആപ്ലിക്കേഷൻ പൊതുജനങ്ങളെ സഹായിക്കുന്നതിനായി വകുപ്പ് പ്രവർത്തിപ്പിക്കുന്നു. പാമ്പുകളെ ശാസ്ത്രീയമായി രക്ഷപ്പെടുത്തുന്നതിനായി വകുപ്പുതല ഉദ്യോഗസ്ഥരും മറ്റ് പൊതുജനങ്ങളും അടങ്ങുന്ന 1,660 സന്നദ്ധപ്രവർത്തകർക്ക് വകുപ്പ് പരിശീലനം നൽകിയിരുന്നു (2022 നവംബർ).

2017–21 കാലയളവിൽ, പാമ്പ് കടിയേറ്റ സംഭവങ്ങളുടെ എണ്ണം 2,919 ആയിരുന്നു, അതിൽ 338 മനുഷ്യ മരണങ്ങളും ഉൾപ്പെടുന്നു (കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് ഡാറ്റ പ്രകാരം).

ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു:

- 1,660 സാക്ഷ്യപ്പെടുത്തിയ രക്ഷാപ്രവർത്തകരിൽ, 569 (34.28 ശതമാനം) രക്ഷാപ്രവർത്തകർ മാത്രമാണ് സർപ്പ ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് (2022 ഒക്ടോബർ). പാമ്പുകളെ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് പരിശീലനം ലഭിച്ച വകുപ്പ് ജീവനക്കാരിലും വാച്ചർമാരിലും ഭൂരിഭാഗവും ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് വകുപ്പ് റിപ്പോർട്ട് ചെയ്തു.

- ആന്റി–വെനം ചികിത്സ ലഭ്യമായ ആശുപത്രികളുടെ പട്ടിക വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമല്ല. കണ്ണൂർ ജില്ലയുടെ കിഴക്കൻ മേഖലകളിൽ പാമ്പുകടി റിപ്പോർട്ട് ചെയ്യുന്നത് ഏറെയാണെങ്കിലും, ആപ്പിലെ പട്ടികയിൽ ചേർത്തിരിക്കുന്ന കണ്ണൂരിലെ അഞ്ച് ആന്റി–വെനം ആശുപത്രികളും ജില്ലയുടെ പടിഞ്ഞാറൻ ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്, ഇത് പാമ്പുകടിയേറ്റവരുടെ യാത്രയ്ക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കും.

- രജിസ്റ്റർ ചെയ്ത സന്നദ്ധപ്രവർത്തകർക്ക് യാതൊരു ഇൻഷുറൻസ് പോളിസിയുടെയും പരിരക്ഷയില്ല. നാളിതുവരെ, ഒരു സന്നദ്ധപ്രവർത്തകൻ പാമ്പ് കടിയേറ്റ് മരിക്കുകയും മറ്റൊരാൾക്ക് പരിക്കേൽക്കുകയും ചെയ്തു, ഇതിനായി 1980–ലെ കേരള നഷ്ടപരിഹാര നിയമപ്രകാരമുള്ള നഷ്ടപരിഹാരം മാത്രമാണ് നൽകിയത്.

വകുപ്പ് ഉദ്യോഗസ്ഥരിൽ പലരും സർപ്പയിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് സർക്കാർ അംഗീകരിച്ചു (2023 മാർച്ച്), കൂടാതെ, സാക്ഷ്യപ്പെടുത്തിയ രക്ഷാപ്രവർത്തകരെല്ലാം സർപ്പയിൽ രജിസ്റ്റർ ചെയ്തു എന്നത് നിരീക്ഷിച്ച് ഉറപ്പാക്കാൻ എല്ലാ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിനും (എസ്.എഫ്) നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്താവിച്ചു.

ആന്റി–വെനം ആശുപത്രികളുടെ കാര്യത്തിൽ, ആന്റി–വെനം ലഭ്യമായ സംസ്ഥാനത്തെ ആശുപത്രികളുടെ പട്ടികയും ജിയോ ടാഗിംഗും ബന്ധപ്പെടാനുള്ള വിശദാംശങ്ങളും സഹിതം സർപ്പ ആപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്). ആന്റി–വെനം ചികിത്സാ ആശുപത്രികളുടെ പട്ടിക കൂടുതൽ സൗകര്യപ്രദവും വേഗത്തിൽ പ്രാപ്യവുമായ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമല്ലാത്തതിനെ കുറിച്ചായിരുന്നു ഓഡിറ്റ് നിരീക്ഷണം, ഇക്കാര്യത്തിൽ മറുപടി നിശബ്ദമാണ്.

രജിസ്റ്റർ ചെയ്ത സന്നദ്ധപ്രവർത്തകർക്കുള്ള ഇൻഷുറൻസ് വകുപ്പിന്റെ പരിഗണനയിലാണെന്നും അറിയിച്ചു.

### *2.1.8.8 മനുഷ്യ–വന്യജീവി സംഘർഷങ്ങൾ കൈകാര്യം ചെയ്യാൻ രൂപീകരിച്ച റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം*

വനാതിർത്തി പ്രദേശങ്ങളിലേക്ക് കടന്നു കയറുന്ന, ജീവനും സ്വത്തിനും നാശനഷ്ടമുണ്ടാക്കുന്ന കാട്ടാനകളെ വനത്തിനുള്ളിലേക്ക് തുരത്തുന്നതിനായി അഞ്ച്[38] റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.ടി) രൂപീകരിക്കുന്നതിന് കേരള സർക്കാർ

---

[38] നിലമ്പൂർ, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി.

ഭരണാനുമതി[39] നൽകി (2011 സെപ്റ്റംബർ). മനുഷ്യ-മൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനത്തിനായി വകുപ്പ് പുറപ്പെടുവിച്ച (2019 മാർച്ച്) മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, നാല് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, ആറ് ഫോറസ്റ്റ് വാച്ചർമാർ/ട്രൈബൽ വാച്ചർമാർ എന്നിവർ ഉൾപ്പെടുന്നതാണ് റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

നന്നായി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ, സംഘർഷ സാഹചര്യങ്ങളെ നേരിടാൻ സജ്ജരായ ഒരു സംഘത്തിന്റെ സാന്നിധ്യം പലപ്പോഴും പ്രകോപിതരായ ആളുകളെ സമാധാനിപ്പിക്കുവാനും അവർ സുരക്ഷിതരാണെന്ന് ഉറപ്പ് നൽകുവാനും സഹായിക്കുന്നു. റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട്, ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു:

- മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചതിനാൽ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ എണ്ണം 15 ആയി ഉയർന്നു. എന്നാൽ ഏഴ് റാപ്പിഡ് റെസ്പോൺസ് ടീമുകൾക്ക്[40] സർക്കാർ അനുമതി ലഭിച്ചിട്ടില്ല.

- റാപ്പിഡ് റെസ്പോൺസ് ടീമുകൾക്കായി വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ രൂപീകരണം, പ്രൈമറി റെസ്പോൺസ് ടീമുകളുടെ വിന്യാസം, ഉപകരണങ്ങൾ, പരിശീലനം മുതലായവയുമായി ബന്ധപ്പെട്ട് വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച (2017 ഒക്ടോബർ) മനുഷ്യരും-ആനകളുമായുള്ള സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ചില്ല. റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിക്കുന്ന തിരഞ്ഞെടുത്ത അഞ്ച് ഡിവിഷനുകളിൽ[41] ശ്രദ്ധയിൽപ്പെട്ട പ്രശ്നങ്ങൾ ***അനുബന്ധം 6***-ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ അംഗീകാര നടപടികൾ നടന്നു വരികയാണെന്നും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള നടപടി ആരംഭിക്കുമെന്നും സർക്കാർ അറിയിച്ചു (2023 മാർച്ച്).

***ശുപാർശകൾ:***

- ***സമയബന്ധിതമായ നിർമ്മാണം, പ്രതിരോധ ഘടനകളുടെ ഫലപ്രദമായ പ്രവർത്തനം, കൃത്യമായ അറ്റകുറ്റപ്പണികൾ, വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നത്, ഇരുവശവുമുള്ള കാട് വെട്ടിത്തെളിക്കൽ, മുതലായവ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കാൻ സഹായിക്കും.***
- ***കൂടുതൽ കുങ്കി ആനകളെ പരിശീലിപ്പിച്ച് ആനകളാലുള്ള സംഘർഷം കൂടുതലുള്ള സ്ഥലങ്ങളിൽ അവയെ കേന്ദ്രീകരിക്കുക, എസ്.എം.എസ് ജാഗ്രതാ സംവിധാനം ഉപയോഗിച്ച് ആനകളുടെ സഞ്ചാരപഥത്തെക്കുറിച്ച് ആളുകൾക്ക് മുന്നറിയിപ്പ് നൽകുക, റേഡിയോ കോളറുകൾ ഉപയോഗിച്ച് പ്രശ്നക്കാരായ ആനകളുടെ സഞ്ചാരപഥം മനസിലാക്കുക തുടങ്ങിയവ ആനകൾ മൂലമുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കാൻ സഹായിക്കും.***

---

[39] 2011 സെപ്റ്റംബർ 16-ലെ ജി.ഒ (ആർ.ടി)നം. 408/2011/എഫ് & ഡബ്ല്യു.എൽ.ഡി.

[40] തെന്മല, കോന്നി, മൂന്നാർ, കാസർകോട്, ആറളം, മണ്ണാർക്കാട്, അഗളി

[41] തിരുവനന്തപുരം, റാന്നി, പാലക്കാട്, കണ്ണൂർ, വയനാട് വന്യജീവി

### 2.1.9 മനുഷ്യ-വന്യജീവി സംഘർഷാനന്തര നടപടികൾ

**നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം, അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ വീഴ്ചകളും ക്രമക്കേടുകളും, പുനരധിവാസ പിന്തുണയുടെ അഭാവം മുതലായവ മനുഷ്യ-വന്യജീവി സംഘർഷാനന്തര നടപടികളെ ബാധിച്ചു.**

സമയബന്ധിതവും തടസ്സരഹിതവുമായ നഷ്ടപരിഹാരം നൽകൽ, പുനരധിവാസ പിന്തുണ, ഇൻഷുറൻസ് മുതലായവ പോലുള്ള മനുഷ്യ-വന്യജീവി സംഘർഷാനന്തരമുള്ള നടപടികൾ പൊതുജന അമർഷം ശമിപ്പിക്കാൻ സഹായിക്കും. ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

#### *2.1.9.1 നഷ്ടപരിഹാര പദ്ധതിയിലെ പോരായ്മകൾ*

തിരഞ്ഞെടുത്ത ഡിവിഷനുകളിലെ 858 അപേക്ഷകൾ ഓഡിറ്റ് പരിശോധിക്കുകയും, ഇനിപ്പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു:

- **ഇ-ഡിസ്ട്രിക്ട് പോർട്ടലിലെ വ്യവസ്ഥയുടെ അഭാവം**: ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ കോഴിവളർത്തൽ, തടി മരങ്ങൾ, കൂടാതെ കാർഷികോൽപ്പന്നങ്ങളായ നാളികേരം, അടയ്ക്ക തുടങ്ങിയവയുടെ നഷ്ടപരിഹാരത്തിനായി അപേക്ഷിക്കാൻ വ്യവസ്ഥയില്ല.

- **വില നിശ്ചയിക്കുന്നതിൽ ഏകീകരണത്തിന്റെ അഭാവം**:

  - വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള വിളനാശത്തിന്[42] സർക്കാർ നഷ്ടപരിഹാര നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, കന്നുകാലികളെ നഷ്ടമാകുന്നതിന് പ്രായം, ഇനം, കറവ മുതലായവയുടെ അടിസ്ഥാനത്തിൽ ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ നിരക്ക് നിശ്ചയിച്ചിട്ടില്ല. തിരഞ്ഞെടുത്ത ഡിവിഷനുകളിൽ, വെറ്ററിനറി സർജന്റെയും പരിശോധിക്കുന്ന വകുപ്പ് ഉദ്യോഗസ്ഥന്റെയും വിവേചനാധികാരത്തെ അടിസ്ഥാനമാക്കിയാണ് നഷ്ടപരിഹാരം അനുവദിച്ചത്. പരിശോധിച്ച അപേക്ഷകളിൽ ഓരോ കന്നുകാലി നഷ്ടത്തിനും നഷ്ടപരിഹാര തുക 15,000 രൂപ മുതൽ 50,000 രൂപ വരെ വ്യത്യാസപ്പെട്ടിരുന്നു.

  - മൂന്ന് ഡിവിഷനുകളിൽ[43], കുരങ്ങിന്റെ ആക്രമണം മൂലം നാളികേരം നഷ്ടപ്പെട്ടതിന്റെ നഷ്ടപരിഹാര അപേക്ഷകൾ അംഗീകരിച്ചില്ല, അതേസമയം, മറ്റ് മൂന്ന്[44] ഡിവിഷനുകളിൽ ഒരു നാളികേരത്തിന് 2.50 രൂപ മുതൽ 770 രൂപ വരെ നഷ്ടപരിഹാരം നൽകി.

  - മറയൂർ ഡിവിഷനിൽ, കുരങ്ങുകളുടെ ആക്രമണത്തെത്തുടർന്ന് ഒരു വ്യക്തി, 2019 ഫെബ്രുവരി 20-ന് 85 നാളികേരങ്ങൾക്കും, 2019 സെപ്റ്റംബർ 10-ന് 30 നാളികേരങ്ങൾക്കും, 2020 മെയ് 7-ന് 91 നാളികേരങ്ങൾക്കും നഷ്ടപരിഹാരം ആവശ്യപ്പെട്ടു. കായ്ഫലമുള്ള തെങ്ങുകൾ നഷ്ടമാകുമ്പോൾ നിശ്ചയിച്ച ഒരു തെങ്ങിന് 770 രൂപ എന്ന നിരക്കിൽ 1,58,620 രൂപ ഈ അപേക്ഷകളിന്മേൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അംഗീകരിച്ചു.

- **പുനരധിവാസ പിന്തുണയുടെ അഭാവം:** വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2017-ലെ മനുഷ്യരും-ആനകളും തമ്മിലുള്ള സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പരിക്കേറ്റ വ്യക്തി ആശുപത്രി വിട്ടതിന് ശേഷമുള്ള ചെലവുകൾ ഉൾപ്പെടെ എല്ലാ ചികിത്സാ

---

42 2015 ജനുവരി 08-ലെ ജി.ഒ (എം.എസ്) നം.02/2015/എഫ്&ഡബ്ല്യു.എൽ.ഡി.

43 മലയാറ്റൂർ, മണ്ണാർക്കാട്, സൗത്ത് വയനാട്.

44 തിരുവനന്തപുരം, മറയൂർ, കണ്ണൂർ.

ചെലവുകളും വകുപ്പ് നേരിട്ട് വഹിക്കണം. പരിക്കേറ്റ വ്യക്തിയെ ഉചിതമായ രീതിയിൽ പുനരധിവസിപ്പിക്കണം. ഒരു വ്യക്തി മരിച്ചാൽ ഏറ്റവും അടുത്ത ബന്ധുവിനെയും, പരിക്കേറ്റാൽ ആ വ്യക്തിയെയും പുനരധിവസിപ്പിക്കുന്നതിന് ഉചിതമായ വൈദഗ്ധ്യമുള്ള സർക്കാരിതര സംഘടനകളെ പങ്കാളികളാക്കണം.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്ന വ്യക്തികൾക്ക് വേഗത്തിലും ശരിയായതുമായ ചികിത്സയും, വീൽചെയറുകൾ, കൃത്രിമ കൈകാലുകൾ, പ്ലാസ്റ്റിക് സർജറി എന്നിവ ഉൾപ്പെടെയുള്ള പുനരധിവാസ പിന്തുണയും ആവശ്യമുള്ളപ്പോഴെല്ലാം ലഭിക്കുന്ന തരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ദേശീയ വന്യജീവി പ്രവർത്തന പദ്ധതി നിർദ്ദേശിച്ചു.

1980–ലെ കേരള നഷ്ടപരിഹാര നിയമങ്ങളിലും അതിന്മേൽ/അതിന് ശേഷം പുറപ്പെടുവിച്ച ഉത്തരവുകളിലും അത്തരം പുനരധിവാസ പിന്തുണാ നടപടികൾ വ്യവസ്ഥ ചെയ്യുന്നില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള ഉത്തരവുകൾ/നിർദ്ദേശങ്ങൾ എന്നിവയുടെ അഭാവത്തിൽ, പുനരധിവാസ പിന്തുണ നൽകുന്നതിനുള്ള തുടർനടപടികൾ ഉറപ്പാക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ആവശ്യാനുസരണം പുനരധിവാസ സഹായം നൽകുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാൻ നടപടി സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്).

- **എസ്.എം.എസ് അധിഷ്ഠിത ആപ്ലിക്കേഷൻ സ്റ്റാറ്റസ് സംവിധാനത്തിന്റെ അഭാവം**: റവന്യൂ വകുപ്പിൽ പിന്തുടരുന്നത് പോലെ ഒരു എസ്.എം.എസ് അധിഷ്ഠിത സംവിധാനം, അപേക്ഷകനെ അവരുടെ നഷ്ടപരിഹാരത്തിനായുള്ള അപേക്ഷയുടെ നില അറിയാൻ സഹായിക്കും. എന്നാൽ ഇത് വനം വകുപ്പ് ലഭ്യമാക്കിയിട്ടില്ല. മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ ഒരു ക്ലാർക്ക് തെറ്റായ ബില്ലുകൾ തയ്യാറാക്കുന്നതിനായി ബിൽ ഇൻഫർമേഷൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം[45] ദുരുപയോഗം ചെയ്യുകയും അതുവഴി 2019 ഓഗസ്റ്റ് മുതൽ 2020 ഏപ്രിൽ വരെയുള്ള കാലയളവിൽ 11 ഗുണഭോക്താക്കളുടേതായ 5.53 ലക്ഷം രൂപ അദ്ദേഹത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. എസ്.എം.എസ് അടിസ്ഥാനമാക്കിയുള്ള ആപ്ലിക്കേഷൻ സ്റ്റാറ്റസ് സംവിധാനം അത്തരമൊരു ദുരുപയോഗം തടയുമായിരുന്നു.

സർക്കാർ മറുപടി (2023 മാർച്ച്) പ്രകാരം, അംഗീകൃത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. എന്നിരുന്നാലും, നാളികേരത്തിനുള്ള നഷ്ടപരിഹാര അപേക്ഷകളിൽ ശ്രദ്ധയിൽപ്പെട്ട പൊരുത്തക്കേടുകളുടെ കാര്യത്തിൽ മറുപടി നിശബ്ദമാണ്. കന്നുകാലികളെ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് അംഗീകൃത ഉദ്യോഗസ്ഥൻ, അതായത് വെറ്റിനറി ഡോക്ടർ, കന്നുകാലികളുടെ പ്രായം, കറവയുള്ളത് / കറവയില്ലാത്തത് മുതലായവ ഉൾപ്പെടെയുള്ള സാധ്യമായ എല്ലാ വശങ്ങളും പരിഗണിച്ചാണ് നഷ്ടം വിലയിരുത്തിയതെന്ന് പ്രസ്താവിച്ചു. കന്നുകാലികളുടെ ഇനം, പ്രായം, കറവയുള്ളത് / കറവയില്ലാത്തത് മുതലായവ അടിസ്ഥാനമാക്കിയുള്ള അളവുകോലുകളിന്മേലുള്ള നിരക്കുകളുടെ അഭാവത്തിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ചതുപോലെ കന്നുകാലികളുടെ നഷ്ടത്തിന്റെ വിലയിരുത്തൽ വസ്തുനിഷ്ഠമല്ല, അതിനാൽ മറുപടി സ്വീകാര്യമല്ല. കോഴിവളർത്തൽ, തടി മരങ്ങൾ, നാളികേരം, അടയ്ക്ക, തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾ എന്നിവയുടെ നഷ്ടത്തിന് അപേക്ഷ സമർപ്പിക്കാനുള്ള വ്യവസ്ഥയുടെ അഭാവം സംബന്ധിച്ച് ഒരു മറുപടിയും നൽകിയിട്ടില്ല. കൂടാതെ, എസ്.എം.എസ്

---

[45] ബിൽ ഇൻഫർമേഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റം എന്നത് ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്ക് ക്ലെയിം സെറ്റിൽമെന്റുകൾക്കായുള്ള ഒരു ഇ-ബിൽ പോർട്ടലാണ്. ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്ക് കണ്ടിജന്റ് ബില്ലുകൾ ഓൺലൈനായി തയ്യാറാക്കാനും ബി.ഐ.എം.എസ് വഴി ട്രഷറിയിലേക്ക് ഇ-സബ്മിറ്റ് ചെയ്യാനും കഴിയും.

അധിഷ്ഠിത ആപ്ലിക്കേഷൻ സ്റ്റാറ്റസ് സംവിധാനത്തിന്റെ സാധ്യതകൾ പരിശോധിക്കുകയും അതനുസരിച്ച് നടപ്പിലാക്കുമെന്നും സർക്കാർ വ്യക്തമാക്കി.

### *2.1.9.2 മനുഷ്യ-വന്യജീവി സംഘർഷത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം*

മനുഷ്യ-വന്യജീവി സംഘർഷത്തിന് ഇരയായവർക്ക് എക്സ്-ഗ്രേഷ്യ ദുരിതാശ്വാസം നൽകുന്നതിന് ലളിതമായ കടലാസുപണികളിലൂടെ പരമാവധി തടസ്സങ്ങൾ കുറച്ച് ദുരിതാശ്വാസം ഉടനടി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പാക്കുവാനും ഔദ്യോഗിക നടപടിക്രമം കാര്യക്ഷമമാക്കുവാനും ദേശീയ വന്യജീവി ആക്ഷൻ പ്ലാൻ നിർദ്ദേശിച്ചു. മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള നഷ്ടപരിഹാരം 1980-ലെ കേരള നഷ്ടപരിഹാര ചട്ടങ്ങൾ പ്രകാരമാണ് നൽകുന്നത്. വകുപ്പിന് ബാധകമായ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം, വന്യജീവികളാൽ ഉണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 30 ദിവസത്തിനകം അനുമതി ഉത്തരവ് നൽകണം.

തിരഞ്ഞെടുത്ത ഡിവിഷനുകളുമായി ബന്ധപ്പെട്ട് 2017-22 കാലയളവിൽ ലഭിച്ചതും, 2022 ഡിസംബർ 16 വരെ തീർപ്പാക്കിയതുമായ അപേക്ഷകളുടെ നില ചുവടെയുള്ള **പട്ടിക 2.5**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 2.5 : തീർപ്പാക്കിയ അപേക്ഷകളുടെ നില**

| വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|
| ആകെ ലഭിച്ച അപേക്ഷകൾ | 5,044 | 5,694 | 5,464 | 4,672 | 4673 | 25,547 |
| അംഗീകരിച്ചവ | 4,356 | 4,879 | 4,631 | 3,250 | 2,151 | 19,267 |
| നിരസിച്ചവ/വീണ്ടും സമർപ്പിച്ചവ | 364 | 409 | 353 | 319 | 365 | 1,810 |
| ആകെ തീർപ്പാക്കാത്തവ | 303 | 397 | 473 | 1,097 | 2,323 | 4,593 |
| ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ പക്കൽ തീർപ്പാകാതെ ഉള്ളവ | 208 | 193 | 219 | 321 | 459 | 1.400 |
| ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പക്കൽ തീർപ്പാകാതെ ഉള്ളവ | 95 | 204 | 254 | 776 | 1,864 | 3,193 |

*(ഉറവിടം: ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ നിന്നുള്ള ഡാറ്റ)*

തീർപ്പാക്കിയ അപേക്ഷകളിന്മേൽ ഇനിപ്പറയുന്നവ നിരീക്ഷിച്ചു :

- ലഭിച്ച 25,547 അപേക്ഷകളിൽ, 19,267 അപേക്ഷകൾ അംഗീകരിച്ചു, 4,593 അപേക്ഷകളിൽ (17.98 ശതമാനം) തീർപ്പുകൽപ്പിക്കപ്പെട്ടിട്ടില്ല. ഇതിൽ 2,270 അപേക്ഷകൾ ഒരു വർഷത്തിലേറെയായി തീർപ്പാകാതെ കിടക്കുകയാണ്.

- ആകെ ലഭിച്ച അപേക്ഷകളിൽ നിന്ന് അംഗീകരിച്ചതും / നിരസിച്ചതും / വീണ്ടും സമർപ്പിച്ചതുമായ അപേക്ഷകൾ കുറച്ചതിന് ശേഷം 2017-22 കാലയളവിൽ തീർപ്പാകാത്ത 4,470 അപേക്ഷകൾ ഉണ്ടായിരുന്നു. എന്നാൽ ഇ-ഡിസ്ട്രിക്ട് പോർട്ടൽ പ്രകാരം തീർപ്പാകാത്ത അപേക്ഷകൾ 4,593 ആയിരുന്നു, അതായത് 123[46] എണ്ണത്തിന്റെ വ്യത്യാസം. വകുപ്പ് ഈ വ്യത്യാസങ്ങൾ എവിടെയെന്ന് കണ്ടെത്തി പരിഹരിക്കണം.

[46] 25,547-(19,267+1,810)=4,470; 4,593-4,470=123.

നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യമുണ്ടെന്നും, ഇത് ഫണ്ട് ലഭ്യതയുടെ അഭാവം മൂലമാണെന്നും സർക്കാർ അംഗീകരിച്ചു (2023 മാർച്ച്). നഷ്ടപരിഹാരം എത്രയും വേഗം നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

തീർപ്പാകാത്ത അപേക്ഷകളുടെ കണക്കുകളിലെ പൊരുത്തക്കേടിന്റെ കാരണം നൽകിയിട്ടില്ല.

### *2.1.9.3 മനുഷ്യ-വന്യജീവി സംഘർഷങ്ങളിന്മേലുള്ള സാമൂഹിക-സാമ്പത്തിക ആഘാത പഠനങ്ങളുടെ അഭാവം*

ദേശീയ വന്യജീവി പ്രവർത്തന പദ്ധതി 2017-31 പ്രകാരം, മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ വർദ്ധനവ് വന്യജീവി സംരക്ഷണത്തോടുള്ള ജനങ്ങളുടെ വിരോധം വർദ്ധിക്കുന്നതിലേക്കും തത്ഫലമായി മൃഗങ്ങളോടുള്ള പകപോക്കൽ എന്ന നിലയിൽ അവയെ കൊല്ലുന്നതിലേക്കും പരിക്കേൽപ്പിക്കുന്നതിലേക്കും നയിക്കുന്നു. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ചുള്ള സാമൂഹിക-സാമ്പത്തിക ആഘാത പഠനം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളിലേക്കും മനുഷ്യരും വന്യജീവികളും സഹവർത്തിത്വത്തോടെ ജീവിക്കുന്നത് ഉറപ്പാക്കുന്നതിനായി വകുപ്പ് സ്വീകരിക്കേണ്ട പ്രാരംഭ നടപടികളിലേക്കും വെളിച്ചം വീശും. എന്നാൽ ഇത്തരത്തിൽ ഒരു പഠനവും വകുപ്പ് നടത്തിയിട്ടില്ല. നാല് സ്ഥലങ്ങളിൽ[47] നടത്തിയ സംയുക്ത പരിശോധനയിൽ (2021 സെപ്റ്റംബർ-ഒക്ടോബർ) ഉപേക്ഷിക്കപ്പെട്ട കൃഷിഭൂമി/വീടുകൾ, ചടങ്ങുകളിൽ പങ്കെടുക്കാൻ ആളുകൾക്കുള്ള ഭയം, തൊഴിലവസരങ്ങൾ നഷ്ടപ്പെടുമോ എന്ന ഭയം തുടങ്ങിയവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

സംസ്ഥാനത്ത് സാമൂഹിക-സാമ്പത്തിക ആഘാത പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകിയിട്ടില്ല. കൂടുതൽ മറുപടി കാത്തിരിക്കുന്നു (2023 ഏപ്രിൽ).

***ശുപാർശകൾ: മനുഷ്യ-വന്യജീവി സംഘർഷങ്ങളിന്മേലുള്ള അപേക്ഷകൾ തീർപ്പെടുത്തുന്ന പ്രക്രിയ സുഗമമാക്കുക, കൃത്യസമയത്ത് നഷ്ടപരിഹാരം നൽകുക, പുനരധിവാസ സഹായം മുതലായവ വന്യമൃഗങ്ങളുടെ സംരക്ഷണത്തോടുള്ള ജനങ്ങളുടെ നിസ്സംഗത കുറയ്ക്കുകയും ആത്മവിശ്വാസം ഉറപ്പാക്കുകയും ചെയ്യും.***

### 2.1.10 മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിന് എല്ലാ തത്പരകക്ഷികളുമായുള്ള ഏകോപനം

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ വിവിധ തത്പരകക്ഷികളുമായുള്ള ഏകോപനമില്ലായ്മ വകുപ്പിന്റെ മനുഷ്യ-വന്യജീവി സംഘർഷ നടപടികളെ ബാധിക്കുന്നു.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ, മൃഗസംരക്ഷണം, കൃഷി, ടൂറിസം വകുപ്പുകൾ തുടങ്ങിയ എല്ലാ തത്പരകക്ഷികളുമായുള്ള ഫലപ്രദമായ ഏകോപനം മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ പ്രതിരോധ ലഘൂകരണ നടപടികൾ വിജയകരമായി നടപ്പാക്കുന്നതിന് നിർണായകമാണ്. ഒരുമിച്ച് പ്രവർത്തിക്കുന്നതിലൂടെ, മനുഷ്യരും വന്യജീവികളും സഹവർത്തിത്വത്തോടെ ജീവിക്കുന്നതിന് വേണ്ട പരിഹാര നടപടികൾ വികസിപ്പിക്കാനും അവ നടപ്പിലാക്കാനും വകുപ്പിന് കഴിയും. ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു:

---

[47] മണ്ണാർക്കാട് ഡിവിഷനിലെ തിരുവിഴാംക്കുന്ന് ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിലുള്ള ഇരട്ടാവലി; പാലക്കാട് ഡിവിഷനിൽ ട്രാക്ക് ബി റെയിൽവേ ലൈനിനടുത്തുള്ള സ്ഥലം; മലയാറ്റൂർ ഡിവിഷന്റെ കീഴിലുള്ള മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിലുള്ള കുമ്പളത്തോട്, വടക്കുംഭാഗം, വടാട്ടുപാറ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിലുള്ള ആനമുക്ക്.

### *2.1.10.1 വനാതിർത്തി പ്രദേശങ്ങളിൽ ആകർഷകമായ വിളകൾ കൃഷി ചെയ്യുന്നത് തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും പങ്കാളിത്തമില്ലായ്മ*

ദേശീയ വന്യജീവി ആക്ഷൻ പ്ലാൻ 2017-31, ഗ്രാമവാസികൾക്കിടയിൽ ഇതര കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം നിർദ്ദേശിക്കുന്നു. കൂടാതെ, വന്യജീവികളെ ആകർഷിക്കുന്ന വിളകൾ കൃഷി ചെയ്യുന്നത് ഒഴിവാക്കാൻ വനാതിർത്തി പ്രദേശങ്ങളിലെ കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നത് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പരിഹാരങ്ങളിലൊന്നായി വകുപ്പ് കണ്ടെത്തി.

ഓഡിറ്റ് കാലയളവിൽ ലഭിച്ച 49,364 മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെ നഷ്ടപരിഹാര അപേക്ഷകളിൽ, 34,814 അപേക്ഷകൾ (70.53 ശതമാനം) വിളനാശവുമായി ബന്ധപ്പെട്ടുള്ളതാണ്.

സാധാരണയായി, ആനകൾ വിളകൾ കടന്നാക്രമിക്കുന്നത് അവ കൂടുതൽ രുചികരവും കൂടുതൽ പോഷകഗുണമുള്ളതും കാട്ടിൽ ലഭ്യമായ സസ്യങ്ങളേക്കാൾ താഴ്ന്ന ദ്വിതീയ പ്രതിരോധശേഷിയുള്ളതുമായതിനാലാണ്. വാഴ, പൈനാപ്പിൾ തുടങ്ങിയ വിളകൾ ആനകളെ ആകർഷിക്കുന്നവയാണ്, അതേസമയം മാങ്ങ ഇഞ്ചി, നാരങ്ങ മുതലായ വിളകൾ സാമ്പത്തികമായി ആകർഷകമാണ്, മൃഗങ്ങളൊന്നും ആക്രമിക്കുകയുമില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനും ഇത്തരം ബദൽ വിളകളിലേക്ക് മാറാൻ കർഷകരെ പ്രേരിപ്പിക്കുന്നതിനുമായി ഫലപ്രദമായ തന്ത്രം ആവിഷ്കരിക്കുന്നതിന് വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ കൃഷി വകുപ്പിന്റെയോ സഹായം ആരാഞ്ഞിട്ടില്ല.

ബന്ധപ്പെട്ട തത്പരകക്ഷികളെ ഉൾപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും (2023 മാർച്ച്) വനാതിർത്തികളിൽ താമസിക്കുന്നവരെ ബോധവത്കരിക്കാനും ഇതര വിളകൾ പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിക്കുമെന്നും ഉറപ്പുനൽകി.

### *2.1.10.2 ഇന്റർ ഡിപ്പാർട്ട്മെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റികളുടെ രൂപീകരണത്തിലെയും യോഗം ചേരുന്നതിലെയും കാലതാമസം*

പരിസ്ഥിതി വനം മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശം[48] അനുസരിച്ച് സംസ്ഥാന തലത്തിലും[49] ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശുപാർശ പ്രകാരം ജില്ലാതലത്തിലും[50] മനുഷ്യ-വന്യജീവി സംഘർഷത്തിന് സാധ്യതയുള്ള സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അല്ലെങ്കിൽ അങ്ങനെയുണ്ടെന്ന് തിരിച്ചറിഞ്ഞ ജില്ലകളിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം. സംസ്ഥാനതല ഏകോപന സമിതി ആറുമാസത്തിലൊരിക്കലും ജില്ലാതല ഏകോപന സമിതി മൂന്നുമാസത്തിലൊരിക്കലും കൂടേണ്ടതാണ്.

2021 ഒക്ടോബർ 25-ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സമിതികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കേരള സർക്കാരിന് ശുപാർശ ചെയ്തു. ഓരോ ജില്ലയിലും ഒന്ന് വീതം 14 ജില്ലാതല ഏകോപന സമിതികൾ രൂപീകരിച്ച് 2021 ഡിസംബർ 09-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2021-22 കാലയളവിൽ, ഏഴ് ജില്ലാതല ഏകോപന സമിതികൾ മാത്രമാണ് 2022 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ചേർന്നത്.

---

48 2021 ഫെബ്രുവരി 06-ലെ എഫ്. നം.860/2020 ഡബ്ല്യു.എൽ.

49 ചീഫ് വൈൽഡ് ലൈഫ് വാർഡൻ മെമ്പർ സെക്രട്ടറിയും, ആഭ്യന്തരം, ധനകാര്യം തുടങ്ങിയ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെട്ട ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല ഏകോപന സമിതി.

50 ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ ഫോറസ്റ്റ് ഓഫീസർ/വനം ജില്ലാ ആസ്ഥാനത്തെ വൈൽഡ് ലൈഫ് വാർഡൻ മെമ്പർ സെക്രട്ടറിയായും, സംസ്ഥാനതല ഏകോപന സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും ജില്ലാതല ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതുമായ ജില്ലാതല ഏകോപന സമിതി.

ജില്ലാതല ഏകോപന സമിതികളുടെ രൂപീകരണത്തിൽ 10 മാസത്തിലധികം കാലതാമസം ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. ഏഴ് ജില്ലാതല ഏകോപന സമിതികൾ യോഗങ്ങളൊന്നും നടത്തിയിട്ടില്ല (2022 മാർച്ച്), ഇത് മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിലും കൈകാര്യം ചെയ്യുന്നതിലും വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള അലംഭാവം കാണിക്കുന്നു.

2022 ഡിസംബറോടെ എല്ലാ ജില്ലാതല ഏകോപന സമിതികളുടെയും യോഗം വിളിച്ചിട്ടുണ്ടെന്നും അതിൽ സ്വീകരിച്ച തുടർനടപടികൾ ഭാവി നടപടികൾക്കായി പരിശോധിക്കുന്നുണ്ടെന്നും സർക്കാർ മറുപടി നൽകി (2023 മാർച്ച്). സംസ്ഥാനതല ഏകോപന സമിതി യോഗത്തിന്റെ വിശദാംശങ്ങൾ നൽകിയിട്ടില്ല, കൂടാതെ സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതല ഏകോപന സമിതി /സംസ്ഥാനതല ഏകോപന സമിതികളുടെ ആനുകാലിക യോഗം നടത്തുമെന്ന ഉറപ്പും മറുപടിയിൽ ഇല്ലായിരുന്നു.

### *2.1.10.3 ഇൻഷുറൻസ് അപേക്ഷകളുടെ ഇരട്ടിക്കൽ ഒഴിവാക്കാൻ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനം*

വന്യമൃഗങ്ങളാൽ ഉണ്ടാകുന്ന വിളനാശത്തിന് സർക്കാർ സ്പോൺസർ ചെയ്ത വിള ഇൻഷുറൻസ് പദ്ധതിയാണ് പ്രധാൻ മന്ത്രി ഫസൽ ബീമാ യോജന, ഇത് സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖേനയാണ് നടപ്പാക്കിയത്. അതുപോലെ, കന്നുകാലികളുടെ നഷ്ടത്തിന് മൃഗസംരക്ഷണ വകുപ്പിന് ഇൻഷുറൻസ് പദ്ധതികളുണ്ട്. 1980-ലെ കേരള നഷ്ടപരിഹാര നിയമങ്ങൾ അതിൻ പ്രകാരം നൽകുന്ന നഷ്ടപരിഹാരത്തിന് പുറമെ സർക്കാർ സ്പോൺസർ ചെയ്യുന്ന ഇൻഷുറൻസ് ക്ലെയിമുകളും സ്വീകരിക്കുന്നത് വിലക്കുന്നില്ല. അതിനാൽ, ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിലൂടെ നഷ്ടപരിഹാരത്തിനായി അപേക്ഷ ലഭിക്കുമ്പോൾ, സർക്കാരിന്റെ ഏതെങ്കിലും ഇൻഷുറൻസ് പരിരക്ഷയിൽ ഇതിനകം കന്നുകാലികൾ/വിളകൾ പരിരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ തേടുന്നതിന് വ്യവസ്ഥയില്ല. ഒന്നിലധികം സർക്കാർ സ്രോതസ്സുകളിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

ഇൻഷുറൻസ് ക്ലെയിമുകളുടെ ഇരട്ടിക്കൽ ഒഴിവാക്കാൻ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ സംവിധാനം വഴി നഷ്ടപരിഹാരത്തിനായുള്ള അപേക്ഷയിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകി (2023 മാർച്ച്). ഇത് പാലിച്ചിട്ടുണ്ടോ എന്നുള്ളതിന്റെ പുരോഗതി പ്രതീക്ഷിക്കുന്നു.

### *2.1.10.4 തത്പരകക്ഷികളായ വിവിധ വകുപ്പുകളുടെ ഏകോപനത്തിലെ അഭാവം*

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് റവന്യൂ, ടൂറിസം, മൃഗസംരക്ഷണം, തുടങ്ങിയ വകുപ്പുകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ഏകോപനം ആവശ്യമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ ഇനിപ്പറയുന്ന സന്ദർഭങ്ങളിൽ ഏകോപനത്തിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടു.

- **റവന്യൂ വകുപ്പ് :**

ചുവടെ പറയുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടു:

- മറയൂർ ഡിവിഷനിലെ 1,902.33 ഹെക്ടർ വനഭൂമിയുടെ പദവി 1993 മുതൽ റീ-സർവേയുടെ അടിസ്ഥാനത്തിൽ റവന്യൂ ഭൂമിയായി റവന്യൂ വകുപ്പ് പരിഷ്കരിച്ചു.
- ***ഖണ്ഡിക 2.1.7.2***-ൽ പറഞ്ഞിരിക്കുന്ന പ്രകാരം വനഭൂമിയിൽ റവന്യൂ വകുപ്പ് പട്ടയം നൽകിയിട്ടുണ്ട്.
- വനഭൂമി കയ്യേറ്റം പൊതുവെ വനത്തിന് സമീപമുള്ള പ്രദേശങ്ങളിലാണ് നടക്കുന്നത്.

വനാതിർത്തി പ്രദേശങ്ങളിൽ റീ-സർവേ നടത്തുമ്പോഴും പട്ടയം നൽകുമ്പോഴും വകുപ്പുകൾ തമ്മിൽ വേണ്ടത്ര കൂടിയാലോചനകൾ നടത്താത്തത് ദീർഘകാല

തർക്കങ്ങൾക്കും വനഭൂമി ശോഷിക്കുന്നതിനും ഇടയാക്കുന്നു. കയ്യേറ്റക്കാരെ കണ്ടെത്തുന്നതിലും ഒഴിപ്പിക്കുന്നതിലുമുള്ള ഏകോപന ശ്രമങ്ങളുടെ അഭാവം വന്യജീവികളുടെ ആവാസവ്യവസ്ഥ വിഘടിച്ചു പോകുന്നതിന് കാരണമാകുന്നു, കൂടാതെ സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ സ്ഥിതി കൂടുതൽ വഷളാക്കുന്നു.

- **മൃഗസംരക്ഷണ വകുപ്പ് :**

വനഭൂമിയിൽ കന്നുകാലികൾ മേയുന്നത് മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണെന്ന് കണ്ടെത്തി ***(ഖണ്ഡിക 2.1.7.9)***. കന്നുകാലി കർഷകർക്ക് ജന്തു-ജന്യരോഗങ്ങളെക്കുറിച്ചും മേച്ചിൽ മൂലമുണ്ടാകുന്ന മറ്റ് മനുഷ്യ-വന്യജീവി സംഘർഷങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി ഏകോപനം ആവശ്യമാണ്.

- **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ :**

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിനും ലഘൂകരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. പ്രതിരോധ ഘടനകളുടെ പതിവ് അറ്റകുറ്റപ്പണികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തണം.

വനാതിർത്തി പ്രദേശങ്ങളിൽ മാലിന്യം തള്ളുന്നത് കാട്ടുപന്നികളും കുരങ്ങുകളും ജനവാസ കേന്ദ്രങ്ങളിലേക്ക് അതിക്രമിച്ച് കയറുന്നതിനും അതുവഴി മനുഷ്യ-വന്യജീവി സംഘർഷത്തിലേക്ക് നയിക്കുന്നതിനുമുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. ഈ മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഏകോപനം വന്യമൃഗങ്ങളുടെ ജനവാസ കേന്ദ്രങ്ങളിലേക്കുള്ള കടന്നുകയറ്റം കുറയ്ക്കും.

- **വിനോദസഞ്ചാര വകുപ്പ് :**

വനങ്ങൾക്ക് സമീപമുള്ള ചില പ്രദേശങ്ങളിലെ വിനോദസഞ്ചാര പ്രവർത്തനങ്ങൾ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് കാരണമായി. ഉദാഹരണത്തിന്, വർദ്ധിച്ച വിനോദസഞ്ചാര പ്രവർത്തനങ്ങൾ കാരണം ആനയിറങ്കലിലും ഇടുക്കിയുടെ സമീപ പ്രദേശങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 2021 ജനുവരിയിൽ മേപ്പാടിയിൽ, വനാതിർത്തിയിലെ കൂടാരത്തിൽ താമസിച്ചിരുന്ന ഒരു വനിതാ വിനോദസഞ്ചാരി കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. കൂടാതെ, മുത്തങ്ങ റേഞ്ചിലെ കുമിഴിയിലെ റിസോർട്ടുകളിൽ വിനോദസഞ്ചാരികൾ വലിയ ശബ്ദമുണ്ടാക്കിയും വേട്ടയാടിയും വന്യമൃഗങ്ങളെ ശല്യപ്പെടുത്തുന്നതായി റിപ്പോർട്ടുണ്ട്.

ടൂറിസം വകുപ്പുമായി സഹകരിച്ച് ടൂറിസം സംരംഭങ്ങൾ ഉത്തരവാദിത്തത്തോടെ നടപ്പാക്കാൻ ടൂറിസ്റ്റ് റിസോർട്ട് നടത്തിപ്പുകാർക്കും വനാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന വിനോദസഞ്ചാരികൾക്കും വനം വകുപ്പ് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

വനമേഖലയ്ക്ക് പുറത്തുള്ള വിനോദസഞ്ചാരം കൈകാര്യം ചെയ്യുന്നത് ടൂറിസം വകുപ്പാണെന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്). എന്നിരുന്നാലും, ഉചിതമായ പഠനങ്ങൾക്ക് ശേഷം ബന്ധപ്പെട്ട പ്രദേശങ്ങളിലെ വന്യജീവി / വന്യമൃഗങ്ങളുടെ സംരക്ഷണത്തിന് അഭികാമ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം പരിഗണിക്കുകയും പുറപ്പെടുവിക്കുകയും ചെയ്യുമെന്നും ഉറപ്പ് നൽകി.

റിപ്പോർട്ടിൽ നിരീക്ഷിച്ച പോരായ്മകൾ അവലോകനം ചെയ്യുമെന്നും പ്രശ്നം പരിഹരിക്കാൻ ഉചിതമായ നടപടി സ്വീകരിക്കുമെന്നും സർക്കാർ ഉറപ്പ് നൽകി (2023 മാർച്ച്).

***ശുപാർശകൾ :***

- ***സംസ്ഥാനത്ത് മനുഷ്യ–വന്യജീവി സംഘർഷങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനും ആഘാതം കുറയ്ക്കുന്നതിനും വകുപ്പ് എല്ലാ തത്പരകക്ഷികളുമായും സഹകരിക്കണം.***
- ***പരിശീലനം, തൈകൾ നൽകൽ, ലക്ഷ്യമിടുന്ന വായ്പകൾ, വരുമാന നഷ്ടമുണ്ടായാലുള്ള ഇൻസെന്റീവ്, ഉൽപന്നങ്ങൾക്ക് വിപണി ഉറപ്പാക്കുക തുടങ്ങിയവയിലൂടെ വനാതിർത്തി പ്രദേശങ്ങളിൽ ഇതര വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൃഷി വകുപ്പിനും നിർദേശം നൽകേണ്ടതാണ്.***

## *2.2 റോഡിനായി കൈമാറ്റം ചെയ്ത ഭൂമിക്ക് പകരം ലഭിച്ച വനഭൂമി തിരിച്ചറിയുന്നതിൽ വനം, വന്യജീവി വകുപ്പിനുണ്ടായ പരാജയം, നഷ്ടപരിഹാര വനവൽക്കരണവും ഒരു സംസ്ഥാന പാതയുടെ പുനർനിർമ്മാണവും നടപ്പാകാതിരിക്കാൻ കാരണമായി.*

**ഒരു സ്വകാര്യ വ്യക്തിയിൽ നിന്ന് ഭൂമി വാങ്ങി നഷ്ടപരിഹാര വനവൽക്കരണത്തിനായി കൈമാറാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചത് നിക്ഷിപ്ത വനഭൂമിയാണെന്ന് തിരിച്ചറിയുന്നതിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരാജയപ്പെട്ടു.**

ഏതെങ്കിലും ഒരു വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് സംസ്ഥാന സർക്കാരുകൾ ഭാരത സർക്കാരിന്റെ മുൻകൂർ അനുമതി തേടണമെന്ന് 1980–ലെ വനം (സംരക്ഷണ) നിയമത്തിലെ വിഭാഗം 2 (ii) വ്യവസ്ഥ ചെയ്യുന്നു. 1971–ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) നിയമത്തിലെ സെക്ഷൻ 4 അനുസരിച്ച്, എല്ലാ സ്വകാര്യ വനങ്ങളും സർക്കാരിൽ നിക്ഷിപ്തമായി തുടരുന്നിടത്തോളം, 1961–ലെ കേരള ഫോറസ്റ്റ് നിയമം (1962–ലെ 4) പ്രകാരം രൂപീകരിച്ച സംരക്ഷിത വനങ്ങളായി കണക്കാക്കപ്പെടുകയും ആ നിയമത്തിലെ വ്യവസ്ഥകൾ അത്തരം സംരക്ഷിത വനങ്ങളായി കണക്കാക്കപ്പെടുന്നവയ്ക്ക് ബാധകമായിരിക്കുകയും ചെയ്യും.

കേരള സർക്കാരിലെ പൊതുമരാമത്ത് വകുപ്പ്, ചെയിനേജ് കി.മീ 8/000 മുതൽ 30/022 വരെയുള്ള നെമ്മാറ–നെല്ലിയാമ്പതി റോഡ് വികസനത്തിനായി നെമ്മാറ ഫോറസ്റ്റ് ഡിവിഷനിലെ 4.05 ഹെക്ടർ വനഭൂമി തരം മാറ്റുന്നതിന് കേരള സർക്കാരിന്റെ വനം, വന്യജീവി വകുപ്പ് മുഖേന കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി തേടിയിരുന്നു. വനം, വന്യജീവി വകുപ്പിന് ഉപയോക്തൃ ഏജൻസി തത്തുല്യമായ വനേതര ഭൂമിയും നഷ്ടപരിഹാര വനവൽക്കരണം നടത്തുന്നതിനുള്ള തുകയും കൈമാറ്റം ചെയ്യണം എന്ന ഒരു വ്യവസ്ഥയോടെയാണ് ഭൂമി തരം മാറ്റാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയത് (2006 ഒക്ടോബർ).

കേരള സർക്കാർ, പൊതുമരാമത്ത് വകുപ്പ്, 4.07 ഹെക്ടർ വരുന്ന സ്വകാര്യ ഭൂമി കണ്ടെത്തുകയും അത് നഷ്ടപരിഹാര വനവൽക്കരണത്തിന് അനുയോജ്യമാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിക്കുകയും, ആയത് വാങ്ങി വനം, വന്യജീവി വകുപ്പിന് കൈമാറുകയും ചെയ്തു (2006 ഡിസംബർ). എന്നാൽ, ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്ന് വനം, വന്യജീവി വകുപ്പ് പിന്നീട് തിരിച്ചറിഞ്ഞു (2013 ഡിസംബർ). വകമാറ്റിയ ഭൂമിക്ക് പകരം തടസ്സരഹിതമായ ഭൂമി ഇതുവരെ കൈമാറിയിട്ടില്ലാത്തതിനാൽ (2023 ഫെബ്രുവരി) നഷ്ടപരിഹാര വനവൽക്കരണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ 2018–ലെ വെള്ളപ്പൊക്കത്തിൽ തകർന്ന നെമ്മാറ–നെല്ലിയാമ്പതി സംസ്ഥാന പാത ഉൾപ്പെടെയുള്ള റോഡുകൾ പുനർനിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിക്കുകയും 105.48 കോടി രൂപയുടെ ഭരണാനുമതി (2020 ഓഗസ്റ്റ്) നൽകുകയും ചെയ്തു. റോഡ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയ ഭൂമി വനഭൂമിയിൽ നിന്ന് ഡി–നോട്ടിഫൈ ചെയ്തിട്ടില്ലെന്നും അവിടെ നിർമ്മാണ/അറ്റകുറ്റപ്പണി പ്രവർത്തികൾക്ക് വനം,

വന്യജീവി വകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും നെമ്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പൊതുമരാമത്ത് വകുപ്പ് അധികാരികളോട് വ്യക്തമാക്കി (2020 ഒക്ടോബർ). സംസ്ഥാന പാത നെല്ലിയാമ്പതി റിസർവ് ഫോറസ്റ്റ് ഏരിയയിലൂടെ കടന്നുപോകുന്നതിനാൽ, വനം, വന്യജീവി വകുപ്പിൽ നിന്ന് അനുവാദം നേടണമെന്ന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ധനസഹായം നൽകുന്ന ജർമ്മൻ ബാങ്ക് ആവശ്യപ്പെട്ടു. കൂടാതെ, പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് ആവശ്യമായ 'നോ ഒബ്ജെക്ഷൻ' ബാങ്ക് പുറപ്പെടുവിച്ചിട്ടില്ല.

ഓഡിറ്റ് ഇനിപ്പറയുന്നവ നിരീക്ഷിച്ചു:

- വനം, വന്യജീവി വകുപ്പിൽ നെറ്റ് പ്രസന്റ് വാല്യുവായും നഷ്ടപരിഹാര വനവൽക്കരണത്തിനായും 42.48 ലക്ഷം രൂപ നിക്ഷേപിച്ചെങ്കിലും പതിനാറു വർഷം കഴിഞ്ഞിട്ടും (2022) കൈമാറ്റം ചെയ്ത ഭൂമിയിൽ നഷ്ടപരിഹാര വനവൽക്കരണം നടന്നിട്ടില്ല; ഒപ്പം

- റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ 105.48 കോടി രൂപയ്ക്ക് വെള്ളപ്പൊക്കത്തിൽ തകർന്ന റോഡിന്റെ പുനർനിർമ്മാണത്തിനു ഭരണാനുമതി നേടിയെങ്കിലും (2020 ആഗസ്റ്റ്) മേൽപ്പറഞ്ഞ കാരണത്താൽ പുനർനിർമ്മാണം നടത്താൻ കഴിയാതെ വരികയും അതുവഴി പൊതുജനങ്ങൾക്കുള്ള സൗകര്യം നിഷേധിക്കുകയും ചെയ്തു.

അഡീഷണൽ ചീഫ് സെക്രട്ടറിയും, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും, വനം, വന്യജീവി വകുപ്പിനു നഷ്ടപരിഹാര വനവൽക്കരണത്തിനായി ഒരു ബദൽ ഭൂമി കണ്ടെത്താൻ പാലക്കാട് ജില്ലാ കളക്ടറേ ചുമതലപ്പെടുത്തിയതായി (2021 ജനുവരി) വനം, വന്യജീവി വകുപ്പ് മറുപടി നൽകി (2023 ജനുവരി). നഷ്ടപരിഹാര ഭൂമി വനം, വന്യജീവി വകുപ്പിനു കൈമാറുന്നതിനുള്ള നടപടികൾ ഇതുവരെ (2023 ഫെബ്രുവരി) പൂർത്തിയായിട്ടില്ല.

വി.എഫ്.സി ഇനം നമ്പർ.35-നായി മുൻപ് തയ്യാറാക്കിയ ചുറ്റളവിലുള്ള സ്കെച്ചിന് പുറത്ത് നിക്ഷിപ്ത വനഭൂമി വിജ്ഞാപനം നമ്പറിൽ 2001 ഏപ്രിൽ 28-ലെ ബി2-3590/2001 പ്രകാരം ഉൾപ്പെട്ട 34 ബിറ്റുകൾ ഉണ്ടെന്നും, ഭൂമി ഏറ്റെടുക്കുന്ന സമയത്ത് ലഭ്യമായ മുഴുവൻ നിക്ഷിപ്ത പ്രദേശവും കാണിക്കുന്ന സ്കെച്ചുകളൊന്നും ഇല്ലായിരുന്നെന്നും സർക്കാർ മറുപടി നൽകി (2023 മാർച്ച്). പൊതുമരാമത്ത് വകുപ്പ് അധികൃതർ ഭൂമി കൈമാറ്റം ചെയ്യുന്ന സമയത്ത് കൈമാറാൻ തീരുമാനിച്ച ഭൂമി നിക്ഷിപ്ത വനമാണെന്ന് തിരിച്ചറിയാൻ വനം, വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല, 2014 മാർച്ചിൽ മാത്രമാണ് വകുപ്പ് ഇക്കാര്യം അറിയിച്ചത്. ഇത് കൂടാതെ, തടസ്സരഹിതമായ ഭൂമി വനം, വന്യജീവി വകുപ്പിന് കൈമാറാൻ ഉപയോക്തൃ വകുപ്പിനാണ് ഉത്തരവാദിത്തം എന്നും അത് ഇതുവരെ ലഭിച്ചിട്ടില്ല എന്നും പ്രസ്താവിച്ചു. അതിനാൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിലുള്ള റോഡ് പ്രവൃത്തിക്ക്, വകുപ്പ് നോ ഒബ്ജെക്ഷൻ ഇതുവരെ നൽകിയിട്ടില്ല (2023 മാർച്ച്).

സ്വന്തം ഭൂമിയുടെ അതിർത്തി വ്യക്തമായി നിർണ്ണയിച്ചു സൂക്ഷിക്കേണ്ടത് വനം-വന്യജീവി വകുപ്പിന്റെ ഉത്തരവാദിത്തമായതിനാൽ മറുപടി സ്വീകാര്യമല്ല.

അതിനാൽ, വനഭൂമി തിരിച്ചറിയുന്നതിൽ വനം, വന്യജീവി വകുപ്പിനുണ്ടായ കാലതാമസവും നഷ്ടപരിഹാര വനവൽക്കരണത്തിനായി തടസ്സരഹിത ഭൂമി പൊതുമരാമത്ത് വകുപ്പ് കൈമാറാതിരുന്നതും റോഡ് അടിസ്ഥാന സൗകര്യ വികസന പദ്ധതി തടസ്സപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം പൊതുജനത്തിന് നിഷേധിക്കുന്നതിനും ഇടയാക്കി.

***ശുപാർശ: തർക്കങ്ങൾ ഒഴിവാക്കുന്നതിനും കയ്യേറ്റങ്ങൾ തടയുന്നതിനുമായി നിക്ഷിപ്ത വനഭൂമി ഉൾപ്പെടെയുള്ള വകുപ്പിന് കീഴിലുള്ള ഭൂമിയുടെ രേഖകൾ പരിപാലിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വനം, വന്യജീവി വകുപ്പിന് സർക്കാർ കർശന നിർദ്ദേശം നൽകണം. കൂടാതെ, നഷ്ടപരിഹാര വനവൽക്കരണത്തിനായി ബദൽ ഭൂമി ലഭ്യമാക്കുന്നതിനും അതുവഴി റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ***

***ലക്ഷ്യമനുസരിച്ച് റോഡ് പുനർനിർമ്മിക്കുന്നതിനും വകുപ്പ് പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് പ്രവർത്തിക്കണം.***

## പൊതുമരാമത്ത് വകുപ്പ്

### *2.3 കേരള പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ, പരിപാലന പ്രവർത്തനങ്ങൾ*

### 2.3.1 ആമുഖം

സംസ്ഥാന സർക്കാരിന്റെ മരാമത്ത് പ്രവൃത്തികളായ കെട്ടിടങ്ങൾ, റോഡുകൾ മുതലായവയുടെ രൂപകൽപ്പന, ആസൂത്രണം, നിരീക്ഷണം, നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയുടെ ഫണ്ടിന്റെ ഉറവിടം ഏതു തന്നെയായാലും, അവ നടപ്പിലാക്കേണ്ട നിയമപരമായ അധികാരിയാണ്[51] പൊതുമരാമത്ത് വകുപ്പ് (പി.ഡബ്ല്യൂ.ഡി). കേരള പി.ഡബ്ല്യു.ഡി–യുടെ കെട്ടിട വിഭാഗത്തിനാണ് സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെയും അറ്റകുറ്റപ്പണികളുടെയും ഉത്തരവാദിത്തം, അതായത് (i) സ്റ്റാഫ് ക്വാർട്ടേഴ്സ് പോലെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ (ii) 'പൊതു സേവനങ്ങൾ' (പബ്ലിക് സർവീസ് കമ്മീഷൻ, ജയിലുകൾ, സ്റ്റേഷനറി & പ്രിന്റിംഗ് മുതലായവ), 'സാമൂഹ്യ സേവനങ്ങൾ' (വിദ്യാഭ്യാസം, കായികം, കല & സംസ്കാരം, മെഡിക്കൽ & പൊതുജനാരോഗ്യം, കുടുംബക്ഷേമം, സാമൂഹ്യക്ഷേമം മുതലായവ) 'സാമ്പത്തിക സേവനങ്ങൾ' (കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, സഹകരണം മുതലായവ) എന്നിവയുമായി ബന്ധപ്പെട്ട സർക്കാർ നോൺ റെസിഡൻഷ്യൽ ജനറൽ പർപ്പസ് ഓഫീസും ഭരണ വിഭാഗം കെട്ടിടങ്ങളും (iii) സാമൂഹിക സാമ്പത്തിക സേവനങ്ങൾക്ക് കീഴിൽ വരുന്ന പ്രവർത്തനാധിഷ്ഠിത കെട്ടിടങ്ങൾ, അതായത്, സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, കാർഷിക കോളേജുകൾ മുതലായവ. കൂടാതെ, നിലവിലുള്ള ആസ്തികളുടെ ആനുകാലികവും പ്രതിരോധാത്മകവുമായ അറ്റകുറ്റപ്പണികൾ നടത്തി കൊണ്ടും നിർമ്മാണത്തിലെ ഗുണനിലവാര നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടും സർക്കാർ കെട്ടിടങ്ങളുടെ ഈട് ഉറപ്പാക്കേണ്ടത് ഈ വിഭാഗത്തിന്റെ കടമയാണ്. സർക്കാർ കെട്ടിടങ്ങളുടെ ആസൂത്രണം, പദ്ധതി തയ്യാറാക്കൽ, നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയും ജലവിതരണം, വൈദ്യുതീകരണം, ഇലക്ട്രോണിക് പ്രവൃത്തികൾ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികളുടെ ക്രമീകരണവും കെട്ടിട വിഭാഗം കൈകാര്യം ചെയ്യുന്നു.

**ചാർട്ട് 2.1 : പി.ഡബ്ല്യു.ഡി–യിലെ പ്രവൃത്തി നിർവ്വഹണത്തിന്റെ ചിത്രരൂപത്തിലുള്ള രൂപരേഖ**




കേരള സർക്കാരിലെ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പിന് നേതൃത്വം നൽകുന്നു. കെട്ടിട വിഭാഗത്തെ ഏൽപ്പിച്ചിരിക്കുന്ന നിർമ്മാണവും അറ്റകുറ്റപ്പണികളും ആസൂത്രണം

[51] കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 101–ാം വകുപ്പ്.

ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്) സർക്കാരിനെ സഹായിക്കുന്നു. മൂന്ന് സർക്കിൾ ഓഫീസുകൾക്കും ഒരു ജുഡീഷ്യൽ സർക്കിളിനും കീഴിൽ 16 കെട്ടിട ഡിവിഷനുകൾ ഉൾക്കൊള്ളുന്നതാണ് സംസ്ഥാനത്ത് വകുപ്പിന്റെ കെട്ടിട വിഭാഗം. ഓഫീസുകൾ, പാർപ്പിട, പ്രവർത്തനാധിഷ്ഠിത കെട്ടിടങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി, സംസ്ഥാനത്തെ 14 ജില്ലകളിലെ 11,613 കെട്ടിടങ്ങൾ (2023 ജനുവരി) വിഭാഗം പരിപാലിക്കുന്നു.

### 2.3.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

- ആന്തരിക റോഡുകളും അനുബന്ധ ഘടനകളും ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള ആസൂത്രണം സമഗ്രവും ഫലപ്രദവുമായിരുന്നോ;
- കെട്ടിട വിഭാഗത്തിന്റെ സാമ്പത്തിക നടത്തിപ്പ് ഫലപ്രദമാണോ കൂടാതെ, നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുമ്പോൾ ചെലവിൽ മിതവിനിയോഗം കൈവരിക്കുന്നതിലും പരമാവധി വരുമാനം സാക്ഷാത്കരിക്കുന്നതിനുമുള്ള നടപടികൾ ഉറപ്പാക്കിയിട്ടുണ്ടോ;
- നിലവിലുള്ള ചട്ടങ്ങൾ/നിബന്ധനകൾ പാലിച്ചാണോ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തിയത്; ഒപ്പം
- പൊതു കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെയും പരിപാലനത്തിന്റെയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഈ വിഭാഗത്തിന്റെ നിരീക്ഷണവും ആന്തരിക നിയന്ത്രണ സംവിധാനവും മതിയായതും ഫലപ്രദവുമാണോ.

എന്നിവ കൈവരിച്ചോ എന്ന് പരിശോധിക്കുന്നതിനായി.

### 2.3.3 ഓഡിറ്റ് മാനദണ്ഡം

താഴെ പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഓഡിറ്റ് നടത്തിയത്:

i. കേരള പൊതുമരാമത്ത് വകുപ്പ് (കെ.പി.ഡബ്ല്യു.ഡി) മാന്വൽ
ii. കേരള പൊതുമരാമത്ത് അക്കൗണ്ട്സ് (കെ.പി.ഡബ്ല്യു.എ) കോഡ്
iii. കേരള ഫിനാൻഷ്യൽ കോഡ്
iv. കേരള സ്റ്റോർ പർച്ചേസ് മാന്വൽ
v. സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റ് (എസ്.ബി.ഡി)
vi. പി.ഡബ്ല്യു.ഡി-യുടെ ക്വാളിറ്റി കൺട്രോൾ മാന്വൽ
vii. കരാർ സമ്മതപത്ര വ്യവസ്ഥകൾ
viii. സർക്കാർ ഉത്തരവുകൾ / സർക്കുലറുകൾ / മാർഗ്ഗനിർദ്ദേശങ്ങൾ

ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുന്നതിനായി 2022 ആഗസ്റ്റ് 30-ന് സർക്കാർ സെക്രട്ടറിയുമായി ഒരു എൻട്രി മീറ്റിംഗ് നടത്തി. ഓഡിറ്റ് അവസാനിച്ചപ്പോൾ, ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുന്നതിനായി 2023 ഫെബ്രുവരി 16-ന് ഒരു എക്സിറ്റ് മീറ്റിങ്ങും നടത്തി.

2019-20 മുതൽ 2021-22 വരെയുള്ള കാലയളവ് ഉൾകൊള്ളിച്ച് കൊണ്ട് 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെയാണ് കംപ്ലയൻസ് ഓഡിറ്റ് നടത്തിയത്. തിരുവനന്തപുരം സ്പെഷ്യൽ ബിൽഡിംഗ്സ് ഡിവിഷൻ, കോട്ടയം, കോഴിക്കോട്, വയനാട്, തൃശ്ശൂർ എന്നിവിടങ്ങളിലെ കെട്ടിട വിഭാഗങ്ങൾ എന്നിങ്ങനെ 16 കെട്ടിട വിഭാഗങ്ങളിൽ നിന്ന് അഞ്ചെണ്ണം സ്ട്രാറ്റിഫൈഡ് റാൻഡം സാമ്പ്ളിംഗ് രീതി ഉപയോഗിച്ച് തിരഞ്ഞെടുത്തു. 2019-2022 കാലയളവിൽ ഈ ഡിവിഷനുകൾ പൂർത്തിയാക്കിയ 513 പ്രവൃത്തികളിൽ നിന്ന് 13 ഡെപ്പോസിറ്റ് പ്രവൃത്തികൾ ഉൾപ്പെടെ 447 കോടി രൂപ വരുന്ന 104 പ്രവൃത്തികൾ (49 പൂർത്തിയായതും 54 നടന്നുകൊണ്ടിരിക്കുന്നതും ഒന്ന് മുടങ്ങിയതും)

സ്ട്രാറ്റിഫൈഡ് റാൻഡം സാമ്പ്ളിംഗ് ഉപയോഗിച്ച് തിരഞ്ഞെടുത്തു. ഇതിൽ, മേൽപ്പറഞ്ഞ കാലയളവിൽ, ഡിവിഷനുകൾ നിർവ്വഹിച്ച 10 കോടി രൂപയിലധികം ചെലവ് വരുന്ന നൂറ് ശതമാനം പ്രവൃത്തികളും, ഒരു കോടി രൂപ മുതൽ 10 കോടി രൂപ വരെ ചെലവ് വരുന്ന 25 ശതമാനം പ്രവൃത്തികളും, ഒരു കോടിയിൽ താഴെ ചെലവ് വരുന്ന 10 ശതമാനം പ്രവൃത്തികളും ഉൾപ്പെടുന്നു. ഇവ കൂടാതെ, 25 അറ്റകുറ്റപ്പണികൾ പ്രത്യേക മാനദണ്ഡങ്ങളില്ലാതെ തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത ഡിവിഷനുകളിലും എല്ലാ സർക്കിൾ ഓഫീസുകളിലും[52] സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ ടെസ്റ്റ്–ചെക്ക്, മറ്റ് വകുപ്പുകളിൽ നിന്നുള്ള പ്രസക്തമായ വിവരങ്ങൾ, സംയുക്ത പരിശോധന (ജെ.പി.വി) എന്നിവ അടിസ്ഥാനമാക്കിയാണ് നിരീക്ഷണങ്ങൾ നടത്തിയിരിക്കുന്നത്.

**ഓഡിറ്റ് കണ്ടെത്തലുകൾ**

ഓഡിറ്റ് വേളയിൽ നിരീക്ഷിച്ച, പി.ഡബ്ല്യു.ഡി ഏറ്റെടുത്ത് നൽകിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെയും അറ്റകുറ്റപ്പണികളുടെയും വിവിധ ഘട്ടങ്ങളിലെ പോരായ്മകൾ, തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നു.

### 2.3.4 ആസൂത്രണവും മൂല്യനിർണ്ണയവും

**കെട്ടിട നിർമ്മാണ പരിപാലന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് കണക്കാക്കുന്നതിലെ പിഴവുകളും ആസൂത്രണത്തിലെ പോരായ്മകളും സമയക്രമം അതിക്രമിക്കുന്നതിനും ചെലവ് അധികരിക്കുന്നതിനും ഹരിത കെട്ടിട ആശയങ്ങൾ നടപ്പാക്കാതിരുന്നതിനും കെട്ടിടങ്ങളുടെ പരിപാലനം അപര്യാപ്തമാകുന്നതിനും കാരണമായി.**

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 104.1, 702.1 എന്നീ സെക്ഷനുകളിൽ വകുപ്പ് നടപ്പിലാക്കേണ്ട ആസൂത്രണത്തിന്റെ ആവശ്യകത വിവരിക്കുന്നു. ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, സർക്കിൾ, ഡിവിഷൻ ഓഫീസുകളുമായി ഏകോപിപ്പിച്ച് പുരോഗതി റിപ്പോർട്ടുകളുടെ ശേഖരണം ക്രമീകരണം, നിലവിലെ പ്രകടനം അവലോകനം ചെയ്യുക, വിഭവങ്ങൾ തിരിച്ചറിയുക, പുതിയ സാമ്പത്തിക വർഷത്തെ ലക്ഷ്യങ്ങൾ നിർവ്വചിക്കുക, പ്രകടനം, പുരോഗതി എന്നിവ വിലയിരുത്തുക, ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവയുടെ ഉത്തരവാദിത്തം ചീഫ് എൻജിനീയറുടെ ഓഫീസിലെ ആസൂത്രണ വിഭാഗത്തിനാണ്.

#### *2.3.4.1 ആസൂത്രണത്തിലെ പോരായ്മകളും പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്തതും*

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 206.1–ാം വകുപ്പ് അനുസരിച്ച്, ബജറ്റ് നിർദ്ദേശങ്ങൾ, വാർഷിക ഭരണ റിപ്പോർട്ടുകൾ എന്നിവ ഉൾപ്പെടെയുള്ള അഞ്ച് വർഷത്തെ വികസന പദ്ധതി, വാർഷിക പദ്ധതി എന്നിവ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം ചീഫ് എഞ്ചിനീയർക്കായിരിക്കും. കൂടാതെ, ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യണം. ചീഫ് എൻജിനീയർ വാർഷിക വികസന പദ്ധതികളും പഞ്ചവത്സര വികസന പദ്ധതികളും തയ്യാറാക്കിയെങ്കിലും, പഞ്ചവത്സര വികസന പദ്ധതികൾ തയ്യാറാക്കിയത് ചുവടെ ചർച്ച ചെയ്തത് പോലെ കെ.പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ അനുസരിച്ചല്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 213.1.1–ാം വകുപ്പ് പ്രകാരം പഞ്ചവത്സര വികസന പദ്ധതി തയ്യാറാക്കൽ ഡിവിഷൻ തലത്തിൽ നിന്ന് ആരംഭിക്കണമെന്ന് ചീഫ് എൻജിനീയർ ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ, വാർഷിക പദ്ധതികൾ മാത്രമാണ് ഡിവിഷനുകൾ തയ്യാറാക്കിയത്. മാന്വൽ വ്യവസ്ഥകൾ പാലിക്കാത്തത് ദീർഘകാല ആസൂത്രണ പ്രക്രിയയെ പ്രതികൂലമായി ബാധിച്ചത്, തുടർന്നുള്ള

---

[52] ബിൽഡിംഗ്സ് നോർത്ത് സർക്കിൾ, കോഴിക്കോട് ; ബിൽഡിംഗ്സ് സെൻട്രൽ സർക്കിൾ, തൃശ്ശൂർ; ബിൽഡിംഗ്സ് സൗത്ത് സർക്കിൾ, തിരുവനന്തപുരം; ജുഡീഷ്യൽ ബിൽഡിംഗ്സ് സർക്കിൾ, എറണാകുളം.

ഖണ്ഡികകളിൽ സൂചിപ്പിച്ചതു പോലെ മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിൽ നിന്നും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നിന്നും വ്യക്തമാണ് (***ഖണ്ഡികകൾ 2.3.4.4*** മുതൽ ***2.3.4.6*** വരെ).

- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (എഫ്.വൈ.പി) (2017-22), കെട്ടിട വിഭാഗത്തിന്റെ പ്രധാന മുൻഗണന, തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്നതായിരുന്നു. എന്നാൽ, പൊതുമരാമത്ത് വകുപ്പിന്റെ കണക്കുകൾ പ്രകാരം, പതിമൂന്നാം പഞ്ചവത്സര പദ്ധതി അവസാനിച്ചതിന് ശേഷവും (2022 മാർച്ച്) പതിനൊന്നും (2007-12), പന്ത്രണ്ടും (2012-2017)പഞ്ചവത്സര പദ്ധതികളിലായി 1038.66 കോടി രൂപ മുടക്കുമുതലിൽ സർക്കാർ അംഗീകരിച്ച പദ്ധതികളിൽ 97 എണ്ണം[53] (ഓരോന്നും ഒരു കോടി രൂപയിലധികം ചെലവ് ഉള്ളത്) **പട്ടിക 2.6**-ൽ കാണിച്ചിരിക്കുന്നത് പോലെ 2022 ഒക്ടോബർ വരെ പണി പൂർത്തിയായിട്ടില്ല. ഇതിൽ 41 പദ്ധതികൾ തിരഞ്ഞെടുത്ത ഡിവിഷനുകളുടേതാണ്.

**പട്ടിക 2.6 : മുൻ പഞ്ചവത്സര പദ്ധതികളിലെ പൂർത്തിയാകാത്ത പദ്ധതികൾ**

***(രൂപ കോടിയിൽ)***

| ഭരണാനുമതി ലഭിച്ച വർഷം | പദ്ധതികളുടെ എണ്ണം | ചെലവ് | ഭൗതിക പുരോഗതിയുടെ പരിധി (ശതമാനം) | ഇനിയും ആരംഭിക്കാനുള്ള പദ്ധതികൾ |
|---|---|---|---|---|
| 2010-11 | 1 | 15.00 | 92 | ബാധകമല്ല |
| 2013-14 | 4 | 19.51 | 25-95 | ബാധകമല്ല |
| 2014-15 | 10 | 27.81 | 23-99 | ബാധകമല്ല |
| 2015-16 | 19 | 601.54 | 0-98 | 1* |
| 2016-17 | 63 | 374.80 | 0-99 | 4* |
| **ആകെ** | **97** | **1,038.66** | | |

**ഈ പദ്ധതികൾ തിരഞ്ഞെടുത്ത സാമ്പിളുകൾക്ക് കീഴിൽ വരുന്നതല്ല.*

- പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ (2017-22) പൊതു ലക്ഷ്യം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഓഫീസുകളും സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുക എന്നതായിരുന്നു. ദീർഘ വീക്ഷണത്തോടെയുള്ള ഒരു പദ്ധതിയുടെ അഭാവത്തിൽ, പദ്ധതി കാലയളവ് അവസാനിച്ചിട്ടും അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ***അനുബന്ധം 7***-ൽ കാണിച്ചിരിക്കുന്നതു പോലെ, 2019-22 കാലയളവിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ വാടകയിനത്തിൽ 190.92 കോടി[54] രൂപ ചെലവഴിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇപ്പോൾ അതേ ലക്ഷ്യം 14-ാം പഞ്ചവത്സര പദ്ധതിയിലേക്ക് (2022-27) മറ്റൊരു അഞ്ച് വർഷം കൊണ്ട് നേടേണ്ട രീതിയിലേക്ക് മാറ്റിയിരിക്കുന്നു. അതുപോലെ, കെട്ടിട വിഭാഗം, പദ്ധതികൾ ഘട്ടം ഘട്ടമായാണ് ഏറ്റെടുക്കുന്നത്. വർക്ക് ഫയലിൽ, ഘട്ടങ്ങൾ പൂർത്തിയായതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, സംയുക്ത പരിശോധനയിൽ (2023 ജനുവരി 18) വിപുലീകരണ പദ്ധതികൾ നടത്താത്തതിനാൽ നിഷ്ക്രിയമായി കിടക്കുന്ന കെട്ടിടങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു, ഇത് പദ്ധതികളുടെ സമഗ്രമായ ആസൂത്രണത്തിലും അതിന്റെ തുടർച്ചയിലുമുള്ള വീഴ്ചകൾ വെളിപ്പെടുത്തി.

ഫണ്ടുകൾ അപര്യാപ്തമായതിനാലാണ്, സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ നിന്ന് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നത് ഉൾപ്പെടെ നിരവധി നിർദ്ദിഷ്ട പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതെന്നായിരുന്നു സർക്കാർ മറുപടി (2023 ഫെബ്രുവരി). കോവിഡ് മഹാമാരി കാരണം 2019 ഡിസംബർ മുതൽ 2021 വരെയുള്ള പ്രവൃത്തികളിൽ

53 പി.ഡബ്ല്യു.ഡി വെബ്സൈറ്റിൽ ലഭ്യമായ തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ (ഒരു കോടി രൂപയ്ക്ക് മുകളിൽ) ഡാറ്റ.

54 വി.എൽ.സി ഡാറ്റയും അതത് വർഷങ്ങളിലെ ഫിനാൻസ് അക്കൗണ്ട്സും പ്രകാരം.

മന്ദതയുണ്ടാകുകയും കരാറുകാർക്കുള്ള ഫണ്ടിന്റെ അഭാവം മൂലം പദ്ധതികൾ മുടങ്ങുകയും ചെയ്തു. ഇതിനു പുറമെ, പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിനു കീഴിൽ 2022–23 ധനകാര്യ വർഷത്തിൽ 20 ശതമാനം ബജറ്റിൽ വകയിരുത്തിയ മിക്ക പദ്ധതികളും ഭൂമിയുടെ ലഭ്യത ഉറപ്പാക്കാതെയോ ബന്ധപ്പെട്ട വകുപ്പുകൾ ഭൂമി കണ്ടെത്താതെയോ ആണ് അനുവദിച്ചത്.

മുൻ പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രവൃത്തികൾ വൈകിയതിന് സർക്കാരിന് പ്രത്യേക കാരണങ്ങളൊന്നും നൽകാൻ കഴിയാത്തതിനാൽ മറുപടി സ്വീകാര്യമല്ല. മാത്രമല്ല, വാടക കെട്ടിടങ്ങളിൽ നിന്ന് സ്വന്തം കെട്ടിടങ്ങളിലേക്ക് ഓഫീസുകൾ മാറ്റുന്നതിനുള്ള പദ്ധതി, കെട്ടിടങ്ങളുടെ മുൻഗണനാ പട്ടികയെയോ വാടക കെട്ടിടങ്ങളുടെ ഏതെങ്കിലും ഡാറ്റാബേസിനെയോ അടിസ്ഥാനമാക്കിയുള്ളതുമല്ല.

### *2.3.4.2 പ്രവർത്തനക്ഷമത ബജറ്റ് തയ്യാറാക്കിയില്ല*

കെ.പി.ഡബ്ല്യു.ഡി മാന്വൽ 707–ാം വകുപ്പ്, കെട്ടിട വിഭാഗം പ്രവർത്തനക്ഷമത ബജറ്റ് തയ്യാറാക്കണമെന്ന് വിഭാവനം ചെയ്യുന്നു. വകുപ്പിന്റെ ഒരു വർഷത്തെ ലക്ഷ്യങ്ങൾ, ഈ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ നിർദ്ദേശിക്കുന്ന പരിപാടികളും പ്രവർത്തനങ്ങളും, ഓരോ പരിപാടികൾക്കും പ്രവർത്തനങ്ങൾക്കും തന്നാണ്ടിൽ വേണ്ടി വരുന്ന ചെലവ് എന്നിവ ബജറ്റ് രേഖയിൽ വ്യക്തമാക്കാൻ ഒരു വകുപ്പിനെ പ്രാപ്തമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ ബജറ്റിംഗ് രീതി, ഇത് സാധ്യമായ ഭൗതിക നേട്ടങ്ങളുടെ ഒരു വിശാല ചിത്രം നൽകുന്നു. കൂടാതെ, വകുപ്പുകളുടെ പ്രകടനം ആസൂത്രണം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും നിയമസഭയ്ക്കും വകുപ്പുകൾക്കും ഉപയോഗപ്രദമായ ഒരു നിർവ്വഹണ ഉപകരണമാണിത്. ഇതൊക്കെയാണെങ്കിലും, പ്രവർത്തനക്ഷമത ബജറ്റ് തയ്യാറാക്കുന്നത് ചീഫ് എൻജിനീയർ ഇതുവരെ ഉറപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഇക്കാര്യത്തിൽ കെട്ടിട വിഭാഗത്തിന്റെ പരാജയം ആസൂത്രിത സാമ്പത്തിക വകയിരുത്തലുകളും ഭൗതിക ഫലങ്ങളും കണക്കിലെടുത്ത് ആസൂത്രണത്തിന്റെയും ബജറ്റിംഗ് പ്രക്രിയയുടെയും ഫലപ്രാപ്തി അളക്കാൻ കഴിയാത്തതാക്കി.

കൃഷി, വനം–വന്യജീവി, ജലവിഭവ വകുപ്പുകളെ പ്രവർത്തനക്ഷമത ബജറ്റ് തയ്യാറാക്കുന്നതിനായി തിരഞ്ഞെടുത്തപ്പോൾ, പദ്ധതികളുടെ സമാന്തര നിരീക്ഷണത്തിനും മൂല്യനിർണ്ണയത്തിനും പൊതുമരാമത്ത് വകുപ്പിനെ തിരഞ്ഞെടുത്തു എന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

സമകാലിക മൂല്യനിർണ്ണയം ഒരു നിരീക്ഷണ ഉപകരണവും പ്രവർത്തനക്ഷമത ബജറ്റ് ഒരു ആസൂത്രണ ഉപകരണവുമാണ്, അതിനാൽ ഫലപ്രദമായ ആസൂത്രണത്തിനും അതിന്റെ ഫലപ്രാപ്തി അളക്കുന്നതിനും ഇവ രണ്ടും ആവശ്യമാണ്. പ്രവർത്തനക്ഷമത ബജറ്റ് തയ്യാറാക്കുന്നത് കെട്ടിട വിഭാഗത്തിന്റെ കാര്യക്ഷമമായ ആസൂത്രണത്തിന് സഹായകമാകുമായിരുന്നു.

### *2.3.4.3 ഗ്രീൻ ബിൽഡിംഗ് പോളിസിയുടെ അപര്യാപ്തമായ പ്രചരണം*

- **ഗ്രീൻ ബിൽഡിംഗ് പോളിസി, 2013**

കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ സൗരോർജ്ജ പാനലുകളും മറ്റ് പാരമ്പര്യേതര സ്രോതസ്സുകളും മാലിന്യ സംസ്കരണ നയങ്ങളും ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദം, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കൽ, ഊർജ്ജ കാര്യക്ഷമത മുതലായവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2013–ലെ ഗ്രീൻ ബിൽഡിംഗ് പോളിസിക്ക് (ജി.ബി.പി) അനുമതി നൽകി.

10 വർഷത്തെ കാലതാമസത്തിന് ശേഷവും സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പോളിസി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട ഫലപ്രദമായ നടപടിയെടുക്കാൻ ചീഫ് എൻജിനീയർക്ക് കഴിഞ്ഞില്ല. ടെസ്റ്റ് ചെക്ക് ചെയ്ത കെട്ടിടങ്ങളിലൊന്നും ഗ്രീൻ ബിൽഡിംഗ് പോളിസിയുടെ ഘടകങ്ങൾ ഉൾപ്പെടുത്തിയതായി കാണാനായില്ല.

ഒരു ഹരിത കെട്ടിടത്തിന് ചെലവ് ചുരുക്കാൻ ഫലപ്രദമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പ് രൂപകൽപ്പന ചെയ്ത കെട്ടിടങ്ങൾ കാലാവസ്ഥാ ഹൃദ്യവും പരിസ്ഥിതി സൗഹാർദ്ദവുമാണെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). എന്നിരുന്നാലും, കെട്ടിടങ്ങളിലൊന്നും ഗ്രീൻ ബിൽഡിംഗ് പോളിസിയുടെ പ്രധാന ലക്ഷ്യങ്ങളായ സൗരോർജ്ജ പാനലുകൾ, ജല സംരക്ഷണം, മാലിന്യ സംസ്കരണ നയങ്ങൾ മുതലായവയ്ക്കുള്ള വ്യവസ്ഥകളൊന്നും നടപ്പാക്കിയിട്ടില്ലെന്ന് തിരഞ്ഞെടുത്ത കെട്ടിടങ്ങളുടെ സംയുക്ത പരിശോധനാ സമയത്ത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല, വകുപ്പ് സ്വീകരിച്ച പരിസ്ഥിതി സൗഹൃദ ഉപാധികളുടെ വിശദാംശങ്ങളോ പട്ടികയോ സർക്കാർ നൽകിയിട്ടില്ല.

➢ **പി.ഡബ്ല്യു.ഡി കെട്ടിടങ്ങൾക്ക് ഗൃഹ സർട്ടിഫിക്കേഷൻ നേടാത്തത്**

ദേശീയതലത്തിൽ സ്വീകാര്യമായ ചില മാനദണ്ഡങ്ങൾക്ക് അനുസൃതമായി കെട്ടിടത്തിന്റെ ഈട് വിലയിരുത്താൻ ആളുകളെ സഹായിക്കുന്ന ഒരു റേറ്റിംഗ് മാനദണ്ഡമാണ് ഗൃഹ (ഗ്രീൻ റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റാറ്റ് അസസ്മെന്റ്). ഇത് ഒരു കെട്ടിടത്തിന്റെ പാരിസ്ഥിതിക ഈട് അതിന്റെ മുഴുവൻ ജീവിത കാലയളവിലും സമഗ്രമായി വിലയിരുത്തുകയും, അതുവഴി ഒരു 'ഹരിത കെട്ടിടം' എന്താണെന്നതിന് കൃത്യമായ മാനദണ്ഡം നൽകുകയും ചെയ്യുന്നു.

ഹരിത കെട്ടിടങ്ങളുടെ ദേശീയ റേറ്റിംഗ് സംവിധാനമായി ഭാരത സർക്കാർ ഗൃഹ-യെ അംഗീകരിച്ചു (2007). തുടർന്ന് (2009), എല്ലാ സർക്കാർ കെട്ടിടങ്ങൾക്കും ത്രീ-സ്റ്റാർ ഗൃഹ റേറ്റിംഗ് നിർബന്ധമാക്കുകയും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾക്ക് ഗൃഹ സർട്ടിഫിക്കേഷൻ നടപ്പാക്കുകയും ചെയ്തു.

തദ്ദേശ സ്വയംഭരണ വകുപ്പ് (എൽ.എസ്.ജി.ഡി) സംസ്ഥാനത്ത് ഹരിത കെട്ടിട മാനദണ്ഡങ്ങൾ നടപ്പാക്കിയപ്പോൾ (2021 ഫെബ്രുവരി) കേരള പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗം ഇതുവരെ അവരുടെ കെട്ടിടങ്ങൾക്ക് ഈ മാനദണ്ഡങ്ങൾ നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഗ്രീൻ ബിൽഡിംഗ് പോളിസി ആശയങ്ങൾ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കാത്തത് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ ഹരിത സംരംഭങ്ങൾ സ്വീകരിക്കാനുള്ള വിമുഖതയെ സൂചിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഓരോ കെട്ടിടങ്ങൾക്കും ഗൃഹ റേറ്റിംഗ് നേടുന്നത് സാമ്പത്തികമായി ലാഭകരമല്ലെന്നും അതിനാൽ ഒരു പ്രാരംഭ പദ്ധതിയായി രണ്ട് കെട്ടിടങ്ങൾ മാത്രമേ ഗൃഹ റേറ്റിങ്ങിനായി രജിസ്റ്റർ ചെയ്തിട്ടുള്ളൂവെന്നും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). എന്നാൽ, പൊതുമരാമത്ത് വകുപ്പ് നിലവിൽ സ്വന്തം റേറ്റിംഗ് സംവിധാനം വികസിപ്പിക്കുകയാണെന്നും അതിൽ സുസ്ഥിരതയും ഗ്രീൻ ബിൽഡിംഗ് പോളിസിയും ഘടകങ്ങളായി ഉൾപ്പെടുത്തുമെന്നും അറിയിച്ചു.

പരിസ്ഥിതിയുടെയും ജനങ്ങളുടെയും ദീർഘകാല നേട്ടത്തിനായി സുസ്ഥിരതയ്ക്കും ഗ്രീൻ ബിൽഡിംഗ് പോളിസിക്കും സർക്കാർ മുൻഗണന നൽകേണ്ടത് പ്രധാനമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗൃഹ റേറ്റിംഗ് വന്ന് 13 വർഷത്തിനു ശേഷവും ഗൃഹ റേറ്റിംഗ് സ്വീകരിക്കാത്തതും കൂടാതെ/അല്ലെങ്കിൽ സ്വന്തമായി റേറ്റിംഗ് സംവിധാനം വികസിപ്പിക്കാത്തതും സംസ്ഥാനത്ത് ഹരിത കെട്ടിട ആശയങ്ങൾ സ്വീകരിക്കുന്നതിൽ വകുപ്പിന്റെ നിസ്സംഗത സൂചിപ്പിക്കുന്നു.

### *2.3.4.4 തടസ്സരഹിതമായ ഭൂമി ഉറപ്പാക്കാതെ പ്രവൃത്തികൾ ക്രമീകരിക്കൽ*

കെ.പി.ഡബ്ല്യു.ഡി മാന്വൽ 2003-ാം വകുപ്പ് പ്രകാരം ഒരു പ്രവൃത്തിക്കായി ലേലം ക്ഷണിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ 100 ശതമാനം തടസ്സരഹിതമായ ഭൂമി കൈവശം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

***അനുബന്ധം 8***-ൽ പറഞ്ഞിരിക്കുന്നതു പോലെ, വിശദമായ ഓഡിറ്റിനായി തിരഞ്ഞെടുത്ത 104 പ്രവൃത്തികളുടെ ഫയലിന്റെ സൂക്ഷ്മപരിശോധനയിൽ, 34

പ്രവൃത്തികൾ 100 ശതമാനം തടസ്സരഹിതമായ ഭൂമി കൈവശം വെയ്ക്കാതെ ക്രമീകരിച്ചതായി കണ്ടെത്തി. കൂടാതെ, ഇവ നിരീക്ഷിച്ചു:

- ഭൂഗർഭ കേബിളുകൾ, പഴയ കെട്ടിടങ്ങൾ പൊളിക്കൽ, മരങ്ങൾ നീക്കം ചെയ്യൽ, മറ്റ് ഏജൻസികളിൽ നിന്നുള്ള അനുമതി തുടങ്ങിയവയായിരുന്നു തടസ്സരഹിതമായ ഭൂമി ലഭ്യമല്ലാത്തതിലേക്ക് നയിച്ച പ്രധാന പ്രതിബന്ധങ്ങൾ.

- തടസ്സരഹിതമായ ഭൂമി ലഭ്യമല്ലാത്തതിനാൽ 17 മാസം[55] വരെ പ്രവൃത്തികൾ ആരംഭിക്കാൻ കാലതാമസം നേരിടുകയും, ഇത് പൂർത്തീകരണ കാലയളവ് നീട്ടുന്നതിന് കാരണമാവുകയും ചെയ്തു.

ദർഘാസ് ക്ഷണിക്കുന്നതിന്/പ്രവൃത്തികൾ നൽകുന്നതിന് മുമ്പ് പൊതുമരാമത്ത് വകുപ്പ് തടസ്സരഹിതമായ ഭൂമി ഉറപ്പാക്കിയില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്, തത്ഫലമായി പ്രവൃത്തികളുടെ പൂർത്തീകരണ സമയം അതിക്രമിച്ചു.

ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ ഉപഭോക്തൃ വകുപ്പുകളിൽ തടസ്സങ്ങൾ നീക്കുന്നതിൽ കാലതാമസമുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). ഭൂഗർഭ കേബിളുകളുടെയും മറ്റ് സേവന ലൈനുകളുടെയും കാര്യത്തിൽ അവ ബന്ധപ്പെട്ട സേവന ദാതാക്കൾ ഉപഭോക്തൃ വകുപ്പുകൾ വഴി മാറ്റി സ്ഥാപിക്കേണ്ടതുണ്ട്, ഈ പ്രക്രിയ വൈകുന്നത് നിർമ്മാണത്തിൽ ക്രമാതീതമായ കാലതാമസത്തിന് കാരണമാകുന്നു.

ടെൻഡർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് എല്ലാ തടസ്സങ്ങളും നീക്കം ചെയ്യണമെന്ന് കെ.പി.ഡബ്ല്യു.ഡി മാന്വൽ വ്യവസ്ഥ ചെയ്യുന്നതിനാൽ മറുപടി സ്വീകാര്യമല്ല.

### *2.3.4.5 വിശകലനത്തിലെ വീഴ്ചകൾ*

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 1402-ാം വകുപ്പ് പ്രകാരം പ്രവൃത്തിയുടെ രൂപകൽപ്പനയും മൂല്യനിർണ്ണയവും അന്തിമമാക്കുന്നതിന് മുമ്പ് എല്ലാ പ്രവൃത്തികളും കൃത്യമായി വിശകലനം ചെയ്യേണ്ടതും പ്രസക്തമായ എല്ലാ വിവരങ്ങളും ശേഖരിക്കുകയും പരസ്പരബന്ധിതമാക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്. കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 1601.1.2-ാം വകുപ്പ് പ്രകാരം അംഗീകൃത രൂപരേഖകളെ മാത്രം അടിസ്ഥാനമാക്കി ബന്ധപ്പെട്ട അധികാരി നിർദ്ദിഷ്ട സ്ഥലത്തിന്റെ പൂർണ്ണമായ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണം. വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് മുമ്പ് സമഗ്രമായ സ്ഥല പര്യവേക്ഷണം ഉറപ്പാക്കേണ്ടത് ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ ആയിരുന്നു.

തിരഞ്ഞെടുത്ത ഡിവിഷനുകളിലെ വർക്ക് ഫയലുകളുടെ പരിശോധനയിൽ ***അനുബന്ധം 9***-ൽ വിവരിച്ചിരിക്കുന്നതു പോലെ ഏഴ് പ്രവൃത്തികളിലെ പരിശോധനയിലും മൂല്യനിർണ്ണയത്തിലും വീഴ്ചകൾ കണ്ടെത്തി.

സ്ഥലപരിശോധനയിലെ വീഴ്ചകൾ കാരണം പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ താഴെ പറയുന്ന പൊരുത്തക്കേടുകൾ ഓഡിറ്റ് നിരീക്ഷിച്ചു:

- തിരഞ്ഞെടുത്ത 104 പ്രവൃത്തികളിൽ ഏഴിലും[56] പ്രവൃത്തികളുടെ പരിധി വ്യത്യാസപ്പെടുത്തുകയും സ്ഥലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ ഫലമായി

---

[55] നബാർഡ് – ആർ.ഐ.ഡി.എഫ്. – XXI – 2015-16 – അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ – മൾട്ടി പർപ്പസ് ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം – ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്.

[56] 1. തിരുവനന്തപുരം പട്ടത്ത് വിവിധ കമ്മീഷനുകളുടെ പ്രവർത്തനത്തിന് ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം 2. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം – ആർക്കിടെക്ചർ ബ്ലോക്കിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം 3. ഇരിഞ്ഞാലക്കുടയിൽ കോടതി സമുച്ചയ നിർമ്മാണം 4. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സ്ത്രീകൾക്കുള്ള 450 കിടക്കകളുള്ള ഹോസ്റ്റലിന്റെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണം 5. കോഴിക്കോട് മരുതോങ്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം 6. തൃശ്ശൂർ കൊരട്ടിയിലെ ഗാന്ധിഗ്രാം ഹോസ്പിറ്റൽ ഓഫ് ഡെർമറ്റോളജിയിലെ പുരുഷ/വനിതാ വാർഡ് നിർമ്മാണം 7. ജില്ലാ ജയിൽ മാനന്തവാടി – സൂപ്രണ്ട് ക്വാർട്ടേഴ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ജീവനക്കാർക്കുള്ള വിശ്രമ മുറി എന്നിവയുടെ നിർമ്മാണം.

പ്രവൃത്തികൾ ആരംഭിച്ചതിന് ശേഷം അധിക ഇനങ്ങൾ ചേർക്കുകയും ചെയ്തു.

- നിർമ്മാണത്തിലിരിക്കുന്ന ഒരു[57] പ്രവൃത്തിയിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും പരിഷ്കരിക്കേണ്ടതായി വന്നു.

- മൂന്ന് പ്രവൃത്തികൾക്ക്[58] 2.78 കോടി രൂപയുടെ അധിക ചെലവ് ആവശ്യമായി വന്നു.

ജില്ലാടിസ്ഥാനത്തിൽ യൂണിറ്റുകൾ രൂപീകരിച്ച് അന്വേഷണ വിഭാഗങ്ങൾ ശക്തിപ്പെടുത്താൻ ആലോചിക്കുന്നതായും ഇനി മുതൽ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞാൽ അതിന്റെ പരിധിയിൽ ഒരു മാറ്റവും അനുവദിക്കില്ലെന്ന് ഉറപ്പുനൽകുന്നതായും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ ശ്രദ്ധയിൽപ്പെട്ട പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തിയതെന്ന് ചീഫ് എൻജിനീയർ മറുപടി നൽകി. ഓഡിറ്റ് നിരീക്ഷണത്തെ ശരി വയ്ക്കുന്നതാണ് മറുപടി.

### *2.3.4.6 കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ആസൂത്രണം ചെയ്യുന്നതിലെ വീഴ്ചകൾ*

കെ.പി.ഡബ്ല്യു.ഡി മാനുവലിന്റെ 2501.1, 2501.9, 2801.1, 2802.1 എന്നീ വകുപ്പുകൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളുടെ പ്രാധാന്യവും, കെട്ടിടങ്ങളിലെ അറ്റകുറ്റപ്പണികൾക്കായി വാർഷിക ഗ്രാന്റ് തയ്യാറാക്കുന്നതിലും അഭ്യർത്ഥിക്കുന്നതിലും ഡിവിഷണൽ ഓഫീസർമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ചുമതലകളും വ്യക്തമാക്കുന്നു. അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നതിൽ ഡിവിഷണൽ ഓഫീസർമാരുടെ പരാജയം ഇനിപ്പറയുന്ന പോരായ്മകളിലേക്ക് നയിച്ചു.

➢ **പരിപാലന പട്ടികയുടെ അഭാവം**

കെ.പി.ഡബ്ല്യു.ഡി മാനുവൽ 702.1.2-ാം വകുപ്പ് പ്രകാരം അറ്റകുറ്റപ്പണികൾ, തുടർ പ്രവൃത്തികൾ, പുതിയ പ്രവൃത്തികൾ എന്നിവയ്ക്കുള്ള കാര്യക്രമ പട്ടിക വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നിരുന്നാലും പരിപാലന പട്ടികയും അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റും തയ്യാറാക്കി ആസൂത്രണ വിഭാഗത്തിന് കൈമാറിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പതിവ് അറ്റകുറ്റപ്പണികൾ/റിപ്പയറുകൾ നടത്തേണ്ട കെട്ടിടങ്ങളുടെ മുൻഗണനാ പട്ടികയും തിരഞ്ഞെടുത്ത ഡിവിഷനുകളിൽ സൂക്ഷിച്ചിരുന്നില്ല.

പരിപാലന പട്ടികയും അറ്റകുറ്റപ്പണികൾക്കായുള്ള കെട്ടിടങ്ങളുടെ മുൻഗണനാ പട്ടികയും ഇല്ലാത്തത് എല്ലാ കെട്ടിടങ്ങളിലും ആനുകാലിക അറ്റകുറ്റപ്പണികൾ ഉറപ്പാക്കിയിട്ടില്ലെന്ന് സൂചിപ്പിക്കുന്നു. പരിപാലനാസൂത്രണത്തിലെ പരാജയം ***ഖണ്ഡിക 2.3.6.8***-ൽ പരാമർശിച്ചിരിക്കുന്നതു പോലെ പരിപാലന പ്രവർത്തനങ്ങളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചു. ഇത് കെട്ടിടങ്ങളുടെ ഉറപ്പ്, ഈട് എന്നിവയെ പ്രതികൂലമായി ബാധിക്കുകയും കൂടാതെ ഭാവിയിൽ അറ്റകുറ്റപ്പണികൾക്ക് ഉയർന്ന ചെലവിനു കാരണമാവുകയും ചെയ്യും.

അറ്റകുറ്റപ്പണികൾ, തുടർ പ്രവൃത്തികൾ, പുതിയ പ്രവൃത്തികൾ എന്നിവയുടെ കാര്യക്രമ പട്ടികയും പതിവ്/സാധാരണ അറ്റകുറ്റപ്പണികൾക്കുള്ള കെട്ടിടങ്ങളുടെ മുൻഗണനാ പട്ടികയും നിർദ്ദേശിച്ച പ്രകാരം തയ്യാറാക്കുമെന്ന് സർക്കാർ മറുപടിയിൽ (2023 ഫെബ്രുവരി) ഉറപ്പുനൽകി.

---

[57] രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം – ആർക്കിടെക്ചർ ബ്ലോക്കിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം

[58] 1. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം – ആർക്കിടെക്ചർ ബ്ലോക്കിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം (1.63 കോടി രൂപ) 2. കോട്ടയത്തെ സർക്കാർ മെഡിക്കൽ കോളേജിൽ സ്ത്രീകൾക്കായുള്ള ഒന്നും രണ്ടും നിലകളുടെ 450 കിടക്കകളുള്ള ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണം. (0.80 കോടി രൂപ) 3. കോഴിക്കോട് മരുതോങ്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം (0.35 കോടി രൂപ)

➢ **കെട്ടിടങ്ങളുടെ ഡാറ്റാബേസിന്റെ അപര്യാപ്തത**

കെ.പി.ഡബ്ല്യൂ.ഡി മാന്വൽ 2901.1.3-ാം വകുപ്പ് പ്രകാരം ഓരോ കെട്ടിട ഡിവിഷനിലും നിർദ്ദിഷ്ട ഫോമിൽ[59] കെട്ടിടങ്ങളുടെ രജിസ്റ്റർ പരിപാലിക്കുകയും, രജിസ്റ്ററിൽ ഡിവിഷന്റെ കീഴിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നിർമ്മാണ വർഷം, ചെലവ്, കെട്ടിടത്തിന്റെ ഉപയോഗം, ഉപയോഗിക്കുന്നയാൾ, പരിപാലനച്ചെലവ് മുതലായ വിശദാംശങ്ങൾ ഉൾപ്പെടുത്തുകയും വേണം. തിരഞ്ഞെടുത്ത ഡിവിഷനുകളൊന്നും ആവശ്യമായ വിശദാംശങ്ങളോടെ കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, സബ് ഡിവിഷനുകളിൽ പരിപാലിക്കുന്ന കെട്ടിട രജിസ്റ്ററുകളിൽ ആവശ്യമായ വിശദാംശങ്ങൾ ഇല്ലെന്നും സമകാലിക വിവരങ്ങൾ ഉൾപ്പെടുത്തി പുതുക്കിയിട്ടില്ലെന്നും കണ്ടെത്തി.

പി.ഡബ്ല്യൂ.ഡി-യിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അവയെ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിന് വികസിപ്പിച്ചെടുത്ത പ്രോജക്ട് ഇൻഫർമേഷൻ ആൻഡ് കോസ്റ്റ് എസ്റ്റിമേഷൻ (പ്രൈസ്) സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പ്രൈസ് ഡാറ്റാബേസിൽ നിഷ്കർഷിച്ചിട്ടുള്ളത് പോലെ ആസ്തികളുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്താൻ കേരള സർക്കാർ നിർദ്ദേശിച്ചു[60] (2019 ഏപ്രിൽ). എന്നിരുന്നാലും പ്രൈസ്-ൽ ലഭ്യമായ കെട്ടിടങ്ങളുടെ വിവരങ്ങൾ അപൂർണ്ണമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് അത്യന്താപേക്ഷിതമായ, നിർമ്മാണത്തിന്റെ യഥാർത്ഥ ചെലവ്, നിർമ്മാണ തീയതി/പൂർത്തിയായ തീയതി മുതലായ വിവരങ്ങൾ/വിശദാംശങ്ങൾ പ്രൈസ്-ൽ നൽകിയിട്ടില്ല. ഇത് അറ്റകുറ്റപ്പണികൾ ആസൂത്രണം ചെയ്യുന്നതിനെ പ്രതികൂലമായി ബാധിച്ചു.

കെട്ടിടങ്ങളുടെ ഡാറ്റാബേസിന്റെ അപര്യാപ്തതയെ സംബന്ധിച്ച് സർക്കാർ മറുപടിയിൽ (2023 ഫെബ്രുവരി) പരാമർശിച്ചിട്ടില്ല. അറ്റകുറ്റപ്പണികൾക്കുള്ള ഫലപ്രദമായ ആസൂത്രണ ഉപകരണമായി ഉപയോഗിക്കുന്നതിന് വേണ്ടി കെട്ടിടങ്ങളെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും പ്രൈസ് സോഫ്റ്റ്‌വെയറിൽ നൽകണം.

### *2.3.4.7 ദുരന്ത നിവാരണത്തിന് വേണ്ടിയുള്ള മുന്നൊരുക്കത്തിലെ അലംഭാവം*

2019 മെയ് മാസത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (എസ്.ഡി.എം.എ) 'മൺസൂൺ തയ്യാറെടുപ്പുകളും പ്രതികരണ മാർഗ്ഗനിർദ്ദേശങ്ങളും' പുറത്തിറക്കി, അവ പിന്നീട് 2020, 2021, 2022 വർഷങ്ങളിൽ പരിഷ്കരിക്കുകയും ചെയ്തു. എല്ലാ സർക്കാർ വകുപ്പുകളും മഴക്കാലത്തിന് മുന്നോടിയായി തയ്യാറെടുപ്പുകൾ ശക്തിപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ അനുശാസിക്കുന്നു. ആശുപത്രി, ഓഫീസ് എന്നീ കെട്ടിടങ്ങളുടെ ഘടനാപരമായ ഓഡിറ്റ് നടത്തുന്നതിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പി.ഡബ്ല്യൂ.ഡി-ക്ക് ഉത്തരവാദിത്തമുണ്ടെന്ന് മാർഗ്ഗനിർദ്ദേശങ്ങളുടെ (2019) 7.3.30.2-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും, വകുപ്പ്, സംസ്ഥാനത്തെ കെട്ടിടങ്ങളുടെ ഘടനാപരമായ ഓഡിറ്റുകളൊന്നും നടത്തിയിട്ടില്ലെന്നും ആവശ്യാനുസരണം അത്തരം ഓഡിറ്റ് നടത്താൻ ഫീൽഡ് ഓഫീസുകൾക്ക് ചീഫ് എൻജിനീയർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ലെന്നും കണ്ടെത്തി.

2018-ൽ കടുത്ത ചുഴലിക്കാറ്റും (ഓഖി) വെള്ളപ്പൊക്കവും പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തെ ബാധിച്ചതിനെ തുടർന്നാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഈ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. നിർബന്ധമായും നടത്തേണ്ട ഘടനാപരമായ ഓഡിറ്റുകൾ നടത്തുന്നതിൽ പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം പരാജയപ്പെട്ടത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശ്രമങ്ങളെ

---

59 അനുബന്ധം 2800 എ.

60 2019 ഏപ്രിൽ 11-ലെ ജി.ഒ (ആർ.ടി)നം.2997/2019/ഫിൻ.

നിഷ്ഫലമാക്കുക മാത്രമല്ല, ഭാവിയിൽ പ്രകൃതി ദുരന്തങ്ങൾ ഉണ്ടായാൽ സർക്കാർ കെട്ടിടങ്ങളിലെ ഉപഭോക്താക്കൾക്കുള്ള അപകടസാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് വേണ്ട നടപടി എത്രയും വേഗം സ്വീകരിക്കുമെന്ന് എക്സിറ്റ് മീറ്റിംഗിൽ (2023 ഫെബ്രുവരി) സർക്കാർ മറുപടി നൽകി.

***ശുപാർശകൾ:***

- ***സുരക്ഷ, ഈടുനിൽപ്പ്, ചെലവ് ലാഭിക്കൽ, ഊർജ്ജ കാര്യക്ഷമത എന്നിവ ഉറപ്പാക്കുന്നതിന് കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ആനുകാലിക അറ്റകുറ്റപ്പണികൾക്കും കൈവരിക്കാവുന്ന ലക്ഷ്യങ്ങളോടെ വകുപ്പ് ദീർഘകാല ആസൂത്രണം നടത്തണം.***
- ***അനാവശ്യ കാലതാമസമില്ലാതെ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് ഉറപ്പാക്കുന്നതിന് പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് മുമ്പ് നൂറു ശതമാനം തടസ്സരഹിത ഭൂമി വകുപ്പ് ഉറപ്പാക്കേണ്ടതുണ്ട്.***
- ***വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ കാരണം പദ്ധതികൾ പൂർത്തിയാകാതിരുന്നാൽ ഉത്തരവാദിത്തം നിശ്ചയിക്കണം.***
- ***സംസ്ഥാനത്തിന്റെ ദുരന്ത മുന്നൊരുക്കങ്ങൾക്ക് പൂരകമാകുന്നതിനും അതിനെ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.***

### 2.3.5 സാമ്പത്തിക നടത്തിപ്പ്

**കെട്ടിട വിഭാഗത്തിന്റെ സാമ്പത്തിക നടത്തിപ്പിലെ വീഴ്ചകൾ നിക്ഷേപങ്ങളുടെ നിഷ്ക്രിയ ശേഖരണത്തിനും, കാലഹരണപ്പെട്ട നിക്ഷേപങ്ങൾ, സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ, നഷ്ടോത്തരവാദിത്തം, ബാഹ്യ ഫണ്ട് എന്നിവ ഈടാക്കാനാവാതെ പോകുന്നതിനും, പരിപാലന ഗ്രാന്റ് നിശ്ചയിക്കാതിരിക്കുന്നതിനും കാരണമായി.**

താമസേതര ആവശ്യങ്ങൾക്കുള്ള ഓഫീസുകളുടെയും അഡ്മിനിസ്ട്രേറ്റീവ് കെട്ടിടങ്ങളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള ചെലവ് പി.ഡബ്ല്യു.ഡി മേജർ ഹെഡ്ഡുകൾ 2059/4059-നു കീഴിൽ ബുക്ക് ചെയ്യുകയും മറ്റ് വകുപ്പുകളുടെ പ്രവർത്തനപരമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള ചെലവ് അതത് ക്യാപിറ്റൽ മേജർ ഹെഡ്ഡിനു കീഴിൽ ബുക്ക് ചെയ്യുകയും, ആയതിന് ചീഫ് എഞ്ചിനീയർ (കെട്ടിടങ്ങൾ), ചീഫ് കൺട്രോളിംഗ് ഓഫീസറുമാണ്.

2019-22 കാലയളവിൽ, വിവിധ വകുപ്പുകളുടെ നിർമ്മാണ അറ്റകുറ്റപ്പണികൾക്കായി കെട്ടിട വിഭാഗത്തിനുണ്ടായ ചെലവ് **പട്ടിക 2.7**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 2.7 : നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കെട്ടിടവിഭാഗത്തിനുണ്ടായ ചെലവ് – വർഷം തിരിച്ച്**

*(രൂപ കോടിയിൽ)*

| വർഷം | നിർമ്മാണം | അറ്റകുറ്റ പ്പണികൾ | ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ചാർജുകൾ[61] | ആകെ തുക |
|---|---|---|---|---|
| 2019-2020 | 566.09 | 94.35 | 2.27 | 662.71 |
| 2020-2021 | 731.67 | 125.82 | 2.49 | 859.98 |
| 2021-2022 | 775.52 | 142.52 | 1.42 | 919.47 |
| **ആകെ തുക** | **2,073.29** | **362.69** | **6.18** | **2,442.16** |

*ഉറവിടം: വി.എൽ.സി-യിൽ നിന്നും ലഭിച്ച കണക്കുകൾ/ഡാറ്റ*

മൂന്ന് വർഷത്തെ മൊത്തം ചെലവിന്റെ 89 ശതമാനവും പൊതുവിദ്യാഭ്യാസം (881.98 കോടി രൂപ), മെഡിക്കൽ & പബ്ലിക് ഹെൽത്ത് (530.53 കോടി രൂപ), പൊതുമരാമത്ത് (750.70 കോടി രൂപ) എന്നീ വകുപ്പുകൾക്ക് വേണ്ടിയായിരുന്നു.

### *2.3.5.1 നിക്ഷേപ പ്രവൃത്തികൾ*

കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിലെ (കെ.പി.ഡബ്ല്യു.എ കോഡ്) ആർട്ടിക്കിൾ 2.1.1 (14) പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്ന് ചെലവ് കണ്ടെത്താത്ത നിർമ്മാണത്തിനെയോ അറ്റകുറ്റപ്പണികളെയോ നിക്ഷേപ പ്രവൃത്തികൾ എന്ന് സൂചിപ്പിക്കുന്നു. ഇത്തരത്തിലുള്ള പ്രവൃത്തികളിൽ, ആസൂത്രണം ചെയ്യുന്ന വകുപ്പ്, അവരുടെ ബജറ്റ് വിഹിതത്തിൽ നിന്ന് ഫണ്ട് എടുക്കുകയും ഏത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിക്ക് കീഴിലാണോ പ്രവൃത്തി നിർവ്വഹിക്കേണ്ടത് അദ്ദേഹത്തിന്റെ പേരിൽ സിവിൽ ഡിപ്പോസിറ്റ് ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നു.

- **നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്ന രീതി**

  നിക്ഷേപം തിരിച്ചുള്ള വരവും ചെലവും ബാക്കിയിരുപ്പും മാസാടിസ്ഥാനത്തിലുള്ള ഓരോ പ്രത്യേക നിക്ഷേപ ഇനത്തിന്റെയും മുൻ നീക്കിയിരുപ്പ്, വരവ്, ക്രമീകരണങ്ങൾ, ബാക്കിയിരുപ്പ് എന്നിവ കാണിക്കുന്ന ഒരു നിക്ഷേപ രജിസ്റ്റർ, കൂടാതെ, ഏറ്റെടുക്കേണ്ട നിക്ഷേപ പ്രവൃത്തികളുടെ ആകെ തുക എന്നിവ കാണിക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ ഒരു പട്ടികയും പരിപാലിക്കാൻ കെ.പി.ഡബ്ല്യു.എ കോഡിന്റെ ആർട്ടിക്കിൾ 15.5 നിർദ്ദേശിക്കുന്നു. എന്നാൽ, തിരഞ്ഞെടുത്ത ഒരു ഡിവിഷനിലും രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്ന് നിരീക്ഷിച്ചു. തത്ഫലമായി, ഏറ്റെടുക്കേണ്ട മൊത്തം നിക്ഷേപ പ്രവൃത്തികളുടെ എണ്ണം കണ്ടെത്താനായില്ല, ഇത് നിക്ഷേപങ്ങളുടെ നിരീക്ഷണത്തെ പ്രതികൂലമായി ബാധിക്കുകയും നിക്ഷേപ പ്രവൃത്തികൾ നിർവ്വഹിക്കാത്തതിനും നിക്ഷേപങ്ങളുടെ നിഷ്ക്രിയ സമാഹരണത്തിനും കാരണമായി.

  കെ.പി.ഡബ്ല്യു.എ കോഡിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഡെപ്പോസിറ്റ് രജിസ്റ്റർ എല്ലാ ഡിവിഷനുകളിലും പരിപാലിച്ചു കൊള്ളാമെന്ന് സർക്കാർ ഉറപ്പ് നൽകി (2023 ഫെബ്രുവരി).

- **നിഷ്ക്രിയവും തീർപ്പ് കൽപ്പിക്കാത്തതുമായ നിക്ഷേപങ്ങൾ**

  മുകളിൽ സൂചിപ്പിച്ചതുപോലെ, വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ഡിവിഷണൽ ഓഫീസർക്ക് ഉപയോക്തൃ വകുപ്പുകൾ ബിംസ്[62] വഴി സിവിൽ ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഫണ്ടുകൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നു. നിഷ്ക്രിയ

---

[61] ബി.ഡി.എസ് – ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം – ബാങ്കുകൾ മുഖേന കരാറുകാർക്ക് നൽകേണ്ട കെട്ടിക്കിടക്കുന്ന ബില്ലുകൾ തീർപ്പാക്കുന്നതിന് വേണ്ടി കേരള സർക്കാർ അവതരിപ്പിച്ച (2015) സംവിധാനം.

[62] കേരള സർക്കാരിന്റെ ബജറ്റ് ഇൻഫർമേഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റം.

നിക്ഷേപങ്ങളുടെയും ഇതുമായി ബന്ധപ്പെട്ട ആരംഭിക്കാത്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും, തിരഞ്ഞെടുത്ത ഡിവിഷനുകൾക്ക് 2016 ഏപ്രിൽ മുതലുള്ള പ്രവൃത്തികളുടെ തുകയും എണ്ണവും മാത്രമേ നൽകാൻ കഴിഞ്ഞുള്ളൂ, ഇത് ബിംസിൽ ലഭ്യമാണ് (2004–2005 മുതലുള്ള വിശദാംശങ്ങൾ നൽകിയ കോഴിക്കോട് കെട്ടിട വിഭാഗം ഒഴികെ). വിശദാംശങ്ങൾ ചുവടെ **പട്ടിക 2.8**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.8: തിരഞ്ഞെടുത്ത ഡിവിഷനുകൾക്ക് കീഴിലുള്ള നിഷ്ക്രിയ നിക്ഷേപങ്ങൾ**

*(രൂപ കോടിയിൽ)*

| ഡിവിഷന്റെ പേര് | നിക്ഷേപങ്ങൾക്ക് കീഴിലുള്ള നിഷ്ക്രിയമായ തുക | | | ആകെ |
|---|---|---|---|---|
| | 2019–20 വരെ | 2020–21# | 2021–22 | |
| വയനാട് | 1.39 | 1.59 | 8.16 | 11.14 |
| കോഴിക്കോട് | 88.44 | 5.01 | 21.50 | 114.95 |
| തൃശ്ശൂർ | 10.42 | 15.07 | 24.76 | 50.25 |
| കോട്ടയം | 7.34 | 2.91 | 12.06 | 22.31 |
| സ്പെഷ്യൽ ബിൽഡിംഗ്സ്, തിരുവനന്തപുരം | 7.94 | 4.26 | 15.60 | 27.80 |
| **ആകെ** | | | | **226.45** |

# കോഴിക്കോട് 2004–2005 മുതലുള്ള കാലയളവിലേതുമായി ബന്ധപ്പെട്ട തുകയും മറ്റ് ഡിവിഷനുകളിലേത് 2016 ഏപ്രിൽ മുതൽ മാത്രവും.

*(ഉറവിടം: ബന്ധപ്പെട്ട ഡിവിഷനുകളിൽ നിന്ന് ലഭിച്ച ഡാറ്റ)*

ഓഡിറ്റ് ഇനിപ്പറയുന്നവ നിരീക്ഷിച്ചു:

- ഡിവിഷനുകൾ നൽകിയ ഡാറ്റ പ്രകാരം 226.45 കോടി രൂപ (കോഴിക്കോട് ഡിവിഷനിൽ 2004–05 മുതലും മറ്റ് തിരഞ്ഞെടുത്ത ഡിവിഷനുകളിൽ 2016 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയും ലഭിച്ചത്) തിരഞ്ഞെടുത്ത ഡിവിഷനുകളിലെ നിക്ഷേപങ്ങളുടെ ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിൽ നിഷ്ക്രിയമായി കിടക്കുന്നു. ഉപയോക്തൃ വകുപ്പിന് പ്രവൃത്തി വേണ്ടാത്തതിനാൽ, സ്ഥല സംബന്ധമായ പ്രശ്നങ്ങൾ, തടസ്സരഹിത ഭൂമി ലഭ്യമല്ലാത്തത്, സാമൂഹിക പ്രശനങ്ങൾ എന്നിങ്ങനെയുള്ള വിവിധ കാരണങ്ങളാൽ നിക്ഷേപങ്ങൾ നിഷ്ക്രിയമായി.
- സ്വരൂപിച്ച നിക്ഷേപങ്ങൾ പരിശോധിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ കെട്ടിട വിഭാഗം ഒരു നടപടിയും സ്വീകരിച്ചില്ല. ചില നിക്ഷേപങ്ങൾ 15 വർഷത്തിലേറെയായി നിഷ്ക്രിയമായി കിടക്കുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് 226.45 കോടി രൂപയുടെ ഫണ്ട് ഉപയോഗിക്കാത്തതിനാൽ, ഉപയോക്തൃ വകുപ്പിന്റെ ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ല. മാത്രമല്ല, ഫണ്ട് പി.ഡബ്ല്യു.ഡി–ക്ക് കൈമാറിയതിനാൽ, ഉപയോക്തൃ വകുപ്പുകളുടെ അക്കൗണ്ടുകളിൽ അന്തിമ ചെലവായി അത്തരം തുകകൾ രേഖപ്പെടുത്താനുള്ള സാധ്യതയുണ്ട്.
- ഇതു കൂടാതെ, ഓഡിറ്റ് കാലയളവിലെ 525 പ്രവൃത്തികളിന്മേൽ 39.13 കോടി രൂപ, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും തീർപ്പാക്കാതെ കിടപ്പുണ്ട് (2022 ഡിസംബർ വരെ).

വിവിധ നിക്ഷേപ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന്, മറ്റ് വകുപ്പുകളിൽ നിന്ന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം അവലോകനം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും യാതൊരു സംവിധാനവും നിലവിലില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത്, ഇത്തരം പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാര്യമായ കാലതാമസമുണ്ടാക്കുകയും ഡെപ്പോസിറ്റ് ഹെഡ്ഡിനു കീഴിൽ ഫണ്ട് കെട്ടി കിടക്കുന്നതിനും കാരണമായി. ഉപയോക്തൃ വകുപ്പുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രതീക്ഷിച്ച സമയപരിധിക്കുള്ളിൽ നേടാനായില്ല എന്നതും ഈ കാലതാമസം അർത്ഥമാക്കുന്നു. ഇത് ഫണ്ട് വക മാറ്റി ചെലവഴിക്കാനും ഇടയാക്കും.

കെട്ടിട വിഭാഗങ്ങളിലെ നിഷ്ക്രിയ നിക്ഷേപങ്ങൾ ചീഫ് എൻജിനീയർ (കെട്ടിടങ്ങൾ) പരിശോധിക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

എന്നിരുന്നാലും, വർഷങ്ങളോളം സർക്കാർ ഫണ്ടുകൾ പൊതു അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നതും/കെട്ടിക്കിടക്കുന്നതും തത്ഫലമായി സർക്കാരിന്റെ ബജറ്റ് നിയന്ത്രണങ്ങളെ ബാധിക്കുന്നതും, ഒഴിവാക്കുന്നതിനായി നിക്ഷേപങ്ങൾ നിരീക്ഷിക്കുന്നതിന് വകുപ്പിൽ ഒരു സംവിധാനം വികസിപ്പിക്കുമെന്ന് മറുപടിയിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉറപ്പ് ലഭിച്ചില്ല.

### *2.3.5.2 അവകാശപ്പെടാത്ത സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സർക്കാർ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടില്ല*

കെ.പി.ഡബ്ല്യു.എ കോഡിന്റെ ഖണ്ഡിക 15.4.1 (iii) പ്രകാരം എല്ലാ വർഷവും മാർച്ച് അവസാനത്തോടെ മൂന്ന് പൂർണ്ണ അക്കൗണ്ട് വർഷങ്ങളിൽ കൂടുതൽ ഉടമസ്ഥത അവകാശപ്പെടാതെ അവശേഷിക്കുന്ന നിക്ഷേപങ്ങൾ കാലഹരണപ്പെട്ട നിക്ഷേപങ്ങളായി കണക്കാക്കുകയും സർക്കാർ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും വേണം.

എല്ലാ സർക്കിളുകളിലും തിരഞ്ഞെടുത്ത ഡിവിഷനുകളിലും ബാങ്ക് ഗ്യാരണ്ടി ഒഴികെയുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ[63] പരിശോധിച്ചപ്പോൾ, 1996–97 മുതൽ 2015–16 വരെ ലഭിച്ച 3.57 കോടി രൂപയുടെ[64] സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ഉടമസ്ഥത അവകാശപ്പെടാതെ അവശേഷിക്കുന്നതായും 2021–22 വരെ അവ കാലഹരണപ്പെട്ട നിക്ഷേപങ്ങളായി സർക്കാർ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ചിട്ടില്ലെന്നും കണ്ടെത്തി. കൂടാതെ, കാലഹരണപ്പെട്ട സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ഉൾപ്പെടെ സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ പ്രതിമാസ / വാർഷിക ക്ലോസിംഗ് സ്റ്റേറ്റ്മെന്റ് തിരഞ്ഞെടുത്ത ഡിവിഷനുകളൊന്നും പരിപാലിച്ചിട്ടില്ല. സർക്കിളുകളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ നിരീക്ഷിക്കാനും ആവശ്യമായ നടപടികൾ ആരംഭിക്കാനും ഒരു സംവിധാനം ആവിഷ്കരിക്കേണ്ടതായിരുന്നു.

മൂന്ന് പൂർണ്ണ അക്കൗണ്ടിംഗ് വർഷങ്ങളിൽ കൂടുതൽ അവകാശം ചെയ്യപ്പെടാതെ അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ ബാക്കി തുക സർക്കാർ അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കാൻ നടപടിയെടുക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

### *2.3.5.3 11.32 കോടി രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ കൈകാര്യം ചെയ്തതിലെ പിഴവുകൾ*

കെ.പി.ഡബ്ല്യു.ഡി മാന്വൽ 2009.7–ാം വകുപ്പും സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിന്റെ 7.2–ാം വ്യവസ്ഥയും പ്രകാരം ലേലം കൊണ്ട ലേലക്കാരൻ സ്വീകാരപത്രം ലഭിച്ച് 14 ദിവസത്തിനകം കരാർ തുകയുടെ അഞ്ച് ശതമാനം പെർഫോമൻസ് ഗ്യാരണ്ടിയായി സമർപ്പിക്കണം. ന്യൂനത പരിഹാര ബാധ്യത കാലയളവ് പൂർത്തിയായതിന് ശേഷം 28 ദിവസത്തിൽ കുറയാത്ത കാലയളവിലേക്ക് പെർഫോമൻസ് ഗ്യാരണ്ടിയുടെ 50 ശതമാനമെങ്കിലും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് രൂപത്തിൽ കരാർ അധികാരിയുടെ പേരിലും, ബാക്കി പെർഫോമൻസ് ഗ്യാരണ്ടി ബാങ്ക് ഗ്യാരണ്ടിയുടെ രൂപത്തിലും ആയിരിക്കണം. കരാർ നടപ്പിലാക്കുന്നതിന് മുമ്പ് ബാങ്ക് ഗ്യാരണ്ടി സമർപ്പിക്കേണ്ടതാണ്, കൂടാതെ പ്രവൃത്തിയുടെ ന്യൂനത പരിഹാര ബാധ്യത കാലയളവ് പൂർത്തിയായതിന് ശേഷം 28 ദിവസം വരെ സാധുതയുള്ളതുമായിരിക്കണം. കാലാവധി കുറഞ്ഞ, തവണ അടിസ്ഥാനത്തിലുള്ള ബാങ്ക് ഗ്യാരണ്ടി സ്വീകരിക്കാൻ പാടില്ല. കൂടാതെ, എസ്റ്റിമേറ്റ്

---

[63] ടേം ഡെപ്പോസിറ്റുകൾ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, പോസ്റ്റൽ സേവിംഗ്സ് അക്കൗണ്ട്, ട്രഷറി സേവിംഗ്സ് അക്കൗണ്ട് തുടങ്ങിയവ.

[64] വയനാട് 71,476 രൂപ (32 എണ്ണം) + കോഴിക്കോട് 19.75 ലക്ഷം രൂപ (15 എണ്ണം) + സൗത്ത് സർക്കിൾ 1.90 കോടി രൂപ (248 എണ്ണം) + ജുഡീഷ്യൽ സർക്കിൾ 27.57 ലക്ഷം രൂപ (38 എണ്ണം) + കോട്ടയം 4.64 ലക്ഷം രൂപ (7 എണ്ണം) + തൃശ്ശൂർ 36.87 ലക്ഷം രൂപ (58 എണ്ണം) + തിരുവനന്തപുരം സ്പെഷ്യൽ ബിൽഡിംഗ് ഡിവിഷൻ 3.71 ലക്ഷം രൂപ (3 എണ്ണം) + സെൻട്രൽ സർക്കിൾ 73.7 ലക്ഷം രൂപ (69 എണ്ണം).

തുകയുടെ 10 ശതമാനത്തിൽ താഴെ ഉദ്ധരിച്ച നിരക്ക് വരുന്ന എല്ലാ കേസുകളിലും പെർഫോമൻസ് ഗ്യാരണ്ടിക്ക് പുറമെ അസന്തുലിതമായ കരാർ തുകയ്ക്ക് [65] ഒരു അധിക പെർഫോമൻസ് ഗ്യാരണ്ടി നൽകേണ്ടതുണ്ട്.

കരാറുകാരനുമായുള്ള കരാറുകൾ നടപ്പിലാക്കുന്നതിന് മുമ്പോ പൂർത്തീകരണ കാലയളവ് നീട്ടി നൽകുമ്പോഴോ ഉചിതമായ പരിരക്ഷയോടെ മതിയായ ഗ്യാരണ്ടികൾ ശേഖരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കരാർ അധികാരികളായ സർക്കിളുകളിലെയും ഡിവിഷനുകളിലെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും യഥാക്രമം ഉത്തരവാദിത്തമുണ്ട്. എന്നാൽ, ഡിവിഷനുകളിലെ തിരഞ്ഞെടുത്ത 104 പ്രവൃത്തികളുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിരിക്കുന്ന സെക്യൂരിറ്റികളുടെ (20.93 കോടി രൂപ) പരിശോധനയിലും സർക്കിൾ ഓഫീസുകളിലെ രേഖകളിലും 2022 ഒക്ടോബർ വരെ 22 പ്രവൃത്തികളിലായി ബന്ധപ്പെട്ട 29 സന്ദർഭങ്ങളിൽ 11.32 കോടി രൂപയുടെ ബാങ്ക് ഗ്യാരണ്ടികൾ ശേഖരിക്കുകയോ / കാലാവധി ദീർഘിപ്പിക്കുകയോ / തിരിച്ചുപ്പിടിക്കുകയോ ചെയ്തിട്ടില്ലെന്നും അല്ലെങ്കിൽ കുറഞ്ഞ തുക ശേഖരിക്കുകയോ കാലാവധി കഴിയുകയോ ന്യൂനത പരിഹാര ബാധ്യത കാലയളവ് പൂർത്തിയാകുന്നതിന് മുമ്പ് തിരിച്ചു നൽകുകയോ ചെയ്തു എന്നും കണ്ടെത്തി. ഈ 22 പ്രവൃത്തികളിൽ ഏഴ് പ്രവൃത്തികൾ പൂർത്തിയായി, 10 പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു, അഞ്ച് പ്രവൃത്തികൾ മുൻകൂട്ടി അവസാനിപ്പിച്ചു. അതിനാൽ, അവസാനിപ്പിച്ച അഞ്ച് പ്രവൃത്തികളുടെ കാര്യത്തിൽ, നഷ്ടോത്തരവാദിത്തം അല്ലെങ്കിൽ ലിക്വിഡേറ്റഡ് ഡാമേജുകൾ വീണ്ടെടുക്കാത്തതിനാൽ സർക്കാരിന് ഇതിനകം നഷ്ടം സംഭവിച്ചിട്ടുണ്ട്, കൂടാതെ 10 പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരൻ വീഴ്ച വരുത്തിയാൽ സർക്കാരിന് നഷ്ടസാധ്യതയുമുണ്ട്. സംഭവങ്ങളുടെ തരം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.9**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.9 : ബാങ്ക് ഗ്യാരണ്ടികളുടെ വിശദാംശങ്ങൾ**

*(രൂപ കോടിയിൽ)*

| പെർഫോമൻസ് ഗ്യാരണ്ടി / അധിക പെർഫോമൻസ് ഗ്യാരണ്ടിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ | സംഭവങ്ങളുടെ എണ്ണം | തുക |
|---|---|---|
| വാങ്ങാത്തത്/കുറവായി വാങ്ങിയത് | 4 | 2.28 |
| പെർഫോമൻസ് ഗ്യാരണ്ടിയുടെ കാലയളവ് നീട്ടാതെ പൂർത്തീകരണ കാലയളവ് നീട്ടിയത് | 14 | 2.96 |
| അധിക പെർഫോമൻസ് ഗ്യാരണ്ടിയുടെ കാലയളവ് നീട്ടാതെ പൂർത്തീകരണ കാലയളവ് നീട്ടിയത് | 5 | 3.51 |
| നഷ്ടോത്തരവാദിത്തം ഉപയോഗിച്ച് അവസാനിപ്പിച്ച പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബാങ്ക് ഗ്യാരണ്ടികൾ കാലഹരണപ്പെട്ടത് | 5 | 1.66 |
| ന്യൂനത പരിഹാര ബാധ്യത കാലയളവ് പൂർത്തിയാക്കുന്നതിന് മുമ്പ് സർക്കിൾ ഓഫീസ് ബാങ്ക് ഗ്യാരണ്ടി തിരികെ നൽകിയത് | 1 | 0.91 |
| **ആകെ** | **29** | **11.32** |

*(ഉറവിടം: ബന്ധപ്പെട്ട ഡിവിഷനുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ)*

കരാർ ബാധ്യതകൾ നിറവേറ്റുന്നതിൽ കരാറുകാരൻ പരാജയപ്പെടുന്ന സന്ദർഭത്തിൽ കരാറുകാരന്റെ ബാധ്യതകൾ നിറവേറ്റുമെന്ന് ബാങ്കിൽ നിന്നുള്ള വാഗ്ദാനമാണ് ബാങ്ക് ഗ്യാരണ്ടി. പെർഫോമൻസ് ഗ്യാരണ്ടി / അധിക പെർഫോമൻസ് ഗ്യാരണ്ടി ശേഖരിക്കാത്തതും / കുറവായി ശേഖരിച്ചതും, ബാങ്ക് ഗ്യാരണ്ടിയുടെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് ബാങ്കിനെ അറിയിക്കാത്തതും, കരാറുകാരനെ അനാവശ്യമായ ആനുകൂല്യത്തിന് അർഹനാക്കുകയും ന്യൂനതാ പരിഹാര ബാധ്യതാ കാലയളവിന്റെ സമയത്ത് പെർഫോമൻസ് ഗ്യാരണ്ടി / അധിക പെർഫോമൻസ് ഗ്യാരണ്ടികളുടെ നിബന്ധനകൾ കരാറുകാരൻ പാലിച്ചില്ലെങ്കിൽ ഖജനാവിന്

65 അംഗീകരിച്ച ലേല തുക, എസ്റ്റിമേറ്റ് തുകയുടെ 10 ശതമാനത്തിൽ താഴെയാണെങ്കിൽ, അസന്തുലിത തുക എസ്റ്റിമേറ്റ് തുകയുടെയും അംഗീകരിച്ച ലേല തുകയുടെയും 10 ശതമാനത്തിൽ താഴെയുള്ള വ്യത്യാസ തുകയെ പ്രതിനിധീകരിക്കുന്നു.

നഷ്ടമുണ്ടാകുന്നതിനും സാധ്യതയുണ്ട്. കാലഹരണപ്പെട്ട ബാങ്ക് ഗ്യാരണ്ടികളുടെ വിശദാംശങ്ങൾ ***അനുബന്ധം 10***–ൽ നൽകിയിരിക്കുന്നു.

എല്ലാ സംഭവങ്ങളും ചീഫ് എഞ്ചിനീയർ (കെട്ടിടങ്ങൾ) പരിശോധിച്ച് നടപടിയെടുക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

### *2.3.5.4 നഷ്ടോത്തരവാദിത്ത ബാധ്യത വസൂലാക്കാതിരിക്കൽ*

കെ.പി.ഡബ്ല്യു.ഡി മാന്വലിലെ 2116.2.1–ാം വകുപ്പ് പ്രകാരം കരാറുകാരൻ പൂർത്തീകരിക്കാതെ അവസാനിപ്പിച്ച പ്രവൃത്തി കരാറിന്റെ സമ്മതിച്ച നിരക്കിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ ചെലവിന്റെ 30 ശതമാനത്തിന് തുല്യമായ തുക നഷ്ടോത്തരവാദിത്തം എന്ന നിലയിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. നഷ്ടോത്തരവാദിത്ത തുക മൂന്ന് മാസത്തിനുള്ളിൽ അടയ്ക്കാൻ കരാറുകാരന് നിർദ്ദേശവും നൽകണം. കൂടാതെ, ഭാഗം 2 ജനറൽ കണ്ടീഷൻസ് ഓഫ് കോൺട്രാക്റ്റിന്റെ 15.4, 15.5, 15.6 എന്നീ വകുപ്പുകൾ പ്രകാരം, കരാർ അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ, കരാർ മൂല്യത്തിന്റെ 10 ശതമാനം വരെ ലിക്വിഡേറ്റഡ് ഡാമേജ് വസൂലാക്കാനും കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടി നഷ്ടം നികത്താനും അതിനു പുറമേ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ മറ്റ് മാർഗ്ഗങ്ങളിലൂടെ പ്രവൃത്തി പൂർത്തിയാക്കുന്നതിനും തൊഴിലുടമയ്ക്ക് അവകാശമുണ്ട്.

നഷ്ടോത്തരവാദിത്തം വസൂലാക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ബാധ്യസ്ഥരാണ്. അതേസമയം നഷ്ടോത്തരവാദിത്തം കണക്കാക്കേണ്ടത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ്. എന്നിരുന്നാലും നാല് കെട്ടിട സർക്കിളുകളിലായി 13 പ്രവൃത്തികൾ കരാറുകാരുടെ നഷ്ടോത്തരവാദിത്തത്തിൽ മുൻകൂട്ടി അവസാനിപ്പിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, 13 പ്രവൃത്തികളിൽ ഒമ്പതെണ്ണത്തിൽ 8.71 കോടി രൂപ നഷ്ടോത്തരവാദിത്തമായി പിരിച്ചെടുക്കാൻ കുടിശ്ശികയുണ്ടായിരുന്നു, നാല് പ്രവൃത്തികളിൽ (ഒമ്പതിൽ) 1.09 കോടി രൂപയുടെ ലിക്വിഡേറ്റഡ് ഡാമേജുകൾ പിരിച്ചെടുത്തിട്ടില്ല. മാത്രമല്ല, 13 പ്രവൃത്തികളിൽ നാലെണ്ണത്തിലും നഷ്ടോത്തരവാദിത്ത ബാധ്യത ഇതുവരെ കണക്കാക്കുകയോ കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ***അനുബന്ധം 11***–ൽ നൽകിയിരിക്കുന്നു.

കൂടാതെ, ഒരു പ്രവൃത്തിയിൽ[66], പ്രീ–ക്വാളിഫിക്കേഷൻ വിവരങ്ങളുടെ ഭാഗം VI–ലെ 2.2, 2.4 എന്നീ വ്യവസ്ഥകൾ ലംഘിച്ച് പ്രവൃത്തി പരിചയമില്ലാത്ത കരാറുകാരന് കരാർ നൽകുകയും തത്ഫലമായി നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി അവസാനിപ്പിക്കുകയും ചെയ്തു.

ഓഡിറ്റ് ചൂണ്ടിക്കാണിച്ച കേസുകളിൽ നഷ്ടോത്തരവാദിത്തം വീണ്ടെടുക്കുന്നതിലെ പോരായ്മകൾ സർക്കാർ അംഗീകരിച്ചു (2023 ഫെബ്രുവരി). അഞ്ച് കേസുകളിൽ അടിയന്തര നടപടി സ്വീകരിക്കുമെന്ന് വകുപ്പ് ഉറപ്പ് നൽകുകയും ബാക്കി കേസുകളിൽ തുക ഈടാക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തുവെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

### *2.3.5.5 അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ് നിശ്ചയിക്കാതിരിക്കൽ*

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 2802.1–ാം വകുപ്പ് അനുസരിച്ച്, ഒരു അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റിന്റെ ഭാഗമായ ഒരു കാമ്പസിലെ ഓരോ കെട്ടിടത്തിനും അല്ലെങ്കിൽ ഒരു കൂട്ടം കെട്ടിടങ്ങൾക്ക് ചീഫ് എൻജിനീയർ (കെട്ടിടങ്ങൾ) നിശ്ചയിച്ച വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ് ഉണ്ടായിരിക്കും. ചുമരുകൾ, തറകൾ, വാതിലുകളും ജനലുകളും, മേൽക്കൂര മുതലായവയുടെ ചെറിയ അറ്റകുറ്റപ്പണികൾ, ആവർത്തന സ്വഭാവമുള്ള വൈറ്റ് വാഷിംഗ്, പെയിന്റിംഗ് എന്നിങ്ങനെയുള്ള സാധാരണ അറ്റകുറ്റപ്പണികളുടെ ചെലവ് വഹിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ ഗ്രാന്റ്. കൂടാതെ

---

[66] ചിറ്റൂർ ഗവൺമെന്റ് കോളേജിലെ ലേഡീസ് ഹോസ്റ്റലിനുവേണ്ടി അധിക ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണം.

എല്ലാ വർഷവും ഏപ്രിലിൽ വിവിധ ഡിവിഷനുകൾക്കു കീഴിൽ പല സബ് ഹെഡ്ഡിലായി മൊത്തം ബജറ്റ് വിഹിതം ചീഫ് എൻജിനീയർ (കെട്ടിടങ്ങൾ) അനുവദിക്കുകയും അങ്ങനെ അനുവദിച്ച ഫണ്ടുകൾക്കുള്ളിൽ ഡിവിഷണൽ ഓഫീസർമാർ അവരുടെ അറ്റകുറ്റപ്പണികൾ ആസൂത്രണം ചെയ്യുകയും വേണം. സാധാരണ അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ് മൂലധനച്ചെലവിന്റെ രണ്ട് ശതമാനമാണ്, ഓരോ കെട്ടിടത്തിനും നിശ്ചയിച്ച ഗ്രാന്റ് ഓരോ അഞ്ച് വർഷത്തിലൊരിക്കലോ അല്ലെങ്കിൽ ആവശ്യാനുസരണമോ പരിഷ്കരിക്കേണ്ടതാണ്.

എന്നിരുന്നാലും, വിഭാവനം ചെയ്തതു പോലെ, ചീഫ് എൻജിനീയർ, ഡിവിഷണൽ ഓഫീസർമാർക്ക് അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ് നിശ്ചയിക്കുകയും നൽകുകയും ചെയ്യുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, ഇത് സർക്കാർ കെട്ടിടങ്ങളുടെ ആനുകാലിക അറ്റകുറ്റപ്പണികളുടെ കുറവിന് കാരണമായി. കെ.പി.ഡബ്ല്യു.ഡി മാന്വലിൽ വിഭാവനം ചെയ്തതുപോലെ അറ്റകുറ്റപ്പണികൾക്ക് അർഹമായ മുൻഗണന നൽകിയിട്ടില്ലെന്ന് ഇത് സൂചിപ്പിച്ചു.

കെട്ടിട ഡിവിഷനുകളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എല്ലാ വർഷവും അറ്റകുറ്റപ്പണിയുടെ ആവശ്യകതകൾ ആസൂത്രണ വിഭാഗത്തിന് സമർപ്പിക്കുന്നുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കുള്ള ബജറ്റ് എസ്റ്റിമേറ്റുകൾ ധനകാര്യ വിഭാഗം സമർപ്പിക്കുന്നുവെന്നും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). ഭരണാനുമതിയുടെയും മുൻഗണനാ പട്ടികയുടെയും അടിസ്ഥാനത്തിലാണ് ചീഫ് എൻജിനീയർ ലഭ്യമായ ഫണ്ടുകൾ അനുവദിക്കുന്നത്. എന്നാൽ കെ.പി.ഡബ്ല്യു.ഡി മാന്വലിൽ വിഭാവനം ചെയ്തിട്ടുള്ളത് പോലെ എല്ലാ സർക്കാർ കെട്ടിടങ്ങൾക്കും വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ് നിശ്ചയിക്കുന്നത് സംബന്ധിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല.

### *2.3.5.6 ബാഹ്യ സാമ്പത്തിക സഹായത്തിലെ വീഴ്ച*

'കൊയിലാണ്ടി പേരാമ്പ്ര സി.കെ.ജി.എം കോളേജിനായി വനിതാ ഹോസ്റ്റൽ നിർമ്മാണം' എന്ന പ്രവൃത്തിക്ക് 1.50 കോടി രൂപയ്ക്ക് സർക്കാർ അനുമതി നൽകി (2011 സെപ്റ്റംബർ). യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ (യു.ജി.സി) നിന്നുള്ള 0.60 കോടി രൂപയുടെ സഹായവും ഇതിൽ ഉൾപ്പെടുന്നു. ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, യു.ജി.സി ഗ്രാന്റിന്റെ ആദ്യ ഗഡുവായ 0.30 കോടി രൂപ കോഴിക്കോട് കെട്ടിട ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഡെപ്പോസിറ്റ് അക്കൗണ്ടിൽ നിക്ഷേപിച്ചു (2013 മെയ്). പ്രവൃത്തി തുടങ്ങാൻ വൈകിയതിനാൽ യു.ജി.സി ബാക്കിയുള്ള 0.30 കോടി രൂപ നൽകിയില്ല. കോളേജ് അധികൃതരിൽ നിന്ന് നിരവധി ഓർമപ്പെടുത്തലുകൾ ഉണ്ടായിട്ടും ഭരണാനുമതി പുറപ്പെടുവിച്ച് ആറ് വർഷത്തിന് ശേഷം 2017 ആഗസ്റ്റിൽ മാത്രമാണ് സുപ്രണ്ടിംഗ് എൻജിനീയർ (നോർത്ത് സർക്കിൾ) പ്രവർത്തിക്കുള്ള സാങ്കേതിക അനുമതി നൽകിയത്.

പൊതുമരാമത്ത് വകുപ്പ് പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയത് വകുപ്പിലെ നടപടിക്രമങ്ങളിലെ വീഴ്ച കാരണമാണെന്ന് നിരീക്ഷിച്ചു, ഇത് യു.ജി.സി–യുടെ 0.30 കോടി രൂപയുടെ സഹായം നഷ്ടപ്പെടാൻ കാരണമാവുക മാത്രമല്ല, സംസ്ഥാന ഖജനാവിന് അധിക ബാധ്യത സൃഷ്ടിക്കുകയും ചെയ്തു. മൊത്തം 1.02 കോടി രൂപ ചെലവഴിച്ചാണ് പ്രവൃത്തി പൂർത്തിയാക്കിയത് (2020 ഫെബ്രുവരി). അങ്ങനെ, നിർദ്ദിഷ്ട വനിതാ ഹോസ്റ്റൽ ഒൻപത് വർഷത്തെ ഇടവേളയ്ക്ക് ശേഷം മാത്രമേ യാഥാർത്ഥ്യമാകൂ.

കേസ് പരിശോധിക്കുമെന്നും ഫണ്ട് അസാധുവായതിന് ആവശ്യമായ നടപടി ചീഫ് എൻജിനീയർ (കെട്ടിടങ്ങൾ) കൈക്കൊള്ളുമെന്നും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

എന്നാൽ ചീഫ് എൻജിനീയറിൽ (കെട്ടിടങ്ങൾ) നിന്ന് ഈ വിഷയത്തിൽ കൂടുതൽ മറുപടി ലഭിച്ചില്ല (2023 ഏപ്രിൽ).

***ശുപാർശകൾ: നിക്ഷേപങ്ങളുടെയും സെക്യൂരിറ്റികളുടെയും അവലോകനം നടത്തുകയും, നഷ്ടോത്തരവാദിത്തം, ലിക്വിഡേറ്റഡ് ഡാമേജുകൾ, ഇൻഷുറൻസ്***

***മുതലായവ സമയബന്ധിതമായി വസൂലാക്കുകയും, സാമ്പത്തിക നടത്തിപ്പിലെ വീഴ്ചകളുമായി ബന്ധപ്പെട്ട ഉത്തരവാദിത്തം നിശ്ചയിക്കുകയും, പരിപാലന സഹായധനം നൽകുകയും, അനുവദിച്ചു കിട്ടുന്ന തുക ഉചിതമായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്ന് വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.***

### 2.3.6 പദ്ധതികളുടെ നിർവ്വഹണം

**സ്ഥലപരിശോധന, കൃത്യമായ രൂപരേഖയും വിശദമായ എസ്റ്റിമേറ്റും ഉറപ്പാക്കാതെ സാങ്കേതികാനുമതി നൽകൽ, തടസ്സങ്ങൾ നീക്കാതെ സ്ഥലം കൈമാറൽ തുടങ്ങി നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ സമയം അധികരിച്ചത് കാരണം കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ അറ്റകുറ്റപ്പണികൾ തടസ്സപ്പെട്ടു. മത്സരാധിഷ്ഠിത ലേലം, ഇൻഷുറൻസ്, ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ, മതിയായ ന്യൂനത പരിഹാര ബാധ്യതാ കാലയളവ്, കെട്ടിടങ്ങളുടെ പരിശോധന, എന്നിവ ഉറപ്പാക്കുന്നതിലെ വീഴ്ചകളും കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടു.**

#### *2.3.6.1 ഘടനാപരമായ രൂപകൽപ്പനയില്ലാതെ വിശദമായ എസ്റ്റിമേറ്റും സാങ്കേതിക അനുമതിയും*

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 1501–ാം വകുപ്പ് പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുമ്പ് ഏത് തരത്തിലുള്ള കെട്ടിടത്തിന്റെയും രൂപകൽപ്പനയ്ക്ക് ഡെലിഗേഷൻ ഓഫ് പവേഴ്സിൽ നിർദ്ദേശിച്ചിരിക്കുന്ന ഉത്തരവാദപ്പെട്ട അധികാരി അംഗീകാരം നൽകേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സ്ഥലം നേരിട്ട് പരിശോധിക്കുകയും നിർദിഷ്ട രൂപകൽപന പ്രസ്തുത സ്ഥലത്ത് നടപ്പാക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തുകയും വേണം.

കൂടാതെ, കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 1601.1.2–ാം വകുപ്പ് അനുസരിച്ച്, അനുബന്ധം 1600ഡി പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് [വിശദമായ എസ്റ്റിമേറ്റിനുള്ള പരിശോധന പട്ടിക (പരിശോധന പട്ടികയിലെ 10–ാമത്തെ ഇനം വിശദമായ രൂപചിത്രീകരണങ്ങളും രൂപരേഖകളും ആണ്)] എല്ലാ പ്രവൃത്തികൾക്കും സാങ്കേതിക അനുമതി നൽകുന്നതിന് സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട അധികാരി സ്ഥലത്തിന്റെ വിശദമായ പര്യവേക്ഷണത്തിന് ശേഷം പ്രവൃത്തികളുടെ സവിശേഷതകളിലെ വ്യത്യസ്ത ഇനങ്ങളും ചെലവും പരിഗണിച്ച വേണം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. സാങ്കേതിക അധികാരി എല്ലാ അർത്ഥത്തിലും പ്രവൃത്തിയുടെ അനുയോജ്യതയെക്കുറിച്ച് തൃപ്തനായിരിക്കണം.

മൂന്ന്[67] പ്രവൃത്തികളിൽ കെട്ടിടത്തിന്റെ രൂപരേഖ നേടാതെ ചീഫ് എൻജിനീയർ സാങ്കേതിക അനുമതി പുറപ്പെടുവിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു, ഇത് ***അനുബന്ധം 9***–ൽ സൂചിപ്പിച്ചതുപോലെ ചില ഘടകങ്ങൾ ഒഴിവാക്കൽ, അധിക ഘടകങ്ങളുടെ നിർവ്വഹണം, ആർ.സി.സി–ക്കുള്ള വ്യതിയാന രൂപകൽപ്പന മിശ്രിതം എന്നിങ്ങനെ പ്രവൃത്തിയുടെ വ്യാപ്തിയിൽ ഗണ്യമായ മാറ്റത്തിന് കാരണമായി.

ഓഡിറ്റ് ചൂണ്ടിക്കാണിച്ച കേസുകളിൽ കെട്ടിടത്തിന്റെ രൂപരേഖ ലഭിക്കുന്നതിന് മുമ്പ് സാങ്കേതിക അനുമതി നൽകിയതായി ചീഫ് എൻജിനീയർ (കെട്ടിടങ്ങൾ) അംഗീകരിച്ചു (2023 മാർച്ച്). എന്നാൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തിയിട്ടില്ല.

#### *2.3.6.2 നിർമ്മാണ സമയം അധികരിക്കൽ*

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 2112–ാം വകുപ്പ് അനുസരിച്ച് കരാറിന്റെ സത്തയായി കണക്കാക്കുന്നത് സമയത്തെ ആണ്. ഒരു സമയം ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന

---

[67] 1. തൃശ്ശൂർ കൊരട്ടിയിലെ ഗാന്ധിഗ്രാം ഹോസ്പിറ്റൽ ഓഫ് ഡെർമറ്റോളജിയിൽ പുരുഷ/വനിത വാർഡുകളുടെ നിർമ്മാണം 2. കോഴിക്കോട് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളജിൽ ഗോൾഡൻ ജൂബിലി പി.ജി ബ്ലോക്ക് നിർമ്മാണം 3. വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിലെ മൾട്ടിപർപ്പസ് ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം.

പൂർത്തീകരണ കാലയളവ് നീട്ടികൊടുക്കൽ ആദ്യം അനുവദിച്ച സമയത്തിന്റെ 25 ശതമാനമോ അല്ലെങ്കിൽ ആറ് മാസമോ, ഏതാണോ കുറവ്, അതിൽ കവിയാൻ പാടില്ല. ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി നീട്ടികൊടുക്കൽ സമയം അതിന് ആദ്യം നൽകിയ പൂർത്തീകരണ കാലയളവിന്റെ പകുതിയായി പരിമിതപ്പെടുത്തണം. കൂടാതെ സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിന്റെ 19.2-ാം വകുപ്പ് പ്രകാരം, നിർവ്വഹണ വേളയിൽ നേരിടുന്ന വിവിധ തടസ്സങ്ങൾ രേഖപ്പെടുത്തുന്നതിന് നിർദ്ദിഷ്ട സ്ഥലത്തെ വകുപ്പുതല ഉദ്യോഗസ്ഥൻ ഒരു ഹിൻട്രൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം, റവന്യൂ മുതലായ സർക്കാർ വകുപ്പുകൾ പ്രത്യേക ലക്ഷ്യങ്ങളോടെ ഭരണാനുമതി പുറപ്പെടുവിക്കുകയും സമയബന്ധിതമായി കെട്ടിടങ്ങൾ നിർമ്മിക്കാൻ കെട്ടിട വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. ഭരണാനുമതി നേടിയ ശേഷം, കെട്ടിട വിഭാഗം നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് മണ്ണ് പരിശോധന നടത്തുകയും, ചീഫ് ആർക്കിടെക്റ്റ്, ചീഫ് എൻജിനീയർ (ഡിസൈൻ & അഡ്മിനിസ്ട്രേഷൻ) എന്നിവരിൽ നിന്ന് യഥാക്രമം രൂപരേഖയും സ്ട്രക്ച്ചുറൽ ഡ്രോയിംഗും നേടുന്നു. വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ ശേഷം കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 200ബി-യിൽ സൂചിപ്പിച്ചിരിക്കുന്ന സാമ്പത്തിക വിന്യാസ ക്രമീകരണ[68] പ്രകാരം ബന്ധപ്പെട്ട അധികാരി സാങ്കേതിക അനുമതി നൽകുന്നു.

തിരഞ്ഞെടുത്ത 104 പ്രവൃത്തികൾ ഓഡിറ്റ് വിശകലനം ചെയ്യുകയും, 87 പ്രവൃത്തികൾ (84 ശതമാനം) ചുവടെയുള്ള **പട്ടിക 2.10**-ൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ സമയക്രമം പാലിച്ചിട്ടില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

**പട്ടിക 2.10 : പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലെ കാലതാമസം**

| കാലതാമസത്തിന്റെ ദൈർഘ്യം | നടന്നുകൊണ്ടിരിക്കുന്നവ | പൂർത്തിയാക്കിയവ | ആകെ |
|---|---|---|---|
| 1-12 മാസം | 36 | 31 | 67 |
| 13-24 മാസം | 7 | 9 | 16 |
| 25-50 മാസം | 3 | 1 | 4 |
| **ആകെ** | **46** | **41** | **87** |

ഇവ നിരീക്ഷിച്ചു:

- 87 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഒരു മാസം മുതൽ 50 മാസം വരെ കാലതാമസമുണ്ടായി ***(അനുബന്ധം 12)***.
- അപര്യാപ്തമായ സ്ഥല പര്യവേക്ഷണം, തടസ്സങ്ങൾ നീക്കുന്നതിലെ പരാജയം, നിർദ്ദിഷ്ട സ്ഥലം മാറ്റുന്നത്, ഉപയോക്തൃ വകുപ്പുകൾ അഭ്യർത്ഥിച്ച രൂപരേഖാ പുനരവലോകനങ്ങൾ, ഘടനാപരമായ രൂപകൽപ്പനകൾ ലഭിക്കുന്നതിലെ കാലതാമസം എന്നിവ പോലുള്ള ഒഴിവാക്കാവുന്ന ഘടകങ്ങളാണ് പദ്ധതികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് പ്രധാനമായും കാരണമായത്. കൂടാതെ, കോവിഡ്-19-ഉം അനുബന്ധ പ്രശ്നങ്ങളും വകുപ്പിന്റെ നിയന്ത്രണത്തിന് പുറത്തുള്ള ഘടകങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടു, ഇതും 2019-22-കാലയളവിൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലെ കാലതാമസത്തിന് കാരണമായി.
- 45 പ്രവൃത്തികളിൽ പൂർത്തീകരണ കാലയളവ് അനുവദനീയമായ 50 ശതമാനത്തിൽ നിന്ന് യഥാർഥ പൂർത്തീകരണ കാലയാളവിന്റെ 50 ശതമാനത്തിന് മുകളിൽ 333 ശതമാനം വരെ നീട്ടി നൽകി.

[68] ചീഫ് എഞ്ചിനീയർ (പരിധിയില്ല); സൂപ്രണ്ടിംഗ് എഞ്ചിനീയർ (250 ലക്ഷം രൂപ വരെ); എക്സിക്യൂട്ടീവ് എഞ്ചിനീയർ (100 ലക്ഷം രൂപ വരെ) (അതോറിറ്റി : 21.08.2019-ലെ ജി.ഒ(പി)നം. 111/2019/ഫിൻ).

- തിരഞ്ഞെടുത്ത ഡിവിഷനുകളിൽ, ഹിൻട്രൻസ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുകയോ പൂർത്തീകരണ കാലയളവ് നീട്ടികൊടുക്കുന്നതിനായുള്ള അപേക്ഷകൾക്കൊപ്പം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
- നിർമ്മാണത്തിലുള്ള കാലതാമസം സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ എന്നിവയ്ക്ക് ലഭിക്കേണ്ടിയിരുന്ന പ്രയോജനം കൃത്യസമയത്ത് എത്തിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചു.

രൂപരേഖകൾ/എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിൽ ഉപയോക്തൃ വകുപ്പിന്റെ കാലതാമസം, തടസ്സങ്ങൾ ഉള്ളതിനാൽ മണ്ണ് പരിശോധന നടത്തുന്നതിലെ കാലതാമസം, സ്ട്രക്ച്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിലെ കാലതാമസം, പകർച്ചവ്യാധി സാഹചര്യങ്ങൾ, പ്രതികൂല കാലാവസ്ഥ തുടങ്ങിയ വിവിധ ഘടകങ്ങളാണ് കാലതാമസത്തിന് കാരണമെന്ന് സർക്കാർ / വകുപ്പ് മറുപടി നൽകി (2023 ഫെബ്രുവരി).

ആസൂത്രണം, പര്യവേക്ഷണം, മൂല്യനിർണ്ണയം എന്നിവ കൃത്യമായി നടത്തുകയും സമയബന്ധിതമായി പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്തിരുന്നെങ്കിൽ പകർച്ചവ്യാധിയും വെള്ളപ്പൊക്കവും ഒഴികെയുള്ള പ്രശ്നങ്ങൾ തടയാൻ കഴിയുമായിരുന്നതിനാൽ, മറുപടി സ്വീകാര്യമല്ല.

### *2.3.6.3 മത്സരാധിഷ്ഠിത ലേലം ഉറപ്പാക്കാതെ പ്രവൃത്തികൾ നൽകുന്നത്*

നിലവിലുള്ള മാനദണ്ഡങ്ങൾ[69] അനുസരിച്ച് അഞ്ച് ലക്ഷം രൂപയോ അതിൽ കൂടുതലോ ഉള്ള എല്ലാ ടെൻഡറുകളും ഇലക്ട്രോണിക് സംഭരണ സംവിധാനത്തിലൂടെ മാത്രമേ പാടുള്ളൂ. മത്സരാധിഷ്ഠിത ലേല പ്രക്രിയയിലൂടെ യഥാർത്ഥ വില കണ്ടെത്തൽ ഉറപ്പാക്കാൻ കേന്ദ്ര വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

***അനുബന്ധം 9***–ൽ കാണുന്നതുപോലെ, തിരഞ്ഞെടുത്ത ഡിവിഷനുകൾക്ക് കീഴിലുള്ള ആറ്[70] പ്രവൃത്തികളിൽ, സുതാര്യമായ രീതിയിൽ വില കണ്ടെത്താതെയും മത്സര ലേലത്തിലൂടെയും യഥാർത്ഥ/ അധിക പ്രവൃത്തികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ ക്രമീകരിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു, ഇത് തിരഞ്ഞെടുക്കപ്പെട്ട ലേലക്കാരന് അനാവശ്യ ആനുകൂല്യം പ്രദാനം ചെയ്യുകയും സർക്കാർ ഉത്തരവിന്റെയും കേന്ദ്ര വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങളുടെയും അന്തഃസത്തയ്ക്ക് വിരുദ്ധവുമാണ്.

ആവശ്യകത, സൗകര്യം, ഉപയോക്തൃ വകുപ്പ് നിർദ്ദേശിച്ച മാറ്റങ്ങൾ മുതലായവയാണ് റീ–ടെൻഡറിംഗ്/ ടെൻഡറിംഗ് ഇല്ലാതെ പ്രവൃത്തി ഏൽപ്പിക്കുന്നതിനുള്ള കാരണങ്ങളെന്ന് ചീഫ് എൻജിനീയർ മറുപടി നൽകി (2023 ഫെബ്രുവരി). സുതാര്യമായ ലേലത്തിന്റെ തത്ത്വങ്ങളെ ദുർബലപ്പെടുത്തുന്നതിനാൽ മറുപടി സ്വീകാര്യമല്ല.

### *2.3.6.4 പ്രവൃത്തികൾക്കായി ഇൻഷുറൻസ് പോളിസികൾ ഉറപ്പാക്കുന്നതിലെ വീഴ്ചകൾ*

സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിലെ (2017 ഓഗസ്റ്റ്) കരാർ വ്യവസ്ഥ നമ്പർ 12 അനുസരിച്ച്, കരാറുകാർ തുടക്കം മുതൽ ന്യൂനതാ പരിഹാര ബാധ്യതാ കാലയളവിന്റെ അവസാനം വരെ പ്രാബല്യത്തിൽ വരുന്ന ഇൻഷുറൻസ് പോളിസികൾ (കവറേജ് മൂല്യം: കരാർ തുകയുടെ 0.5 ശതമാനം – കുറഞ്ഞത് രണ്ട് ലക്ഷം രൂപ, പരമാവധി അഞ്ച്

---

[69] 2015 ജൂലൈ 30–ലെ ജി.ഒ(പി) നം. 324/2015/ഫിൻ

[70] 1. തിരുവനന്തപുരം പട്ടത്ത് വിവിധ കമ്മീഷനുകളുടെ പ്രവർത്തനത്തിന് ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം 2. കോഴിക്കോട് മരുതോങ്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം 3. കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഗോൾഡൻ ജൂബിലി പി.ജി ബ്ലോക്കിന്റെ നിർമ്മാണം 4. ഗവ. താലൂക്ക് ആശുപത്രി, വടകര, കോഴിക്കോട് 5. തൃശ്ശൂർ സെൻട്രൽ പ്രിസണിൽ നിർമ്മാണ യൂണിറ്റിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ 6. വയനാട് സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലെ അധിക ആശുപത്രി കെട്ടിടത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ.

ലക്ഷം രൂപ)[71] കരാറിലേർപ്പെട്ട് 15 ദിവസത്തിനുള്ളിൽ എടുക്കണം. താഴെപ്പറയുന്ന അപകടസാധ്യതകൾ മൂലമുണ്ടാകുന്ന സംഭവങ്ങളിൽ നിന്ന് കരാറുകാരനെ പരിരക്ഷിക്കുന്നതിനാണ് ഇൻഷുറൻസ് (എ) ജോലികൾ, യന്ത്രസംവിധാനങ്ങൾ, വസ്തുക്കൾ എന്നിവയുടെ നഷ്ടം അല്ലെങ്കിൽ കേടുപാടുകൾ; (ബി) ഉപകരണങ്ങളുടെ നഷ്ടം അല്ലെങ്കിൽ കേടുപാടുകൾ; (സി) കരാറുമായി ബന്ധപ്പെട്ട് വസ്തുവകകൾക്ക് (പ്രവൃത്തികൾ, യന്ത്രങ്ങൾ, മെറ്റീരിയലുകൾ, ഉപകരണങ്ങൾ എന്നിവ ഒഴികെ) നഷ്ടം അല്ലെങ്കിൽ കേടുപാടുകൾ; (ഡി) വ്യക്തിഗത പരിക്കോ മരണമോ പരിരക്ഷിക്കുന്നതിനുള്ള വർക്ക്മാൻ കോമ്പൻസേഷൻ പോളിസി. കൂടാതെ, കരാറുകാരൻ ഇൻഷുറൻസ് പോളിസി ഹാജരാക്കാത്ത സാഹചര്യത്തിൽ, കരാറുകാരൻ നൽകേണ്ട ഇൻഷുറൻസ്, എഞ്ചിനീയർ-ഇൻ-ചാർജ്ജ് നടപ്പിലാക്കുകയും കരാറുകാരന് നൽകേണ്ട പ്രതിഫലത്തിൽ നിന്ന് തൊഴിലുടമ അടച്ച അത്തരം പ്രീമിയങ്ങൾ വീണ്ടെടുക്കുകയും ചെയ്യാം. കൂടാതെ, കരാർ ഡാറ്റ അനുസരിച്ച്, പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ ഇൻഷുറൻസ് പോളിസികൾ ഹാജരാക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടാൽ, കരാർ തുകയുടെ 0.2 ശതമാനം കുറയ്ക്കണം.

തിരഞ്ഞെടുത്ത സാമ്പിളിലെ 57 പ്രവൃത്തികളിൽ 55 എണ്ണത്തിലും (***അനുബന്ധം 13***) എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കരാറുകാരിൽ നിന്ന് 1.31 കോടി[72] രൂപയുടെ ഇൻഷുറൻസ് പോളിസികൾ വാങ്ങിയിട്ടില്ലെന്നും 37.27 ലക്ഷം[73] രൂപയുടെ ആവശ്യമായ കിഴിവുകൾ വരുത്തിയിട്ടില്ലെന്നും, ഇത് വഴി കരാറുകാർക്ക് അനർഹമായ നേട്ടം ഉണ്ടായെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുകയും ഭാവിയിൽ മേൽപ്പറഞ്ഞ വ്യവസ്ഥ കർശനമായി പാലിക്കുമെന്ന് ഉറപ്പ് നൽകുന്നുവെന്നും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). ഒരു കേസിൽ ഇൻഷുറൻസ് സമർപ്പിച്ചിട്ടുണ്ടെന്നും, 21 കേസുകളിൽ പിഴ ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 17 കേസുകളിൽ സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിന്റെ ഭാഗമാണെങ്കിലും ഇൻഷുറൻസ് വ്യവസ്ഥ സ്വീകാരപ്പത്രത്തിൽ ഒരു വ്യവസ്ഥയായി ചേർത്തിട്ടില്ലെന്നും 15 കേസുകളിൽ ഇൻഷുറൻസ് വ്യവസ്ഥ ഭാവിയിൽ പാലിക്കുമെന്നും ചീഫ് എഞ്ചിനീയർ മറുപടി നൽകി. ഒരു കേസിൽ മറുപടിയൊന്നും നൽകിയിട്ടില്ല, 33 കേസുകളിൽ നടപടി സ്വീകരിക്കാത്തതിനാലും 54 കേസുകളിൽ ന്യൂനത പരിഹാര ബാധ്യതാ കാലയളവ് പൂർത്തിയാകുന്നതുവരെ ഇൻഷുറൻസ് എടുക്കുന്നതിനെക്കുറിച്ച് മറുപടിയിൽ ഒന്നും പറയാത്തതിനാലും മറുപടി സ്വീകാര്യമല്ല.

### ***2.3.6.5 ലിക്വിഡേറ്റഡ് ഡാമേജുകൾ ചുമത്താതിരിക്കൽ***

സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിലെ 14-ാം വകുപ്പ് പ്രകാരം കരാർ വ്യവസ്ഥയിൽ പ്രവൃത്തി പുരോഗതിയുടെ നാഴികക്കല്ലുകൾ കൈവരിക്കേണ്ട തീയതികൾ വ്യക്തമാക്കേണ്ടതാണ്. കൂടാതെ, കരാറുകാരൻ നാഴികക്കല്ലുകൾ കൈവരിക്കുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ, കരാറിൽ പറഞ്ഞിരിക്കുന്നതുപോലെ ലിക്വിഡേറ്റഡ് ഡാമേജുകൾ നൽകുന്നതിന് അദ്ദേഹം ബാധ്യസ്ഥനായിരിക്കും.

സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിലെ 15-ാം വകുപ്പ് പ്രകാരം, അനുവദനീയമായ സമയത്തിന്റെയും പുരോഗതി പട്ടികയുടെയും അടിസ്ഥാനത്തിൽ ആവശ്യമായ പുരോഗതി നിലനിർത്തുന്നതിൽ കരാറുകാരൻ പരാജയപ്പെടുകയോ അല്ലെങ്കിൽ കരാർ പൂർത്തിയാകുന്ന തീയതിയിലോ അല്ലെങ്കിൽ പൂർത്തിയാക്കാൻ സമയ ദൈർഘ്യം അനുവദിച്ച തീയതിയിലോ അതിനുമുമ്പോ പ്രവൃത്തി പൂർത്തിയാക്കി നിർദ്ദിഷ്ട സ്ഥലം വൃത്തിയാക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടാൽ, കാലതാമസത്തിന്, ആഴ്ചയിൽ

---

[71] സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കരാർ വിവരങ്ങളുടെ IV-ാം ഭാഗത്തിലെ 21-ാം ഇനം (പേജ് 91).

[72] വയനാട്: 15.57 ലക്ഷം രൂപ + കോഴിക്കോട്: 35.02 ലക്ഷം രൂപ + തൃശ്ശൂർ: 37 ലക്ഷം രൂപ + കോട്ടയം: 26 ലക്ഷം രൂപ + സ്പെഷ്യൽ ബിൽഡിംഗ്സ്, തിരുവനന്തപുരം: 17.54 ലക്ഷം രൂപ.

[73] വയനാട്: 5.19 ലക്ഷം രൂപ + കോഴിക്കോട്: 7.47 ലക്ഷം രൂപ + തൃശ്ശൂർ: 11.44 ലക്ഷം രൂപ + കോട്ടയം: 7.30 ലക്ഷം രൂപ + സ്പെഷ്യൽ ബിൽഡിംഗ്സ്, തിരുവനന്തപുരം: 5.86 ലക്ഷം രൂപ.

കരാർ മൂല്യത്തിന്റെ ഒരു ശതമാനം[74] അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം നഷ്ടപരിഹാര ഇനത്തിൽ ലിക്വിഡേറ്റഡ് ഡാമേജായി കരാറുകാരൻ നൽകേണ്ടതാണ്. അത്തരം നഷ്ടപരിഹാരം / നഷ്ടപരിഹാരങ്ങളുടെ മൊത്തം തുക കരാർ മൂല്യത്തിന്റെ പത്ത് ശതമാനത്തിൽ കവിയാൻ പാടില്ല. ഓഡിറ്റ് ഇനിപ്പറയുന്നവ നിരീക്ഷിച്ചു:

കരാറുകാർ നാഴികക്കല്ലുകൾ കൈവരിച്ചില്ലെങ്കിലും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പോലുള്ള കരാറിൽ ഏർപ്പെടുന്ന അധികാരികൾ കരാർ വ്യവസ്ഥകൾ അനുസരിച്ച് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല എന്നതിനാൽ മൂന്ന്[75] പ്രവൃത്തികളിലായി കരാറുകാർക്ക് 28.98 ലക്ഷം രൂപയുടെ അനർഹ നേട്ടമുണ്ടായി.

മറ്റൊരു പ്രവൃത്തിയിൽ[76] 48 ആഴ്ചയിലധികം രേഖാമൂലമുള്ള കാരണങ്ങളൊന്നുമില്ലാതെ കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചുവെങ്കിലും കെ.പി.ഡബ്ല്യു.ഡി മാന്വലിൽ വിഭാവനം ചെയ്തത് പോലെ ലിക്വിഡേറ്റഡ് ഡാമേജ് വസൂലാക്കാൻ ഒരു നടപടിയും ആരംഭിച്ചില്ല. മാന്വൽ വ്യവസ്ഥകൾ പ്രകാരം കണക്കാക്കിയ ലിക്വിഡേറ്റഡ് ഡാമേജ് തുക 66 ലക്ഷം[77] രൂപയാണ്.

പ്രവൃത്തി പുരോഗതിയുടെ നാഴികക്കല്ലുകൾ നിശ്ചയിക്കുകയും കരാറിന്റെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, നിശ്ചയിച്ച നാഴികക്കല്ലുകൾ പ്രകാരം നേട്ടം വിലയിരുത്തുന്നതിനും അതനുസരിച്ച് കരാറുകാർക്കുള്ള പ്രതിഫലം നിയന്ത്രിക്കുന്നതിനും ഡിവിഷനുകളിൽ ഒരു സംവിധാനവും നിലവിലില്ല. ലിക്വിഡേറ്റഡ് ഡാമേജ് ചുമത്താത്തതിന് പ്രവൃത്തി നിർവ്വഹിക്കുന്ന ഡിവിഷനുകളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉത്തരവാദികളാണ്.

നാഴികക്കല്ലുകൾ നിറവേറ്റുന്നത് വ്യക്തമായി നിർവ്വചിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്ന ഒരു പദ്ധതി നടത്തിപ്പ് സംവിധാനത്തിന്റെ അഭാവം അംഗീകരിക്കുന്നു എന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). കൂടാതെ, പല പദ്ധതികളിലും കാലതാമസത്തിന് കാരണമായി കരാറുകാരെ മാത്രം കണക്കാക്കാൻ കഴിയില്ലെന്നും അതിനാൽ ലിക്വിഡേറ്റഡ് ഡാമേജുകൾ ചുമത്തിയില്ലെന്നും അവർ ചൂണ്ടിക്കാട്ടി. കാലതാമസത്തിന് കരാറുകാർ ഉത്തരവാദികളാകുമ്പോൾ ലിക്വിഡേറ്റഡ് ഡാമേജുകൾ ചുമത്താൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. എന്നിരുന്നാലും, ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരാണ് കാലതാമസത്തിന് കാരണമെങ്കിലും ലിക്വിഡേറ്റഡ് ഡാമേജുകൾ വസൂലാക്കുന്നതിനെക്കുറിച്ച് സർക്കാർ പരാമർശിച്ചിട്ടില്ല,

### *2.3.6.6 ന്യൂനത പരിഹാര ബാധ്യതാ കാലയളവ്*

സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക് എഞ്ചിനീയറിംഗ് വിഭാഗങ്ങൾക്ക് കീഴിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ മിനിമം ഗ്യാരണ്ടി ഉറപ്പാക്കുന്നതിനായി 2019 നവംബർ 25–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 161/2019/ഫിൻ വഴി വിവിധ തരം പ്രവൃത്തികൾക്കുള്ള ന്യൂനത പരിഹാര ബാധ്യതാ കാലയളവ് സർക്കാർ പരിഷ്കരിച്ചു. സർക്കാർ ഉത്തരവ് പ്രകാരം, ഒറിജിനൽ വർക്കുകൾ – കെട്ടിടങ്ങൾ എന്നതിന്റെ ന്യൂനത പരിഹാര ബാധ്യതാ കാലയളവ് 60 മാസമായിരിക്കും. സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, അംഗീകൃത ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും പരിഷ്കരിച്ച ന്യൂനത പരിഹാര ബാധ്യതാ കാലയളവ് 2019 നവംബർ 25 മുതൽ ബാധകമായിരിക്കും. മൊത്തം 42.80 കോടി രൂപയുടെ കരാർ മൂല്യത്തിൽ അനുവദിച്ച 23 കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ ***(അനുബന്ധം 14)*** സർക്കാർ

---

74 കെ.പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം ഓരോ ആഴ്ചയിലും 0.1 ശതമാനം.

75 1. കുറുമ്പാല ജി.എച്ച്.എസ്–ന്റെ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം (7,31,341 രൂപ) 2. ചെന്നലോട് ഗവ. യു.പി സ്കൂളിന്റെ, സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം (7,42,902 രൂപ) 3. പി.എച്ച്.സി കോട്ടൂർ, കോഴിക്കോട് (14,24,243 രൂപ).

76 കോട്ടയം പാമ്പാടി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ആർക്കിടെക്ചറൽ ബ്ലോക്കിന്റെ നിർമ്മാണം.

77 13.67 കോടി രൂപ X 0.1 ശതമാനം X 48 ആഴ്ച = 66 ലക്ഷം രൂപ.

ഉത്തരവിന്റെ തീയതിക്ക് ശേഷമാണ് കരാറുകൾ നടപ്പാക്കിയതെങ്കിലും ന്യൂനത പരിഹാര ബാധ്യതാ കാലയളവ് 36 മാസം മാത്രമാണ് നൽകിയതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

കരാർ നടപ്പിലാക്കിയ സുപ്രണ്ടിംഗ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കരാറിലെ ന്യൂനത പരിഹാര ബാധ്യതാ കാലയളവ് 36 മാസത്തിന് പകരം 60 മാസമായി നിശ്ചയിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതായിരുന്നു. 36 മാസമായി ചുരുക്കിയ ന്യൂനത പരിഹാര ബാധ്യതാ കാലയളവ് 37-ാം മാസത്തിനും 60-ാം മാസത്തിനും ഇടയിൽ സംഭവിക്കുന്ന ന്യൂനതകളുടെ അപകടസാധ്യത ഉയർത്തുകയും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഖജനാവിൽ നിന്ന് ഫണ്ട് ചെലവഴിക്കാൻ സർക്കാരിനെ നിർബന്ധിതരാക്കുകയും ചെയ്യും. കൂടാതെ, കരാറിൽ 60 മാസത്തെ ന്യൂനത പരിഹാര ബാധ്യതാ കാലയളവ് നിശ്ചയിക്കുന്നതിൽ കരാർ അധികാരികൾ പരാജയപ്പെട്ടതിനാൽ, 2.14 കോടി[78] രൂപയുടെ സെക്യൂരിറ്റികൾ 24 മാസം മുൻപ് കരാറുകാർക്ക് നൽകേണ്ടി വരും, ഇത് അവർക്ക് അനർഹമായ നേട്ടമുണ്ടാക്കും. പ്രവൃത്തികളുടെ കരാറുകൾ നടപ്പിലാക്കിയ സുപ്രണ്ടിംഗ് എഞ്ചിനീയർമാർ / എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരാണ് മേൽപ്പറഞ്ഞ വീഴ്ചയ്ക്ക് ഉത്തരവാദികൾ.

ന്യൂനത പരിഹാര ബാധ്യതാ കാലയളവ് 36 മാസത്തേക്കാണെങ്കിലും, സെക്യൂരിറ്റികൾ 60 മാസത്തിന് ശേഷം മാത്രമേ റിലീസ് ചെയ്യുകയുള്ളൂ എന്ന് ചീഫ് എഞ്ചിനീയർ പ്രസ്താവിച്ചു (2023 മാർച്ച്). 36 മാസം കാലാവധി പൂർത്തിയാകുമ്പോൾ സെക്യൂരിറ്റി തിരിച്ചു നൽകണമെന്ന് ഭാവിയിൽ അവകാശം ഉന്നയിക്കുന്നത് ഒഴിവാക്കാൻ ന്യൂനത പരിഹാര ബാധ്യതാ കാലയളവ് 60 മാസമായി പരിഷ്ക്കരിച്ച പുതുക്കിയ കരാറുകൾ നടപ്പിലാക്കുകയും, അതനുസരിച്ച് സെക്യൂരിറ്റി നിക്ഷേപം/ ബാങ്ക് ഗ്യാരണ്ടി എന്നിവയുടെ സാധുത നീട്ടുകയും ചെയ്യേണ്ടതുണ്ട്. ഒരു പ്രവൃത്തിയുമായി[79] ബന്ധപ്പെട്ട്, പ്രവൃത്തി ആരംഭിക്കുന്നതിന് നിർദിഷ്ടസ്ഥലം തയ്യാറാണെന്ന് കരാറുകാരനെ 2019 നവംബർ 12-ന് അറിയിച്ചതിനാൽ പുതുക്കിയ ന്യൂനത പരിഹാര ബാധ്യതാ കാലയളവ് ബാധകമല്ല എന്നും സർക്കാർ അറിയിച്ചു. എന്നാൽ 2019 ഡിസംബർ 4-ന്, അതായത്, സർക്കാർ ഉത്തരവിന്റെ തീയതിക്ക് ശേഷം മാത്രമാണ് കരാർ നടപ്പിലാക്കിയതെന്നതിനാൽ മറുപടി സ്വീകാര്യമല്ല.

### *2.3.6.7 പ്രവർത്തനരഹിതമായ കെട്ടിടങ്ങൾ*

*പ്രവർത്തനരഹിതമായ കെട്ടിടങ്ങൾ*

കെ.പി.ഡബ്ല്യു.ഡി മാന്വൽ 2113-ാം വകുപ്പ് പ്രകാരം പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കിയ ശേഷം കരാർ അധികാരി പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. കൂടാതെ കെ.പി.ഡബ്ല്യു.ഡി മാന്വൽ 2119-ാം വകുപ്പ് പ്രകാരം പൂർത്തിയാക്കിയ കെട്ടിടം ബന്ധപ്പെട്ട എഞ്ചിനീയർ ഉപയോക്തൃ വകുപ്പിന് കൈമാറേണ്ടതുണ്ട്.

- മൂന്ന് പ്രവൃത്തികളുടെ കാര്യത്തിൽ (രണ്ടെണ്ണം തിരഞ്ഞെടുത്തവ), എല്ലാ അർത്ഥത്തിലും പ്രവൃത്തികൾ പൂർത്തിയാകാത്തതിനാൽ കെട്ടിടങ്ങൾ പ്രവർത്തനരഹിതമാണെന്ന് (2022 ഒക്ടോബർ) ഓഡിറ്റ് നിരീക്ഷിച്ചു. ഡിവിഷനിലെ രേഖകൾ പ്രകാരം, മൂന്ന് പ്രവൃത്തികൾ പൂർത്തിയായി, രണ്ട് പ്രവൃത്തികൾക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. സംയുക്ത പരിശോധനകൾ നടത്തിയപ്പോൾ (2022 ഒക്ടോബർ), **പട്ടിക 2.11**-ൽ കാണിച്ചിരിക്കുന്നതുപോലെ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കപ്പെട്ടു.

[78] 23 പ്രവൃത്തികൾക്കായി മൊത്തം എ.പി.എ.സി-യുടെ അഞ്ച് ശതമാനം (42.80 കോടി രൂപ).

[79] തൃശ്ശൂർ കൈപ്പമംഗലം സർക്കാർ എൽ.പി സ്കൂളിനായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം.

**പട്ടിക 2.11 : പ്രവർത്തനരഹിതമായ കെട്ടിടങ്ങൾ**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവ് (രൂപ കോടിയിൽ) | പ്രവർത്തനരഹിതമായതിന്റെ കാരണങ്ങൾ | കെട്ടിടം എന്ന് മുതൽ പ്രവർത്തന രഹിതമാണ് | ഉപയോക്തൃ വകുപ്പ് |
|---|---|---|---|---|---|
| 1 | കോഴിക്കോട് പറയഞ്ചേരി ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണം | 1.81 | ഫയർ സ്റ്റെയർ, തറപ്പണി, കൈവരി ജോലികൾ, ശൗചാലയങ്ങൾ, ലിഫ്റ്റ് സ്ഥാപിക്കൽ, ഒന്നും രണ്ടും നിലകളിൽ വൈദ്യുതി, ജല കണക്ഷനുകൾ എന്നിവ പൂർത്തിയായിട്ടില്ല. (ചിത്രം 2.13 & 2.16) | 2022 മാർച്ച് | പൊതു വിദ്യാഭ്യാസം |
| 2 | കോഴിക്കോട് കൊയിലാണ്ടി എസ്.എ.ആർ.ബി.റ്റി.എം കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം | 4.91 | അധിക ഘടനാപരമായ പ്രവൃത്തികൾക്കായി ഫണ്ട് വകമാറ്റിയതിനാൽ ക്ലാസ് മുറികളും കോണിപ്പടി പോലുള്ള സൗകര്യങ്ങളും, അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയില്ല. (ചിത്രം 2.14) | 2022 ജൂലൈ | ഉന്നത വിദ്യാഭ്യാസം |
| 3 | വയനാട്ടിലെ ജി.ഇ.സി-ക്ക് മിനിസ്റ്റീരിയൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം | 7.88 | റോഡ് സൗകര്യത്തിന്റെ അഭാവവും ജീവനക്കാരുടെ താൽപ്പര്യമില്ലായ്മയും കാരണം ക്വാർട്ടേഴ്സ് ഒഴിഞ്ഞു കിടക്കുന്നു. (ചിത്രം 2.15) | 2019 ഏപ്രിൽ | സാങ്കേതിക വിദ്യാഭ്യാസം |
| | **ആകെ** | **14.60** | | | |



**ചിത്രം 2.13 :** ജി.എച്ച്.എസ്.എസ്, പറയഞ്ചേരി, കോഴിക്കോട് – കൈവരികളില്ലാത്ത പടികൾ



**ചിത്രം 2.14 :** കോഴിക്കോട് എസ്.എ.ആർ.ബി.ടി.എം –ന്റെ അക്കാദമിക് ബ്ലോക്ക് കോണിപ്പടി പൂർത്തിയായിട്ടില്ല



**ചിത്രം 2.15** : സ്റ്റാഫ് ക്വാർട്ടേഴ്സ് ജി.ഇ.സി, വയനാട് പ്രവേശന റോഡിന്റെ അഭാവം കാരണം പ്രവർത്തനരഹിതമാണ്.



**ചിത്രം 2.16** : ജി.എച്ച്.എസ്.എസ് പറയഞ്ചേരി, കോഴിക്കോട് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം മൂടിയില്ലാതെ

- രണ്ട് ഡിവിഷനുകളിലായി[80], പൂർത്തിയായ 95 കെട്ടിടങ്ങളിൽ, 25.50 കോടി രൂപ ചെലവിൽ നിർമ്മിച്ച 24 കെട്ടിടങ്ങൾ ***(അനുബന്ധം 15)*** എട്ട് മുതൽ 44 മാസം വരെ കഴിഞ്ഞിട്ടും ഉപയോക്തൃ വകുപ്പിന് കൈമാറിയിട്ടില്ല (2022 ഒക്ടോബർ). ഇതുകൂടാതെ, ***അനുബന്ധം 16****-ൽ* വിശദമാക്കിയിരിക്കുന്ന പ്രകാരം 10 കെട്ടിടങ്ങൾ ഉപഭോക്തൃ വകുപ്പിന് കൈമാറുന്നതിന് എട്ട് മുതൽ 20 മാസം വരെ കാലതാമസമുണ്ടായി.

ഉദ്ദേശിച്ച സൗകര്യങ്ങളുടെ അഭാവം കാരണം ഉപയോക്തൃ വകുപ്പുകൾ കെട്ടിടങ്ങൾ ഏറ്റെടുക്കാത്തതും പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിൽ/അനുമതി നൽകുന്നതിൽ ബന്ധപ്പെട്ട അധികാരികൾ വരുത്തിയ കാലതാമസത്താൽ അവ നൽകാത്തതുമാണ് മേൽപ്പറഞ്ഞ കെട്ടിടങ്ങൾ പ്രവർത്തനരഹിതമായതിനുള്ള കാരണങ്ങളായി പറഞ്ഞത്.

പൂർത്തിയായ കെട്ടിടങ്ങൾ ഉപയോഗിക്കാതിരുന്നാൽ, ഉപകരണങ്ങളുടെ ഗുണനിലവാരം കുറയുമെന്നും ഉപയോഗിക്കാതെ തന്നെ ന്യൂനത പരിഹാര ബാധ്യതാ കാലയളവ് അവസാനിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷിച്ചു.

ചീഫ് എഞ്ചിനീയറുടെ മറുപടി (2023 മാർച്ച്) പ്രകാരം, 22 കെട്ടിടങ്ങളിൽ ആറ് കെട്ടിടങ്ങൾ മാത്രമാണ് ഇനിയും ഉപയോക്തൃ വകുപ്പുകൾക്ക് കൈമാറാനുള്ളത്, പ്രസ്തുത കെട്ടിടങ്ങൾ കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 16 കെട്ടിടങ്ങളുടെ കാര്യത്തിൽ, രേഖകൾ സൂക്ഷിച്ചിട്ടില്ലെങ്കിലും, കെട്ടിടങ്ങൾ പൂർത്തിയാക്കിയതിന് ശേഷം കൈമാറിയതായി ചീഫ് എൻജിനീയർ വ്യക്തമാക്കി. നിർദ്ദിഷ്ട ഘടനയിൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകണമെന്ന് കെ.പി.ഡബ്ല്യു.ഡി മാന്വൽ വ്യവസ്ഥ ചെയ്യുന്നതിനാൽ കെട്ടിടങ്ങളുടെ കൈമാറ്റം രേഖപ്പെടുത്തണമായിരുന്നു. കൃത്യമായ രേഖകളുടെ അഭാവത്തിൽ വകുപ്പിന്റെ അവകാശവാദം സ്ഥിരീകരിക്കാൻ പ്രയാസമാണ്. 10 കെട്ടിടങ്ങൾ കൈമാറുന്നതിലെ കാലതാമസം, കോവിഡ്, ജല ലഭ്യതക്കുറവ്, നടപടിക്രമങ്ങളിലെ പ്രശ്നങ്ങൾ എന്നിവ കാരണമാണെന്നും ബാക്കിയുള്ള രണ്ട് കെട്ടിടങ്ങൾ കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾ സമയബന്ധിതമായി ഉപയോക്തൃ വകുപ്പുകൾക്ക് കൈമാറുന്നതിലും കൃത്യമായ കെട്ടിട രേഖകൾ പരിപാലിക്കുന്നതിലും വകുപ്പിന്റെ അലംഭാവം ഈ രണ്ട് സംഭവങ്ങളും വെളിപ്പെടുത്തുന്നു.

### *2.3.6.8 കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ*

കെ.പി.ഡബ്ല്യു.ഡി മാന്വലിലെ വിവിധ സെക്ഷനുകൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളെക്കുറിച്ച് വിശദീകരിക്കുന്നു. കെട്ടിടങ്ങളുടെ സംരക്ഷണത്തിലും പരിപാലനത്തിലും അറ്റകുറ്റപ്പണികൾക്കുള്ള പ്രാധാന്യം ഇത് സൂചിപ്പിക്കുന്നു.

[80] കോഴിക്കോട്, വയനാട് ഡിവിഷനുകൾ.

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള സുപ്രധാന വ്യവസ്ഥകൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

കെ.പി.ഡബ്ല്യൂ.ഡി മാന്വലിന്റെ 2501.1–ാം വകുപ്പ് അനുസരിച്ച്, കെട്ടിടങ്ങളുടെ തകർച്ച ഒഴിവാക്കാൻ പുതിയ ആസ്തികൾ തുടർച്ചയായി സൃഷ്ടിക്കുന്നതിനേക്കാൾ നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി പ്രധാനമാണ്. അതിനാൽ, നിലവിലുള്ള ആസ്തികളുടെ കണക്കാക്കപ്പെട്ട ആയുർദൈർഘ്യം[81] കൈവരിക്കുന്നതിന് മുൻപ് ആനുകാലിക അറ്റകുറ്റപ്പണി നടത്തേണ്ടത് നിർബന്ധമാണ്.

***അറ്റകുറ്റപ്പണികളുടെ സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ***

കെ.പി.ഡബ്ല്യൂ.ഡി മാന്വലിന്റെ 2800–ാം വകുപ്പ് അനുസരിച്ച്, എല്ലാ സർക്കാർ കെട്ടിടങ്ങളും പി.ഡബ്ല്യൂ.ഡി കൃത്യമായി പരിപാലിക്കണം. കൂടാതെ, 2802, 2804 വകുപ്പുകൾ പ്രകാരം പി.ഡബ്ല്യൂ.ഡി എഞ്ചിനീയർമാർക്ക് സാധാരണ അറ്റകുറ്റപ്പണികളുടെ തവണകൾ പാലിച്ചുകൊണ്ട് അതിന്റെ പരിപാലനം, പരിശോധന, അറ്റകുറ്റപ്പണികൾ എന്നിവയുടെ ഉത്തരവാദിത്തം ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഓരോ വിഭാഗത്തിനും കീഴിലുള്ള വ്യത്യസ്ത കെട്ടിടങ്ങളിലെ വിവിധ പ്രവർത്തനങ്ങൾക്കുള്ള ഒരു സമയക്രമപട്ടിക അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കുകയും അവ പാലിക്കുകയും വേണം.

സർക്കാർ കെട്ടിടങ്ങളിലെ ചില ഇനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ആനുകാലികത കെ.പി.ഡബ്ല്യൂ.ഡി മാന്വലിന്റെ സെക്ഷൻ 2802.2–ൽ വിശദീകരിച്ചിട്ടുണ്ട്. കൂടാതെ, വർഷം തോറും നടത്തേണ്ടുന്ന വൈറ്റ് വാഷിംഗ്, ഇരുമ്പ് പണികളുടെ പെയിന്റിംഗ് മുതലായവ, രണ്ട് വർഷത്തിലൊരിക്കൽ ഡിസ്റ്റംപർ വാഷിംഗ് (നൽകിയിട്ടുണ്ടെങ്കിൽ), ചുവരുകൾ, മരപ്പണികൾ, വാതിലുകളും ജനലുകളും മുതലായവയുടെ പെയിന്റിംഗ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. വാർഷിക അറ്റകുറ്റപ്പണികളുടെ പട്ടിക ഇല്ലാത്തതിനാൽ, നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക അല്ലെങ്കിൽ ദ്വിവാർഷിക അറ്റകുറ്റപ്പണികൾ നടത്തിയില്ല, കൂടാതെ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിയത് ഉപയോക്തൃ വകുപ്പുകളിൽ നിന്ന് ലഭിച്ച അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ്.

കെ.പി.ഡബ്ല്യൂ.ഡി മാന്വലിന്റെ 2804.2–ാം വകുപ്പ് അനുസരിച്ച് അടിയന്തര സ്വഭാവമുള്ള ചില അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മേലുദ്യോഗസ്ഥരെ അറിയിച്ച് ഉടൻ തന്നെ നടപടി എടുക്കേണ്ടതാണ്. കൂടാതെ, 2804.3–ാം വകുപ്പ് പ്രകാരം, കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗത്ത് വിള്ളലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ, സമഗ്രമായി അന്വേഷിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് കാരണം കണ്ടെത്തുകയും വേണം.

കെട്ടിടങ്ങളുടെ സംരക്ഷണത്തിൽ ചുവടെ പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു:

- പരിശോധന നടത്തിയ ഡിവിഷനുകളിലൊന്നും സാധാരണ അറ്റകുറ്റപ്പണികൾ നടത്തേണ്ട കെട്ടിടങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടില്ല. കൂടാതെ, അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക അറ്റകുറ്റപ്പണികൾക്ക് പര്യാപ്തമല്ല. ***ഖണ്ഡിക 2.3.4.1***–ൽ പറഞ്ഞിരിക്കുന്നതുപോലെ, സർക്കാരിൽ നിന്നും അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് അംഗീകരിച്ചു നേടുന്നതിൽ കെട്ടിട വിഭാഗത്തിനുണ്ടായ പരാജയവും ആസൂത്രണത്തിന്റെയും മുൻഗണനയുടെയും അഭാവവും കെട്ടിടങ്ങളുടെ ആനുകാലിക അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയ്ക്ക് കാരണമായി.

- തിരഞ്ഞെടുത്ത അഞ്ച് കെട്ടിട ഡിവിഷനുകളിൽ ഒന്നിലും പതിവ് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മേൽപ്പറഞ്ഞ നടപടിക്രമം പാലിച്ചിട്ടില്ല. പകരം, ഉപയോക്താക്കളിൽ നിന്ന് ലഭിച്ച അഭ്യർത്ഥനകളുടെ അടിസ്ഥാനത്തിൽ ഡിവിഷനുകൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി. കെട്ടിടം അതിന്റെ കണക്കാക്കപെട്ട ആയുർദൈർഘ്യം വരെ നിലനിൽക്കുന്നതിന് അവ സമയബന്ധിതമായി പരിപാലിക്കുകയും ഉപയോഗപ്രദമായ അവസ്ഥ ഉറപ്പാക്കുകയും അതിനായി പതിവ് അറ്റകുറ്റപ്പണികൾ

---

[81] നിര ഘടനകളുടെ ആയുസ്സ്: 75 വർഷം, ഭാരം വഹിക്കുന്ന ഘടന: 55 വർഷം (കേന്ദ്ര പി.ഡബ്ല്യൂ.ഡി മാനദണ്ഡങ്ങൾ).

നടത്തേണ്ടതുമാണ്. അതുപോലെ, ആനുകാലിക അറ്റകുറ്റപ്പണികൾ ഒരു കെട്ടിടത്തിലും ഉറപ്പാക്കിയിട്ടില്ല.

ആവശ്യാനുസരണം കെട്ടിടങ്ങൾ/ഘടനകൾ എന്നിവയുടെ പരിശോധന എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തിരഞ്ഞെടുത്ത കെട്ടിടങ്ങളിൽ നടത്തിയ സംയുക്ത പരിശോധനയിൽ (2022 ഒക്ടോബറിലും, 2023 ജനുവരിയിലും), കെട്ടിടങ്ങളിലെ ഉപരിതല ഭിത്തിയിലെ വിള്ളലുകൾ, തറയോടുകൾക്ക് കേടുപാടുകൾ, മരങ്ങളുടെയും പായലിന്റെയും വളർച്ച, മേൽക്കൂരയിൽ വെള്ളക്കെട്ട്, മൂടിയിരിക്കുന്ന പൈപ്പുകളുടെയും ടാപ്പുകളുടെയും ചോർച്ച, മുറികളിലേക്ക് വെള്ളം തുള്ളികളായി വീഴുന്നത് തുടങ്ങി നിരവധി തകരാറുകൾ ശ്രദ്ധയിൽപ്പെട്ടു. കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ സിവിൽ സ്റ്റേഷനിലെ പൊതു ശൗചാലയങ്ങളുടെ മോശം അവസ്ഥയും സംയുക്ത പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു.



**ചിത്രം 2.17** : തിരുവനന്തപുരം ചാക്ക ഐ.ടി.ഐ കെട്ടിടത്തിലെ സസ്യ ജാലങ്ങളുടെ വളർച്ച



**ചിത്രം 2.18** : തിരുവനന്തപുരം സി.ഇ.ടി-യിലെ ഇ.സി ബ്ലോക്കിലെ ഭിത്തിയിലെ വിള്ളൽ



**ചിത്രം 2.19 :** കോഴിക്കോട് പാവമണി ക്വാർട്ടേഴ്സിലെ വിള്ളലുകളും സസ്യവളർച്ചയും



**ചിത്രം 2.20** : കോഴിക്കോട് ജി.ഇ.സി-യിലെ കെമിക്കൽ ബ്ലോക്കിൽ പൊട്ടിയ തറയോടുകൾ



**ചിത്രം 2.21** : തൃശ്ശൂർ സിവിൽ സ്റ്റേഷനിൽ മോശം അവസ്ഥയിലുള്ള ശൗചാലയം



**ചിത്രം 2.22** : കോഴിക്കോട് മിനിസ്റ്റീരിയൽ സ്റ്റാഫ് ക്വാർട്ടേഴ്സിൽ പൊട്ടിയ തറയോടുകൾ

സിവിൽ സ്റ്റേഷനുകളുടെയും മറ്റ് പ്രധാന കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികളെ ബാധിക്കുന്ന പ്രധാന കാരണം ഫണ്ടിന്റെ ദൗർലഭ്യമാണെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി), ഫലപ്രദമായ അറ്റകുറ്റപ്പണികൾക്കായി ഈ വർഷം മുതൽ കെട്ടിടങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുമെന്നും ഉറപ്പുനൽകി. കെട്ടിടങ്ങളുടെ കാലാനുസൃതമായ അറ്റകുറ്റപ്പണികൾക്കായി തുടർ കരാറുകൾ നടപ്പാക്കാനും പദ്ധതിയിട്ടിരുന്നു.

അപ്രോപ്രിയേഷൻ അക്കൗണ്ട്സ് 2021–22 അനുസരിച്ച്, 2019–20, 2020–21 വർഷങ്ങളിൽ 2059–60–053–93 പ്രകാരമുള്ള മുഴുവൻ വകയിരുത്തലുകളും സറണ്ടർ ചെയ്യുകയും 2021–22–ൽ 2059–80–053–99–നു കീഴിൽ പ്രതീക്ഷിക്കുന്ന മിച്ചം യഥാർത്ഥ ഗ്രാന്റിന്റെ അല്ലെങ്കിൽ ധനവിനിയോഗത്തിന്റെ 25 ശതമാനവുമാണ്. ഫണ്ടിന്റെ അപര്യാപ്തത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളെ ബാധിച്ചു എന്ന വകുപ്പിന്റെ വാദം തെറ്റാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

### *2.3.6.9 ഡിവിഷനുകൾക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ പരിശോധന*

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 202.6–ാം വകുപ്പ് പ്രകാരം ഡിവിഷന് കീഴിലുള്ള എല്ലാ കെട്ടിടങ്ങളുടെയും കൃത്യമായ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഉത്തരവാദിത്തമുണ്ട്. കൂടാതെ, **പട്ടിക 2.12**–ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ പോരായ്മകൾ തിരിച്ചറിയുന്നതിനും, സുരക്ഷാ സർട്ടിഫിക്കേഷനും അറ്റകുറ്റപ്പണികൾക്കായി വാർഷിക എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും അവരുടെ ചുമതലയിലുള്ള കെട്ടിടങ്ങൾ ആവശ്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതുണ്ട്.

**പട്ടിക 2.12 : കെട്ടിടങ്ങളുടെ ആനുകാലിക പരിശോധന**

| അധികാരി (വിഭാഗം നമ്പർ) | അളവും ആനുകാലികതയും | ഉദ്ദേശ്യം |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇ.ഇ) (202.6), (2804) | എല്ലാ പ്രധാന കെട്ടിടങ്ങളും വർഷത്തിലൊരിക്കലും, അദ്ദേഹത്തിന്റെ ചുമതലയിൽ വരുന്ന മറ്റ് കെട്ടിടങ്ങളുടെ 50 ശതമാനവും പരിശോധിക്കണം | കേടുപാടുകൾ തിരിച്ചറിയൽ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എ.ഇ.ഇ) | എല്ലാ കെട്ടിടങ്ങളും വർഷത്തിൽ ഒരിക്കൽ പരിശോധിക്കണം | ഉപയോഗത്തിന് സുരക്ഷിതമെന്ന് ഉറപ്പാക്കുന്നു |

| അധികാരി (വിഭാഗം നമ്പർ) | അളവും ആനുകാലികതയും | ഉദ്ദേശ്യം |
|---|---|---|
| (1010), (2804) | | |
| അസിസ്റ്റന്റ് എഞ്ചിനീയർ (എ.ഇ) (1010)/ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | വർഷത്തിൽ രണ്ടുതവണ എല്ലാ കെട്ടിടങ്ങളും പരിശോധിക്കണം | സുരക്ഷാ സാക്ഷ്യപത്രങ്ങൾ നൽകൽ, സുരക്ഷ ഉറപ്പാക്കൽ, അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഗുണനിലവാര നിയന്ത്രണം, അളവ് പരിശോധിക്കൽ |

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവർ തിരഞ്ഞെടുത്ത കെട്ടിട ഡിവിഷനുകളിലൊന്നും കെട്ടിടങ്ങളുടെ വ്യവസ്ഥ പ്രകാരമുള്ള ആനുകാലിക പരിശോധനകൾ നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ആനുകാലിക പരിശോധനകളുടെ അഭാവത്തിൽ, കെട്ടിടങ്ങളുടെ/ഘടനകളുടെ കൃത്യമായ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും മുൻഗണന നൽകുകയോ ആവശ്യാനുസരണം നടപ്പാക്കുകയോ ചെയ്തിട്ടില്ല. മാത്രവുമല്ല പരിശോധിച്ച ഡിവിഷനുകളിലൊന്നും യഥാസമയം തകരാറുകൾ കണ്ടെത്തുകയോ ഘടനയുടെ കൂടുതൽ അപചയം ഒഴിവാക്കാൻ അത് അപ്പോൾ തന്നെ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയോ പാലിക്കപ്പെട്ടില്ല.

ഓഡിറ്റ് നിരീക്ഷണം സർക്കാർ അംഗീകരിക്കുകയും (2023 ഫെബ്രുവരി) കെട്ടിടങ്ങളുടെ കൃത്യമായ അറ്റകുറ്റപ്പണികൾ ഉറപ്പാക്കുന്നതിന് ആനുകാലിക പരിശോധന നടത്താൻ ചീഫ് എഞ്ചിനീയർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പ്രസ്താവിക്കുകയും ചെയ്തു.

***ശുപാർശകൾ: ഉദ്ദേശിച്ച പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും കാലതാമസമില്ലാതെ ഉപയോക്തൃ വകുപ്പുകൾക്ക് കൈമാറുകയും ചെയ്യുന്നുവെന്ന് വകുപ്പ് ഉറപ്പാക്കണം. നഷ്ടപരിഹാരം വഴിയുള്ള സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിന് പണം കൊടുക്കുന്നതിന് മുമ്പ് പ്രവൃത്തികൾക്കുള്ള ഇൻഷുറൻസ് പോളിസികൾ വകുപ്പ് എടുപ്പിക്കേണ്ടതാണ്. കരാറുകാരുടെ പിഴവുമൂലം പ്രവൃത്തിയുടെ നാഴികക്കല്ലുകൾ കൈവരിച്ചില്ലെങ്കിൽ, വകുപ്പ് ലിക്വിഡേറ്റഡ് ഡാമേജുകൾ ചുമത്തണം. കെട്ടിടങ്ങളുടെ ആയുർദൈർഘ്യം ഉറപ്പാക്കുന്നതിന് സമയബന്ധിതമായ അറ്റകുറ്റപ്പണികൾ വകുപ്പ് നടത്തണം.***

### 2.3.7 ഗുണനിലവാര നിയന്ത്രണം, നിരീക്ഷണം, ആഭ്യന്തര നിയന്ത്രണം എന്നിവയിലെ പ്രശ്നങ്ങൾ

**ഗുണനിലവാര നിയന്ത്രണ വശങ്ങളുടെ സമയബന്ധിതമായ നിരീക്ഷണത്തിന്റെ അഭാവം കാരണം നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാര നിയന്ത്രണ നടപടികൾ നടപ്പാക്കുന്നത് അപര്യാപ്തമായിരുന്നു.**

കെട്ടിട സുരക്ഷ ഉറപ്പാക്കുന്നതിൽ ഗുണനിലവാര നിയന്ത്രണത്തിന്റെയും ആനുകാലിക പരിശോധനകളുടെയും പ്രാധാന്യം: എറണാകുളത്തെ ഹൈക്കോടതി സമുച്ചയ നിർമ്മാണത്തിൽ നിന്ന് പഠിച്ച പാഠങ്ങൾ.

1994 മുതൽ 2005 വരെയുള്ള കാലയളവിൽ 52,333 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ ഒമ്പത് നിലകളിലായി 53.51 കോടി രൂപ ചെലവഴിച്ചാണ് എറണാകുളത്ത് ഹൈക്കോടതി സമുച്ചയം നിർമ്മിച്ചത്. പ്രവൃത്തികൾ ക്രമീകരിച്ചത് ശ്രീ. ഐ ബഷീർ, ശ്രീ. പി ടി മത്തായി, ശ്രീ. കെ.വി.ജോസഫ് ആൻഡ് സൺസ് എന്നീ മൂന്ന് കരാറുകാർ വഴിയാണ്; എറണാകുളം കെട്ടിട വിഭാഗത്തിലെ എക്സിക്യൂട്ടീവ് എൻജിനീയറാണ് പ്രവൃത്തി നിർവ്വഹിച്ചത്. 2014-ൽ, 'ബി ബ്ലോക്കിലെ' തൂണിന്റെ അടിയിൽ വിള്ളലുകൾ കണ്ടെത്തി, ഇത് ട്രിച്ചിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി വിശദമായ

സാങ്കേതിക പഠനത്തിന് വിധേയമാക്കി (2015). നിർമ്മാണത്തിൽ ഗുണനിലവാര നിയന്ത്രണ വീഴ്ചയുണ്ടായതായി പഠന റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പുനഃസ്ഥാപനത്തിനുള്ള പ്രവർത്തനങ്ങൾ രണ്ട് ഘട്ടങ്ങളായി ഏറ്റെടുത്തു, ആദ്യ ഘട്ടം 2019 മാർച്ചിൽ പൂർത്തിയായി, രണ്ടാം ഘട്ടം നടന്നുകൊണ്ടിരിക്കുകയാണ്. വി.ഐ.പി പാർക്കിംഗ് ഏരിയയ്ക്ക് സമീപം സമാനമായ വിള്ളലുകൾ കണ്ടെത്തുകയും വിശദമായ സാങ്കേതിക പഠനം/ഘടനാപരമായ പരിശോധനയ്ക്ക് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രാഥമിക പരിശോധനയിൽ വിള്ളലുകളിലൂടെ ഈർപ്പം ചോർന്ന് ബീമുകളും മേൽക്കൂരയിലെ സ്ലാബും തുരുമ്പിച്ചതായി കണ്ടെത്തി. മറ്റൊരു സാങ്കേതിക പരിശോധനയിൽ വിള്ളലുകളും, ബീമുകൾ ഉപയോഗിച്ച് ബലപ്പെടുത്തിയത് തുറന്നിരിക്കുന്നതും കണ്ടെത്തുകയും, നിർദ്ദിഷ്ട ബ്ലോക്ക് കുറ്റമറ്റതാക്കാൻ വേണ്ട പരിഹാര നടപടികൾ ശുപാർശ ചെയ്യുകയും ചെയ്തു.

നിർമ്മാണ സമയത്തെ ഗുണനിലവാര നിയന്ത്രണത്തിന്റെ പ്രാധാന്യവും ചെറിയ തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നു എന്ന് ഉറപ്പാക്കാൻ ആനുകാലിക പരിശോധനകളുടെ പ്രാധാന്യവും പഠനങ്ങൾ എടുത്തു കാട്ടി.

### *2.3.7.1 കെട്ടിട നിർമ്മാണത്തിലെ ഗുണനിലവാര നിയന്ത്രണത്തിലുള്ള പ്രശ്നങ്ങൾ*

കെട്ടിട നിർമ്മാണ പ്രവർത്തനത്തിനായി വിവിധ തരം സാമഗ്രികളും മോർട്ടാർ/കോൺക്രീറ്റിന്റെ ഗ്രേഡുകളും ഉപയോഗിക്കുന്നു. കെ.പി.ഡബ്ല്യൂ.ഡി മാന്വലിന്റെ 2–ാം വകുപ്പും, അനുബന്ധം സി9– ഉം ചേർത്ത് വായിക്കുമ്പോൾ, സാമ്പിൾ ശേഖരണം, പ്രവൃത്തികൾക്കായി ഉപയോഗിക്കുന്ന സാമഗ്രികളുടെ സാമ്പിളുകളുടെയും ഗ്രേഡുകളുടെയും പരിശോധന, പരിശോധനാ ഫലം എഞ്ചിനീയർക്ക് സമർപ്പിക്കൽ എന്നിവ കരാറുകാരന്റെ ഉത്തരവാദിത്തമാണ്. പരിശോധനാ ഫലങ്ങളിൽ തൃപ്തനാണെങ്കിൽ മാത്രം, പ്രവൃത്തിയുടെ പ്രതിഫലം നൽകുന്നത് എഞ്ചിനീയർക്ക് അംഗീകരിക്കാം. ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പരാജയം താഴെപ്പറയുന്ന വീഴ്ചകൾക്ക് കാരണമായി.

- **ടെൻഡറിലും കരാർ രേഖകളിലും നിർബന്ധിത ഗുണനിലവാര നിയന്ത്രണ (ക്യു.സി) പരിശോധനകളുടെ പട്ടിക ഉൾപ്പെടുത്തുന്നതിലെ പരാജയം**

  കെ.പി.ഡബ്ല്യു.ഡി മാന്വൽ 2103–ാം വകുപ്പ് പ്രകാരം നിർബന്ധമായും പരിശോധിക്കേണ്ടവയുടെ ഒരു പട്ടിക തയ്യാറാക്കി ടെൻഡർ രേഖകൾക്കൊപ്പം ചേർക്കണം. പ്രവൃത്തി ക്രമീകരിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഈ വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതായിരുന്നു. എന്നിരുന്നാലും, മാന്വലിലെ ഈ വ്യവസ്ഥ ടെൻഡർ ചെയ്യുന്ന അധികാരികളൊന്നും പാലിക്കുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ടെൻഡർ രേഖകളുടെ ഭാഗമായി നിർബന്ധമായും പരിശോധിക്കേണ്ടവ ഉൾപ്പെടുത്തുന്നത് ഗുണനിലവാര നിയന്ത്രണ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കും.

  പ്രൈസ് സോഫ്റ്റ്‌വെയറിൽ ഗുണനിലവാര പരിശോധനാ ഫലങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് ആവശ്യമായ സ്ലോട്ടുകൾ നൽകിയിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബില്ലുകളുടെ തുടർ നടപടി സാധ്യമാകൂ എന്നും ചീഫ് എഞ്ചിനീയർ പ്രസ്താവിച്ചു (2023 ഫെബ്രുവരി).

- **ഗുണനിലവാര നിയന്ത്രണ പരിശോധനകൾ നടത്തുന്നതിലെ വീഴ്ചകൾ**

  ക്വാളിറ്റി കൺട്രോൾ മാന്വലിന്റെ 602.3–ാം വകുപ്പ് അനുസരിച്ച്, കരാറുകാരൻ പ്രവൃത്തിയിൽ ഉപയോഗിക്കുന്ന സിമന്റ്, സ്റ്റീൽ, എന്നിവ ഓരോ തവണ വിതരണം ചെയ്യുമ്പോഴും നിർമ്മാതാവിന്റെ ഗുണനിലവാര സർട്ടിഫിക്കറ്റ് ഹാജരാക്കുന്നുവെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ-ഇൻ-ചാർജ്ജ് ഉറപ്പാക്കണം. കൂടാതെ, കെ.പി.ഡബ്ല്യൂ.ഡി മാന്വലിന്റെ വകുപ്പ് 2404, ക്വാളിറ്റി കൺട്രോൾ മാന്വലിന്റെ വകുപ്പ് 7.1 എന്നിവ പ്രകാരം, 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും കരാറുകാരൻ

സ്വന്തം ചെലവിൽ ആവശ്യമായ പ്രാഥമികതല ഗുണനിലവാര നിയന്ത്രണ പരിശോധനകൾ പ്രവൃത്തി നടക്കുന്ന സമയത്ത് നടത്തണം.

ക്വാളിറ്റി കൺട്രോൾ മാന്വൽ, വകുപ്പ് 400 മുതൽ 600 വരെ, പരിശോധനാ സാമ്പിളുകളുടെ ആവൃത്തിയും ഓരോ തരത്തിലുമുള്ള സാമഗ്രികൾ/മോർട്ടറുകളുടെ ഗ്രേഡുകൾ/കോൺക്രീറ്റ്/സ്റ്റീൽ തുടങ്ങിയവയ്ക്കായി കരാറുകാരൻ സാമ്പിൾ നടത്തുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമവും നിർദ്ദേശിക്കുന്നു. കൂടാതെ, ഓരോ കോൺക്രീറ്റ് ബാച്ചിനും പരിശോധനയ്ക്ക് ന്യായമായ സാധ്യതയുണ്ടെന്ന് ഉറപ്പാക്കുന്നതിന് പ്രത്യേക ക്രമം ഇല്ലാതെ സാമ്പിൾ നടപടിക്രമം സ്വീകരിക്കണം, അതായത് കോൺക്രീറ്റിംഗ് കാലയളവിലുടനീളം സാമ്പിൾ വ്യാപിപ്പിക്കുകയും എല്ലാ മിക്സിംഗ് യൂണിറ്റുകളും ഉൾക്കൊള്ളുകയും വേണം. സാമഗ്രികൾ/മോർട്ടാർ/കോൺക്രീറ്റ്/സ്റ്റീൽ മുതലായവയ്ക്ക് ആവശ്യമായ പ്രാഥമിക തല പരിശോധനകളും അവയുടെ ആവൃത്തിയും ***അനുബന്ധം 17***-ൽ വിശദമാക്കിയിരിക്കുന്നു. ദ്വിതീയ തല ഗുണനിലവാര നിയന്ത്രണ പരിശോധനകൾ പി.ഡബ്ല്യൂ.ഡി-യുടെ ഗുണനിലവാര നിയന്ത്രണ വിഭാഗം പ്രത്യേക ക്രമത്തിലല്ലാതെ നടത്തണം. ഗുണനിലവാര നിയന്ത്രണ പരിശോധനയുടെ ത്രിതീയ തലം എന്നത് ഇക്കാര്യത്തിനായി എംപാനൽ ചെയ്ത ബാഹ്യ ഏജൻസി/വിദഗ്ധരുടെ സാങ്കേതിക ഓഡിറ്റാണ്, ഇത് അഞ്ചു കോടി രൂപയ്ക്ക് മുകളിലുള്ള പൂർത്തിയായ പദ്ധതികൾക്കായി നടത്തും.

കെ.പി.ഡബ്ല്യൂ.ഡി മാന്വലിന്റെ 202.6-ാം വകുപ്പ് അനുസരിച്ച്, പ്രതിഫലം നൽകുന്നതിന് മുമ്പ് റണ്ണിംഗ് ബില്ലിന്റെ ഓരോ ഘട്ടത്തിലും എല്ലാ നിർബന്ധിത പരിശോധനകളും നടത്തിയിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പാക്കണം. ഫീൽഡ് പരിശോധനകൾക്ക് ആവശ്യമായ പരിശോധനാ ഉപകരണങ്ങളുടെ ലഭ്യത, ഇനം തിരിച്ചുള്ള വിവരങ്ങളുടെ പുതുക്കിയ പകർപ്പ്, അംഗീകരിച്ച പട്ടികയുടെ പകർപ്പുകൾ എന്നിവ പണി സ്ഥലത്ത് ഉണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിക്കുകയും ഉറപ്പാക്കുകയും വേണം. എന്നിരുന്നാലും, പരിശോധിച്ച ഫയലുകളിൽ ഇനിപ്പറയുന്ന വീഴ്ചകൾ നിരീക്ഷിച്ചു:

- സാമ്പിളുകൾ ശേഖരിക്കുക, സാമ്പിളുകൾ പരിശോധിക്കുക (പ്രാഥമിക തല ഗുണനിലവാര നിയന്ത്രണ പരിശോധന), പേയ്മെന്റുകൾ നടത്തുന്നതിനുള്ള സി.സി ബില്ലുകൾക്കൊപ്പം പരിശോധനാ ഫലങ്ങൾ സമർപ്പിക്കുക എന്നിവയുടെ ഉത്തരവാദിത്തം കരാറുകാർക്കാണ്. എന്നാൽ 14 പ്രവൃത്തികളുടെ കാര്യത്തിൽ ***(അനുബന്ധം 17)***, സി.സി ബില്ലുകൾക്കൊപ്പം പരിശോധനാ ഫലങ്ങൾ സമർപ്പിച്ചിട്ടുമില്ല, ബില്ലുകൾ പാസ്സാക്കുന്നതിന് മുമ്പ് അനുമതി നൽകുന്ന അധികാരി അതിനായി നിർദ്ദേശം നൽകിയിട്ടുമില്ല. ബാക്കിയുള്ള കേസുകളിൽ പരിമിതമായ പരിശോധനകൾ മാത്രമാണ് നടത്തിയത്.
- പ്രാഥമിക തല ഗുണനിലവാര നിയന്ത്രണത്തിന് അത്യാവശ്യമായ സ്ലംപ്, വെള്ളം, നിർദ്ദിഷ്ട ഗ്രാവിറ്റി, ബെന്റ് / റീ-ബെന്റ് തുടങ്ങിയ പ്രധാന പരിശോധനകൾ രണ്ട് കേസുകളിലൊഴികെ[82] ടെസ്റ്റ് ചെക്ക് ചെയ്ത പ്രവൃത്തികളിലൊന്നും നടത്തിയിട്ടില്ല, അതിൽ ഒരു സന്ദർഭത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ വീഴ്ച ചൂണ്ടിക്കാണിച്ചപ്പോൾ മാത്രമാണ് ജല ഗുണനിലവാര പരിശോധന നടത്തിയത്.
- പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സിമന്റ്, സ്റ്റീൽ എന്നിവയുമായി ബന്ധപ്പെട്ട ഗുണനിലവാര സർട്ടിഫിക്കറ്റുകൾ അഞ്ച് പ്രവൃത്തികളിൽ മാത്രമാണ് സൂക്ഷിച്ചിരുന്നത്.

---

[82] ആക്കുളത്തെ I കേരള എൻ.സി.സി-യിൽ നേവൽ ട്രെയിനിംഗ് സെന്ററിന്റെയും, മുട്ടത്തറയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ I-ാം ഘട്ടത്തിൽ അഞ്ച് നില കെട്ടിടത്തിന്റെയും നിർമ്മാണം, തിരുവനന്തപുരത്ത്.

- ***അനുബന്ധം 18***-ൽ നൽകിയിരിക്കുന്നതുപോലെ 40 പ്രവൃത്തികളിൽ മേസ്തിരി പണികളുടെ ഗുണനിലവാര നിയന്ത്രണ പരിശോധനകൾ നടത്തിയതിന് തെളിവുകളൊന്നുമില്ല.
- ഓരോ സി.സി ബില്ലിനൊപ്പവും സമർപ്പിക്കേണ്ട ഗുണനിലവാര നിയന്ത്രണ നിരീക്ഷണത്തിനുള്ള അനുബന്ധം വയനാട് ഒഴികെ ടെസ്റ്റ് ചെക്ക് ചെയ്ത ഡിവിഷനുകളിൽ കൃത്യമായി സമർപ്പിച്ചിട്ടില്ല.
- നിർബന്ധിത ഗുണനിലവാര നിയന്ത്രണ പരിശോധനകൾ നടത്താനും അതിന്റെ ഫലങ്ങൾ സമർപ്പിക്കാനും കെട്ടിട വിഭാഗം നിർബന്ധം ചെലുത്തിയിട്ടില്ലെന്ന് മേൽപ്പറഞ്ഞ സംഭവങ്ങൾ സൂചിപ്പിക്കുന്നു. ഇത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കും.

പരിശോധനകളൊന്നും നടത്താത്ത 16 പ്രവൃത്തികളുടെ കാര്യത്തിൽ, 11 പ്രവൃത്തികളിൽ ഗുണനിലവാര നിയന്ത്രണ പരിശോധനകൾ നടത്താത്തതിന് പ്രത്യേക കാരണമൊന്നും നൽകിയിട്ടില്ല, 5 പ്രവൃത്തികളിൽ പരിശോധനകൾ നടത്തിയതായി/ആവശ്യമില്ലെന്ന് പ്രസ്താവിച്ചു. കൂടാതെ, 40 പ്രവൃത്തികളിൽ, 28 എണ്ണത്തിൽ ചീഫ് എഞ്ചിനീയർ വ്യക്തമായ അഭിപ്രായങ്ങൾ നൽകിയിട്ടില്ല. ബാക്കിയുള്ള 12 പ്രവൃത്തികളിൽ സ്ലംപ് ടെസ്റ്റ്, വാട്ടർ ക്വാളിറ്റി ടെസ്റ്റ്, മേസൺറി ടെസ്റ്റ്, ക്യൂബ് ടെസ്റ്റ് എന്നിവ നടത്തിയതായി ചീഫ് എഞ്ചിനീയർ അവകാശപ്പെട്ടു. എന്നിരുന്നാലും, മേൽപ്പറഞ്ഞ പരിശോധനകളുടെ ഫലങ്ങൾ സ്ഥിരീകരണത്തിനായി ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ മറുപടി സ്വീകാര്യമല്ല. അതുപോലെ, കെ.പി.ഡബ്ല്യു.ഡി/ ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ കാരണം, മേൽപ്പറഞ്ഞ പരിശോധനകളുടെ നടത്തിപ്പ് സംശയാസ്പദമായി തുടരുന്നു.

## ➢ പതിവ് പൈൽ ടെസ്റ്റ് നടത്തുന്നതിലെ പരാജയം

ക്വാളിറ്റി കൺട്രോൾ മാന്വലിന്റെ 305.2-ാം വകുപ്പ് അനുസരിച്ച്, പതിവ് പൈൽ ടെസ്റ്റ്, അതായത് നിർമ്മാണത്തിന്റെ ഘടനാപരമായ സ്ഥിരത തീർച്ചപ്പെടുത്തുന്നതിനുള്ള ഗുണനിലവാര പരിശോധന ഐ.എസ് 2911 പാർട്ട് 4-ൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ നടത്തേണ്ടതാണ്. കൂടാതെ, നിർദ്ദിഷ്ട രീതിയിൽ പരിശോധന നടക്കുന്നുവെന്ന് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉറപ്പാക്കേണ്ടതുണ്ട്. തിരഞ്ഞെടുത്ത 104 പ്രവൃത്തികളിൽ, ഏഴിൽ[83] പൈൽ ഫൗണ്ടേഷൻ ഉപയോഗിച്ചിരുന്നു. എന്നിരുന്നാലും, ഈ ഏഴ് പ്രവൃത്തികളിൽ ഒന്നിലും, പതിവ് പൈൽ ലോഡ് പരിശോധന നടത്തിയിട്ടില്ല. പരിശോധന നടത്താത്തത് ഗുണമേന്മ ഉറപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി.

മേൽപ്പറഞ്ഞ പ്രവൃത്തികളെക്കുറിച്ച് ബന്ധപ്പെട്ട ഡിവിഷൻ ഓഫീസുകളിൽ നിന്ന് വിശദമായ റിപ്പോർട്ട് ലഭിച്ച ശേഷം ചീഫ് എഞ്ചിനീയർ പ്രത്യേക റിപ്പോർട്ട് നൽകുമെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

എന്നിരുന്നാലും, ചീഫ് എഞ്ചിനീയർ ഇന്നുവരെ (2023 ജൂലൈ) വിശദമായ മറുപടി നൽകിയിട്ടില്ല.

## ➢ മിക്സ് ഡിസൈൻ

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 2208.9.2-ാം വകുപ്പ് അനുസരിച്ച് എല്ലാ സാമഗ്രികൾക്കും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ അല്ലെങ്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം നേടേണ്ടതാണ്, കൂടാതെ ജോബ് മിക്സ് ഫോർമുലകൾ/മിക്സ് ഡിസൈൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ

[83] 1. തൃശ്ശൂരിൽ ഇരിഞ്ഞാലക്കുട കോടതി സമുച്ചയം (ഒന്നാം ഘട്ടം) നിർമ്മാണം 2. ജി.എച്ച്.എസ്.എസ്. കാട്ടൂർ, തൃശ്ശൂർ, 3. റവന്യൂ ടവർ, നെടുമങ്ങാട്, തിരുവനന്തപുരം 4. തിരുവനന്തപുരം ആക്കുളത്ത് I കേരള എൻ.സി.സി-യിൽ നേവൽ ട്രെയിനിങ് സെന്റർ നിർമ്മാണം. 5. വയനാട്, മാനന്തവാടി ജില്ലാ ആശുപത്രിയിൽ മൾട്ടി പർപ്പസ് ഹോസ്പിറ്റൽ ബ്ലോക്ക്.

അംഗീകരിക്കുകയും വേണം. ഇതിനായി, പ്രവൃത്തി ആരംഭിക്കുന്നതിന് നിശ്ചയിച്ച തീയതിക്ക് കുറഞ്ഞത് 20 ദിവസം മുമ്പെങ്കിലും പ്രസക്തമായ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതുണ്ട്.

11 പ്രവൃത്തികളിൽ ***(അനുബന്ധം 19)***, മിക്സ് ഡിസൈനുകൾ ഡിവിഷണൽ ഓഫീസർമാർ തയ്യാറാക്കുകയോ/ അംഗീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, ഇത് ഗുണമേന്മ ഉറപ്പാക്കുന്നതിൽ വിട്ടുവീഴ്ചയ്ക്ക് കാരണമായി. ആവശ്യമായ രീതിയിൽ മിക്സ് ഡിസൈനുകൾ തയ്യാറാക്കുന്നുവെന്ന് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉറപ്പാക്കണമായിരുന്നു.

ഈ സന്ദർഭങ്ങളിൽ മിക്സ് ഡിസൈനുകൾ അംഗീകരിച്ചിട്ടില്ലെന്ന് സമ്മതിക്കുകയും, ഭാവിയിൽ പണിസ്ഥലത്തെ പ്രവൃത്തികൾ തുടങ്ങുന്നതിന് മുൻപ് എല്ലാ മിക്സ് ഡിസൈനുകളും കരാർ അധികാരി മുൻകൂട്ടി അംഗീകരിച്ചു എന്ന് ഉറപ്പാക്കാൻ മതിയായ ശ്രദ്ധ ചെലുത്തുമെന്നും ചീഫ് എഞ്ചിനീയർ മറുപടിയിൽ ഉറപ്പ് നൽകി (2023 ഫെബ്രുവരി).

- **ലീക്ക് പ്രൂഫ് / ടെർമൈറ്റ് പ്രൂഫ് പ്രവൃത്തികൾക്കുള്ള ഗ്യാരണ്ടി ബോണ്ട്**

സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിന്റെ ആറാം ഭാഗം അനുസരിച്ച്, എസ്റ്റിമേറ്റിൽ ലീക്ക് പ്രൂഫ്/ടെർമൈറ്റ് പ്രൂഫ് പ്രവൃത്തികൾ നൽകിയിട്ടുള്ളിടത്തെല്ലാം 10 വർഷത്തേക്ക് ഗ്യാരണ്ടിയും കരാറുകാരന്റെ ബാധ്യതയും ഉറപ്പാക്കുന്നതിന് അത്തരം പ്രവൃത്തികൾക്ക് ഗ്യാരണ്ടി ബോണ്ട് കരാറുകാരനിൽ നിന്ന് വാങ്ങണം/ ശേഖരിക്കണം.

പ്രസ്തുത ഇനങ്ങൾ നടപ്പാക്കിയ നാല് പ്രവൃത്തികളിൽ[84], പ്രവൃത്തികളുടെ ഗ്യാരണ്ടി ഉറപ്പാക്കുന്നതിന് ആവശ്യമായ രീതിയിൽ കരാറുകാരിൽ നിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഗ്യാരണ്ടി ബോണ്ടുകളൊന്നും ശേഖരിച്ചിട്ടില്ല.

മേൽപ്പറഞ്ഞ പ്രവൃത്തികളെക്കുറിച്ചുള്ള നിർദ്ദിഷ്ട റിപ്പോർട്ട് ചീഫ് എഞ്ചിനീയർ നൽകുമെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

എന്നാൽ, ചീഫ് എഞ്ചിനീയർ ഇക്കാര്യത്തിൽ ഒരു മറുപടിയും നൽകിയിട്ടില്ല (2023 ഏപ്രിൽ).

- **ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കരാറുകളെക്കുറിച്ച് അറിയിപ്പ് നൽകൽ**

ക്വാളിറ്റി കൺട്രോൾ മാന്വലിലെ 8-ാം വകുപ്പ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ഗുണനിലവാര നിയന്ത്രണ ലാബിൽ ദ്വിതീയ തല ഗുണനിലവാര പരിശോധന നടത്തുന്നതിനായി കരാർ നടപ്പാക്കി 10 ദിവസത്തിനുള്ളിൽ കരാർ രേഖകളുടെ പകർപ്പ് ബന്ധപ്പെട്ട ഗുണനിലവാര നിയന്ത്രണ ലാബിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറേണ്ടതാണ്.

സൂപ്രണ്ടിംഗ് എഞ്ചിനീയർ (ജുഡീഷ്യൽ സർക്കിൾ) തിരഞ്ഞെടുത്ത ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായിരുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട്, കരാർ രേഖകളുടെ പകർപ്പ് ഗുണനിലവാര നിയന്ത്രണ ലാബിലേക്ക് അയയ്ക്കുന്നില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. തത്ഫലമായി, ആ പ്രവൃത്തികൾ ദ്വിതീയ തല ഗുണനിലവാര നിയന്ത്രണ പരിശോധനകളുടെ പരിധിയിൽ നിന്ന് ശ്രദ്ധയിൽപ്പെടാതെ പോകാം.

[84] 1. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സ്ത്രീകൾക്കായുള്ള 450 കിടക്കകളുള്ള ഹോസ്റ്റലിന്റെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണം 2. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കാർഡിയോളജി, കാർഡിയോതൊറാസിക് ബ്ലോക്കിന്റെ മൂന്നാം നിലയിൽ സ്ത്രീ കൂട്ടിരിപ്പുക്കാർക്കുള്ള 3. സ്ഥലവും ശൗചാലയ സൗകര്യവും നൽകൽ 4. തിരുവനന്തപുരം വാമനപുരത്ത് പ്രൈമറി ഹെൽത്ത് സെന്ററിൽ 50 കിടക്കകളുള്ള വാർഡിന്റെയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും നിർമ്മാണം തിരുവനന്തപുരം നെടുമങ്ങാട് പുതിയ റവന്യൂ ടവറിന്റെ നിർമ്മാണം.

ഇക്കാര്യത്തിൽ കരാർ അധികാരികൾക്ക് കർശന നിർദ്ദേശങ്ങൾ നൽകുമെന്നും ആഭ്യന്തര ഓഡിറ്റിലൂടെ നിരീക്ഷിക്കുമെന്നും സർക്കാർ ഉറപ്പ് നൽകി (2023 ഫെബ്രുവരി).

### *2.3.7.2 പ്രവൃത്തിസ്ഥലത്ത് ഫീൽഡ് ലാബ് സ്ഥാപിക്കുന്നതിലെ വീഴ്ചകൾ*

ക്വാളിറ്റി കൺട്രോൾ മാന്വലിന്റെ 7.1 –ാം വകുപ്പ് പ്രകാരം, കണക്കാക്കിയ പദ്ധതി ചെലവ് രണ്ട് കോടി രൂപയിൽ കൂടുതലാണെങ്കിൽ കരാറുകാരൻ കാലിബ്രേറ്റ് ചെയ്ത ഉപകരണങ്ങളുള്ള ഒരു ഓൺസൈറ്റ് ലബോറട്ടറി സ്ഥാപിക്കണം.

പ്രവൃത്തികളിലെ ഗുണനിലവാരം തുടർച്ചയായി നിരീക്ഷിക്കുന്നതിന്, രണ്ട് കോടി രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ഫീൽഡ് ലാബ് സ്ഥാപിക്കേണ്ടത് നിർബ്ബന്ധമായിരുന്നു. തിരഞ്ഞെടുത്ത 104 പ്രവൃത്തികളിൽ, 54 പ്രവൃത്തികൾ തുടർന്നുകൊണ്ടിരിക്കുന്നവയാണ്, ഇതിൽ 26 പ്രവൃത്തികളുടെ ചെലവ് രണ്ടു കോടി രൂപയ്ക്കു മുകളിലാണ്. പ്രവൃത്തി തുടർന്നു കൊണ്ടിരിക്കുന്ന 26 സ്ഥലങ്ങളിൽ, ഏഴ് സ്ഥലങ്ങളിൽ നടത്തിയ സംയുക്ത പരിശോധനയിൽ അഞ്ച് സ്ഥലങ്ങളിൽ പ്രത്യേക ഫീൽഡ് ലാബുകളൊന്നും സജ്ജീകരിച്ചിട്ടില്ലെങ്കിലും, ***അനുബന്ധം 20***–ൽ നൽകിയിരിക്കുന്നത് പോലെ രണ്ട് സ്ഥലങ്ങളിൽ ഫീൽഡ് ലാബുകൾക്കുള്ള ഉപകരണങ്ങൾ അവിടവിടെയായി സ്ഥാപിച്ചതായി കണ്ടെത്തി.

കൂടാതെ, രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള തിരഞ്ഞെടുത്ത 42 പ്രവൃത്തികളിലും, ഡിവിഷനുകളിൽ പരിപാലിക്കുന്ന രേഖകളിൽ ആവശ്യമായ രീതിയിൽ ഫീൽഡ് ലാബ് സ്ഥാപിച്ചതായുള്ള ആധികാരികമായ തെളിവുകളൊന്നും അടങ്ങിയിട്ടില്ല. ഉപകരണങ്ങളുടെയും, എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെയും അഭാവം, റണ്ണിംഗ് ബില്ലുകൾക്കൊപ്പം എല്ലാ പരിശോധനാ ഫലങ്ങളും സമർപ്പിക്കാത്തത് എന്നിവ കാരണം കൃത്യനിർവ്വഹണവേളയിൽ ആവശ്യമായ ഇടവേളകളിലും കൃത്യമായ നിബന്ധനകൾ പാലിച്ചും പ്രാഥമിക തല ഗുണനിലവാര നിയന്ത്രണ പരിശോധനകൾ നടത്തിയെന്ന് ഓഡിറ്റിന് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

എല്ലാ സ്ഥലങ്ങളിലും ഫീൽഡ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും പരിശോധനകൾ കൃത്യമായി നടത്തിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ മറുപടി നൽകി (2023 ഫെബ്രുവരി). ഫീൽഡ് ലാബുകളുടെ കൃത്യമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഫയലുകളിൽ ലഭ്യമല്ലാത്തതിനാൽ മറുപടി സ്വീകാര്യമായിരുന്നില്ല. കൂടാതെ, സംയുക്ത പരിശോധന നടത്തിയതിലൂടെയും ഇത് സ്ഥിരീകരിച്ചു.

### *2.3.7.3 പദ്ധതി അവലോകനത്തിന്റെയും നിരീക്ഷണ സംവിധാനത്തിന്റെയും അഭാവം*

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 2106–ാം വകുപ്പ് അനുസരിച്ച് പ്രവൃത്തിയുടെ പുരോഗതി റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിനും സർക്കാരിനും വളരെ പ്രധാനമാണ്, കാരണം ഇത് ഓരോ പ്രവൃത്തിയുടെയും പുരോഗതി നിരീക്ഷിക്കാൻ അവരെ പ്രാപ്തരാക്കുന്നു. നിർദ്ദിഷ്ട ഫോമിലെ പുരോഗതി റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും പ്രതിമാസ അടിസ്ഥാനത്തിൽ അയയ്ക്കേണ്ടതാണ്. എല്ലാ മാസവും 15–ന് മുമ്പായി എക്സിക്യൂട്ടീവ് എൻജിനീയർ പ്രവൃത്തികളുടെ ഏകീകൃത പുരോഗതി റിപ്പോർട്ട് ചീഫ് എൻജിനീയർക്കും സൂപ്രണ്ടിംഗ് എൻജിനീയർക്കും കൈമാറണം. കൂടാതെ, പ്രവൃത്തികളുടെ പുരോഗതി എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രതിമാസവും, സൂപ്രണ്ടിംഗ് എഞ്ചിനീയർ ത്രൈമാസവും ചീഫ് എഞ്ചിനീയർ അർദ്ധ വാർഷികവും അവലോകനം ചെയ്യണം. ഓരോ പ്രവൃത്തിയുടെയും ഭൗതികവും സാമ്പത്തികവുമായ പുരോഗതി ബന്ധപ്പെട്ട ഫീൽഡ് ഓഫീസർമാരുമായി വിശദമായി വിശകലനം ചെയ്യുകയും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ, പ്രവൃത്തിയുടെ വേഗത്തിലുള്ള നിർവ്വഹണത്തിനായി പ്രസ്തുത നിരീക്ഷണങ്ങൾ ഉൾപ്പെടെയുള്ള പരിഹാര നടപടികൾ മിനിറ്റ്സിൽ രേഖപ്പെടുത്തുകയും എല്ലാ കീഴുദ്യോഗസ്ഥർക്കും കൈമാറുകയും വേണം.

ഓഡിറ്റ് ഇനിപ്പറയുന്നവ നിരീക്ഷിച്ചു:

- ഫീൽഡ് ഓഫീസുകളിൽ നിന്ന് ആവശ്യാനുസരണം പ്രവൃത്തി പുരോഗതിയുടെ സോഫ്റ്റ് കോപ്പികൾ പുതുക്കുന്നുണ്ടെങ്കിലും, സർക്കിളുകളിലും ഡിവിഷനുകളിലും അവലോകനങ്ങൾ നടത്തിയതിന് തെളിവുകളൊന്നുമില്ല. പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് നടത്തിയ യോഗത്തിന്റെ മിനിറ്റ്സ് സൂക്ഷിക്കുകയോ ഫീൽഡ് ഓഫീസർമാരെ അറിയിക്കുകയോ ചെയ്തിട്ടില്ല.

- പ്രവൃത്തികൾ പരിശോധിച്ചതിൽ, കരാർ ഡാറ്റയിൽ കൈവരിക്കേണ്ട നാഴികക്കല്ലുകൾ പരാമർശിച്ചിട്ടുണ്ടെങ്കിലും ഭൗതിക അളവുകളുടെയോ സാമ്പത്തിക പുരോഗതിയുടെയോ അടിസ്ഥാനത്തിൽ നാഴികക്കല്ലുകൾ കണക്കാക്കാത്തതിനാൽ അവ കൈവരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ, തിരഞ്ഞെടുത്ത പ്രവൃത്തികളിൽ ഒന്നിലും നാഴികക്കല്ലുകൾ കൈവരിച്ചോ എന്ന് അവലോകനം ചെയ്തിട്ടില്ല, ഇത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടാക്കി.

പുരോഗതി റിപ്പോർട്ടുകളിലൂടെ ഉന്നത തലത്തിലുള്ള പദ്ധതികളുടെ അവലോകനവും നിരീക്ഷണവും ഉണ്ടായിരുന്നിട്ടും, തടസ്സരഹിതമായ ഭൂമി, കൃത്യമായ മൂല്യനിർണ്ണയം, സമയോചിതമായ രൂപകൽപ്പന, ഗുണനിലവാര നിയന്ത്രണം മുതലായ ഓരോ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, കരാർ നടത്തിപ്പിലെ പാളിച്ചകളും വിശകലനം ചെയ്യുകയോ/പരിഹരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് അവലോകനത്തിന്റെയും നിരീക്ഷണ സംവിധാനത്തിന്റെയും ഫലപ്രാപ്തിയുടെ അഭാവത്തെ സൂചിപ്പിക്കുന്നു.

സർക്കാർ തലത്തിൽ കൂടി നിരീക്ഷിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വഴിയാണ് പദ്ധതി അവലോകനവും നിരീക്ഷണ സംവിധാനവും നടപ്പിലാക്കുന്നതെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). പദ്ധതികൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നിരുന്നാലും, മുൻപുള്ള ഖണ്ഡികയിൽ ചർച്ച ചെയ്തതുപോലെ, കാലതാമസം, കരാർ നടത്തിപ്പ് മുതലായവയിലേക്ക് നയിക്കുന്ന നിരന്തരമായ പ്രശ്നങ്ങൾ കാരണം പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യം ഫലം കൈവരിക്കുന്നുണ്ടോ എന്നത് സംശയകരമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

> **ഗുണനിലവാര നിയന്ത്രണ നിരീക്ഷണം**

ക്വാളിറ്റി കൺട്രോൾ മാനുലിന്റെ അനുബന്ധം I-ഉം III-ഉം പ്രകാരം ഗുണനിലവാര നിയന്ത്രണത്തിനും കോൺക്രീറ്റിന്റെ കൂട്ട് നിരീക്ഷിക്കുന്നതിനും ചെക്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. നിർമ്മാണത്തിൽ സ്വീകരിച്ച നിശ്ചിത ഗുണനിലവാര നിയന്ത്രണ നടപടിക്രമങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനാണ് ഈ അനുബന്ധങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. എന്നാൽ, തിരഞ്ഞെടുത്ത അഞ്ച് ഡിവിഷനുകളിൽ നാലെണ്ണത്തിലും[85] പ്രതിഫലം അനുവദിക്കുന്നതിന് മുമ്പ് നിർദ്ദിഷ്ട രീതിയിൽ അനുബന്ധങ്ങൾ തയ്യാറാക്കി പ്രവർത്തികൾക്കുള്ള ബില്ലുകൾക്കൊപ്പം ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അനുബന്ധങ്ങളുടെ അഭാവത്തിൽ, ബില്ലുകൾ പാസ്സാക്കുമ്പോൾ കരാറുകാരൻ നിർബന്ധിത പ്രാഥമികതല ഗുണനിലവാര പരിശോധനകൾ നടത്തിയിട്ടുണ്ടോ എന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പാക്കിയിട്ടില്ല, ഇത് പ്രവൃത്തികളുടെ ഗുണമേന്മയെ ഒരു പരിധി വരെ ബാധിച്ചു. കെട്ടിട നിർമ്മാണത്തിലെ ഗുണനിലവാര നിയന്ത്രണത്തിൽ ഉറപ്പില്ലാത്തതിനാൽ ഘടനാപരമായ പിഴവ് മൂലമുണ്ടാകുന്ന സുരക്ഷാ അപകടങ്ങൾ, വിള്ളലുകളിലേക്ക് നയിക്കുന്ന ഘടനാപരമായ വൈകല്യങ്ങൾ, ചോർച്ച, അടിത്തറ പ്രശ്നങ്ങൾ, വർദ്ധിച്ച അറ്റകുറ്റപ്പണികളും തദനുസൃതമായ ചെലവുകളും, രൂപരേഖയനുസരിച്ച്

[85] കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം സ്പെഷ്യൽ ബിൽഡിംഗ്സ് ഡിവിഷൻസ്.

ഒരു കെട്ടിടം നിലനിൽക്കേണ്ട കാലയളവിലെ കുറവ് തുടങ്ങിയ പ്രതികൂല പ്രത്യാഘാതങ്ങൾക്ക് ഇടയാക്കും.

പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). ഇതിന്റെ ഭാഗമായി പി.ഡബ്ല്യു.ഡി ക്വാളിറ്റി മാന്വൽ പ്രസിദ്ധീകരിച്ചു. മാന്വൽ പ്രകാരമുള്ള പരിശോധനകൾ പണിസ്ഥലത്താണ് നടത്തുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ, മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾക്ക്, നിർബന്ധിത ഗുണനിലവാര പരിശോധനകൾ നടപ്പിലാക്കുന്നതിൽ ഏതാനും വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഇപ്പോൾ തിരുത്തിയിട്ടുണ്ട്. നിലവിൽ പ്രൈസ് സോഫ്റ്റ്‌വെയർ മുഖേനയുള്ള ഓൺലൈൻ ബിൽ തയ്യാറാക്കലിൽ, ഗുണനിലവാര പരിശോധനാ ഫലങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് ആവശ്യമായ സ്ലോട്ടുകൾ നൽകിയിട്ടുണ്ട്, ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബില്ലുകളുടെ തുടർ നടപടി സാധ്യമാകൂ. മുൻപുള്ള ഖണ്ഡികകളിൽ സൂചിപ്പിച്ചതു പോലെ പ്രവൃത്തികളിൽ ഗുണനിലവാര നിയന്ത്രണ പരിശോധനകൾ നടത്താത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു, മുകളിൽ സൂചിപ്പിച്ച അനുബന്ധങ്ങൾ കൃത്യമായി തയ്യാറാക്കിയിരുന്നെങ്കിൽ ഇത് കണ്ടെത്താൻ കഴിയുമായിരുന്നു, അതിനാൽ മറുപടി അംഗീകരിക്കാനാവില്ല.

➢ **പ്രവൃത്തിയുടെ മേൽനോട്ടത്തിനായി പണിസ്ഥലത്ത് കരാറുകാരന്റെ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ വിന്യസിക്കാത്തത് / എണ്ണത്തിൽ കുറച്ച് വിന്യസിച്ചത്**

സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റ്, സ്പെഷ്യൽ കണ്ടീഷൻസ് ഓഫ് കോൺട്രാക്റ്റ്, ഇനം നമ്പർ 16.1–ലെ വ്യവസ്ഥ അനുസരിച്ച്, **പട്ടിക 2.13**–ൽ കാണിച്ചിരിക്കുന്ന പോലെ പ്രവൃത്തിയുടെ ചെലവിനെ ആശ്രയിച്ച്, പ്രവൃത്തികളുടെ മേൽനോട്ടത്തിനായി കരാർ കാലയളവിൽ കരാറുകാരൻ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ നിയമിക്കണം.

**പട്ടിക 2.13: പ്രവൃത്തി മേൽനോട്ടത്തിനായി വിന്യസിക്കേണ്ട ഉദ്യോഗസ്ഥർ**

| പ്രവൃത്തിയുടെ ചെലവ് | ആവശ്യമായ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ |
|---|---|
| 5 ലക്ഷം രൂപ മുതൽ 75 ലക്ഷം രൂപ വരെ | ഡിപ്ലോമയുള്ള ഒരാൾ (സിവിൽ എഞ്ചിനീയറിംഗ്) |
| 75 ലക്ഷം രൂപ മുതൽ 150 ലക്ഷം രൂപ വരെ | ഒരു എഞ്ചിനീയറിംഗ് ബിരുദധാരി + ഡിപ്ലോമയുള്ള ഒരാൾ |
| 150 ലക്ഷം രൂപ മുതൽ 250 ലക്ഷം രൂപ വരെ | മൂന്ന് എഞ്ചിനീയറിംഗ് ബിരുദധാരികൾ + ഡിപ്ലോമയുള്ള ഒരാൾ |
| 250 ലക്ഷം രൂപ മുതൽ 500 ലക്ഷം രൂപ വരെ | നാല് എഞ്ചിനീയറിംഗ് ബിരുദധാരികൾ + ഡിപ്ലോമയുള്ള രണ്ടുപേർ |
| 500 ലക്ഷം രൂപ മുതൽ 20 കോടി രൂപ വരെ | മൂന്ന് എഞ്ചിനീയറിംഗ് ബിരുദധാരികൾ + ഡിപ്ലോമയുള്ള മൂന്നുപേർ |
| 20 കോടിക്ക് രൂപയ്ക്ക് മുകളിൽ | നാല് എഞ്ചിനീയറിംഗ് ബിരുദധാരികൾ + ഡിപ്ലോമയുള്ള അഞ്ച് പേർ |

എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ വിന്യസിക്കാത്ത സാഹചര്യത്തിൽ, സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിന്റെ 16.2–ാം[86] ക്ലോസ് പ്രകാരം ഹാജരാകാത്ത/ വിന്യസിക്കാത്ത ഉദ്യോഗസ്ഥരുടെ എണ്ണത്തിനനുസരിച്ച് അവരുടെ പ്രതിഫലത്തിന് തുല്യമായ തുക വസൂലാക്കാൻ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, മാനദണ്ഡമനുസരിച്ച്, പ്രവൃത്തിക്കായി നിയമിച്ചിട്ടുള്ള എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ ഓരോ റണ്ണിംഗ് അക്കൗണ്ട് ബില്ലിന്റെയും കൂടെ വെയ്ക്കണം.

ബില്ലുകൾക്കൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റ് അനുസരിച്ച് (***അനുബന്ധം 21***) 13 പ്രവൃത്തികൾക്ക് 43 എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ വിന്യസിക്കേണ്ടിയിരുന്നിടത്ത്

[86] കരാറിന്റെ പ്രത്യേക വ്യവസ്ഥകൾ.

ഏഴ് പ്രവൃത്തികൾക്ക് ഒരു എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥനെ പോലും നിയമിച്ചതായി തെളിവുകളൊന്നുമില്ലെന്നും ആറ് പ്രവൃത്തികളിൽ എട്ട് എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ മാത്രമേ നിയമിച്ചിട്ടുള്ളൂവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. തത്തുല്യമായ തുകയുടെ മൂല്യനിർണ്ണയമോ അല്ലെങ്കിൽ തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങളോ ഒന്നും തന്നെ ഫയലുകളിൽ ലഭ്യമല്ല.

തുടർന്നുകൊണ്ടിരിക്കുന്ന നാല് പ്രവൃത്തികളുമായി ബന്ധപ്പെട്ട് നടത്തിയ സംയുക്ത പരിശോധനയിൽ (2023 ജനുവരി 17) 25 എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ ആവശ്യമുള്ളിടത്ത് ഓരോ സ്ഥലത്തും ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് കണ്ടെത്തി, ***അനുബന്ധം 21***–ൽ നൽകിയിരിക്കുന്നതുപോലെ, ഇത് നിർവ്വഹണ വേളയിലെ പ്രവൃത്തിയുടെ ഗുണനിലവാര നിയന്ത്രണ നിരീക്ഷണത്തിലെ വീഴ്ചകളെ സൂചിപ്പിക്കുന്നു.

ചില സന്ദർഭങ്ങളിൽ, കരാറുകാർ ആവശ്യമായ ജീവനക്കാരെ വിന്യസിക്കാത്ത സാഹചര്യങ്ങൾ ഉണ്ടായതായി സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). ഇത്തരം സന്ദർഭങ്ങളിൽ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കും. എല്ലാ തലങ്ങളിലും സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റ് ക്ലോസ് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ചീഫ് എഞ്ചിനീയർ (കെട്ടിടങ്ങൾ) എല്ലാ നടപടികളും സ്വീകരിക്കും. ചൂണ്ടിക്കാണിച്ച പ്രവൃത്തികളെക്കുറിച്ചുള്ള കൃത്യമായ മറുപടികൾ ഉടൻ സമർപ്പിക്കും. എന്നിരുന്നാലും ചീഫ് എൻജിനീയറിൽ നിന്നുള്ള കൃത്യമായ മറുപടി ഇപ്പോഴും ലഭ്യമായിട്ടില്ല (2023 ഏപ്രിൽ).

### *2.3.7.4 തൃതീയ തല ഗുണനിലവാര നിയന്ത്രണ പരിശോധന (സാങ്കേതിക ഓഡിറ്റ്)*

അഞ്ച് കോടി രൂപയിൽ കൂടുതൽ മുകളിൽ ചെലവ് വരുന്ന ഒരു പദ്ധതി പൂർത്തിയായതിന് ശേഷം, ഈ ആവശ്യത്തിനായി തിരഞ്ഞെടുക്കപ്പെട്ട ഒരു ബാഹ്യ ഏജൻസി/വിദഗ്ദ്ധൻ സാങ്കേതിക ഓഡിറ്റ് നടത്തണമെന്ന് ക്വാളിറ്റി കൺട്രോൾ മാനുവലിന്റെ 7.3–ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഇത് ഗുണനിലവാര നിയന്ത്രണ സംവിധാനത്തിന്റെ തൃതീയ തല പരിശോധനയായി മാറും.

വകുപ്പ് അത്തരത്തിലുള്ള ഒരു ഏജൻസിയെ/വിദഗ്ദ്ധനെ തിരഞ്ഞെടുത്തിട്ടില്ലെന്നും പൂർത്തിയാക്കിയ പദ്ധതികളുടെ സാങ്കേതിക ഓഡിറ്റ് ആവശ്യാനുസരണം നടത്തിയിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

ഇക്കാര്യത്തിൽ ആവശ്യമായ നടപടി എത്രയും വേഗം സ്വീകരിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകി (2023 ഫെബ്രുവരി).

### *2.3.7.5 ആഭ്യന്തര പരിശോധനകൾ*

2019 സെപ്റ്റംബർ 19–ലെ സർക്കുലർ നമ്പർ.79/2019/ഫിൻ പ്രകാരം എല്ലാ വകുപ്പുകളും ഒരു സാമ്പത്തിക വർഷത്തിൽ പരിശോധിക്കേണ്ട ഓഫീസുകളുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസത്തിൽ തന്നെ (ഏപ്രിൽ) സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. കെ.പി.ഡബ്ല്യു.ഡി മാനുവലിന്റെ 202.4 (ഇനം നമ്പർ.9), 202.6 (ഇനം നമ്പർ.37) വകുപ്പുകൾ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും യഥാക്രമം ഡിവിഷൻ സബ് ഡിവിഷൻ ഓഫീസുകളിൽ വർഷത്തിൽ ഒരിക്കലെങ്കിലും ആനുകാലിക പരിശോധന നടത്തണം.

തിരഞ്ഞെടുത്ത അഞ്ച് ഡിവിഷനുകളിലെയും മൂന്ന് സർക്കിൾ ഓഫീസുകളിലെയും ആഭ്യന്തര പരിശോധനകൾ നടത്തിയതിന്റെയും അതിലുണ്ടായ കുറവുകളുടെയും വിശദാംശങ്ങൾ **പട്ടിക 2.14**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.14: 2019-2022 കാലയളവിൽ നടത്തിയ ആഭ്യന്തര പരിശോധനകൾ**

| പരിശോധനാ അധികാരി | പരിശോധനകൾ നടത്തേണ്ടിയിരുന്നത് | പരിശോധനകൾ നടത്തിയത് | പരിശോധനയിലെ കുറവ് | കുറവ് ശതമാനത്തിൽ |
|---|---|---|---|---|
| സുപ്രണ്ടിംഗ് എഞ്ചിനീയർ (നോർത്ത്) | 18 | 6 | 12 | 67 |
| സുപ്രണ്ടിംഗ് എഞ്ചിനീയർ (സെൻട്രൽ) | 9 | 9 | 0 | ഇല്ല |
| സുപ്രണ്ടിംഗ് എഞ്ചിനീയർ (സൗത്ത്) | 21 | 3 | 18 | 86 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (വയനാട്) | 9 | 5 | 4 | 44 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (കോഴിക്കോട്) | 9 | 2 | 7 | 78 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (തൃശ്ശൂർ) | 12 | 0 | 12 | 100 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (കോട്ടയം) | 15 | 2 | 13 | 87 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്പെഷ്യൽ ബിൽഡിംഗ്സ് (തിരുവനന്തപുരം) | 15 | 0 | 15 | 100 |

ഓഡിറ്റ് നിരീക്ഷിച്ചവ:

- എല്ലാ ഡിവിഷനുകളിലും രണ്ട് സർക്കിളുകളിലും ആഭ്യന്തര പരിശോധനയ്ക്കുള്ള സമയപ്പട്ടിക പാലിക്കാത്തതിനാൽ കെട്ടിട വിഭാഗത്തിനുള്ളിലെ ആഭ്യന്തര പരിശോധനകൾ ഫലപ്രദമായിരുന്നില്ല.

- സർക്കാർ നിർദ്ദേശിച്ച പ്രകാരം ആഭ്യന്തര പരിശോധനകൾക്കായി ചീഫ് എഞ്ചിനീയറുടെ ഓഫീസ് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടില്ല.

സാമ്പത്തിക മേൽനോട്ടം അതായത് ബജറ്റിംഗ്, ചെലവ് നിയന്ത്രണം, സാങ്കേതിക കാര്യങ്ങൾ അതായത് മൂല്യനിർണ്ണയം, കൃത്യനിർവ്വഹണം, ഗുണനിലവാര നിയന്ത്രണം മുതലായ മേഖലകളിൽ സ്ഥാപനത്തിന്റെ സംവിധാനങ്ങളും നടപടിക്രമങ്ങളും വിലയിരുത്തുന്നതിനായി ഫലപ്രദമായ ആഭ്യന്തര നിയന്ത്രണം ഉറപ്പാക്കുന്നതിന് ആഭ്യന്തര പരിശോധനകളുടെ സമയബന്ധിതമായ നടത്തിപ്പ് പ്രധാനമാണ്. അതിനാൽ, ആഭ്യന്തര പരിശോധനകളുടെ അഭാവത്താൽ മേൽപ്പറഞ്ഞ മേഖലകളിൽ പോരായ്മകൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അവ ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ടാകാം.

പരിശോധനകൾ നടത്താത്തതിന്റെ പ്രധാന കാരണം കോവിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണെന്ന് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും (2023 ഏപ്രിൽ), മൂന്ന് വർഷവും തുടർച്ചയായി ഈ വീഴ്ചകൾ ഉണ്ടായതിനാൽ അത് അംഗീകരിക്കാനാവില്ല. മാത്രമല്ല, സർക്കിളുകളിൽ ഒരെണ്ണം ആവശ്യമായ പരിശോധനകൾ നടത്തി എന്നത് ആഭ്യന്തര നിയന്ത്രണങ്ങൾക്ക് മുൻഗണന നൽകേണ്ടതിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി. അതിനാൽ, വീഴ്ചകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ആഭ്യന്തര പരിശോധനകൾ

സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിന് മുൻഗണന നൽകുന്നതിനും വകുപ്പ് നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

കെ.പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ അനുസരിച്ച് ഡിവിഷൻ ഓഫീസുകളിലും സബ് ഡിവിഷനുകളിലും ആനുകാലിക പരിശോധനകൾ നടത്താൻ ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയതായി സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

### *2.3.7.6 പ്രധാനപ്പെട്ട രജിസ്റ്ററുകളുടെ പരിപാലനം*

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുസരിച്ച്, എല്ലാ ഓഫീസുകളിലും നിയന്ത്രണ രജിസ്റ്ററുകളുടെ പരിപാലനം നിർബന്ധമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ചില രജിസ്റ്ററുകളുടെ പരിപാലനത്തിനും കെ.പി.ഡബ്ല്യു.ഡി മാന്വൽ നിർദ്ദേശിക്കുന്നു. **പട്ടിക 2.15**-ൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ ചില പ്രധാന രജിസ്റ്ററുകൾ ഡിവിഷനുകളിൽ പരിപാലിക്കുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**പട്ടിക 2.15 : പ്രധാനപ്പെട്ട രജിസ്റ്ററുകളുടെ പരിപാലനമില്ലായ്മ**

| കെ.പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ | രജിസ്റ്ററിന്റെ പേര് | രജിസ്റ്ററിന്റെ ഉദ്ദേശ്യം | പരാമർശം | അപകട സാധ്യത |
|---|---|---|---|---|
| 2901.1.3-യുടെ കൂടെ അനുബന്ധം 2800എ വായിക്കുക | കെട്ടിടങ്ങളുടെ രജിസ്റ്റർ | എല്ലാ ആനുകാലിക പ്രവൃത്തികളുടെയും, പൊളിച്ചു നീക്കുകയോ വിൽക്കുകയോ ചെയ്തവയുടെയും വിശദാംശങ്ങൾ ഉൾപ്പെട്ട ഓരോ ഡിവിഷനു കീഴിലുള്ള എല്ലാ കെട്ടിടങ്ങളുടെയും പട്ടിക. | ഈ രജിസ്റ്ററിന്റെ അഭാവത്തിൽ, പഴക്കം മൂലമുള്ള മാറ്റങ്ങൾ/നിർമാർജ്ജനം, പഴയ ഘടനകളുടെ വിശദാംശങ്ങൾ, കെട്ടിടങ്ങളുടെ ഘടനയിൽ ആനുകാലികമായി നടത്തിയ പ്രവൃത്തികൾ എന്നിവ പരിശോധിക്കാൻ കഴിയില്ല. ബന്ധപ്പെട്ട ഭൗതിക രജിസ്റ്ററിൽ യഥാർത്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന എല്ലാ ഘടനകളുടെയും വിശദാംശങ്ങളുമായി പ്രൈസ്-ലെ ആസ്തി വിവരങ്ങൾ ഒത്തുനോക്കി പരിശോധിക്കാൻ കഴിയില്ല. | കെട്ടിടങ്ങളുടെ രജിസ്റ്റർ കൃത്യമായി പരിപാലിച്ചില്ലെങ്കിൽ അത് പഴയ കെട്ടിടങ്ങളുടെ ആയുർദൈർഘ്യത്തെ പ്രതികൂലമായി ബാധിക്കുകയും അതിലെ നിവാസികൾക്ക് അപകടമുണ്ടാക്കുകയും ചെയ്യും. |
| 2801.1.3.1 | ഇൻവെന്ററി രജിസ്റ്റർ | ഇലക്ട്രിക്കൽ, സിവിൽ, ഫർണിച്ചർ എന്നിങ്ങനെ സ്ഥിരമായി ഉറപ്പിച്ച എല്ലാ വസ്തുക്കളുടെയും കെട്ടിടം തിരിച്ചുള്ള പട്ടിക, ഇത് ഉപയോക്തൃ വകുപ്പ്/വ്യക്തിയിൽ നിന്നും കെട്ടിടം ആദ്യം കൈമാറുന്ന സമയത്ത് ഒപ്പു വച്ചു വാങ്ങുന്നു. | ഈ രജിസ്റ്ററിന്റെ അഭാവത്തിൽ, കെട്ടിടം കൈമാറുന്ന സമയത്ത് ഓരോ കെട്ടിടത്തിലും ഉൾകൊണ്ടിട്ടുള്ള സാധനങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിയില്ല. | സാധനവിവരപ്പട്ടികയുടെ അഭാവം കാരണം നാശനഷ്ടങ്ങൾ, മോഷണം മുതലായവയാലുള്ള നഷ്ടങ്ങൾ കണക്കിൽ പെടാതെ തുടരാൻ സാധ്യതയുണ്ട്. |
| കെപിഡബ്ല്യുഎ കോഡിന്റെ 4.2.7-ാം വകുപ്പ് | ഡിവിഷണൽ അക്കൗണ്ടന്റിന്റെ ഓഡിറ്റ് എതിർപ്പുകളുടെ രജിസ്റ്റർ | കരാറുകാരുടെ സർട്ടിഫിക്കറ്റ് (സി.സി) ബില്ലുകളിന്മേൽ നടപടി സ്വീകരിക്കുമ്പോഴും പരിശോധിക്കുമ്പോഴും ഉന്നയിക്കുന്ന | ഈ രജിസ്റ്ററിന്റെ അഭാവത്തിൽ, സി.സി ബില്ലുകൾ പ്രോസസ്സ് ചെയ്യുന്ന സമയത്ത് ഉയർത്തുന്ന ആക്ഷേപങ്ങൾ ആനുകാലികമായി പരിശോധിക്കാനും ആക്ഷേപങ്ങൾ | പരിഹാരം കണ്ടെത്താത്ത ആക്ഷേപങ്ങൾ കരാറുകാർക്ക് അനാവശ്യ നേട്ടങ്ങൾക്കും അതുവഴി ഖജനാവിന് |

| കെ.പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ | രജിസ്റ്ററിന്റെ പേര് | രജിസ്റ്ററിന്റെ ഉദ്ദേശ്യം | പരാമർശം | അപകട സാധ്യത |
|---|---|---|---|---|
| | | ആക്ഷേപങ്ങളുടെ ഒരു രജിസ്റ്റർ കെ.പി.ഡബ്ല്യു.എ ഫോം 57-ൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ സൂക്ഷിക്കേണ്ടതുണ്ട്. | പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാനും കഴിയില്ല. | നഷ്ടത്തിനും കാരണമായേക്കാം |
| 202.6 | ചെക്ക് അളവുകളുടെ രജിസ്റ്റർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക അനുമതി പരിധിക്ക് അപ്പുറമുള്ള എല്ലാ പ്രവൃത്തികളുടെയും മൂല്യത്തിന്റെ 10 ശതമാനം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിക്കുകയും അത്തരം പരിശോധിച്ച അളവുകൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കുകയും വേണം. | തെറ്റായ അളവെടുപ്പിന്റെ, പേരിൽ അധിക പണം നൽകൽ തടയുക, ശരിയായ ഇനവിവരങ്ങൾ സ്വീകരിക്കുക എന്നിവയ്ക്കുള്ള ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനമായാണ് ഈ പരിശോധന ഉദ്ദേശിക്കുന്നത്. അതിനാൽ, ഈ രജിസ്റ്ററിന്റെ അഭാവത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുകളിൽ പറഞ്ഞ ആഭ്യന്തര നിയന്ത്രണം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. | പരിശോധിച്ച അളവുകൾ ഉൾപ്പെട്ട രജിസ്റ്ററിന്റെ അഭാവം തെറ്റായ അളവുകൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നതിന് കാരണമായേക്കാം, അതുവഴി പ്രവൃത്തിയുടെ ഗുണമേന്മയെ ബാധിക്കുകയും കരാറുകാർക്ക് അനർഹമായ ആനുകൂല്യങ്ങൾ നൽകുകയും ചെയ്യും |

ആവശ്യമായ രജിസ്റ്ററുകളുടെ കൃത്യമായ പരിപാലനം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കായിരുന്നു. എന്നിരുന്നാലും, ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ വീഴ്ച കാരണം ആസ്തികളുടെ ആസൂത്രണവും നിരീക്ഷണവും, സാധനങ്ങൾ നൽകിയതിൽ കണ്ട കുറവ്, തുടർച്ചയായ ക്രമക്കേടുകളുടെ പരിശോധന, ബില്ലുകളുടെ പണം നൽകുന്നതിലെ കൃത്യത എന്നിവ ഉറപ്പാക്കാനായില്ല.

രജിസ്റ്ററുകളുടെ കൃത്യമായ പരിപാലനത്തിനായി ചീഫ് എഞ്ചിനീയർ എല്ലാ ഡിവിഷനുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

### *2.3.7.7 കരാറുകാരുടെ പ്രകടന വിലയിരുത്തലിന്റെ അഭാവം*

കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 2004.1-ാം വകുപ്പ് അനുസരിച്ച് വിവിധ വർഷങ്ങളിലായി കരാറുകാർ ഏറ്റെടുത്തവരെ വിലയിരുത്തിക്കൊണ്ടുള്ള ഒരു രേഖ ആ കരാറുകാരന് പ്രവൃത്തികൾ നൽകുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുമ്പോഴും രജിസ്ട്രേഷൻ പുതുക്കുമ്പോഴും ഉപയോഗപ്രദമായ അളവുകോലായി ഉപയോഗിക്കാം. കരാറുകാരനുമായി പ്രവൃത്തിയിൽ ഏർപ്പെടുന്ന ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയറും അത്തരമൊരു പ്രൊഫോർമ പൂരിപ്പിച്ച് ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഒപ്പിട്ട് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്.

കെ.പി.ഡബ്ല്യു.ഡി മാന്വലിൽ വിഭാവനം ചെയ്തിരിക്കുന്ന പോലെ, കരാറുകാരുടെ പ്രകടന വിലയിരുത്തൽ ഒരു ഡിവിഷനിലും സൂക്ഷിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അത്തരം ഉദ്യമം നടത്തുകയാണെങ്കിൽ പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ഉപകരണമാകുമെന്നും കുറ്റമറ്റ മുൻകാല പ്രകടനം ഇല്ലാത്ത കരാറുകാരെ ഒഴിവാക്കാൻ സഹായിക്കുമെന്നും നിരീക്ഷിച്ചു.

കരാറുകാരുടെ പ്രകടന വിലയിരുത്തൽ തയ്യാറാക്കുന്നതിനും പ്രൈസ് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്നതിനും ചർച്ച നടക്കുന്നുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). കരാറുകാരുടെ പ്രകടനം വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുന്നതാണ്.

പ്രകടന മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന് ഒരു സമിതി രൂപീകരിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടെങ്കിലും, കഴിഞ്ഞ 11 വർഷമായി കെ.പി.ഡബ്ല്യു.ഡി മാന്വലിൽ ഇതിനുള്ള വ്യവസ്ഥ ലഭ്യമായിട്ടും കരാറുകാരുടെ പ്രകടനം നിരീക്ഷിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഇപ്പോഴും നിലവിലില്ല.

### *2.3.7.8 പി.ഡബ്ല്യു.ഡി നിർമ്മിച്ച കെട്ടിടങ്ങൾക്ക് ചീഫ് ആർക്കിടെക്റ്റിന്റെ സാക്ഷ്യപ്പെടുത്തൽ*

ഡിപ്പാർട്ട്മെന്റ് ടെൻഡർ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ പ്രകാരം, കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ, ദേശീയ കെട്ടിട കോഡ്/കേരള മുനിസിപ്പൽ ബിൽഡിംഗ്സ് റൂൾസിലെ വ്യവസ്ഥകൾ പാലിച്ച് അംഗീകൃത ഡ്രോയിംഗുകൾ പ്രകാരമാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന് ചീഫ് ആർക്കിടെക്റ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നിരുന്നാലും, തിരഞ്ഞെടുത്ത ഡിവിഷനുകളിൽ പൂർത്തിയായ ഒരു കെട്ടിടത്തിൽ പോലും പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല, എന്നതിനാൽ സാക്ഷ്യപ്പെടുത്തലിന്റെ ഉദ്ദേശ്യത്തെ തന്നെ വ്യർത്ഥമാക്കി.

മേൽപ്പറഞ്ഞവ അംഗീകരിച്ചുകൊണ്ട്, നിർമ്മാണങ്ങൾ ഘട്ടം ഘട്ടമായി മാത്രം പൂർത്തിയാക്കുന്നതിനാൽ സാക്ഷ്യപ്പെടുത്തൽ നടക്കുന്നില്ലെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സമയത്ത് തന്നെ ചീഫ് ആർക്കിടെക്റ്റിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (2023 ഫെബ്രുവരി). കെട്ടിടം കൈമാറുന്നതിന് മുമ്പ് പരിശോധിക്കുന്നതിനായി ചീഫ് ആർക്കിടെക്റ്റ് ഉൾപ്പെടുന്ന ഒരു സാങ്കേതിക സമിതിയെ നിയോഗിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകി.

### *2.3.7.9 ജി.എസ്.ടി വ്യവസ്ഥകൾ പാലിക്കാതിരിക്കൽ*

2017-ലെ ചരക്ക് സേവന നികുതി (ജി.എസ്.ടി) നിയമത്തിലെ 37-ാം വകുപ്പ് പ്രകാരം ചരക്കുകളും സേവനങ്ങളും ഓരോ തവണ വിതരണം ചെയ്യുമ്പോഴും ഒരു ഇൻവോയ്സ് അല്ലെങ്കിൽ വിതരണ ബിൽ നൽകേണ്ടതുണ്ട്. സേവന വിതരണത്തിന്റെ കാര്യത്തിൽ വിവരണം, അളവ്, മൂല്യം, മറ്റ് വിശദാംശങ്ങൾ എന്നിവ ഇൻവോയ്സിൽ അടങ്ങിയിരിക്കണം. എന്നിരുന്നാലും, ടെസ്റ്റ്-ചെക്ക് ചെയ്ത ഡിവിഷനുകളിലൊന്നും കരാറുകാരിൽ നിന്ന് ജി.എസ്.ടി ഇൻവോയ്സുകൾ വാങ്ങിയിട്ടില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണത്തിന് തെളിവായതിനാൽ ജി.എസ്.ടി ഇൻവോയ്സ് ഒരു പ്രധാന രേഖയാണ്, ഇത് സ്വീകർത്താവിന് ബാധകമാകുന്നിടത്തെല്ലാം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐ.ടി.സി) ലഭ്യമാക്കുന്നതിനുള്ള നിർബന്ധിത രേഖ കൂടിയാണ്. പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസുകളിൽ നിന്ന് ഈടാക്കുന്ന വാടക നിരക്കുകൾ ജി.എസ്.ടി ബാധകമായതിനാൽ, റിട്ടേണുകൾ സമർപ്പിക്കുമ്പോൾ ഇത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി പ്രയോജനപ്പെടുത്താം, ഇത് സംസ്ഥാനത്തിന് അധിക വരുമാനമാകും. ജി.എസ്.ടി ഇൻവോയ്സുകളുടെ അഭാവത്തിൽ, ഈ രീതിയിലുള്ള വരുമാനം ഖജനാവിന് നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്.

ഡിവിഷനുകളിൽ നിന്ന് പ്രതികരണം ലഭിച്ചതിന് ശേഷം വിശദമായ മറുപടി നൽകുമെന്ന് സർക്കാർ അറിയിച്ചു (2023 ഫെബ്രുവരി).

എന്നാൽ ചീഫ് എഞ്ചിനീയറുടെ മറുപടി ഇതുവരെ ലഭിച്ചിട്ടില്ല (2023 ഏപ്രിൽ).

### *2.3.7.10 പണിസ്ഥലത്തെ അപര്യാപ്തമായ സുരക്ഷാ, ശുചിത്വ നടപടികൾ*

സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിന്റെ 62-ാം വകുപ്പ് പ്രകാരം, അപകട സാധ്യത ഒഴിവാക്കുന്നതിന് നിർമ്മാണ വേളയിൽ ആവശ്യമായ താൽക്കാലിക സുരക്ഷാ

നടപടികൾ കരാറുകാരൻ തന്റെ ചെലവിൽ ഉറപ്പാക്കേണ്ടതാണ്. കൂടാതെ, സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിന്റെ 68.4–ാം വകുപ്പ് അനുസരിച്ച്, പ്രവൃത്തിയുടെ കാലയളവിൽ പണിസ്ഥലത്ത് പ്രവൃത്തി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും സംരക്ഷണ ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്നും അത് എല്ലായ്പ്പോഴും ധരിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിലെ 69.2–ാം വകുപ്പ് അനുസരിച്ച്, പണിസ്ഥലം നല്ലതും വൃത്തിയുള്ളതുമായ അവസ്ഥയിൽ പരിപാലിക്കുന്നതിനും എഞ്ചിനീയറുടെ നിർദ്ദേശാനുസരണം എല്ലാ ചപ്പുചവറുകളും അവശിഷ്ടങ്ങളും ദിവസവും നീക്കം ചെയ്യുന്നതിനും കരാറുകാരന് പൂർണ്ണ ഉത്തരവാദിത്തമുണ്ട്. മതിയായ ശുചിത്വ സൗകര്യങ്ങൾ നൽകുന്നതിനും അവ വൃത്തിയുള്ളതും ആരോഗ്യകരവുമായ അവസ്ഥയിൽ പരിപാലിക്കുന്നതിനും കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. മേൽപ്പറഞ്ഞവ പാലിക്കുന്നതിൽ കരാറുകാരൻ പരാജയപ്പെടുകയാണെങ്കിൽ, ഒരു ബാഹ്യ ഏജൻസിയെക്കൊണ്ട് അവ വൃത്തിയാക്കാനും ചെലവുകൾ കരാറുകാരന്റെ അക്കൗണ്ടിൽ നിന്ന് കിഴിവ് ചെയ്യാനും എഞ്ചിനീയർ–ഇൻ–ചാർജ്ജിന് അധികാരമുണ്ടായിരിക്കും.

സംയുക്ത പരിശോധനാ വേളയിൽ (2022 ഒക്ടോബർ), ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു:

- സ്പെഷ്യൽ ബിൽഡിംഗ്സ് തിരുവനന്തപുരം, കോഴിക്കോട്, വയനാട് എന്നീ ഡിവിഷനുകളിലെ ഏഴ്[87] പണി സ്ഥലങ്ങളിൽ ഹെൽമറ്റ്, സുരക്ഷാ ജാക്കറ്റ് തുടങ്ങിയവ ധരിക്കാതെയാണ് തൊഴിലാളികൾ പ്രവൃത്തി ചെയ്തിരുന്നത്. വ്യവസ്ഥകൾ പാലിക്കാത്തത് തൊഴിലാളികളുടെ സുരക്ഷയെ ബാധിക്കും.

- 'കോഴിക്കോട് ഡെന്റൽ കോളേജിനായി അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം' എന്ന പ്രവൃത്തിയിൽ, സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിലെ 69.2–ാം വകുപ്പ് ലംഘിച്ച് നിർമ്മാണത്തിന്റെ ആദ്യ ഘട്ടത്തിൽ പൂർത്തിയായ മുറികൾക്കുള്ളിൽ അവശിഷ്ടങ്ങൾ കൂട്ടിയിട്ട നിലയിൽ കണ്ടെത്തി.

- വയനാട് ഡിവിഷന് കീഴിലുള്ള ഏഴ് സ്ഥലങ്ങളിൽ സംയുക്ത പരിശോധന (2022 നവംബർ) നടത്തുകയും മൂന്ന് സ്ഥലങ്ങളിൽ[88] എഞ്ചിനീയർമാർക്കും തൊഴിലാളികൾക്കും കരാറുകാരൻ ശുചിത്വ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തു. ഈ നിബന്ധന പാലിക്കാത്തത് ജോലിസ്ഥലത്ത് വൃത്തിയും ശുചിത്വവും ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.

കരാറുകാർക്കിടയിൽ സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റ് വ്യവസ്ഥകളെക്കുറിച്ചുള്ള അവബോധമില്ലായ്മയാണ് അവ പാലിക്കാത്തതിന്റെ പ്രധാന കാരണമെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). ഇതുമായി ബന്ധപ്പെട്ട് കരാറുകാർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകി. എന്നിരുന്നാലും, ഇക്കാര്യത്തിൽ സ്റ്റാൻഡേർഡ് ബിഡ്ഡ് ഡോക്യുമെന്റിലെ വ്യവസ്ഥകൾ പാലിക്കാത്തതിന് കരാർ അധികാരികളും വകുപ്പിലെ ഫീൽഡ് സ്റ്റാഫും ഉത്തരവാദികളാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

---

[87] 1. കോഴിക്കോട് ഡെന്റൽ കോളേജിന്റെ അധിക ബ്ലോക്കിന്റെ നിർമ്മാണം 2. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം 3. ഗവ. താലൂക്ക് ആശുപത്രി, വടകര, കോഴിക്കോട് 4. വയനാട്, മാനന്തവാടി ജില്ലാ ആശുപത്രിയിൽ മൾട്ടി പർപ്പസ് ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം 5. വയനാട്, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ അധിക ആശുപത്രി കെട്ടിടം 6. വയനാട്, വൈത്തിരി താലൂക്ക് ആശുപത്രിയിൽ അധിക ആശുപത്രി കെട്ടിടം 7. തിരുവനന്തപുരം പട്ടത്ത് വിവിധ കമ്മീഷനുകളെ ഉൾക്കൊള്ളുന്നതിനുള്ള ഓഫീസ് സമുച്ചയം.

[88] 1. വയനാട്, മാനന്തവാടി ജില്ലാ ആശുപത്രിയിൽ മൾട്ടിപർപ്പസ് ബ്ലോക്ക് 2. വയനാട്, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ അധിക ആശുപത്രി കെട്ടിടം 3. വയനാട്, വൈത്തിരി താലൂക്ക് ആശുപത്രിയിൽ അധിക ആശുപത്രി കെട്ടിടം.

**ശുപാർശ: പുനരവലോകനം/നിരീക്ഷണം മെച്ചപ്പെടുത്തി പ്രവൃത്തികളിൽ ഗുണനിലവാര നിയന്ത്രണം വകുപ്പ് കർശനമായി നടപ്പിലാക്കുകയും കൃത്യമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപിക്കുകയും വേണം**

### *2.4 ബിൽ ഓഫ് ക്വാണ്ടിറ്റീസിൽ മാറ്റം വരുത്തിയതും ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ ഈടാക്കാത്തതും കരാറുകാരന് 21.84 കോടി രൂപയുടെ അനർഹമായ ആനുകൂല്യം ലഭിക്കുന്നതിന് കാരണമായി*

**കരാർ നടപ്പിലാക്കിയതിന് ശേഷം ബിൽ ഓഫ് ക്വാണ്ടിറ്റീസിൽ മാറ്റം വരുത്തിയത് ഖജനാവിന് 6.97 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യതയ്ക്കും കരാറുകാരന് 14.87 കോടി രൂപയുടെ അനർഹമായ സാമ്പത്തിക ലാഭത്തിനും കാരണമായി.**

സംസ്ഥാന പാതകൾ മെച്ചപ്പെടുത്തുന്നതിനായി ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേരള സർക്കാർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി) നടപ്പിലാക്കി[89]. കെ.എസ്.ടി.പി–യുടെ രണ്ടാം ഘട്ടത്തിൽ[90] തലശ്ശേരി–വളവുപാറ റോഡിന്റെ (യു.ജി III)[91] 54 കിലോമീറ്റർ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. മെസേഴ്സ് എസ്.എ.സി.വൈ.ആർ–ഇ.എസ്.എസ്.എ.ആർ[92]–ന് നൽകിയ (2013 മെയ്) പ്രവൃത്തി പിന്നീട് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ അവസാനിപ്പിച്ചു (2015 ഏപ്രിൽ). ബാക്കി പ്രവൃത്തികൾ യു.ജി IIIഎ[93] (29 കി.മീ), യു.ജി IIIബി[94] (25 കി.മീ) എന്നിങ്ങനെ രണ്ട് പ്രവൃത്തികളായി വിഭജിച്ചു. കെ.എസ്.ടി.പി പ്രവൃത്തിയുടെ ആദ്യ റീച്ച്–യു.ജി IIIഎ, ഐറ്റം റേറ്റ് അടിസ്ഥാനത്തിൽ ടെൻഡർ ചെയ്യുകയും (2015 ജൂലൈ), അഹമ്മദാബാദിലെ മെസേഴ്സ് ദിനേശ് ചന്ദ്ര ആർ അഗർവാൾ ഇൻഫ്രാക്കോൺ (പി) ലിമിറ്റഡിന് (കരാറുകാരൻ) 156.33 കോടി രൂപയ്ക്ക് പ്രവൃത്തി നൽകുകയും ചെയ്തു (2016 ജനുവരി).

കണ്ണൂരിലെ കെ.എസ്.ടി.പി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ഫയലുകളുടെ ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ, താഴെ വിശദീകരിച്ചിരിക്കുന്നത് പോലെ 21.84 കോടി രൂപ കരാറുകാരന് അനർഹമായ ആനുകൂല്യം ലഭിച്ചതായും വകുപ്പിന് അധികച്ചെലവുണ്ടായതായും വെളിപ്പെട്ടു.

#### (എ) കരാർ നടപ്പിലാക്കിയതിന് ശേഷം ബിൽ ഓഫ് ക്വാണ്ടിറ്റീസിൽ മാറ്റം വരുത്തിയത് സർക്കാരിന് 6.97 കോടി രൂപയുടെ അധികച്ചെലവിന് ഇടയാക്കി

എസ്റ്റിമേറ്റ് ബിൽ ഓഫ് ക്വാണ്ടിറ്റീസിൽ, നമ്പർ. 1700–10 ''സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് ഉൾപ്പെടെ എം20 ഗ്രേഡിലെ പ്രീകാസ്റ്റ് ആർ.സി.സി ഡ്രെയിനിന്റെ നിർമ്മാണം'' എന്ന ഇനത്തിന് മൊത്തം 5,292 ഘന മീറ്ററിന് കെ.എസ്.ടി.പി അനുവദിച്ച[95] 12,215 രൂപ/ഘന മീറ്ററിന് (6.46 കോടി രൂപ) ബദലായി എഗ്രീഡ് ബി.ഒ.ക്യു–വിൽ[96] കരാറുകാരന്റെ നിരക്ക് ഘന മീറ്ററിന് 4,200 രൂപ/ഘനമീറ്റർ ആയിരുന്നു (2.22 കോടി രൂപ), അതായത് യഥാർത്ഥ

[89] 2002 ജൂണിനും 2021 ഏപ്രിലിനും ഇടയിൽ രണ്ട് ഘട്ടങ്ങളിലായി.

[90] 2013 ജൂൺ മുതൽ 2021 ഏപ്രിൽ വരെ.

[91] യു.ജി III സംസ്ഥാന പാത 30–ലെ തലശ്ശേരി (കി.മീ. 01+200) മുതൽ വളവുപാറ (കി.മീ. 55+200) വരെയുള്ള റോഡിന്റെ നിലവാരമുയർത്തൽ.

[92] യൂറോ – ഇന്ത്യൻ സംയുക്ത സംരംഭം.

[93] യു.ജി III എ – തലശ്ശേരി മുതൽ കളറോട് വരെയുള്ള റോഡിന്റെ നവീകരണം (കി.മീ 01+200 മുതൽ കി.മീ 30+000 വരെ).

[94] യു.ജി III ബി – കളറോട് മുതൽ വളവുപാറ വരെയുള്ള റോഡിന്റെ നവീകരണം (കി.മീ 30+000 മുതൽ കി.മീ 55+200 വരെ).

[95] ബിൽ നമ്പർ 4–ഡ്രെയിൻസ് ആൻഡ് വാളിങ്.

[96] കരാറിന്റെ ഭാഗം.

എസ്റ്റിമേറ്റിനേക്കാൾ 66 ശതമാനം കുറവ്. എസ്റ്റിമേറ്റഡ് ബി.ഒ.ക്യു-വിലും എഗ്രീഡ് ബി.ഒ.ക്യു-വിലും ഈ ഇനത്തിന്റെ യൂണിറ്റ് ഘനമീറ്റർ ആയിരുന്നു.

പ്രവൃത്തി ആരംഭിച്ചതിന് ശേഷം (2016 ജൂൺ), യൂണിറ്റ് ലീനിയർ മീറ്ററായി കണക്കാക്കിയാണ് പ്രസ്തുത ഇനത്തിന്റെ നിരക്ക് ഉദ്ധരിച്ചിട്ടുള്ളതെന്ന് കരാറുകാരൻ കെ.എസ്.ടി.പി-യുടെ പ്രോജക്ട് മാനേജ്മെന്റ് ടീമിനെ അറിയിച്ചു (2017 മാർച്ച്). ടെൻഡർ രേഖകളിലെ സ്പെഷ്യൽ സ്പെസിഫിക്കേഷൻസിൽ[97] ഇനത്തിന്റെ യൂണിറ്റ് ലീനിയർ മീറ്ററാണെന്നും ഇത് 'രേഖകളുടെ മുൻഗണന'[98] അനുസരിച്ച് ബി.ഒ.ക്യു-വിന് മുകളിലാണെന്നും കരാറുകാരൻ ചൂണ്ടിക്കാട്ടി, ആ കാരണത്താൽ ഇനത്തിന്റെ യൂണിറ്റ് ലീനിയർ മീറ്ററായി പരിഷ്കരിക്കാൻ കരാറുകാരൻ അഭ്യർത്ഥിച്ചു (2017 മാർച്ച്).

കരാറുകാരന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കെ.എസ്.ടി.പി പ്രോജക്ട്സിന്റെ ചീഫ് എഞ്ചിനീയർ (സി.ഇ), ഇനം 1700-10 ഇനി മേൽ പ്രവർത്തിപ്പിക്കേണ്ടതില്ലെന്നും ഒരു പുതിയ വ്യതിയാന ഇനം പകരമായി ഉപയോഗിക്കാനും നിർദ്ദേശിച്ചു (2017 ആഗസ്റ്റ്). തുടർന്ന്, പി.എം.ടി ഇനം നമ്പർ: 1700-10-ന് ഒരു വ്യതിയാന ഉത്തരവ്[99] (വി.ഒ 2-4) പുറപ്പെടുവിക്കുകയും (2018 ആഗസ്റ്റ്), യൂണിറ്റ് ലീനിയർ മീറ്ററായി മാറ്റുകയും, 9.32 കോടി രൂപയ്ക്ക് ഈ ഇനത്തിന്റെ അളവ് 23,891 ലീനിയർ മീറ്റർ (5,567 ഘനമീറ്റർ) ആയി വർദ്ധിപ്പിക്കുകയും ചെയ്തു. വി.ഒ അനുസരിച്ച് പുതിയ ഇനത്തിന്റെ യൂണിറ്റ് നിരക്ക് 3,899 രൂപ/ലീനിയർ മീറ്റർ (16,733 രൂപ/ഘനമീറ്റർ) ആയിരുന്നു.

വ്യത്യസ്ത രേഖകളിൽ, സമാന പ്രവൃത്തികളിലെ യൂണിറ്റുകളിലെ പൊരുത്തക്കേട്, പ്രവൃത്തി ആരംഭിച്ചതിന് ശേഷം യൂണിറ്റിൽ മാറ്റം വരുത്താനായി അഭ്യർത്ഥിക്കാൻ കരാറുകാരനെ പ്രാപ്തനാക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2020 ഒക്ടോബർ). ഇതിന് ഇനിപ്പറയുന്ന കാരണങ്ങളാൽ ന്യായീകരണമില്ല:

(i) ഐറ്റം റേറ്റ് കരാറുകളുടെ കാര്യത്തിൽ ലേലക്കാർ അവരുടെ നിരക്കുകൾ ഓരോ ഇനത്തിന് പ്രത്യേകമായി ഉദ്ധരിക്കാൻ ബാധ്യസ്ഥരാണ്. മേൽപ്പറഞ്ഞ ഇനത്തിന്, കരാറുകാരൻ ബി.ഒ.ക്യു-വിൽ ഘനമീറ്ററിൽ കാണിച്ചിട്ടുള്ള അളവിന് കണക്കാക്കിയാണ് നിരക്ക് ഉദ്ധരിച്ചിട്ടുള്ളത്. മാത്രമല്ല, ടെൻഡർ രേഖകൾ തങ്ങൾ പരിശോധിച്ചിട്ടുണ്ടെന്നും തടസ്സങ്ങൾ ഇല്ലെന്നും കരാറുകാരൻ രേഖാമൂലം പ്രസ്താവന നൽകിയിരുന്നു (2015 സെപ്റ്റംബർ).

(ii) 2015 ആഗസ്റ്റിൽ നടന്ന പ്രീബിഡ് യോഗത്തിൽ കരാറുകാരൻ ബി.ഒ.ക്യു/ഇനവിവരണങ്ങളിൽ യാതൊരു സംശയവും ഉന്നയിച്ചില്ല. ബി.ഒ.ക്യു ഉൾപ്പെടെയുള്ള അനുബന്ധ രേഖകളിലെ എല്ലാ വസ്തുതകളുടെയും കണക്കുകളുടെയും പരസ്പര സ്വീകാര്യതയിലാണ് വകുപ്പും കരാറുകാരനും കരാറിൽ ഏർപ്പെട്ടത് (2016 ജനുവരി).

(iii) പ്രവൃത്തിയുടെ രണ്ടാം ഭാഗത്തിൽ, അതായത് യു.ജി IIIബി-യിൽ, 'സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് ഉൾപ്പെടെയുള്ള എം20 ഗ്രേഡിലെ പ്രീകാസ്റ്റ് ആർ.സി.സി ഡ്രെയിനിന്റെ നിർമ്മാണം' എന്നത് എസ്റ്റിമേറ്റ് നിരക്കിലും എഗ്രീഡ് നിരക്കിലും ഘനമീറ്ററിൽ ആയിരുന്നു.

---

97 പൊതുവായ സ്പെസിഫിക്കേഷനുകളിൽ പരാമർശിച്ചിരിക്കുന്ന ഇനങ്ങളുടെയും അതിൽ ഉൾപ്പെടുത്താത്ത ഇനങ്ങളുടെയും മോർത്ത് സ്പെസിഫിക്കേഷനുകളിലെ ഭേദഗതികൾ/മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ എന്നിവ സ്പെഷ്യൽ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുന്നു.

98 പ്രത്യേക വ്യവസ്ഥകളിലെ ക്ലോസ് 1.5.

99 വ്യതിയാന ഓർഡർ എന്നത് കരാറിൽ പ്രതിപാദിച്ചിരിക്കുന്ന പ്രവൃത്തിയിൽ ഭേദഗതി വരുത്തുന്നതിനോ കൂട്ടിചേർക്കുന്നതിനോ അല്ലെങ്കിൽ മാറ്റുന്നതിനോ ഉള്ള രേഖാമൂലമുള്ള കരാറാണ്. പി.ഡബ്ല്യു.ഡി പ്രവൃത്തികളിലെ പുതുക്കിയ എസ്റ്റിമേറ്റിന് സമാനമാണ് കെ.എസ്.ടി.പി പ്രവൃത്തികളിലെ വ്യതിയാന ഓർഡർ.

ഘനമീറ്ററിലുള്ള അളവിന് അനുസൃതമായാണ് കരാറുകാരൻ നിരക്കുകൾ ഉദ്ധരിച്ചതെങ്കിലും, സി.ഇ/പി.എം.റ്റി യൂണിറ്റ് ലീനിയർ മീറ്ററിലേക്ക് മാറ്റുന്നതിന് വേണ്ട അനുമതി നൽകുകയും (2017 ആഗസ്റ്റ്) അതുവഴി കരാറുകാരന് അനർഹമായ ആനുകൂല്യം പ്രദാനം ചെയ്യുകയും ചെയ്തു. ചുവടെയുള്ള **പട്ടിക 2.16**-ൽ നൽകിയിരിക്കുന്നത് പോലെ ഇത് സർക്കാരിന് 6.97 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യതയ്ക്ക് കാരണമായി.

**പട്ടിക 2.16 : പ്രവർത്തന ഇനത്തിന്റെ മൊത്തം അളവിന്മേലുള്ള അധിക സാമ്പത്തിക ബാധ്യത**

| വിശദാംശങ്ങൾ | പ്രവൃത്തിയുടെ ഇനം | അളവ് | നിരക്ക് (രൂപയിൽ) | ആകെ ചെലവ് (രൂപയിൽ) |
|---|---|---|---|---|
| എസ്റ്റിമേറ്റഡ് ബി.ഒ.ക്യു | 1700-10 : സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് ഉൾപ്പെടെയുള്ള എം20 ഗ്രേഡിലെ പ്രീകാസ്റ്റ് ആർ.സി.സി ഡ്രെയിനിന്റെ നിർമ്മാണം | 5,292 ഘനമീറ്റർ | 12,215/ഘനമീറ്റർ | - |
| വ്യതിയാന ഉത്തരവ്-2-4 (എ) | | 23,891 ലീനിയർ മീറ്റർ | 3,899/ലീനിയർ മീറ്റർ (16,733/ ഘനമീറ്റർ) | 9,31,51,009 |
| എഗ്രീഡ് ബി.ഒ.ക്യു (ബി) | | 5,566.60 ഘനമീറ്റർ (23,891 ലീനിയർ മീറ്റർ : 0.233 ഘനമീറ്റർ)* | 4,200/ഘനമീറ്റർ | 2,33,79,720 |
| **അധിക ബാധ്യത (എ-ബി)** | | | | **6,97,71,289** |

**ഇതേ കാലയളവിൽ നടന്ന 'എസ്.എച്ച് 67-ലെ പിലാത്തറ (കി.മീ 0+000) മുതൽ പാപ്പിനിശ്ശേരി (കി.മീ 20+800) വരെയുള്ള റോഡിന്റെ നവീകരണം' എന്ന സമാനമായ പ്രവൃത്തിയുടെ നിരക്ക് വിശകലനം ചെയ്ത പ്രകാരം.*

പൊരുത്തക്കേടുകൾ ചൂണ്ടിക്കാട്ടി കരാറുകാരൻ അവകാശം ഉന്നയിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കുന്നതിനാണ് വ്യതിയാന ഇനം ആരംഭിച്ചതെന്നും വി.ഒ-2-ന് കരാറുകാരൻ പറഞ്ഞ നിരക്ക് ആദ്യത്തെ നിരക്കിനേക്കാൾ കുറവായതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും കെ.എസ്.ടി.പി മറുപടിയിൽ പ്രസ്താവിച്ചു (2023 ജനുവരി).

നിരക്കുകൾ സമർപ്പിക്കുന്നതിനും കരാറിൽ ഒപ്പിടുന്നതിനും മുമ്പ് എല്ലാ സംശയങ്ങളും ദൂരീകരിക്കേണ്ടത് കരാറുകാരന്റെ പ്രത്യേക അവകാശമായതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, ടെൻഡർ തിരഞ്ഞെടുക്കുമ്പോഴും അന്തിമമാക്കുമ്പോഴും വകുപ്പുതല അധികാരികൾ രേഖകളുടെ സൂക്ഷ്മപരിശോധന നടത്തേണ്ടതായിരുന്നു. എസ്റ്റിമേറ്റ് തുകയുടെ 44 ശതമാനത്തിലധികം ഈ ഇനത്തിന് വ്യതിയാന ഉത്തരവ് നൽകിയത് കരാറുകാരന് നേട്ടവും സർക്കാരിന് നഷ്ടവും ഉണ്ടാക്കി. അതിനാൽ, വ്യതിയാന ഉത്തരവ് പുറപ്പെടുവിച്ചത് സർക്കാരിന് നേട്ടമുണ്ടാക്കിയെന്ന കെ.എസ്.ടി.പി-യുടെ വാദം അംഗീകരിക്കാനാകില്ല.

### (ബി) പൂർത്തീകരണ സമയം നീട്ടി നൽകിയതിന് 14.87 കോടി രൂപയുടെ ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ ചുമത്തിയില്ല

കരാർ പ്രകാരം (പൊതുവായ വ്യവസ്ഥ 8.7, കാലതാമസ നാശനഷ്ടങ്ങൾ) ഉപ വകുപ്പ് 8.2 (പൂർത്തിയാക്കാനുള്ള സമയം) പാലിക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടാൽ, ആ വീഴ്ചയ്ക്ക് കരാറുകാരൻ തൊഴിലുടമയ്ക്ക് കാലതാമസ നഷ്ടപരിഹാരം

നൽകേണ്ടതാണ്. കെ.പി.ഡബ്ല്യു.ഡി മാന്വലിന്റെ 2116.1 വകുപ്പ് പ്രകാരവും കാലതാമസത്തിന് ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ വിഭാവനം ചെയ്യുന്നു. കരാർ ഡാറ്റ പ്രകാരം, മൈൽസ്റ്റോൺ I[100]–ന്റെ കാലതാമസ നാശനഷ്ടങ്ങൾ പ്രതിദിനം മൂന്ന് ലക്ഷം രൂപയും മൈൽസ്റ്റോൺ II[101]–ന് പ്രതിദിനം 5 ലക്ഷം രൂപയും ആണ്; പരമാവധി ഈടാക്കാവുന്ന തുക അന്തിമ കരാർ തുകയുടെ 10 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

ആവശ്യത്തിന് ആളുകളും യന്ത്രങ്ങളും ഇല്ലാത്തതാണ് പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലതാമസത്തിന് കാരണമെങ്കിലും മൈൽസ്റ്റോൺ I, II എന്നിവയ്ക്ക് ആവശ്യമായ പുരോഗതി കരാറുകാരനായ മെസേഴ്സ് ദിനേശ് ചന്ദ്ര ആർ അഗർവാൾ ഇൻഫ്രാക്കോൺ (പി) ലിമിറ്റഡ്, അഹമ്മദാബാദ്–ന്, കൈവരിക്കാനാകാത്തതിനാൽ പൂർത്തീകരണ സമയം കാലതാമസ നാശനഷ്ടങ്ങൾ ചുമത്താതെ നാലു വട്ടം പ്രോജക്ട് ഡയറക്ടർ നീട്ടി കൊടുത്തു[102]. പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതി പി.എം.ടി/സി.എസ്.സി പല തവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (2019–ലും, 2020–ലും).

കാലതാമസം വരുത്തിയതിന് നഷ്ടപരിഹാരം ചുമത്താതിരുന്നത് കരാറുകാരന് 15.63 കോടി രൂപയുടെ അനർഹമായ നേട്ടമുണ്ടാക്കി (ഉടമ്പടി പ്രകാരം പരമാവധി തുക കരാർ തുകയുടെ 10 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു).

സമയം നീട്ടാനുള്ള ശുപാർശ നൽകിയത് കരാറുകാരന്റെ തെറ്റ് മൂലമല്ലെന്ന് കെ.എസ്.ടി.പി മറുപടിയിൽ പ്രസ്താവിച്ചു (2023 ജനുവരി); എന്നാൽ ലിക്വിഡേറ്റഡ് നാശനഷ്ടമായി 76.11 ലക്ഷം രൂപ കുറച്ചതായി കെ.എസ്.ടി.പി സ്ഥിരീകരിച്ചു. കരാറുകാരന്റെ പിഴവുകൊണ്ടല്ല കാലാവധി നീട്ടി നൽകിയതെന്നും എന്നാൽ നഷ്ടപരിഹാരം ഭാഗികമായി കുറച്ചിട്ടുണ്ടെന്നുമുള്ള മറുപടി പരസ്പര വിരുദ്ധമാണ്. എന്നിരുന്നാലും പ്രവൃത്തി പുനരാരംഭിക്കണമെന്ന് കൺസ്ട്രക്ഷൻ സൂപ്പർവിഷൻ കൺസൾട്ടന്റും കെ.എസ്.ടി.പി–യും കരാറുകാരനോട് നിരവധി തവണ ആവശ്യപ്പെട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു.

ടെൻഡർ അന്തിമമാക്കിയ ശേഷം വ്യതിയാന ഉത്തരവ് ഇറക്കുകയും പണി പൂർത്തീകരിക്കാൻ അധിക സമയം നൽകുകയും ചെയ്തത് വഴി കെ.എസ്.ടി.പി കരാറുകാരന് അനർഹമായ ആനുകൂല്യം നൽകി, ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കിയിട്ടുണ്ട്.

വിഷയം സർക്കാരിനെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ആയും (2022 സെപ്റ്റംബർ), കരട് ഖണ്ഡിക (2022 ഡിസംബർ) മുഖേനെയും അറിയിച്ചു. മറുപടിക്കുള്ള ഓർമ്മക്കുറിപ്പ് 2023 ഫെബ്രുവരിയിലും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള അർദ്ധ ഔദ്യോഗിക ഓർമ്മക്കുറിപ്പ് 2023 മാർച്ചിലും നൽകി. സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ 2023 മാർച്ച് അവസാനത്തോടെ മറുപടിക്കായി പി.ഡബ്ല്യു.ഡി സെക്രട്ടറിയെ സന്ദർശിച്ചു. കൂടാതെ, നിരവധി തവണ ടെലിഫോണിലൂടെയും വകുപ്പുമായി ബന്ധപ്പെട്ടു. ഈ കാര്യാലയത്തിൽ നിന്ന് എല്ലാ ശ്രമങ്ങളും നടത്തിയെങ്കിലും സർക്കാർ മറുപടി ഇപ്പോഴും ലഭിച്ചിട്ടില്ല (2023 ഡിസംബർ).

***ശുപാർശ: സർക്കാരിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു ടെൻഡർ അന്തിമമാക്കുന്നതിന് മുൻപ് കരാറുകാർ ഉദ്ധരിച്ച ഇനം തിരിച്ചുള്ള നിരക്കുകൾ എസ്റ്റിമേറ്റഡ് പി.എ.സി–യുമായി ഒത്തുനോക്കി പരിശോധിക്കാൻ കെ.എസ്.ടി.പി–ക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.***

[100] കി.മീ. 01/200 മുതൽ 11/200 വരെ 10 കി.മീ. തുടർച്ചയായ റോഡ്. ബി.സി ലെവൽ വരെയുള്ള പൂർത്തീകരണം ആരംഭിച്ച തീയതി (26/09/2017) മുതൽ 15 മാസം.

[101] 01/200 മുതൽ 30/000 വരെയുള്ള 28.80 കി.മീ. തുടർച്ചയായ റോഡ്. ആരംഭിച്ച തീയതി മുതൽ (26/06/2018) 24 മാസത്തിനുള്ളിൽ എല്ലാ അർത്ഥത്തിലും പൂർത്തീകരണം.

[102] 31/03/2019, 31/12/2019, 31/03/2020, 31/10/2020 വരെ.

## 2.5 പ്രവൃത്തികളുടെ തെറ്റായ എസ്റ്റിമേറ്റ് സർക്കാരിന് അധികച്ചെലവിനും ഒരു അംഗീകൃത ഏജൻസിക്ക് അനർഹമായ ആനുകൂല്യം ലഭിക്കുന്നതിനും കാരണമായി

**കോഴിക്കോട് എൻ.എച്ച് ഡിവിഷൻ തയ്യാറാക്കിയ തെറ്റായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് രണ്ട് മേൽപ്പാലങ്ങളുടെ നിർമ്മാണം ഒരു അംഗീകൃത ഏജൻസിയെ ഏൽപ്പിച്ചതിനാൽ സർക്കാരിന് അധികച്ചെലവും ഏജൻസിക്ക് 2.87 കോടി രൂപയുടെ അനർഹമായ നേട്ടവും ഉണ്ടായി.**

സംസ്ഥാനത്ത് ഇന്ധന വിൽപനയിലൂടെ ലഭിക്കുന്ന അധിക വരുമാനത്തിന്റെ 50 ശതമാനം വിനിയോഗിച്ച് എല്ലാ ജില്ലകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ, ജില്ലാ മുൻനിര അടിസ്ഥാന സൗകര്യ പദ്ധതി (ഡി.എഫ്.ഐ.പി) നടപ്പാക്കി (2015 ജൂൺ). ആദ്യഘട്ടത്തിൽ കോഴിക്കോട് നാഷണൽ ഹൈവേ ഡിവിഷനു കീഴിലുള്ള തൊണ്ടയാടിലും രാമനാട്ടുകരയിലും[103] മേൽപ്പാലങ്ങളുടെ നിർമ്മാണം ഉൾപ്പെടെ 10 പ്രവൃത്തികൾക്കുള്ള ഭരണാനുമതി കേരള സർക്കാർ പുറപ്പെടുവിച്ചു (2016 ഫെബ്രുവരി). 2015 ഒക്ടോബർ 09-ലെ ജി.ഒ(പി)നമ്പർ. 453/2015/ഫിൻ പ്രകാരം ഒരു അംഗീകൃത ഏജൻസിയെ ഏൽപ്പിക്കാവുന്ന ഒരു പ്രവൃത്തിയുടെ പരമാവധി മൂല്യം 50 കോടി രൂപയാണെന്ന് വ്യക്തമാക്കിയിരുന്നത് ലംഘിച്ചും ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെയും 2016 ഫെബ്രുവരി 20-ലെ ജി.ഒ(എം.എസ്) നമ്പർ 7/2016/പി.ഡബ്ല്യു.ഡി പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ പ്രവൃത്തികൾ ഏൽപ്പിച്ച് പി.ഡബ്ല്യു.ഡി അനുമതി നൽകി. പണി സ്ഥലത്തേക്ക് കൊണ്ടുവന്ന സാമഗ്രികളുടെ യഥാർത്ഥ ഗതാഗത നിരക്ക് വ്യവസ്ഥയോടൊപ്പം മതിപ്പ് നിരക്കിലാണ്[104] (ചെലവ് സൂചിക @ 38.10 ശതമാനം) പ്രവൃത്തികൾ ഏൽപ്പിച്ചിരുന്നത്.

പ്രവൃത്തികൾ ഏൽപ്പിച്ചതും നിർവ്വഹിച്ചതുമായി ബന്ധപ്പെട്ട് പദ്ധതിച്ചെലവ് വർദ്ധിക്കുന്നതിന് കാരണമായ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

### (എ) സ്റ്റാൻഡേർഡ് ക്യാരേജിനു പകരം സാമഗ്രികൾക്കായി യഥാർത്ഥ ഗതാഗത നിരക്ക് നൽകിയതിനാലുണ്ടായ 1.76 കോടി രൂപയുടെ അധികച്ചെലവ്

ഭരണാനുമതിയിൽ യഥാർത്ഥ ഗതാഗത നിരക്കിനുള്ള വ്യവസ്ഥ അംഗീകരിച്ചപ്പോൾ സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് ചീഫ് ടെക്നിക്കൽ എക്സാമിനർ[105] പ്രസ്തുത പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സൂക്ഷ്മമായി പരിശോധിക്കണമെന്ന് കേരള സർക്കാർ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച്, യഥാർഥ ഗതാഗത നിരക്ക് അല്ലാതെ സ്റ്റാൻഡേർഡ് ക്യാരേജ് (5 കി.മീ) മാത്രം അനുവദിക്കുന്ന പ്രോജക്ട് ഇൻഫർമേഷൻ & കോസ്റ്റ് എസ്റ്റിമേഷൻ (പ്രൈസ്)[106] സോഫ്റ്റ്‌വെയർ ഉപയോഗിച്ചല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും എസ്റ്റിമേറ്റിൽ സ്വീകരിച്ച ജില്ലയുടെ ചെലവ് സൂചികയിൽ അധിക ഗതാഗത നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ചീഫ്

---

[103] പ്രാഥമിക ഘട്ടത്തിൽ എൻ.എച്ച് 66 ബൈപ്പാസിനോടൊപ്പം (പഴയ എൻ.എച്ച് 17) 14/700 കിലോ മീറ്ററിൽ തൊണ്ടയാട് മേൽപ്പാലത്തിന്റെ നിർമ്മാണവും, 27/330 കിലോ മീറ്ററിൽ രാമനാട്ടുകര മേൽപ്പാലത്തിന്റെ നിർമ്മാണവും.

[104] 2014 ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കി (തൊണ്ടയാട്-59 കോടി രൂപയും, രാമനാട്ടുകര-85 കോടി രൂപയും).

[105] ചീഫ് ടെക്നിക്കൽ എക്സാമിനർ ധനകാര്യ വകുപ്പിന്റെ ഭാഗമാണ്. വിവിധ വകുപ്പുകൾ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട സാമഗ്രികൾ, മൺവേലകൾ, പ്രാരംഭ, അവസാന തലങ്ങൾ, കരാറുകൾ തുടങ്ങി വിവിധ വശങ്ങൾ പരിശോധിക്കുന്നതാണ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ചുമതല.

[106] എസ്റ്റിമേറ്റ് തയ്യാറാക്കൽ, എസ്റ്റിമേറ്റ് പുതുക്കൽ, ഇ-എം.ബുക്ക്, ഇ-ബിൽസ് എന്നിവ ഉൾപ്പെടുന്ന പൊതുമരാമത്ത് മാനേജ്മെന്റിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കി സംസ്ഥാനത്തുടനീളമുള്ള തൊഴിൽ രീതികളും നിരക്കുകളും ഏകീകരിക്കുന്നതിനുള്ള കേരള സർക്കാരിന്റെ ഒരു സംരംഭമാണ് പ്രൈസ് സോഫ്റ്റ്‌വെയർ.

ടെക്നിക്കൽ എക്സാമിനർ നിരീക്ഷിച്ചു. മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചിട്ടില്ലാത്തതിനാൽ ഖജനാവിന് നഷ്ടം ഉണ്ടാകാതിരിക്കാൻ അംഗീകരിച്ച എസ്റ്റിമേറ്റുകളിൽ സ്വീകരിച്ച നിരക്കുകൾ ചീഫ് എഞ്ചിനീയർ അവലോകനം ചെയ്യേണ്ടതായിരുന്നു. നിർദ്ദിഷ്ട സ്ഥലത്തെ ബുദ്ധിമുട്ടുകൾ വിശകലനം ചെയ്തതിന് ശേഷം മാത്രമാണ് സാങ്കേതിക അനുമതി അധികാരി, നിരക്കുകളിലെ പരിഷ്കരണങ്ങൾ പരിഗണിക്കേണ്ടിയിരുന്നത്.

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, അടിയന്തര നടപടിയെടുക്കാൻ ചീഫ് എൻജിനീയറോട് (എൻ.എച്ച്), കേരള സർക്കാർ ആവർത്തിച്ച് നിർദ്ദേശിച്ചു[107]. എന്നിരുന്നാലും, പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കുന്ന വേളയിൽ എൻ.എച്ച് വിഭാഗത്തിൽ പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിരുന്നില്ലെന്നും ഭരണാനുമതിയിൽ കേരള സർക്കാർ യഥാർത്ഥ ഗതാഗത നിരക്ക് അനുവദിച്ചിട്ടുള്ളതിനാലും, ഹൈവേ പദ്ധതികളിൽ വൻതോതിൽ നല്ല നിലവാരമുള്ള നിർമ്മാണ സാമഗ്രികളുടെ ആവശ്യകതയും അഞ്ച് കിലോമീറ്ററിനുള്ളിൽ ക്വാറികളുടെ ലഭ്യതക്കുറവും കണക്കിലെടുത്താണ് യഥാർത്ഥ ഗതാഗത നിരക്കിനുള്ള വ്യവസ്ഥ സാങ്കേതിക അനുമതിയിൽ ഉൾപ്പെടുത്തിയതെന്ന കോഴിക്കോട് എൻ.എച്ച് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ന്യായീകരണം അംഗീകരിക്കുന്നത് ചീഫ് എൻജിനീയർ തുടർന്നു.

പ്രവൃത്തികൾക്കുള്ള ഭരണാനുമതി ലഭിക്കുന്നതിന് മുൻപുതന്നെ, രണ്ട് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് സാമഗ്രികൾക്കു ഏറ്റവും കുറഞ്ഞ ഗതാഗത നിരക്കിൽ പുതുക്കി സമർപ്പിക്കാനുള്ള ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തിന് (2015 ഓഗസ്റ്റ്) മറുപടിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ് പരിഷ്കരിക്കാതെ വീണ്ടും സമർപ്പിച്ചു (2015 സെപ്റ്റംബർ). പ്രവൃത്തികൾക്ക് വൻതോതിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കേണ്ടിവരുമെന്നും പ്രാദേശികമായോ ജില്ലയ്ക്കുള്ളിൽ നിന്നോ ആ സാമഗ്രികൾ ക്രമീകരിക്കുന്നത് പ്രായോഗികമായി സാധ്യമല്ലെന്നും അതിനാൽ എല്ലാ വസ്തുക്കളുടെയും ഗതാഗത നിരക്കുകൾ യഥാർത്ഥ ദൂരം അനുസരിച്ച് കണക്കാക്കിയെന്ന് ന്യായീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഇനിപ്പറയുന്നവ നിരീക്ഷിച്ചു:

- കോഴിക്കോട് ആ സമയത്തെ മറ്റെല്ലാ പൊതുമരാമത്ത് പ്രവൃത്തികളും യഥാർത്ഥ ഗതാഗത നിരക്കുകൾ ഇല്ലാതെയാണ് നടക്കുന്നതെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ നിരീക്ഷിച്ചിരുന്നു. അതിനാൽ ആ സാമഗ്രികളെല്ലാം പ്രാദേശികമായി ക്രമീകരിക്കുന്നത് പ്രായോഗികമല്ലെന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിഗമനത്തിന് ന്യായീകരണമില്ല. ഇത് സർക്കാരും ആവർത്തിച്ചു (2017 നവംബർ).

- ഉന്നതാധികാരികൾ/സർക്കാരിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലിക്കാത്തതിനാലും എസ്റ്റിമേറ്റിൽ യഥാർത്ഥ ഗതാഗത നിരക്കിനുള്ള വ്യവസ്ഥയുണ്ടായിരുന്നതിനാലും കരാറുകാരന് അനർഹമായ നേട്ടമുണ്ടാകുകയും തത്ഫലമായി സംസ്ഥാന ഖജനാവിന് നഷ്ടത്തിനും കാരണമായി. രണ്ട് പ്രവൃത്തികളിലും ഉൾപ്പെടുത്തിയിരിക്കുന്ന നാല് പ്രധാന ഇനങ്ങളുടെ കാര്യത്തിൽ സാമഗ്രികളുടെ യഥാർത്ഥ ഗതാഗത നിരക്കുകൾ അനുവദിച്ചത് മൂലമുള്ള നഷ്ടം 1.76 കോടി രൂപയാണെന്ന് ഓഡിറ്റ് കണക്കാക്കി ***(അനുബന്ധം 22)***.

- 2015 സെപ്തംബർ മുതൽ വിവിധ എഞ്ചിനീയറിംഗ് വകുപ്പുകൾ എല്ലാ പൊതുമരാമത്ത് പ്രവൃത്തികളുടെയും ചെലവിന്റെ എസ്റ്റിമേറ്റ് 'പ്രൈസ്' സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കണം എന്ന കേരള സർക്കാർ ഉത്തരവിലെ നിർദ്ദേശം നടപ്പാക്കാതിരുന്നതിൽ ചീഫ് എൻജിനീയറുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായി. കൂടാതെ, 50 ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ

[107] 08/11/2016, 27/03/2017, 15/11/2017 (തൊണ്ടയാട്), 20/09/2016, 28/03/2017 (രാമനാട്ടുകര).

ഭരണാനുമതികളും പ്രൈസ് സോഫ്റ്റ്വെയർ വഴി മാത്രമേ നൽകാവൂ എന്ന് സർക്കാർ ഉത്തരവിട്ടിരുന്നു. പ്രൈസ് സോഫ്റ്റ്വെയർ ഉപയോഗിക്കാതെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് സാമഗ്രികളുടെ യഥാർത്ഥ ഗതാഗത നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനു കാരണമായി.

കോൺക്രീറ്റിന് ആവശ്യമായ ദൃഢത ഉറപ്പുവരുത്തുന്നതിനും വലിയ അളവിൽ സാമഗ്രികൾ തടസ്സമില്ലാതെ വിതരണം ചെയ്യുന്നതിനും ചെലവ് സൂചിക പ്രയോഗിക്കാതെ യഥാർത്ഥ ഗതാഗത നിരക്കുകൾ അനുവദിച്ചിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് മറുപടി നൽകി (2023 ജനുവരി). പ്രൈസ് സോഫ്റ്റ്വെയർ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഒരു രീതി അല്ലെങ്കിൽ മാർഗ്ഗരേഖ മാത്രമാണെന്നും അതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മോർത്ത് സ്പെസിഫിക്കേഷൻ അനുസരിച്ചാണെന്നും, അത് തർക്കരഹിതമായി ഉയർന്ന നിലയിലാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ജില്ലയിലെ മറ്റെല്ലാ പൊതുമരാമത്ത് പ്രവൃത്തികളും യഥാർത്ഥ ഗതാഗത നിരക്കുകൾ കണക്കാക്കാതെയാണ് നടപ്പാക്കിയതെന്ന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണത്തെ തുടർന്ന് ഈ മറുപടി സ്വീകാര്യമല്ല. കൂടാതെ 50 ലക്ഷം രൂപയിൽ കൂടുതൽ ഭരണാനുമതിയുള്ള എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും പല കാരണങ്ങളാലുള്ള വില വർദ്ധന ഒഴിവാക്കുന്നതിനായി പ്രൈസ് സോഫ്റ്റ്വെയർ വഴി മാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന് സർക്കാർ ഉത്തരവിട്ടിട്ടുള്ളതിനാൽ, പ്രൈസ്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഒരു സംവിധാനമോ മാർഗ്ഗരേഖയോ മാത്രമായി കണക്കാക്കാനാകില്ല.

### (ബി) എസ്റ്റിമേറ്റിൽ അനുചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയതിനാൽ കരാറുകാരന് 1.11 കോടി രൂപയുടെ അനർഹമായ ആനുകൂല്യം ലഭിച്ചു

രണ്ട് പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകളുടെ സൂക്ഷ്മപരിശോധനയ്ക്കിടെ, മറ്റിനങ്ങളിൽ ഇതിനകം തന്നെ ഉൾപ്പെടുത്തിയ ചില പ്രത്യേക ഇനങ്ങൾ പ്രവൃത്തിയിൽ വീണ്ടും ഉൾപ്പെടുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. **പട്ടിക 2.17–ൽ** നൽകിയിരിക്കുന്ന പോലെ അനാവശ്യമായ വ്യവസ്ഥകൾ അധികച്ചെലവിന് കാരണമാവുകയും, അതുവഴി കരാറുകാരന് അനർഹമായ സാമ്പത്തിക ലാഭം ഉണ്ടാവുകയും ചെയ്തു. അധികച്ചെലവ് ***അനുബന്ധം 23–***ൽ വിവരിച്ചിട്ടുണ്ട്.

**പട്ടിക 2.17 : എസ്റ്റിമേറ്റിലെ അനുചിതമായ വ്യവസ്ഥകൾ**

| ക്രമ സംഖ്യ | പ്രവൃത്തിയുടെ ഇനം | ഇരട്ടി പണം നൽകിയതിനുള്ള കാരണം | അധിക ചെലവ് (രൂപയിൽ) |
|---|---|---|---|
| 1 | പൈൽ ലോഡ് ടെസ്റ്റ് | മോർത്ത് ഡാറ്റ 12.37 (സ്പെസിഫിക്കേഷൻ 1118) അനുസരിച്ച്, പൈലുകൾ ബോർ ചെയ്യുമ്പോൾ ഈ ഇനം സാന്ദർഭികമായി ഉൾപ്പെടുന്നുണ്ട്, പ്രത്യേകം ഉൾപ്പെടുത്തേണ്ടതില്ല. | 27,67,500 |
| 2 | ആർ.സി.സി പൈലിന്റെ അധികമുള്ള നീളം ചിപ്പ് ചെയ്ത് നീക്കം ചെയ്യുന്നു | മോർത്ത് സ്പെസിഫിക്കേഷനുകൾ 1118, 1119 പ്രകാരം, പൈലുകൾ സ്ഥാപിക്കുന്നതിനുള്ള കരാർ യൂണിറ്റ് നിരക്കിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്, പ്രത്യേകം ഉൾപ്പെടുത്തേണ്ടതില്ല. | 9,06,533 |
| 3 | നേരത്തെ തയ്യാറാക്കിയ എം.എസ് ലൈനർ ആവശ്യമായ താഴ്ചയിൽ ഇറക്കുക | മോർത്ത് സ്പെസിഫിക്കേഷനുകൾ 1118, 1119 പ്രകാരം, സ്ഥിരം സ്റ്റീൽ ലൈനർ സ്ഥാപിക്കുന്നതിനുള്ള കരാർ യൂണിറ്റ് നിരക്കിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്, പ്രത്യേകം ഉൾപ്പെടുത്തേണ്ടതില്ല. | 8,32,650 |

| ക്രമ സംഖ്യ | പ്രവൃത്തിയുടെ ഇനം | ഇരട്ടി പണം നൽകിയതിനുള്ള കാരണം | അധിക ചെലവ് (രൂപയിൽ) |
|---|---|---|---|
| 4 | ബോർഡ് കാസ്റ്റ് ഇൻ-സിറ്റു റീഇൻഫോഴ്സ്ഡ് പൈൽസ് ഓരോ ബോർ ഹോളിലും 60 സെന്റീമീറ്റർ ആഴത്തിൽ പാറ തുളയ്ക്കുക | മോർത്ത് സ്പെസിഫിക്കേഷനുകൾ 1118, 1119 അനുസരിച്ച് പൂർത്തിയായ ഘടനയുടെ പൂർത്തിയാക്കിയ സ്ഥലത്ത് പൈലിന്റെ നീളം അളന്ന്, എഞ്ചിനീയർ കാണിക്കുന്നതും ഉത്തരവിടുന്നതുമായ അളവിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. കട്ടി കൂടിയ പാളികളിലൂടെയോ പാറയിലൂടെയോ തുളച്ചുകയറ്റുന്നതും പാറയ്ക്കുള്ളിലേക്ക് തുളച്ചുകയറ്റുന്നതും തമ്മിൽ വ്യത്യാസമില്ല. | 47,34,282 |
| 5 | ബോർഡ് കാസ്റ്റ് ഇൻ-സിറ്റു എം35 ഗ്രേഡ് ആർ.സി.സി പൈൽ | എം35 കോൺക്രീറ്റിന്റെ സബ്ഡാറ്റയുടെ അംഗീകൃത നിരക്ക് വിശകലന പ്രകാരം സാമഗ്രികളുടെയും അദ്ധ്വാനത്തിന്റെയും വിലയുടെ അഞ്ച് ശതമാനം വെള്ളത്തിനടിയിലുള്ള കോൺക്രീറ്റിംഗിനായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് വെള്ളത്തിനടിയിലുള്ള കോൺക്രീറ്റിംഗ് ആവശ്യമില്ലാത്തതിനാൽ, ഇതിന്റെ പേരിൽ ഡാറ്റയിൽ സാമഗ്രികളുടെയും അദ്ധ്വാനത്തിന്റെയും വിലയ്ക്ക് പുറമേ അഞ്ച് ശതമാനം അനുവദിച്ചത് ക്രമരഹിതമാണ്. | 19,12,604 |
| **ആകെ തുക** | | | **1,11,53,569** |

മേൽപ്പറഞ്ഞ ഇനങ്ങൾ അംഗീകൃത എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് അമിതമാണെന്നും/അനാവശ്യമാണെന്നും, അതിനാൽ അവ ഉൾപ്പെടുത്തിയത് 1.11 കോടി രൂപയുടെ അധികച്ചെലവുണ്ടാക്കിയെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

പ്രവൃത്തിയിലെ വ്യത്യസ്ത ഇനങ്ങളുടെ അളവുകൾ, സവിശേഷതകൾ, നിരക്കുകൾ, ആവശ്യകതകളും ഘടനാപരമായ ദൃഢതയും നിറവേറ്റുന്നതിനുള്ള പ്രവൃത്തിയുടെ അനുയോജ്യത എന്നിവ സംബന്ധിച്ച് ഉത്തരവാദപ്പെട്ട സാങ്കേതിക അധികാരി സംതൃപ്തനാണെന്ന് സാങ്കേതിക അനുമതി സൂചിപ്പിക്കുന്നു. പ്രസ്തുത പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഒരു അംഗീകൃത ഏജൻസിയെ ഏൽപ്പിച്ചത് ഒട്ടും മത്സരക്ഷമതയില്ലാതെയാണ്. വേണ്ടത്ര ശ്രദ്ധയില്ലാതെ ചീഫ് എൻജിനീയർ സാങ്കേതിക അനുമതി നൽകിയത് 2.87 കോടി രൂപയുടെ ഒഴിവാക്കാൻ കഴിയുമായിരുന്ന അധിക ചെലവിന് ഇടയായെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

മോർത്ത് സ്പെസിഫിക്കേഷന്റെ ക്ലോസ് 1118, 1119 പ്രകാരമുള്ള പൈൽ ലോഡ് ടെസ്റ്റ് സ്പെസിഫിക്കേഷനുകൾ സങ്കീർണ്ണമായ നടപടിക്രമമാണെന്നും ഡാറ്റയുടെ അഭാവത്തിൽ ഇത് പ്രത്യേകം തയ്യാറാക്കേണ്ടതുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് മറുപടി നൽകി (2023 ജനുവരി). നിരക്ക് വിശകലനത്തിൽ ആർ.സി.സി പൈലിന്റെ അധിക നീളം കുറയ്ക്കുന്നതിനും നീക്കം ചെയ്യുന്നതിനും വ്യവസ്ഥയില്ലെന്നും അതിനാൽ പ്രത്യേക ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കൂട്ടിച്ചേർത്തു. പൈലുകൾ കട്ടിയുള്ള പാറയിലേക്ക് ആഴ്ത്തി വെയ്ക്കുന്നതിനെ സംബന്ധിച്ച്, കട്ടിയുള്ള പാറ തുരക്കുന്നതിനുള്ള അധിക ചെലവ് ഒഴിവാക്കാൻ വേണ്ടിയാണ് കൂടുതൽ തുക അനുവദിച്ചത്. മോർത്ത് പ്രസിദ്ധീകരിച്ച 'റോഡ്, പാലം പ്രവൃത്തികൾക്കുള്ള സ്പെസിഫിക്കേഷനുകൾക്കും' മോർത്ത് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിനും വിരുദ്ധമാണ് എന്നതിനാലും, എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ മറ്റിനങ്ങളിൽ ഈ അധിക ഇനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിനാലും മറുപടി നിലനിൽക്കുന്നതല്ല.

ടെൻഡർ ഇല്ലാതെ ഈ പ്രവൃത്തികൾ നൽകിയത് വഴി, ടെൻഡർ ചെയ്യാതെ നൽകാവുന്ന ഒരു പ്രവൃത്തിയുടെ പരമാവധി മൂല്യം സംബന്ധിച്ച അന്നത്തെ സർക്കാർ ഉത്തരവിന്റെ ലംഘനമാണ് നടന്നത്. കൂടാതെ, തെറ്റായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏൽപ്പിച്ചത് ഖജനാവിന് അധിക ചെലവും കരാറുകാരന് 2.87 കോടി രൂപയുടെ അനുചിതമായ ആനുകൂല്യത്തിനും ഇടയാക്കി.

വിഷയം സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് (2022 ഒക്ടോബർ), കരട് ഖണ്ഡിക (2022 ഡിസംബർ) എന്നിവ മുഖേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. മറുപടിക്കുള്ള ഓർമ്മക്കുറിപ്പ് 2023 ഫെബ്രുവരിയിലും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള അർദ്ധ ഔദ്യോഗിക ഓർമ്മക്കുറിപ്പ് 2023 മാർച്ചിലും നൽകി. സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, 2023 മാർച്ച് അവസാനത്തോടെ മറുപടി ത്വരിതപ്പെടുത്തുന്നതിനായി പി.ഡബ്ല്യു.ഡി സെക്രട്ടറിയെ സന്ദർശിച്ചു. ഇതിനു പുറമേ, വകുപ്പിനെ നിരവധി തവണ ടെലിഫോണിൽ ബന്ധപ്പെട്ടു. ഈ കാര്യാലയം എല്ലാ ശ്രമങ്ങളും നടത്തിയിട്ടും സർക്കാർ മറുപടി ഇപ്പോഴും ലഭിച്ചിട്ടില്ല (2023 ഡിസംബർ).

***ശുപാർശ: വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ചട്ടങ്ങളും മാർഗ്ഗരേഖകളും പാലിക്കാനും കൃത്യമായ ജാഗ്രത പുലർത്താനും വകുപ്പ് ഉദ്യോഗസ്ഥർക്ക് സർക്കാർ കർശന നിർദ്ദേശം നൽകേണ്ടതാണ്.***

### *2.6 പൂർത്തിയായ പ്രവൃത്തി ബില്ലുകൾ വീണ്ടും തുറന്ന് മുറപ്രകാരം പിരിച്ച തുക ക്രമവിരുദ്ധമായി തിരിച്ചു നൽകിയതും അന്തിമ ബില്ലുകളിൽ വരുത്തിയ അനുചിതമായ ക്രമീകരണങ്ങളും സർക്കാരിന് നഷ്ടം വരുത്തി*

**കാസർകോട് പി.ഡബ്ല്യു.ഡി റോഡ്സ് ഡിവിഷനിൽ പൂർത്തിയായ മൂന്ന് പ്രവൃത്തി ഫയലുകൾ വീണ്ടും തുറന്ന് ക്രമരഹിതമായി റീഫണ്ട് നടത്തിയതും മൂന്ന് പ്രവൃത്തി ഫയലുകളുടെ അന്തിമ ബില്ലുകളിൽ വരുത്തിയ അനുചിതമായ ക്രമീകരണങ്ങളും കാരണം സർക്കാരിന് 134.32 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി.**

2003 സെപ്റ്റംബറിന് മുമ്പ് പൊതുമരാമത്ത് വകുപ്പിന് (പി.ഡബ്ല്യു.ഡി) കീഴിലുള്ള റോഡ് പ്രവൃത്തികൾക്കായി പ്രവൃത്തി നടപ്പാക്കിയതിന്റെ അളവനുസരിച്ച് വകുപ്പ് തന്നെ ബിറ്റുമിൻ സംഭരിക്കുകയും കരാറുകാർക്ക് വിതരണം ചെയ്യുകയും ചെയ്തിരുന്നു, കൂടാതെ റണ്ണിംഗ് അക്കൗണ്ട് ബില്ലുകളുടെ പണം കൊടുക്കുന്ന സമയത്ത് കരാറുകാരനിൽ നിന്ന് വകുപ്പ് നൽകിയ സാമഗ്രികളുടെ വില തിരിച്ചു പിടിക്കുകയും ചെയ്തിരുന്നു. എന്നാൽ 2003 സെപ്തംബർ 6-ലെ ജി.ഒ നമ്പർ. 50/2003 പി.ഡബ്ല്യു.ഡി പ്രകാരം 6 ലക്ഷം രൂപ (2012-ൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരണത്തിലൂടെ ഒരു കോടി രൂപയായി ഉയർത്തി) വരെയുള്ള ചെറുകിട പ്രവൃത്തികൾ ഒഴികെയുള്ളവയ്ക്ക് വകുപ്പുതലത്തിൽ ബിറ്റുമിൻ വിതരണം ചെയ്യുന്നത് സർക്കാർ നിർത്തലാക്കുകയും മെസേഴ്സ് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് നേരിട്ട് ബിറ്റുമിൻ വാങ്ങാനും ചെലവാക്കിയ പണം തിരികെ ലഭിക്കുന്നതിനായി ഇൻവോയ്സുകൾ സമർപ്പിക്കാനും കരാറുകാരെ അധികാരപ്പെടുത്തി. ബിറ്റുമിന്റെ വില പൂർണ്ണമായും വകുപ്പ് വഹിക്കുന്നതിനാൽ, അത് വകുപ്പിന്റെ ബിറ്റുമിൻ ആയി കണക്കാക്കുകയും ബിറ്റുമിന്റെ വില കരാറുകാരന്റെ റണ്ണിംഗ് അക്കൗണ്ട് ബില്ലിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നു.

വിപണിയിൽ ബിറ്റുമിൻ വില വർദ്ധിക്കുന്നതുമൂലം കരാറുകാരന് നഷ്ടം വരാതിരിക്കാനും വിപണിയിൽ ബിറ്റുമിന് വില കുറയുമ്പോൾ വകുപ്പിന് നേട്ടമുണ്ടാക്കാനുമാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്.

2018 ജൂലൈ മുതൽ 2021 മാർച്ച് വരെ കാസർകോട് പി.ഡബ്ല്യു.ഡി റോഡ്സ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ പണം നൽകിയ 557 പ്രവൃത്തികളിൽ, 53 പ്രവൃത്തി ഫയലുകൾ ഓഡിറ്റ് പരിശോധിക്കുകയും (2021 ഏപ്രിൽ/ജൂലൈ) പൂർത്തിയാക്കിയ മൂന്ന് പ്രവൃത്തി ഫയലുകളുടെ കാര്യത്തിൽ വകുപ്പ് ബിറ്റുമിന്റെ വില തിരിച്ചുപിടിച്ചുവെങ്കിലും ഡിവിഷണൽ അക്കൗണ്ടന്റും എക്സിക്യൂട്ടീവ് എഞ്ചിനീയറും ഫയലുകൾ വീണ്ടും തുറന്ന് 71.49 ലക്ഷം രൂപ ക്രമവിരുദ്ധമായി തിരികെ നൽകിയത്

കരാറുകാർക്ക് അനർഹമായ ആനുകൂല്യം നൽകുന്നതിനിടയാക്കി. മറ്റ് മൂന്ന് പ്രവൃത്തികളുടെ കാര്യത്തിൽ തുടർന്നുള്ള ബില്ലുകളിലായി 62.83 ലക്ഷം രൂപ പിരിച്ചെടുത്തില്ല/കുറച്ചു പിരിക്കുകയും, തിരിച്ചു പിടിച്ച തുക വീണ്ടും കൊടുക്കുകയും ചെയ്തു. വിശദാംശങ്ങൾ ***അനുബന്ധം 24***–ൽ നൽകിയിരിക്കുന്നു.

ഇക്കാര്യത്തിൽ ഇനിപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തുന്നു:

- ബിറ്റുമിന്റെ വില വ്യത്യാസം വീണ്ടെടുക്കുന്നത് ഒരു പിഴവായി വിശദീകരിച്ചുകൊണ്ട്, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ സ്വമേധയാ അല്ലെങ്കിൽ കരാറുകാരുടെ അഭ്യർത്ഥനയെ അടിസ്ഥാനമാക്കി മൂന്ന് പ്രവൃത്തികളുടെ അക്കൗണ്ടുകൾ വീണ്ടും തുറക്കുകയും (***അനുബന്ധം 24***–ലെ ക്രമ സംഖ്യ 1 മുതൽ 3 വരെ) 71.49 ലക്ഷം രൂപ തിരിച്ചു നൽകുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തു.

- തുക തിരിച്ചു നൽകുന്നതിനായി, കരാറുകാരന് വകുപ്പിൽ നിന്ന് യാതൊരു സാമഗ്രികളും നൽകേണ്ടതില്ല എന്ന കരാർ ഉടമ്പടിയിലെ 28–ാം വ്യവസ്ഥയെയാണ് ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ആശ്രയിച്ചത്. സാമഗ്രികൾ കരാറുകാരൻ തന്നെ വാങ്ങിയതിനാൽ ഭിന്നവില എന്ന വാക്ക് ബാധകമല്ല. എന്നാൽ കരാറിൽ പറഞ്ഞിരിക്കുന്ന നിരക്കിൽ ബിറ്റുമിന്റെ മതിപ്പ് വില കരാറുകാരനിൽ നിന്ന് വീണ്ടെടുക്കാമെന്ന് കരാർ പട്ടികയിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന വസ്തുതയുടെ തെറ്റായ വ്യാഖ്യാനമാണിത്. 2003 മുതൽ വകുപ്പിൽ നിലനിന്നിരുന്ന ഈ വീണ്ടെടുപ്പ്/മടക്കി കൊടുക്കൽ സംവിധാനം വിപണി വിലയിൽ വർദ്ധനവുണ്ടാകുമ്പോൾ കരാറുകാരനെ സംരക്ഷിക്കാൻ സഹായിക്കുന്നതിനോടൊപ്പം വിലയിടിവിന്റെ ഗുണം ഖജനാവിന് നൽകുകയും ചെയ്യുന്നു.

ഈ ക്രമക്കേടുകൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി (റോഡ്സ്) നോർത്ത് സർക്കിൾ, കോഴിക്കോടിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന്, കാസർകോട് പി.ഡബ്ല്യു.ഡി റോഡ്സ് ഡിവിഷന്റെ ഇന്റേണൽ ഓഡിറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ നടത്തുകയും (2021 ഓഗസ്റ്റ്), സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ റിപ്പോർട്ട് ഓഡിറ്റിന്റെ കണ്ടെത്തലുകളുമായി യോജിക്കുകയും ചെയ്തു. ഡിവിഷണൽ അധികാരികൾ നിലവിലുള്ള നടപടിക്രമങ്ങൾ ലംഘിച്ചുവെന്നും കരാറുകാർക്ക് അധിക തുക നൽകിയിട്ടുണ്ടെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ സമ്മതിച്ചു. അന്തിമമായി പണം നൽകിയതിന് ശേഷം ഫയലുകൾ വീണ്ടും തുറന്നതും ഇതിനകം പിരിച്ചെടുത്ത ബിറ്റുമിൻ വിലയുടെ വിടുതലും ഗൗരവകരമായി കാണുന്നതായും, ഡിവിഷണൽ അധികാരികൾക്ക് നിർദ്ദേശം നൽകുമെന്നും പ്രസ്താവിച്ചു.

എല്ലാ റിക്കവറികളും നടത്തി ഒരു മാസത്തിനുള്ളിൽ അതാത് അക്കൗണ്ട് ഹെഡ്ഡുകളിലേക്ക് നിക്ഷേപിക്കാനും ക്രമക്കേടുകൾക്ക് ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറിനും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമെതിരെ വകുപ്പുതല നടപടി ആരംഭിക്കാനും ചീഫ് എഞ്ചിനീയർക്ക് (റോഡ്സ്) നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ മറുപടിയിൽ പ്രസ്താവിച്ചു (2023 ഏപ്രിൽ).

ഈ പ്രവൃത്തികളിൽ ബിറ്റുമിന്റെ ശരിയായി വീണ്ടെടുത്ത നിരക്കുകളുമായി ബന്ധപ്പെട്ട ക്രമരഹിതമായ റീഫണ്ടും അനുചിതമായ ക്രമീകരണങ്ങളും ഖജനാവിന് നഷ്ടമുണ്ടാക്കി.

***ശുപാർശ: ഭാവിയിൽ ഇത്തരത്തിലുള്ള തെറ്റായ പ്രവൃത്തികൾ തടയുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥർക്ക് ഉചിതമായ നിർദ്ദേശങ്ങൾ സർക്കാർ നൽകേണ്ടതാണ്.***

## ഖനന ഭൂവിജ്ഞാന ഡയറക്ടറേറ്റ്

### *2.7 കേരളത്തിലെ ഖനന പ്രവർത്തനങ്ങൾ*

**സംസ്ഥാനത്തിന്റെ വരുമാനത്തിനും വികസനത്തിനും സുസ്ഥിരമായ ഖനന പ്രവർത്തനങ്ങൾ അനിവാര്യമാണ്. എന്നാൽ പരിസ്ഥിതി നാശവും വിഭവങ്ങളുടെ ശോഷണവും ഒഴിവാക്കാൻ ധാതു വിഭവങ്ങളുടെ ചൂഷണം നിയന്ത്രിതമായ രീതിയിൽ നടത്തണം. സർക്കാരിന് ലഭിക്കേണ്ട ധാതുവരുമാനം ശേഖരിക്കുന്നതിനുള്ള ശരിയായ സംവിധാനവും ആവശ്യമാണ്. 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ട്, 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് തുടങ്ങിയവ പ്രകാരമാണ് ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഖനനത്തിനുള്ള ലൈസൻസ്/ പെർമിറ്റ് എന്നിവ നൽകുന്നതും ധാതുക്കളിൽ നിന്നുള്ള വരുമാനം നിർണ്ണയിക്കുന്നതും പിരിച്ചെടുക്കുന്നതും ഈ നിയമങ്ങൾ പ്രകാരമാണ്. അനധികൃത ഖനനം അതിനുള്ള ശിക്ഷ എന്നിവയും ഈ നിയമങ്ങളിൽ നിർവ്വചിക്കുന്നു. എന്നാലും, നിയമങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും അതിന്റെ നിർവ്വഹണത്തിലും പോരായ്മകൾ കാണപ്പെട്ടു, ഇത് അനധികൃത ഖനനത്തിനും ധാതു വിഭവങ്ങളുടെ അമിത ചൂഷണത്തിനും വരുമാനനഷ്ടത്തിനും കാരണമായി. കൂടാതെ, പരിസ്ഥിതി നശീകരണത്തിൽ അനധികൃത ഖനനത്തിന്റെ സ്വാധീനം സർക്കാരോ ഖനന ഭൂവിജ്ഞാന വകുപ്പോ പ്രതിവിധിക്കായി വിലയിരുത്തിയിട്ടില്ല.**

#### 2.7.1 ആമുഖം

ധാതുക്കൾ പരിമിതവും പുനരുൽപ്പാദിപ്പിക്കാനാവാത്തതുമായ പ്രകൃതിവിഭവങ്ങളാണ്, അതിനാൽ അവയുടെ ചൂഷണം ദീർഘകാല ദേശീയ ലക്ഷ്യങ്ങളാലും കാഴ്ചപ്പാടുകളാലും നയിക്കപ്പെടണം. ധാതുക്കളെ മൈനർ ധാതുക്കൾ, മറ്റുള്ളവ അഥവാ മേജർ[108] ധാതുക്കൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. സംസ്ഥാനങ്ങളുടെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന എല്ലാ ധാതുക്കളുടെയും ഉടമസ്ഥർ അതാത് സംസ്ഥാന സർക്കാരുകളാണ്. കേരളത്തിൽ ധാതുശേഖരം വളരെ കുറവാണ്, സംസ്ഥാനത്തെ ധാതു ശേഖരത്തിൽ ***അനുബന്ധം 25***-ൽ കാണിച്ചിരിക്കുന്നതുപോലെ ഹെവി മിനറൽ അടങ്ങിയ മണൽ[109], കെട്ടിട നിർമ്മാണത്തിനുള്ള കല്ല്, സാധാരണ മണ്ണ് മുതലായവ ഉൾപ്പെടുന്നു. സംസ്ഥാനത്തെ മൊത്തം ധാതു ഖനനത്തിന്റെ (5,063.10 ലക്ഷം മെട്രിക് ടൺ) 97.37 ശതമാനം (4,929.74 ലക്ഷം മെട്രിക് ടൺ) മൈനർ ധാതുക്കളാണ്. സംസ്ഥാനത്തെ ഖനനപ്രവർത്തനങ്ങളിൽ പ്രധാനമായും സംസ്ഥാനത്തെ മൊത്തം മൈനർ ധാതു ഖനനത്തിന്റെ 98.75 ശതമാനവും വരുന്ന ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ (ജിബിഎസ്) ഖനനം ചെയ്യുന്നതിൽ പരിമിതപ്പെട്ടിരിക്കുന്നു. ഖനനത്തിനുള്ള അനുമതി നൽകുന്നതിലൂടെ സർക്കാർ ധാതു വരുമാനം നേടുന്നു. റോയൽറ്റി[110], പ്രൈസ്[111], സർഫസ് റെന്റ്[112], ഡെഡ് റെന്റ്[113],

---

108 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻസ്) നിയമത്തിൽ യഥാക്രമം ഒന്നാം ഷെഡ്യൂളിലും നാലാം ഷെഡ്യൂളിലും ലിസ്റ്റ് ചെയ്തിരിക്കുന്ന 'സ്പെസിഫൈഡ് ധാതുക്കൾ', 'നോട്ടിഫൈഡ് ധാതുക്കൾ' എന്നിവ അർത്ഥമാക്കുന്നു.

109 ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, മൊണോസൈറ്റ്, സില്ലിമാനൈറ്റ്.

110 കെഎംഎംസി ചട്ടങ്ങളിൽ വ്യക്തമാക്കിയ നിരക്കിൽ ക്വാറി പെർമിറ്റിനായി ഓരോ അപേക്ഷകനും മുൻകൂറായി നൽകേണ്ട തുക.

111 കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 108 (2)-ൽ നൽകിയിരിക്കുന്ന റോയൽറ്റിയുടെ ഇരട്ടി തുക.

112 കണക്കാക്കാവുന്ന ഭൂനികുതിയിൽ കവിയാത്ത, ക്വാറി പെർമിറ്റ് ഉടമ/ പാട്ടക്കാരന് അനുവദിച്ചിട്ടുള്ള ഉപരിതല വിസ്തീർണ്ണത്തിന് എല്ലാ വർഷവും സർക്കാരിന് നൽകേണ്ട വാടക.

113 ഖനന പാട്ടം നടപ്പിലാക്കിയ തിയതി മുതൽ എല്ലാ വർഷവും (ആദ്യ വർഷം ഒഴികെ) ഒരു പാട്ടക്കാരൻ സർക്കാരിന് ബാധകമായ നിരക്കിൽ നൽകേണ്ട വാടകയോ, നൽകേണ്ട റോയൽറ്റി തുകയോ, അതിൽ ഏതാണോ ഉയർന്നത് അത്.

കോമ്പൗണ്ടിംഗ് ഫീസ് മുതലായവ ഉൾപ്പെടുന്നതാണ് കേരള സർക്കാരിന്റെ ധാതുക്കളിൽ നിന്നുള്ള വരുമാനം.

കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഖനന ഭൂവിജ്ഞാന വകുപ്പ് (ഡിഎംജി) ആണ് സംസ്ഥാനത്തെ ധാതുപര്യവേക്ഷണത്തിനും ധാതു ഭരണകാര്യങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത്. ഡിഎംജിക്ക് ഒരു ഡയറക്ടറേറ്റ്, 14 ജില്ലാ ഓഫീസുകൾ (ഓരോ ജില്ലയിലും ഓരോന്ന് വീതം), മൂന്ന് മിനറൽ സ്ക്വാഡുകൾ[114], ധാതുക്കൾ, രത്നങ്ങൾ, രാസവസ്തുക്കൾ എന്നിവ പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ എന്നിവയുണ്ട്. ഡിഎംജിയുടെ ഭരണത്തലവൻ കേരള സർക്കാരിന്റെ, വ്യവസായ വാണിജ്യ വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയാണ്, അദ്ദേഹത്തെ ഖനന ഭൂവിജ്ഞാന ഡയറക്ടർ സഹായിക്കുന്നു.

ഡിഎംജി അതിന്റെ പര്യവേക്ഷണസാധ്യതാപഠന വിഭാഗം വഴി ധാതുക്കളുടെ സാന്നിധ്യത്തിനു വേണ്ടിയുള്ള സാധ്യതാപഠനം നടത്തുന്നു. പ്രാഥമികവും വിശദവുമായ ഭൂവിജ്ഞാന മാപ്പിംഗ്, ട്രഞ്ചിംഗ്, പിറ്റിംഗ്, ഡ്രില്ലിംഗ്, സാംപ്ലിംഗ്, രാസ വിശകലനം, സാമ്പിളുകളിലെ ധാതുക്കൾ തിരിച്ചറിയൽ എന്നിവ ഇതിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ, ധാതു നിക്ഷേപത്തെക്കുറിച്ചും സാധ്യതാ പഠനങ്ങൾ നടത്തുന്നു.

ഒരു സമയം ഒരു വർഷത്തിൽ കൂടാത്ത കാലയളവിലേക്ക് ക്വാറി പെർമിറ്റും അഞ്ച് മുതൽ 12 വർഷം വരെ കാലയളവിലേക്ക് ഖനന പാട്ടം ഡിഎംജി നൽകുന്നു. ക്വാറി പെർമിറ്റ്/പാട്ടം അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന്റെ വിവിധ ഘട്ടങ്ങൾ ഇനിപ്പറയുന്നതാണ്:

- ആവശ്യമായ രേഖകൾ സഹിതം ക്വാറി പെർമിറ്റ്/ പാട്ടത്തിന് അപേക്ഷ സമർപ്പിക്കൽ;
- ഖനന പദ്ധതി[115];
- പരിസ്ഥിതി ക്ലിയറൻസ് (പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം/ സംസ്ഥാനതല ഇംപാക്ട് അസസ്മെന്റ് അതോറിറ്റി, ബാധകമാകുന്നിടത്തെല്ലാം);
- ക്വാറി നടത്താനുള്ള സ്ഥലം പുറമ്പോക്ക് ഭൂമിയോ റവന്യൂ ഭൂമിയോ ആണെങ്കിൽ റവന്യൂ അധികാരികളിൽ നിന്ന് നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻഓസി);
- ക്വാറി ഭൂമി വനഭൂമിയാണെങ്കിൽ വനം വകുപ്പിന്റെ എൻഓസി;
- സ്റ്റാറ്റ്യൂട്ടറി അധികാരികളിൽ നിന്നുള്ള എൻഓസി (മലിനീകരണ നിയന്ത്രണ ബോർഡ്);
- ഖനനാനുമതിക്കോ/പാട്ടത്തിനോ വേണ്ടിയുള്ള ലെറ്റർ ഓഫ് ഇൻഡെന്റ്; കൂടാതെ
- ജിയോളജിസ്റ്റിനാൽ സ്ഥല പരിശോധനയും അന്വേഷണവും.

അതിനുശേഷം, ഖനനാനുമതി/പാട്ടം അനുവദിച്ചുകൊണ്ട് അപേക്ഷ തീർപ്പാക്കുകയും നിരസിച്ചാൽ, അപേക്ഷകന് തന്റെ ഭാഗം വിശദീകരണത്തിനുള്ള ഒരു അവസരം നൽകുകയും ചെയ്യും. ഖനന പാട്ടത്തിന്റെ കാര്യത്തിൽ, പാട്ടം അനുവദിച്ച് ആറ് മാസത്തിനുള്ളിൽ ഒരു പാട്ടക്കരാർ നടപ്പിലാക്കണം.

### 2.7.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

ചുവടെ പറയുന്നവ ഉറപ്പ് വരുത്തുക എന്നതാണ് അനുവർത്തന ഓഡിറ്റിന്റെ ലക്ഷ്യം.

---

114 കേരളത്തിന്റെ വടക്കൻ, മധ്യ, തെക്കൻ മേഖലകളിൽ പ്രവർത്തിക്കുന്നു.

115 ധാതുക്കളുടെ ഖനനത്തിന്റെ കൃത്യമായ പ്രദേശം, ധാതു നിക്ഷേപത്തിന്റെ സ്വഭാവവും വ്യാപ്തിയും, ഉത്ഖനനത്തിനുള്ള വാർഷിക പരിപാടിയും (കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 55) കാണിക്കുന്ന ഒരു സമഗ്ര പദ്ധതി.

- ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് മതിയായ ചട്ടക്കൂട് ഉണ്ടോ;
- ഖനനത്തിൽ നിന്നുള്ള വരുമാനം നിയമാനുസൃതമായി കണക്കാക്കുകയും ശേഖരിക്കുകയും ചെയ്യുന്നുണ്ടോ; കൂടാതെ,
- അനധികൃത ഖനനത്തിനെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നുണ്ടോ.

### 2.7.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

അനുവർത്തന ഓഡിറ്റിനുള്ള ഓഡിറ്റ് മാനദണ്ഡങ്ങൾ ഇനിപ്പറയുന്ന ഉറവിടങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്:

- മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) നിയമം, 1957;
- കേരള മൈനർ മിനറൽസ് കൺസെഷൻ ചട്ടങ്ങൾ, 2015;
- കേരള ഭൂസംരക്ഷണ നിയമം, 1957;
- കേരള മിനറൽസ് (അനധികൃത ഖനനം, സംഭരണം, ഗതാഗതം എന്നിവ തടയൽ) ചട്ടങ്ങൾ, 2015;
- ദേശീയ ധാതു നയം, 2019; കൂടാതെ ഭാരത സർക്കാർ, കേരള സർക്കാർ പുറപ്പെടുവിച്ച അറിയിപ്പുകൾ/ഉത്തരവുകൾ.

### 2.7.4 ഓഡിറ്റ് വ്യാപ്തിയും രീതിയും

സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പതിനാലിൽ ആറ്[116] ജില്ലകളെ ഓഡിറ്റിനായി തെരഞ്ഞെടുത്തു, തുടർന്ന് വിശദമായ പരിശോധനയ്ക്കായി ഈ ആറ് ജില്ലകളിൽ നിന്ന് യുക്തിയുടെ അടിസ്ഥാനത്തിൽ 55 (502-ൽ) ക്വാറിപാട്ടങ്ങൾ തെരഞ്ഞെടുത്തു. ഡിഎംജിയുടെ രേഖകളും രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ[117] (പിഎസ്‌യുകൾ) മേജർ ധാതുക്കൾ ഖനനം ചെയ്യുന്നതുമായി ബന്ധപ്പെട്ട രേഖകളും പരിശോധിച്ചു. അനധികൃത ഖനനത്തിന്റെ കേസുകൾ സ്വതന്ത്രമായി കണ്ടെത്താനും റിപ്പോർട്ടുചെയ്യാനും ഗൂഗിൾ എർത്ത് പ്രോ[118] ഉപയോഗിച്ചു. നവംബർ 2021 മുതൽ ജൂലൈ 2022 വരെയും ഫെബ്രുവരി 2023 മുതൽ മാർച്ച് 2023 വരെയും ഏപ്രിൽ 2016 മുതൽ മാർച്ച് 2022 വരെയുള്ള കാലയളവിലെ ഓഡിറ്റ് നടത്തി.

പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായവാണിജ്യ വകുപ്പ്), ഖനന ഭൂവിജ്ഞാന ഡയറക്ടർ എന്നിവരുമായി എൻട്രി കോൺഫറൻസോടെ (ഡിസംബർ 2021) ഓഡിറ്റിന്റെ ലക്ഷ്യങ്ങളും മാനദണ്ഡങ്ങളും വ്യാപ്തിയും രീതിയും വിശദീകരിച്ചു ഓഡിറ്റ് ആരംഭിച്ചു. കരട് റിപ്പോർട്ട് കേരള സർക്കാരിന് നൽകി (ജനുവരി 2023), അതിന് ഖനന ഭൂവിജ്ഞാന ഡയറക്ടർ നൽകിയ മറുപടികൾ പരിഗണിക്കുകയും ഉചിതമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു. വ്യവസായ വാണിജ്യ വകുപ്പിൽ നിന്നുള്ള മറുപടി ലഭിച്ചിട്ടില്ല. പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ്), കേരള സർക്കാർ, ഖനന

[116] ഇടുക്കി (18 പാട്ടത്തിൽ 10), കണ്ണൂർ (53 പാട്ടത്തിൽ 10), കൊല്ലം (23 പാട്ടത്തിൽ 10), കോട്ടയം (20 പാട്ടത്തിൽ 10), തിരുവനന്തപുരം (52 പാട്ടത്തിൽ 10), വയനാട് (അഞ്ച് പാട്ടക്കരാറും) ജില്ലകൾ തിരഞ്ഞെടുത്തു.

[117] സംസ്ഥാനത്തെ പ്രധാന ധാതുക്കളുടെ ഖനനാനുമതി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിനും (കെഎംഎംഎൽ), മലബാർ സിമന്റ്സ് ലിമിറ്റഡിനും (ഇരുവരും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ), കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐആർഇഎൽ (ഇന്ത്യ) ലിമിറ്റഡിനും അനുവദിച്ചു. കെഎംഎംഎൽ, ഐആർഇഎൽ (ഇന്ത്യ) ലിമിറ്റഡ് എന്നിവയുടെ രേഖകൾ ഓഡിറ്റിൽ പരിശോധിച്ചു.

[118] ഭൂമിയെ ദൃശ്യവൽക്കരിക്കുന്നതിനും വിവിധ ഭൂമിശാസ്ത്രപരമായ വശങ്ങൾ പഠിക്കുന്നതിനുമായി വിപുലമായ സാറ്റലൈറ്റ് ഡാറ്റയെ ഒരു സംവിധാനത്തിലേക്ക് ബന്ധിപ്പിക്കുന്ന ഗൂഗിൾ നൽകുന്ന സോഫ്റ്റ്‌വെയർ. നിർദ്ദിഷ്ട കോർഡിനേറ്റുകൾക്കായി തിരയാനും ജിയോസ്പേഷ്യൽ ഡാറ്റയുടെ ഫയലുകൾ ഒരു നിർദ്ദിഷ്ട ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്യാനും ഇത് ഉപയോക്താക്കളെ അനുവദിക്കുന്നു.

ഭൂവിജ്ഞാന ഡയറക്ടർ എന്നിവരുമായുള്ള എക്സിറ്റ് കോൺഫറൻസിൽ (മെയ് 2023) കരട് റിപ്പോർട്ട് ചർച്ച ചെയ്തു.

### 2.7.5 മുമ്പത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ നില

2011–12 മുതൽ 2015–16 വരെയുള്ള കാലയളവിലെ 'മൈനർ ധാതുക്കളുടെ ഖനനത്തിന്റെ ലൈസൻസിംഗും നിയന്ത്രണവും' സംബന്ധിച്ച ഒരു കാര്യക്ഷമതാ ഓഡിറ്റ് 2016 ഫെബ്രുവരി മുതൽ ജൂലൈ വരെ നടത്തുകയും ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31–നു അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ (2017–ലെ ഓഡിറ്റ് റിപ്പോർട്ട് നമ്പർ 6) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങൾക്കനുസൃതമായാണോ ലൈസൻസുകൾ നൽകിയതെന്നും ലൈസൻസിന്റെ നിബന്ധനകളും വ്യവസ്ഥകളും പാലിക്കുന്നുണ്ടോയെന്നും അനധികൃത ഖനനം തടയുന്നതിന് നിലവിലുള്ള സംവിധാനം ഫലപ്രദമാണോ എന്നും പരിശോധിച്ചു.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (ഓഗസ്റ്റ് 2022) കാര്യക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്തു. കമ്മിറ്റിയുടെ ശുപാർശകൾക്കായി കാത്തിരിക്കുന്നു (മെയ് 2023).

### ഓഡിറ്റ് കണ്ടെത്തലുകൾ

രേഖകളുടെ സൂക്ഷ്മപരിശോധനയിലൂടെ താഴെ പറയുന്ന കാര്യങ്ങൾ നിരീക്ഷിച്ചു.

### 2.7.6 ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ചട്ടക്കൂടിലെ അപര്യാപ്തത

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 246, യൂണിയന്റെ നിയന്ത്രണത്തിലുള്ള ഖനികളുടെ നിയന്ത്രണത്തെയും മേജർ ധാതുക്കളുടെ വികസനത്തെയും സംബന്ധിച്ച നിയമങ്ങൾ നിർമ്മിക്കാൻ പാർലമെന്റിനെ അധികാരപ്പെടുത്തുന്നു. യൂണിയൻ ലിസ്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ഖനികളുടെ നിയന്ത്രണം, മൈനർ ധാതുക്കളുടെ വികസനം എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ട്.

ഖനികളുടെയും ധാതുക്കളുടെയും വികസനത്തിനും നിയന്ത്രണത്തിനുമായി മൈൻസ് ആൻഡ് മിനറൽസ് (വികസനവും നിയന്ത്രണവും) നിയമം, 1957[119] (എംഎംഡിആർ ആക്റ്റ്) ഭാരത സർക്കാർ പ്രഖ്യാപിച്ചു. സംസ്ഥാനത്ത് ക്വാറി പാട്ടം/ അനുമതി നൽകുന്നതിനും ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമുള്ള കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ, 2015[120] (കെഎംഎംസി ചട്ടങ്ങൾ), അനധികൃത ഖനന പ്രവർത്തനങ്ങളും[121] ധാതുക്കളുടെ അനധികൃത ഗതാഗതവും തടയുന്നതിനുള്ള കേരള മിനറൽസ് (അനധികൃത ഖനനം, സംഭരണം, ഗതാഗതം എന്നിവ തടയൽ) ചട്ടങ്ങൾ, 2015 എന്നിവക്ക് കേരള സർക്കാർ വിജ്ഞാപനം ചെയ്തു (ഫെബ്രുവരി 2015). ദേശീയ ധാതു നയം 2008–ന് പകരമായി ഭാരത സർക്കാർ കൊണ്ടുവന്ന ദേശീയ ധാതു നയം–2019–ഉം, ധാതുക്കളുടെ നിയന്ത്രണത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് നിർവ്വചിക്കുന്നു.

കേരളത്തിലെ ഖനന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുവാനും നിയന്ത്രിക്കുന്നതിനുമുള്ള ചട്ടക്കൂട് അതിന് പര്യാപ്തമാണോ എന്ന് ഓഡിറ്റ് വിശകലനം ചെയ്യുകയും ഇനിപ്പറയുന്ന പോരായ്മകൾ നിരീക്ഷിക്കുകയും ചെയ്തു.

#### *2.7.6.1 സംസ്ഥാനത്തിന് പ്രത്യേക ധാതു നയത്തിന്റെ അഭാവം*

ധാതു വിഭവങ്ങളുടെ ശാസ്ത്രീയവും ചിട്ടയായതുമായ പര്യവേക്ഷണം, ഖനന മേഖലയുടെ ഫലപ്രദമായ നിയന്ത്രണവും സുസ്ഥിരവികസനം എന്നിവ ഉറപ്പാക്കുകയാണ് ധാതു നയം ലക്ഷ്യമിടുന്നത്. ഭാരത സർക്കാർ ഖനി മന്ത്രാലയം,

---

[119] കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയതുപോലെ, അവസാന ഭേദഗതി മാർച്ച് 2022–ലായിരുന്നു.

[120] 1967–ലെ കേരള മൈനർ മിനറൽ കൺസെഷൻ നിയമങ്ങളുടെ അസാധുവാക്കലിൽ.

[121] 2015–ലെ കേരള മിനറൽസ് (അനധികൃത ഖനനം, സംഭരണം, ഗതാഗതം) ചട്ടങ്ങളുടെ ചട്ടം 2 (viii)–ൽ നിർവ്വചിച്ചിരിക്കുന്നത് പോലെ.

2010–ലെ മോഡൽ ധാതു നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ധാതു നയം രൂപീകരിക്കാൻ സംസ്ഥാന സർക്കാരുകളെ ഉപദേശിച്ചു(2010). ഖനി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും സംസ്ഥാനത്തിന് ഒരു ധാതു നയം സർക്കാർ രൂപകൽപന ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഖനന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളായ ധാതുക്കളുടെ പര്യവേക്ഷണവും ലേലവും, ദുരിതബാധിതരുടെ/പ്രദേശങ്ങളുടെ പുനരധിവാസം സുസ്ഥിര ഖനനത്തിന്റെ ശരിയായ പദ്ധതി, വരുമാനസാധ്യത കണ്ടെത്തൽ, ഖനികൾ പുനർസ്ഥാപിക്കൽ, കൈയേറ്റങ്ങൾ/അനധികൃത ഖനനം എന്നിവ കണ്ടെത്തുന്നതിന് സാങ്കേതിക വിദ്യയുടെ ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാനത്തിന് ഒരു നയമില്ല. ഇത് അന്വേഷണത്തിലൂടെയും പര്യവേക്ഷണത്തിലൂടെയും ധാതുക്കളുടെ ലേലം ചെയ്യുന്നതിനേയും ധാതുക്കളുടെ വിവേകപൂർണ്ണമായ ഉപയോഗത്തിനായി ആസൂത്രണം ചെയ്യുന്നതിനേയും ധാതുസമ്പത്ത് കാര്യക്ഷമമായി കണക്കാക്കുന്നതിനേയും സംസ്ഥാനത്തെ തടയുന്നതിനും അത് വഴി ഉള്ള സംസ്ഥാനത്തിന്റെ സാധ്യതയുള്ള വരുമാനം നഷ്ടപ്പെടുത്തുന്നതിനും കാരണമായി.

ആവശ്യമായ നടപടികൾക്കായി ധാതു നയം രൂപീകരിക്കുന്ന കാര്യം കേരളസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് ഡിഎംജി (മാർച്ച് 2023) പ്രസ്താവിച്ചു.

### *2.7.6.2 മൈനർ ധാതുക്കൾ ലേലം ചെയ്യുന്നതിനുള്ള നിയമവ്യവസ്ഥയുടെ അഭാവം*

സംസ്ഥാനങ്ങൾ ഖനനപാട്ടം അനുവദിക്കുന്നത് മത്സരാധിഷ്ഠിത ബിഡ്ഡിംഗിലൂടെ ലേലം ചെയ്ത് വേണം എന്ന് എംഎംഡിആർ നിയമത്തിലെ 10 ബി, 11 വകുപ്പുകൾ നിർദ്ദേശിക്കുന്നു. മേജർ ധാതുക്കൾക്ക് ചെയ്തിരിക്കുന്നതുപോലെ മൈനർ ധാതുക്കൾക്കും ഖനനാനുമതി നൽകുന്നതിന് സുതാര്യമായ ഒരു ലേല സംവിധാനം സ്വീകരിക്കാൻ, ഭാരത സർക്കാരിന്റെ ഖനി മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നിർദ്ദേശം (ഓഗസ്റ്റ് 2015) നൽകി. മിനറൽ ലൈസൻസുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അനുമതികളും അംഗീകാരങ്ങളും നിരീക്ഷിക്കുന്നതിനായി ഭാരത സർക്കാർ ഖനി മന്ത്രാലയം, ട്രാൻസ്പെരൻസി, ഓക്ഷൻ മോണിറ്ററിങ് റിസോഴ്സ് ഓഗ്മെന്റേഷൻ (ടാമ്റ) എന്ന പേരിൽ ഒരു വെബ് പോർട്ടലും[122] മൊബൈൽ ആപ്ലിക്കേഷനും ആരംഭിച്ചു (ഫെബ്രുവരി 2017), ടാമ്റ സംസ്ഥാന സർക്കാരുകൾ യഥാസമയം വിവരങ്ങൾ പുതുക്കേണ്ടതുമാണ്.

എംഎംഡിആർ നിയമവും കേരളസർക്കാരിന്റെ നിർദ്ദേശങ്ങളും അനുസരിച്ച് മിനറൽ ലൈസൻസുകൾ/പാട്ടം ലേലം ചെയ്യുന്നതിന് കേരളസർക്കാരിന്റെ ടാമ്റ നടപ്പിലാക്കുകയോ ഒരു ചട്ടവും രൂപപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കേരളസർക്കാരിന്റെ മിനറൽ ബ്ലോക്കുകൾ ലേലം ചെയ്തത് മത്സരാധിഷ്ഠിത ബിഡ്ഡിംഗ് വഴിയല്ല, 'ആദ്യം വരുന്നവർക്ക് ആദ്യം' എന്ന അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകിയത്. ഈ സംവിധാനത്തിന് സുതാര്യതയും നീതിയും ഇല്ലായിരുന്നു, കൂടാതെ എല്ലാ യോഗ്യരായ വ്യക്തികൾക്കും ബിഡ്ഡിംഗ് മത്സരത്തിനുള്ള ന്യായമായ അവസരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയില്ല. ഇത് കേരളസർക്കാരിന്റെ ഉയർന്ന വരുമാനം ലഭിക്കാതിരിക്കാനുമുള്ള നഷ്ടസാധ്യതയും ഉയർത്തി.

സർക്കാർ ഭൂമിയിലെ മൈനർ ധാതുക്കൾ ലേലം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലാൻഡ് റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ലേല നടപടികൾ പുരോഗമിക്കുകയാണെന്നും ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023). കൂടാതെ, കാസർകോട് ജില്ലയിലെ രണ്ട് ബോക്സൈറ്റ് മിനറൽ ബ്ലോക്കുകളുമായി ബന്ധപ്പെട്ട് ഒരു ജോയിൻറ് വർക്കിംഗ് ഗ്രൂപ്പ് സ്ഥലപരിശോധന നടത്തി ലേലം ചെയ്യാവുന്ന സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിച്ചിട്ടുണ്ടെന്നും കേരള സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ഡിഎംജി അറിയിച്ചു.

---

122 *https://www.tamra.gov.in.*

എന്നിരുന്നാലും, ധാതുക്കളുടെ ലേലം നടത്തുന്നതിനും ഖനന പാട്ടം അനുവദിക്കുന്ന പ്രക്രിയ സുതാര്യമാക്കുന്നതിനുമായി കെഎംഎംസി ചട്ടങ്ങൾ ഇതുവരെയും ഭേദഗതി ചെയ്തിട്ടില്ലെന്ന വസ്തുത നിലനിൽക്കുന്നു.

***ശുപാർശ: സംസ്ഥാനത്തെ ധാതു വിഭവങ്ങൾ ഫലപ്രദമായി കണക്കാക്കുന്നതിനും വിവേകപൂർവ്വം വിനിയോഗിക്കുന്നതിനുമായി കേരള സർക്കാർ ഒരു ധാതു നയവും മിനറൽ ലൈസൻസുകൾ/പാട്ടങ്ങൾ സുതാര്യമായ രീതിയിൽ ലേലം ചെയ്യുന്നതിനുമുള്ള ചട്ടങ്ങളും രൂപപ്പെടുത്തണം.***

### 2.7.7 റോയൽറ്റി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് കെഎംഎംസി ചട്ടങ്ങളിലെ പോരായ്മകൾ

കേരളത്തിൽ മൈനർ ധാതുക്കളുടെ ഖനനം കെഎംഎംസി ചട്ടങ്ങൾ വഴി നിയന്ത്രിക്കപ്പെടുന്നു. ക്വാറി അനുമതി/പാട്ടം അനുവദിക്കൽ/പുതുക്കൽ, ഖനന പദ്ധതി, റോയൽറ്റി കണക്കാക്കലും പിരിച്ചെടുക്കലും, അപ്പീൽ, അവലോകനം, പിഴ മുതലായവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്നു.

കെഎംഎംസി ചട്ടങ്ങളിൽ താഴെ പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

#### *2.7.7.1 വലിയ പ്രദേശങ്ങളിൽ ഖനനം നടത്തുന്നതിനുള്ള റോയൽറ്റിയുടെ നിരക്കിന്റെ അഭാവം*

കെഎംഎംസി ചട്ടങ്ങളിലെ മൂന്നും ഏഴും ചട്ടങ്ങൾ കൺസോളിഡേറ്റഡ്[123] റോയൽറ്റിയുടെ വിവിധ നിരക്കുകൾ വ്യവസ്ഥ ചെയ്യുന്നു. 75,000 രൂപ (10 ആർ വരെയുള്ള പ്രദേശത്തിന്) മുതൽ ഏഴ് ലക്ഷം രൂപ (40 ആറിനും 50 ആറിനും ഇടയിലുള്ള പ്രദേശത്തിന്) വരെയാണ് കൺസോളിഡേറ്റഡ് റോയൽറ്റിയുടെ നിരക്ക്. ചട്ടം 3(3) അനുസരിച്ച്, ക്വാറി പെർമിറ്റിന് കീഴിലുള്ള പ്രദേശം ഒരു ഹെക്ടറിൽ[124] കൂടാത്ത ഒരു യൂണിറ്റ് ആയിരിക്കണം.

അൻപത് ആറിൽ കൂടുതലുള്ള പ്രദേശത്ത് ഖനനം നടത്തുന്നതിനുള്ള കൺസോളിഡേറ്റഡ് റോയൽറ്റിയുടെ നിരക്ക് ചട്ടത്തിൽ വ്യക്തമാക്കിയിട്ടില്ലെന്നും ഇത് സർക്കാരിന്റെ വരുമാനനഷ്ടത്തിലേക്ക് നയിക്കുന്നെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഉദാഹരണത്തിന്, 40 ആറ് മുതൽ 50 ആറ് വരെയുള്ള പ്രദേശത്തിന് ബാധകമായ റോയൽറ്റി അതായത്, ഏഴ് ലക്ഷം രൂപ മാത്രമേ 75.80 ആറിനും 100 ആറിനും ഇടയിലുള്ള പ്രദേശങ്ങളിൽ നിന്ന് ജിബിഎസ് ഖനനം ചെയ്യാൻ ക്വാറി അനുവാദം കൊടുത്ത അഞ്ച് പാട്ടക്കാരിൽ നിന്നും പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇത് ചുവടെയുള്ള **പട്ടിക 2.18**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.18: അൻപത് ആറിൽ കൂടുതലുള്ള പ്രദേശത്തിന് പെർമിറ്റുകൾ അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ട സന്ദർഭങ്ങൾ**

| ക്രമ നമ്പർ | പെർമിറ്റ് ഉടമയുടെ പേര് | ഏരിയ (ആറിൽ) | നൽകിയ തീയതി | ജില്ല |
|---|---|---|---|---|
| 1 | ഡേവിഡ് പി.വി | 100.00 | 29/03/2016 | വയനാട് |
| 2 | ടി വി ഏലിയാസ് | 100.00 | 22/02/2016 | |
| 3 | | 100.00 | 05/04/2016 | |
| 4 | ബാസിൽ ടികെ | 100.00 | 18/05/2016 | |
| 5 | സുധീഷ് എ.ടി. | 80.99 | 08/03/2016 | |

[123] ധാതുക്കൾ ഖനനം ചെയ്ത ഭൂമിയുടെ വ്യാപ്തി അല്ലെങ്കിൽ ജിബിഎസ് ഖനനം ചെയ്യാൻ ഉപയോഗിക്കുന്ന മെറ്റൽ ക്രഷർ യൂണിറ്റിന്റെ ശേഷി എന്നിവ അടിസ്ഥാനമാക്കി റോയൽറ്റി ശേഖരിക്കുന്ന രീതി.

[124] 100 ആറിന് തുല്യം.

| ക്രമ നമ്പർ | പെർമിറ്റ് ഉടമയുടെ പേര് | ഏരിയ (ആറിൽ) | നൽകിയ തീയതി | ജില്ല |
|---|---|---|---|---|
| 6 | ജയരാജൻ[125] | 75.80 | 20/06/2016 | കൊല്ലം |

**പട്ടിക 2.18**-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, 2016 ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ 50 ആറിൽ കൂടുതലുള്ള പ്രദേശങ്ങൾക്ക് 40 ആറിനും 50 ആറിനും ഇടയിലുള്ള പ്രദേശത്തിന് അനുവദിക്കുന്ന ബാധകമായ നിരക്കിൽ ഒരേ ജില്ലയിൽ തന്നെ അതായത് വയനാട് ജില്ലയിൽ ഡയറക്ടറേറ്റ് അഞ്ച് പെർമിറ്റുകൾ നൽകുന്ന തുടർച്ചയായ പ്രവണതയുണ്ട്.

31/03/2023-ലെ കെഎംഎംസി (ഭേദഗതി) ചട്ടങ്ങൾ 2023 പ്രകാരം നിലവിലുള്ള കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സംവിധാനം നീക്കം ചെയ്തതായി ഡിഎംജി പ്രസ്താവിച്ചു (നവംബർ 2023).

### *2.7.7.2 റോയൽറ്റി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷാ വ്യവസ്ഥകളുടെ അഭാവം*

കെഎംഎംസി ചട്ടങ്ങളുടെ 89-ാം ചട്ടം അനുസരിച്ച്, ഒരു മെറ്റൽ ക്രഷർ യൂണിറ്റ് (എംസിയു) രജിസ്റ്റർ ചെയ്യുമ്പോൾ, പാട്ടക്കാരന് ചട്ടത്തിന്റെ റൂളിന്റെ ഷെഡ്യൂൾ III-ൽ വ്യക്തമാക്കിയ കൺസോളിഡേറ്റഡ് റോയൽറ്റി മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിലെ അവസാന ദിവസത്തിന് മുമ്പായി അടക്കത്തക്ക രീതിയിൽ നാല് ത്രൈമാസ ഗഡുക്കളായി പണമടയ്ക്കാൻ തിരഞ്ഞെടുക്കാം. എന്നിരുന്നാലും കൺസോളിഡേറ്റഡ് റോയൽറ്റിയുടെ തവണകൾ നിയമപരമായി മുൻകൂറായി അടക്കുന്നതിൽ വീഴ്ചയോ കാലതാമസമോ വരുത്തിയാൽ പാട്ടക്കാരന് പിഴ ചുമത്തുന്നതിനോ അല്ലെങ്കിൽ സർക്കാരിന് നഷ്ടപരിഹാരം നൽകുന്നതിനോ ഉള്ള വ്യവസ്ഥകളൊന്നും കെഎംഎംസി ചട്ടങ്ങളിൽ അടങ്ങിയിട്ടില്ല. ഉദാഹരണമായി, ശ്രീ.എ.എച്ച്. ഷെരീഫിന്[126] 2016-17 കാലയളവിൽ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ 16 ലക്ഷം രൂപയുടെ കൺസോളിഡേറ്റഡ് റോയൽറ്റി തിരഞ്ഞെടുക്കുകയും അത് അടക്കുകയും വഴി, എംസിയുവിന് രജിസ്ട്രേഷൻ അനുവദിച്ചു, ഇത് സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിന്റെയും അവസാന ദിവസത്തിന് മുമ്പ് നാല് തുല്യ ഗഡുക്കളായി അടയ്ക്കണമായിരുന്നു. പാട്ടക്കാരൻ രണ്ട് ഗഡുക്കൾ അടച്ചു, ബാക്കി റോയൽറ്റി അടയ്ക്കുന്നതിൽ വീഴ്ച വരുത്തി. ഡിസ്ട്രിക്റ്റ് ജിയോളജിസ്റ്റ് കുടിശ്ശിക അടയ്ക്കാനുള്ള ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിക്കുകയും (ജൂൺ 2017), അതിനെതിരെ വാടകക്കാരൻ (ഒക്ടോബർ 2017) അപ്പീൽ അതോറിറ്റിക്ക്[127] മുമ്പാകെ ഒരു അപ്പീൽ നൽകുകയും ചെയ്തു. ഒക്ടോബർ 2017-ൽ റോയൽറ്റി കുടിശ്ശികയായ എട്ട് ലക്ഷം രൂപ അടച്ചതായി പാട്ടക്കാരൻ അറിയിച്ചതിനെത്തുടർന്ന് അപ്പീൽ ഹർജി തീർപ്പാക്കി (മാർച്ച് 2019). കൺസോളിഡേറ്റഡ് റോയൽറ്റി പണമടയ്ക്കുന്നതിലെ കാലതാമസത്തിനുള്ള ശിക്ഷാനടപടികളുടെ അഭാവം, വരുമാന നഷ്ടത്തിന് ഇടയാക്കുക മാത്രമല്ല, പേയ്മെന്റിലെ വീഴ്ച തടയുന്നതിനുള്ള ഫലപ്രദമായ പ്രതിരോധത്തിന്റെ അഭാവത്തിനും കാരണമായി.

വരുമാനനഷ്ടം ഒഴിവാക്കുന്നതിനായി നിലവിലുള്ള എംസിയു രജിസ്ട്രേഷൻ സമ്പ്രദായം നീക്കം ചെയ്യാനും കെഎംഎംസി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താനും സർക്കാരിന് മുമ്പാകെ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്ന് ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

---

[125] കോമ്പാസ് ഐഡി: KOL/Q/2015/135.

[126] കോമ്പാസ് ഐഡി: ERN/Q/2015/119.

[127] കേരള സർക്കാർ പുറപ്പെടുവിച്ച (മേയ് 2016) ഗസറ്റ് വിജ്ഞാപനമനുസരിച്ച്, വ്യവസായ വാണിജ്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ അപ്പലേറ്റ് അതോറിറ്റിയായും പ്രിൻസിപ്പൽ സെക്രട്ടറിയെ (വ്യവസായം) അന്തിമ അപ്പലേറ്റ് അതോറിറ്റിയായും നിയമിച്ചു.

### 2.7.8 ധാതു വരുമാനത്തിന്റെ പിരിവിൽ ഉണ്ടായ കുറവ്

ഖനനാനുമതി/പാട്ടത്തിനുള്ള ഓരോ അപേക്ഷകനും ഖനനം ചെയ്യാൻ അനുമതി ലഭിച്ചിരിക്കുന്ന ധാതുക്കളുടെ അളവിനെ അടിസ്ഥാനമാക്കി നിശ്ചിത നിരക്കിൽ മുൻകൂറായി റോയൽറ്റി നൽകണമെന്ന് കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 7 നിഷ്കർഷിക്കുന്നു. ചട്ടം 89 അനുസരിച്ച്, ജിബിഎസ് ഖനനം ചെയ്യാൻ എംസിയു കൈവശമുള്ള ഒരു അപേക്ഷകന് എംസിയുവിന്റെ ശേഷി അല്ലെങ്കിൽ ധാതുക്കൾ എടുക്കാൻ അനുമതി ലഭിച്ച ഭൂമിയുടെ വിസ്തീർണ്ണം എന്നിവയെ അടിസ്ഥാനമാക്കി നിശ്ചിത നിരക്കിൽ നാല് ത്രൈമാസ ഗഡുക്കളായി കൺസോളിഡേറ്റഡ് റോയൽറ്റി മുൻകൂറായി അടയ്ക്കാം.

ഖനനാനുമതി/പാട്ടത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, കോമ്പൻസേഷൻ വാങ്ങുന്നതിനും ഖനനാനുമതി/പാട്ടം പുതുക്കുമ്പോൾ പാട്ടഉടമയിൽ നിന്ന് കോമ്പൻസേഷൻ കുടിശ്ശികയില്ലെന്ന് ഉറപ്പുവരുത്തുന്നതിനും, എല്ലാ ക്വാറികളിലും ഇടയ്ക്കിടെ പരിശോധന നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകാൻ മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടർക്ക് കേരള സർക്കാർ നിർദ്ദേശം നൽകിയിരുന്നു (ജനുവരി 2015). കേരള മിനറൽസ് (അനധികൃത ഖനനം, സംഭരണം, ഗതാഗതം എന്നിവ തടയൽ) ചട്ടങ്ങൾ, 2015, പ്രകാരം (ചട്ടം 26(4)) ഖനനം ചെയ്ത ധാതുക്കൾ കൊണ്ടുപോകുമ്പോൾ റോയൽറ്റി പിരിച്ചെടുത്ത ശേഷം ജിയോളജിസ്റ്റ് നൽകുന്ന പ്രാമാണികരേഖയായ മിനറൽ ട്രാൻസിറ്റ് പാസ് കൈവശം ഉണ്ടായിരിക്കണം. മിനറൽ ട്രാൻസിറ്റ് പാസ് കൈവശം ഇല്ലാതെ ധാതുക്കൽ കൊണ്ടുപോകുന്നത് ചട്ടം 29 പ്രകാരം ശിക്ഷാർഹമാണ്, രണ്ട് വർഷം വരെ തടവും കൂടാതെ/അല്ലെങ്കിൽ അഞ്ച് ലക്ഷം രൂപ വരെ പിഴയും ശിക്ഷയായി ലഭിക്കാം.

***2.7.8.1*** ഏറ്റവും കുറഞ്ഞത് 20 ശതമാനം അലുമിനിയം ഓക്സൈഡ് അടങ്ങിയ അലൂമിനസ് ലാറ്ററൈറ്റിനെ ഒരു മേജർ ധാതുവായ ബോക്സൈറ്റ് ആയി ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ് (ഐബിഎം) തരംതിരിച്ചു (ഏപ്രിൽ 2018). ലാറ്ററൈറ്റിന് (വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന) കെഎംഎംസി ചട്ടങ്ങൾ അനുസരിച്ച് മെട്രിക് ടണ്ണിന് 95 രൂപ ആയി റോയൽറ്റി നിജപ്പെടുത്തിയിരിക്കുന്നു, അതേസമയം, ബോക്സൈറ്റ് ഖനനം ചെയ്യുന്നതിന് റോയൽറ്റി നൽകേണ്ടിയിരുന്നത്, ഐബിഎം മാസം തോറും പരസ്യപ്പെടുത്തുന്ന ശരാശരി വിൽപ്പന വിലയുടെ 25[128] ശതമാനത്തിന്റെ ആഡ് വെലോറം നിരക്കിലാണ്.

കണ്ണൂർ ജില്ലയിലെ 4.856 ഹെക്ടറിൽ നിന്ന് മൂന്ന് ലക്ഷം മെട്രിക് ടൺ ലാറ്ററൈറ്റ് (വ്യാവസായിക ഉപയോഗം) ഖനനം ചെയ്യാൻ ഡിഎംജി ശ്രീ വി.എസ്.ബഷീറിന്[129] ക്വാറി പാട്ടത്തിന് അനുവദിച്ചു (മാർച്ച് 2021). പാട്ടത്തിനായുള്ള അപേക്ഷയോടൊപ്പം ശ്രീ വി.എസ്. ബഷീർ സമർപ്പിച്ച ലാറ്ററൈറ്റിന്റെ ലബോറട്ടറി പരിശോധനാ റിപ്പോർട്ടും[130] (സെപ്റ്റംബർ 2017) ഡിഎംജി നടത്തിയ പ്രദേശത്തെ മണ്ണിന്റെ ലബോറട്ടറി പരിശോധനകളും[131] (ജനുവരി 2020/ ഫെബ്രുവരി 2021) 20 ശതമാനത്തിൽ കൂടുതൽ അലൂമിനസ് ഓക്സൈഡ് അടങ്ങിയ അലൂമിനിയം ലാറ്ററൈറ്റ് ആണ് ധാതുവെന്നും ആയതിനാൽ, അത് ബോക്സൈറ്റ് ആണെന്നും കണ്ടെത്തി. ബോക്സൈറ്റായി തരംതിരിക്കുന്നതിന് ഐബിഎം നിശ്ചയിച്ച പരിധി കവിഞ്ഞതിനാൽ പ്രദേശത്തെ അലുമിനസ് ലാറ്ററൈറ്റ് ശേഖരത്തെ മേജർ ധാതുവായി കണക്കാക്കണമെന്നും ബ്ലോക്ക് തിരിച്ച് ലേലം ചെയ്യണമെന്ന ജിയോളജിസ്റ്റുകളുടെ ഒരു സമിതിയുടെ നിരീക്ഷണവും (ഓഗസ്റ്റ് 2020) ഇത് സ്ഥിരീകരിക്കുന്നു.

---

[128] 2021–22–ൽ ബോക്സൈറ്റിന്റെ (സിമന്റ്) ശരാശരി വിൽപന വില മെട്രിക് ടണ്ണിന് 594 രൂപ മുതൽ 714 രൂപ എന്ന നിലയിലായിരുന്നു.

[129] കോംപാസ് ഐഡി: KAN/Q/2021-327.

[130] തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയിൽ പരിശോധിച്ചത്.

[131] ബംഗളുരുവിലെ ഐബിഎമ്മിലും പാലക്കാട് മലബാർ സിമന്റ്സിലും പരിശോധിച്ചത്.

ഖനനം ചെയ്തെടുത്ത ധാതു ബോക്സൈറ്റ് ആയതിനാൽ ഈ കേസിൽ എംഎംഡിആർ നിയമപ്രകാരം മേജർ ധാതുക്കളുടെ ശരാശരി വിൽപ്പന വിലയുടെ 25 ശതമാനം റോയൽറ്റിയായി ഈടാക്കേണ്ടതായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ ലാറ്ററൈറ്റിന് ബാധകമായ കുറഞ്ഞ നിരക്കിൽ റോയൽറ്റി പിരിക്കുകയും ഇത് മൂലം ***അനുബന്ധം 26***–ൽ കാണിച്ചിരിക്കുന്നതുപോലെ, 16.39 ലക്ഷം രൂപയുടെ വരുമാന നഷ്ടമുണ്ടാകുകയും ചെയ്തു. ധാതു ഏതെന്ന് സ്ഥിരീകരിക്കുവാൻ ലബോറട്ടറി പരിശോധനകൾ നടത്താത്തതിനാൽ ഈ മേഖലയിൽ ലാറ്ററൈറ്റ് ഖനനം ചെയ്തെടുക്കുന്ന മറ്റ് 14 പാട്ടക്കാരിൽ[132] നിന്ന് കുറഞ്ഞ നിരക്കിൽ റോയൽറ്റി പിരിക്കപ്പെട്ടിരിക്കുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

ഓഡിറ്റ് കണ്ടെത്തൽ അംഗീകരിച്ചുകൊണ്ട്, ശ്രീ.വി.എസ്.ബഷീറിന്റെ ക്വാറി പാട്ടം റദ്ദാക്കിയിട്ടുണ്ടെന്നും (ജനുവരി 2023) ബാധകമായ റോയൽറ്റി വീണ്ടെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

***ശുപാർശ: ഖനനാനുമതി/പാട്ടം നൽകപ്പെടുന്ന ധാതുക്കൾ ഏതെന്ന് തിരിച്ചറിയാൻ ലബോറട്ടറി പരിശോധനകൾ നടത്താനും അതനുസരിച്ച് റോയൽറ്റി ശേഖരിക്കുകയും ചെയ്യുവാൻ ഡിഎംജിയോട് കേരള സർക്കാർ നിർദേശിക്കണം.***

***2.7.8.2*** കോഴിക്കോട് ബൈപ്പാസ് റോഡിന്റെ രണ്ടാം ഘട്ട നിർമാണത്തിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി (യുഎൽസിസിഎസ്) കോഴിക്കോട് ജില്ലയിലെ സ്വകാര്യ ഭൂമിയിൽ നിന്ന് റോയൽറ്റി നൽകാതെ സാധാരണ മണ്ണ് ഖനനം ചെയ്തു അവരുടെ വർക്ക്സൈറ്റിലേക്ക് കൊണ്ടുപോയി. അതിനാൽ, 1.87 ലക്ഷം ക്യുബിക് മീറ്റർ സാധാരണ മണ്ണ് അനധികൃതമായി ഖനനം ചെയ്തതിന് 74.80 ലക്ഷം രൂപ റോയൽറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് ജിയോളജിസ്റ്റ് നോട്ടീസ് നൽകി (ജൂൺ 2016). ഇത് സർക്കാരിന് വേണ്ടിയുള്ള ജോലിയാണെന്നും റോയൽറ്റി അടച്ചാൽ വൻ നഷ്ടമുണ്ടാകുമെന്നും ചൂണ്ടിക്കാണിച്ച് റോയൽറ്റി അടക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് യുഎൽസിസിഎസ് കേരള സർക്കാരിനോട് അഭ്യർത്ഥിച്ചു (സെപ്റ്റംബർ 2016). നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് യുഎൽസിസിഎസിനെ റോയൽറ്റി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കാനാവില്ലെന്ന് കേരള സർക്കാരിന് സമർപ്പിച്ച (മെയ് 2017) ഒരു റിപ്പോർട്ടിൽ ഡിഎംജി പ്രസ്താവിച്ചു. വർക്ക് എസ്റ്റിമേറ്റിൽ തന്നെ റോയൽറ്റിക്കുള്ള വ്യവസ്ഥയും ഉൾകൊള്ളിച്ചിരിക്കുന്നതിനാൽ, ഇളവ് നൽകുന്നതിനെതിരെ ധനകാര്യ വകുപ്പും, കേരളസർക്കാരിന് ശുപാർശ ചെയ്തു (ഡിസംബർ 2017). എന്നിരുന്നിട്ടും, വ്യവസായ വകുപ്പ്, കേരളസർക്കാർ യുഎൽസിസിഎസിനെ റോയൽറ്റി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി (ഫെബ്രുവരി 2018).

എംഎംഡിആർ നിയമമോ കെഎംഎംസി ചട്ടങ്ങളോ ഖനനം ചെയ്തെടുക്കുന്ന ധാതുക്കളുടെ റോയൽറ്റി നൽകുന്നതിൽ നിന്ന് ഏതെങ്കിലും വ്യക്തിയെ ഒഴിവാക്കുന്നതിന് കേരള സർക്കാരിനെ അധികാരപ്പെടുത്തിയിട്ടില്ലാത്തതിനാൽ റോയൽറ്റി അടയ്ക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചത് ക്രമരഹിതമായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. യുഎൽസിസിഎസ് മുൻകൂർ റോയൽറ്റി നൽകാത്തതിനാലും ട്രാൻസിറ്റ് പാസില്ലാതെ ധാതു കടത്തിയതിനാലും, കെഎംഎംസി ചട്ടങ്ങൾ പ്രകാരം 3.60 കോടി രൂപ (റോയൽറ്റി തുകയുടെ ഇരട്ടി) പ്രൈസായും വീണ്ടെടുക്കാവുന്നതാണ്.

അങ്ങനെ, റോയൽറ്റി നൽകുന്നതിൽ നിന്ന് യുഎൽസിസിഎസിന് കേരള സർക്കാർ അനുവദിച്ച ക്രമരഹിതമായ ഇളവും, ബന്ധപ്പെട്ട ജിയോളജിസ്റ്റ് നൽകിയ ഡിമാൻഡ് നോട്ടീസിലെ പ്രൈസിലെ കുറവും ചേർന്ന്, 5.40 കോടി[133] രൂപയുടെ വരുമാന നഷ്ടത്തിന് കാരണമായി.

ആവശ്യമായ നടപടിക്കായി ഇക്കാര്യം കേരള സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

---

[132] മലപ്പുറം ജില്ലയിൽ 10 പാട്ടക്കാരും കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ രണ്ട് വീതവും.

[133] 1.80 കോടി രൂപ റോയൽറ്റിയും 3.60 കോടി രൂപ പ്രൈസും.

***2.7.8.3*** കോട്ടയം ജില്ലയിൽ യഥാക്രമം 19,200 കുബിക് മീറ്റർ ഇഷ്ടിക കളിമണ്ണും 12,438 കുബിക് മീറ്റർ സാധാരണ മണ്ണും ഖനനം ചെയ്ത ശ്രീ ജോസ് കെ. എബ്രഹാം, ശ്രീ സിബിൽ മാത്യൂസ് എന്നിവരിൽ നിന്ന് ലഭിക്കേണ്ട കുടിശ്ശിക കണക്കാക്കിയപ്പോൾ ഡിമാൻഡ് നോട്ടീസിൽ പ്രൈസ് ഉൾപ്പെടുത്താത്തതിനാൽ 12.66 ലക്ഷം[134] രൂപയുടെ പിരിവിൽ കുറവ് ഉണ്ടായി.

***2.7.8.4*** 2016-22 കാലയളവിലെ പാട്ടങ്ങൾ പുതുക്കുന്നതിന് അപേക്ഷിച്ച സമയത്ത്, ഏഴ് പാട്ടക്കാർ അവരുടെ നേരത്തെയുള്ള/ കാലഹരണപ്പെട്ട പാട്ടങ്ങൾക്ക് കീഴിൽ അനുവദനീയമായ അളവിൽ കൂടുതലായി ജിബിഎസ് ഖനനം ചെയ്തതായി കണ്ടു. എന്നിരുന്നിട്ടും അനുവദനീയമല്ലാതിരുന്ന/ ക്രമാതീതമായി ധാതുക്കൾ ഖനനം ചെയ്തതിന് ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ച് റോയൽറ്റിയും പ്രൈസും ഈടാക്കുന്നത് ഡിഎംജി ഉറപ്പാക്കിയില്ല, ഇത് മൂലം ***അനുബന്ധം 27***-ൽ കാണിച്ചിരിക്കുന്നതുപോലെ, കേരള സർക്കാരിന് മൊത്തം 12.45 കോടി രൂപയുടെ വരുമാനം നഷ്ടമായി.

***2.7.8.5*** കണ്ണൂർ ജില്ലയിലെ ശ്രീ ജിൽസൺ ജോസഫ്.വി[135] എന്ന വ്യക്തിക്ക് ജിബിഎസ് ഖനനം ചെയ്യാൻ ഡിഎംജി ക്വാറി പാട്ടത്തിന് അനുവദിച്ചു (ഡിസംബർ 2017). ഖനനം ചെയ്തതിന്റെ അളവ് 1.82 ലക്ഷം മെട്രിക് ടൺ ആണെന്ന് ഒരു റെക്കൊഗ്നൈസ്ഡ് ക്വാളിഫൈഡ് പെഴ്സൺ[136] മുഖേന ഡിഎംജി കണ്ടെത്തിയിരുന്നു, എന്നാൽ ഇതും ഡിഎംജിയുടെ സ്റ്റോക്ക് രജിസ്റ്റർ[137] പ്രകാരമുള്ള കണക്കും തമ്മിൽ 1.61 ലക്ഷം മെട്രിക് ടണ്ണിന്റെ വ്യത്യാസമുണ്ടായിരുന്നു.

അങ്ങനെ, 21,202 മെട്രിക് ടൺ[138] അനധികൃതമായി ഖനനം ചെയ്യപ്പെട്ടു. എന്നാൽ 1,361 മെട്രിക് ടൺ അനധികൃത ഖനനവുമായി ബന്ധപ്പെട്ട് 1.08 ലക്ഷം രൂപ കോമ്പൗണ്ടിംഗ് ഫീസ് മാത്രമാണ് പാട്ടക്കാരനിൽ നിന്ന് ഈടാക്കപ്പെട്ടത്. അതിനാൽ, അവശേഷിക്കുന്ന 19,841 മെട്രിക് ടണ്ണിന്മേലുള്ള റോയൽറ്റിയും പ്രൈസുമായ 14.28 ലക്ഷം[139] രൂപ ഈടാക്കപ്പെട്ടില്ല.

***2.7.8.6*** വയനാട് ജില്ലയിൽ 2.681 ഹെക്ടർ ഭൂമിയിൽ നിന്ന് ജിബിഎസ് ഖനനം ചെയ്യാൻ എം.എം.ടി. കൺസ്ട്രക്ഷൻ കമ്പനിക്ക്[140] ഡിഎംജി ഖനന പാട്ടം അനുവദിച്ചു (മാർച്ച് 2018). അതിർത്തി തൂണുകൾ, ക്വാറി മേഖല, ബഫർ സോൺ എന്നിവയുടെ അതിർത്തി കൃത്യമായി നിർണയിച്ച് പാട്ടക്കാരൻ സമർപ്പിച്ച പരിഷ്കരിച്ച ഖനന പദ്ധതി പ്രകാരം, ബഫർ സോണിൽ നിന്ന് 3,252.50 മെട്രിക് ടൺ ജിബിഎസ് ഖനനം ചെയ്തതായി കണ്ടെത്തി. അതനുസരിച്ച്, പിഴയോടൊപ്പം റോയൽറ്റിയും പ്രൈസും ചേർത്തു 2.34 ലക്ഷം[141] രൂപ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഇത് ഈടാക്കുവാൻ ജിയോളജിസ്റ്റ് നടപടി സ്വീകരിച്ചില്ല.

***2.7.8.7*** കോട്ടയം ജില്ലയിൽ 3.522 ഹെക്ടർ ഭൂമിയിൽ നിന്ന് ജിബിഎസ് ഖനനം ചെയ്യാൻ ജി.കെ.ഗ്രാനൈറ്റ്സ് ലിമിറ്റഡിന്[142] ഡിഎംജി ഖനന പാട്ടം അനുവദിച്ചു (ഓഗസ്റ്റ് 2016). സമീപത്തെ ഭൂമിയിൽ നിന്നുള്ള ഖനനം നിയമവിരുദ്ധമാണെന്ന് ശ്രദ്ധയിൽപ്പെട്ട ജിയോളജിസ്റ്റ് മൂന്ന് ഡിമാൻഡ് നോട്ടീസുകൾ നൽകി, അവയുടെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.19**-ൽ നൽകിയിരിക്കുന്നു:

---

[134] (19,200+12,438)*40 രൂപ.

[135] കോംപാസ് ഐഡി: KAN/Q/2018/213.

[136] ഖനനപദ്ധതി തയ്യാറാക്കുവാൻ നിയുക്ത അധികാരിയാൽ അംഗീകൃതനായ, യോഗ്യതയുള്ള വ്യക്തി.

[137] ധാതുഖനന പാസ്സ് നൽകുന്നതിനായി ഡിഎംജി ഉപയോഗിയ്ക്കുന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനായ കേരളാ ഓൺലൈൻ മൈനിങ് പെർമിറ്റ് അവാർഡിങ് സർവീസസ്സിലെ (കോംപാസ്) ഡാറ്റ പ്രകാരമുള്ളത്.

[138] 1,82,290 മെട്രിക് ടൺ – 1,61,088 മെട്രിക് ടൺ.

[139] റോയൽറ്റി: 4,76,184 രൂപ (19,841 മെട്രിക് ടൺ * 24) പ്രൈസ്: 9,52,368 രൂപ(19,841 മെട്രിക് ടൺ*24*2).

[140] കോംപാസ് ഐഡി: WAY/Q/2018/72.

[141] (3,252.50 മെട്രിക് ടൺ * 24 )*3.

[142] കോംപാസ് ഐഡി: KOT/Q/2015/2.

**പട്ടിക 2.19: ജി.കെ.ഗ്രാനൈറ്റ്സ് ലിമിറ്റഡിന് നൽകിയ ഡിമാൻഡ് നോട്ടീസുകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ഡിമാൻഡ് നോട്ടിസ് തീയതി | നിയമവിരുദ്ധമായി ഖനനം ചെയ്ത അളവ് (മെട്രിക് ടണ്ണിൽ) | റോയൽറ്റിയും പ്രൈസും ഉൾപ്പെടെയുള്ള നിരക്ക് (₹) | അനധികൃത ഖനനത്തിനുള്ള മൊത്തം ഡിമാൻഡ് (₹) |
|---|---|---|---|---|
| 1 | 16/04/2019 | 50,575 | 72[143] | 36,41,400 |
| 2 | 18/06/2020 | 4,000 | 24[144] | 96,000 |
| 3 | 17/08/2020 | 69,765 | 72 | 50,48,080[145] |
| **ആകെ** | | **1,24,340** | | **87,85,480** |

സമീപത്തെ ഭൂമിയിൽ നിന്ന് 4,000 മെട്രിക് ടൺ ഖനനം ചെയ്തതിന് 1.92 ലക്ഷം[146] രൂപയുടെ പ്രൈസ് ഈടാക്കപ്പെട്ടില്ല. 87.85 ലക്ഷം രൂപയുടെ ഈടാക്കല്ലിനെക്കുറിച്ചുള്ള വിവരങ്ങൾ രേഖകളിൽ നിന്ന് പരിശോധിച്ചറിയുവാൻ കഴിഞ്ഞില്ല.

***2.7.8.8*** കൊല്ലം ജില്ലയിൽ 75.80 ആർ ഭൂമിയിൽ നിന്ന് ജിബിഎസ് ഖനനം ചെയ്യാൻ ഡിഎംജി ശ്രീ ജയരാജന്[147] ക്വാറി പെർമിറ്റ് നൽകി (ജൂൺ 2016). കെഎംഎംസി ചട്ടങ്ങൾ പ്രകാരം, വാർഷിക കൺസോളിഡേറ്റഡ് റോയൽറ്റിയായി ഏഴ് ലക്ഷം രൂപ ലഭിക്കുമായിരുന്നെങ്കിലും, ജിയോളജിസ്റ്റ് തെറ്റായി അഞ്ച് ലക്ഷം രൂപ മാത്രമാണ് റോയൽറ്റിയായി പിരിച്ചെടുത്തത് (30 ആറിനും 40 ആറിനും ഇടയിൽ വിസ്തീർണ്ണമുള്ള സ്ഥലത്ത് ഖനനം ചെയ്യുന്നതിന് ബാധകം), അതുവഴി റോയൽറ്റിയിനത്തിൽ രണ്ട് ലക്ഷം രൂപയുടെ കുറവ് ഉണ്ടായി.

***2.7.8.9*** കോട്ടയം ജില്ലയിൽ 12 വർഷത്തേക്ക് ജിബിഎസ് ക്വാറി ചെയ്യുന്നതിന് ശ്രീ.പി.ജെ. ചാക്കോയ്ക്ക്[148] ഡിഎംജി പാട്ടം അനുവദിച്ചു (മാർച്ച് 2010). പാട്ടക്കാരൻ എംസിയു രജിസ്ട്രേഷനും വാർഷിക ഗഡുക്കളായി കൺസോളിഡേറ്റഡ് റോയൽറ്റി അടയ്ക്കാനും തിരഞ്ഞെടുത്തു. കെഎംഎംസി ചട്ടങ്ങൾ പ്രകാരം, പ്രതിവർഷം 16 ലക്ഷം രൂപയായിരുന്നു[149] കൺസോളിഡേറ്റഡ് റോയൽറ്റിക്ക് ബാധകമായ നിരക്ക്, എന്നിരിക്കെ, 2014-17 കാലയളവിൽ പാട്ടക്കാരൻ ഓരോ വർഷവും നാല് ലക്ഷം രൂപ മാത്രമാണ് ഈയിനത്തിൽ അടച്ചത്, ബാക്കി തുകയായ 36 ലക്ഷം രൂപ[150] ഈടാക്കപ്പെട്ടില്ല.

**പട്ടിക 2.19**-ൽ പരാമർശിച്ചിട്ടുള്ള ഒന്നൊഴികെ മറ്റൊരു കേസിലും പിഴ (പരമാവധി അഞ്ച് ലക്ഷം രൂപ) ഈടാക്കിയിട്ടില്ല. ആറ് ജില്ലകളിലായി[151], അനധികൃത ഖനനം നടത്തിയതിന് 26 പാട്ടക്കാർക്ക് ജില്ലാ ജിയോളജിസ്റ്റുമാർ ഡിമാൻഡ് നോട്ടീസ് നൽകുകയും ***അനുബന്ധം 28***-ൽ പറഞ്ഞിരിക്കുന്ന പ്രകാരം 15.50 കോടി രൂപ റോയൽറ്റിയും പ്രൈസും ഈടാക്കുകയും ചെയ്തതായും ഓഡിറ്റ് നിരീക്ഷിച്ചു.

എന്നിരുന്നാലും, ആ പാട്ടക്കാരിൽ നിന്ന് പിഴയോ കോമ്പൗണ്ടിംഗ് ഫീസോ (അഞ്ച് ലക്ഷം രൂപ വരെ) ഈടാക്കാൻ ഡിഎംജി നടപടി സ്വീകരിച്ചില്ല.

---

143 മെട്രിക് ടണ്ണിനു റോയൽറ്റി: 24 രൂപ, പ്രൈസ്: 48 എന്നീ നിരക്കിൽ ഈടാക്കപ്പെട്ടു.

144 റോയൽറ്റി മെട്രിക് ടണ്ണിനു 24 രൂപ നിരക്കിൽ.

145 25,000 രൂപയുടെ പിഴ ഉൾപ്പെടെ.

146 (4000 മെട്രിക് ടൺ *24 രൂപ)*2.

147 കോംപാസ് ഐഡി: KOL/Q/2015/135.

148 കോംപാസ് ഐഡി: KOT/Q/2017/99.

149 180 ഹോർസ് പവർ ശേഷിയുള്ള ഒരു കോൺ ക്രഷർ യൂണിറ്റായിരുന്നു ഈ കേസിലെ എംസിയു. 300 ഹോർസ് പവർ വരെ ശേഷിയുള്ള കോൺ ക്രഷർ യൂണിറ്റുകളുടെ കൺസോളിഡേറ്റഡ് റോയൽറ്റി 16 ലക്ഷം രൂപയായിരുന്നു.

150 (16 ലക്ഷം രൂപ - 4 ലക്ഷം രൂപ)*3 വർഷങ്ങൾ+12.96 ലക്ഷം രൂപ.

151 ആലപ്പുഴ, ഇടുക്കി, കൊല്ലം, കോഴിക്കോട്, തിരുവനന്തപുരം, വയനാട്.

***2.7.8.10*** ഖനനാനുമതി/പാട്ടത്തിന്റെ കാലാവധി അവസാനിച്ചതിന് ശേഷവും തിരുവനന്തപുരം ജില്ലയിൽ 0.90 ഹെക്ടർ സ്ഥലത്ത് നിന്ന് ധാതുക്കൾ ഖനനം ചെയ്യപ്പെടുന്നതിനെക്കുറിച്ച് ലാൻഡ് റവന്യൂ വകുപ്പ് ഡിഎംജിയെ അറിയിച്ചിരുന്നു (സെപ്റ്റംബർ 2015). ജിയോളജിസ്റ്റ് സ്ഥലം പരിശോധിച്ചപ്പോൾ, പ്രദേശത്തിന്റെ ഒരു ഭാഗത്ത് (0.172 ഹെക്ടർ) ഏഴ് മീറ്റർ ആഴത്തിൽ ധാതുക്കൾ ഖനനം ചെയ്തതായി കണ്ടെത്തി. മേഖലയിലെ വെള്ളക്കെട്ട് കാരണമായി ചൂണ്ടിക്കാട്ടി ശേഷിക്കുന്ന 0.728 ഹെക്ടർ സ്ഥലത്ത് ഖനനം ചെയ്തതിന്റെ അളവ് നിർണ്ണയിക്കപ്പെട്ടില്ല.

ക്വാറിയുടെ ഒരു ഭാഗത്ത് ഏഴ് മീറ്റർ വരെ ആഴം അളന്ന സ്ഥിതിക്ക് വെള്ളം കെട്ടിക്കിടക്കുന്ന ബാക്കിയുള്ള ഭാഗത്തിന്റെ ഉയരം/ ആഴം, ഉറപ്പായും ഏഴ് മീറ്ററിൽ കൂടുതലായിരിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എങ്കിലും, കെഎംഎംസി ചട്ടങ്ങൾ പ്രകാരം ബാധകമായ ഏറ്റവും കുറഞ്ഞ റോയൽറ്റി, പ്രൈസ്, പിഴ/കോമ്പൗണ്ടിംഗ് ഫീസ് എന്നിവ ജിയോളജിസ്റ്റ് ഈടാക്കിയില്ല. ഇത് നടക്കാത്തതിനാൽ കുറഞ്ഞത് 91.73 ലക്ഷം[152] രൂപയുടെ വരുമാനം നഷ്ടമായി.

***2.7.8.3 മുതൽ 2.7.8.10 വരെയുള്ള ഖണ്ഡികകളിൽ*** പരാമർശിച്ചിരിക്കുന്ന കേസുകൾ അവലോകനം ചെയ്യുന്നതിനും വരുമാന നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ കുടിശ്ശിക വീണ്ടെടുക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ ഓഫീസുകളെ/ജിയോളജിസ്റ്റുകളെ ചുമതലപ്പെടുത്തുമെന്ന് ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

***ശുപാർശ: നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് കേരള സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുകയും സർക്കാരിന് വന്ന് ചേരേണ്ട ധാതു വരുമാനം കണക്കാക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.***

### 2.7.9 സർക്കാർ/പുറമ്പോക്ക് ഭൂമിയിലെ ഖനനത്തിനുള്ള ഡാമേജസും കോമ്പൻസേഷനും ഈടാക്കപ്പെടാത്തത്

സർക്കാർ/പുറമ്പോക്ക്[153] ഭൂമിയിൽ നിന്ന് ധാതുക്കൾ ഖനനം ചെയ്തെടുക്കുകയാണെങ്കിൽ, റോയൽറ്റിക്ക് പുറമേ, 1957–ലെ കേരള ലാൻഡ് കൺസർവൻസി ആക്റ്റിന്റെ (കെഎൽസിഎ) സെക്ഷൻ 6(1) പ്രകാരം കോമ്പൻസേഷൻ (കേരള സർക്കാർ വിജ്ഞാപനം ചെയ്ത നിരക്കിൽ) നൽകാൻ പെർമിറ്റ് ലഭിച്ച വ്യക്തി/ പാട്ടക്കാരൻ ബാധ്യസ്ഥനാണ്. സർക്കാർ/പുറമ്പോക്ക് ഭൂമിയിൽ നിന്ന് അനധികൃതമായി ധാതുക്കൾ ഖനനം ചെയ്തെടുത്താൽ കെഎൽസിഎയുടെ വകുപ്പ് 6(3) പ്രകാരം ഖനനം ചെയ്ത ധാതുവിന്റെ കോമ്പൻസേഷന് തുല്യമായ ഡാമേജസും 50 രൂപ വരെ പിഴയും ഈടാക്കേണ്ടതാണ്. ജിബിഎസിനുള്ള കോമ്പൻസേഷൻ നിരക്ക് 50 രൂപ/മെട്രിക് ടൺ ആയി നിശ്ചയിച്ചിരുന്നു (ഫെബ്രുവരി 2016). ഡിഎംജിയിലെ ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ലാൻഡ് റവന്യൂ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് അവരവരുടെ അധികാരപരിധിയിലുള്ള മേഖലകളിൽ കെഎംഎംസി ചട്ടങ്ങൾ പ്രകാരമുള്ള അധികാരങ്ങൾ[154] വിനിയോഗിച്ച് അനധികൃത ഖനനത്തിനെതിരെ പ്രവർത്തിക്കാൻ കേരള സർക്കാർ അധികാരം നൽകി (മെയ് 2015). സർക്കാർ/പുറമ്പോക്ക് ഭൂമിയിൽ നിന്ന് മൈനർ ധാതുക്കൾ ഖനനം ചെയ്ത പെർമിറ്റ് ഉടമകളിൽ/ പാട്ടക്കാരിൽ നിന്ന് ബാധകമായ കോമ്പൻസേഷനും ഡാമേജസും ഈടാക്കുന്നതിൽ താഴെ പരാമർശിക്കുന്ന ഏഴ് കേസുകളിൽ പരാജയപ്പെട്ടതിനാൽ 12.04 കോടി[155] രൂപയുടെ വരുമാനക്കുറവുണ്ടായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

152 ((0.7280 ഹെക്ടർ*10000 സ്ക്വയർ മീറ്റർ*7 മീറ്റർ * 2.50)*24 രൂപ)*3.

153 റവന്യൂ റെക്കോർഡുകളിലേക്ക് മൂല്യ നിർണ്ണയം ചെയ്യപ്പെടാത്തതും കേരളസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായ ഭൂമി.

154 സംസ്ഥാനം ഒട്ടാകെ ഡിഎംജിയിലെ ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ അധികാര പരിധിയിൽ വരുന്നു. ജില്ല കളക്ടർമാരുടെ അധികാര പരിധി അതാത് ജില്ലകളിൽ ബാധകമാകുന്നു. മറ്റ് അധികാരികൾക്ക് അവരവരുടെ അധികാര പരിധിയിൽ പെടുന്ന മേഖലകളിൽ തങ്ങളുടെ അധികാരങ്ങൾ വിനിയോഗിക്കാം.

155 97.50 ലക്ഷം രൂപ, 10.70 ലക്ഷം രൂപ, 1.29 കോടി രൂപ, 15.05 ലക്ഷം രൂപ, 75.09 ലക്ഷം രൂപ, 8.50 കോടി രൂപ എന്നിവയുടെ ആകെ തുക.

- ഇടുക്കി ജില്ലയിൽ 0.8094 ഹെക്ടർ പുറമ്പോക്ക് ഭൂമിയിൽ[156] നിന്ന് ജിബിഎസ് ഖനനം ചെയ്തതിന് ശ്രീ കെ.സി.ജോർജിന്[157] (ജൂൺ 2010) ക്വാറി പാട്ടത്തിന് അനുവദിച്ചു. അനുവദനീയമായ പാട്ടമേഖലയ്ക്ക് പുറത്തുള്ള പുറമ്പോക്ക് ഭൂമിയിൽ നിന്ന് പാട്ടക്കാരൻ 1.95 ലക്ഷം മെട്രിക് ടൺ ജിബിഎസ് ഖനനം ചെയ്തതായി ജില്ലാ ജിയോളജിസ്റ്റ് കണ്ടെത്തുകയും, റോയൽറ്റിയും അടയ്ക്കേണ്ട പ്രൈസുമായി 1.40 കോടി രൂപ തിരിച്ചുപിടിക്കാൻ ഡിമാൻഡ് നോട്ടീസ് നൽകുകയും ചെയ്തു (മാർച്ച് 2017). ഡിമാൻഡ് നോട്ടീസിന്റെ ഒരു പകർപ്പ് കേരള സർക്കാരിന്റെ ലാൻഡ് റവന്യൂ വകുപ്പിനും നൽകി. സർക്കാർ ഭൂമിയിൽ നിന്ന് ധാതുക്കൾ ഖനനം ചെയ്തതിന് കോമ്പൻസേഷൻ ആയ 97.50 ലക്ഷം[158] രൂപ ജില്ലാ കളക്ടർ പിരിച്ചെടുത്തു. അനധികൃത ഖനനം സംബന്ധിച്ചുള്ള ജിയോളജിസ്റ്റിന്റെ അറിയിപ്പ് ലഭിച്ചിട്ടും (മാർച്ച് 2017) ലാൻഡ് റവന്യൂ വകുപ്പ് ഡാമേജസ് (കേരള ലാൻഡ് കൺസർവൻസി ആക്ട്, 1957-ലെ സെക്ഷൻ 6(3) പ്രകാരമുള്ള കോമ്പൻസേഷൻ തുകയ്ക്ക് തുല്യമായത്) ഈടാക്കിയില്ല, അതുവഴി 97.50 ലക്ഷം രൂപയാണ് സർക്കാരിന്റെ വരുമാനനഷ്ടം.

- കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ഒരു അപേക്ഷകന്റെ ക്വാറി പെർമിറ്റ് പുതുക്കുന്നതിന് നിയമപരമായി ആവശ്യമുള്ള എല്ലാ ലൈസൻസുകളും/ ക്ലിയറൻസുകളും/ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകളും മറ്റും ഉത്തരവാദപ്പെട്ട അധികാരികൾ ഹാജരായ്ക്കേണ്ടതാണ്.

  കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പാട്ടത്തിന്റെ കാലാവധി അവസാനിച്ച (ഡിസംബർ 2016) നാല് പാഴ്സലുകളിലുള്ള 3.9342 ഹെക്ടർ സ്വകാര്യ ഭൂമിയിൽ നിന്ന് ജിബിഎസ് ഖനനം ചെയ്തതിനുള്ള ക്വാറി ലീസ് പുതുക്കുന്നതിന് ശ്രീ.ആർ.കൃഷ്ണമൂർത്തി[159]അപേക്ഷിച്ചു(ഫെബ്രുവരി 2017). അനുവദനീയമായ പാട്ടമേഖലയ്ക്ക് പുറത്തുള്ള പുറമ്പോക്ക് ഭൂമിയിൽ നിന്ന് പാട്ടക്കാരൻ 4,278 ക്യൂബിക് മീറ്റർ (അല്ലെങ്കിൽ 10,695 മെട്രിക് ടൺ) ജിബിഎസ് ഖനനം ചെയ്തതായി തഹസിൽദാർ ജിയോളജിസ്റ്റിനെ അറിയിച്ചു (ഒക്ടോബർ 2017). എന്നാൽ പുറമ്പോക്ക് ഭൂമിയിൽ നിന്ന് ജിബിഎസ് ഖനനം ചെയ്തതിന് കോമ്പൻസേഷനും ഡാമേജസ് ഇനത്തിലുമായി ഈടാക്കേണ്ടിയിരുന്ന 10.70 ലക്ഷം[160] രൂപ പാട്ടം പുതുക്കി നൽകിയപ്പോൾ ഈടാക്കപ്പെട്ടു എന്ന് ജിയോളജിസ്റ്റ് ഉറപ്പാക്കിയില്ല (ജൂൺ 2018).

- സർക്കാർ ഭൂമിയിൽ നിന്ന് വി.കെ.റോക്സ് പ്രൈവറ്റ് ലിമിറ്റഡ്[161] അധികമായി 2.57 ലക്ഷം മെട്രിക് ടൺ ജിബിഎസ് ഖനനം ചെയ്തിട്ടുണ്ടെന്നും അതിനാൽ, അനധികൃത ഖനനത്തിന് 1.29 കോടി[162] രൂപ നഷ്ടപരിഹാരം നൽകാൻ അവർ ബാധ്യസ്ഥരാണെന്നും ലാൻഡ് റവന്യൂ വകുപ്പ് കൊല്ലം ജില്ലാ ജിയോളജിസ്റ്റിനെ അറിയിച്ചു(ജൂലൈ 2021) അധിക കോമ്പൻസേഷൻ പോലെ തിരിച്ചുപിടിക്കപ്പെടേണ്ട മറ്റ് തുകകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ തേടുകയും ചെയ്തു (ജൂലൈ 2021). ആവശ്യപ്പെട്ട വിവരങ്ങൾ ജിയോളജിസ്റ്റ് നൽകാത്തതിനാൽ ഡാമേജസ് ഇനത്തിൽ 1.29 കോടി രൂപ പിരിച്ചെടുക്കാനായില്ല.

- ക്വാറിക്ക് ചുറ്റുമുള്ള ബഫർ സോണിൽ നിന്ന് 16,175 മെട്രിക് ടൺ ജിബിഎസും അനുവദനീയമായ പാട്ടമേഖലയ്ക്ക് പുറത്ത് നിന്ന് (അതായത്, ക്വാറിക്കു ചുറ്റുമുള്ള ബഫർ സോണിന്റെ അതിർത്തിക്ക് പുറത്ത്) 13,920 മെട്രിക് ടണ്ണും അനന്തപുരി ബ്ലൂ

156 റീ സർവെ നമ്പർ 217/5 പാർട്ട് / ബ്ലോക്ക് നമ്പർ 18.
157 കോമ്പാസ് ഐഡി: IDU/Q/2015/36.
158 1,95,000 എം ടി*250.
159 കോമ്പാസ് ഐഡി: KOLl/Q/2018/255.
160 (10,695 എംടി*250)*2.
161 കോമ്പാസ് ഐഡി: KOL/Q/2018/5/258
162 2,57,114 എംടി*250

മെറ്റൽസ്[163] ഖനനം ചെയ്തതായി ലാൻഡ് റവന്യൂ വകുപ്പ് കൊല്ലം ജില്ലാ ജിയോളജിസ്റ്റിന് റിപ്പോർട്ട് ചെയ്തു (ഓഗസ്റ്റ് 2021). പാട്ടക്കാരനിൽ നിന്ന് റോയൽറ്റി, പ്രൈസ്, കോമ്പൻസേഷൻ, പിഴ എന്നിവ ഈടാക്കിയെങ്കിലും, ബഫർ സോണിൽ നിന്നും പാട്ടമേഖലയ്ക്ക് പുറത്ത് നിന്നും ജിബിഎസ് ഖനനം ചെയ്തതിന് ഡാമേജസ് ഈടാക്കിയില്ല. ഇത് 15.05 ലക്ഷം[164] രൂപയുടെ വരുമാനം നഷ്ടത്തിന് ഇടയാക്കി.

- സർക്കാർ ഭൂമിയിലെ[165] ക്വാറികളിൽ നിന്ന് മൂന്ന് വ്യക്തികൾ[166] അനധികൃതമായി ജിബിഎസ് ഖനനം ചെയ്തതിനെക്കുറിച്ച് ലാൻഡ് റവന്യൂ വകുപ്പ് തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന് റിപ്പോർട്ട് നൽകി (സെപ്റ്റംബർ 2015). തൽഫലമായി, സ്ഥല പരിശോധന നടത്തിയ ശേഷം ജില്ലാ ജിയോളജിസ്റ്റ് ആ വ്യക്തികൾക്കെതിരെ 7.11 കോടി രൂപയ്ക്കുള്ള അഞ്ച് ഡിമാൻഡ് നോട്ടീസുകൾ നൽകി (മെയ്-സെപ്റ്റംബർ 2020).

  കുടിശ്ശിക അടയ്ക്കാത്തതിനാൽ, അഞ്ച് ഡിമാൻഡ് നോട്ടീസുകളിൽ മൂന്നെണ്ണത്തിലും ഉൾപ്പെട്ട തുക ഈടാക്കുവാൻ ഡിഎംജി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചു (ജനുവരി 2021). എന്നാൽ, ബാക്കിയുള്ള രണ്ട് ഡിമാൻഡ് നോട്ടീസുകളിൽ ഉൾപ്പെടുത്തിയ 75.09 ലക്ഷം രൂപയുടെ കുടിശ്ശിക ഈടാക്കുവാൻ ഒരു നടപടിയും സ്വീകരിച്ചില്ല.

- 29,627 ക്യൂബിക് മീറ്റർ ജിബിഎസ് ഖനനം ചെയ്യാൻ ഗ്രീൻവർത്ത് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിന് (ജി.ഐ.പി.എൽ) ഇടുക്കി ജില്ലാ കളക്ടർ അനുമതി നൽകി (മാർച്ച് 2020), ഇതിനായി ജി.ഐ.പി.എൽ, 17.78 ലക്ഷം[167] രൂപ റോയൽറ്റിയായി നൽകി. ജിയോളജിസ്റ്റ് സമർപ്പിച്ച (മാർച്ച് 2020) റിപ്പോർട്ട് അനുസരിച്ച്, മിനറൽ ട്രാൻസിറ്റ് പാസ് ലഭിക്കാതെ തന്നെ സൈറ്റുകളിൽ നിന്ന് ജി.ഐ.പി.എൽ മൊത്തം 38,295 ക്യൂബിക് മീറ്റർ ജിബിഎസ് ഖനനം ചെയ്യുകയും കടത്തുകയും ചെയ്തു. അനധികൃതമായി 8,668.60 ക്യൂബിക് മീറ്റർ (അതായത്, 38,295 ക്യൂബിക് മീറ്റർ - 29,627 ക്യൂബിക് മീറ്റർ) ഖനനം ചെയ്തിട്ടും ട്രാൻസിറ്റ് പാസില്ലാതെ മുഴുവനും കടത്തിക്കൊണ്ടുപോയിട്ടും, 29,627 ക്യൂബിക് മീറ്റർ ജിബിഎസിന്റെ പ്രൈസും 8,668.60 ക്യൂബിക് മീറ്ററിന്റെ റോയൽറ്റിയും (പ്രൈസും പിഴയും സഹിതം) ഡിഎംജി ഈടാക്കിയില്ല.

  ജിയോളജിസ്റ്റിന്റെ സൈറ്റ് പരിശോധനയിൽ (ജൂലൈ 2018) ജി.ഐ.പി.എൽ അനുവദനീയമായ പ്രദേശത്തിന് പുറത്ത് നിന്ന് 44,747.52 ക്യൂബിക് മീറ്റർ ജിബിഎസ് അനധികൃതമായി ഖനനം ചെയ്തതായി കണ്ടെത്തി. സബ് കളക്ടറുടെ റിപ്പോർട്ട് പ്രകാരം, റോഡ് പ്രവൃത്തിക്ക് അനുവദനീയമായ പ്രദേശത്തിന് പുറത്ത് നിന്ന് 2.51 ലക്ഷം ക്യൂബിക് മീറ്റർ ജിബിഎസ്സും ജി.ഐ.പി.എൽ അനധികൃതമായി ഖനനം ചെയ്തതായി ജില്ലാ കളക്ടർക്ക് അയച്ച കത്തിൽ ജിയോളജിസ്റ്റ് വ്യക്തമാക്കി (ഓഗസ്റ്റ് 2021). ജിബിഎസ് ഖനനം ചെയ്തത് സർക്കാർ ഭൂമിയിൽ നിന്ന് ആകയാൽ, കെഎൽസിഎയുടെ വ്യവസ്ഥകൾ പ്രകാരം ഡാമേജസും കോമ്പൻസേഷനും ജി.ഐ.പി.എല്ലിൽ നിന്ന് ഈടാക്കാവുന്നതായിരുന്നു. **പട്ടിക 2.20**-ൽ കാണിച്ചിരിക്കുന്നതുപോലെ, റോയൽറ്റി, പ്രൈസും, ഡാമേജസും കോമ്പൻസേഷനും എന്നിവ ഈടാക്കാത്തതിനാൽ 8.50 കോടി രൂപയുടെ വരുമാനം സർക്കാരിന് നഷ്ടമായി.

---

163 കോംപാസ് ഐഡി: KOL/Q/2019/278.

164 (16,175 എംടി+13,920 എംടി)*50.

165 റീസർവെ നമ്പറുകൾ:261/5,261/1,251/4,251/8,218/6.

166 ശ്രീ.കൃഷ്ണമൂർത്തി, ശ്രീമതി.ഉഷദേവി, ശ്രീ.ബിനു തോമസ്.

167 29,627 കുബിക് മീറ്റർ* 60 രൂപ.

**പട്ടിക 2.20: ജിബിഎസ് അനധികൃതമായി ഖനനം ചെയ്തതിനും നീക്കിയതിനുമുള്ള വരുമാനം വീണ്ടെടുക്കാത്തത്**

| വിശദാംശങ്ങൾ | അളവ് (ക്യുബിക് മീറ്റർ) | നിരക്ക് (₹/ക്യുബിക് മീറ്റർ) | തുക (കോടി രൂപ) |
|---|---|---|---|
| ട്രാൻസിറ്റ് പാസ് ഇല്ലാതെ ധാതു കൊണ്ടുപോകുന്നതിനുള്ള പ്രൈസ് (കെഎംഎംസി ചട്ടങ്ങൾ) | 29,627.00 | 120 | 0.35 |
| അനുവാദമില്ലാതെ ധാതുക്കൾ ഖനനം ചെയ്തതിനും കൊണ്ടുപോയതിനുമുള്ള റോയൽറ്റിയും പ്രൈസും (കെഎംഎംസി ചട്ടങ്ങൾ) | 8,668.60 | 180 | 0.16 |
| സർക്കാർ ഭൂമിയിൽ നിന്ന് ധാതുക്കൾ ഖനനം ചെയ്തതിനുള്ള കോമ്പൻസേഷൻ (കെഎൽസിഎ) | 29,627.00 | 125 | 0.37 |
| അനുവാദമില്ലാതെ ധാതുക്കൾ ഖനനം ചെയ്തതിനും കൊണ്ടുപോയതിനുമുള്ള കോമ്പൻസേഷനും ഡാമേജസും (കെഎൽസിഎ) | 8,668.60 | 250 | 0.22 |
| അനുവദനീയമായ പ്രദേശത്തിന് പുറത്ത് ഖനനം ചെയ്തതിനുള്ള കോമ്പൻസേഷനും ഡാമേജസും (കെഎൽസിഎ) | 44,747.52 | | 1.12 |
| | 2,51,289.33 | | 6.28 |
| **ആകെ** | | | **8.50** |

*(സ്രോതസ്സ് ഡിഎംജി രേഖകൾ)*

- ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമിയിൽ[168] നിന്ന് ഫെബ്രുവരി 2013 മുതൽ ഫെബ്രുവരി 2014 വരെ ജിബിഎസ് ഖനനം ചെയ്യാൻ ശ്രീ.കെ.ജെ തോമസിന്[169]ഡിഎംജി ക്വാറി പെർമിറ്റ് നൽകി. അനുവദനീയമായ പ്രദേശത്തിന് പുറത്ത് നിന്ന് ജിബിഎസ് ഖനനം ചെയ്തത് ലാൻഡ് റവന്യൂ വകുപ്പ് റിപ്പോർട്ട് ചെയ്തു (ഫെബ്രുവരി 2016). അതിനാൽ, 9,776 ക്യുബിക് മീറ്റർ ജിബിഎസ് ഖനനം ചെയ്യുന്നതിന് റോയൽറ്റി, പ്രൈസ്, പിഴ എന്നിവയ്ക്കായി 17.60 ലക്ഷം രൂപ ആവശ്യപ്പെട്ട് ഡിസ്ട്രിക്റ്റ് ജിയോളജിസ്റ്റ് പാട്ടക്കാരന് നോട്ടീസ് നൽകി (ഡിസംബർ 2016). കുടിശ്ശിക അടയ്ക്കാത്തതിനാൽ, റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചു (ജൂലൈ 2021), എന്നാൽ, 6,256 ക്യുബിക് മീറ്റർ ഖനനം ചെയ്തതിന് 11.26 ലക്ഷം[170] രൂപയുടെ ഡിമാൻഡ് നോട്ടീസ് പാട്ടക്കാരന് നൽകിയില്ല. കൂടാതെ, ധാതുക്കൾ ഖനനം ചെയ്തതു സർക്കാർ ഭൂമിയിൽ നിന്നായതിനാൽ, കോമ്പൻസേഷൻ, ഡാമേജസ് എന്നീ വകകളിൽ 16.03 ലക്ഷം[171] രൂപ ഈടാക്കപ്പെടേണ്ടതായിരുന്നു. എന്നാൽ, ജില്ലാ ജിയോളജിസ്റ്റ് അതിനുള്ള ഡിമാൻഡ് നോട്ടീസ് നൽകിയില്ല.

ലാൻഡ് റവന്യൂ വകുപ്പുമായി ഏകോപിപ്പിച്ച് തുക തിരിച്ചുപിടിക്കാൻ ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലാ ഓഫീസുകളിലെ ജിയോളജിസ്റ്റുകൾക്ക് നിർദ്ദേശം നൽകുമെന്നും കുടിശ്ശിക തീർപ്പാക്കുന്നതിന് പത്തനാപുരം താലൂക്കിലെ പാട്ടക്കാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഡിഎംജി അറിയിച്ചു (മാർച്ച് 2023). വയനാട് ജില്ലയിലെ 17 ക്വാറികളിൽ നിന്ന് ഈടാക്കേണ്ട കുടിശ്ശികയുടെ കാര്യം സർക്കാരിന്റെ

168 റീസർവെ നമ്പറുകൾ: 289/2,289/4,289/6,289/7,290/2 ബ്ലോക്ക് നം.34.

169 കോംപാസ് ഐഡി: IDU/Q/2015/33.

170 റോയൽറ്റി: 6.256 ക്യുബിക് മീറ്റർ* റോയൽറ്റി നിരക്കായ 60 രൂപ / ക്യുബിക് മീറ്റർ + പ്രൈസ്: 2*(6.25 ക്യുബിക് മീറ്റർ*60 രൂപ)

171 കോമ്പൻസേഷൻ= ([9,776 ക്യുബിക് മീറ്റർ + 6,256 ക്യുബിക് മീറ്റർ]) * 50 രൂപ + ഡാമേജസ് = കോമ്പൻസേഷന് തത്തുല്യമായ തുക.

ശ്രദ്ധയിൽപ്പെടുത്തുമെന്ന് ഡിഎംജി അറിയിച്ചു. ജി.ഐ.പി.എല്ലിൽ നിന്നുള്ള റോയൽറ്റി, പ്രൈസ്, കോമ്പൻസേഷൻ, ഡാമേജസ് എന്നിവ തിരിച്ചുപിടിക്കാത്ത വിഷയം കോടതി വിധിക്ക് അധീനമാണെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അന്തിമ ഉത്തരവുകൾ പാലിക്കുമെന്നും ഡിഎംജി പ്രസ്താവിച്ചു.

### 2.7.10 അനധികൃത ഖനനത്തിനുള്ള പിഴ

കേരള മിനറൽസ് (അനധികൃത ഖനനം, സംഭരണം, ഗതാഗതം എന്നിവ തടയൽ) ചട്ടങ്ങൾ, 2015 അനുസരിച്ച്, 'അനധികൃത ഖനനം' എന്നാൽ സംസ്ഥാനത്തിനകത്ത് ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അസോസിയേഷനോ കമ്പനിയോ എംഎംഡിആർ ആക്റ്റിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അല്ലെങ്കിൽ അതിന് കീഴിലുണ്ടാക്കിയ നിയമങ്ങൾ പ്രകാരം പ്രോസ്പെക്റ്റിംഗ് ലൈസൻസോ ഖനന പാട്ടത്തിനോ ക്വാറി ലീസോ ക്വാറി പെർമിറ്റോ ഇല്ലാതെ നടത്തുന്ന ഖനന പ്രവർത്തനങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്. കെഎംഎംസി ചട്ടങ്ങളിലെ ഏതൊരു വ്യവസ്ഥയുടെ ലംഘനത്തിനും ശിക്ഷയായി ചട്ടം 108(1) നിർദ്ദേശിക്കുന്നത്, രണ്ട് വർഷം വരെ തടവും കൂടാതെ/ അല്ലെങ്കിൽ അഞ്ച് ലക്ഷം രൂപ വരെ പിഴയും ആണ്. കൂടാതെ, ഇത്തരം സന്ദർഭങ്ങളിൽ റോയൽറ്റിക്ക് പുറമേ ഖനനം ചെയ്ത ധാതുവോ അതിന്റെ പ്രൈസോ (ധാതുക്കൾ ഇതിനകം വിൽക്കപ്പെട്ടിട്ടുണ്ടെങ്കിൽ) ഈടാക്കാമെന്ന് ചട്ടം 108(2) നിർദ്ദേശിക്കുന്നു. ആ അധികാരം പ്രകാരമുള്ള തുക ഈടാക്കുന്നതിന്, നിയമങ്ങൾക്കനുസൃതമായി ഏതൊരു കുറ്റവും കോമ്പൗണ്ട് ചെയ്യാനോ അല്ലെങ്കിൽ നിർദ്ദിഷ്ട അധികാരി നിർദ്ദേശിക്കുന്ന തുക[172] ഈടാക്കുവാനോ ചട്ടം 111 നിയുക്ത അധികാരിയെ വ്യവസ്ഥ ചെയ്യുന്നു. ചട്ടം 111 പ്രകാരം അധികാരികൾക്ക് നൽകപ്പെട്ടിട്ടുള്ള വിവേചനാധികാരത്തിന്റെ ഏകപക്ഷീയമായ വിനിയോഗം ഒഴിവാക്കുന്നതിന് കെഎംഎംസി ചട്ടങ്ങളിൽ ഉചിതമായ ഭേദഗതികൾ കൊണ്ടുവരാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി[173] കേരള സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു (ജൂലൈ 2015).

ചുവടെ വിശദീകരിച്ചിരിക്കുന്നതുപോലെ കെഎംഎംസി ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന ശിക്ഷാ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു:

- രേഖകളുടെ ഒരു മാതൃകാ പരിശോധനയിൽ, സാധാരണ മണ്ണിന്റെ അനധികൃത ഖനനത്തിന്റെ ഒമ്പത് സംഭവങ്ങളിൽ, എല്ലാ കുറ്റക്കാരിൽ നിന്നും 25,000 രൂപ വീതം പിരിച്ചെടുത്ത് നിയുക്തഅധികാരി കുറ്റം കോമ്പൗണ്ട് ചെയ്തതായി നിരീക്ഷിക്കപ്പെട്ടു. ***അനുബന്ധം 29***–ൽ കാണിച്ചിരിക്കുന്നതുപോലെ, കുറ്റക്കാർ നിയമവിരുദ്ധമായി ഖനനം ചെയ്ത ധാതുക്കളുടെ അളവുകൾ തമ്മിലുള്ള പരിധി, 481 മെട്രിക് ടൺ മുതൽ 3,31,451 മെട്രിക് ടൺ വരെയുമായിരുന്നു. നിയമവിരുദ്ധമായി ഖനനം ചെയ്ത ധാതുക്കളുടെ അളവിന് ആനുപാതികമായി കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കാൻ കെഎംഎംസി ചട്ടങ്ങളിൽ വ്യവസ്ഥയില്ല. അതിനാൽ, കെഎംഎംസി ചട്ടങ്ങളിലെ ശിക്ഷാ വ്യവസ്ഥകൾ, വസ്തുനിഷ്ഠമല്ലാത്തതും നിർദ്ദിഷ്ട അധികാരിയുടെ വിവേചനാധികാരത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളതുമായിരുന്നു.

  കെഎംഎംസി ചട്ടങ്ങൾ അനുസരിച്ചാണ് പിഴ ചുമത്തിയതെന്ന് ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023). രണ്ട് ജില്ലകളിലായി ഓഡിറ്റ് നിരീക്ഷിച്ച ഒമ്പത് സംഭവങ്ങളിലെങ്കിലും, നിയമവിരുദ്ധമായി ഖനനം ചെയ്ത ധാതുക്കളുടെ അളവ് കണക്കിലെടുക്കാതെ, ഒരേപോലെ 25,000 രൂപ പിഴ ഈടാക്കിയതിനാൽ, മറുപടി സ്വീകാര്യമല്ല.

  അങ്ങനെ, നിയമ ലംഘനം തടയുന്നതിൽ കെഎംഎംസി ചട്ടങ്ങളിലെ ശിക്ഷാ വ്യവസ്ഥകൾ ഫലപ്രദമായിരുന്നില്ല.

---

172 ശിക്ഷയായി പിഴ മാത്രം ഈടാക്കുന്ന കുറ്റങ്ങളിൽ തുക ചുമത്തപ്പെട്ട പരമാവധി പിഴയെക്കാൾ(അഞ്ച് ലക്ഷം രൂപ) കൂടരുത്.

173 2015–ലെ WPC നം 21117.

- കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 108 (2)[174] പ്രകാരം, അനധികൃതമായി ഖനനം ചെയ്ത ധാതുക്കളുടെ മേൽ ചുമത്തേണ്ട പ്രൈസ്, ബാധകമായ റോയൽറ്റിയുടെ ഇരട്ടിയായിരുന്നു. ധാതുക്കളുടെ നിലവിലുള്ള വിപണി വില, ഈടാക്കപ്പെടുന്ന പ്രൈസിനേക്കാൾ ഗണ്യമായി ഉയർന്നതായിരുന്നതിനാൽ, കേരള സർക്കാരിന് ധാതുക്കളുടെ നിലവിലുള്ള വിപണി വില ഈടാക്കുവാനുള്ള അവസരം നഷ്ടമായി. 2016-22 കാലഘട്ടത്തിൽ 31.78 ലക്ഷം മെട്രിക് ടൺ ധാതുക്കൾ (തെരഞ്ഞെടുത്ത ആറ് ജില്ലകളിൽ മാതൃകാ പരിശോധന നടത്തിയ 20 കേസുകളിൽ) അനധികൃതമായി ഖനനം ചെയ്തതിന് ***അനുബന്ധം 30***-ൽ സൂചിപ്പിച്ചിരിക്കുന്ന 187.69 കോടി രൂപ വിപണിവില ഈടാക്കുന്നതിന് പകരം ഡിഎംജി 15.25 കോടി രൂപ മാത്രമാണ് പ്രൈസ് ആയി ഈടാക്കിയതെന്ന് കണ്ടെത്തി. ധാതുക്കളുടെ വിപണി വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ അനധികൃത ഖനന കേസുകളിൽ നിന്ന് ലഭിച്ച പ്രൈസ് തുച്ഛമായതിനാൽ, അത് അനധികൃത ഖനന പ്രവർത്തനങ്ങൾക്ക് എതിരെ ഫലപ്രദമായ പ്രതിരോധമായി പ്രവർത്തിച്ചില്ല.

- ധാതുക്കളുടെ ചരക്കുനീക്കം നിയന്ത്രിക്കുന്നത് കേരള മിനറൽസ് (അനധികൃത ഖനനം, സംഭരണം, ചരക്കുനീക്കം എന്നിവ തടയൽ) ചട്ടങ്ങൾ, 2015 വഴിയാണ്. കെഎംഎംസി ചട്ടങ്ങളിലെ ഷെഡ്യൂൾ I-ൽ പരാമർശിച്ചിരിക്കുന്ന 13 മൈനർ ധാതുക്കളുടെ അനധികൃത കടത്തുമായി ബന്ധപ്പെട്ട് പിടികൂടിയ വാഹനങ്ങൾക്ക് ഏറ്റവും കുറഞ്ഞ കോമ്പൗണ്ടിംഗ് ഫീസ് നിശ്ചയിക്കുന്നതിനായി കേരള സർക്കാർ ഒരു മാർഗ്ഗനിർദ്ദേശം[175] പുറപ്പെടുവിച്ചു (ജൂൺ 2017).

  എന്നിരുന്നാലും, ഏഴ്[176] മൈനർ ധാതുക്കളുടെ അനധികൃത കടത്തലിനുള്ള റോയൽറ്റിയും പ്രൈസും ഈടാക്കുന്നതിന് മാർഗ്ഗനിർദ്ദേശത്തിൽ വ്യവസ്ഥയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് മൂലം ജിബിഎസ്, ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോൺ (എൽബിഎസ്), സാധാരണ മണ്ണ്, മണൽ എന്നിവയുടെ അനധികൃത കടത്തലുമായി ബന്ധപ്പെട്ട് 132 സംഭവങ്ങളിൽ റോയൽറ്റിയും പ്രൈസും ഈടാക്കാനാകാതെ പോയി.

  കെഎംഎംസി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് പ്രൈസ് ഈടാക്കിയതെന്നും ചട്ടങ്ങളിലെ ഭേദഗതിയുടെ കരട് കേരള സർക്കാരിന്റെ പരിഗണനയിലാണെന്നും ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023), എന്നിരുന്നാലും, കെഎംഎംസി ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രൈസ്, ധാതുക്കളുടെ അനധികൃത ഖനനം മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം പരിഹരിക്കുന്നില്ല എന്നതാണ് വസ്തുത.

- ഐബിഎമ്മിന് കേരള സർക്കാർ/ഡിഎംജി സമർപ്പിച്ച അനധികൃത ഖനനത്തിന്റെ 2016-22 കാലയളവിലേക്കുള്ള ത്രൈമാസ റിട്ടേണിൽ 44,072 അനധികൃത ഖനന കേസുകളിലായി 164.61 കോടി രൂപ പിഴ ഈടാക്കിയതായി പറയുന്നു. ഐബിഎമ്മിന്റെ കണക്കുകൾ പ്രകാരം, കേരളം ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും പ്രഥമ വിവര റിപ്പോർട്ട് (എഫ്ഐആർ), കോടതി കേസുകൾ ഫയൽ ചെയ്യൽ, വാഹനങ്ങൾ പിടിച്ചെടുക്കൽ തുടങ്ങി അനധികൃത ഖനനത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. കേരളത്തിൽ, പിഴ ചുമത്തുന്നതല്ലാതെ, എഫ്ഐആർ ഫയൽ ചെയ്യുക, കോടതിയിൽ കേസുകൾ ഫയൽ ചെയ്യുക, വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ കർശന നടപടികളുമായി ഡിഎംജി മുന്നോട്ട് പോയിട്ടില്ല.

  കോടതി കേസുകൾ എല്ലാം തന്നെ ഒന്നുകിൽ ഉദ്യോഗസ്ഥർ സ്വമേധയാ ഫയൽ ചെയ്തതോ അല്ലെങ്കിൽ ഒരു കുറ്റവാളി കുറ്റം കോമ്പൗണ്ട് ചെയ്യാൻ

---

174 സർക്കാർ ഉത്തരവ് G.O(MS/No.51/2017 ഐഡി തീയതി 22 ജൂൺ 2017 മുഖേന കെഎംഎംസി ചട്ടങ്ങളിലെ,108(2) ചട്ടത്തിന്റെ വ്യവസ്ഥയിലേക്ക് ഒരു കുറിപ്പ് നിവേശിപ്പിച്ചിരുന്നു.

175 G.O(MS/No.51/2017/ID തീയതി 21 ജൂൺ 2017.

176 കൻകർ, ലൈം സ്റ്റോൺ, ലൈം ഷെൽ, സാധാരണ ക്ലേ, സാധാരണ മണൽ, സാധാരണ മണ്ണ്, ജിബിഎസ്, എൽബിഎസ് എന്നിവ.

തയ്യാറാകാത്തപ്പോഴോ ഫയൽ ചെയ്തതാണെന്ന് ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023). ലംഘനങ്ങൾ കണ്ടെത്തുന്നതിനായി കോംപാസ് പോർട്ടലിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ (അനധികൃത കടത്തിൽ ഉൾപ്പെട്ടവ) വിവരങ്ങൾ ഉൾപ്പെടുത്താൻ നടപടിയെടുക്കുമെന്ന് അവർ ഉറപ്പുനൽകി. അനധികൃത ഖനനത്തിൽ കേസെടുക്കണോ വേണ്ടയോ എന്ന തീരുമാനം ഉദ്യോഗസ്ഥരുടെ വിവേചനാധികാരത്തിന് വിടേണ്ട ഒന്നല്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല. അനധികൃത ഖനനം തടയുന്നതിന് നിയമാനുസൃതമായ കർശന പ്രോസിക്യൂഷൻ നടപ്പാക്കണം.

***ശുപാർശകൾ: നിയമവിരുദ്ധമായി ധാതുക്കൾ ഖനനം ചെയ്തതിനുള്ള പിഴ നിർണ്ണയിക്കുന്നതിലെ ഏകപക്ഷീയത ഒഴിവാക്കാൻ ഖനനം ചെയ്ത ധാതുവിന്റെ അളവിനെ അടിസ്ഥാനമാക്കി പിഴ ചുമത്തുന്ന തരത്തിൽ കേരള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം. ധാതുക്കളുടെ നിയമവിരുദ്ധമായ ചരക്കുനീക്കത്തിന്റെ കാര്യത്തിൽ ഏറ്റവും കുറഞ്ഞ കോമ്പൗണ്ടിംഗ് ഫീസ് വ്യവസ്ഥ ചെയ്യുന്ന മാർഗ്ഗനിർദ്ദേശങ്ങളും കേരള സർക്കാർ അവലോകനം ചെയ്യണം, അതുവഴി ഇപ്പോൾ ഒഴിവാക്കപ്പെട്ടിട്ടുള്ള ഏഴ് മൈനർ ധാതുക്കളുടെ കാര്യത്തിൽ റോയൽറ്റിയും പ്രൈസും ഈടാക്കാം.***

### 2.7.11 സുസ്ഥിരമല്ലാത്ത ബീച്ച് മണൽ ഖനനം

കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), ഐആർഇഎൽ (ഇന്ത്യ) ലിമിറ്റഡ് (ഐആർഇഎൽ) എന്നിവ കൊല്ലം ജില്ലയിൽ നിന്ന് ഒരു മേജർ ധാതുവായ ബീച്ച് മണൽ ഖനനം ചെയ്യുന്നത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെഎംഎംഎല്ലും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐആർഇഎല്ലും ബീച്ച് മണൽ ധാതുക്കളായ ഇൽമെനൈറ്റ്, റുട്ടൈൽ മുതലായവയുടെ ഖനനത്തിലും ധാതു ഖനനം ചെയ്യലിലും ഏർപ്പെട്ടിരിക്കുന്നു. 203.802 ഹെക്ടറിൽ നിന്നും ബീച്ച് മണൽ ഖനനം ചെയ്യുന്നതിനായി കെഎംഎംഎല്ലിനു ആദ്യം നൽകിയിരുന്ന ഖനന പാട്ടം 2005-ൽ അവസാനിക്കുകയും പിന്നീട് 20 വർഷത്തേക്ക് കൂടി പുതുക്കി (ഓഗസ്റ്റ് 2010) ലഭിക്കുകയും ചെയ്തു. 2023-24 വരെ (102.77 ഹെക്ടർ), 2031 വരെ (180 ഹെക്ടർ), 2034 വരെ (67 ഹെക്ടർ), 2039 വരെ (4.8 ഹെക്ടർ) എന്നിങ്ങനെ ഐആർഇഎല്ലിനു നാല് ഖനന പാട്ടങ്ങൾ ഉണ്ട്. ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്വയംഭരണ ഗവേഷണ കേന്ദ്രമായ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (എൻസിഇഎസ്എസ്)[177], കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം (ജനുവരി 2019), 22 കിലോമീറ്റർ നീളമുള്ള കായംകുളം നീണ്ടകരയിൽ ഐആർഇഎല്ലും കെഎംഎംഎല്ലും ചേർന്ന് നടത്തിയ ബീച്ച് മണൽ ഖനനം (ഫെബ്രുവരി മാർച്ച് 2019) പഠിച്ചു. കൊല്ലം ജില്ലയിലെ തീരപ്രദേശം. 2000-2019 കാലയളവിൽ വെള്ളാനത്തുരുത്ത്, പൊന്മന, കോവിൽത്തോട്ടം[178] എന്നിവിടങ്ങളിൽ യഥാക്രമം 243 മീറ്ററും 227 മീറ്ററും 57 മീറ്ററും തീരം പിൻവാങ്ങുന്നതായി എൻസിഇഎസ്എസ് റിപ്പോർട്ട് ചെയ്തു[179] (ഏപ്രിൽ 2019). 2002-ലെയും 2010-ലെയും മുൻ റിപ്പോർട്ടുകളിൽ ശുപാർശ ചെയ്ത സുസ്ഥിര ഖനന അളവിനേക്കാൾ 50 ശതമാനത്തിലധികം അധികമാണ്[180] ഈ കാലയളവിൽ രണ്ട് കമ്പനികളുടെയും ഖനന

---

177 ബീച്ച്, ഓഫ്ഷോർ ഖനന മേഖലകളിലും (കോവിൽത്തോട്ടം, പൊന്മന, വെള്ളനാതുരുത്ത്) ഖനനം ചെയ്യാത്ത സ്ഥലങ്ങളിലും (അഴീക്കൽ) ഫീൽഡ് ഡാറ്റ ശേഖരണം, ഒറ്റത്തവണ ബാത്തിമെട്രിക് സർവേ എന്നിവയിലൂടെ 2001-10, 2010-19 എന്നീ ദശാബ്ദ കാലഘട്ടങ്ങളിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയ ഖനന പ്രവർത്തനങ്ങൾ പഠനം വിശകലനം ചെയ്യുകയും മറ്റ് ഉറവിടങ്ങളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്യുകയും ചെയ്തു.

178 ഐആർഇഎൽ(ഇന്ത്യ)ലിമിറ്റഡും കെഎംഎംഎല്ലും വെള്ളനാതുരുത്ത്, പൊന്മന, കോവിൽത്തോട്ടം എന്നീ സ്ഥലങ്ങളിൽ ഖനന പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

179 കൊല്ലം ജില്ലയിലെ ചവറ തീരത്ത് ഐആർഇഎൽ (ഇന്ത്യ) ലിമിറ്റഡും കെഎംഎംഎല്ലും നടത്തുന്ന ബീച്ച് മണൽ ഖനനത്തിന്റെ ആഘാതം എന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട്.

180 2001-10 കാലയളവിൽ ഓരോ പൊതുമേഖലാ സ്ഥാപനവും നടത്തിയ അധിക ഖനനം റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. 2010-19 കാലയളവിൽ, കെഎംഎംഎല്ലും, ഐആർഇഎൽ (ഇന്ത്യ) ലിമിറ്റഡും അധിക ഖനനം യഥാക്രമം 3.18 ലക്ഷം ക്യുബിക് മീറ്റർ (5.52 ലക്ഷം മെട്രിക് ടൺ), 2.16 ലക്ഷം ക്യുബിക് മീറ്റർ (3.88 ലക്ഷം മെട്രിക് ടൺ) എന്നിങ്ങനെയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.

അളവ് എന്ന് എൻസിഇഎസ്എസ് കണ്ടെത്തി. 2001–10, 2010–19 കാലഘട്ടങ്ങളിൽ, രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് യഥാക്രമം 5.47 ലക്ഷം ക്യുബിക് മീറ്റർ (9.84 ലക്ഷം മെട്രിക് ടൺ), 5.34 ലക്ഷം ക്യുബിക് മീറ്റർ (9.61 ലക്ഷം മെട്രിക് ടൺ) എന്നിവയുടെ അധിക ഖനനം നടത്തിയതായി പഠന റിപ്പോർട്ട് സൂചിപ്പിച്ചു. രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ പിന്തുടരുന്ന സുസ്ഥിരമല്ലാത്ത ഖനന സമ്പ്രദായങ്ങൾ, ബീച്ച്/തീരത്തിന്റെ തീവ്രമായ മണ്ണൊലിപ്പിന് കാരണമായതിനാൽ, റിപ്പോർട്ടിൽ ഖനനത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാൻ നിർദ്ദേശിച്ചു.

**ചിത്രം 2.23**-ൽ കാണിച്ചിരിക്കുന്ന, കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് – നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (സിഎസ്ഐആർ–എൻഐഐഎസ്ടി)യുടെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് (ഇഐഎ) പഠന റിപ്പോർട്ടിൽ പകർത്തിയ ചിത്രങ്ങളിൽ നിന്ന് കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തെ (2000–19) കൊല്ലം തീരത്തെ കരയുടെ വിസ്തൃതിയിൽ വന്ന മാറ്റം കണക്കാക്കാം.

**ചിത്രം 2.23: 2003–19 കാലഘട്ടത്തിൽ കൊല്ലം തീരത്ത് ഭൂമിയുടെ കവർ മാറ്റങ്ങൾ**

| ജനുവരി 2003 | ജനുവരി 2019 |
|---|---|
|  |  |

*(സ്രോതസ്സ്:സിഎസ്ഐആർ – എൻഐഐഎസ്ടിയുടെ ഇഐഎ പഠന റിപ്പോർട്ട്, മാർച്ച് 2020)*

വലിയ തോതിലുള്ള കടൽത്തീര മണ്ണൊലിപ്പ് അംഗീകരിക്കപ്പെട്ട വസ്തുതയാണെങ്കിലും[181] ലഭ്യമായ പഠനങ്ങൾ/ റിപ്പോർട്ടുകൾ പ്രകാരം, മനുഷ്യസഹജവും പ്രകൃതിമൂലവുമായ പ്രവർത്തനങ്ങളാണ് അതിനു കാരണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2019–ലെ റിപ്പോർട്ടിൽ, പൊതുമേഖലാ സ്ഥാപനങ്ങളോട് ഖനനത്തിന്റെ അളവ് ശുപാർശ ചെയ്തിരിക്കുന്ന സുസ്ഥിര പരിധിയുടെ[182] 50 ശതമാനമായി പരിമിതപ്പെടുത്താൻ എൻസിഇഎസ്എസ് ഉപദേശിച്ചു, എന്നാൽ ആ റിപ്പോർട്ടിന്റെ തുടർനടപടിയായുള്ള വിശദമായ പഠനത്തിൽ പരിധി പുനർപരിശോധിക്കാമെന്ന് കൂട്ടിച്ചേർത്തു. എന്നാൽ, കഴിഞ്ഞ മൂന്ന് വർഷമായി

[181] 6,632 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യൻ തീരപ്രദേശത്തിന്റെ 33.60 ശതമാനവും വ്യത്യസ്ത അളവിലുള്ള മണ്ണൊലിപ്പിന് വിധേയമാണെന്നും കേരളത്തിൽ 275.33 കിലോമീറ്റർ (592.96 കി.മീ തീരപ്രദേശത്തിന്റെ 46.40 ശതമാനം) ബീച്ച് ഖനനം ഉൾപ്പെടെയുള്ള കാരണങ്ങളാൽ മണ്ണൊലിപ്പുണ്ടായെന്നും, ശാസ്ത്ര സാങ്കേതിക ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ ചുമതലയുള്ള സംസ്ഥാന മന്ത്രി രാജ്യസഭയിൽ പ്രസ്താവന നടത്തി (മാർച്ച് 2022).

[182] 2010–19 കാലയളവിൽ, കെഎംഎംഎൽ, ഐആർഇഎൽ (ഇന്ത്യ) ലിമിറ്റഡ് എന്നിവയ്ക്ക് എൻസിഇഎസ്എസ് നൽകിയ (ഏപ്രിൽ 2012/ ഒക്ടോബർ 2013) സുസ്ഥിര ഖനന പരിധി കെഎംഎംഎല്ലിന് 1.06 കിലോമീറ്ററും ഐആർഇഎൽ (ഇന്ത്യ) ലിമിറ്റഡിന് 1.5 കിലോമീറ്ററും ഖനന ദൈർഘ്യത്തിന് യഥാക്രമം, വർഷം 74,500 ക്യുബിക് മീറ്റർ (1.34 ലക്ഷം മെട്രിക് ടൺ), വർഷം 48,600 ക്യുബിക് മീറ്റർ (1.8 ലക്ഷം ക്യുബിക് മീറ്റർ) ആയിരുന്നു.

ഇത്തരമൊരു ഉദ്യമം നടന്നിട്ടില്ല. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലും ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും (മാർച്ച് 2021) നിയമാനുസൃതമായി വേഗത്തിൽ നടപടിയെടുക്കാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് നിർദ്ദേശിക്കുകയും ചെയ്തു. സംസ്ഥാനത്തെ ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് അധികാരമുള്ള അതോറിറ്റി ആയിരുന്നിട്ടും, എൻസിഇഎസ്എസ്/സംയുക്ത സമിതി റിപ്പോർട്ട് ചെയ്ത സുസ്ഥിരമല്ലാത്ത ഖനനം നിയന്ത്രിക്കാൻ ഡിഎംജി, വിഷയത്തിൽ ഇടപെട്ടില്ല.

ഐആർഇഎല്ലിനെ സംബന്ധിച്ച്, അംഗീകൃത മൈനിംഗ് ലീസ്, മൈനിംഗ് പ്ലാൻ, കോമ്പോസിറ്റ് എൻവയോൺമെന്റൽ ക്ലിയറൻസ് (ഇസി), കോസ്റ്റൽ റെഗുലേഷൻ സോൺ (സിആർസെഡ്) ക്ലിയറൻസ് തുടങ്ങിയ ശരിയായ അംഗീകാരങ്ങളോടെയാണ് കമ്പനി പ്രവർത്തിക്കുന്നതെന്ന് ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023). കെഎംഎംഎല്ലിനെ സംബന്ധിച്ച്, കമ്പനിയുടെ ഇസി, സിആർസെഡ് ക്ലിയറൻസിനായുള്ള അപേക്ഷകൾ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി (എസ്ഇഐഎഎ), കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (കെസിസെഡ്എംഎ) എന്നിവയുടെ അംഗീകാരത്തിനായി കാത്തിരിക്കുകയാണെന്നും ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

എന്നിരുന്നാലും, എൻസിഇഎസ്എസ് റിപ്പോർട്ട് ചെയ്ത സുസ്ഥിരമല്ലാത്ത ഖനന പ്രവർത്തനത്തെയും അത്തരം ഖനന പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന നാശത്തെയും കുറിച്ച് മറുപടികൾ വിശകലനം ചെയ്തില്ല.

### 2.7.12 എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കാതെയാണ് ഖനന പ്രവർത്തനങ്ങൾ നടത്തുന്നത്

ഏത് ഖനന പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നതിന്, 1986-ലെ പരിസ്ഥിതി (സംരക്ഷണ)നിയമം, 2006-ലെ പരിസ്ഥിതി ആഘാത വിലയിരുത്തൽ (ഇഐഎ) വിജ്ഞാപനം എന്നിവ പ്രകാരം മുൻകൂർ ഇസി നേടേണ്ടത് നിർബന്ധമാണ്. മൈനിംഗ് പാട്ടം അനുവദിച്ച് ഉത്തരവായി ആറ് മാസത്തിനുള്ളിൽ നിർദ്ദിഷ്ട രൂപത്തിൽ ഖനന പാട്ടക്കരാർ നടപ്പിലാക്കുന്നത്, പാട്ടം അനുവദിക്കുന്നതിനുള്ള ഒരു പ്രധാന വ്യവസ്ഥയാണ്. കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 50, നിയമപരമായ വ്യവസ്ഥകൾ അല്ലെങ്കിൽ പാട്ടവ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും പാട്ടക്കാരന്റെ ഖനന പാട്ടം നിയന്ത്രിക്കാനോ നിരോധിക്കാനോ റദ്ദാക്കാനോ ഡിഎംജിയെ അധികാരപ്പെടുത്തുന്നു.

താഴെ സൂചിപ്പിച്ചതുപോലെ, മുൻകൂർ ഇസി ലഭിക്കാതെ രണ്ട് കമ്പനികളായ കെഎംഎംഎൽ, ഇഐസിഎൽ ലിമിറ്റഡ് (പഴയ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേസ് ലിമിറ്റഡ്) ഖനന പ്രവർത്തനങ്ങൾ നടത്തുന്ന സംഭവങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു.

#### *2.7.12.1 കെഎംഎംഎല്ലിന്റെ ഖനനം*

ബീച്ച് മണൽ ഖനനത്തിനായി കെഎംഎംഎല്ലിന് അനുവദിച്ച ഖനന പാട്ടം കേരള സർക്കാർ പുതുക്കി (ഓഗസ്റ്റ് 2010). കെഎംഎംസി ചട്ടങ്ങൾ (ചട്ടം 43) അനുസരിച്ച്, ഖനന പദ്ധതി അംഗീകരിച്ച് ആറ് മാസത്തിനുള്ളിൽ ഖനന പാട്ടക്കരാർ നടപ്പാക്കാൻ കെഎംഎംഎല്ലിനോട് ആവശ്യപ്പെട്ടിരുന്നു.

കെഎംഎംഎൽ, എൻസിഇഎസ്എസിൽ നിന്ന് മൈനിംഗ് പദ്ധതി അംഗീകാരവും കോസ്റ്റൽ റെഗുലേഷൻ സോൺ (സിആർസെഡ്) സ്റ്റാറ്റസ് റിപ്പോർട്ടും നേടി, സിആർസെഡ് അംഗീകാരം നേടുന്നതിന് കെസിസെഡ്എംഎക്കും (നവംബർ 2013), ഇസി നേടുന്നതിന് എസ്ഇഐഎഎക്കും (ജൂൺ 2020) അപേക്ഷിച്ചു. കെഎംഎംഎല്ലിന്റെ മൈനിംഗ് പാട്ടക്കരാർ എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള സമയപരിധി കേരള സർക്കാർ പലതവണ നീട്ടിയിട്ടുണ്ടെന്നും അത് കാലഹരണപ്പെട്ടുവെന്നും സിആർസെഡ് ക്ലിയറൻസ് കെഎംഎംഎല്ലിന് ലഭിച്ചിട്ടില്ലെന്നും എസ്ഇഐഎഎ അഭിപ്രായപ്പെട്ടു. ഇഐഎ പഠനത്തിനും പരിസ്ഥിതി മാനേജ്മെന്റ് പ്ലാനിനും (ഇഎംപി) എംഒഇഎഫ്സിസി അംഗീകരിച്ച ടേംസ് ഓഫ് റഫറൻസ്, 1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം കെഎസ്പിസിബി നടപടിക്രമങ്ങൾ ആരംഭിക്കേണ്ട 'ലംഘന വിഭാഗ'ത്തിന് കീഴിൽ

പദ്ധതിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഇസി ലഭിക്കുന്നത് വരെ കെഎംഎംഎല്ലിന് 'ഓപ്പറേറ്റ് ചെയ്യാനുള്ള സമ്മതം' അല്ലെങ്കിൽ 'ഒക്യുപ്പൻസി സർട്ടിഫിക്കറ്റ്' നൽകില്ല.

ഫെബ്രുവരി 2023 വരെ, എസ്ഇഐഎഎയിൽ നിന്ന് കെഎംഎംഎൽ ഇസി നേടുകയോ ഖനനപാട്ടക്കരാർ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ഏപ്രിൽ 2010 മുതൽ മാർച്ച് 2022 വരെയുള്ള കാലയളവിൽ കെഎംഎംഎൽ 44.84 ലക്ഷം മെട്രിക് ടൺ ബീച്ച് മണൽ ഖനനം ചെയ്തു. ഖനന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ ഖനന പാട്ടക്കാരും ആവശ്യമായ മുൻകൂർ അനുമതികളും നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കേരള സർക്കാർ/ ഡിഎംജിയുടെ ചുമതലയുണ്ടായിരുന്നുവെങ്കിലും, അത് കെഎംഎംഎല്ലിന്റെ ഖനന പ്രവർത്തനങ്ങൾക്ക് നേരെ കണ്ണടച്ചു.

മറുപടിയായി, ഖനന പാട്ടക്കരാറും അംഗീകൃത മൈനിംഗ് പദ്ധതിയും (2021–26 വരെ) നടപ്പിലാക്കുന്നതിനായി കേരള സർക്കാരിൽ നിന്ന് സമയം നീട്ടിയിട്ടുണ്ടെന്നും എസ്ഇഐഎഎയിൽ നിന്ന് ഇസി നേടാനുള്ള പ്രക്രിയയിലാണെന്നും ഉള്ള കെഎംഎംഎല്ലിന്റെ അവകാശവാദങ്ങൾ ഡിഎംജി കൈമാറി (മാർച്ച് 2023). എന്നിരുന്നാലും, ഇസി ഇല്ലാതെ തന്നെ കെഎംഎംഎൽ ഖനന പ്രവർത്തനങ്ങൾ തുടർന്നു, ഇത് ഇഐഎ വിജ്ഞാപനം 2006-ന്റെ ലംഘനമായിരുന്നു.

#### *2.7.12.2 ഇഐഎസിഎൽ ലിമിറ്റഡിന്റെ ഖനനം.*

തിരുവനന്തപുരം ജില്ലയിൽ ഏകദേശം 35 ഏക്കർ പാട്ടത്തിനെടുത്ത സ്ഥലത്ത് നിന്ന് ചൈന ക്ലേ[183] ഖനനം ചെയ്യുന്നതിനായി ഇഐഎസിഎൽ ലിമിറ്റഡ് എന്ന കമ്പനിക്ക് ഡിഎംജി ഖനന പാട്ടത്തിന് അനുവദിച്ചു (ജനുവരി/ മെയ് 2008). പ്രദേശത്തെ രണ്ട് സ്ഥലങ്ങളിൽ നിന്ന്/ കുഴികളിൽ നിന്ന് മുൻകൂർ ഇസി ലഭിക്കാതെ കമ്പനി (2008–11) 1.24 ലക്ഷം മെട്രിക് ടൺ ചൈന ക്ലേ ഖനനം ചെയ്തു. ഇതിൽ 0.34 ലക്ഷം മെട്രിക് ടൺ, അംഗീകൃത ഖനന പദ്ധതിയേക്കാൾ കൂടുതലായി ഖനനം[184] ചെയ്തു. രണ്ട് കുഴികൾ നികത്തുന്നതിനും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുമായി കമ്പനി 0.42 ലക്ഷം മെട്രിക് ടൺ (1.14 ലക്ഷം മെട്രിക് ടൺ) ഉപയോഗിക്കുകയും ബന്ധപ്പെട്ട ജിയോളജിസ്റ്റിന്റെ അനുമതിയില്ലാതെ 0.72 ലക്ഷം മെട്രിക് ടൺ അധികമായി നീക്കുകയും/കടത്തുകയും ചെയ്തു. എന്നിരുന്നാലും, ഖനന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കമ്പനിക്ക് മുൻകൂർ ഇസി ലഭിക്കാത്തതിനാൽ മുഴുവൻ ഖനനവും നിയമവിരുദ്ധമായിരുന്നു.

മുൻകൂർ ഇസിയിൽ നിർബന്ധിക്കാതെ ഡിഎംജി ഖനന പാട്ടത്തിന് നൽകിയത് ക്രമരഹിതവും ഇഐഎസിഎല്ലിന് അനാവശ്യമായ ആനുകൂല്യം നൽകുന്നതിന് തുല്യവുമാണ്.

കാര്യം അവലോകനം ചെയ്യുമെന്നും വരുമാന നഷ്ടം കണ്ടെത്തിയാൽ കുടിശ്ശിക ഈടാക്കുമെന്നും ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

### 2.7.13 അനധികൃത ഖനനം നടത്തിയതായി സംശയിക്കുന്ന കേസുകൾ

അനധികൃത ഖനനത്തിനെതിരെ പ്രവർത്തിക്കാൻ കെഎംഎംസി ചട്ടങ്ങൾ നൽകുന്ന അധികാരങ്ങൾ[185] അതത് അധികാരപരിധിയിൽ വിനിയോഗിക്കാൻ ഡി.എം.ജി ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ലാൻഡ് റവന്യൂ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ, പോലീസുകാർ എന്നിവർക്ക് കേരള സർക്കാർ അധികാരം നൽകി (മെയ് 2015).

---

[183] കെഎംഎംസി ചട്ടങ്ങൾ പ്രകാരം മൈനർ മിനറൽ ആയി തരംതിരിക്കുന്നതിന് മുമ്പ്, എംഎംഡിആർ നിയമപ്രകാരം ചൈന ക്ലേ ഒരു മേജർ ധാതുവായി തരംതിരിച്ചിരുന്നു.

[184] ധാതു ലഭിക്കാൻ നീക്കം ചെയ്യേണ്ട ധാതു നിക്ഷേപത്തിന് മുകളിലുള്ള പാറയോ മണ്ണോ.

[185] ഡിഎംജിയിലെ ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സംസ്ഥാനമൊട്ടാകെ അധികാരപരിധിയുണ്ട്, ജില്ലാ കളക്ടർമാർക്ക് ബന്ധപ്പെട്ട ജില്ലയ്ക്കുള്ളിൽ അധികാരപരിധിയുണ്ട്, മറ്റ് അംഗീകൃത ഉദ്യോഗസ്ഥർക്ക് അവരുടെ അധികാരപരിധിക്കുള്ളിൽ അധികാരം വിനിയോഗിക്കാം.

നിയമവിരുദ്ധമായ ഖനനം തടയുന്നതിനും കുറ്റവാളികളെ കുറിച്ച് അറിവുണ്ടായിട്ടും അവരെ ശിക്ഷിക്കുന്നതിനും ഡി.എം.ജി ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് രേഖകളുടെ ടെസ്റ്റ് ചെക്ക് വെളിപ്പെടുത്തി.

***2.7.13.1*** ലാൻഡ് റവന്യൂ വകുപ്പ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിലെ അയിരൂപ്പാറ വില്ലേജിൽ അനധികൃത ഖനനം നടത്തിയ 23 പേർക്ക്[186] ജിയോളജിസ്റ്റ് (ഓഗസ്റ്റ് 2018) നോട്ടീസ് നൽകി. ലാൻഡ് റവന്യൂ വകുപ്പിന്റെ സർവേയിൽ (ജൂൺ 2020) 3.674 ഹെക്ടർ പുറമ്പോക്ക് ഭൂമിയിൽ നിന്നും 3.180 ഹെക്ടർ സ്വകാര്യ ഭൂമിയിൽ നിന്നും അനധികൃതമായി ജിബിഎസ് ഖനനം ചെയ്തതായി കണ്ടെത്തി. ജിയോളജിസ്റ്റും താലൂക്ക് സർവേയറും ചേർന്ന് (ജൂൺ 2020) സ്ഥലപരിശോധന നടത്തിയെങ്കിലും ഖനിയുടെ ആഴം സംബന്ധിച്ച വിവരങ്ങളുടെ അഭാവം ചൂണ്ടിക്കാട്ടി അനധികൃത ഖനനത്തിന്റെ ആകെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. ലാൻഡ് റവന്യൂ വകുപ്പ് നൽകിയ ഭൂമിയുടെ സ്കെച്ചിൽ ഭൂമിയുടെ സർവേ നമ്പർ ലഭ്യമല്ലെന്ന് ചൂണ്ടിക്കാട്ടി ജിയോളജിസ്റ്റും കെഎംഎംസി ചട്ടങ്ങൾ പ്രകാരം നടപടി ആരംഭിച്ചില്ല.

ടോട്ടൽ സ്റ്റേഷൻ സിസ്റ്റം[187] ഉപയോഗിച്ച് കുഴിച്ചെടുത്ത സ്ഥലത്തിന്റെ ഉയരം/ആഴം അളക്കാൻ ഡിഎംജിക്ക് ശേഷിയുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, എന്നാൽ അത് ഉപയോഗിച്ചില്ല. കൂടാതെ, ലാൻഡ് റവന്യൂ വകുപ്പ് നൽകിയ സ്കെച്ചിൽ ഭൂമിയുടെ സർവേ നമ്പറുകൾ[188] ലഭ്യവുമാണ്.

6.854 ഹെക്ടർ പ്രദേശത്തെ അനധികൃത ഖനനത്തിന്റെ വ്യാപ്തി (ഗൂഗിൾ എർത്ത് പ്രോ ഉപയോഗിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ലൈസൻസുള്ള /അനുവദനീയമായ ക്വാറികളിൽ കോംപാസ്[189] ഡാറ്റ പ്ലോട്ട് ചെയ്ത് ഓഡിറ്റ് സ്വതന്ത്രമായി തിരിച്ചറിഞ്ഞത്,) **ചിത്രം 2.24–ൽ** കാണിച്ചിരിക്കുന്നു (മഞ്ഞ അതിർത്തി).

**ചിത്രം 2.24: അനധികൃത ഖനനം നിരീക്ഷിക്കപ്പെട്ട പ്രദേശത്തിന്റെ ഉപഗ്രഹ ചിത്രം.**




*സ്രോതസ്സ്: ഗൂഗിൾ എർത്ത് പ്രോ ചിത്രങ്ങൾ)*

മഞ്ഞ വരകൾ ഓഡിറ്റ് പ്രകാരം അനധികൃത ഖനനം നടന്നതായി സംശയിക്കുന്ന പ്രദേശത്തെ സൂചിപ്പിക്കുന്നു.

അതിനോടൊപ്പം ലഭ്യമായ ടോട്ടൽ സ്റ്റേഷൻ സിസ്റ്റം പ്രവർത്തനക്ഷമമല്ലാത്തതിനാൽ, സർവേകൾ നടത്തുന്നതിന് വാടക അടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നുവെന്ന് ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023). നിരീക്ഷിച്ച അനധികൃത ഖനനത്തിനെതിരെയുള്ള നടപടിയെക്കുറിച്ച് മൗനമായിരുന്നു മറുപടി.

***2.7.13.2*** ഒരു പ്രദേശത്തെ നിയമാനുസൃത/ ലൈസൻസുള്ള ക്വാറികളുടെ ഗൂഗിൾ എർത്ത് പ്രോ ചിത്രങ്ങൾ കാണിക്കുന്നത് നിലവിലുള്ള ക്വാറികളുടെ/ ധാതു ഡിപ്പോകളുടെ അനുവദനീയമായ ഖനന മേഖലയോട് അനുബന്ധിച്ചല്ല, അതിനടുത്തുള്ള സ്ഥലങ്ങളിൽ വലിയ കുഴികൾ രൂപപ്പെട്ടിട്ടുണ്ടെന്നാണ്, ഇത് അവിടെ അനധികൃത

---

[186] ശ്രീ/ശ്രീമതി. അപ്പുക്കുട്ടൻ, ജഗദപ്പൻ, രാജീവൻ, ബിജു, ഷിജു, നിതിൻ എസ്.ബാബു, സുരേഷ്, അശോക് കുമാർ, പത്മിനി, പപ്പു ചന്ദ്രസേനൻ, സൊഹൈൽ ദാസ്, ശോഭന, രാജമ്മ, ശിവരാമൻ ശശിധരൻ, ഭാർഗവി അമ്മ, ഓമന അമ്മ, സ്മിത, അരവിന്ദ്, ചാന്ദ്നി, രത്നമ്മ, ഉമ പാർവതി, ആശ, ലക്ഷ്മി പാർവതി.

[187] സർവേയിംഗിനായി ഉപയോഗിക്കുന്ന ഒരു ഇലക്ട്രോണിക്/ഒപ്റ്റിക്കൽ ഉപകരണം.

[188] സർവേ നമ്പർ 193, 194, 195, 106, 110.

[189] കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവീസസ് (കോംപാസ്), ഡിഎംജിക്ക് വേണ്ടി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ വികസിപ്പിച്ച ഒരു സോഫ്റ്റ്വെയർ ആപ്ലിക്കേഷനാണ്.

ഖനനത്തെ സൂചിപ്പിക്കുന്നു. ലൈസൻസുള്ള ക്വാറികൾ ഇല്ലാത്ത പ്രദേശങ്ങളിലും ഇത്തരം പ്രകടനങ്ങൾ കണ്ടു. തിരഞ്ഞെടുത്ത ആറ് ജില്ലകളിലെ ഓഡിറ്റ് സ്വതന്ത്രമായി നിരീക്ഷിച്ചപ്പോൾ, 89 സംശയാസ്പദമായ കേസുകളുടെ[190] വിശദാംശങ്ങൾ ***അനുബന്ധം 31***-ൽ നൽകിയിരിക്കുന്നു.

ഡിഎംജി, അനധികൃത ഖനനം കണ്ടെത്തുന്നതിന് കോംപാസ് ഫലപ്രദമായി ഉപയോഗിച്ചിട്ടില്ലെന്ന് ഇത് കാണിച്ചു. സൈറ്റ് പരിശോധനയിലൂടെ പരിശോധിച്ചുറപ്പിക്കുന്നതിനായി ലൊക്കേഷനുകളുടെ വിശദാംശങ്ങൾ ഡിഎംജിയുമായി പങ്കിട്ടുവെങ്കിലും ഇതുവരെയും നടപടിയുണ്ടായിട്ടില്ല (ഫെബ്രുവരി 2023). കണ്ണൂർ ജില്ലയിൽ നിലവിലുള്ള ക്വാറിക്ക് പുറത്തുള്ള സമീപ പ്രദേശങ്ങളിൽ അനധികൃത ഖനനം നടന്നതിന്റെ ഒരു ഉദാഹരണം ഓഡിറ്റ് ശ്രദ്ധയിൽപ്പെട്ടത് **ചിത്രം 2.25** കാണിക്കുന്നു.

**ചിത്രം 2.25: നിലവിലുള്ള ക്വാറിയുടെ സമീപ പ്രദേശങ്ങളിൽ ഖനനം**

നിലവിലുള്ള ക്വാറി:

അനധികൃത ഖനനം നടന്നതായി സംശയം:

**ശ്രീ ടി കലന്തറുടെ ക്വാറിക്ക് സമീപം (കോംപാസ് ഐഡി:** KAN/C/2018/125)



| | |
|---|---|
| ഇമേജറി തീയതി:29/09/2004 | ഇമേജറി തീയതി: 26/01/2022<br>അനധികൃത ക്വാറിയെന്ന് സംശയിക്കുന്ന പ്രദേശം – 43,238.90 ചതുരശ്ര മീറ്റർ |

***2.7.13.3*** ക്വാറി പാട്ടത്തിന് അനുവദിച്ച അതിർത്തി തൂണുകളുടെ കോർഡിനേറ്റിന് പുറത്ത് കിടക്കുന്ന സ്ഥലങ്ങളിൽ അനധികൃത ഖനനം ചെയ്തതായി നിരീക്ഷിച്ചു. ഏഴ്[191] ജില്ലകളിലെ ക്വാറി അതിർത്തിക്ക് പുറത്ത് അനധികൃത ഖനനം നിരീക്ഷിച്ച 29 സംഭവങ്ങളുടെ വിശദാംശങ്ങൾ ***അനുബന്ധം 32***-ൽ നൽകിയിരിക്കുന്നു.

സ്പേഷ്യൽ അനാലിസിസിൽ വെളിപ്പെടുത്തിയ അനധികൃത ഖനന കേസുകളിൽ നടപടി ആരംഭിക്കുമെന്ന് ഡിഎംജി ഉറപ്പ് നൽകി (മാർച്ച് 2023).

***ശുപാർശ: ജിഐഎസ്/സാറ്റലൈറ്റ് ഇമേജറി വഴി അനധികൃത ഖനനം കണ്ടെത്തുന്നതിനുള്ള കോംപാസ് ഉപയോഗിക്കുന്നതിന് കേരള സർക്കാർ നടപടികൾ സ്വീകരിക്കുക.***

**2.7.13.4** ഡിഎംജി അംഗീകരിച്ച എല്ലാ ഖനന പദ്ധതിയിലും ഏതെങ്കിലും ക്വാറിയുടെ ചുറ്റളവിൽ നിന്ന് 7.50 മീറ്റർ വിസ്തീർണ്ണം സുരക്ഷാ മേഖലയോ ബഫർ സോണോ ആയി നിലനിർത്തണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്, കൂടാതെ ഈ പ്രദേശത്ത് ധാതുക്കൾ ഖനനം ചെയ്യാൻ അനുവാദമില്ല. കോംപാസിലെ ഡാറ്റയിൽ, ഖനന

---

[190] നിലവിലുള്ള ക്വാറികൾക്ക് സമീപമുള്ള ഭൂമിയിലെ ഖനനത്തിന്റെ 54 കേസുകളും വിദൂര സ്ഥലങ്ങളിലെ ഖനനത്തിന്റെ 35 കേസുകളും

[191] തിരഞ്ഞെടുത്ത ആറ് ജില്ലകളും പത്തനംതിട്ട ജില്ലയും.

പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന യഥാർത്ഥ പ്രദേശത്തെയും ബഫർ സോണിനെയോ അല്ലെങ്കിൽ ചുറ്റുമുള്ള അതിർത്തിയെയും സൂചിപ്പിക്കണം.

ബഫർ സോൺ ഉൾപ്പെടെ ഒരു ഖനിയുടെ/ ക്വാറിയുടെ മൊത്തം വിസ്തൃതിക്കായി പാട്ട കരാർ/എഗ്രിമെന്റും കോംപാസ് ഡാറ്റയും നൽകിയിട്ടുണ്ടെന്നും ഖനനത്തിന് അനുവദനീയമായ യഥാർത്ഥ പ്രദേശമല്ല (അതായത്, ബഫർ സോൺ ഒഴികെ) എന്നും ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി, അനധികൃത ഖനനം കണ്ടെത്തുന്നതിന് ഓരോ ക്വാറിയുടെയും ഖനനത്തിന് അനുവദനീയമായ കൃത്യമായ സ്ഥലം കോംപാസിൽ ലഭ്യമല്ല. ***അനുബന്ധം 33***-ൽ കാണിച്ചിരിക്കുന്നതുപോലെ, ഏഴ് ജില്ലകളിലെ[192] ക്വാറികളുടെ ബഫർ സോൺ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ധാതുക്കൾ ഖനനം ചെയ്തതായി സംശയിക്കുന്ന 31 സംഭവങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു. ഈ ലംഘനങ്ങൾക്കെതിരെ ഒരു അന്വേഷണവും ശിക്ഷാ നടപടിയും ഡിഎംജി ആലോചിച്ചില്ല.

ഓഡിറ്റ് ചൂണ്ടിക്കാണിച്ച കേസുകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്ന് ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

***2.7.13.5*** കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 10(എ) ജിബിഎസ്, എൽബിഎസ് ക്വാറികളുടെ കാര്യത്തിൽ, കുഴിയുടെ ആഴം ആറ് മീറ്ററിൽ കൂടുതലാണെങ്കിൽ, വർക്കുകളുടെ തുറന്ന വശങ്ങൾ ചരിവ്/ ബെഞ്ച് അല്ലെങ്കിൽ ചരിവ് തകരാതിരിക്കാൻ സുരക്ഷിതമാക്കണം. ലംഘനം ഉണ്ടായാൽ, 30 ദിവസത്തിനുള്ളിൽ ലംഘനം പരിഹരിക്കുന്നതിനും ഉചിതമായ നടപടികൾ ആരംഭിക്കുന്നതിനും കൂടാതെ/അല്ലെങ്കിൽ 25,000 രൂപയിൽ കൂടാത്ത പിഴ ചുമത്തുന്നതിനും ക്വാറി ഓപ്പറേറ്റർക്ക് ഡിഎംജി നോട്ടീസ് നൽകും.

ഖനന മേഖലകളുടെ ഗൂഗിൾ എർത്ത് പ്രോ-യിലെ ചിത്രങ്ങൾ പരിശോധിച്ച ഓഡിറ്റ്, ***അനുബന്ധം 34***-ൽ നൽകിയിരിക്കുന്ന 32 പാട്ടങ്ങളുടെ കാര്യത്തിൽ ഈ നിയന്ത്രണം പാലിച്ചിട്ടില്ലെന്ന് നിരീക്ഷിച്ചു (ആറു ജില്ലകളിലായി തിരഞ്ഞെടുത്ത 55 പാട്ടങ്ങളിൽ 31-ഉം, സാമ്പിളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പത്തനംതിട്ട ജില്ലയിലെ ഒരു പാട്ടവും). അവലോകന കാലയളവിൽ, ഒരു കേസ്[193] റിപ്പോർട്ട് ചെയ്ത കോട്ടയം ജില്ലയിലല്ലാതെ (മെയ് 2022) ജില്ലാ ജിയോളജിസ്റ്റുകൾ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ബെഞ്ചുകൾ നൽകേണ്ട സ്ഥലങ്ങളിൽ നിന്ന് നിയമവിരുദ്ധമായി കൂടുതൽ ധാതുക്കൾ ഖനനം ചെയ്യാൻ ക്വാറി നടത്തിപ്പുകാരെ ഈ പ്രാക്ടീസ്/ ലംഘനം അനുവദിച്ചു. ഇത്തരം ക്വാറികളുടെ പാരിസ്ഥിതിക ആഘാതം ഡിഎംജി വിലയിരുത്തിയിട്ടില്ല. ക്വാറി പ്രവർത്തനങ്ങൾ മൂലം, നിരവധി പ്രദേശങ്ങളിൽ മണ്ണിടിച്ചിലിനും മാരകമായ അപകടസാധ്യതകൾ നിറഞ്ഞതായിരുന്നു എന്നിരുന്നാലും, പിഴ/ കുടിശ്ശിക ഈടാക്കുന്നതിനോ ലംഘനങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിനോ ഡിഎംജി ഒരു നടപടിയും സ്വീകരിച്ചില്ല.

പതിവ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഖനന പദ്ധതിയുടെ ലംഘനങ്ങളുടെ സംഭവങ്ങളിൽ നടപടിയെടുക്കുന്നതായി ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

***2.7.13.6*** ഖനന പദ്ധതിയുടെ ഘടകമെന്ന നിലയിൽ ഓരോ ക്വാറിക്കും ഒരു പടിപടിയായുള്ള ക്ലോഷർ പദ്ധതിയോ അന്തിമ ക്ലോഷർ പദ്ധതിയോ ഉണ്ടായിരിക്കണമെന്ന് കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 57 അനുശാസിക്കുന്നു. ഖനി ക്ലോഷർ പദ്ധതിയിൽ വനവൽക്കരണം കൂടാതെ/അല്ലെങ്കിൽ ക്വാറിക്ക് ചുറ്റും ശരിയായ വേലികെട്ടി ധാതുക്കൾ ഖനനം ചെയ്തതിലൂടെ രൂപപ്പെട്ട കുഴികൾ വീണ്ടും നിറയ്ക്കൽ/ റീഫിൽ ചെയ്യൽ, വീണ്ടെടുക്കൽ എന്നിവ ഉൾപ്പെടുന്നു. കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 10(ക്യു), അപകടങ്ങൾ തടയുന്നതിനായി, ജിബിഎസ്, എൽബിഎസ് എന്നിവയുടെ ക്വാറികൾക്ക് ചുറ്റും ഖനന പ്രവർത്തനങ്ങൾ കാരണം രൂപപ്പെട്ട കുഴികളിൽ സംരക്ഷണ ഭിത്തിയോ വേലിയോ സ്ഥാപിക്കാൻ പെർമിറ്റ് ഉടമയോട് ആവശ്യപ്പെടുന്നു.

---

[192] തിരഞ്ഞെടുത്ത ആറ് ജില്ലകളും പത്തനംതിട്ട ജില്ലയും.

[193] കോംപാസ് ഐഡി : KOT/Q/2015/36.

സുരക്ഷിതമല്ലാത്ത കുഴികളെക്കുറിച്ചോ ഉപേക്ഷിക്കപ്പെട്ട ക്വാറികളെക്കുറിച്ചോ ഒരു വിവരമോ റിപ്പോർട്ടോ ഡിഎംജി സൂക്ഷിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മതിയായ വിവരങ്ങളുടെ അഭാവത്തിൽ, കെഎംഎംസി ചട്ടങ്ങളുടെ ലംഘനത്തിന്റെ സ്വഭാവവും വ്യാപ്തിയും കണ്ടെത്താനാവുകയില്ല. ഉപേക്ഷിക്കപ്പെട്ട ഖനികൾ വീണ്ടും ഉപയോഗിക്കാനുള്ള കാര്യമായ ശ്രമങ്ങളൊന്നും ഡിഎംജിയുടെ രേഖകൾ സൂചിപ്പിക്കുന്നില്ല.

തിരഞ്ഞെടുത്ത ഉപേക്ഷിക്കപ്പെട്ട ക്വാറികളിൽ ശുചിത്വ മിഷന്റെ[194] ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തിയെന്നും ശുചിത്വ മിഷനിൽ നിന്ന് തുടർ നടപടികൾ കാത്തിരിക്കുകയാണെന്നും ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

### 2.7.14 രേഖപ്പെടുത്താത്ത ധാതു വരുമാനം

കേരള ഫിനാൻഷ്യൽ കോഡ്, എല്ലാ റവന്യൂ ഇനങ്ങളുടെയും മൂല്യനിർണ്ണയങ്ങളും ഡിമാൻഡുകളും, ഈടാക്കലിന്റെ പുരോഗതിയും, സർക്കാരിന് നൽകാനുള്ള കുടിശ്ശിക തുകകൾ എന്നിവയെ സംബന്ധിച്ചും ശരിയായ രേഖകൾ സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. കൂടാതെ, ഡിപ്പാർട്ട്മെന്റൽ കൺട്രോളിംഗ് ഓഫീസർമാർ റവന്യൂ പിരിവിന്റെ പുരോഗതി സൂക്ഷ്മമായി നിരീക്ഷിക്കുകയും ഡിമാൻഡുകൾക്ക് എതിരായി നടത്തിയ പിരിവുകളുടെ സ്ഥിതി അവലോകനം ചെയ്യുകയും വേണം.

നാല് ജില്ലകളിൽ[195] (തിരഞ്ഞെടുത്ത ആറ് ജില്ലകളിൽ) ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡിസിബി) രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ കണ്ടെത്തി, അതേസമയം ഡിസിബി രജിസ്റ്റർ സൂക്ഷിച്ചിരുന്ന ജില്ലകളിൽ ജിയോളജിസ്റ്റുകൾ ഉന്നയിച്ച ഡിമാൻഡുകൾക്ക് നോട്ടീസ് നൽകിയതിന് ശേഷം അതിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, കുടിശ്ശിക സമാഹരണത്തിൽ റവന്യൂ പിരിവ് അപ്ഡേറ്റ് ചെയ്തിട്ടില്ല/ രേഖപ്പെടുത്തിയിട്ടില്ല, കൂടാതെ എല്ലാ ഡിമാൻഡ് നോട്ടീസുകളും ഡിസിബി രജിസ്റ്ററിലൂടെ രേഖപ്പെടുത്തിയില്ല, ഇത് വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയവരുടെയും കുടിശ്ശികയുടെയും കൃത്യമായ എണ്ണം കണ്ടെത്തുന്നത് ബുദ്ധിമുട്ടാക്കുന്നു. 2017-ൽ ഡിമാൻഡ് നോട്ടീസ് നൽകിയെങ്കിലും വയനാട് ജില്ലയിലെ വിവിധ കുടിശ്ശിക വരുത്തിയവരിൽ നിന്ന് കഴിഞ്ഞ ആറ് വർഷമായി 72.46 ലക്ഷം രൂപ തിരിച്ചുകിട്ടിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഡിസിബി രജിസ്റ്ററിന്റെ ശരിയായ പരിപാലനവും പുതുക്കലും ഉറപ്പാക്കാൻ ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകുമെന്നും, വീഴ്ച വരുത്തുന്നവർക്കെതിരെ നിയമനടപടികൾ ഉടനടി പ്രാബല്യത്തിൽ വരുത്തുമെന്നും ഡിഎംജി പ്രസ്താവിച്ചു (മാർച്ച് 2023).

***ശുപാർശ: മതിയായ ഡോക്യുമെന്റേഷനും രേഖകളുടെ പരിപാലനവും വഴി ഖനന പ്രവർത്തനങ്ങളുടെ നിരീക്ഷണവും നിയന്ത്രണവും കേരള സർക്കാർ ശക്തിപ്പെടുത്തണം.***

[194] കേരള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള മാലിന്യ സംസ്കരണ മേഖലയിലെ സാങ്കേതിക സഹായ ഗ്രൂപ്പ്.

[195] കണ്ണൂർ, ഇടുക്കി, കോട്ടയം, തിരുവനന്തപുരം.

## സാംസ്കാരികകാര്യവകുപ്പ്

### പുരാവസ്തു ഡയറക്ടറേറ്റ്

### *2.8 63.42 ലക്ഷം രൂപ ചെലവിൽ വാങ്ങിയ ആസ്തികളുടെ നിഷ്ക്രിയത്വം*

**63.42 ലക്ഷം രൂപ ചെലവിൽ വാങ്ങിയ ആസ്തികൾ കമ്മീഷൻ ചെയ്യാതിരുന്നതിന്റെയും നന്നാക്കാതിരുന്നതിന്റെയും ഫലമായി പൊതുപണം പാഴായി**

കേരള ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 40(സി) (10) പ്രകാരം, സാമ്പത്തിക കാര്യങ്ങളിൽ പൂർണ്ണമായ സത്യസന്ധത പാലിക്കുന്നതിനോടൊപ്പം, അവരവരുടെ നിയന്ത്രണത്തിൽ ഉള്ളതോ അവരവർ ചെലവഴിക്കുന്നതോ ആയ എല്ലാ പൊതു ഫണ്ടുകൾക്കും സാധ്യമായ ഏറ്റവും മികച്ച മൂല്യം ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്താൻ നിരന്തരമായി നിരീക്ഷിക്കേണ്ടതും അവയിൽ നിന്നുള്ള എല്ലാത്തരം പാഴ്ചെലവുകൾക്കും എതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതും ഓരോ സർക്കാർ ഉദ്യോഗസ്ഥന്റെയും കടമയാണ്.

പുരാവസ്തു ഡയറക്ടറേറ്റ് (ഡയറക്ടറേറ്റ്) കേരളം മ്യൂസിയം[196] വഴി 48 ടച്ച് സ്ക്രീൻ കിയോസ്കുകളും (കിയോസ്കുകൾ), കെൽട്രോണിൽ[197] നിന്ന് 12 ബയോമെട്രിക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റങ്ങളും[198] (ബിഎഎംഎസ്) വാങ്ങി. ഇങ്ങനെ വാങ്ങിയ/സ്ഥാപിച്ച ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.21**–ൽ നൽകിയിരിക്കുന്നു:

**പട്ടിക 2.21: വാങ്ങിയ/ സ്ഥാപിച്ച ഉപകരണങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് | വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം | തുക (₹ലക്ഷത്തിൽ) | വാങ്ങിയ മാസവും വർഷവും | സ്ഥാപിച്ച ഉപകരണങ്ങളുടെ എണ്ണം | ബാക്കി ഉപകരണങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | കിയോസ്കുകൾ | 12 [199] | 15 | സെപ്റ്റംബർ 2015 & ഒക്ടോബർ 2015 | 4 | 8 |
| 2 | | 36 [200] | 45 | മാർച്ച് 2015 | 4 | 32 |
| 3 | കിയോസ്കിനുള്ള സോഫ്റ്റ് വെയറിന്റെ രൂപകല്പനയും വികസനവും നടപ്പിലാക്കലും ബിഎഎംഎസ് | - | 11 | | | |
| 4 | ബിഎഎംഎസ് | 3 | 6 | ജൂലൈ 2013 | 3 | 0 |
| 5 | | 9 | 8 | മെയ് 2015 | 1 | 8 |
| **ഉപകരണങ്ങളുടെ ചെലവ്** | | | **85** | | | |

---

[196] 04/02/2012–ലെ കേരള സർക്കാർ ജി.ഒ(ആർ.റ്റി)നം.69/12/CAD പ്രകാരം കേരളം മ്യൂസിയത്തെ സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ചു. സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ മ്യൂസിയങ്ങളുടെയും വികസന പ്രവർത്തനങ്ങൾ കേരളം മ്യൂസിയം വഴിയാണ് നടത്തേണ്ടിയിരുന്നത്.

[197] കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കേരള സർക്കാരിന് വേണ്ടിയുള്ള ഒരു ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആണ്.

[198] ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്താനും നിയന്ത്രിക്കാനും അവരുടെ വിരലടയാളം പോലുള്ള ബയോമെട്രിക് വിശദാംശങ്ങൾ ബിഎഎംഎസ് ഉപയോഗിക്കുന്നു.

[199] നാല് ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾക്ക് (ഡിഎഎച്ച്എം): തിരുവനന്തപുരം (ഒരു ഉപകരണം), എറണാകുളം (അഞ്ച് ഉപകരണങ്ങൾ), തൃശൂർ (നാല് ഉപകരണങ്ങൾ), വയനാട് (രണ്ട് ഉപകരണങ്ങൾ).

[200] മൂന്ന് വർഷത്തെ വാറന്റിയോടെ കോയിക്കൽ കൊട്ടാരത്തിൽ ഏഴ് എണ്ണവും, ഹിൽ പാലസ് മ്യൂസിയത്തിൽ 17 എണ്ണവും, പഴശ്ശി രാജ മ്യൂസിയത്തിൽ 12 എണ്ണവും.

കിയോസ്കുകൾ സ്ഥാപിക്കേണ്ടിയിരുന്ന മ്യൂസിയങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ, വാങ്ങിയ 48 കിയോസ്കുകളിൽ 45.42 ലക്ഷം രൂപ വില വരുന്ന 40 കിയോസ്കുകൾ ഇന്നേവരെ (ഒക്ടോബർ 2021) സ്ഥാപിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കിയോസ്കുകളുടെ മൂന്ന് വർഷത്തെ വാറന്റി കാലയളവ് ഇതിനകം കഴിഞ്ഞിരുന്നു. ബിഎംഎംഎസുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അവ വാങ്ങുന്നതിന് മുമ്പോ അതിന് ശേഷമോ ഡയറക്ടറേറ്റ് സൃഷ്ടിക്കാതിരുന്നത് കാരണം, ആകെ വാങ്ങിയ 12 ബിഎംഎംഎസുകളിൽ ഏഴ് ലക്ഷം രൂപ വിലമതിക്കുന്ന എട്ട് എണ്ണം 2021 ഒക്ടോബർ വരെ സ്ഥാപിച്ചിരുന്നില്ല. ഇപ്രകാരം, ബിഎംഎംഎസുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഡയറക്ടറേറ്റിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കാരണം അവയിൽ എട്ട് എണ്ണം ഉപയോഗശൂന്യമായി.

കിയോസ്കുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കേരളം മ്യൂസിയത്തിന് നിർദ്ദേശം (മാർച്ച് 2022) നൽകിയിട്ടുണ്ടെന്ന് ഡയറക്ടറേറ്റ് മറുപടി നൽകി (മാർച്ച് 2022). ബിഎംഎംഎസുകളെ സംബന്ധിച്ചിടത്തോളം, അഞ്ച് സിസ്റ്റങ്ങൾ പ്രവർത്തനക്ഷമമാക്കി. ശേഷിക്കുന്ന ബിഎംഎംഎസുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇരുപത്തിമൂന്ന് കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന കിയോസ്കുകളുടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും സർക്കാർ തുടക്കത്തിൽ മറുപടി നൽകി (മാർച്ച് 2023). തുടർന്ന്, 48 കിയോസ്കുകളും പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുകയും അതത് മ്യൂസിയങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തുവെന്ന് സർക്കാർ പുതുക്കിയ മറുപടിയിൽ നൽകി (ജൂലൈ 2023). പഴയ ബിഎംഎംഎസിന് പകരമായി സ്പാർക്ക് സോഫ്റ്റ്‌വെയർ ലിങ്ക് അപ്പ് ശേഷിയുള്ള പുതിയ ബിഎംഎംഎസ് ഡയറക്ടറേറ്റിന്റെ ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ഡയറക്ടറേറ്റിനു കീഴിലുള്ള മറ്റെല്ലാ മ്യൂസിയങ്ങളിലും ഈ പുതിയ ബിഎംഎംഎസ് സ്ഥാപിക്കുമെന്നും അതിൽ പറയുന്നു. പഴയ ബിഎംഎംഎസ് ഉപകരണങ്ങൾ ഉപയോഗിക്കാൻ ഡയറക്ടറേറ്റിന് കഴിഞ്ഞില്ലെന്ന് മറുപടിയിൽ സ്ഥിരീകരിക്കുന്നു. കിയോസ്കുകളെ സംബന്ധിച്ച്, മറുപടി സ്വീകാര്യമല്ല, കാരണം മൂന്ന് മ്യൂസിയങ്ങളിലെ[201] 48 കിയോസ്കുകളിൽ 25 എണ്ണവും സംയുക്തമായി പരിശോധിച്ചതിൽ (ഓഗസ്റ്റ് 2023) ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ഓഡിറ്റ് എട്ട് കിയോസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടെത്തി. കൂടാതെ ഒരു കിയോസ്ക് പ്രവർത്തനക്ഷമമാക്കിയില്ല.

അതിനാൽ, മ്യൂസിയങ്ങളുടെ നവീകരണം പൂർത്തിയാകുന്നതിന് മുമ്പ് കിയോസ്കുകൾ വാങ്ങാനുള്ള ഡയറക്ടറേറ്റിന്റെ തീരുമാനം കിയോസ്കുകൾ നിഷ്ക്രിയമാകുവാനും അതുവഴി 56.41 ലക്ഷം[202] രൂപ പാഴാകുവാനും ഇടയാക്കി. അതുപോലെ, ബിഎംഎംഎസ് സ്ഥാപിക്കാത്തതിന്റെ ഫലമായി ഏഴ് ലക്ഷം രൂപയുടെ സർക്കാർ ഫണ്ടുകൾ പാഴായി. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40 (സി) (10) പ്രകാരമുള്ള ചുമതലകളുടെ നിർവ്വഹണത്തിൽ ഡയറക്ടറേറ്റ് പരാജയപ്പെട്ടു. ഇപ്രകാരം 63.42 ലക്ഷം രൂപയ്ക്ക് വാങ്ങിയ ആസ്തികൾ കമ്മീഷൻ ചെയ്യപ്പെടാതിരുന്നത് നിഷ്ഫലമായ ധനവ്യയത്തിനും പൊതുസമ്പത്തിന്റെ പാഴ്ചെലവിനും കാരണമായി.

എല്ലാ ടച്ച് സ്ക്രീൻ കിയോസ്കുകളും സേവനയോഗ്യമാക്കാനും ശരിയായ സ്ഥലങ്ങളിൽ സ്ഥാപിക്കാനും കേരളം മ്യൂസിയത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഡയറക്ടറേറ്റ് മറുപടി നൽകി (ഡിസംബർ 2023). സർക്കാർ അതിന്റെ

[201] (i) ജില്ലാ ആർക്കിയോളജിക്കൽ ഹെറിറ്റേജ് മ്യൂസിയം (ഡിഎച്ച്എം), തിരുവനന്തപുരം; (ii) കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്, തിരുവനന്തപുരം; കൂടാതെ (iii) ഹിൽ പാലസ് മ്യൂസിയം, തൃപ്പൂണിത്തുറ, എറണാകുളം ജില്ല.

[202] കിയോസ്ക് സോഫ്റ്റ്‌വെയറിന്റെ രൂപകൽപ്പനയും, വികസനവും, നടപ്പിലാക്കലുമായി ബന്ധപ്പെട്ട് ചെലവാക്കിയ 11 ലക്ഷം രൂപ ഉൾപ്പെടെ.

തുടർന്നുള്ള മറുപടിയിൽ (ഡിസംബർ 2023), ഇതുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ ശുപാർശകൾ അംഗീകരിച്ചു.

***ശുപാർശകൾ: എല്ലാ ഉപകരണങ്ങളും അവ ഉദ്ദേശിച്ച ഉപയോഗത്തിന് ഉപയോഗിക്കാൻ ഡയറക്ടറേറ്റിനോട് സർക്കാർ നിർദ്ദേശിക്കുകയും അവയുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ എന്ന് നിർദേശിക്കുകയും വേണം.***

## മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ്

### *2.9* കരാറുകാർക്ക് അനർഹമായ ആനുകൂല്യം

**അനർഹമായ അഡ്വാൻസ് നൽകിയതിന്റെ ഫലമായി 8.11 കോടി രൂപയുടെ ഫണ്ട് തടസ്സപ്പെട്ടു**

സർക്കാരിന്റെ പ്രത്യേക അനുമതിയോടെയല്ലാതെ ഒരു കരാറുകാരന് അഡ്വാൻസ് നൽകരുതെന്ന് കേരള ഫിനാൻഷ്യൽ കോഡിന്റെ (കെഎഫ്സി)192(എ) ആർട്ടിക്കിൾ വ്യവസ്ഥ ചെയ്യുന്നു, യഥാർത്ഥത്തിൽ നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിക്ക് മാത്രമേ പണം നൽകപ്പെടുന്നുള്ളൂ എന്ന് ഉറപ്പ് നൽകുന്ന ഒരു സംവിധാനം നിലനിർത്താൻ സർക്കാർ ഉദ്യോഗസ്ഥർ എല്ലാ ശ്രമങ്ങളും നടത്തണം. 2014 ജൂലൈ 30–ലെ സർക്കാർ ഉത്തരവ് നമ്പർ(പി)നമ്പർ.311/14/ഫിൻ പ്രകാരം, പ്രവൃത്തികൾ നേരിട്ട് നിർവ്വഹിക്കാത്ത സർക്കാർ അംഗീകൃത ഏജൻസികൾക്ക്, മൊബിലൈസേഷൻ അഡ്വാൻസ് നൽകേണ്ടതില്ല. സർക്കാർ ഏജൻസി നേരിട്ട് നിർവ്വഹിക്കുന്ന പ്രവർത്തന ഘടകങ്ങൾക്ക്, എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം വരെ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നത് അടിയന്തിര സാഹചര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ പരിഗണിക്കാവുന്നതാണ്. കെഎഫ്സിയുടെ ആർട്ടിക്കിൾ 179 (അദ്ധ്യായം VI–മായി ചേർത്തു വായിക്കുമ്പോൾ) പ്രകാരം, കരാറിന്റെ എസ്റ്റിമേറ്റ് മൂല്യം 10,000 രൂപയ്ക്കു മുകളിലാണെങ്കിൽ സർക്കാർ ഉദ്യോഗസ്ഥൻ ഓപ്പൺ ടെൻഡറുകൾ അവലംബിക്കേണ്ടതാണ്.

2020 മാർച്ച് 31–ന് അവസാനിച്ച മൂന്ന് വർഷങ്ങളിൽ പുരോഗമിക്കുന്നതും/ പൂർത്തിയായതുമായ 13 പ്രവൃത്തികളിൽ[203] ആറെണ്ണവുമായി ബന്ധപ്പെട്ട് മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ് (ഡയറക്ടറേറ്റ്) ഏർപ്പെട്ട കരാറുകൾ ഓഡിറ്റ് ടെസ്റ്റ് ചെക്ക് ചെയ്തു. ആറ് പ്രവൃത്തികൾക്കായി ആകെ കണക്കാക്കിയ മതിപ്പ് ചെലവ് 16.62 കോടി രൂപയാണ്. ആറ് പ്രവൃത്തികളിൽ നാലെണ്ണം ഭാരത സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനും (എച്ച്പിഎൽ), രണ്ട് പ്രവൃത്തികൾ കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനും (സിൽക്ക്) ലഭിച്ചു. എല്ലാ പ്രവൃത്തികളും ടെൻഡർ ചെയ്യാതെ നോമിനേഷൻ അടിസ്ഥാനത്തിലാണ് നൽകിയത്. ആറ് പ്രവൃത്തികളുടെ കാര്യത്തിലും എച്ച്പിഎല്ലും, സിൽക്കും ഉപകരാറുകൾ നൽകി.

ജൂലൈ 2017–ൽ[204] എച്ച്പിഎല്ലിനു അംഗീകൃത ഏജൻസി എന്ന പദവി ഇല്ലാതായതായി ഓഡിറ്റ് നിരീക്ഷിച്ചു. ഒരു അംഗീകൃത ഏജൻസി അല്ലാതെ ആയതിനു ശേഷം, മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിക്കാതെ അവർക്ക് രണ്ട് പ്രവൃത്തികൾ[205] നൽകപ്പെട്ടു (ഫെബ്രുവരി 2018), ഇത് കെഎഫ്സിയുടെ ആർട്ടിക്കിൾ 179–ന്റെ ലംഘനമാണ്.

---

[203] 0.50 കോടി രൂപയിൽ കൂടുതൽ തുക അനുവദിക്കപ്പെട്ട പ്രവൃത്തികൾ പോപ്പുലേഷൻ ആയി കണക്കാക്കി. പൊതുമരാമത്ത് വകുപ്പിന് ലഭിച്ച പ്രവൃത്തികൾ പോപ്പുലേഷനിൽ നിന്ന് ഒഴിവാക്കി. വിവിധ കരാറുകാർക്ക് നൽകപ്പെട്ട 13 പ്രവൃത്തികളിൽ ആറ് എണ്ണം വിശദമായ പരിശോധനയ്ക്ക് യുക്തിസഹമായി തെരഞ്ഞെടുത്തു.

[204] അംഗീകൃത ഏജൻസികളുടെ പട്ടിക 2017 ജൂലൈ 25–ലെ ജി.ഒ.(പി)നം.95/2017/ഫിൻ–ന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

[205] തിരുവനന്തപുരം മ്യൂസിയം മൃഗശാല ഡയറക്ടറേറ്റിൽ ഇന്റർപ്രട്ടേഷൻ സെന്ററുകൾ സുവോളജിക്കൽ ഗാർഡനുകളിൽ സന്ദർശകർക്കുള്ള സൗകര്യങ്ങളുടെ നിർമ്മാണം; തൃശൂരിലെ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിൽ അക്വേറിയത്തിനായുള്ള പുതിയ കെട്ടിട നിർമ്മാണം എന്നിവ.

അവലോകന കാലയളവിൽ സിൽക്കിന് കേരള സർക്കാരിന്റെ അംഗീകൃത ഏജൻസി എന്ന പദവി ഉണ്ടായിരുന്നു. 2017 ജൂലൈ 25-ലെ സർക്കാർ ഉത്തരവ് നമ്പർ (പി) നമ്പർ.95/2017/ഫിൻ[206] പ്രകാരം, പട്ടികയിലുൾപ്പെട്ടവരിൽ നിന്ന് സാങ്കേതിക ആവശ്യകതകൾ, സെന്റേജ് ചാർജ്ജ് മുതലായവ അടിസ്ഥാനമാക്കി, ഒരു അംഗീകൃത ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് ന്യായവും മത്സരാഷ്ഠിതവുമായ ഒരു ബിഡ്ഡിംഗ് പ്രക്രിയ അവലംബിക്കേണ്ടതാണ്. എന്നാൽ ജൂലൈ 2017-ലെ ഈ സർക്കാർ ഉത്തരവ് ലംഘിച്ച് കൊണ്ട് അംഗീകൃത ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിക്കാതെ സിൽക്കിന് ഒരു പ്രവൃത്തി[207] നൽകി (മാർച്ച് 2020).

നാല് പ്രവൃത്തികൾക്കായി ഒന്നിലധികം തവണകളായി 6.88 കോടി രൂപ എച്ച്പിഎല്ലിന് അഡ്വാൻസായി ഡയറക്ടറേറ്റ് കൊടുത്തിരുന്നു. അതുപോലെ, രണ്ട് പ്രവൃത്തികൾക്കായി 1.23 കോടി രൂപ സിൽക്കിന് അഡ്വാൻസായി നൽകി. അഡ്വാൻസുകൾ നൽകുന്നതിന് കേരള സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിരുന്നില്ല. ഇത്തരത്തിൽ കരാറുകാർക്ക് അഡ്വാൻസ് നൽകിയത് കെഎഫ്സിയുടെ ആർട്ടിക്കിൾ 192 (എ)യുടെയും, പ്രവൃത്തികൾ നേരിട്ട് നിർവ്വഹിക്കാത്ത അംഗീകൃത ഏജൻസികൾക്ക് മുൻകൂർ പണം നൽകുന്നത് വിലക്കുന്ന 2014 ജൂലൈ 30-ലെ സർക്കാർ ഉത്തരവിന്റെയും ലംഘനമായിരുന്നു. അനധികൃതമായി അഡ്വാൻസ് നൽകിയത് വഴി 8.11 കോടി രൂപ വരുന്ന സർക്കാർ പണം തടസ്സപ്പെടാൻ കാരണമായി.

2017-ൽ പ്രവൃത്തികൾക്കായുള്ള പ്രൊപോസലുകൾ ക്ഷണിക്കുമ്പോൾ, എച്ച്പിഎല്ലിനെ അംഗീകൃത ഏജൻസിയായിരുന്നുവെന്ന് സർക്കാർ മറുപടി നൽകി (മാർച്ച് 2023). എന്നാൽ, അംഗീകൃത ഏജൻസികളുടെ പട്ടികയിൽ നിന്ന് എച്ച്പിഎൽ ഒഴിവാക്കപ്പെട്ട വസ്തുത, പ്രവൃത്തികൾ നൽകുമ്പോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. പിന്നീട് എച്ച്പിഎല്ലിന് ഒരു പ്രവൃത്തിയും നൽകിയിട്ടില്ല. അത് കൂടാതെ പ്രവൃത്തി നിർവ്വഹണ ഏജൻസികൾക്ക് നിലവിൽ അഡ്വാൻസുകളൊന്നും നൽകുന്നില്ലെന്നും സർക്കാർ മറുപടിയിൽ പറഞ്ഞു. സിൽക്കിന് ടെൻഡർ ക്ഷണിക്കാതെ പ്രവൃത്തി നൽകിയതും, സർക്കാരിന്റെ അനുമതി ഇല്ലാതെ അഡ്വാൻസ് നൽകിയതും സംബന്ധിച്ച് മറുപടിയിൽ പരാമർശം ഇല്ലായിരുന്നു.

അങ്ങനെ, അനർഹമായ അഡ്വാൻസ് നൽകിയതിന്റെ ഫലമായി 8.11 കോടി രൂപയുടെ സർക്കാർ പണം തടസ്സപ്പെട്ടു. എച്ച്പിഎൽ, സിൽക്ക് എന്നിവയ്ക്ക് കരാർ നൽകിയത് വഴി യഥാക്രമം കെഎഫ്സിയുടെ ആർട്ടിക്കിൾ 179 (അദ്ധ്യായം VI-മായി ചേർത്ത് വായിക്കുമ്പോൾ), 2017-ലെ സർക്കാർ ഉത്തരവ് എന്നിവയുടെ വ്യവസ്ഥകളുടെ ലംഘനത്തിലേക്കും, മത്സരാധിഷ്ഠിത ബിഡ്ഡിങ്ങിലൂടെ കുറഞ്ഞ നിരക്കുകൾ ലഭിക്കുന്നതിനുള്ള അവസരം ഡയറക്ടറേറ്റിന് നഷ്ടപ്പെടുന്നതിലേക്കും നയിച്ചു.

***ശുപാർശ: ടെൻഡറുകൾ നൽകുമ്പോൾ കെഎഫ്സിയിലെയും സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾ ഡയറക്ടറേറ്റ് പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പ് വരുത്തുകയും അനർഹമായ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിനുള്ള ഉത്തരവാദിത്തം നിശ്ചയിക്കുകയും വേണം.***

## കയർ വികസന ഡയറക്ടറേറ്റ്

### *2.10* പാഴ്ച്ചെലവ്

**ആറ് വർഷത്തിലേറെയായി സൊസൈറ്റികൾ സൗകര്യങ്ങൾ ഒരുക്കുന്നത് നിരീക്ഷിക്കുന്നതിൽ പരാജയപ്പെട്ടത് കാരണം 0.61 കോടി രൂപ പാഴായി.**

കേരള ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 40 (സി) (10) പ്രകാരം, സാമ്പത്തിക കാര്യങ്ങളിൽ പൂർണ്ണമായ സത്യസന്ധത പാലിക്കുന്നതിനോടൊപ്പം, അവരവരുടെ നിയന്ത്രണത്തിൽ ഉള്ളതോ ചെലവഴിക്കുന്നതോ ആയ എല്ലാ പൊതു ഫണ്ടുകൾക്കും

[206] ഈ ഉത്തരവിലൂടെ, ടെൻഡർ നടപടികളില്ലാതെ അംഗീകൃത ഏജൻസികൾക്ക് പ്രവൃത്തികൾ നൽകാൻ അതുവരെയുണ്ടായിരുന്ന വ്യവസ്ഥ നിർത്തലാക്കി.

[207] തിരുവനന്തപുരത്തെ ടെറസ്ട്രിയൽ ഏവിയറിയുടെ നിർമ്മാണം.

സാധ്യമായ ഏറ്റവും മികച്ച മൂല്യം ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്താൻ നിരന്തരമായി നിരീക്ഷിക്കേണ്ടതും, അവയിൽനിന്നുള്ള എല്ലാത്തരം പാഴ്ച്ചെലവുകൾക്കും എതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതും ഓരോ സർക്കാർ ഉദ്യോഗസ്ഥന്റെയും കടമയാണ്.

കായംകുളം പ്രോജക്ട് ഓഫീസിന്[208] കീഴിലുള്ള 28 സംയോജിത കയർ സഹകരണ സംഘങ്ങൾക്ക് (സൊസൈറ്റികൾ) പദ്ധതിയധിഷ്ഠിത ധനസഹായം നൽകുന്നതിനായി കയർ വികസന ഡയറക്ടറേറ്റിന് (ഡയറക്ടറേറ്റ്) കേരള സർക്കാർ 2.37 കോടി രൂപ അനുവദിച്ചു (ഡിസംബർ 2014). ഈ സഹായം വിനിയോഗിക്കേണ്ടിയിരുന്നത് (i) ഗോഡൗൺ, റെറ്റിംഗ് ടാങ്ക്, വർക്ക് ഷെഡ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും (ii)ഡീഫൈബറിംഗ് മെഷീനുകളും (ഡിഎഫ്എംഎസ്) അനുബന്ധ ഉപകരണങ്ങളും[209] വാങ്ങുന്നതിനും വൈദ്യുതീകരണത്തിനും (iii) ഒരു മാസത്തെ പ്രവർത്തന മൂലധനത്തിനും (വേതനം ഒഴികെ) വേണ്ടി ആയിരുന്നു. ജനുവരി 2016-ൽ ഡയറക്ടറേറ്റ് സഹായം വിതരണം ചെയ്തു. മാർച്ച് 2016-നകം സൊസൈറ്റികൾ സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടിയിരുന്നു.

പദ്ധതികൾ കൃത്യമായി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം ഡയറക്ടറേറ്റിന്റെ കീഴിലുള്ള കായംകുളം പ്രോജക്ട് ഓഫീസർക്കായിരുന്നു. സൊസൈറ്റികൾ ഏർപ്പെട്ട കരാറുകൾ പ്രകാരം, ഓരോ സൊസൈറ്റിയും അവർക്ക് അനുവദിച്ചു കിട്ടിയ തുക നിശ്ചിത കാലയളവിനുള്ളിൽ[210] നിർദ്ദിഷ്ഠ ഉദ്ദേശ്യത്തിനായി വിനിയോഗിക്കേണ്ടതാണ്. 2015 സെപ്തംബർ 29-ലെ ഡയറക്ടറേറ്റിന്റെ നടപടിക്രമങ്ങൾ അനുസരിച്ച്, പദ്ധതി കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് സൊസൈറ്റികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം. അതിൽ പരാജയപ്പെടുന്ന പക്ഷം അനുവദിച്ച മുഴുവൻ തുകയും പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടയ്ക്കണം.

സഹായം വിനിയോഗിക്കേണ്ടിയിരുന്ന മൂന്ന് ഇനം പ്രവൃത്തികളിൽ, ഡിഎഫ്എമ്മുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിർമ്മാണവും വിതരണവും പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡിനെ (കെഎസ്സിഎംഎംസിഎൽ) ഏൽപ്പിച്ചതായി (മാർച്ച് 2016) ഓഡിറ്റ് നിരീക്ഷിച്ചു. അതനുസരിച്ച്, 26 സൊസൈറ്റികൾ[211] 0.79 കോടി രൂപ കെഎസ്സിഎംഎംസിഎല്ലിന് കൈമാറി (മാർച്ച് 2016). യന്ത്രങ്ങൾ വിതരണത്തിന് തയ്യാറാണെന്ന് കെഎസ്സിഎംഎംസിഎൽ സൊസൈറ്റികളെ അറിയിച്ചു (മാർച്ച് 2016). എന്നിരുന്നാലും, 608 ഇലക്ട്രോണിക് റാട്ടുകൾ[212] ഒഴികെയുള്ള യന്ത്രങ്ങൾ സൊസൈറ്റികൾ ഏറ്റെടുത്തില്ല. കൂടാതെ, ഡിഎഫ്എമ്മുകളും മറ്റ് ഉപകരണങ്ങളും ജൂൺ 2016 മുതൽ കെഎസ്സിഎംഎംസിഎല്ലിന്റെ പരിസരത്ത് കിടക്കുകയാണ്. കെഎസ്സിഎംഎംസിഎല്ലിന്റെ പറയുന്നതിനനുസരിച്ച് (മാർച്ച് 2019/ ഒക്ടോബർ 2021) പ്രകാരം ഭൂമി, സിവിൽ നിർമ്മാണം, വൈദ്യുതീകരണം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലമാണ് സൊസൈറ്റികൾ യന്ത്രങ്ങൾ ഏറ്റെടുക്കാത്തത്. 28 സൊസൈറ്റികളും ഗോഡൗൺ/ വർക്ക് ഷെഡിന്റെ ജോലികൾ പൂർത്തിയാക്കിയെന്നും, അവയിൽ 26 എണ്ണം ഇലക്ട്രോണിക് റാട്ട് ഉപയോഗിച്ച് കയർ പിരിക്കലും അനുബന്ധ പ്രവർത്തനങ്ങളും നടത്തിയെന്നും ഒരു ഓഡിറ്റ് എൻക്വയറിക്കുള്ള (ജൂലൈ 2021) മറുപടിയായി ഡയറക്ടറേറ്റ് വ്യക്തമാക്കി (ഓഗസ്റ്റ് 2021). കെഎസ്സിഎംഎംസിഎൽ

[208] കേരള സർക്കാരിന്റെ കയർ വികസന ഡയറക്ടറേറ്റ്, 10 പ്രോജക്ട് ഓഫീസുകൾ വഴി കയർ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

[209] വില്ലോവിങ് മെഷിൻ, സ്ക്രീനിംഗ് മെഷീൻ, കൺവെയർ, ഇലക്ട്രോണിക് റാട്ട്.

[210] പ്രാരംഭത്തിൽ (ഡിസംബർ 2014) ആറ് മാസത്തേക്ക്. പിന്നീട് (സെപ്റ്റംബർ 2015) ഒരു വർഷത്തേക്ക് നീട്ടി നൽകി.

[211] ഡിഎഫ്എമ്മുകൾ/ ഉപകരണങ്ങൾ എന്നിവ വാങ്ങുവാനുള്ള തുക രണ്ട് സൊസൈറ്റികൾ നൽകിയില്ല. നിർദ്ദിഷ്ഠ ആവശ്യത്തിനായി ഫണ്ട് വിനിയോഗിക്കാതിരുന്നതിന് ഈ സൊസൈറ്റികൾക്ക് പ്രോജക്ട് ഓഫീസ് നോട്ടീസ് നൽകി.

[212] കയർ ഫൈബറിൽ നിന്ന് കയർ യാൺ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ഒരു ഉപകരണമാണ് ഇലക്ട്രോണിക് റാട്ട്.

ഡിഎഫ്എമ്മുകൾ വിതരണം ചെയ്യാത്തതിനാലാണ് സൊസൈറ്റികൾക്ക് അവ സ്ഥാപിക്കാൻ സാധിക്കാത്തത് എന്നാണ് ഡയറക്ടറേറ്റിന്റെ നിലപാട്.

പരിശോധനയിൽ ഡിഎഫ്എമ്മുകൾ വിതരണം ചെയ്യപ്പെട്ടില്ല എന്ന് കണ്ടെതായി ഡയറക്ടറേറ്റ് കെഎസ്സിഎംഎംസിഎല്ലിനെ അറിയിക്കുകയും (ഒക്ടോബർ 2016) ആയതിന്റെ കാരണങ്ങൾ ആരായുകയും ചെയ്തെങ്കിലും, തുടർ നടപടികൾ ഉണ്ടായില്ല. 18 ശതമാനം പലിശ സഹിതം തുക തിരികെ നൽകുന്നതിന് ഒരു സൊസൈറ്റിക്ക് ഡിമാൻഡ് നോട്ടീസ്(ജൂലൈ 2021) നൽകിയതൊഴിച്ചാൽ, ഒരു സൊസൈറ്റിയും ആവശ്യമായ വിനിയോഗ സാക്ഷ്യപത്രം നൽകാതിരുന്നിട്ടും, അനുവദിച്ച തുക തിരിച്ചുപിടിക്കാൻ ഡയറക്ടറേറ്റ് മറ്റ് നടപടികളൊന്നും ആരംഭിച്ചില്ല.

ആറ് സൊസൈറ്റികളിൽ ഓഡിറ്റും കായംകുളം പ്രോജക്ട് ഓഫീസറും സംയുക്തമായി നടത്തിയ ഭൗതിക പരിശോധനയിൽ (ഒക്ടോബർ 2021) ഡിഎഫ്എമ്മുകൾ സ്ഥാപിച്ചിട്ടില്ല എന്ന് സ്ഥിരീകരിക്കപ്പെടുകയും, ഡിഎഫ്എമ്മുകളുടെ സ്ഥാപനത്തിന് ആവശ്യമായ ത്രീഫേസ് വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ, സഹായ ധനത്തിന്റെ ഒരു ഭാഗം അതിനായി നീക്കിവച്ചിട്ടു പോലും, അവർ ഉണ്ടാക്കിയില്ല എന്ന് വെളിപ്പെടുകയും ചെയ്തു. ഭൗതിക പരിശോധന നടത്തിയ വേളയിൽ, മറ്റ് സൊസൈറ്റികളിലും സമാനമായ സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് പ്രോജക്ട് ഓഫീസർ രേഖപ്പെടുത്തി. സൊസൈറ്റികൾ യന്ത്രങ്ങൾ ഏറ്റെടുക്കാതിരുന്നതിനാൽ, മറ്റുള്ളവർക്ക് നേരത്തേ വിതരണം ചെയ്ത പഴയ യന്ത്രങ്ങളുടെ അവശ്യ ഭാഗങ്ങൾ മാറ്റിസ്ഥാപിക്കുന്നതിന് അവ ഉപയോഗിക്കാൻ കെഎസ്സിഎംഎംസിഎൽ തീരുമാനിച്ചു (ഫെബ്രുവരി 2021) എന്നതും ശ്രദ്ധയിൽപ്പെട്ടു. 2023 ജനുവരി വരെ, ഇതിനായി എട്ട് ഡിഎഫ്എമ്മുകൾ മാത്രമാണ് കെഎസ്സിഎംഎംസിഎൽ പരിവർത്തനം ചെയ്തത്.

15 എച്ച്പി ഡിഎഫ്എമ്മുകൾ കാലഹരണപ്പെട്ടതാണെന്നും, അവ സ്ഥാപിക്കപ്പെട്ടാൽ വൈദ്യുതി ചെലവ് സൊസൈറ്റികൾക്ക് വലിയ ബാധ്യതയുണ്ടാക്കുമെന്നുമാണ് സൊസൈറ്റികളുടെ അഭിപ്രായമെന്ന് സർക്കാർ മറുപടി നൽകി (ഏപ്രിൽ 2023). കെഎസ്സിഎംഎംസിഎൽ ഇതുവരെ സൊസൈറ്റികൾക്ക് ഡിഎഫ്എമ്മുകൾ നൽകിയിട്ടില്ലാത്തതിനാലാണ് സൊസൈറ്റികളൊന്നും തന്നെ വിനിയോഗ സാക്ഷ്യ പത്രം നൽകാതിരുന്നത്. കൂടാതെ, എല്ലാ ഡിഎഫ്എമ്മുകളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാനോ അല്ലാത്ത പക്ഷം മുഴുവൻ തുകയും സർക്കാരിന് തിരികെ നൽകാനോ കെഎസ്സിഎംഎംസിഎല്ലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 15 എച്ച്പി ഡിഎഫ്എമ്മുകളുടെ നിർമ്മാണം പൂർത്തിയായതിനാൽ തുക തിരികെ നൽകാൻ കഴിയില്ലെന്നും അനുയോജ്യമായ മറ്റ് യന്ത്രങ്ങൾ നൽകാൻ തയ്യാറാണെന്നും കെഎസ്സിഎംഎംസിഎൽ റിപ്പോർട്ട് ചെയ്തതായും മറുപടിയിൽ പ്രസ്താവിക്കുന്നു.

കെഎസ്സിഎംഎംസിഎൽ നിർമ്മിച്ച 15 എച്ച്പി ആയിട്ടല്ല മറിച്ച് സൊസൈറ്റികൾ ആവശ്യപ്പെട്ട പ്രകാരമുള്ള 10 എച്ച്പിയായിട്ടായിരുന്നു ഡിഎഫ്എമ്മുകൾ റേറ്റു ചെയ്യപ്പെടേണ്ടിയിരുന്നതെന്നും, ഇതാണ് സൊസൈറ്റികൾ യന്ത്രങ്ങൾ നിരസിക്കാൻ കാരണമായതെന്നും മറുപടി സ്ഥിരീകരിക്കുന്നു. ആറ് വർഷത്തിലേറെയായി ഈ പ്രശ്നം പരിഹരിക്കുന്നതിന് ഡയറക്ടറേറ്റോ പ്രോജക്റ്റ് ഓഫീസോ നടപടി സ്വീകരിക്കാത്തതിനെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണത്തിന്മേൽ മറുപടിയിൽ പ്രതിപാദനമുണ്ടായില്ല.

അങ്ങനെ, സൊസൈറ്റികൾക്ക് വിതരണം ചെയ്ത ഫണ്ട്, വിഭാവനം ചെയ്യപ്പെട്ട പ്രകാരമുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് അവർ വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നതിൽ ഡയറക്ടറേറ്റും കായംകുളം പ്രോജക്ട് ഓഫീസും പരാജയപ്പെട്ടു. തൽഫലമായി, 0.61 കോടി രൂപ[213] പാഴായി. ആയതിനാൽ, കേരള ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 40(സി) വിഭാവനം ചെയ്യുന്നത് പോലെ, പൊതു ഫണ്ടിൽ

[213] 79.29 ലക്ഷം രൂപയും (26 ഡിഎഫ്എമ്മുകളുടെ മൊത്തം വില) 18.51 ലക്ഷം രൂപയും (ഒന്നിന് 3,045/ രൂപ എന്ന നിരക്കിൽ 608 ഇലക്ട്രോണിക് റാട്ടുകളുടെ വില) തമ്മിലുള്ള വ്യത്യാസം.

നിന്നും പാഴ്ച്ചെലവുകൾ ഉണ്ടാകുന്നതിനെതിരെ ജാഗ്രത പുലർത്താനുള്ള കടമ നിറവേറ്റുന്നതിൽ അവർ പരാജയപ്പെട്ടു.

***ശുപാർശ: കെഎസ്സിഎംഎംസിഎൽ ആവശ്യമായ യന്ത്രങ്ങൾ വിതരണം ചെയ്യുന്നുവെന്നും, അവ ഉടനടി ഉപയോഗപ്പെടുത്തുന്നു എന്നും, അതിൽ പരാജയപ്പെട്ടാൽ അവർ പ്രസ്തുത തുക തിരിച്ചടയ്ക്കുന്നു എന്നും സർക്കാർ ഉറപ്പു വരുത്തണം.***

# ഭാഗം II

# സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

# അദ്ധ്യായം III

# സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

# അദ്ധ്യായം III

# സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

## വ്യവസായ വാണിജ്യ വകുപ്പ്

### 3.1 ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ പ്രവർത്തന പ്രകടനം

**പ്രവർത്തനപരമായ കാര്യങ്ങൾക്കായി കമ്പനിക്ക് ഹ്രസ്വകാല പദ്ധതികളോ ദീർഘകാല പദ്ധതികളോ ഉണ്ടായിരുന്നില്ല. പ്രവർത്തനമൂലധന വായ്പയുടെ വകമാറ്റലും അത് മൂലമുണ്ടായ ഫണ്ടിന്റെ കുറവും അസംസ്കൃത വസ്തുക്കളുടെ കുറഞ്ഞ ചെലവിലുള്ള സംഭരണത്തെയും പൂർത്തിയായ ഉൽപ്പന്നങ്ങളുടെ സമയബന്ധിതമായ വിതരണത്തെയും പ്രതികൂലമായി ബാധിച്ചു. വസ്തുക്കളുടെ ദൗർലഭ്യം നിമിത്തം ഉൽപാദന സൗകര്യങ്ങൾ നിഷ്ക്രിയമായത് നിഷ്ക്രിയ വേതനം/ തൊഴിലാളികളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താതിരിക്കൽ എന്നിവയിലേക്ക് നയിച്ചു. ഉൽപാദനത്തിലെ ആസൂത്രണമില്ലായ്മ ഓവർടൈം വേതനത്തിനും കാരണമായി. തൊഴിൽ കാര്യക്ഷമതയില്ലായ്മയും അപകടകരമായ സാമ്പത്തിക സ്ഥിതിയും ഉണ്ടായിരുന്നിട്ടും, ജീവനക്കാരുമായി കമ്പനി ദീർഘകാല വേതന പരിഷ്കരണ കരാറിൽ ഏർപ്പെട്ടു. കമ്പനിക്ക് അതിന്റെ ഉൽപ്പന്നം കൃത്യസമയത്ത് വിതരണം ചെയ്യാൻ കഴിയാതിരുന്നത് ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കുന്നതിലേക്കും, വില പരിഷ്കരണ അവകാശവാദങ്ങൾ നിരസിക്കുന്നതിലേക്കും നയിച്ചു. ഇത്, ഒഴിവാക്കാമായിരുന്ന ജിഎസ്ടി അടവുകൾക്കും കാരണമായി. കമ്പനിയിൽ ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം ഇല്ലാതിരുന്നത് ഉൽപാദനച്ചെലവ് തെറ്റായി കണക്കാക്കുന്നതിലേക്ക് നയിച്ചു. കാലഹരണപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു പദ്ധതി നടപ്പിലാക്കിയത് യന്ത്ര സാമഗ്രികൾ നിഷ്ക്രിയമാകുന്നതിലേക്ക് നയിച്ചു.**

#### 3.1.1 ആമുഖം

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് (കമ്പനി) ഒരു സർക്കാർ കമ്പനിയായി[214] 1960 ഫെബ്രുവരിയിൽ രൂപീകരിക്കപ്പെട്ടു. കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഉൽപാദന മേഖലയിൽ ആണ് കമ്പനി പ്രവർത്തിക്കുന്നത്. കേബിളുകൾ (എച്ച്ഡബ്ല്യൂസി) എന്നിവയാണ് കമ്പനിയുടെ പ്രധാന ഉൽപ്പന്നങ്ങൾ. കമ്പനിക്ക് മൂന്ന് ഉൽപാദന യൂണിറ്റുകളുണ്ട്. ഇരുമ്പനം, തിരുവല്ല എന്നിവിടങ്ങളിലെ യൂണിറ്റുകളാണ് എസിഎസ്ആർ നിർമ്മിക്കുന്നത്. പിണറായിയിലെ യൂണിറ്റാണ് എച്ച്ഡബ്ല്യൂസി നിർമ്മിക്കുന്നത്.

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ യൂണിറ്റുകൾ

കമ്പനിയുടെ ഉൽപ്പന്ന മിശ്രിതവും വ്യത്യസ്ത ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനവും ചുവടെയുള്ള **പട്ടിക 3.1**-ൽ കാണിച്ചിരിക്കുന്നു.

[214] 2022 മാർച്ചിലെ മൊത്തം അടച്ചു തീർത്ത ഓഹരി മൂലധനമായ 53.02 കോടി രൂപ മുഖവിലയുള്ള (92.67 ശതമാനം) 57.22 കോടി രൂപയുടെ ഇക്വിറ്റി ഓഹരികൾ കേരള സർക്കാരിന്റെ കൈവശമുണ്ട്. സ്ഥാപന നിക്ഷേപകർ 7.20 ശതമാനവും ബാക്കി 0.13 ശതമാനം അല്ലാത്തവരുടേതുമാണ്.

**പട്ടിക 3.1: കമ്പനിയുടെ ഉൽപ്പന്ന മിശ്രിതവും ഉൽപ്പന്ന മിശ്രിതത്തിൽ നിന്നുള്ള വരുമാനവും ശതമാനത്തിൽ**

| ക്രമ നമ്പർ | ഉൽപ്പന്നം | മൊത്തം വരുമാനത്തിൻമേൽ ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ശതമാനം |
|---|---|---|
| 1 | അലൂമിനിയം കണ്ടക്ടർ സ്റ്റീൽ റീഇൻഫോഴ്സ്ഡ് | 78 |
| 2 | എക്സ്എൽപിഇ[215] കേബിൾ, കൺട്രോൾ കേബിളുകൾ, എക്സ്എൽപിഇ കേബിളുള്ള ടേൺകീ പ്രോജക്റ്റുകൾ | 10 |
| 3 | ഹൗസ് വയറിംഗ് കേബിൾ | 12 |
| | **ആകെ** | **100** |

### 3.1.2 സ്ഥാപനത്തിന്റെ ഘടന

1956/2013-ലെ കമ്പനി നിയമത്തിന് കീഴിൽ ആണ് കമ്പനി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. 2022 മാർച്ച് 31-ലെ സ്ഥിതി അനുസരിച്ചു രണ്ട് സ്വതന്ത്ര ഡയറക്ടർമാർ ഉൾപ്പെട്ട എട്ട് അംഗങ്ങൾ അടങ്ങുന്ന ഒരു ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ കമ്പനിയുടെ കാര്യനിർവ്വഹണം നിക്ഷിപ്തമാണ്. ചീഫ് ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടി ജനറൽ മാനേജർമാർ, സീനിയർ മാനേജർമാർ/ മാനേജർമാർ എന്നിവരുടെ സഹായത്തോടെ മാനേജിംഗ് ഡയറക്ടറാണ് എക്സിക്യൂട്ടീവ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. 2022 മാർച്ച് 31-ലെ ജീവനക്കാരുടെ എണ്ണം, താഴെ **പട്ടിക 3.2-ൽ** കാണിച്ചിരിക്കുന്നതുപോലെ, ആകെ അനുവദിച്ച 524-നു പകരമായി 375 ആയിരുന്നു:

**പട്ടിക 3.2: 2022 മാർച്ച് 31-ലെ ജീവനക്കാരുടെ എണ്ണം**

| ക്രമ നമ്പർ | പദവി | ജീവനക്കാരുടെ എണ്ണം | |
|---|---|---|---|
| | | അനുവദിച്ച എണ്ണം | യഥാർത്ഥ എണ്ണം |
| 1 | ഉദ്യോഗസ്ഥർ | 46 | 29 |
| 2 | തൊഴിലാളികൾ | 478 | 346 |
| | **ആകെ** | **524** | **375** |

### 3.1.3 ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ

പ്രവർത്തന കാര്യക്ഷമത കൈവരിക്കുന്നതിനായി പ്രസക്തമായ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ആഭ്യന്തര മാന്വലുകൾ, വിവേകപൂർണ്ണമായ സാമ്പത്തിക തത്ത്വങ്ങൾ എന്നിവ കമ്പനി പാലിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുക, അവലോകന കാലയളവിലെ തുടർച്ചയായ നഷ്ടത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുക എന്നിവ ആയിരുന്നു അനുവർത്തന ഓഡിറ്റിന്റെ ലക്ഷ്യം.

### 3.1.4 ഓഡിറ്റിന്റെ വ്യാപ്തി

2017–18 മുതൽ 2021–22 വരെയുള്ള അഞ്ച് വർഷക്കാലയളവിലെ കമ്പനിയുടെ ആസൂത്രണം, പ്രവർത്തന മൂലധന മാനേജ്മെന്റ്, സംഭരണം, ഉൽപാദനം, വിപണനം, മറ്റ് അനുബന്ധ പ്രശ്നങ്ങൾ തുടങ്ങിയ വിവിധ വശങ്ങൾ ഓഡിറ്റ് അവലോകനം ചെയ്തു.

[215] ക്രോസ് ലിങ്ക്ഡ് പോളിയെത്തിലീൻ.

### 3.1.5 ഓഡിറ്റിന്റെ മാനദണ്ഡങ്ങൾ

കമ്പനിയുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനും ഒരു നിഗമനത്തിലെത്തുന്നതിനും ഉപയോഗിക്കപ്പെട്ട മാനദണ്ഡങ്ങൾ:

i. കേരള സർക്കാരിന്റെ ഉത്തരവുകൾ.
ii. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും (ബിപിഇ) പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേർണൽ ഓഡിറ്റ് ബോർഡും (റിയാബ്) പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.
iii. സ്റ്റോർസ് പർച്ചേസ് മാന്വലും (എസ്പിഎം) കേരള ഫിനാൻഷ്യൽ കോഡും.
iv. ബോർഡ് ഓഫ് ഡയറക്ടേഴ്സ്/ ഓഡിറ്റ് കമ്മിറ്റി/ ബോർഡ് സബ് കമ്മിറ്റി യോഗങ്ങളുടെ അജണ്ടയും മിനിറ്റുകളും.
v. കമ്പനിയുടെ മെമ്മോറാണ്ടവും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും.
vi. കമ്പനിയുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും ബജറ്റ് എസ്റ്റിമേറ്റുകളും.
vii. കമ്പനി നിയമം, 2013.

### 3.1.6 ഓഡിറ്റിന്റെ രീതി

ഡയറക്ടർ ബോർഡ്/സബ് കമ്മിറ്റികൾ എന്നിവയുടെ മീറ്റിംഗുകളുടെ അജണ്ട കുറിപ്പുകൾ മിനിറ്റുകൾ, വാർഷിക റിപ്പോർട്ടുകൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്) റിപ്പോർട്ടുകൾ, പഠന റിപ്പോർട്ടുകൾ, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ, പ്രോജക്ട് റിപ്പോർട്ടുകൾ, ടെൻഡർ ഫയലുകൾ, കരാറുകൾ, ഫിസിക്കൽ വെരിഫിക്കേഷൻ റിപ്പോർട്ടുകൾ, കമ്പനി പരിപാലിക്കുന്ന ഫയലുകൾ/രേഖകൾ, സംഭരണത്തിന്റെയും ഉൽപാദനത്തിന്റെയും രേഖകൾ മുതലായവ ഓഡിറ്റ് മാനദണ്ഡങ്ങളുമായി താരതമ്യപ്പെടുത്തി വിശകലനം ചെയ്യുന്നതാണ് ഓഡിറ്റ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിച്ച രീതി. അനുവർത്തന ഓഡിറ്റിനിടെ, റിയാബ്, ബിപിഇ, കേരള സർക്കാരിന്റെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിലെ രേഖകൾ സൂക്ഷ്മമായി പരിശോധിച്ചു.

2021 ഡിസംബർ 2-നു നടത്തിയ എൻട്രി കോൺഫെറൻസിൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ, വ്യാപ്തി, മാനദണ്ഡങ്ങൾ, രീതി എന്നിവ സർക്കാരിന്റെയും കമ്പനിയുടെയും പ്രതിനിധികളുമായി ചർച്ച ചെയ്തു. സർക്കാരിന്റെ അഭിപ്രായങ്ങൾക്കായി കരട് അനുവർത്തന ഓഡിറ്റ് റിപ്പോർട്ട് 2023 ജനുവരിയിൽ നൽകുകയും 2023 മാർച്ചിൽ ലഭിച്ച സർക്കാരിന്റെ മറുപടി ഉചിതമായി ഉൾപ്പെടുത്തുകയും ചെയ്തു. 2023 മെയ് 29-നു നടത്തിയ എക്സിറ്റ് കോൺഫെറൻസിൽ ഓഡിറ്റിന്റെ കണ്ടെത്തലുകൾ സർക്കാരിന്റെയും കമ്പനിയുടെയും പ്രതിനിധികളുമായി ചർച്ച ചെയ്തു. എക്സിറ്റ് കോൺഫറൻസിന് ശേഷം 2023 ജൂണിൽ സർക്കാർ പരിഷ്കരിച്ച മറുപടി നൽകുകയും അത് ഉചിതമായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### 3.1.7 കമ്പനിയുടെ ബിസിനസ്സ് സാഹചര്യം

പ്രവർത്തന മൂലധനം, പ്രവർത്തന മൂലധന ചംക്രമണം, വിപണനക്ഷമത, അസംസ്കൃത വസ്തുക്കളുടെ വിലയിലെ വർദ്ധനവ് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ കമ്പനിയുടെ ബിസിനസ്സ് സാഹചര്യവും അതിനെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങളും ഓഡിറ്റ് വിശകലനം ചെയ്തതിന്റെ ഫലങ്ങൾ ഇപ്രകാരമായിരുന്നു.

**വിപണനക്ഷമത:** കമ്പനിയുടെ പ്രധാന ഉപഭോക്താവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ) ആണ്. മുൻ വർഷം മത്സരാധിഷ്ഠിത ടെൻഡറുകളിലൂടെ എസിഎസ്ആർ വാങ്ങിയപ്പോൾ കെഎസ്ഇബിഎല്ലിന് ലഭിച്ച ഏറ്റവും കുറഞ്ഞ (എൽ 1) നിരക്കിനേക്കാൾ 10 ശതമാനം വരെ വില കൂടുതലോടെ കമ്പനിയിൽ നിന്ന് എസിഎസ്ആർ വാങ്ങാൻ കെഎസ്ഇബിഎല്ലിന് കേരള സർക്കാർ (മാർച്ച് 2020) അനുമതി നൽകി. കെഎസ്ഇബിഎല്ലിന്റെ മൊത്തം എസിഎസ്ആർ ആവശ്യകതയുടെ 55 ശതമാനമായിരുന്നു ഉറപ്പായ വാങ്ങൽ അളവ്. കേരള സർക്കാറിന്റെ ഈ നിർദ്ദേശങ്ങൾ പ്രകാരം, കമ്പനി അതിന്റെ

ഉൽപ്പന്നങ്ങൾക്ക് ഏറ്റവും കുറഞ്ഞ എൽ 1 നിരക്കിലോ അല്ലെങ്കിൽ എൽ 1–നേക്കാൾ പത്ത് ശതമാനം വരെ കൂടിയ നിരക്കിലോ വിൽപ്പന ഉറപ്പാക്കിയിരുന്നു.

**പ്രവർത്തന മൂലധനം:** കെഎസ്ഇബിഎല്ലിൽ നിന്ന് ലഭിക്കുന്ന പർച്ചേസ് ഓർഡർ മൂല്യത്തിന്റെ 85 ശതമാനം വരെ ഉള്ള ഈട്രഹിത പ്രവർത്തന മൂലധന വായ്പാ സൗകര്യം കേരള സ്റ്റേറ്റ് പവർ ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൽ (കെഎസ്പിഐഎഫ്സി) നിന്ന് കമ്പനിക്ക് ലഭിച്ചിരുന്നു. പ്രവർത്തന മൂലധന വായ്പയുടെ ശരാശരി പലിശ നിരക്ക് പ്രതിവർഷം 11.55 ശതമാനമായിരുന്നു. മൊത്തം ചെലവിന്റെ ശരാശരി 66 ശതമാനം വരുന്ന അസംസ്കൃത വസ്തുക്കളുടെ വാങ്ങലിനായി മൊബിലൈസേഷൻ അഡ്വാൻസായി കെഎസ്പിഐഎഫ്സിയിൽ നിന്ന് ലഭിച്ച വായ്പ വിനിയോഗിക്കേണ്ടിയിരുന്നു. കമ്പനി, കെഎസ്ഇബിഎൽ, കെഎസ്പിഐഎഫ്സി എന്നിവർ തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം വിൽപ്പനയിൽ നിന്നുള്ള വരുമാനം പ്രവർത്തന മൂലധന വായ്പയുടെ തിരിച്ചടവിനായി വിനിയോഗിക്കണം. ഡെലിവറി ഷെഡ്യൂൾ ആറ് മാസം വരെ ദൈർഘ്യമുള്ളതായിരുന്നതിനാൽ, അതിന് അനുസൃതമായി അൽപാൽപ്പമായി വിഭവങ്ങൾ ശേഖരിക്കാനുള്ള അവസരം കമ്പനിക്കുണ്ടായിരുന്നു.

**കുറഞ്ഞ പ്രവർത്തന മൂലധന ചംക്രമണം:** അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള ശരാശരി ലീഡ് സമയം അഞ്ച് ദിവസമായിരുന്നു. കൂടാതെ, പ്രതിദിനം 300 കിലോമീറ്റർ എസിഎസ്ആർ ഉൽപാദിപ്പിക്കാനുള്ള സൗകര്യങ്ങൾ കമ്പനിക്കുണ്ടായിരുന്നു. കെഎസ്ഇബിഎല്ലിൽ നിന്നുള്ള പർച്ചേസ് ഓർഡറുകൾ, ഡെലിവറി കഴിഞ്ഞ് 60 ദിവസത്തെ ക്രെഡിറ്റ് കാലയളവ് നൽകിയിരുന്നു. അതിനാൽ, വിതരണക്കാരുടെയും ഉപഭോക്താക്കളുടെയും കൈവശം കമ്പനിക്ക് കിട്ടേണ്ടിയിരുന്ന തുക തടസ്സപ്പെട്ടുകിടക്കുന്നത് പരിമിതമായിരുന്നു. തൽഫലമായി, പ്രവർത്തന മൂലധന ചംക്രമണത്തിന്റെ ദൈർഘ്യം കുറവായിരുന്നു.

**സാമഗ്രികളുടെ വില വർദ്ധനവിൽ നിന്നുള്ള സംരക്ഷണം:** കെഎസ്ഇബിഎൽ നൽകുന്ന പർച്ചേസ് ഓർഡറുകളിൽ ഇന്ത്യൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് മാനുഫാക്ചറേഴ്സ് അസോസിയേഷന്റെ (ഐഇഇഎംഎ) വില വ്യതിയാന സമവാക്യം അടിസ്ഥാനമാക്കിയുള്ള വില വ്യതിയാന വ്യവസ്ഥ ഉൾക്കൊള്ളിച്ചിരുന്നതിനാൽ, ഉപയോഗിക്കുന്ന വസ്തുക്കളുടെ മൊത്തം വിലയുടെ 72 ശതമാനം വരുന്ന പ്രധാന അസംസ്കൃത വസ്തുവായ അലൂമിനിയത്തിന്റെ വിലയിലുണ്ടായേക്കാവുന്ന വർദ്ധനയിൽ നിന്ന് കമ്പനി സംരക്ഷിക്കപ്പെട്ടിരുന്നു.

മേൽപ്പറഞ്ഞ അനുകൂല ഘടകങ്ങൾ ഉണ്ടായിരുന്നിട്ടും, അവയെ പ്രയോജനകരമായ രീതിയിൽ മികച്ച പ്രവർത്തന പ്രകടനമാക്കി മാറ്റുന്നതിൽ കമ്പനി പരാജയപ്പെട്ടതായി താഴെ കൊടുത്തിട്ടുള്ള പ്രവർത്തന ഫലങ്ങൾ കാണിക്കുന്നു.

## ഓഡിറ്റ് കണ്ടെത്തലുകൾ

കമ്പനിയുടെ സാമ്പത്തിക സ്ഥിതി, പ്രവർത്തന ഫലങ്ങൾ, മറ്റ് പ്രവർത്തന മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ ചർച്ചചെയ്യുന്നു:

### 3.1.8 സാമ്പത്തിക നില

അവലോകന കാലയളവിലെ കമ്പനിയുടെ സാമ്പത്തിക സ്ഥിതി **പട്ടിക 3.3**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.3: 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷകാലയളവിലെ സാമ്പത്തിക സ്ഥിതി**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | **ഇക്വിറ്റിയും ബാധ്യതകളും** | | | | | |
| 2 | **ഓഹരി ഉടമകളുടെ ഫണ്ടുകൾ** | | | | | |
| 3 | (എ) ഓഹരി മൂലധനം[216] | 57.22 | 57.22 | 81.87 | 81.87 | 57.22 |
| 4 | (ബി) കരുതൽ ധനവും | (73.76) | (87.33) | (99.12) | (143.90) | (53.91) |
| 5 | **ദീർഘകാല ബാധ്യതകൾ** | 9.36 | 19.14 | 21.62 | 28.56 | 61.21 |
| 6 | **ഹ്രസ്വകാല ബാധ്യതകൾ** | 133.41 | 187.06 | 146.83 | 172.48 | 157.86 |
| 7 | **ആകെ** | **126.23** | **176.09** | **151.20** | **139.01** | **222.38** |
| 8 | **ആസ്തികൾ** | | | | | |
| 9 | **ദീർഘകാല ആസ്തികൾ** | | | | | |
| 10 | (a) സ്ഥിര ആസ്തികൾ | 19.07 | 22.62 | 20.36 | 21.96 | 151.73 |
| 11 | (b) ദീർഘകാല വായ്പകളും അഡ്വാൻസുകളും | 3.25 | 2.75 | 2.87 | 1.55 | 1.47 |
| 12 | **ഹ്രസ്വകാല ആസ്തികൾ** | 103.91 | 150.72 | 127.97 | 115.50 | 69.18 |
| 13 | **ആകെ** | **126.23** | **176.09** | **151.20** | **139.01** | **222.38** |
| 14 | **അറ്റ മൂല്യം (3+4)** | **(16.54)** | **(30.11)** | **(17.25)** | **(62.03)** | **3.31**[217] |

താഴെ വിശദീകരിക്കുന്നതു പോലെ അവലോകന കാലയളവിൽ കമ്പനിയുടെ സാമ്പത്തിക സ്ഥിതി മോശമായതായി **പട്ടിക 3.3**-ൽ നിന്ന് കാണാൻ കഴിയും:

- 2017-18 മുതൽ 2020-21 വരെയുള്ള നാല് വർഷ കാലയളവിൽ കമ്പനിയുടെ അറ്റമൂല്യം നെഗറ്റീവ് ആയിരുന്നു. ഈ വർഷങ്ങളിൽ അത് (-) 16.54 കോടി രൂപയിൽ നിന്ന് (-) 62.03 കോടി രൂപയായി കുറഞ്ഞു. 2021-22-ൽ, ഭൂമിയുടെ മൂല്യം പുനർനിർണ്ണയിച്ചിരുന്നില്ല എങ്കിൽ, അറ്റ മൂല്യം (-) 129.05 കോടി രൂപ ആയിരുന്നേനെ.
- ഹ്രസ്വകാല ബാധ്യതകൾ 133.41 കോടി രൂപയിൽ (2017-18) നിന്ന് 157.86 കോടി രൂപയായി (2021-22) വർദ്ധിച്ചു. അതേ കാലയളവിൽ, ഹ്രസ്വകാല ആസ്തികൾ 103.91 കോടി രൂപയിൽ നിന്ന് 69.18 കോടി രൂപയായി കുറഞ്ഞു. ഇത് കമ്പനിയുടെ പ്രവർത്തന മൂലധന ക്ഷാമം രൂക്ഷമാക്കി.
- ദീർഘകാല ബാധ്യതകൾ 9.36 കോടി രൂപയിൽ നിന്ന് (2017-18) 61.21 കോടി രൂപ (2021-22) വർദ്ധിച്ചു. എന്നിരുന്നാലും, ദീർഘകാല ആസ്തികൾ ആനുപാതികമായി വർദ്ധിക്കാതിരുന്നത് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഫണ്ടുകളുടെ ആഭ്യന്തര ശേഖരത്തേക്കാൾ, അവലോകന കാലയളവിലുടനീളം ലോൺ ഫണ്ടുകളെയാണ് കമ്പനി ആശ്രയിച്ചത് എന്ന് സൂചിപ്പിച്ചു.

[216] 2019-20, 2020-21 വർഷങ്ങളിലെ മൂലധനത്തിൽ 24.65 കോടി രൂപ ഓഹരി മൂലധനത്തിനുള്ള അഡ്വാൻസ് ഉൾപ്പെടുന്നു.

[217] 2021-22-ൽ കമ്പനി തങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം 1.39 കോടി രൂപയിൽ നിന്ന് 133.75 കോടി രൂപയായി പുനർനിർണ്ണയിച്ചു. ഇത് കമ്പനിയുടെ കരുതൽ ധനവും മിച്ചവും, സ്ഥിര ആസ്തികൾ, അറ്റ മൂല്യം എന്നിവയെ അനുകൂലമായി സ്വാധീനിച്ചു.

### 3.1.9 പ്രവർത്തന ഫലങ്ങൾ

മുകളിൽ ചർച്ച ചെയ്ത സാമ്പത്തിക സ്ഥിതിയിലെ അപചയത്തിന് കാരണം, താഴെയുള്ള **പട്ടിക 3.4-ൽ** കാണിച്ചിരിക്കുന്നതുപോലെ വർഷങ്ങളായുള്ള മോശമായ പ്രവർത്തനഫലങ്ങളാണ്.

**പട്ടിക 3.4: 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷത്തെ പ്രവർത്തന ഫലങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | **പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം** | | | | | |
| 2 | ഉൽപ്പന്നങ്ങളുടെ അറ്റ വിൽപ്പന | 111.23 | 163.71 | 130.14 | 183.44 | 101.60 |
| 3 | മറ്റ് വരുമാനം | 2.18 | 2.19 | 17.05 | 1.24 | 1.95 |
| 4 | **മൊത്തം വരുമാനം** | **113.41** | **165.90** | **147.19** | **184.68** | **103.55** |
| 5 | **ചെലവുകൾ** | | | | | |
| 6 | ഉപയോഗിച്ച അസംസ്കൃത വസ്തുക്കളുടെ വില | 78.74 | 121.72 | 114.17 | 152.18 | 86.08 |
| 7 | ഇൻവെന്ററികളിലെ മാറ്റങ്ങൾ | 1.00 | (1.60) | (7.80) | 6.06 | 7.86 |
| 8 | ജീവനക്കാരുടെ ആനുകൂല്യ ചെലവുകൾ | 21.75 | 22.58 | 22.38 | 27.68 | 24.69 |
| 9 | സാമ്പത്തിക ചെലവ് | 11.33 | 15.84 | 13.24 | 16.38 | 15. 87 |
| 10 | മൂല്യക്ഷയവും മറ്റ് ചെലവുകളും | 9.62 | 21.24 | 14.71 | 11.04 | 8. 83 |
| 11 | **മൊത്തം ചെലവ്** | **122.44** | **179.78** | **156.70** | **213.34** | **143.33** |
| 12 | അസാമാന്യമായ/അസാധാരണമായ ഇനങ്ങൾക്കും നികുതിക്കും മുമ്പുള്ള ലാഭം/(നഷ്ടം) | (9.03) | (13.88) | (9.51) | (28.66) | (39.78 ) |
| 13 | മുൻകാല ഇനങ്ങൾ | 0.25 | 0.31 | (2.28) | (16.12) | (2.92) |
| 14 | അസാമാന്യമായ/അസാധാരണമായ ഇനങ്ങൾ | 0 | 0 | 0 | 0 | 0.33 |
| 15 | വർഷത്തേക്കുള്ള ലാഭം/(നഷ്ടം) | **(8.78)** | **(13.57)** | **(11.79)** | **(44.78)** | **(42.37)** |
| 16 | **അറ്റ നഷ്ടം വരുമാനത്തിന്റെ ശതമാനത്തിൽ** | **7.74** | **8.17** | **8.00** | **24.25** | **40.92** |

**പട്ടിക 3.4-ൽ** കാണാൻ കഴിയുന്നതുപോലെ, അവലോകനം ചെയ്യപ്പെട്ട എല്ലാ വർഷങ്ങളിലും കമ്പനിക്ക് അറ്റ നഷ്ടം ഉണ്ടായി. അറ്റ നഷ്ടം 2017-18-ലെ 8.78 കോടി രൂപ മുതൽ 2020-21-ലെ 44.78 കോടി രൂപ വരെ വ്യത്യാസപ്പെട്ടിരുന്നു. 2017-18 മുതൽ 2019-20 വരെയുള്ള മൂന്ന് വർഷക്കാലയളവിൽ ശരാശരി അറ്റ നഷ്ടം മൊത്തം വരുമാനത്തിന്റെ എട്ട് ശതമാനം ആയിരുന്നത് 2020-21-ൽ 24 ശതമാനമായും 2021-22-ൽ 41 ശതമാനമായും വർദ്ധിച്ചു.

**പട്ടിക 3.4-ൽ** നിന്ന് കാണാൻ കഴിയുന്നത് പോലെ, മൊത്തം വരുമാനവും മൊത്തം ചെലവുകളും വലിയ ഏറ്റക്കുറച്ചിലുകൾ കാണിച്ചു. 2017-18-ൽ 113.41 കോടി രൂപയായിരുന്ന ആകെ വരുമാനം 2020-21-ൽ പരമാവധി 184.68 കോടി രൂപയായി വർദ്ധിക്കുകയും 2021-22-ൽ 103.55 കോടി രൂപയായി കുറയുകയും ചെയ്തു. അതുപോലെ, 2017-18-ലെ മൊത്തം ചെലവ് 122.44 കോടി രൂപ ആയിരുന്നത് 2020-21-ൽ പരമാവധി 213.34 കോടി രൂപയായി ഉയരുകയും, തുടർന്ന് 2021-22-ൽ 143.33 കോടി രൂപയായി കുറയുകയും ചെയ്തു. ഇതിന്റെ കാരണങ്ങൾ താഴെ വിശദീകരിക്കുന്നു.

- 2017-18 മുതൽ 2020-21 വരെയുള്ള നാല് വർഷക്കാലയളവിൽ വിറ്റുവരവിൽ 65 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, അതേ കാലയളവിൽ ചെലവുകൾ 74 ശതമാനം എന്ന ഉയർന്ന നിരക്കിൽ വർദ്ധിച്ചു.

- ചെലവിലെ പ്രധാന ഘടകമായ അസംസ്കൃത വസ്തുക്കളുടെ വില 2017–18–ലെ 78.74 കോടി രൂപയിൽ നിന്ന് 2020–21–ൽ 152.18 കോടി രൂപയായി ഉയർന്നു. അതായത്, ഇതേ കാലയളവിലെ മൊത്തം ചെലവിന്റെ 64 ശതമാനത്തിൽ നിന്ന് 71 ശതമാനമായി ഉയർന്നു. 2017–18 മുതൽ 2020–21 വരെയുള്ള കാലയളവിൽ, ജീവനക്കാരുടെ ആനുകൂല്യ ചെലവുകൾ 27 ശതമാനവും (21.75 കോടി രൂപയിൽ നിന്ന് 27.68 കോടി രൂപയായി) സാമ്പത്തിക ചെലവ് 45 ശതമാനവും വർദ്ധിച്ചു (11.33 കോടി രൂപയിൽ നിന്ന് 16.38 കോടി രൂപയായി). സാമഗ്രികളുടെ ചെലവ്, വേതനം, ഫിനാൻസ് ചാർജ്ജുകൾ എന്നിവയിലെ വർദ്ധനവ് കമ്പനിയുടെ പ്രവർത്തന ഫലങ്ങളെ പ്രതികൂലമായി ബാധിച്ചു.
- 2020–21–ൽ, വാർഷിക കണക്കുകളിലെ 16.12 കോടി രൂപയുടെ മുൻകാല ഇനങ്ങളിൽ വേതന പരിഷ്കരണത്തിനായുള്ള ദീർഘകാല കരാറുമായി ബന്ധപ്പെട്ട കുടിശ്ശിക തുകകൾക്കുള്ള നീക്കിയിരിപ്പായ 14.10 കോടി രൂപയും ഉൾപ്പെടുന്നു. ഇതും ചെലവുകൾ വർദ്ധിപ്പിച്ചു.
- 2021–22–ൽ, മുൻവർഷത്തെ അപേക്ഷിച്ച് വരുമാനം 44 ശതമാനം കുറഞ്ഞു. എന്നിരുന്നാലും, ജീവനക്കാരുടെ ആനുകൂല്യങ്ങൾ, സാമ്പത്തിക ചെലവ്, ആസ്തികളുടെ മൂല്യക്ഷയം എന്നിവയുടെ താരതമ്യേന നിശ്ചിതമായ സ്വഭാവം കാരണം മൊത്തം ചെലവുകളിലെ കുറവ് 33 ശതമാനം മാത്രമായിരുന്നു.
- കൂടാതെ, 2021–22–ൽ ഉപഭോഗം ചെയ്ത സാമഗ്രികളുടെ ചെലവിൽ വന്ന കുറവ് ഉൽപാദനത്തിലുണ്ടായ ഇടിവുമായി ബന്ധപ്പെട്ടതാണ്. അതും വരുമാനത്തെ ബാധിച്ചു.

### 3.1.10 സുസ്ഥിരമല്ലാത്ത വരുമാന മാതൃക

2017–18 മുതൽ 2021–22 വരെയുള്ള അഞ്ച് വർഷങ്ങളിൽ 100 രൂപ വരുമാനം നേടാൻ വേണ്ടി വന്ന ശരാശരി ചെലവ് ചുവടെയുള്ള **പട്ടിക 3.5**–ൽ കാണിച്ചിരിക്കുന്നത് പോലെ 122.16 രൂപ ആണെന്ന് കണ്ടു.

**പട്ടിക 3.5: 100 രൂപ സമ്പാദിക്കുന്നതിനുള്ള ചെലവിന്റെ ഘടകങ്ങളും വിഭജനവും**

| ക്രമ നമ്പർ | ചെലവിന്റെ സ്വഭാവം | 100 രൂപ വരുമാനം നേടുന്നതിന് ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 1 | ഉപയോഗിച്ച അസംസ്കൃത വസ്തുക്കളുടെ വില | 80.11 |
| 2 | ജീവനക്കാരുടെ ചെലവ് | 17.99 |
| 3 | സാമ്പത്തിക ചെലവ് | 10.92 |
| 4 | മറ്റു ചെലവുകൾ | 13.14 |
| | **മൊത്തം ചെലവുകൾ** | **122.16** |

ചെലവ് വരുമാനത്തേക്കാൾ കൂടുതലായതിനാൽ, കമ്പനി അനുധാവനം ചെയ്യുന്ന വാണിജ്യ മാതൃക നിലനിൽക്കത്തക്കതായിരുന്നില്ല. ഇത് വർഷങ്ങളായുള്ള മോശം പ്രകടനത്തിനും, മൂലധന ശോഷണത്തിനും, ന്യൂന അറ്റ മൂല്യത്തിനും കാരണമായി. അസംസ്കൃത വസ്തുക്കളെ പൂർത്തിയായ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് കമ്പനി ഒരു പരിവർത്തന അനുപാതവും നിശ്ചയിച്ചിട്ടില്ലെന്നത് ശ്രദ്ധേയമാണ്. കമ്പനി രേഖപ്പെടുത്തിയിട്ടുള്ള യഥാർത്ഥ മാനദണ്ഡങ്ങൾക്കനുസൃതമായി കാണപ്പെടുന്നതായി കണ്ടെത്തിയ സ്റ്റാൻഡേർഡുകളുമായി ബന്ധപ്പെട്ട യഥാർത്ഥ സ്ക്രാപ്പ് ശതമാനം മാത്രമേ കമ്പനി അവലോകനം ചെയ്യുന്നുള്ളൂ.

കമ്പനി ചെലവിനോട് വരുമാനവിഹിതം ചേർത്ത് അതിന്റെ വിൽപ്പന വില നിശ്ചയിക്കുന്നു. ഓർഡർ ലഭിക്കുവാൻ എൽ 1 ആകുന്നതിനോ എൽ 1 നിരക്കുകളുമായി പൊരുത്തപ്പെടുന്നതിനോ മാർക്കറ്റ് സാഹചര്യങ്ങൾക്കനുസരിച്ച് വരുമാനവിഹിതം നിശ്ചയിക്കപ്പെടുന്നു. അങ്ങനെ, അസംസ്കൃത വസ്തുക്കളുടെ സംഭരണം കമ്പനിയുടെ വരുമാന മാതൃകയിൽ നിർണായക ഘടകമായിരുന്നു, കാരണം ഇത് കമ്പനിയുടെ മൊത്തം ചെലവിന്റെ 65.57 ശതമാനമാണ്. പരിവർത്തന അനുപാതത്തിലും വിൽപ്പന വില നിശ്ചയിക്കുന്നതിലും പരിമിതമായ പുരോഗതിക്കുള്ള അവസരം മാത്രമേ ഉള്ളൂ എന്നിരിക്കെ, ***ഖണ്ഡിക 3.1.13, 3.1.15.3*** എന്നിവയിൽ ചർച്ച ചെയ്തിരിക്കുന്ന പോലെ അസംസ്കൃത

വസ്തുക്കളുടെ സംഭരണത്തിലും ചെലവ് കണക്കാക്കുന്നതിലും പോരായ്മകൾ ഉണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അവലോകന കാലയളവിൽ കമ്പനിയുടെ മോശം പ്രകടനത്തിന്റെ കാരണങ്ങൾ ഓഡിറ്റ് വിശകലനം ചെയ്തു. അവ തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്തിരിക്കുന്നു.

### 3.1.11 ആസൂത്രണം

പ്രവർത്തന മൂലധന പരിപാലനം, അസംസ്കൃത വസ്തുക്കളുടെ സംഭരണം, ഉൽപാദന പ്രക്രിയ, വിപണനം, വിൽപ്പന സാക്ഷാത്കാരം തുടങ്ങിയ പ്രവർത്തനപരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഹ്രസ്വകാല അല്ലെങ്കിൽ ദീർഘകാല ഉദ്യമങ്ങൾക്കായി കമ്പനിക്ക് രേഖപ്പെടുത്തപ്പെട്ട പദ്ധതികളൊന്നും ഉണ്ടായിരുന്നില്ല. ആയതിന്റെ ഫലങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.

- പ്രവർത്തന മൂലധന പരിപാലനത്തിലെ ആസൂത്രണത്തിന്റെ അഭാവം, അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിനായി കരുതിയിരുന്ന പ്രവർത്തന മൂലധന വായ്പകൾ മറ്റ് ഭരണപരമായ ആവശ്യങ്ങൾക്കായി വകമാറ്റുന്നതിലേക്ക് നയിച്ചു.

- അതുപോലെ, സംഭരണത്തിലെ ആസൂത്രണമില്ലായ്മ കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ വലിയ അളവിൽ വാങ്ങുന്നതിൽ നിന്നും കമ്പനിയെ തടയുകയും, ആവശ്യമുള്ളതിലും കുറഞ്ഞ അളവിൽ വാങ്ങുക തുടങ്ങിയവയിലേക്ക് നയിക്കുകയും ചെയ്തു. ഇത് ദീർഘകാല/ ഹ്രസ്വകാല ഉൽപാദന പദ്ധതികൾ തയ്യാറാക്കുന്നതിൽ നിന്നും കമ്പനിയെ തടയുകയും തന്മൂലം പൂർത്തിയായ ഉത്പന്നങ്ങളുടെ വിതരണം വൈകുകയും ചെയ്തു.

- സംഭരണത്തിലും ഉൽപാദന പ്രക്രിയയിലും ഉണ്ടായ ആസൂത്രണത്തിന്റെ അഭാവം ജീവനക്കാർ നിഷ്ക്രിയമാകുന്നതിലേക്കും/ കാര്യക്ഷമമല്ലാതാകുന്നതിലേക്കും നയിച്ചു.

ഈ ഘടകങ്ങളെല്ലാം ഉയർന്ന ഉൽപാദനച്ചെലവിന് കാരണമാകുകയും കമ്പനിയെ തുടർച്ചയായ നഷ്ടത്തിലേക്ക് നയിക്കുകയും ചെയ്തു. വിതരണത്തിലെ കാലതാമസം മൂലമുണ്ടായ കുറഞ്ഞ/വൈകിയ വിൽപന സാക്ഷാത്കാരം, പ്രവർത്തന മൂലധനത്തിന്റെ ദൗർലഭ്യം കൂട്ടി. ഇത് ഒരു ദൂഷിത വലയം സൃഷ്ടിച്ചു.

ലഭിച്ച ഓർഡറുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തന മൂലധന ആവശ്യകതകൾ, അസംസ്കൃത വസ്തുക്കൾ, ഉൽപാദനം എന്നിവ സംബന്ധിച്ച് കമ്പനി തലത്തിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ കമ്പനി ആസൂത്രണം ചെയ്യുന്നുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (മാർച്ച് 2023). ആവശ്യമായ ഫണ്ടിനെ അടിസ്ഥാനമാക്കി കമ്പനി ഒരു പ്രവർത്തന മൂലധന പദ്ധതി സംയോജിപ്പിച്ചിട്ടുണ്ടെന്ന് സർക്കാർ അതിന്റെ പരിഷ്കരിച്ച മറുപടിയിൽ പ്രസ്താവിച്ചു (ജൂൺ 2023). എന്നിരുന്നാലും, പ്രവർത്തന മൂലധനത്തിന്റെ കുറവ്, ഫണ്ട് ലഭ്യത, കോവിഡ് –19 കാലയളവിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ എന്നിവ കാരണം ആസൂത്രണം ചെയ്ത ഉൽപാദനം യഥാസമയം കൈവരിക്കാൻ കമ്പനിക്കായില്ല.

അവലോകന യോഗങ്ങൾ ഉടനടിയുള്ള പരിഹാര നടപടികളായി മാത്രം പ്രവർത്തിക്കുകയും ഹ്രസ്വകാല/ദീർഘകാല ആസൂത്രണ ആവശ്യകതകൾ അഭിസംബോധന ചെയ്യാതിരിക്കുകയും ചെയ്യുന്നതിനാൽ സർക്കാരിന്റെ മറുപടി നിലനിൽക്കത്തക്കതല്ല. കൂടാതെ, കമ്പനിയുടെ പ്രധാന ഉപഭോക്താവായ കെഎസ്ഇബിഎൽ കേരള സർക്കാരിന്റെ കീഴിൽത്തന്നെയുള്ള ഒരു പൊതുമേഖലാ സ്ഥാപനം ആണ്. കോവിഡ് –19 ലോക്ക്ഡൗൺ കാലയളവും ഉൾപ്പെടുന്ന അവലോകന കാലയളവിൽ, എസിഎസ്ആർ കണ്ടക്ടറുകൾ വാങ്ങുന്നതിനായി കെഎസ്ഇബിഎൽ നൽകിയ 1,020.08 കോടി രൂപയുടെ ഓർഡറുകളിൽ 63 ശതമാനം വരുന്ന 642.59 കോടി രൂപയുടെ ഓർഡറുകൾ കമ്പനിക്ക് നൽകി. എന്നിരുന്നാലും, കെഎസ്ഇബിഎല്ലിന്റെ മുഴുവൻ ആവശ്യകതയും കമ്പനിക്ക് നിറവേറ്റാൻ കഴിഞ്ഞില്ല. എന്നിരുന്നാലും, കെഎസ്ഇബിഎല്ലിന്റെ ആവശ്യകതകൾ തങ്ങളുടെ ദീർഘകാല ഉൽപാദന പദ്ധതിയുമായി സമരസപ്പെടുത്താൻ കമ്പനി ഒരു ശ്രമവും നടത്തിയിട്ടില്ല. ***ഖണ്ഡിക 3.1.16.1***–ൽ ചർച്ച ചെയ്യുന്നതുപോലെ നിക്ഷേപ തീരുമാനങ്ങൾ സംബന്ധിച്ചും കമ്പനിക്ക് യാതൊരു ആസൂത്രണവും ഇല്ലായിരുന്നു.

***ശുപാർശ: പ്രവർത്തനമൂലധനം വകമാറ്റുന്നത് ഒഴിവാക്കാൻ കമ്പനിയുടെ പ്രവർത്തനപരമായ പ്രവർത്തികൾക്കായി യാഥാർത്ഥ്യബോധത്തോടെയുള്ള ഹ്രസ്വകാല/ദീർഘകാല പദ്ധതികൾ തയ്യാറാക്കാൻ സർക്കാർ കമ്പനിയോട് നിർദ്ദേശിക്കുക.***

### 3.1.12 പ്രവർത്തന മൂലധന പരിപാലനം

പണലഭ്യത, പ്രവർത്തനക്ഷമത, ഹ്രസ്വകാല സാമ്പത്തിക സുസ്ഥിതി എന്നിവയുടെ അളവുകോലാണ് ഒരു കമ്പനിയുടെ പ്രവർത്തന മൂലധനം. നിക്ഷേപം നടത്താനും വളരാനുമുള്ള കഴിവ് ലഭിക്കുന്നതിന്, ഏതൊരു കമ്പനിക്കും ന്യായമായ അളവിൽ പ്രവർത്തന മൂലധനം ഉണ്ടായിരിക്കണം. മതിയായ പ്രവർത്തന മൂലധനം സൂചിപ്പിക്കുന്നത് ഒരു കമ്പനിക്ക് അതിന്റെ നിലവിലെ പ്രവർത്തനങ്ങൾക്ക് പണം ലഭ്യമാക്കാനും ഭാവി പ്രവർത്തനങ്ങളിൽ നിക്ഷേപിക്കാനും കഴിയും എന്നതാണ്.

കമ്പനിക്ക് അതിന്റെ പ്രവർത്തന മൂലധനം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംവിധാനവും ഉണ്ടായിരുന്നില്ല. അവലോകന കാലയളവിലെ കമ്പനിയുടെ പ്രവർത്തന മൂലധന സ്ഥിതി വിശകലനം ചെയ്യുകയും ചുവടെയുള്ള **പട്ടിക 3.6**–ൽ കാണിച്ചിരിക്കുന്നതുപോലെ പട്ടികപ്പെടുത്തുകയും ചെയ്തു.

**പട്ടിക 3.6: പ്രവർത്തന മൂലധന സ്ഥിതി**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | മൊത്തം ഹ്രസ്വകാല ആസ്തി | 103.91 | 150.72 | 127.97 | 115.50 | 69.18 |
| 2 | മൊത്തം ഹ്രസ്വകാല ബാധ്യതകൾ | 133.41 | 187.06 | 146.83 | 172.48 | 157.86 |
| | **പ്രവർത്തന മൂലധനം(1) - (2)** | **(29.50)** | **(36.34)** | **(18.86)** | **(56.98)** | **(88. 68)** |

അഞ്ച് വർഷ അവലോകന കാലയളവിൽ കമ്പനി സ്ഥിരമായി പ്രവർത്തന മൂലധനത്തിന്റെ കുറവ് നേരിട്ടതായി കാണാൻ കഴിഞ്ഞു. പ്രവർത്തന മൂലധന ക്ഷാമം 2017–18–ൽ 29.50 കോടി രൂപയിൽ നിന്ന് 2021–22–ൽ 88.68 കോടി രൂപയായി ഉയർന്നു. ഇത് കമ്പനിയുടെ കാര്യക്ഷമമായ പ്രവർത്തന മൂലധന പരിപാലനത്തിന്റെ അഭാവമാണ് സൂചിപ്പിക്കുന്നത്.

സാമഗ്രികൾ വാങ്ങിയ വകയിൽ അടയ്ക്കേണ്ടവയും മറ്റ് നിലവിലെ ബാധ്യതകളും 43.83 കോടി രൂപ കണ്ട് കുറഞ്ഞപ്പോൾ, ഹ്രസ്വകാല കടമെടുപ്പ് 68.28 കോടി രൂപയായി വർദ്ധിച്ചു. അതിന്റെ ഫലമായി, ഹ്രസ്വകാല ബാധ്യതകളിൽ 24.45 കോടി രൂപയുടെ വർദ്ധനയുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇൻവെന്ററി, ട്രേഡ് റിസീവബിൾസ്, പണവും തത്തുല്യമായതും എന്നിങ്ങനെ ഹ്രസ്വകാല ആസ്തികളുടെ എല്ലാ ഘടകങ്ങളും കുറഞ്ഞതിന്റെ ഫലമായി ഹ്രസ്വകാല ആസ്തികളിൽ മൊത്തത്തിൽ 34.73 കോടി രൂപയുടെ കുറവുണ്ടായി. 2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത 59.18 കോടി രൂപ കണ്ട് വർദ്ധിക്കുന്നതിന് ഇത് ഇട വരുത്തി.

#### *3.1.12.1 അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിനായി ലഭിച്ച പ്രവർത്തന മൂലധന വായ്പയുടെ വകമാറ്റൽ*

അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിനായി പ്രതിവർഷം ശരാശരി 11.55 ശതമാനം പലിശനിരക്കിൽ കെഎസ്പിഐഎഫ്സി-യിൽ നിന്ന് പ്രവർത്തന മൂലധന വായ്പ കമ്പനി ലഭ്യമാക്കുന്നു. എന്നിരുന്നാലും, അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് പ്രസ്തുത വായ്പ കമ്പനി പൂർണ്ണമായും വിനിയോഗിച്ചില്ല. 2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ, സംഭരണത്തിനായി കമ്പനി സമാഹരിച്ച വായ്പ 539.73 കോടി രൂപയായിരുന്നു. എന്നാൽ, അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഉപയോഗിച്ച തുക 473.37 കോടി രൂപ മാത്രമാണ്. 2022 മാർച്ച് 31–ന് കമ്പനിയുടെ കൈവശം ഉണ്ടായിരുന്ന പണത്തിന്റെയും പണത്തിനു

തുല്യമായവയുടെയും തുക 3.78 കോടി രൂപ മാത്രമായിരുന്നു. ബാക്കി 62.58 കോടി രൂപ[218] (മൊത്തം വായ്പ തുകയുടെ 11.60 ശതമാനം) ഭരണപരമായ ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി വക മാറ്റിയതായി ഇത് സൂചിപ്പിക്കുന്നു. 2022 മാർച്ച് 31–ന് കെഎസ്പിഐഎഫ്സിക്ക് കുടിശ്ശികയായ ലോൺ തുക 77.40 കോടി രൂപയായി കുന്നുകൂടി. ഇത്, ബന്ധപ്പെട്ട വിൽപ്പന സാക്ഷാത്കാരത്തിൽ നിന്ന് തിരിച്ചടക്കാൻ കമ്പനിക്ക് കഴിയുന്നില്ല. അതത് പർച്ചേസ് ഓർഡറുകളിൽ നിന്ന് വീണ്ടെടുക്കാവുന്ന തുകയൊന്നും ഇല്ലാത്തതിനാൽ ഈ വായ്പ കുടിശ്ശികയിൽ കമ്പനി പ്രതിമാസം ശരാശരി 0.81 കോടി രൂപ (പിഴപ്പലിശ ഉൾപ്പെടെ) വഹിക്കുന്നുണ്ട്.

### 3.1.12.2 കാര്യക്ഷമമല്ലാത്ത പ്രവർത്തന മൂലധന പരിപാലനം അസാധാരണമാം വിധം ദൈർഘ്യമേറിയ പ്രവർത്തന മൂലധന ചംക്രമണത്തിലേക്ക് നയിച്ചു.

പ്രവർത്തന മൂലധന ചംക്രമണം എന്നത്, പണമായി മാറുന്നതിന് മുൻപ് പ്രവർത്തന മൂലധനം അതിന്റെ വിവിധ ഘടകങ്ങളിൽ ബന്ധിക്കപ്പെട്ടു കിടക്കുന്ന കാലയളവാണ്. പ്രവർത്തന മൂലധനത്തിന്റെ ഘടകങ്ങളിൽ ഇൻവെന്ററികളും വിറ്റ വകയിൽ ലഭിക്കാനുള്ള തുകയും ഉൾപ്പെടുന്നു. പ്രവർത്തന മൂലധന പരിപാലനത്തിൽ ഫലപ്രദമായ നിയന്ത്രണം ലഭിക്കുന്നതിന്, ഇൻവെന്ററി കൈവശം വയ്ക്കുന്ന കാലയളവ്, വിറ്റ വകയിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കാനുള്ള കാലയളവ്, വാങ്ങിയ വകയിലുള്ള തുക നൽകാനുള്ള കാലയളവ് എന്നിവയുടെ സൂക്ഷ്മ നിരീക്ഷണം അനിവാര്യമാണ്. പ്രവർത്തന മൂലധന ചംക്രമണം കുറയ്ക്കുന്നതിന്, അസംസ്കൃത വസ്തുക്കളുടെ സംഭരണം, ഉൽപാദന പ്രക്രിയ, പൂർത്തിയായ ഉൽപ്പന്നങ്ങളുടെ വിതരണം, റവന്യൂ ശേഖരണം എന്നിവയുടെ ത്വരിതപ്പെടുത്തൽ ഉറപ്പാക്കണം.

കമ്പനി അതിന്റെ പ്രവർത്തന മൂലധന ചംക്രമണത്തിന് ഒരു മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. എസിഎസ്ആർ സംബന്ധിച്ച് 2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ കമ്പനിയുടെ യഥാർത്ഥ പ്രവർത്തന മൂലധന ചംക്രമണം **പട്ടിക 3.7–ൽ** കാണിച്ചിരിക്കുന്നു:

**പട്ടിക 3.7: പ്രവർത്തന മൂലധന ചംക്രമണം**

*(ദിവസങ്ങൾ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ശരാശരി |
|---|---|---|---|---|---|---|---|
| 1 | അസംസ്കൃത വസ്തുക്കൾ കൈവശം വയ്ക്കുന്ന കാലയളവ് | 13 | 13 | 17 | 11 | 18 | 14 |
| 2 | വർക്ക് ഇൻ പ്രോഗ്രസ്സ് കൈവശം വയ്ക്കുന്ന കാലയളവ് | 19 | 11 | 11 | 8 | 12 | 12 |
| 3 | പൂർത്തിയായ ഉൽപ്പന്നങ്ങൾ കൈവശം വയ്ക്കുന്ന കാലയളവ് | 32 | 25 | 43 | 31 | 28 | 32 |
| 4 | വിറ്റ വകയിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കാനുള്ള കാലയളവ് | 197 | 184 | 248 | 151 | 218 | 200 |
| **മൊത്തം പ്രവർത്തന മൂലധന ചംക്രമണം** | | **261** | **233** | **319** | **201** | **276** | **258** |

അവലോകന കാലയളവിലെ ശരാശരി പ്രവർത്തന മൂലധന ചംക്രമണം 258 ദിവസമാണെന്ന് മുകളിലെ വിശകലനത്തിൽ നിന്ന് കാണാൻ കഴിയും. എന്നാൽ, ഓഡിറ്റ് കണക്കാക്കിയ പ്രകാരം, ആവശ്യമായ പ്രവർത്തന മൂലധന ചംക്രമണം 84[219] ദിവസങ്ങൾ മാത്രമായിരുന്നു. ഏകദേശം 174 ദിവസത്തേക്ക് അധികമായി പണം കെട്ടിക്കിടക്കുന്നുണ്ടെന്ന് ഇത് കാണിക്കുന്നു. ദീർഘമായ പ്രവർത്തന മൂലധന ചംക്രമണത്തിന്റെ കാരണങ്ങൾ ഇവയാണ്:

- അസംസ്കൃത വസ്തുക്കൾ, പുരോഗതിയിൽ ഉള്ള പ്രവർത്തികൾ, പൂർത്തിയായ ഉൽപ്പന്നങ്ങൾ, വിറ്റ വകയിൽ ലഭിക്കാനുള്ള തുക എന്നിങ്ങനെ പ്രവർത്തന മൂലധനത്തിന്റെ

[218] 539.73 കോടി രൂപ – (473.37 കോടി രൂപ + 3.78 കോടി രൂപ) = 62.58 കോടി രൂപ.

[219] സംഭരണത്തിന് അഞ്ച് ദിവസവും ഉൽപ്പാദനത്തിനും അയയ്ക്കുന്നതിനും 19 ദിവസവും വിൽപ്പന സാക്ഷാത്കരിക്കുന്നതിന് 60 ദിവസവും.

എല്ലാ ഘടകങ്ങളും കൈകാര്യം ചെയ്യുന്നതിൽ ഉണ്ടായ കാര്യക്ഷമതയില്ലായ്മ.

- അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിലെ കാലതാമസം 48[220] ദിവസം വരെ നീണ്ടു. ഇത് 258 ദിവസമെന്ന അസാധാരണമായി ഉയർന്ന പ്രവർത്തന മൂലധന ചംക്രമണത്തിന് ഒരു കാരണമായി.
- കടം പിരിച്ചെടുക്കുന്നതിനുള്ള ഒരു നയം കമ്പനിക്ക് ഇല്ലെന്നും കണ്ടു. കടങ്ങൾ പിന്തുടരുന്നതിനും വസൂലാക്കുന്നതിനും മാർക്കറ്റിങ് വിഭാഗം മുൻകൈയെടുത്തില്ല. 2022 മാർച്ച് 31-ലെ കടങ്ങളുടെ പ്രായാടിസ്ഥാനത്തിലുള്ള വേർതിരിവ് അനുസരിച്ച്, മൊത്തം കടമായ 42.03 കോടി രൂപയിൽ, 30.57 കോടി രൂപ ആറ് മാസത്തിലേറെയായി കുടിശ്ശികയാണ്. മൂന്ന് വർഷത്തിലേറെയായി കുടിശ്ശികയുള്ള 21.13 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.
- കെഎസ്ഇബിഎൽ അംഗീകരിച്ച ക്രെഡിറ്റ് കാലയളവ് 60 ദിവസമായിരുന്നുവെങ്കിലും, 248 ദിവസം വരെ വൈകിയാണ് അവരുടെ കുടിശിക പിരിഞ്ഞത്. അത്, അംഗീകൃത ക്രെഡിറ്റ് കാലയളവിന്റെ നാലിരട്ടിയാണ്. കുടിശ്ശിക പിന്തുടരുന്നതിലും ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുന്നതിലും കമ്പനി പരാജയപ്പെട്ടത് പ്രവർത്തന മൂലധന ചംക്രമണത്തെ പ്രതികൂലമായി ബാധിച്ചു.
- കടങ്ങൾ പിരിച്ചെടുക്കുന്നതിലെ കാലതാമസം, പ്രവർത്തന മൂലധന ചംക്രമണം സജീവമായി നിലനിർത്തുന്നതിനായി പ്രവർത്തന മൂലധന വായ്പ തിരിച്ചടയ്ക്കാനുള്ള കമ്പനിയുടെ കഴിവിനെയും ബാധിച്ചു.

അങ്ങനെ, അവലോകന കാലയളവിൽ ഫിനാൻസ് ചാർജായി അടച്ച 72.66 കോടി രൂപ ശരാശരി 258 ദിവസത്തേക്കാണ്. ഉത്തമമായ പ്രവർത്തന മൂലധന ചംക്രമണം പാലിക്കാൻ കമ്പനിക്ക് കഴിഞ്ഞിരുന്നെങ്കിൽ പലിശ ഭാരം 23.66 കോടി രൂപ മാത്രമാകുമായിരുന്നു.

അവലോകന കാലയളവിൽ കമ്പനിയിൽ പ്രവർത്തന മൂലധന ക്ഷാമമുണ്ടായിരുന്നുവെന്ന് സർക്കാർ അംഗീകരിച്ചു (മാർച്ച് 2023). ശമ്പളം, ധനകാര്യ സ്ഥാപനങ്ങൾക്കുള്ള പലിശ തുടങ്ങിയ ദൈനംദിന ചെലവുകൾക്കായി പ്രവർത്തന മൂലധന വായ്പകൾ വക മാറ്റി ചെലവിട്ടതിനാലാണിത്. ഉൽപ്പന്നങ്ങൾ അധികകാലം വിറ്റുപോകാതിരുന്ന കാര്യത്തിൽ, പരിശോധന നടത്താൻ 20 ദിവസത്തെ കാലതാമസമുണ്ടായെന്ന് സർക്കാർ മറുപടി നൽകി. കോവിഡ്-19 മഹാമാരി സമയത്ത് നേരിട്ട ഉൽപാദന പരിമിതികളും ഫണ്ടിന്റെ ദൗർലഭ്യത്തിന് കാരണമായെന്ന് സർക്കാർ അതിന്റെ പരിഷ്കരിച്ച മറുപടിയിൽ പറഞ്ഞു (ജൂൺ 2023). കമ്പനി ഇപ്പോൾ പ്രവർത്തന മൂലധന ചക്രം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയും ലഭിക്കേണ്ട തുകകൾ കൃത്യസമയത്ത് ലഭിക്കുന്നതിന് ആവശ്യമായ മാനവ വിഭവ ശേഷിയെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ്-19-ന് മുമ്പുള്ള കാലയളവിൽ പോലും കമ്പനിയുടെ പ്രവർത്തന മൂലധനം നെഗറ്റീവ് ആയിരുന്നതിനാൽ മറുപടി ന്യായീകരിക്കാനാവില്ല. കടക്കാരിൽ നിന്ന് കുടിശികകൾ പിരിച്ചെടുക്കുന്നത് ത്വരിതപ്പെടുത്തേണ്ടതും ഫണ്ട് വക മാറ്റൽ ഒഴിവാക്കേണ്ടതുമാണ്. കൂടാതെ, ശരാശരി 32 ദിവസത്തെ കളക്ഷൻ കാലയളവിൽ, 20 ദിവസം മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കെഎസ്ഇബിഎൽ പരിശോധനയ്ക്കായി എടുത്തു. വാങ്ങിയതും വിൽപ്പന നടത്തിയതും പൊതുമേഖലാ സ്ഥാപനങ്ങളായതിനാൽ, പരിശോധനയിലെ കാലതാമസം ഒഴിവാക്കാൻ സർക്കാരിന് ഇടപെടാമായിരുന്നു.

***ശുപാർശകൾ:***

***താഴെ പറയുന്നവ സർക്കാർ ഉറപ്പ് വരുത്തുക:***

- ***പ്രവർത്തന മൂലധന വായ്പ വക മാറ്റി ചെലവഴിക്കാതെ അസംസ്കൃത വസ്തുക്കൾ സംഭരിക്കാൻ ഉപയോഗിക്കുകയും; ഉൽപ്പന്നങ്ങൾ വിറ്റ വകയിൽ ലഭിക്കേണ്ട തുക പിരിച്ചെടുക്കാൻ സജീവമായി നടപടികൾ സ്വീകരിക്കുകയും കമ്പനി ചെയ്യുന്നുണ്ട്.***

[220] കെഎസ്ഇബിഎൽ ഓർഡർ നമ്പർ എസ്സിഎം 40.

- ***കെഎസ്ഇബിഎല്ലിൽ നിന്ന് തുക പിരിച്ചെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ കടം പിരിച്ചെടുക്കുന്നതിനുള്ള ഒരു നയം കമ്പനി രൂപപ്പെടുത്തുകയും അത് കർശനമായി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.***

**3.1.13 സാമഗ്രികളുടെ ലാഭകരമല്ലാത്ത സംഭരണം 6.44 കോടി രൂപ നഷ്ടം**

അലുമിനിയം കമ്പി, സ്റ്റീൽ, ചെമ്പ്, പിവിസി[221], മറ്റ് ഉപഭോഗവസ്തുക്കൾ എന്നിവയാണ് കമ്പനി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, അവയിൽ മൊത്തം അസംസ്കൃത വസ്തുക്കളുടെ വിലയുടെ 71 ശതമാനവും അലുമിനിയത്തിനായിരുന്നു. ഏപ്രിൽ 2017 മുതൽ മാർച്ച് 2021 വരെയുള്ള കാലയളവിൽ അലുമിനിയം കമ്പിയുടെ മൊത്ത വ്യാപാര വില 11.91 ശതമാനം വർധിച്ചപ്പോൾ, അലുമിനിയം കമ്പിക്കുള്ള കമ്പനിയുടെ സംഭരണച്ചെലവിൽ 25.33 ശതമാനം വർധനയുണ്ടായതായി ഓഡിറ്റ് നടത്തിയ വിശകലനം വെളിപ്പെടുത്തി. അലൂമിനിയം കമ്പി വാങ്ങിയത് ലാഭകരമല്ലെന്ന് ഈ ആനുപാതികമല്ലാത്ത വർദ്ധനവ് സൂചിപ്പിച്ചു.

അലൂമിനിയത്തിന്റെ വിപണി വില അസ്ഥിരമാണ്, അത് അന്താരാഷ്ട്ര വിലയെ പ്രതിനിധീകരിക്കുന്ന ലണ്ടൻ മെറ്റൽ എക്സ്ചേഞ്ച് (എൽഎംഇ) ഔദ്യോഗിക വിലയെ ആശ്രയിച്ചിരിക്കുന്നു. 24 മാസത്തിനുള്ളിൽ അലുമിനിയത്തിന്റെ വില 1,400 യുഎസ് ഡോളർ (മാർച്ച് 2020) മുതൽ 4,000 യുഎസ് ഡോളർ (മാർച്ച് 2022) വരെ വ്യത്യാസപ്പെട്ടതായി ഓഡിറ്റ് ശ്രദ്ധിച്ചു. ഇത് വിലനിലവാരത്തെ അടിസ്ഥാനമാക്കിയുള്ള സംഭരണ ആസൂത്രണത്തിനുള്ള സാധ്യത കാണിച്ചു.

കുറഞ്ഞ നിരക്കുകൾ തിരിച്ചറിയുന്നതിനും വിതരണക്കാരുമായി ദീർഘകാല കരാറുകൾ ഉണ്ടാക്കുന്നതിലേക്കുമായി ടെൻഡറുകൾ/ക്വട്ടേഷനുകൾ ക്ഷണിക്കുന്നതിൽ കമ്പനി പരാജയപ്പെട്ടതായും കാണപ്പെട്ടു. പകരം, കമ്പനി നിയമബന്ധിതമല്ലാത്ത വാങ്ങലുകൾ അവലംബിച്ചു. അവലോകന കാലയളവിൽ ടെൻഡർ ചെയ്ത് ദീർഘകാല വാങ്ങലുകൾ കമ്പനി അവലംബിക്കാത്തതിനാൽ, ഏകപക്ഷീയമായ വാങ്ങലുകൾ മൂലമുള്ള നഷ്ടം കണക്കാക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല. അവലോകന കാലയളവിൽ, 20,988.34 മെട്രിക് ടൺ അലുമിനിയം വാങ്ങുന്നതിനുള്ള അതത് വർഷങ്ങളിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്കും മറ്റ് നിരക്കുകളും തമ്മിലുള്ള വ്യത്യാസം 6.44 കോടി രൂപയുടെ അധിക ചെലവിനുള്ള സാധ്യത കാണിച്ചു ***(അനുബന്ധം 35).*** കൂടാതെ, 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും ടെൻഡർ ചെയ്യാനുള്ള എസ്പിഎമ്മിന്റെ നിർദ്ദേശങ്ങൾ ഓഡിറ്റ് കാലയളവിലെ 473.37 കോടി രൂപയുടെ വാങ്ങലുകളിൽ പാലിക്കപ്പെട്ടില്ല.

കമ്പനി പലതവണ ഇ-ടെൻഡറുകൾ നടത്തിയിട്ടുണ്ടെങ്കിലും അലുമിനിയം വിൽക്കുന്ന ഏക കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാൽകോ ഇ-ടെൻഡറുകളിൽ പങ്കെടുക്കാൻ തയ്യാറായില്ലെന്ന് സർക്കാർ മറുപടി നൽകി (മാർച്ച് 2023). മറ്റുള്ള മാനദണ്ഡങ്ങൾക്കൊപ്പം ഉടനടിയുള്ള ആവശ്യവും ഗതാഗതസൗകര്യവും കുറഞ്ഞ കടത്തുകൂലിയും അടിസ്ഥാനമാക്കിയാണ് കമ്പനി അലുമിനിയം വാങ്ങുന്നത്. ഒരു വർഷത്തിനുള്ളിൽ സംഭരിക്കേണ്ട അളവിന്, പ്രാഥമിക അലുമിനിയം ഉൽപാദകരുമായി മാത്രം കമ്പനി മെമ്മോറാണ്ടം ഓഫ് അണ്ടർടേക്കിംഗിൽ (എംഒയു) പ്രവേശിക്കുകയാണെന്നും, ഇതിൽ മെറ്റീരിയലിന്റെ വാങ്ങൽ വില ഉൾപ്പെടാത്തതും, ദിവസേനയുള്ള എൽഎംഇ വില വ്യതിയാനങ്ങളെ അടിസ്ഥാനമാക്കിയാണ് ഇത് കണക്കാക്കിയത് എന്നും സർക്കാർ അതിന്റെ പരിഷ്കരിച്ച മറുപടിയിൽ പറഞ്ഞു (ജൂൺ 2023).

എൽഎംഇ വില വ്യതിയാനങ്ങൾക്കനുസരിച്ച് അലുമിനിയം വില ദിവസേന നിശ്ചയിക്കുമെന്ന് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, കമ്പനിയുടെ അലുമിനിയത്തിന്റെ സംഭരണച്ചെലവിൽ ഉണ്ടായ വർധനവിന്റെ അനുപാതം അതിന്റെ വിലവർദ്ധനവിനെക്കാൾ ഇരട്ടിയാണ്. അങ്ങനെ, ഏകപക്ഷീയമായ വാങ്ങലുകൾ അവലംബിക്കുകയും കുറഞ്ഞ നിരക്ക് ലഭിക്കുന്നതിന് ടെൻഡർ ക്ഷണിക്കുന്നതിൽ കമ്പനി പരാജയപ്പെട്ടതിന്റെ ഫലമായി, 20,988.34 മെട്രിക് ടൺ അലൂമിനിയം വാങ്ങുന്നതിന് കമ്പനിക്ക് 6.44 കോടി രൂപയുടെ അധികച്ചെലവുണ്ടായി.

***ശുപാർശ: എൽഎംഇ വില വ്യതിയാനങ്ങളെ അടിസ്ഥാനമാക്കി കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കളുടെ സംഭരണം ഉറപ്പാക്കുന്നതിനും എസ്പിഎമ്മിന്റെ വ്യവസ്ഥകൾ***

---

221 പോളിവിനൈൽ ക്ലോറൈഡ്.

***പാലിക്കുന്നതിനും, ഒരു ദീർഘകാല വാങ്ങൽ നയം പരിഗണിക്കാൻ സർക്കാർ കമ്പനിയോട് ആവശ്യപ്പെടണം.***

## 3.1.14 ഉത്പാദനം

### *3.1.14.1 19.08 കോടി രൂപയുടെ നിഷ്ക്രിയ വേതനം നൽകി*

അവലോകനത്തിലുള്ള അഞ്ച് വർഷ കാലയളവിൽ, ലഭ്യമായ മൊത്തം തൊഴിൽ സമയം 28,03,424 മണിക്കൂറായിരുന്നു, അതിൽ 17,27,444 മണിക്കൂർ ഉൽപാദനത്തിനായി ഉപയോഗിച്ചു. ബാക്കിയുള്ള 10,75,980 മണിക്കൂർ തൊഴിൽ സമയം നിഷ്ക്രിയമായിരുന്നു, അതിനാൽ 19.08 കോടി രൂപയുടെ നിഷ്ക്രിയ വേതനം ***(അനുബന്ധം 36)*** നൽകുന്നതിന് ഇത് ഇടയാക്കി.

***ഖണ്ഡിക 3.1.12.1*** -ൽ ചൂണ്ടിക്കാണിച്ചതുപോലെ, ഭരണപരമായ ആവശ്യങ്ങൾക്ക് പ്രവർത്തന മൂലധനം വക മാറ്റുന്നത് കാരണം ഉൽപാദനത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് തൊഴിലാളികളെ നിഷ്ക്രിയമാക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഓർഡറുകളുടെ അഭാവവുമാണ് ഉൽപാദനക്ഷമമല്ലാത്ത ദിവസങ്ങൾക്കും പ്ലാന്റിന്റെയും തൊഴിലാളികളുടെയും നിഷ്ക്രിയത്വത്തിനും പ്രധാന കാരണമായി കമ്പനി പ്രസ്താവിച്ചിരിക്കുന്നത് (ഫെബ്രുവരി 2023).

കമ്പനിയുടെ മറുപടി സർക്കാർ അംഗീകരിച്ചു, കൂടാതെ (മാർച്ച് 2023) സാമഗ്രികളുടെ ദൗർലഭ്യത്തിന് പുറമേ, കോവിഡ് - 19 മഹാമാരി മൂലമുള്ള 96 അവധികളും തൊഴിലാളികളുടെ നിഷ്ക്രിയത്വത്തിന് കാരണമാണെന്ന് പ്രസ്താവിച്ചു. 2019-20 മുതൽ കെഎസ്ഇബിഎൽ അഖിലേന്ത്യാ ടെൻഡർ നയം നടപ്പിലാക്കിയതിന്റെ ഫലമായി കമ്പനിയുടെ ഓർഡറിന്റെ അളവ് 55 ശതമാനത്തിൽ നിന്ന് 25 ശതമാനമായി കുറഞ്ഞുവെന്ന് സർക്കാർ തുടർന്ന് മറുപടി നൽകി (ജൂൺ 2023).

ഓഡിറ്റിങ്ങിന് പരിഗണിച്ച 1,825 ദിവസങ്ങളിൽ 96 ദിവസത്തേക്കാണ് കോവിഡ് -19 പ്രഭാവം ഉണ്ടായത്, സർക്കാർ സമ്മതിച്ചതുപോലെ ആവശ്യത്തിന് ഓർഡറുകൾ ലഭിക്കാത്തതും സാമഗ്രികളുടെ ദൗർലഭ്യവുമാണ് നിഷ്ക്രിയമാകാനുള്ള പ്രധാന കാരണം എന്നതിനാൽ മറുപടി നിലനിൽക്കുന്നതല്ല. 2020-22 കാലയളവിൽ ലഭിച്ച 319.35 കോടി രൂപ മൂല്യമുള്ള ഓർഡറുകളിൽ 115.62 കോടി രൂപയുടെ ഓർഡറുകൾ നൽകാൻ കമ്പനിക്ക് കഴിഞ്ഞില്ലെന്നതാണ് കെഎസ്ഇബിഎൽ ഓർഡറുകളുടെ അളവ് കുറഞ്ഞതിന്റെ അടിസ്ഥാനം.

### *3.1.14.2 ജോലിയിലെ കാര്യക്ഷമതയില്ലായ്മ ഒഴിവാക്കാവുന്ന ചെലവ് 15.44 കോടി രൂപ*

കമ്പനിയുടെ ഉൽപാദന ശാലകളിൽ ഒരു ഷിഫ്റ്റ് (എട്ട് മണിക്കൂർ വീതമുള്ള മൂന്ന് ഷിഫ്റ്റുകൾ കമ്പനിക്ക് ദിവസേന പ്രവർത്തിപ്പിക്കാം) പ്രവർത്തിപ്പിക്കുന്നതിനുള്ള തൊഴിലാളികളുടെ ആവശ്യകതയെക്കുറിച്ച് മാനേജ്മെന്റ് ശാസ്ത്രീയമായ ഒരു പഠനവും നടത്തിയില്ല. ഉൽപാദനത്തിന്റെയും തൊഴിൽ സമയത്തിന്റെയും അടിസ്ഥാനത്തിൽ ഉൽപാദനത്തിലെ കാര്യക്ഷമത അളക്കുന്നതിന് ജീവനക്കാരുടെ ഉൽപാദനക്ഷമതയ്ക്ക് കമ്പനി ഒരു മാനദണ്ഡവും നിശ്ചയിച്ചിട്ടില്ല. തൽഫലമായി, തൊഴിൽ സമയം ഫലപ്രദമായി വിനിയോഗിക്കുന്നത് ഉറപ്പാക്കാൻ ഉൽപാദന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ഉൽപാദനക്ഷമത നിരീക്ഷിക്കാൻ കഴിഞ്ഞില്ല. അതിനാൽ അവലോകന കാലയളവിലെ കമ്പനിയുടെ മികച്ച പ്രകടനത്തെ[222] അടിസ്ഥാനമാക്കി മണിക്കൂറിൽ 0.2759 കിലോമീറ്റർ എന്ന എസിഎസ്ആർ ഉൽപാദനം ഓഡിറ്റ് മാനദണ്ഡമാക്കി.

അവലോകന കാലയളവിൽ എസിഎസ്ആർ കണ്ടക്ടറുകളുടെ മൊത്തം ഉൽപാദനം 2,37,773 കിലോമീറ്ററായിരുന്നു, ഇതിന് ഈ മാനദണ്ഡമനുസരിച്ച് 8,61,811 തൊഴിൽമണിക്കൂറുകൾ ആവശ്യമാണ്. എന്നിരുന്നാലും, കമ്പനി ഉപയോഗിച്ച യഥാർത്ഥ തൊഴിൽ സമയം ഏതാണ്ട് ഇരട്ടിയോളം വരുന്ന 17,27,444 മണിക്കൂറുകൾ ആയിരുന്നു. ഇത് കമ്പനിക്ക് ഒരു പ്രയോജനവും ചെയ്യാത്ത 15.44 കോടി രൂപയുടെ ഒഴിവാക്കാനാവുമായിരുന്ന ചെലവ് ഉണ്ടാക്കി ***(അനുബന്ധം 37).*** ഓരോ യൂണിറ്റിലെയും തൊഴിൽ കാര്യക്ഷമതാ ഓഡിറ്റ് വിലയിരുത്തിയപ്പോൾ, എല്ലാ

[222] 2017-18-ൽ ഇരുമ്പനം യൂണിറ്റ് നേടിയത്.

ഫാക്ടറികളിലും തൊഴിലാളികളെ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ മാനേജ്മെന്റ് പരാജയപ്പെട്ടതായി കണ്ടെത്തി. തിരുവല്ല യൂണിറ്റിലെ തൊഴിൽ കാര്യക്ഷമതയില്ലായ്മ (2017–18) 82.88 ശതമാനം വരെയാണ്.

ഓർഡറുകളും അസംസ്കൃത വസ്തുക്കൾ ഇല്ലാത്തതുമാണ് തിരുവല്ല യൂണിറ്റിലെ നിഷ്ക്രിയ വേതനത്തിന് കാരണമെന്ന് സർക്കാർ മറുപടി നൽകി (മാർച്ച് 2023), ഇരുമ്പനം യൂണിറ്റിനെ സംബന്ധിച്ചിടത്തോളം, കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ (കെപിഎസ്സി) നടത്തിയ (2019) ഉൽപാദനക്ഷമത പഠനത്തിലൂടെ മാനവ വിഭവശേഷിയുടെ ആവശ്യകത വിലയിരുത്തി. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ആവശ്യത്തിന് ഓർഡറുകൾ ലഭിക്കാത്തതുമാണ് ഉൽപാദനക്ഷമമല്ലാത്ത ദിവസങ്ങൾക്കും, പ്ലാന്റിന്റെയും തൊഴിലാളികളുടെയും നിഷ്ക്രിയത്വത്തിനും കാരണമെന്നാണ് സർക്കാരിന്റെ തുടർ മറുപടി (ജൂൺ 2023).

തിരുവല്ല യൂണിറ്റിൽ നിഷ്ക്രിയ വേതനം ഉണ്ടെന്ന് സർക്കാർ സമ്മതിച്ചു. കെപിഎസ്സി നടത്തിയ ഉൽപാദനക്ഷമതാ പഠനം ഉണ്ടെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പഠന റിപ്പോർട്ട് കമ്പനി മാനദണ്ഡമായി സ്വീകരിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് കമ്പനി ഉത്തരം പറഞ്ഞിട്ടില്ല. ഇരുമ്പനം യൂണിറ്റിനെ സംബന്ധിച്ചിടത്തോളം, പ്രതിവർഷം 6,000 മെട്രിക് ടൺ അലൂമിനിയം സംസ്കരിക്കുന്നതിന് ആവശ്യമായ നേരിട്ടുള്ള തൊഴിലാളികൾ കെപിഎസ്സി നിർദ്ദേശിച്ച പ്രകാരം 137 ആയിരുന്നു. അതിനാൽ, ഒരു തൊഴിലാളിക്ക് പ്രതിവർഷം നിശ്ചയിച്ചിട്ടുള്ള ശരാശരി ഉത്പാദനക്ഷമത 43.80 മെട്രിക് ടൺ ആയിരുന്നു. എന്നിരുന്നാലും, ഒരു നേരിട്ടുള്ള തൊഴിലാളി കൈവരിച്ച യഥാർത്ഥ ഉൽപാദനക്ഷമത അവലോകന കാലയളവിൽ 10.98 മെട്രിക് ടൺ മുതൽ 31.40 മെട്രിക് ടൺ വരെയാണ്. അങ്ങനെ, മാനവ വിഭവശേഷിയുടെ ഉപയോഗക്കുറവ് കാര്യക്ഷമതയില്ലായ്മയിൽ കലാശിച്ചു.

### *3.1.14.3 ഓവർടൈം വേതനം – 2.98 കോടി രൂപ*

നിഷ്ക്രിയ വേതനവും കാര്യക്ഷമമല്ലാത്ത ജോലിയും ഉണ്ടായിരുന്നിട്ടും, അവലോകന കാലയളവിൽ കമ്പനി ഓവർടൈം വേതനമായി 2.98 കോടി രൂപ (ഇരുമ്പനം യൂണിറ്റിൽ 2.29 കോടി രൂപ, തിരുവല്ല യൂണിറ്റിൽ 0.69 കോടി രൂപ) നൽകി. കെഎസ്ഇബിഎൽ നിർദ്ദേശിച്ചിട്ടുള്ള വിതരണ പട്ടിക അനുസരിച്ച് ഉൽപാദന പ്രക്രിയ പൂർത്തിയാക്കുന്നതിനും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമാണ് ഓവർടൈം ചെലവ് വന്നത്. ഉൽപാദനത്തിലും തൊഴിലാളികളുടെ വിന്യാസത്തിലും ആസൂത്രണത്തിന്റെ അഭാവം ഓവർടൈം വേതനത്തിന് കാരണമായി, ഇത് ഉൽപാദനച്ചെലവ് വർദ്ധിപ്പിക്കുകയും കമ്പനിയുടെ ലാഭക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

അസംസ്കൃത വസ്തുക്കളുടെ വിതരണത്തിലെ തടസ്സങ്ങൾ, വിദഗ്ധരായ ഓപ്പറേറ്റർമാരുടെ അവധി, വൈദഗ്ദ്ധ്യം ആവശ്യമായ പ്രത്യേക പ്രക്രിയകൾ എന്നിവ മൂലമാണ് ഓവർടൈം വേതനം നൽകിയതെന്ന് സർക്കാർ മറുപടി നൽകി (മാർച്ച് 2023). കൃത്യമായ ഉൽപാദന ആസൂത്രണത്തോടെ ഓവർടൈം വേതനം ഒഴിവാക്കുകയോ ചുരുക്കുകയോ ചെയ്യാമായിരുന്നതിനാൽ മറുപടി ന്യായമല്ല. കമ്പനി ഉൽപാദന പ്രക്രിയ നിരീക്ഷിക്കാൻ തുടങ്ങുകയും, ആവശ്യാനുസരണം ഷിഫ്റ്റ് പാറ്റേൺ പുന:ക്രമീകരിക്കുകയും ചെയ്തെന്ന് സർക്കാർ അതിന്റെ പരിഷ്കരിച്ച മറുപടിയിൽ പറഞ്ഞു (ജൂൺ 2023).

### *3.1.14.4 ഉൽപാദനക്ഷമത വർധിപ്പിക്കാതെയുള്ള ദീർഘകാല വേതന പരിഷ്കരണ കരാർ സാമ്പത്തിക പ്രത്യാഘാതം 17.23 കോടി രൂപ*

1993 ഒക്ടോബർ 14–ാം തീയതിയിലെ കേരള സർക്കാർ ഉത്തരവ് (എംഎസ്) നം.18/93/പിഎൽജി പ്രകാരം, നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളിൽ വേതന പരിഷ്കരണം അനുവദിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കമ്പനി തുടർച്ചയായി നഷ്ടത്തിലാവുകയും അതിന്റെ അറ്റാദായം പൂർണ്ണമായും കുറയുകയും ചെയ്തപ്പോൾ, 2016 മുതൽ 2020 വരെയുള്ള കാലയളവിൽ തൊഴിലാളികളുമായുള്ള ദീർഘകാലകരാറിന്റെ രൂപത്തിൽ വേതന പരിഷ്കരണത്തിന് മാനേജ്മെന്റ് ശുപാർശ ചെയ്തു. 2016 മുതൽ 2020 വരെയുള്ള കാലയളവിൽ കമ്പനി നടപ്പിലാക്കിയ ദീർഘകാലകരാറിന്റെ (ജനുവരി 2020) നിലവിലുള്ള

ശമ്പള സ്കെയിലിനെക്കാൾ 68 ശതമാനം വരെ വേതനവർദ്ധനവിന് കാരണമായി. 17.23 കോടി[223] രൂപയാണ് ദീർഘകാലകരാറിന്റെ സാമ്പത്തിക ബാധ്യത.

ദീർഘകാലകരാർ നടപ്പാക്കിയിട്ടും തൊഴിൽ സമയത്തിന്റെ ഉൽപാദനക്ഷമതയുള്ള ശതമാനം 2018–19–ൽ 72–ൽ നിന്ന് 2021–22–ൽ 42.29 ആയി കുറഞ്ഞതായി ഓഡിറ്റ് കണ്ടെത്തി. അങ്ങനെ, മെച്ചപ്പെട്ട ഉൽപാദനക്ഷമതയുടെ ആവശ്യമുള്ള ഫലം ദീർഘകാലകരാർ നടപ്പിലാക്കിയതിലൂടെ കൈവരിക്കാനായില്ല. പകരം കമ്പനിയുടെ നഷ്ടം കൂടുകയും ചെയ്തു.

വേതന പരിഷ്കരണം ഉണ്ടായിരുന്നിട്ടും ഉൽപാദനക്ഷമത കുറയാനുള്ള കാരണം മതിയായ വിൽപ്പന ഓർഡറുകളുടെ അഭാവമാണെന്ന് സർക്കാർ മറുപടി നൽകി (മാർച്ച്/ ജൂൺ 2023). മാനവവിഭവശേഷി നിഷ്ക്രിയമാക്കുന്നതിന്റെയും വർദ്ധിച്ചുവരുന്ന നഷ്ടത്തിന്റെയും നിലവിലുള്ള സാഹചര്യം ഭാവിയിലെ ദീർഘകാലകരാറുകളിൽ പരിഗണിക്കേണ്ടതായിട്ടുണ്ട് എന്ന് സർക്കാർ സമ്മതിച്ചു.

മെച്ചപ്പെട്ട തൊഴിൽ കാര്യക്ഷമത ഉറപ്പാക്കാതെ വേതന പരിഷ്കരണം കമ്പനി ശുപാർശ ചെയ്തതിനാൽ മറുപടി ന്യായമല്ല.

***ശുപാർശ: ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനും ഉൽപാദനക്ഷമത കൈവരിക്കുന്നതിനുമായി നിഷ്ക്രിയ വേതനവും അനാവശ്യ ഓവർടൈമും ഒഴിവാക്കുന്നതിന് സമഗ്രമായ ഉൽപാദനക്ഷമത പഠനങ്ങൾ നടത്തുകയും തൊഴിൽ കാര്യക്ഷമതയ്ക്ക് മാനദണ്ഡങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതിന് കമ്പനിക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകുക.***

## 3.1.15 വിപണനവും കരാർ നിർവ്വഹണവും

### *3.1.15.1 വിതരണം വൈകിയതിന്റെ ഫലമായി ഉണ്ടായ നഷ്ടപ്പെട്ട ഉയർന്ന വില വ്യതിയാനത്തിന്റെ നഷ്ടപരിഹാരവും ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ ചുമത്തലും കാരണം 6.41 കോടി രൂപ നഷ്ടം വന്നു.*

എസിഎസ്ആർ വിതരണത്തിനായി കെഎസ്ഇബിഎല്ലിൽ നിന്ന് ലഭിച്ച പർച്ചേസ് ഓർഡറിന്റെ നിബന്ധനകൾ പ്രകാരം പട്ടികപ്പെടുത്തിയ വിതരണ കാലയളവിനുള്ളിൽ നടത്തിയ വിതരണങ്ങൾക്ക് പോസിറ്റീവ്, നെഗറ്റീവ് വില വ്യതിയാനങ്ങൾ ബാധകമാണ്.

പർച്ചേസ് ഓർഡറിലെ വ്യവസ്ഥ അനുസരിച്ച്, വിതരണം അൽപ്പാൽപ്പമായി ഷെഡ്യൂളുകൾ ചെയ്യപ്പെട്ടിരിക്കുകയും ഓരോ മാസവും വിതരണം ചെയ്യേണ്ട അളവ് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുകയും ചെയ്തിരുന്നു. വൈകിയുള്ള വിതരണങ്ങളുടെ കാര്യത്തിൽ വില വ്യതിയാന നഷ്ട പരിഹാര ക്ലെയിമുകൾ കെഎസ്ഇബിഎൽ സ്വീകരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഡെലിവറി വൈകിയാൽ, പർച്ചേസ് ഓർഡർ മൂല്യത്തിന്റെ പരമാവധി 10 ശതമാനം എന്ന പരിധിക്കു വിധേയമായി പ്രതിമാസം ഒരു ശതമാനം എന്ന നിരക്കിൽ പിഴ ഈടാക്കുമെന്നും വ്യവസ്ഥ ചെയ്തു.

***ഖണ്ഡിക 3.1.12.1***–ൽ ചർച്ച ചെയ്ത പോലെ പ്രവർത്തന മൂലധന വായ്പ വകമാറ്റിയതിനാൽ, ആവശ്യമായ അളവിലുള്ള അലുമിനിയം കമ്പികൾ യഥാസമയം വാങ്ങുന്നതിൽ കമ്പനി പരാജയപ്പെട്ടു. ***ഖണ്ഡിക 3.1.14.2***–ൽ സൂചിപ്പിച്ചതുപോലെ കാര്യക്ഷമതയില്ലായ്മ കാരണം ഉത്പാദനം നീണ്ടുപോയി. അതിനാൽ, നിശ്ചിത ഡെലിവറി ഷെഡ്യൂളിനുള്ളിൽ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിൽ കമ്പനി പരാജയപ്പെട്ടു. തൽഫലമായി, 2017–18 മുതൽ 2020–21 വരെയുള്ള കാലയളവിൽ 3.46 കോടി രൂപയുടെ ഉയർന്ന വില വ്യതിയാന നഷ്ടപരിഹാര ക്ലെയിം കെഎസ്ഇബിഎൽ മാനിച്ചില്ല. ഇതിനു പുറമെ വിതരണം വൈകിയതിനാൽ 2.95 കോടി രൂപ നഷ്ടപരിഹാരം നൽകേണ്ടിയും വന്നു.

ഇപ്രകാരം സംഭവിച്ച 6.41 കോടി രൂപയുടെ നഷ്ടം കമ്പനിയുടെ പ്രവർത്തന മൂലധന നിലയെയും പ്രതികൂലമായി ബാധിച്ചു.

സർക്കാർ ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുകയും (മാർച്ച് 2023) പ്രവർത്തന മൂലധനത്തിന്റെ കുറവ് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യത്തിനും ഡെലിവറി വൈകുന്നതിനും

[223] 2016 ഏപ്രിൽ മുതൽ 2021 ജനുവരി വരെയുള്ള കാലയളവിലേക്ക്.

ഇടയാക്കിയതായും പ്രസ്താവിച്ചു. ഉപഭോക്താക്കളിൽ നിന്ന് പർച്ചേസ് ഓർഡർ ലഭിച്ച് 15 മുതൽ 30 ദിവസങ്ങൾക്ക് ശേഷം മാത്രമേ കമ്പനിക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോൺ തുക ലഭിക്കൂ എന്ന് സർക്കാർ (ജൂൺ 2023) വ്യക്തമാക്കി. ഇത് ഉൽപാദനം ആരംഭിക്കുന്നതിന് 40 ദിവസം വരെ കാലതാമസമുണ്ടാക്കും, അതിനാൽ, ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കി ശരിയായ സമയത്ത് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ കമ്പനിക്ക് കഴിഞ്ഞില്ല.

വാങ്ങുന്നയാൾ, വിൽക്കുന്നയാൾ, കടം കൊടുക്കുന്നയാൾ എന്നിവരെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളായതിനാൽ, ലോൺ നേടുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കാനും കമ്പനിക്ക് പർച്ചേസ് ഓർഡറുകൾ ലഭിച്ചാലുടൻ ഉൽപാദനം ആരംഭിക്കാനുമുള്ള നടപടിക്രമങ്ങൾ വികസിപ്പിക്കാൻ സർക്കാരിന് ഫലപ്രദമായി ഇടപെടാമായിരുന്നു എന്നതിനാൽ വായ്പ ലഭിക്കാനുള്ള കാലതാമസം സംബന്ധിച്ച മറുപടി സ്വീകാര്യമല്ല.

### *3.1.15.2 ഉയർന്ന വില വ്യതിയാന വ്യവസ്ഥയില്ലാതെ വിൽക്കാനുള്ള കരാറിന്റെ ഫലമായി 1.02 കോടി രൂപയുടെ നഷ്ടമുണ്ടായി*

വാങ്ങുന്നയാളും വിതരണക്കാരനും തമ്മിൽ ടെൻഡർ ചെയ്യുന്നതു മുതൽ വിതരണ തീയതി വരെയുള്ള കാലയളവിലെ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാന വിലയിലെ വ്യത്യാസത്തിന് ഉള്ള നഷ്ടപരിഹാര വാദങ്ങൾ തീർപ്പാക്കുന്നതിന് ഐഇഇഎംഎ വിലവ്യതിയാന വ്യവസ്ഥകൾ ഉപയോഗിക്കുന്നു. ഈ വ്യവസ്ഥകൾ വാങ്ങൽ-വിൽപ്പന മേഖലയിലെ സംഘടനകൾ വ്യാപകമായി അംഗീകരിക്കുന്നു, കാരണം അവ മുകളിലോട്ടും താഴോട്ടും ഉള്ള ഇരു ദിശകളിലും വ്യത്യാസങ്ങൾ അനുവദിക്കുന്നു, അങ്ങനെ കക്ഷികൾക്ക് അനർഹമായ നേട്ടമോ അനാവശ്യ നഷ്ടമോ ഉണ്ടാകാനുള്ള സാധ്യത ഒഴിവാക്കുന്നു.

എസിഎസ്ആറിനുള്ള കമ്പനിയുടെ പ്രധാന ഉപഭോക്താവ് കെ.എസ്ഇബിഎൽ ആണ്, അലുമിനിയം കമ്പികൾക്കായുള്ള എൽഎംഇ/ഐഇഇഎംഎ നിരക്കിലെ മാറ്റങ്ങളെ അടിസ്ഥാനമാക്കി മുകളിലേക്കും താഴേക്കും വില പരിഷ്കരണം അനുവദിക്കുന്ന ഒരു വില വ്യതിയാന വ്യവസ്ഥ കെഎസ്ഇബിഎല്ലുമായുള്ള എല്ലാ കരാറുകളിലും അടങ്ങിയിരിക്കുന്നു. ഈ സമ്പ്രദായത്തിൽ നിന്ന് വിഭിന്നമായി, 33,800 കിലോമീറ്റർ എസിഎസ്ആർ വാങ്ങുന്നതിനുള്ള കെഎസ്ഇബിഎല്ലിൽ നിന്നുള്ള പർച്ചേസ് ഓർഡർ (02 നവംബർ 2020) ൽ, ഐഇഇഎംഎ ഫോർമുല പ്രകാരം വില പുതുക്കുന്നത് പർച്ചേസ് ഓർഡറിൽ പറഞ്ഞിരിക്കുന്ന അലുമിനിയത്തിന്റെ അടിസ്ഥാന വിലയിലേക്ക് പരിമിതപ്പെടുത്തും എന്ന് സൂചിപ്പിച്ചിരിക്കുന്നു. അലൂമിനിയത്തിന്റെ വില വർധിക്കുന്ന സാഹചര്യത്തിൽ കെഎസ്ഇബിഎല്ലിൽ നിന്ന് നഷ്ടം ഈടാക്കാനുള്ള അവസരം കമ്പനിക്ക് നിഷേധിക്കപ്പെട്ടതിനാൽ ഇത്തരമൊരു വ്യവസ്ഥ കമ്പനിയുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് ദോഷകരമായിരുന്നു. കമ്പനി ഈ നിർദ്ദേശം അംഗീകരിച്ചതിനാൽ (17 നവംബർ 2020) 33,800 കിലോമീറ്റർ എസിഎസ്ആറിന്റെ മുഴുവൻ അളവും കിലോമീറ്ററിന് 35,772 രൂപ നിരക്കിലോ അല്ലെങ്കിൽ അലുമിനിയത്തിന്റെ ആനുകാലിക എൽഎംഇ നിരക്കിനെ അടിസ്ഥാനമാക്കിയുള്ള നിരക്കിലോ, ഏതാണോ കുറവ്, ആ നിരക്കിൽ നൽകാൻ ബാധ്യസ്ഥരായി.

കമ്പനി 2021 ജൂലൈ വരെ 19,066.979 കിലോമീറ്റർ എസിഎസ്ആർ വിതരണം ചെയ്തു, അതിൽ 12,256.66 കിലോമീറ്റർ എസിഎസ്ആർ നെഗറ്റീവ് വില വ്യതിയാനം ബാധകമാക്കി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തു. ഇതേ കാലയളവിൽ 6,661.102 കിലോമീറ്റർ എസിഎസ്ആർ വിതരണം ചെയ്യുവാനായി, എൽഎംഇ നിരക്കുകൾ വർധിച്ചതിനാൽ ഉയർന്ന നിരക്കിൽ കമ്പനി അലൂമിനിയം വാങ്ങിയിരുന്നു. ഈ വിതരണവുമായി ബന്ധപ്പെട്ട് 1.02 കോടി രൂപയുടെ അധിക വില വ്യതിയാനം കമ്പനി അവകാശപ്പെട്ടിരുന്നുവെങ്കിലും, പോസിറ്റീവ് വില വ്യതിയാനം നൽകുന്നതിന് കരാർ വ്യവസ്ഥ ചെയ്യാത്തതിനാൽ കെഎസ്ഇബിഎൽ അത് നിരസിച്ചു. 2021 ജൂലൈയിൽ കമ്പനി ഏകപക്ഷീയമായി വിതരണ കരാറിൽ നിന്ന് പിന്മാറി.

അങ്ങനെ, കമ്പനിയുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് ദോഷകരമാകുന്ന ഒരു പർച്ചേസ് ഓർഡർ സ്വീകരിച്ചത് ഒഴിവാക്കാവുന്ന 1.02 കോടി രൂപയുടെ നഷ്ടത്തിൽ കലാശിച്ചു ***(അനുബന്ധം 38).***

വിതരണം പൂർത്തിയാകുമ്പോൾ വില വ്യതിയാനം പരിഗണിക്കുമെന്ന് കെഎസ്ഇബിഎൽ അറിയിച്ചിട്ടുണ്ടെന്നും ഡെലിവറി ചെയ്യാത്തതിനാൽ, മുകളിലേക്കുള്ള വില പരിഷ്കരണം നിരസിക്കപ്പെട്ടുവെന്നും സർക്കാർ മറുപടി നൽകി (മാർച്ച് 2023). കമ്പനിയുടെ കൈയിൽ

ഓർഡറുകൾ ഇല്ലാതിരുന്നതിനാലും സമയത്തിനുള്ളിൽ ഓർഡർ പൂർത്തിയാക്കുമെന്ന് കമ്പനി പ്രതീക്ഷിച്ചിരുന്നതിനാലും വില വർദ്ധനവ് കൂടാതെ കെഎസ്ഇബിഎല്ലിൽ നിന്നുള്ള ഓർഡർ കമ്പനി സ്വീകരിച്ചതായി സർക്കാർ അതിന്റെ പരിഷ്കരിച്ച മറുപടിയിൽ പ്രസ്താവിച്ചു (ജൂൺ 2023). കൂടാതെ, അലുമിനിയം വിലയിൽ വലിയ വർദ്ധനവ് കമ്പനി പ്രതീക്ഷിച്ചിരുന്നില്ല.

എൽഎംഇ വിലയുടെ ചലനങ്ങൾക്കനുസരിച്ച് അലുമിനിയത്തിന്റെ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിനാൽ മറുപടി ന്യായമല്ല, ഉയർന്ന വില വ്യതിയാനം ഒഴിവാക്കി നെഗറ്റീവ് വില വ്യതിയാനം മാത്രം ഉൾപ്പെടുത്തിയ കമ്പനിയുടെ നടപടി വിവേകപൂർണ്ണമായ സാമ്പത്തിക തത്ത്വങ്ങൾക്ക് വിരുദ്ധമാണ്.

### *3.1.15.3 തെറ്റായ ഉത്പാദന ചെലവ് കണക്കാക്കുന്നത് മൂലമുള്ള നഷ്ടം ഹൗസ് വയറിംഗ് കേബിളുകൾ*

കമ്പനി വിവിധ തരം ഹൗസ് വയറിംഗ് കേബിളുകൾ (എച്ച്ഡബ്ല്യുസി) നിർമ്മിക്കുന്നു. കമ്പനി കണക്കാക്കുന്ന ഉത്പാദന ചെലവിനോട് മാർജിൻ ചേർത്ത് എച്ച്ഡബ്ല്യുസികളുടെ വിൽപ്പന വില നിശ്ചയിക്കപ്പെടുന്നു. വിവിധ തരം എച്ച്ഡബ്ല്യുസികൾക്ക് മാർജിൻ 9 ശതമാനം മുതൽ 49.51 ശതമാനം വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. 2016-17, 2017-18 വർഷങ്ങളിലെ മാനേജ്മെന്റ് കണക്കാക്കിയ ഉത്പാദന ചെലവും കോസ്റ്റ് ഓഡിറ്റ് റിപ്പോർട്ടുകളും വിശകലനം ചെയ്യുമ്പോൾ, മാനേജ്മെന്റ് കണക്കാക്കിയ എച്ച്ഡബ്ല്യുസിയുടെ മൊത്തം ചെലവ് മെറ്റീരിയൽ, പവർ, പാക്കിംഗ് മെറ്റീരിയൽ ചെലവ് എന്നിവ മാത്രമാണെന്ന് ശ്രദ്ധയിൽപ്പെട്ടു. തൊഴിൽ വേതനവും ഓവർ ഹെഡുകളും ചെലവ് കണക്കാക്കാൻ പരിഗണിച്ചില്ല.

2016-17, 2017-18 എന്നീ രണ്ടുവർഷത്തെ കോസ്റ്റ് ഓഡിറ്റ് വൈകിയാണ്[224] നടത്തിയതെന്നും റിപ്പോർട്ടുകൾ പ്രകാരം ഉത്പാദനച്ചെലവ് കമ്പനി നിശ്ചയിച്ച വിൽപന വിലയേക്കാൾ കൂടുതലാണെന്നും ഓഡിറ്റ് ശ്രദ്ധിച്ചു. 2018-19, 2019-20 എന്നീ രണ്ട് വർഷത്തേക്ക് കമ്പനി കോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടില്ല. 2020-21 വർഷത്തേക്ക് കമ്പനി സകല ചെലവും പരിഗണിച്ചാണ് ഉൽപാദനച്ചെലവ് കണക്കാക്കിയത്. എച്ച്ഡബ്ല്യുസിയുടെ വിൽപ്പന വില കമ്പനിയുടെ എതിരാളികളുടെ എച്ച്ഡബ്ല്യുസിയുടെ വിലയേക്കാൾ അഞ്ച് മുതൽ എട്ട് ശതമാനം വരെ കൂടുതലാണെന്നും ശ്രദ്ധയിൽപ്പെട്ടു.

ചെലവ് കണക്കാക്കൽ സംവിധാനത്തിന്റെ അഭാവവും തെറ്റായ ചെലവ് കണക്കാക്കലും വിൽപ്പന വിലയുടെ ഏകപക്ഷീയമായ ഫിക്സേഷനും ചേർന്ന് ഉത്പാദന വിലയ്ക്ക് താഴെയുള്ള എച്ച്ഡബ്ല്യുസി വിൽപ്പനയ്ക്ക് കാരണമായി, അതിന്റെ ഫലമായി ചുവടെയുള്ള **പട്ടിക 3.8**-ൽ കാണിച്ചിരിക്കുന്നതുപോലെ 3.45 കോടി രൂപയുടെ നഷ്ടം സംഭവിച്ചു:

**പട്ടിക 3.8: ഹൗസ് വയറിംഗ് കേബിളുകളുടെ തെറ്റായ ചെലവ് കണക്കാക്കുന്നത് മൂലമുള്ള നഷ്ടം**

| ക്രമ നം | വർഷം | മൊത്തം വിൽപ്പന (കോയിലുകളുടെ എണ്ണം) | ഓരോ കോയിലിനും വിൽപ്പനച്ചെലവ്[225] (₹) | ഓരോ കോയിലും വിൽക്കുന്ന വില (₹) | ഓരോ കോയിലിലും ഉള്ള നഷ്ടം (₹) | ആകെ നഷ്ടം (₹കോടിയിൽ) |
|---|---|---|---|---|---|---|
| | (1) | (2) | (4) | (5) | (6) | (7) = (2 * 6) |
| 1 | 2016-17 | 70,693 | 996.19 | 767.17 | 229.02 | 1.62 |
| 2 | 2017-18 | 1,33,059 | 862.25 | 787.85 | 74.40 | 0.99 |
| 3 | 2020-21 | 1,71,621 | 969.01[226] | 920.19 | 48.82 | 0.84 |
| **ആകെ** | | | | | | **3.45** |

[224] 2016-17-ലെ കോസ്റ്റ് ഓഡിറ്റ് റിപ്പോർട്ട് 2019 ഏപ്രിലിലും 2017-18 -ലേത് 2021 മാർച്ചിലും.

[225] 2016-17, 2017-18 വർഷങ്ങളിൽ കോസ്റ്റ് ഓഡിറ്റ് നടത്തി. തുടർന്നുള്ള വർഷങ്ങളിൽ കോസ്റ്റ് ഓഡിറ്റ് നടത്തിയില്ല.

[226] കമ്പനി, ബന്ധപ്പെട്ട എല്ലാ ചെലവുകളും പരിഗണിച്ചു കണക്കാക്കുന്നത്.

വിൽപന വില മത്സരാധിഷ്ഠിതമായി നിലനിർത്തുന്നതിന് ചെലവ് കണക്കാക്കുന്നതിൽ തൊഴിൽ ചെലവ് പരിഗണിക്കുന്നില്ലെന്നും എതിരാളികളുടെ വിലയുടെ ഒന്ന് മുതൽ അഞ്ച് ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നം വിൽക്കാൻ കമ്പനി നിർബന്ധിതരാണെന്നും സർക്കാർ മറുപടി നൽകി (മാർച്ച്/ജൂൺ 2023).

യഥാർത്ഥ ഉൽപാദനച്ചെലവ് തിരിച്ചറിയുക എന്നതാണ് ചെലവ് കണക്കാക്കലിന്റെ ഉദ്ദേശ്യം എന്നതിനാൽ മറുപടി ന്യായമല്ല. ചെലവ് കണക്കുകൂട്ടലിൽ ചെലവിന്റെ നിർണായകഘടകം അവഗണിക്കുന്നത് ചെലവ് കുറയ്ക്കുന്നതിന് കാരണമാകില്ല, മറിച്ച് വിൽപ്പന വില ഉൽപാദന ചെലവിലും താഴെ നിശ്ചയിക്കുക എന്ന അനുചിതമായ തീരുമാനത്തിലേക്ക് നയിക്കുകയെ ഉള്ളൂ.

***ശുപാർശകൾ:***

***താഴെ പറയുന്നവ സർക്കാർ ഉറപ്പ് വരുത്തുക***

- ***വില വ്യതിയാനം നിഷേധിക്കുന്നതും ലിക്വിഡേറ്റഡ് നാശനഷ്ടങ്ങൾ ചുമത്തുന്നതും മൂലം നഷ്ടം ഒഴിവാക്കാൻ കമ്പനി ഡെലിവറി സമയക്രമം കർശനമായി പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.***
- ***എല്ലാ പ്രത്യക്ഷവും പരോക്ഷവുമായ ചെലവുകൾ പരിഗണിക്കുന്നതിനും ഉത്പാദന ചെലവവിന് താഴെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതും നഷ്ടം സംഭവിക്കുന്നതും ഒഴിവാക്കാൻ യഥാർത്ഥ ഉൽപാദനച്ചെലവിനെ അടിസ്ഥാനമാക്കിയാണ് വിൽപ്പന വിലയെന്ന് ഉറപ്പാക്കുന്നതിന് ശക്തമായ ഒരു ചെലവ് കണക്കാക്കൽ സംവിധാനം സ്ഥാപിക്കുന്നു.***

### 3.1.16 മറ്റ് വിഷയങ്ങൾ

#### *3.1.16.1 എക്സ്എൽപിഇ കേബിളുകൾ നിർമ്മിക്കുന്നതിനുള്ള പ്രായോഗികമല്ലാത്തതും കാലഹരണപ്പെട്ടതുമായ പ്രോജക്റ്റിലെ നിക്ഷേപം*

2016-ൽ 7.61 കോടി രൂപ ചെലവഴിച്ച് കമ്പനി എക്സ്എൽപിഇ കേബിളുകളുടെ നിർമ്മാണ സൗകര്യം സൃഷ്ടിച്ചു. 2017-18 മുതൽ 2019-20 വരെയുള്ള ഉൽപാദനം 622.08 കിലോമീറ്ററായിരുന്നു, അതിനുശേഷം ഓർഡർ ഇല്ലാത്തതിനാൽ ഉത്പാദനം പൂർണ്ണമായും നിർത്തി.

2016-ൽ കമ്മീഷൻ ചെയ്തതിനുശേഷം, സ്ഥാപിത ഉൽപാദന ശേഷിയുടെ 50 ശതമാനം പോലും വിനിയോഗിക്കുന്നതിന് മതിയായ ഓർഡറുകൾ കമ്പനിക്ക് നേടാനായില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ വിഭാവനം ചെയ്ത ഉൽപാദന അളവിന്റെ 14.84 ശതമാനം മാത്രമേ കമ്പനിക്ക് കൈവരിക്കാനായുള്ളൂ. മൂല്യത്തിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട എല്ലാ ചെലവുകളും പരിഗണിക്കുമ്പോൾ പ്രതീക്ഷിച്ച വിൽപ്പനയായ 202.90 കോടി രൂപക്ക് എതിരായി 11.38 കോടി രൂപ മാത്രമാണ് കമ്പനിക്ക് നേടാനായത്, ഇത് പ്രതീക്ഷിച്ച വിൽപ്പനയുടെ 5.60 ശതമാനം മാത്രമാണ്. 2017-18 മുതൽ 2019-20 വരെയുള്ള മൂന്ന് വർഷങ്ങളിൽ പ്രതിവർഷം 1,032 കിലോമീറ്റർ എക്സ്എൽപിഇ കേബിളുകളുടെ ഉൽപാദനം വിഭാവനം ചെയ്തതിനെതിരെ യഥാർത്ഥ ഉത്പാദനം യഥാക്രമം 95.71 കിലോമീറ്റർ, 382.63 കിലോമീറ്റർ, 143.74 കിലോമീറ്റർ എന്നിങ്ങനെയായിരുന്നു. അതുപോലെ, 2017-18, 2018-19, 2019-20 വർഷങ്ങളിൽ നിശ്ചയിച്ചിട്ടുള്ള വിൽപ്പന ലക്ഷ്യത്തിന്റെ[227] യഥാക്രമം 2.77 ശതമാനം, 16.24 ശതമാനം, 14.18 ശതമാനം എന്നിങ്ങനെയാണ് വിൽപ്പന നേട്ടം. 2020-21 മുതൽ, എക്സ്എൽപിഇയ്ക്കുള്ള വർക്ക് ഓർഡറുകൾ ഇല്ലാത്തതിനാൽ 2020-21 മുതൽ പ്ലാന്റ് നിഷ്ക്രിയമാണ്.

ഉൽപാദനം നിലച്ചതിന്റെ കാരണങ്ങൾ ഓഡിറ്റ് വിശകലനം ചെയ്തു, ഡ്രൈ ക്യൂർ സാങ്കേതികവിദ്യ[228] ഉപയോഗിച്ച് നിർമ്മിക്കുന്ന എക്സ്എൽപിഇ കേബിളുകൾക്കാണ് വിപണി മുൻഗണന നൽകുന്നത്, അതേസമയം കമ്പനി ഉപയോഗിക്കുന്ന നിർമ്മാണ പ്രക്രിയ

---

[227] 2017-18 വർഷത്തെ വിൽപ്പന ലക്ഷ്യം 34.12 കോടി രൂപയായിരുന്നു. 2018-19, 2019-20 വർഷങ്ങളിൽ ഇത് 34.21 കോടി രൂപ വീതമായിരുന്നു.

[228] ഉയർന്ന മർദ്ദത്തിലും താപനിലയിലുമുള്ള നൈട്രജൻ വാതകം ഉപയോഗിച്ച് ആവരണമില്ലാത്ത കണ്ടക്ടറിന് മുകളിൽ ഉറപ്പിക്കുന്നതിന് ക്രോസ് ലിങ്കിങ്ങിലൂടെ/കൂറിങ്ങിലൂടെ ആവരണം ചെയ്യുന്നത്.

സിയോപ്ലാസ്[229] സാങ്കേതികവിദ്യയായിരുന്നു. ഡിപിആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കമ്പനി ഒരു മാർക്കറ്റ് പഠനവും നടത്താത്തതിനാൽ ഉൽപാദന സാങ്കേതികവിദ്യയിലെ മാറ്റവും വിപണിയുടെ താത്പര്യത്തിലെ മാറ്റവും തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു.

3.3 കിലോവാട്ട് മുതൽ 33 കിലോവാട്ട് വരെയുള്ള വോൾട്ടേജുകൾക്കായി ഡ്രൈ ക്യൂറിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രോസസ്സ് ചെയ്ത എക്സ്എൽപിഇ കേബിളുകൾ ഉപയോഗിക്കാൻ 2006-ൽ തന്നെ ഇന്ത്യൻ റെയിൽവേ നിർദ്ദേശിച്ചതായി[230] കണ്ടു. 2014-ൽ, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡും എല്ലാ എലിവേറ്റഡ്, ഭൂഗർഭ റെയിൽ ഇടനാഴികൾക്കും ഇൻസുലേഷനിലെ മൈക്രോ ശൂന്യതകളും മലിനീകരണങ്ങളും ഒഴിവാക്കുന്നതിന് ഡ്രൈ ക്യൂർ എക്സ്എൽപിഇ കേബിളുകൾ അതിന്റെ മാനദണ്ഡമാക്കി. കമ്പനിയുടെ പ്രധാന ഉപഭോക്താവായ കെഎസ്ഇബിഎൽ 2013-14 മുതൽ തന്നെ ഡ്രൈ ക്യൂർ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രോസസ്സ് ചെയ്ത 11 കിലോവാട്ട്, 33 കിലോവാട്ട് എക്സ്എൽപിഇ കേബിളുകൾ ആവശ്യപ്പെടുന്നതായും നിരീക്ഷിക്കപ്പെട്ടു. 2013-14 മുതൽ (കമ്പനി പദ്ധതി നടത്തിപ്പിനായി ടെൻഡർ ക്ഷണിച്ചപ്പോൾ) 2020-21 വരെയുള്ള എട്ട് വർഷ കാലയളവിൽ, ഡ്രൈ ക്യൂർ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച എക്സ്എൽപിഇ കേബിളുകൾ വിതരണം ചെയ്യുന്നതിനായി 277.65 കോടി രൂപയ്ക്കുള്ള 62 ടെൻഡറുകൾ കെഎസ്ഇബിഎൽ ക്ഷണിച്ചിരുന്നു.

അങ്ങനെ, കേബിൾ വ്യവസായത്തിലെ സാങ്കേതിക മുന്നേറ്റങ്ങൾ തിരിച്ചറിയുന്നതിൽ കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ പരാജയം ഡ്രൈ ക്യൂർഡ് സാങ്കേതികവിദ്യയ്ക്ക് പകരം സിയോപ്ലാസ് സാങ്കേതികവിദ്യ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിൽ കലാശിച്ചു. ഡ്രൈ ക്യൂർ സാങ്കേതികവിദ്യയിൽ നിർമ്മിക്കുന്ന കേബിളുകൾക്കായിരുന്നു വ്യവസായ ആവശ്യകത എന്നതിനാൽ, കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഒരു പ്രോജക്റ്റിലെ നിക്ഷേപം സാമ്പത്തികമായി വിവേകപൂർണ്ണമായിരുന്നില്ല.

സാങ്കേതികവിദ്യയിൽ മാറ്റമുണ്ടായെന്നും കേബിൾ നിർമ്മാണ പ്രക്രിയ കാലഹരണപ്പെട്ടെന്നും സർക്കാർ സമ്മതിച്ചു (മാർച്ച് 2023). എന്നിരുന്നാലും, 2016-17 കാലയളവിൽ കമ്പനി 54.70 കോടി രൂപയുടെ എക്സ്എൽപിഇ കേബിളുകൾ ടേൺകീ പ്രോജക്റ്റുകൾക്കായി നിർമ്മിച്ചതായി പ്രസ്താവിച്ചു. വരാനിരിക്കുന്ന പ്രോജക്റ്റുകളിൽ സാങ്കേതിക വികാസങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കമ്പനിയോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (ജൂൺ 2023).

2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ ടേൺകീ പ്രോജക്റ്റ് ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തിയാലും കമ്പനിക്ക് വിഭാവനം ചെയ്ത വിൽപ്പനയുടെ 50 ശതമാനം പോലും നേടാനാകാത്തതിനാൽ സർക്കാരിന്റെ മറുപടി ന്യായമല്ല. ടേൺകീ ജോലികൾക്ക് നല്ല മാർജിൻ ഉണ്ടെന്ന് പറഞ്ഞിരുന്നെങ്കിലും, കാലഹരണപ്പെട്ട ഉൽപാദന സാങ്കേതികവിദ്യ കണക്കിലെടുത്ത് ഉയർന്ന ലാഭം നേടാനുള്ള അവസരം കമ്പനിക്ക് നഷ്ടമായി. കൂടാതെ, 2020-21 മുതൽ, എക്സ്എൽപിഇ കേബിളുകൾ നിർമ്മിക്കുന്നതിനുള്ള വർക്ക് ഓർഡറുകൾ കമ്പനിക്ക് നേടാനാകാത്തതിനാൽ പദ്ധതി നിഷ്ക്രിയമായി തുടരുകയാണ്.

***ശുപാർശ: സാങ്കേതിക വികാസങ്ങളെക്കുറിച്ച് അതിന്റെ ഡയറക്ടർമാർക്ക് ശരിയായ പരിശീലനം നൽകിക്കൊണ്ട് കമ്പനി അതിന്റെ കോർപ്പറേറ്റ് ഗവേർണ്ണൻസ് മെക്കാനിസം മെച്ചപ്പെടുത്തുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം.***

### 3.1.16.2 *നിരസിച്ച വില വ്യതിയാന നഷ്ടപരിഹാരത്തിന്മേൽ അടച്ച നികുതിയുടെ റീഫണ്ട് ക്ലെയിം ചെയ്യുന്നതിൽ പരാജയം 0.62 കോടി രൂപ നഷ്ടം*

കേന്ദ്ര ചരക്ക് സേവന നികുതി നിയമം 2017, ജൂലൈ 2017 മുതൽ പ്രാബല്യത്തിൽ വന്നു. കമ്പനി വിൽക്കുന്ന സാധനങ്ങൾക്ക് 18 ശതമാനം നികുതി നൽകണം. സിജിഎസ്ടി നിയമം 2017-ലെ സെക്ഷൻ 34 പ്രകാരം, ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണത്തിനായി ഒന്നോ അതിലധികമോ നികുതി ഇൻവോയ്സുകൾ ഇഷ്യൂ

[229] ചൂടുവെള്ളം അല്ലെങ്കിൽ നീരാവി ഉപയോഗിച്ച് ആവരണമില്ലാത്ത കണ്ടക്ടറിന് മുകളിൽ ഉറപ്പിക്കുന്നതിന് ക്രോസ് ലിങ്കിങ്ങിലൂടെ/ക്യൂറിങ്ങിലൂടെ ആവരണം ചെയ്യുന്നത്.

[230] ഇലക്ട്രിക്കൽ പവർ കേബിളുകൾ, ഇന്ത്യൻ റെയിൽവേയുടെ ഹാൻഡ് ബുക്കിൽ ഖണ്ഡിക 2.2.2.

ചെയ്തിട്ടുണ്ടെങ്കിൽ, ആ നികുതി ഇൻവോയ്സിൽ ഈടാക്കിയിട്ടുള്ള നികുതി മൂല്യമോ നികുതിയോ നികുതി നൽകേണ്ട മൂല്യത്തെയോ അല്ലെങ്കിൽ അടയ്ക്കേണ്ട നികുതിയെയോ കവിയുന്നതായി കണ്ടെത്തിയാൽ അത്തരം വിതരണത്തിൽ, അല്ലെങ്കിൽ വിതരണം ചെയ്ത സാധനങ്ങൾ സ്വീകർത്താവ് തിരികെ നൽകുമ്പോൾ, അല്ലെങ്കിൽ ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ അല്ലെങ്കിൽ വിതരണം ചെയ്ത രണ്ടും കുറവാണെന്ന് കണ്ടെത്തിയാൽ, അത്തരം ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ ഇവ രണ്ടും വിതരണം ചെയ്ത രജിസ്റ്റർ ചെയ്ത വ്യക്തിക്ക് സ്വീകർത്താവിന് ഒന്ന് അല്ലെങ്കിൽ നിർദ്ദേശിച്ചേക്കാവുന്ന വിശദാംശങ്ങൾ അടങ്ങുന്ന ഒരു സാമ്പത്തിക വർഷത്തിൽ നിർമ്മിച്ച സപ്ലൈകൾക്കുള്ള കൂടുതൽ ക്രെഡിറ്റ് നോട്ടുകൾ ഇഷ്യൂ. ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണവുമായി ബന്ധപ്പെട്ട് ഒരു ക്രെഡിറ്റ് നോട്ട് ഇഷ്യൂ ചെയ്യുന്ന ഏതെങ്കിലും രജിസ്റ്റർ ചെയ്ത വ്യക്തി, അത്തരം ക്രെഡിറ്റ് നോട്ട് ഇഷ്യൂ ചെയ്ത മാസത്തെ റിട്ടേണിൽ അത്തരം ക്രെഡിറ്റ് നോട്ടിന്റെ വിശദാംശങ്ങൾ പ്രഖ്യാപിക്കണം, എന്നാൽ നവംബർ മുപ്പതാം തീയതിക്ക് ശേഷമല്ല. അത്തരം വിതരണം നടത്തിയ സാമ്പത്തിക വർഷത്തിന്റെ അവസാനത്തെത്തുടർന്ന്, അല്ലെങ്കിൽ പ്രസക്തമായ വാർഷിക റിട്ടേൺ നൽകിയ തീയതി, ഏതാണ് നേരത്തെയുള്ളത്, കൂടാതെ നികുതി ബാധ്യതയും നിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

നിർദ്ദിഷ്ട വിതരണകാലയളവിനു ശേഷമുള്ള വിതരണങ്ങളുടെ കാര്യത്തിൽ കെഎസ്ഇബിഎല്ലിലേക്ക് ഇൻവോയ്സുകൾ അയക്കുമ്പോൾ, കമ്പനി അലുമിനിയത്തിന്റെ ഉയർന്ന വില വ്യതിയാനം സ്ഥിരമായി ഉൾപ്പെടുത്തി. നിർദ്ദിഷ്ട വിതരണകാലയളവിന് ശേഷം നടത്തുന്ന വിതരണങ്ങൾക്ക് ഉയർന്ന വില വ്യതിയാനം നൽകുന്നതിന് കരാർ പ്രകാരമുള്ള യാതൊരു ബാധ്യതയും തങ്ങൾക്ക് ഇല്ലാത്തതിനാൽ കെ.എസ്ഇബിഎൽ അത്തരം അവകാശവാദങ്ങളെ ഒരിക്കലും മാനിച്ചില്ല. എന്നിരുന്നാലും, വിതരണ കാലതാമസം കാരണം ഉയർന്ന വില വ്യതിയാന പരിഹാരങ്ങൾക്കായി ക്രെഡിറ്റ് നോട്ടുകൾ ഇഷ്യൂ ചെയ്യുന്നതിൽ കമ്പനി പരാജയപ്പെട്ടു. കൃത്യസമയത്ത് ക്രെഡിറ്റ് നോട്ടുകൾ ഇഷ്യൂ ചെയ്യുകയും പ്രതിമാസ (ജിഎസ്ടിആർ 1) അല്ലെങ്കിൽ ത്രൈമാസിക (ജിഎസ്ടിആർ 3 ബി) റിട്ടേണുകൾ ഫയൽ ചെയ്യുകയും ചെയ്താൽ, വിതരണം ചെയ്യുന്ന സാധനങ്ങളുടെയും ജിഎസ്ടി പേയ്മെന്റുകളുടെയും നികുതി ചുമത്താവുന്ന മൂല്യം കുറയ്ക്കുകയും യാഥാർത്ഥ്യമാകാത്ത വിൽപ്പനയുടെ പേരിൽ അടച്ച അധിക നികുതി ലാഭിക്കുകയും ചെയ്യാം. ഇത് കമ്പനിയുടെ പണ ലഭ്യതയെയും പ്രവർത്തന മൂലധന മാനേജ്മെന്റിനെയും ഗുണപരമായി ബാധിക്കും. എന്നിരുന്നാലും, നികുതി അധികാരികൾക്ക് ക്രെഡിറ്റ് നോട്ടുകൾ ഫയൽ ചെയ്തുകൊണ്ട് നികുതി നൽകേണ്ട മൂല്യത്തിൽ ഇത്തരമൊരു കുറവുണ്ടാകുന്നതിലും നികുതി റീഫണ്ട് ക്ലെയിം ചെയ്യുന്നതിലും കമ്പനി പരാജയപ്പെട്ടു. 2017-2021 കാലയളവിൽ, ക്ലെയിം ചെയ്യാതെ ഒഴിവാക്കിയ വിൽപ്പന മൂല്യത്തിലെ കുറവ് 3.46 കോടിരൂപയായിരുന്നു, ഈ ഇനത്തിൽ ഒഴിവാക്കാവുന്ന നികുതി അടച്ചത് 0.62 കോടി രൂപയാണ്.

ഈ വിഷയത്തിൽ കമ്പനിയുടെ അറിവില്ലായ്മ കാരണം, 2017-21 കാലയളവിൽ അടച്ച അധിക നികുതിയുടെ റീഫണ്ട് ക്ലെയിം ചെയ്യാൻ കഴിഞ്ഞില്ലെന്ന് സർക്കാർ സമ്മതിച്ചു (മാർച്ച് 2023). ജിഎസ്ടി ഓഡിറ്റിനും കൺസൾട്ടേഷനുമായി കമ്പനി ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ (ജൂൺ 2023) മറുപടി നൽകി.

#### *3.1.16.3 കേരള സർക്കാരിന്റെ മേൽനോട്ടത്തിന്റെയും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെയും (എംഐഎസ്) അഭാവം*

അവലോകന കാലയളവിൽ കമ്പനിയുടെ പ്രവർത്തന പ്രകടനം മോശമായിരുന്നു, 2021 മാർച്ച് 31 -ന് അവസാനിച്ച വർഷത്തിലെ വാർഷിക കണക്കുകൾ പ്രകാരം, കരുതൽ ധനവും മിച്ചവും കൂടി (-)143.90 കോടി രൂപയും കമ്പനിയുടെഅറ്റമൂല്യം (-)62.03 കോടി രൂപയുമായിരുന്നു. 2021-22-ൽ കമ്പനിക്ക് 42.37 കോടി രൂപയുടെ അറ്റനഷ്ടമുണ്ടായെങ്കിലും, ഫ്രീഹോൾഡ് ഭൂമിയുടെ ഉയർന്ന മൂല്യനിർണയം 132.36 കോടി രൂപ കണ്ടു ഉയർന്നത് കാരണം കരുതൽ ധനവും മിച്ചവും അറ്റ മൂല്യവും യഥാക്രമം (-) 53.91 കോടി രൂപ, 3.31 കോടി രൂപ എന്നിങ്ങനെ മെച്ചപ്പെട്ടു. ഇത്തരത്തിലുള്ള കണക്കിലെ ക്രമീകരണം ഇല്ലായിരുന്നെങ്കിൽ, കമ്പനിയുടെ കരുതൽ ധനവും മിച്ചവും അറ്റാദായവും യഥാക്രമം (-)186.27 കോടി രൂപ[231], (-)129.05 കോടി

[231] 2021 മാർച്ച് 31-ലെ കരുതൽ ധനവും മിച്ചവും (-)143.90 കോടി രൂപയും കൂടാതെ ഈ വർഷത്തെ നഷ്ടം (-)42.37 കോടി രൂപ.

രൂപ[232] എന്നിങ്ങനെ കുറയുമായിരുന്നു. പ്രവർത്തനത്തിലെ അപാകതകൾ കണ്ടെത്തി തിരുത്തുന്നതിൽ കേരള സർക്കാരും കമ്പനിയുടെ മാനേജ്മെന്റും വർഷങ്ങളായി പരാജയപ്പെട്ടു.

വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഉത്തരവാദിത്തമുള്ള ഏജൻസിയാണ് റിയാബ്. നഷ്ടത്തിലാകുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടത് ഏജൻസിയുടെ ഉത്തരവാദിത്തമാണ്. ഉൽപാദന സ്ഥിതിവിവരക്കണക്കുകൾ, ലാഭക്ഷമത, പിരിഞ്ഞു കിട്ടാനുള്ള വിൽപ്പനവിലയുടെ സ്ഥിതി, വായ്പാ കുടിശ്ശിക എന്നിവ കമ്പനി കൈമാറുന്നുണ്ടെങ്കിലും, കമ്പനിയിൽ മതിയായ പ്രവർത്തന മൂലധനത്തിന്റെ അഭാവം അല്ലെങ്കിൽ ഭരണപരമായ ആവശ്യങ്ങൾക്കായി ലോൺ ഫണ്ട് വകമാറ്റൽ എന്നിവ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നടപടികളൊന്നും എടുത്തതായി കണ്ടില്ല.

സമയബന്ധിതമായ തീരുമാനങ്ങൾ എടുക്കുന്നതിന്, ഒരു കമ്പനിയിലെ എംഐഎസ് റിപ്പോർട്ടുകൾ വളരെ പ്രധാനമാണ്. എന്നാൽ കോസ്റ്റ് ഓഡിറ്റ് റിപ്പോർട്ടുകൾ, ആനുകാലിക സാമ്പത്തിക റിപ്പോർട്ടുകൾ, തൊഴിൽ വിനിയോഗ റിപ്പോർട്ടുകൾ തുടങ്ങിയ എംഐഎസ് റിപ്പോർട്ടുകളൊന്നും കമ്പനി തയ്യാറാക്കിയിരുന്നില്ല.

കമ്പനി ദൈനംദിന അടിസ്ഥാനത്തിൽ ചെലവിന്റെ കണക്കുകൾ തയ്യാറാക്കുകയും വിശകലനം ചെയ്യുകയും ചെയ്തുവെന്നും ട്രേഡ് യൂണിയനുകളുമായുള്ള കരാറുകളുടെ അടിസ്ഥാനത്തിലാണ് തൊഴിൽ മാനദണ്ഡങ്ങൾ തയ്യാറാക്കിയതെന്നും സർക്കാർ മറുപടി നൽകി (മാർച്ച് 2023). ഓഡിറ്റ് സൂചിപ്പിച്ച പോയിന്റുകൾ പാലിക്കാൻ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ മറുപടി നൽകി (ജൂൺ 2023).

***ഖണ്ഡിക 3.1.15.3***–ൽ പരാമർശിച്ചിരിക്കുന്നതുപോലെ 2016–17, 2017–18 കാലയളവുകൾ ഒഴികെ ശരിയായ ചെലവിന്റെ രേഖകൾ കമ്പനി പരിപാലിക്കാത്തതിനാൽ മറുപടി വസ്തുതാപരമായി തെറ്റാണ്. തൊഴിലാളി യൂണിയനുകളുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ മാനദണ്ഡങ്ങൾ തയ്യാറാക്കിയതെന്നും ശാസ്ത്രീയമായ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലല്ലെന്നും മറുപടി സ്ഥിരീകരിച്ചു.

***ശുപാർശകൾ:***

***താഴെ പറയുന്നവ സർക്കാർ ഉറപ്പ് വരുത്തുക***

- ***ചെലവിന്റെ കണക്കുകൾ ശരിയായും കാലിക പ്രസക്തവുമായി തയ്യാറാക്കാൻ കമ്പനിയോട് നിർദ്ദേശിക്കണം.***
- ***സ്ഥിരമായി നഷ്ടം വരുത്തുന്നതിനാൽ കമ്പനിയുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള റിപ്പോർട്ടുകൾ നൽകാൻ റിയാബിനോട് ആവശ്യപ്പെടണം.***

**സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്**

## 3.2 സംസ്ഥാന ജലഗതാഗത വകുപ്പിന് വേണ്ടിയുള്ള പ്രവൃത്തികളുടെ നിർവ്വഹണം

**അനുയോജ്യത ഉറപ്പ് വരുത്താതെ ഹൈഡ്രോളിക് പ്രൊപ്പൾഷൻ ഉള്ള എഞ്ചിനുകൾ ബോട്ടുകളുടെ നിർമ്മാണത്തിന് ഉപയോഗിച്ചതിന്റെ ഫലമായി 60.66 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന നഷ്ടമുണ്ടായി.**

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (കമ്പനി) ബോട്ടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള കരാർ ജോലികൾ ഏറ്റെടുക്കുകയും സബ് കോൺട്രാക്ടർമാർ മുഖേന അവ നടപ്പിലാക്കുകയും ചെയ്തു വരുന്നു. 2011 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ, സംസ്ഥാന ജലഗതാഗത വകുപ്പിൽ നിന്ന് (എസ്ഡബ്ല്യൂറ്റിഡി) 15 ബോട്ടുകളുടെ നിർമ്മാണത്തിനായി 15.13 കോടി രൂപയുടെ ആറ് ഓർഡറുകൾ കമ്പനിക്ക് ലഭിച്ചു. പ്രസ്തുത ആറ് ഓർഡറുകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ (ജൂലൈ 2019, സെപ്റ്റംബർ 2022), താഴെ ചർച്ച

[232] പുനർമൂല്യനിർണ്ണയം കൂടാതെയുള്ള കരുതൽ ധനവും മിച്ചവും (–)186.27 കോടി രൂപ കൂടാതെ അടച്ച മൂലധനം 57.22 കോടി രൂപ.

ചെയ്യുന്നത് പോലെ, ആറ് ഓർഡറുകളിൽ രണ്ടെണ്ണം വിജയകരമായി പൂർത്തിയാക്കാൻ കമ്പനിക്ക് കഴിഞ്ഞില്ലെന്നും, അത് വഴി 60.66 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന നഷ്ടം സംഭവിച്ചതായും നിരീക്ഷിച്ചു.

ഒരു ഇൻസ്പെക്ഷൻ ബോട്ടും ഒരു വർക്ക്ഷോപ്പ് ബോട്ടും സമ്മതിച്ചുറപ്പിച്ച വിലയായ യഥാക്രമം 42.90 ലക്ഷം രൂപക്കും, 36.47 ലക്ഷം രൂപക്കും നിർമ്മിച്ചു വിതരണം ചെയ്യാൻ കമ്പനിക്ക് എസ്ഡബ്ല്യൂറ്റിഡിയിൽ നിന്ന് രണ്ട് ഓർഡറുകൾ ലഭിച്ചു (മാർച്ച് 2012). എസ്ഡബ്ല്യൂറ്റിഡിയുമായുള്ള ഉടമ്പടികൾ (മാർച്ച് 2012) പ്രകാരം, ജൂൺ 2012 അവസാനത്തോടെ ബോട്ടുകൾ നിർമ്മിച്ചു നൽകേണ്ടതും വൈകുന്ന ഓരോ ദിവസത്തിനും ബോട്ടിന് 1,000 രൂപ നിരക്കിൽ പിഴ ഈടാക്കപ്പെടുന്നതുമായിരുന്നു. മാർച്ച് 2012 മുതൽ ഒക്ടോബർ 2012 വരെ എസ്ഡബ്ല്യൂറ്റിഡി 63.49 ലക്ഷം രൂപ കമ്പനിക്ക് നൽകി.

2011-22 കാലയളവിൽ എസ്ഡബ്ല്യുടിഡിയിൽ നിന്ന് ലഭിച്ച മറ്റ് നാല് ഓർഡറുകളിൽ ഉപയോഗിച്ച പരമ്പരാഗത പ്രൊപ്പൾഷനുള്ള എഞ്ചിനുകൾ ഉപയോഗിച്ചപ്പോൾ ഈ രണ്ടു ഓർഡറുകളിൽ പരമ്പരാഗത പ്രൊപ്പൾഷനു പകരം ഹൈഡ്രോളിക് പ്രൊപ്പൾഷൻ ഉള്ള എഞ്ചിൻ ഉപയോഗിക്കാൻ കമ്പനി നിർദ്ദേശിച്ച രൂപകൽപ്പനയുടെ അടിസ്ഥാനത്തിലാണ് എസ്ഡബ്ല്യുടിഡി പ്രസ്തുത വർക്ക് ഓർഡറുകൾ നൽകിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരമ്പരാഗത പ്രൊപ്പൾഷനുള്ള എഞ്ചിനുകൾ ഉപയോഗിച്ച നാല് ഓർഡറുകൾ വിജയകരമായി പൂർത്തിയാക്കാൻ കമ്പനിക്ക് കഴിഞ്ഞിരുന്നു (ഡിസംബർ 2012 മുതൽ ഡിസംബർ 2017 വരെ). എന്നാൽ, ഹൈഡ്രോളിക് പ്രൊപ്പൾഷനുള്ള എഞ്ചിനുകൾ ഉപയോഗിച്ച് ഇൻസ്പെക്ഷൻ, വർക്ക്ഷോപ്പ് ബോട്ടുകൾ നിർമ്മിച്ചു നൽകുന്നതിൽ കമ്പനി പരാജയപ്പെട്ടു. മാർച്ച്/ ഒക്ടോബറിൽ 2013 നടന്ന ആദ്യ പരീക്ഷണത്തിൽ രൂപകൽപ്പന പ്രകാരമുള്ള നിയുക്ത എട്ട് നോട്ട് വേഗതക്ക് പകരം രണ്ട് നോട്ട് വേഗത മാത്രമേ ബോട്ടുകൾക്ക് കൈവരിക്കാൻ കഴിഞ്ഞുള്ളൂ. രണ്ടാമത്തെ പരീക്ഷണത്തിൽ (ഒക്ടോബർ 2015) പ്രൊപ്പല്ലറിന്റെ പിച്ച് വർദ്ധിപ്പിച്ച് വേഗത നാല് നോട്ട് ആയി നേരിയ തോതിൽ ഉയർത്താൻ സാധിച്ചു. ഹൈഡ്രോളിക് ഓയിൽ ചൂടാകുന്നതുമൂലം കാര്യക്ഷമത കുറയുകയും രൂപകൽപ്പന പ്രകാരമുള്ള നിയുക്ത വേഗത കൈവരിക്കാൻ തക്ക ശക്തി ഉത്പാദിപ്പിക്കാൻ ബോട്ടുകൾക്ക് കഴിയാതെ വരികയും ചെയ്തതിനാൽ, കമ്പനിക്ക് കൂടുതൽ പരീക്ഷണങ്ങൾ നടത്താൻ കഴിഞ്ഞില്ല. മൂന്നര വർഷം കഴിഞ്ഞിട്ടും കമ്പനി ബോട്ടുകൾ നിർമിച്ചു നൽകാത്തതിനാൽ, എസ്ഡബ്ല്യുടിഡി കരാർ അവസാനിപ്പിക്കുകയും (മാർച്ച് 2016) ബോട്ടുകളുടെ നിർമ്മാണത്തിനായി അടച്ച തുക (63.49 ലക്ഷം രൂപ) കമ്പനിക്ക് നൽകേണ്ടിയിരുന്ന മറ്റ് തുകകളിൽ നിന്ന് ഈടാക്കുകയും ചെയ്തു. അങ്ങനെ ബോട്ടുകളുടെ നിർമാണത്തിനായി കമ്പനി ചിലവഴിച്ച 60.66 ലക്ഷം[233] രൂപ മുഴുവൻ നിഷ്ഫലമായി.

സ്റ്റിയറിംഗിനും പ്രൊപ്പൾഷനും വേണ്ടിയുള്ള ഒരു പ്രമാണികൃത സംവിധാനം സുരക്ഷ ഉറപ്പാക്കാൻ ആവശ്യമാണെന്നും പരമ്പരാഗത പ്രൊപ്പൾഷൻ സംവിധാനമാണ് ഇത്തരത്തിലുള്ള ബോട്ടുകൾക്ക് അനുയോജ്യമെന്നും കമ്പനി കൂടിയാലോചന നടത്തിയ (ജൂലൈ / ഓഗസ്റ്റ് 2016) മറ്റൊരു നാവിക ആർക്കിടെക്റ്റും സ്ട്രക്ചറൽ എഞ്ചിനീയറും അഭിപ്രായപ്പെട്ടത് ശ്രദ്ധേയമാണ്. സിസ്റ്റത്തിലെ ഒരു ചെറിയ ചോർച്ച പോലും ഹൈഡ്രോളിക് ഓയിൽ ചൂടാകാനും തത്ഫലമായി കാര്യക്ഷമത കുറയാനും ഇടയാകുമെന്നും, ആയതിനാൽ ഹൈഡ്രോളിക് പ്രൊപ്പൾഷൻ സിസ്റ്റം തുടർച്ചയായ ഉപയോഗത്തിന് അനുയോജ്യമല്ലെന്നും അവർ അഭിപ്രായപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള ബോട്ടുകൾക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കാതെയാണ് ഇൻസ്പെക്ഷൻ ബോട്ടിന്റെയും വർക്ക്ഷോപ്പ് ബോട്ടിന്റെയും നിർമ്മാണത്തിൽ കമ്പനി ഹൈഡ്രോളിക് പ്രൊപ്പൾഷൻ സംവിധാനം ഏർപ്പെടുത്തിയതെന്ന് ഇത് സൂചിപ്പിച്ചു. ആത്യന്തികമായി, ഇത് ബോട്ടുകൾ വിതരണം ചെയ്യപ്പെടാതിരിക്കുന്നതിലേക്കും എസ്ഡബ്ല്യുടിഡിയുമായുള്ള കരാർ അവസാനിപ്പിക്കുന്നതിലേക്കും നയിച്ചു.

ഒരു ഉപകരാറുകാരൻ മുഖേനയാണ് കമ്പനി ബോട്ടുകളുടെ രൂപകൽപ്പന വികസിപ്പിച്ചതെന്നും ഓഡിറ്റ് നിരീക്ഷിച്ചു. പ്രൊപ്പൾഷൻ സിസ്റ്റത്തിന്റെ രൂപകൽപ്പനയിലെ ന്യൂനതമൂലമാണ് ബോട്ടുകൾ നിയുക്ത വേഗത കൈവരിക്കാതിരുന്നത് എന്ന് കമ്പനി വാദിച്ചെങ്കിലും, കരാറിൽ/ വർക്ക് ഓർഡറിൽ രൂപകൽപ്പന പരാജയപ്പെട്ടാൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ

[233] പരിശോധന ബോട്ടിന് 32.97 ലക്ഷം രൂപയും വർക്ക്ഷോപ്പ് ബോട്ടിന് 27.69 ലക്ഷം രൂപയും.

ഉണ്ടായിരുന്നിട്ടും, ഉപകരാറുകാരനിൽ നിന്ന് പിഴ ഈടാക്കുവാനുള്ള ഒരു നടപടിയും കമ്പനി കൈകൊണ്ടില്ല. കൂടാതെ, 2014–15 മുതൽ ബോട്ടുകൾ തുറസ്സായ സ്ഥലത്ത് ഡോക്ക് ചെയ്തിരിക്കുകയാണ്. എസ്ബ്ല്യുറ്റിഡി കരാറുകൾ അവസാനിപ്പിച്ചതിന് ശേഷം തങ്ങളുടെ നഷ്ടം പരമാവധി കുറയ്ക്കുന്നതിന് ബോട്ടുകൾ വില്പന നടത്താനുള്ള ഒരു നടപടിയും കമ്പനി സ്വീകരിച്ചില്ല. **ചിത്രം 3.1**–ൽ കാണിച്ചിരിക്കുന്നതുപോലെ ബോട്ടുകൾ ജീർണ്ണാവസ്ഥയിൽ കാണപ്പെട്ടു (ജൂൺ 2022).

**ചിത്രം 3.1: ജീർണ്ണാവസ്ഥയിലുള്ള ഇൻസ്പെക്ഷൻ/ വർക്ക്ഷോപ്പ് ബോട്ടുകൾ**







വീണ്ടും കൂടുതൽ മൂല്യശോഷണം സംഭവിക്കാതെ, വർക്ക്ഷോപ്പ് ബോട്ടിന്റെയും, പരിശോധനാ ബോട്ടിന്റെയും വിൽപ്പന വേഗം നടത്തുവാൻ കമ്പനിയോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (ഏപ്രിൽ 2023). അന്വേഷണം നടത്തുന്നതിനും കാലതാമസം കൂടാതെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി, പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡിന്റെ (റിയാബ്) സെക്രട്ടറിയെ എൻക്വയറി ഓഫീസറായി നിയമിച്ചതായും (ഫെബ്രുവരി 2023) സർക്കാർ വ്യക്തമാക്കി. ഇക്കാര്യത്തിൽ ഉത്തരവാദിത്തം നിശ്ചയിക്കാനും നിർദേശം നൽകി. 60.66 ലക്ഷം രൂപ എന്ന തുകയിൽ ഉൾപ്പെട്ടിട്ടുള്ള 11.23 ലക്ഷം രൂപയുടെ മേൽനോട്ടച്ചെലവ് ഈ പദ്ധതിക്ക് മാത്രമായി പരിഗണിക്കാനാവില്ലെന്ന് സർക്കാർ മറുപടിയിൽ പറഞ്ഞുവെങ്കിലും, ഈ പദ്ധതിക്ക് ബാധകമായ മേൽനോട്ട ചെലവ് എത്രയെന്ന് സർക്കാർ വകതിരിച്ചിട്ടില്ല.

അങ്ങനെ, അനുയോജ്യത ഉറപ്പാക്കാതെ ബോട്ടുകൾക്ക് ഹൈഡ്രോളിക് പ്രൊപ്പൾഷൻ എഞ്ചിൻ ഉപയോഗിച്ചതിനാൽ കമ്പനിക്ക് 60.66 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി.

***ശുപാർശകൾ:***

***താഴെ പറയുന്നവ സർക്കാർ ഉറപ്പ് വരുത്തുക***

- ***ബോട്ടുകളുടെ നിർമ്മാണത്തിലും മറ്റ് പദ്ധതികളുടെ നിർമ്മാണത്തിലും കമ്പനി തെളിയിക്കപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക.***
- ***റിയാബിനെ ഏൽപ്പിച്ചിരിക്കുന്ന അന്വേഷണം എത്രയും നേരത്തേ പൂർത്തിയാക്കപ്പെടുന്നുവെന്നും തുടർനടപടികൾ സ്വീകരിക്കപ്പെടുന്നുവെന്നും ഇനിയും മൂല്യശോഷണം വരുത്താതെ കമ്പനി എത്രയും വേഗം ബോട്ടുകൾ വിറ്റഴിക്കുന്നുവെന്നും ഉറപ്പാക്കുക.***

## ദി കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

### 3.3 അധിക ചെലവ്

**സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ലംഘിച്ച് ടെൻഡർ റദ്ദാക്കിയതിനാൽ 93.39 ലക്ഷം രൂപ അധികച്ചെലവുണ്ടായി.**

കേരള സർക്കാർ ഉത്തരവിനാൽ പ്രസിദ്ധീകരിച്ച (ജൂൺ 2013) സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ (എസ്പിഎം) വ്യവസ്ഥ 1.2 അനുസരിച്ച്, മത്സരം, ന്യായം, വ്യവസ്ഥയിലെ സ്വേച്ഛാപരത ഇല്ലായ്മ എന്നിവ ഉറപ്പ് വരുത്തി സുതാര്യമായ രീതിയിലാണ് പൊതു സംഭരണ പ്രവർത്തനങ്ങൾ നടത്തപ്പെടേണ്ടത്. ഇത് ഉറപ്പാക്കുന്നതിന്, ടെണ്ടർ നൽകുന്നവർ പാലിക്കേണ്ട യോഗ്യതാ മാനദണ്ഡങ്ങൾ ടെണ്ടർ രേഖയിൽ വ്യക്തമായി രേഖപ്പെടുത്തുകയും ടെണ്ടർ രേഖയിൽ ആദ്യമേ ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ടെൻഡറുകൾ വിലയിരുത്തപ്പെടുകയും വേണം. ടെൻഡർ രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു പുതിയ വ്യവസ്ഥയും ടെൻഡറുകൾ മൂല്യനിർണ്ണയം നടത്തുമ്പോൾ പരിഗണിക്കാൻ പാടുള്ളതല്ല. എസ്പിഎമ്മിന്റെ വ്യവസ്ഥ 7.50 പ്രകാരം, ടെൻഡറിൽ രണ്ട് ബിഡ് സമ്പ്രദായം സ്വീകരിക്കുമ്പോൾ, ആദ്യ ഘട്ടത്തിൽ സാങ്കേതിക ബിഡ്ഡുകൾ തുറക്കപ്പെടണം. നിയോഗിത കമ്മിറ്റി/അതോറിറ്റി ടെൻഡറിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി അവ പരിശോധിച്ച് വിലയിരുത്തും. അതിനുശേഷം, രണ്ടാം ഘട്ടത്തിൽ, കൂടുതൽ സൂക്ഷ്മപരിശോധനയ്ക്കും മൂല്യനിർണ്ണയത്തിനും റാങ്കിങ്ങിനും കരാർ നൽകുന്നതിനുമായി സാങ്കേതികമായി സ്വീകാര്യമായ ഓഫറുകളുടെ മാത്രം (മുകളിൽ പറഞ്ഞ ആദ്യ ഘട്ടത്തിൽ തീരുമാനിച്ചത് പോലെ) സാമ്പത്തിക ബിഡ്ഡുകൾ തുറക്കും.

ദി കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കമ്പനി) അസംസ്കൃത കശുവണ്ടി അഥവാ റോ കാഷ്യൂ നട്ട് (ആർസിഎൻ) വാങ്ങുകയും സംസ്കരിച്ച കശുവണ്ടി വിൽക്കുകയും ചെയ്തു വരുന്നു. ടാൻസാനിയൻ (സിഡിജെകെഎൽ)[234] ഒറിജിൻ ഇനത്തിലെ 2,500 മെട്രിക് ടൺ ആർസിഎൻ നേരിട്ട്/ഹൈ സീ സെയിൽ[235] അടിസ്ഥാനത്തിൽ വാങ്ങുന്നതിനായി കമ്പനി ടെൻഡർ ക്ഷണിച്ചു (ഡിസംബർ 2016). മൂന്ന് സ്ഥാപനങ്ങൾ ബിഡ്ഡുകൾ സമർപ്പിച്ചു. ഇവയെല്ലാം തന്നെ സാങ്കേതികമായി യോഗ്യതയുള്ളവയാണെന്ന് ബിഡുകളുടെ മൂല്യനിർണ്ണയത്തിനുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്തു (7 ജനുവരി 2017). അതനുസരിച്ച്, സാമ്പത്തിക ബിഡ്ഡുകൾ തുറക്കുകയും (7 ജനുവരി 2017) എക്സോലൻറ് ഗ്ലോബൽ എക്സിം കമ്പനി ഏറ്റവും കുറഞ്ഞ നിരക്കായ ഒരു മെട്രിക് ടൺ ആർസിഎന്നിന് 2,131 യുഎസ് ഡോളർ എന്ന ഓഫർ സമർപ്പിച്ചതായും കണ്ടെത്തി. കമ്പനിയുടെ ഡയറക്ടർ ബോർഡ് (ബിഒഡി) ബിഡ്ഡറുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, ഒരു മെട്രിക് ടണ്ണിന് 2,120 യുഎസ് ഡോളറായി നിരക്ക് കുറയ്ക്കാൻ ബിഡ്ഡർ സമ്മതിച്ചു. തുടർന്ന് താഴെപ്പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി ടെൻഡർ റദ്ദാക്കാൻ ഡയറക്ടർ ബോർഡ് (16 ജനുവരി 2017) തീരുമാനിച്ചു (i) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനം ദാർ-എസ്-സലാം തുറമുഖത്ത് നിന്നാണ് ആർസിഎൻ കയറ്റുമതി ചെയ്യാൻ ഉദ്ദേശിച്ചത്. എന്നാൽ ടെൻഡർ വ്യവസ്ഥകൾ നിഷ്കർഷിച്ചത് ടാൻസാനിയയിലെ എംട്വാര തുറമുഖമാണ്. (ii) ബിഡ്ഡർ സമർപ്പിച്ച കാഷ്യൂനട്ട് ബോർഡ് ഓഫ് ടാൻസാനിയയുടെ കത്ത് അപാകതയുള്ളതാണ് (iii) വിതരണ ഷെഡ്യൂൾ അനുസരിച്ച് സ്ഥാപനത്തിന് ആർസിഎൻ വിതരണം ചെയ്യാൻ കഴിയില്ല. തുടർന്ന്, ഇറക്കുമതി ചെയ്ത ടാൻസാനിയൻ (സിഡിജെകെഎൽ) ഒറിജിൻ ഇനത്തിലുള്ള ആർസിഎൻ വാങ്ങുന്നതിനായി കമ്പനി ഇന്ത്യൻ സ്ഥാപനങ്ങളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു (8 ഫെബ്രുവരി 2017). ബിഡ് സമർപ്പിച്ച രണ്ട് സ്ഥാപനങ്ങളിൽ, ജോൺ കാഷ്യൂ കമ്പനി ഏറ്റവും കുറഞ്ഞ വില (കിലോയ്ക്ക് 159 രൂപ) മുൻപോട്ട് വെക്കുകയും 1,000 മെട്രിക് ടൺ സംഭരിച്ച് നൽകുന്നതിനായി കരാറിൽ ഏർപ്പെടുകയും ചെയ്തു (22 ഫെബ്രുവരി 2017).

ടെൻഡർ റദ്ദാക്കുന്നതിന് ഡയറക്ടർ ബോർഡ് ഉദ്ധരിച്ച കാരണങ്ങൾ ന്യായ രഹിതമായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ടെൻഡർ രേഖയിൽ ആർസിഎൻ കയറ്റുമതി

---

[234] സിഡിജെകെഎൽ, ടാൻസാനിയയിൽ ലഭ്യമാകുന്ന ഒരു കശുവണ്ടി ഇനമാണ്.

[235] കസ്റ്റംസ് ക്ലിയറൻസിന് രേഖപ്പെടുത്തുന്നതിന് മുൻപായി, യഥാർത്ഥ ഇറക്കുമതി വ്യാപാരി, ചരക്കുകൾ മൂന്നാമതൊരു വ്യക്തിക്ക് വിൽക്കുന്ന കച്ചവട രീതിയാണ് ഹൈ സീ സെയിൽസ്.

ചെയ്യുന്നതിനായി എംടാര അല്ലെങ്കിൽ ടാൻസാനിയയിലെ മറ്റേതെങ്കിലും തുറമുഖം നിഷ്കർഷിച്ചിരുന്നില്ല. ലേലം വിളിച്ചയാൾ ഹാജരാക്കിയ ദാർ-എസ്-സലാം തുറമുഖത്തേക്ക് ആർസിഎൻ കൊണ്ടുപോകുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കാഷ്യൂനട്ട് ബോർഡ് ഓഫ് ടാൻസാനിയയുടെ കത്തിലെ അപാകതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാൻ ഡയറക്ടർ ബോർഡിന് കഴിഞ്ഞില്ല. കൂടാതെ, ടെണ്ടറിൽ വിജയിച്ച ലേലക്കാരന് നിയുക്ത ഷെഡ്യൂൾ അനുസരിച്ച് ആർസിഎൻ വിതരണം ചെയ്യാൻ കഴിയില്ലെന്ന ഡയറക്ടർ ബോർഡിന്റെ അഭിപ്രായത്തെ സാധൂകരിക്കത്തക്ക രേഖകളൊന്നും തന്നെയില്ല. ടെൻഡർ രേഖയിൽ ഉൾപ്പെടുത്തിയ വിതരണ ഷെഡ്യൂളും അവ്യക്തമായിരുന്നു. കാരണം, ഓർഡർ നൽകിയ തീയതി മുതൽ കൃത്യമായി എത്ര ദിവസങ്ങൾ വിതരണം നടത്തുവാൻ ഒരു ബിഡ്ഡർക്ക് ലഭിക്കും എന്ന് അതിൽ വ്യക്തമാക്കിയിട്ടില്ല. പകരം, 16 ജനുവരി 2017-നകം വിതരണം നടത്തണമെന്ന് അത് നിഷ്ക്കർശിച്ചു, ഇത് പിന്നീട് (23 ഡിസംബർ 2016) 23 ജനുവരി 2017 ആയി ഭേദഗതി ചെയ്തു. സമാനമായ ഒരു ഇടപാടിൽ, വിതരണക്കാരിൽ ഒരാൾ, ടാൻസാനിയയിൽ നിന്ന് ആർസിഎൻ വിതരണം ചെയ്യുന്നതിന് 10 മുതൽ 12 ദിവസം വരെയുള്ള കാലയളവ് ആവശ്യമാണ് എന്ന് അറിയിച്ചിരുന്നത് (നവംബർ 2016) ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ, ടെൻഡർ പരിഗണിച്ച ബോർഡ് യോഗത്തിന് (16 ജനുവരി 2017) ശേഷം ഉടൻ തന്നെ ഓർഡർ നൽകിയിരുന്നുവെങ്കിൽ പോലും ടെൻഡർ സമർപ്പിച്ചപ്പോൾ ഉറപ്പ് നൽകിയിരുന്നത് പോലെ ജനുവരി 2017 അവസാനത്തോടെ വിജയിച്ച ബിഡ്ഡർക്ക് ആർസിഎൻ കൈമാറാൻ കഴിയുമായിരുന്നു. അതേസമയം, ആർസിഎൻ വാങ്ങുന്നതിനായി വീണ്ടും ടെൻഡർ ചെയ്തതിലൂടെ ഫലത്തിൽ, ജനുവരി 2017-ൽ ലഭ്യമാകുമായിരുന്ന ആർസിഎൻ മാർച്ച് 2017-ൽ ലഭ്യമാകുന്ന തരത്തിൽ ഡയറക്ടർ ബോർഡ് വൈകിപ്പിച്ചു. അതിനാൽ, പ്രാദേശിക വിപണിയിൽ ലഭ്യമായിരുന്നതിനെക്കാൾ ഉയർന്ന നിരക്കിൽ ആർസിഎൻ വാങ്ങിയതിലൂടെ 93.39 ലക്ഷം രൂപ അധികച്ചെലവ് വരുത്തിയ ഡയറക്ടർ ബോർഡിന്റെ തീരുമാനം ടെൻഡർ നിബന്ധനകൾക്കും എസ്പിഎമ്മിന്റെ വ്യവസ്ഥകൾക്കും അനുസൃതമായിരുന്നില്ല.

തങ്ങൾക്ക് സമർപ്പിക്കപ്പെട്ട വസ്തുതകളെയും വിതരണ ഷെഡ്യൂളുകളെക്കുറിച്ചും ഇത് സംബന്ധിച്ച മറ്റ് വസ്തുതകളെക്കുറിച്ചും എൽ 1 ബിഡ്ഡറുമായി നടത്തിയ ചർച്ചയെയും അടിസ്ഥാനമാക്കി, കരുതലോടെയുള്ള ഒരു തീരുമാനമായിരുന്നു ഡയറക്ടർ ബോർഡ് എടുത്തതെന്ന് സർക്കാർ മറുപടി നൽകി (നവംബർ 2022). സാധാരണഗതിയിൽ ലോഡിംഗ് തുറമുഖം എംടാര ആണെന്നും മറുപടിയിൽ പറഞ്ഞു. വിജയിച്ച ബിഡ്ഡർ, ദാർ-എസ്-സലാം തുറമുഖത്ത് നിന്നാണ് ചരക്ക് കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിച്ചതിനാൽ, രണ്ട് തുറമുഖങ്ങളും തമ്മിൽ 500 കിലോമീറ്ററിലധികം അകലം ഉണ്ടെന്നതിനാലും, ആർസിഎൻ ലോഡുചെയ്യുന്നതിനുള്ള പ്രധാന തുറമുഖം എംടാര ആണെന്നതിന്നാലും, ഡയറക്ടർ ബോർഡിന് സംശയമുണ്ടായി. ടെൻഡർ കമ്മിറ്റിയല്ല, മറിച്ച് ഡയറക്ടർ ബോർഡ് തന്നെയാണ് ടെണ്ടർ മൊത്തത്തിൽ റദ്ദാക്കിയത് എന്നതിനാൽ ബിഡ്ഡുകൾ വിലയിരുത്തുന്നതിൽ സുതാര്യതക്കുറവുണ്ടായിട്ടില്ല.

മറുപടി സ്വീകാര്യമല്ല. സാങ്കേതികവും സാമ്പത്തികവുമായ വിലയിരുത്തൽ പ്രക്രിയ പൂർത്തിയാക്കിയ ശേഷം സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി ടെൻഡർ റദ്ദാക്കിയത് എസ്പിഎമ്മിന്റെ ലംഘനവും സുതാര്യതയുടെ അഭാവവുമാണ്. ആർസിഎൻ കയറ്റുമതിചെയ്യാനുള്ള തുറമുഖമായി എംടാരയെ ടെൻഡർ രേഖകളിൽ നിഷ്ക്കർശിച്ചിരുന്നില്ല. അതിനാൽ, ലോഡിംഗ് തുറമുഖം ദാർ-എസ്-സലാം ആണെന്ന കാരണത്താൽ ടെൻഡർ നിരസിച്ചത്, ടെണ്ടറിൽ പങ്കെടുക്കുന്നവർ പാലിക്കേണ്ട യോഗ്യതാ മാനദണ്ഡങ്ങൾ ടെൻഡർ രേഖകളിൽ വ്യക്തമായി സൂചിപ്പിക്കണമെന്നും ടെണ്ടറുകൾ വിലയിരുത്തുന്ന ഘട്ടത്തിൽ ഏതെങ്കിലും വ്യവസ്ഥ പുതിയതായി കൊണ്ട് വരരുത് എന്നും വ്യവസ്ഥ ചെയ്യുന്ന എസ്പിഎമ്മിന് അനുസൃതമായിരുന്നില്ല. മാനേജിംഗ് ഡയറക്ടർ ഉൾപ്പെട്ട ഒരു കമ്മിറ്റി നടത്തിയ ബിഡ്ഡുകളുടെ സാങ്കേതിക വിലയിരുത്തൽ, വിജയിച്ച ബിഡ്ഡറുടെ യോഗ്യതയെക്കുറിച്ച് പ്രതികൂലമായ അഭിപ്രായങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽ, ടെൻഡർ റദ്ദാക്കുന്നതിന് ഡയറക്ടർ ബോർഡ് ഉദ്ധരിച്ച കാരണങ്ങൾ ന്യായീകരിക്കാവുന്നതല്ല.

അങ്ങനെ, ടെൻഡർ രേഖകളുടെ തെറ്റായ രൂപീകരണവും ടെൻഡർ വിലയിരുത്തൽ പ്രക്രിയകളിൽ എസ്പിഎം അനുവർത്തിക്കാതിരുന്നതും 93.39 ലക്ഷം രൂപയുടെ അധിക ചെലവിലേക്ക് നയിച്ചു.

***ശുപാർശ: ഒഴിവാക്കാൻ കഴിയുന്ന ചെലവിന് കാരണമാകുന്ന അവ്യക്തത ഇല്ലാതാക്കാൻ, ടെൻഡർ രേഖകളിൽ എല്ലാ സാങ്കേതിക മാനദണ്ഡങ്ങളും കമ്പനി പ്രത്യേകം പരാമർശിക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കണം.***

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

### *3.4 ജാമ്യത്തുക ഈടാക്കാതെയും നഷ്ടോത്തരവാദിത്ത ബാധ്യത വീണ്ടെടുക്കാതെയും മൊബിലൈസേഷൻ അഡ്വാൻസിന് നൽകിയ ക്രമരഹിതമായ അനുമതി*

**സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ഒരു കരാറുകാരന് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് 77.40 ലക്ഷം രൂപ തിരിച്ചുപിടിക്കാൻ കഴിയാതിരിക്കുന്നതിന് ഇടയാക്കി.**

മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച സെൻട്രൽ വിജിലൻസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ (ഏപ്രിൽ 2007) അനുസരിച്ച്, മൊബിലൈസേഷൻ അഡ്വാൻസ് തുക, ഈടാക്കേണ്ട പലിശ, തിരിച്ചുപിടിക്കൽ പട്ടിക മുതലായവ ടെണ്ടർ രേഖയിൽ മുൻകൂട്ടി നിഷ്കർഷിച്ചിരിക്കണം. പലിശരഹിത അഡ്വാൻസ് നൽകുന്നുണ്ടെങ്കിൽ, അത് ടെണ്ടർ രേഖയിൽ വ്യക്തമായി വ്യവസ്ഥ ചെയ്യേണ്ടതും അതിന്റെ വീണ്ടെടുക്കൽ സമയബന്ധിതമായിരിക്കേണ്ടതും പ്രവൃത്തിയുടെ പുരോഗതിയുമായി ബന്ധപ്പെടുത്താൻ പാടില്ലാത്തതുമാകുന്നു. കരാറുകാരൻ പ്രവൃത്തി നിർവഹിക്കുന്നില്ലെങ്കിലോ, മന്ദഗതിയിലാണ് നിർവ്വഹിക്കുന്നതെങ്കിലോ, അഡ്വാൻസ് വീണ്ടെടുക്കൽ ആരംഭിക്കാനും അത്തരം അഡ്വാൻസിന്റെ ദുരുപയോഗം കുറയ്ക്കലും ഉറപ്പാക്കുക എന്നതായിരുന്നു ഉദ്ദേശം. വീണ്ടെടുക്കൽ സാധ്യമാക്കുന്നതിന്, മൊബിലൈസേഷൻ അഡ്വാൻസിന്റെ 110 ശതമാനത്തിന് തുല്യമായ ബാങ്ക് ഗ്യാരണ്ടി ലഭിച്ചതിന് ശേഷം മാത്രമേ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കാവൂ എന്ന് സെൻട്രൽ വിജിലൻസ് കമ്മീഷൻ തുടർന്നും വ്യക്തമാക്കിയിട്ടുണ്ട് (ഫെബ്രുവരി 2011).

സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ വകുപ്പ് 15.6 അനുസരിച്ച്, 15.4, 15.5 എന്നീ വകുപ്പുകൾ പ്രകാരമോ അല്ലെങ്കിൽ രണ്ടു വകുപ്പുകളും അനുസരിച്ചോ കരാർ അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ, കരാർ മൂല്യത്തിന്റെ പത്ത് ശതമാനം വരെ ലിക്വിഡേറ്റഡ് ഡാമേജ്സ് വീണ്ടെടുക്കാനും, നഷ്ടം നികത്തുന്നതിനായി കരാറുകാരൻ നൽകിയ പെർഫോമൻസ് ഗ്യാരണ്ടി അല്ലെങ്കിൽ പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടാനും കൂടാതെ കരാറുകാരന്റെ നഷ്ടോത്തരവാദത്തോടെ മറ്റ് മാർഗ്ഗങ്ങളിലൂടെ പ്രവൃത്തി പൂർത്തീകരിക്കാനും തൊഴിലുടമയ്ക്ക് അവകാശമുണ്ട്.

നബാർഡ്-ആർഐഡിഎഫ് വായ്പ ഉപയോഗിച്ച് ആദിവാസി മേഖലകളിൽ 90 റോഡുകളുടെയും മൂന്ന് പാലങ്ങളുടെയും നിർമ്മാണം ഉൾപ്പെടുന്ന പദ്ധതിയുടെ ഭാഗമായിരുന്നു 'കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ കൂനമ്പില്ല കുറിച്യ കോളനി റോഡ് നിർമ്മാണം'. കേരള സർക്കാർ 2.77 കോടി രൂപയുടെ മതിപ്പ് ചെലവിൽ പ്രവൃത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിച്ചു (മേയ് 2015). നബാർഡ്-ആർഐഡിഎഫ് വായ്പ വഴി ധനസഹായം ലഭിക്കുന്ന പ്രവൃത്തികൾക്ക്, പ്രാരംഭ മൊബിലൈസേഷൻ അഡ്വാൻസ് ആയ 20 ശതമാനം ഒഴികെ, അനുവദിക്കപ്പെട്ട തുക നബാർഡ് റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിൽ അനുവദിക്കും.

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ജനറൽ മാനേജർ മേൽപ്പറഞ്ഞ പ്രവൃത്തിക്കായി ടെണ്ടറുകൾ ക്ഷണിച്ചു (മാർച്ച് 2018). ടെണ്ടർ രേഖയിൽ മൊബിലൈസേഷൻ അഡ്വാൻസിന്റെ വ്യവസ്ഥ പരാമർശിച്ചിട്ടില്ല. ശ്രീ. നിയാസ് എം.ഡി എന്ന കരാറുകാരന് 2,00,34,382 രൂപയ്ക്ക് പ്രവൃത്തി അനുവദിച്ചു നൽകി. പൂർത്തീകരണ സമയം 182 ദിവസം കണക്കാക്കിക്കൊണ്ട് കരാറിലേർപ്പെട്ടു (സെപ്റ്റംബർ 2018). കരാറിന്റെ നിബന്ധനകൾ അനുസരിച്ച് കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റായും അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടിയായും 29.04 ലക്ഷം രൂപ അടച്ചു. ഇതിൽ 5.01 ലക്ഷം രൂപ ട്രഷറി സ്ഥിരനിക്ഷേപവും ബാക്കി 24.03 ലക്ഷം രൂപ ബാങ്ക് ഗ്യാരണ്ടിയും ആയിരുന്നു.

കരാറുകാരന്റെ അഭ്യർത്ഥന പ്രകാരം (സെപ്റ്റംബർ 2018), കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ 44.31 ലക്ഷം രൂപയുടെ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കാൻ അംഗീകാരം നൽകി (ഒക്ടോബർ 2018). എന്നാൽ ഇതിന് തത്തുല്യമായ ബാങ്ക് ഗ്യാരണ്ടി വാങ്ങുന്നതിനെ പറ്റി പരാമർശിച്ചിട്ടില്ല. കൂടാതെ, മൊബിലൈസേഷൻ അഡ്വാൻസിന്റെ വീണ്ടെടുക്കൽ, പ്രവൃത്തിയുടെ പുരോഗതിയുമായാണ് ഇവിടെ ബന്ധപ്പെടുത്തിയിരുന്നത് അല്ലാതെ സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കാലയളവ് അടിസ്ഥാനമാക്കിയല്ല. 2018 നവംബർ 1–ന് കരാറുകാരന് തുക വിതരണം ചെയ്തു.

നിശ്ചിത തീയതി (മാർച്ച് 2019) കഴിഞ്ഞിട്ടും പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതി (18 ശതമാനം മാത്രം) കാരണം 2012–ലെ കെപിഡബ്ല്യുഡി മാന്വലിലെ 2116.2.1–ാം വകുപ്പ് പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാർ അവസാനിപ്പിച്ചു (നവംബർ 2019). ബാക്കിയുള്ള പ്രവൃത്തികൾക്കായി വീണ്ടും ടെണ്ടർ ചെയ്ത് മറ്റൊരു കരാറുകാരന് നൽകുകയും, മാർച്ച് 2021–ൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. ആദ്യ കരാറുകാരനോട് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 97.20 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ നിർദ്ദേശിച്ചു. കരാറുകാരനിൽ നിന്ന് പ്രതികരണമൊന്നും ഉണ്ടാകാത്തതിനാൽ, കരാറുകാരൻ നൽകിയ ബാങ്ക് ഗ്യാരണ്ടി ഇനത്തിലെ 24.03 ലക്ഷം രൂപ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ വീണ്ടെടുക്കുകയും (ഓഗസ്റ്റ് 2020) ട്രഷറി നിക്ഷേപങ്ങളുടെ രൂപത്തിൽ 5.01 ലക്ഷം രൂപ നൽകിയിരുന്നത് ഡിസംബർ 2022–ൽ വസൂലാക്കുകയും ചെയ്തു. കരാറുകാരനിൽ നിന്ന് വീണ്ടെടുക്കാനുള്ള ബാക്കി തുക 48.36 ലക്ഷം രൂപയായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിജപ്പെടുത്തിയത് (സെപ്തംബർ 2022 വരെ) താഴെയുള്ള **പട്ടിക 3.9**–ൽ വിശദമാക്കിയിരിക്കുന്നു:

**പട്ടിക 3.9: കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട ബാക്കി തുക**

| വിവരങ്ങൾ | തുക (രൂപയിൽ) |
|---|---|
| നഷ്ടോത്തരവാദിത്തം | 18,67,192 |
| പുനർ നിർണ്ണയിച്ച എഗ്രീഡ് പിഎസിയുടെ 12 ശതമാനം ജിഎസ്ടി | 27,28,650 |
| മൊബിലൈസേഷൻ അഡ്വാൻസ് | 44,31,000 |
| 02 നവംബർ 2018 മുതൽ 10 സെപ്റ്റംബർ 2020 വരെ മൊബിലൈസേഷൻ അഡ്വാൻസിൻമേലുള്ള പലിശ @ 9 ശതമാനം | 7,41,858 |
| മൊത്തം ബാധ്യത | 97,68,700 |
| കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റും അധിക പെർഫോമൻസ് ഗ്യാരണ്ടിയും ആയ തുക കുറയ്ക്കുക | 29,04,499 |
| കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തിരിച്ചു പിടിച്ച കരാറുകാരന്റെ ഒന്നാം ഭാഗിക ബിൽ | 20,28,424 |
| ബാക്കി കുടിശ്ശിക തുക | 48,35,777 |

ഈ സാഹചര്യത്തിൽ, ഓഡിറ്റ് ഇനിപ്പറയുന്നവ നിരീക്ഷിച്ചു:

- സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ വകുപ്പ് 15.6 പ്രകാരം കരാറുകാരന്റെ ബാധ്യതയ്ക്കെതിരെ സെക്യൂരിറ്റി ഡെപ്പോസിറ്റും അധിക പെർഫോമൻസ് ഗ്യാരണ്ടിയുമായ 29.04 ലക്ഷം രൂപ ക്രമീകരിക്കാൻ കഴിയില്ല. അതിനാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ തുക തെറ്റാണ്. കരാറുകാരന്റെ മൊത്തം ബാധ്യത 77.40 ലക്ഷം[236] രൂപയാണ്.

---

[236] 29.04 ലക്ഷം രൂപ + 48.36 ലക്ഷം രൂപ.

- ടെണ്ടർ രേഖകളിൽ മൊബിലൈസേഷൻ അഡ്വാൻസ് വ്യവസ്ഥ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രേഖപ്പെടുത്താത്തത് സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. തത്ഫലമായി, തൽപ്പരരായ ലേലക്കാർക്ക് ഒരേ തലത്തിൽ മത്സരിക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടു. അത്തരത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് വിട്ടുനൽകാൻ ഉത്തരവിട്ട കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ നടപടി കരാറുകാരന് അനർഹ ആനുകൂല്യമായിരുന്നു.

- കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്യുകയും, അവിടെ നിന്നും ഹർജിക്കാരന്റെ തീർപ്പുകൽപ്പിക്കാത്തതോ ഭാവിയിലെ മറ്റ് പ്രവൃത്തികളുമായോ ബന്ധപ്പെട്ട് കരാറുകാരനെതിരെ നിർബന്ധിത നടപടി സ്വീകരിക്കരുതെന്ന് ഇടക്കാല ഉത്തരവ് (ഓഗസ്റ്റ് 2020) നേടുകയും ചെയ്തു. എന്നാൽ 2023 മാർച്ച് 23-ന് മാത്രമാണ് റിട്ട് ഹർജി തള്ളാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പത്രിക ഫയൽ ചെയ്തത്.

- കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ, മൊബിലൈസേഷൻ അഡ്വാൻസിന്റെ 110 ശതമാനത്തിന് തുല്യമായ ബാങ്ക് ഗ്യാരണ്ടി ലഭിച്ചതിന് ശേഷം മാത്രം മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും, റിക്കവറി, പ്രവൃത്തിയുടെ പുരോഗതിയെ അടിസ്ഥാനമാക്കിയല്ലാതെ കാലയളവ് അടിസ്ഥാനമാക്കി ചെയ്തിരുന്നെങ്കിൽ തുക (77.40 ലക്ഷം രൂപ) തിരിച്ചു പിടിക്കാമായിരുന്നു.

2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (2017-വർഷത്തിലെ റിപ്പോർട്ട് നമ്പർ 4) റിപ്പോർട്ടിൽ പൊതുമരാമത്ത് വകുപ്പിന്റെ അഞ്ച് പ്രവൃത്തി ഉത്തരവുകളുമായി ബന്ധപ്പെട്ട് 12.56 കോടി രൂപയുടെ ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാതെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 11.43 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഒക്ടോബർ 2013 മുതൽ ഡിസംബർ 2015 വരെ) സമാനമായി ചൂണ്ടിക്കാട്ടിയിരുന്നു. മേൽപ്പറഞ്ഞവയിൽ നിന്ന് കാണാൻ കഴിയുന്നത് സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ യാതൊരു തിരുത്തൽ നടപടിയും സ്വീകരിച്ചിട്ടില്ല എന്നതിനാൽ 77.40 ലക്ഷം രൂപയും മൊബിലൈസേഷൻ അഡ്വാൻസിന്മേലുള്ള പലിശയും (സെപ്റ്റംബർ 2020 മുതൽ) ഖജനാവിന് നഷ്ടമാകുന്നതിന് കാരണമായി.

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മൊബിലൈസേഷൻ അഡ്വാൻസ് പൂർണ്ണമായി വീണ്ടെടുത്തതായി സർക്കാർ മറുപടി നൽകി (മെയ് 2023), സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ വകുപ്പ് 15.6 പ്രകാരം ബാങ്ക് ഗ്യാരണ്ടി, ടേം ഡെപ്പോസിറ്റ് എന്നിവയായി വീണ്ടെടുത്ത തുക മൊബിലൈസേഷൻ അഡ്വാൻസിലേക്കുള്ള വീണ്ടെടുക്കലായി പരിഗണിക്കാൻ കഴിയാത്തതിനാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ അവകാശവാദം നിലനിൽക്കില്ല. കൂടാതെ, മൊബിലൈസേഷൻ അഡ്വാൻസ് ഉൾപ്പെടെ കരാറുകാരനിൽ നിന്ന് 77.40 ലക്ഷം രൂപ ഇനിയും കുടിശ്ശികയായി ലഭിക്കാനുണ്ട്. ഈ തുക തിരിച്ചുപിടിക്കാൻ റവന്യൂ റിക്കവറി ആരംഭിക്കുക മാത്രമാണ് തങ്ങളുടെ മുന്നിലുള്ള ഏക പോംവഴിയെന്ന് സർക്കാർ വ്യക്തമാക്കി. എന്നാൽ, 1968-ലെ റവന്യൂ റിക്കവറി ആക്ട്, വകുപ്പ് 71-ൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഉൾപ്പെടുത്തിയിട്ടില്ലെന്നും, അതിനുള്ള അഭ്യർത്ഥന റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടെങ്കിൽ തന്നെയും റവന്യൂ റിക്കവറിയുമായി മുന്നോട്ട് പോകാൻ തത്കാലം കഴിയുകയുമില്ല.

നഷ്ടോത്തരവാദിത്തം ഈടാക്കാൻ കരാറുകാരനെതിരെ നടപടിയെടുക്കുന്നതിൽ കോടതി ഇടപെട്ടിട്ടില്ലെന്നും അതിനാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചിട്ടില്ലെന്നും സർക്കാർ വ്യക്തമാക്കി. തീർപ്പുകൽപ്പിക്കാത്തതോ ഭാവി പ്രവൃത്തികളിൽ നിന്നോ കരാറുകാരനെതിരെ നിർബന്ധിത നടപടിയെടുക്കരുതെന്ന് കോടതി നിർദ്ദേശം വ്യക്തമായി പ്രസ്താവിക്കുന്നതിനാൽ മറുപടി ന്യായമല്ല. കൂടാതെ, 1968-ലെ റവന്യൂ റിക്കവറി ആക്ടിലെ സെക്ഷൻ 71 പ്രകാരം തുക ഈടാക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അധികാരമില്ല. ഈ രണ്ട്

കാരണങ്ങളും തുക ഈടാക്കുന്നത് ബുദ്ധിമുട്ടേറിയതാക്കുന്നു ഓഡിറ്റ്, ഇക്കാര്യം ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 23.03.2023–ൽ ഉത്തരവ് പിൻവലിക്കുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബഹുമാനപ്പെട്ട കോടതിയിൽ ഒരു പ്രസ്താവന സമർപ്പിച്ചു. മൊബിലൈസേഷൻ അഡ്വാൻസിന്റെ ക്രമരഹിതമായ അനുമതി സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനത്തിനും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ലഭിക്കേണ്ട തുക ഇതുവരെ ഈടാക്കാതിരിക്കാനുള്ള സാഹചര്യത്തിനും കാരണമായി.

***ശുപാർശ: മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് സെൻട്രൽ വിജിലൻസ് കമ്മീഷൻ നിർദ്ദേശങ്ങൾ അനുസരിക്കാൻ കർശനമായ നിർദ്ദേശങ്ങൾ എല്ലാ സർക്കാർ വകുപ്പുകൾക്കും പ്രവൃത്തികൾ നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള അംഗീകൃത ഏജൻസികൾക്കും സർക്കാർ നൽകേണ്ടതാണ്.***

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

### *3.5 മാസ്റ്റർ ട്രസ്റ്റിന് 26,401.16 കോടി രൂപയുടെ ഫണ്ട് നൽകാതിരുന്നത്*

**മാസ്റ്റർ ട്രസ്റ്റിന് മതിയായ ഫണ്ട് അനുവദിക്കുന്നതിൽ കമ്പനി പരാജയപ്പെട്ടതിനാൽ, കമ്പനിയിലെ ജീവനക്കാർക്ക്/പെൻഷൻകാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ/ പെൻഷൻ മുതലായവ നൽകുന്നതിനായി ഫണ്ട് നിക്ഷേപിക്കാനും വരുമാനം ഉണ്ടാക്കാനും മാസ്റ്റർ ട്രസ്റ്റിന് കഴിഞ്ഞില്ല. അതിനാൽ, കമ്പനിയുടെ സാമ്പത്തിക ആരോഗ്യത്തെ ആശ്രയിക്കാതെ, വിരമിക്കൽ ആനുകൂല്യങ്ങളും പെൻഷനും ഉറപ്പാക്കുക എന്ന സർക്കാരിന്റെ ഉദ്ദേശ്യം കൈവരിക്കാനായില്ല.**

സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ആയിരുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ (കെഎസ്ഇബി), സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സർക്കാർ കമ്പനിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കമ്പനി) ആയി മാറ്റുകയും, 2013 ഒക്ടോബർ 31 മുതൽ എല്ലാ പ്രവർത്തനങ്ങളും സ്വത്തുക്കളും താൽപ്പര്യങ്ങളും, എല്ലാ അവകാശങ്ങളും ബാധ്യതകളും അതിന് കൈമാറുകയും ചെയ്തു.

നിലവിലുള്ള പെൻഷൻകാരുടെയും കമ്പനിയിലേക്ക് മാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെയും താൽപ്പര്യം സംരക്ഷിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ കം ഗ്രാറ്റുവിറ്റി ട്രസ്റ്റ് (മാസ്റ്റർ ട്രസ്റ്റ്)[237] രൂപീകരിക്കാൻ ട്രാൻസ്ഫർ സ്കീം വിഭാവനം ചെയ്തിരുന്നു. മാസ്റ്റർ ട്രസ്റ്റുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ കാലക്രമം ***അനുബന്ധം 39***–ൽ നൽകിയിരിക്കുന്നു. ആക്ചറിയൽ മൂല്യനിർണ്ണയം അനുസരിച്ച് 2013 ഒക്ടോബർ 31–ന് വിരമിക്കൽ ആനുകൂല്യങ്ങളുടെ ബാധ്യത 12,419 കോടി രൂപയായിരുന്നു. ***അനുബന്ധം 40(എ)***–ൽ വിവരിച്ചിരിക്കുന്നതുപോലെ, ഈ ബാധ്യതക്ക് കേരള സർക്കാരും (ബജറ്റ് നീക്കിയിരിപ്പിലൂടെ 10 വർഷക്കാലം കൊണ്ട്) കമ്പനിയും (മാസ്റ്റർ ട്രസ്റ്റിനു 20 വർഷം കാലാവധിയുള്ള ബോണ്ടും 10 വർഷം കാലാവധിയുള്ള ബോണ്ടും ഇഷ്യു ചെയ്യുന്നതിലൂടെ) സംയുക്തമായി ധനസഹായം നൽകേണ്ടതായിരുന്നു.

കമ്പനി ഇഷ്യൂ ചെയ്ത ബോണ്ടുകൾ വീണ്ടെടുക്കുന്നതിലൂടെ ലഭിക്കുന്ന ഫണ്ടുകളുടെ നിക്ഷേപത്തിൽ നിന്ന് ലഭിക്കുന്ന വരുമാനവും, 12,419 കോടി രൂപയുടെ സർക്കാരിന്റെ ബജറ്റ് പിന്തുണയും ഉപയോഗിച്ച് 2018 ഏപ്രിൽ 01 മുതൽ വിരമിക്കൽ ആനുകൂല്യങ്ങളും പെൻഷനും വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം മാസ്റ്റർ ട്രസ്റ്റിനായിരുന്നു. കൂടാതെ, തുടർന്നുള്ള വർഷങ്ങളിൽ ടെർമിനൽ ആനുകൂല്യങ്ങളിൽ ആക്ചറിയൽ മൂല്യനിർണ്ണയ പ്രകാരം എന്തെങ്കിലും വർദ്ധനവ് ഉണ്ടായാൽ ട്രസ്റ്റിന് നേരിട്ട് പണമടയ്ക്കാൻ കമ്പനി ബാധ്യസ്ഥമായിരുന്നു.

---

[237] കമ്പനിയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറും ട്രസ്റ്റിന്റെയും ചെയർമാനും ട്രസ്റ്റിയും ആയിട്ടാണ് മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചത്.

എന്നിരുന്നാലും, സ്കീമിൽ വിഭാവനം ചെയ്തതുപോലെ മാസ്റ്റർ ട്രസ്റ്റിന് ഫണ്ട് കൈമാറുന്നതിൽ കമ്പനി പരാജയപ്പെട്ടതിനാൽ കൈമാറിയ തുകയിൽ 26,401.16 കോടി രൂപയുടെ കുറവുണ്ടായി. അതിനാൽ മാസ്റ്റർ ട്രസ്റ്റിന് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി നിക്ഷേപം നടത്താനും നിക്ഷേപത്തിൽ നിന്ന് വരുമാനം നേടാനും കഴിഞ്ഞില്ല. ഇത് മാസ്റ്റർ ട്രസ്റ്റിന്റെ നിലനിൽപ്പിനെക്കുറിച്ച് ഗുരുതരമായ സംശയങ്ങൾ ഉയർത്തുന്നു. മാസ്റ്റർ ട്രസ്റ്റിലേക്കുള്ള കമ്പനിയുടെ സംഭാവനയുടെ കുറവ് ചുവടെ നൽകിയിരിക്കുന്നു.

i. **മാസ്റ്റർ ട്രസ്റ്റിനുള്ള സർക്കാർ സംഭാവന കൈവശം വെക്കൽ**

നവംബർ 2013 മുതൽ മാർച്ച് 2018 വരെയുള്ള കാലയളവിൽ, 10 വർഷക്കാലാവധിയുള്ള ബോണ്ട് വീണ്ടെടുക്കുന്നതിനും ബജറ്റ് പിന്തുണയുടെ മുൻകൂർ ഗഡു എന്ന നിലക്കും 2,850.61 കോടി രൂപ മാസ്റ്റർ ട്രസ്റ്റിനു കൈമാറുന്നതിനായി കേരള സർക്കാർ കമ്പനിക്കു നൽകി ***(അനുബന്ധം 40(ബി)).*** എന്നിരുന്നാലും, കമ്പനി 2,850.61 കോടി രൂപ മാസ്റ്റർ ട്രസ്റ്റിന് കൈമാറിയില്ല. ഇത് മാസ്റ്റർ ട്രസ്റ്റിന് 1,026.22 കോടി[238] രൂപയുടെ പലിശ നഷ്ടവുമുണ്ടാക്കി.

ii **ബോണ്ട് വീണ്ടെടുക്കുന്നതിനുള്ള തുക പൂർണ്ണമായി കൈമാറാതിരിക്കൽ**

2018-19 മുതൽ 2021-22 വരെയായി 7,196.08 കോടി രൂപ മാസ്റ്റർ ട്രസ്റ്റിന് കൈമാറാൻ കമ്പനി ബാധ്യസ്ഥമായിരുന്നു. എന്നാൽ, 145.42 കോടി രൂപ കുറച്ച്, 7,050.66 കോടി രൂപ മാത്രമാണ് മാസ്റ്റർ ട്രസ്റ്റിന് കൈമാറിയത്.

iii **2013-2022 കാലയളവിലെ ആക്ചറിയൽ ബാധ്യതക്കുള്ള പണം അടക്കാതിരിക്കൽ**

വിരമിക്കൽ ആനുകൂല്യങ്ങളുടെ ആക്ചറിയൽ മൂല്യം എല്ലാ വർഷവും നൽകുന്നതിൽ കമ്പനി പരാജയപ്പെടുകയും, കൂടാതെ വിരമിക്കൽ ആനുകൂല്യങ്ങൾക്കുള്ള ബാധ്യത 2022 മാർച്ച് 31-നു 35,824.13 കോടി രൂപയായി കുന്നുകൂടുകയും ചെയ്തു. 2013 ഒക്ടോബറിൽ 12,419 കോടി രൂപ ആയിരുന്ന ആക്ചറിയൽ മൂല്യനിർണ്ണയത്തിലെ ഇക്കാലയളവിലെ അറ്റ വർദ്ധനവ് 23,405.13 കോടി രൂപയായിരുന്നു.

iv. **പണം നൽകിയതിന് വൈകി പിഴപ്പലിശ നൽകുന്നതിലെ പരാജയം**

റീവെസ്റ്റിംഗ് സ്കീമിൽ വിഭാവനം ചെയ്തതുപോലെ ഓരോ വർഷവും ഏപ്രിൽ ഒന്നാം തീയതി മാസ്റ്റർ ട്രസ്റ്റിന് മുതലും പലിശയും കൈമാറുന്നതിൽ കമ്പനി പരാജയപ്പെട്ടു. ഇത് ***അനുബന്ധം 41*** -ൽ കാണിച്ചിരിക്കുന്നതുപോലെ പ്രതിവർഷം 24 ശതമാനം എന്ന നിരക്കിൽ 1,210.42 കോടി രൂപയുടെ അധിക പലിശ ബാധ്യതക്ക് ഇടയാക്കി.

[238] 2,850.61 കോടിരൂപ പ്രതിവർഷം 9 ശതമാനം നിരക്കിൽ, നാല് വർഷത്തേക്കുള്ള ലളിതമായ പലിശയിൽ.

**പട്ടിക 3.10: മാസ്റ്റർ ട്രസ്റ്റിന് കെഎസ്ഇബിഎൽ ഫണ്ട് കൈമാറുന്നതിൽ വർഷാടിസ്ഥാനത്തിലുള്ള കുറവ്**

| നമ്പർ | കാലയളവ് | ആക്ച്വറിയൽ ബാധ്യതക്കുള്ള പണം അടക്കാതിരിക്കൽ (രൂപ കോടിയിൽ) | മാസ്റ്റർ ട്രസ്റ്റിന് സർക്കാരിന്റെ സംഭാവന നിലനിർത്തൽ (രൂപ കോടിയിൽ) | ബോണ്ട് വീണ്ടെടുക്കുന്നതിനുള്ള തുകയുടെ കൈമാറ്റത്തിലെ കുറവ് (രൂപ കോടിയിൽ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 2012-13 | - | 52.40 | - |
| 2 | 2013-14 | - | 296.61 | - |
| 3 | 2014-15 | - | 638.50 | - |
| 4 | 2015-16 | - | 638.50 | - |
| 5 | 2016-17 | 3,728.70 | 638.50 | - |
| 6 | 2017-18 | 1,584.88 | 586.10 | - |
| 7 | 2018-19 | 1,595.15 | - | 429.66 |
| 8 | 2019-20 | 1,032.00 | - | 208.10 |
| 9 | 2020-21 | 14,152.56[239] | - | 198.81 |
| 10 | 2021-22 | 1,311.84 | - | (691.15) |
| | **മൊത്തം** | **23,405.13** | **2,850.61** | **145.42** |
| **ആകെ മൊത്തം (3)+(4)+(5)** | | **26,401.16** | | |

ഇപ്രകാരം മുകളിൽ **പട്ടിക 3.10**-ൽ പറഞ്ഞതുപോലെ മൂന്ന് കാരണങ്ങളിലായി 26,401.16 കോടി[240] രൂപ മാസ്റ്റർ ട്രസ്റ്റിന് സംഭാവന ചെയ്യുന്നതിൽ പരാജയപ്പെട്ടതു കൂടാതെ 2,236.64 കോടി[241] രൂപയുടെ പലിശ നഷ്ടത്തിനും കമ്പനി കാരണമായി.

പ്രതികൂലമായ സാമ്പത്തിക സ്ഥിതി കാരണം, വിഭാവനം ചെയ്തതുപോലെ ഓരോ വർഷവും ബോണ്ടുകളുടെ തിരിച്ചടവിനുള്ള മുതലും പലിശയും മുഴുവനായി മാസ്റ്റർ ട്രസ്റ്റിന് അടയ്ക്കാൻ കഴിഞ്ഞില്ലെന്ന് കമ്പനി മറുപടി നൽകി (ഫെബ്രുവരി 2023). അതിനാൽ, 2022 മാർച്ച് 31-ലെ കണക്കനുസരിച്ചുള്ള വർദ്ധിച്ച ആക്ച്വറിയൽ ബാധ്യത വീട്ടുന്നതിനുള്ള ബോണ്ടുകൾ പ്രഖ്യാപിക്കുന്നതിന് അനുമതി നൽകണമെന്നും സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

കമ്പനിയുടെ മറുപടി സർക്കാർ അംഗീകരിക്കുകയും (ഏപ്രിൽ 2023) ബോണ്ടുകൾ ഇഷ്യൂ ചെയ്യുന്നതിന് ഉചിതമായ നടപടി എത്രയും വേഗം സ്വീകരിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു.

2022 മാർച്ച് 31 വരെ മാസ്റ്റർ ട്രസ്റ്റിന് 47.11 കോടി രൂപ അധികമായി നൽകിയിട്ടുണ്ടെന്നും കമ്പനി വ്യക്തമാക്കി. എന്നാൽ, കമ്പനിയുടെ മറുപടി വസ്തുതാപരമല്ല. കാരണം ഏപ്രിൽ 2018 മുതൽ മാർച്ച് 2002 വരെ, കമ്പനി യഥാർത്ഥ കുടിശ്ശികയായ 7,196.08 കോടി രൂപയിൽ നിന്ന് 7,050.66 കോടി രൂപ മാത്രമാണ് മാസ്റ്റർ ട്രസ്റ്റിന് കൈമാറിയത്, ഇത് 145.42 കോടി രൂപ കമ്മി അവശേഷിപ്പിച്ചു. കൂടാതെ, കാലതാമസം വരുത്തിയ പണമടയ്ക്കലുകളുടെ പലിശയും വർഷങ്ങളായി ആക്ച്വറിയൽ മൂല്യനിർണ്ണയം മൂലമുണ്ടായ വർദ്ധിച്ച ബാധ്യതയും കമ്പനി കണക്കാക്കിയിട്ടുണ്ടായിരുന്നില്ല.

അങ്ങനെ, മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ച് അത് പ്രവർത്തനക്ഷമമാക്കുന്നതിലൂടെ, കമ്പനിയുടെ സാമ്പത്തിക ആരോഗ്യത്തെ ആശ്രയിക്കാതെ, വിരമിക്കൽ ആനുകൂല്യങ്ങൾ/ പെൻഷൻ നൽകിക്കൊണ്ട് കമ്പനിയിലെ ജീവനക്കാരുടെയും പെൻഷൻകാരുടെയും താൽപ്പര്യം സംരക്ഷിക്കുക എന്ന സർക്കാരിന്റെ ലക്ഷ്യം ഒമ്പത് വർഷം കഴിഞ്ഞിട്ടും നടപ്പായില്ല.

---

[239] സർക്കാരിന്റെ അംഗീകാരമില്ലാതെ, കമ്പനി 2016, 2021 എന്നീ വർഷങ്ങളിലായി രണ്ടുതവണ ശമ്പളം പരിഷ്കരിച്ചു. 2019-20-ലെ 20,359.73 കോടി രൂപയിൽ നിന്ന് 2020-21-ൽ 34,512.29 കോടി രൂപയായി ആക്ച്വറിയൽ ബാധ്യതയുടെ പെട്ടെന്നുള്ള കുതിച്ചുചാട്ടത്തിലാണ് ശമ്പള പരിഷ്കരണത്തിന്റെ ആഘാതം കാണുന്നത്.

[240] 2,850.61 കോടി രൂപ + 145.42 കോടി രൂപ + 23,405.13 കോടി രൂപ.

[241] 1,026.22 കോടി രൂപ + 1,210.42 കോടി രൂപ.

***ശുപാർശ: ട്രാൻസ്ഫർ സ്കീമിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ കമ്പനി യഥാസമയം മാസ്റ്റർ ട്രസ്റ്റിലേക്ക് കുടിശ്ശിക അടയ്ക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കുക.***

### *3.6 സർക്കാരിന്റെ അംഗീകാരമില്ലാതെ ശമ്പളപരിഷ്കരണം നടപ്പിലാക്കൽ*

**കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും കേരള സർക്കാരിന്റെ ഉത്തരവുകളും ലംഘിച്ച് ശമ്പള പരിഷ്കരണം നടപ്പാക്കിയതുവഴി ശമ്പളത്തിനും അലവൻസുകൾക്കുമായി 1,011 കോടി രൂപയും പെൻഷൻ പരിഷ്കരണ കുടിശ്ശിക ഇനത്തിൽ 306.66 കോടി രൂപയും അനിയതമായി ചെലവഴിച്ചു.**

കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷന്റെ ആർട്ടിക്കിൾ 55-ഉം 56-ഉം പ്രകാരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് കേരള സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മാത്രവുമല്ല, കമ്പനിയെ സംബന്ധിക്കുന്ന ഏതെങ്കിലും വിഷയവുമായോ ബിസിനസ്സിന്റെ നടത്തിപ്പുമായോ ബന്ധപ്പെട്ട ഏതെങ്കിലും ഉത്തരവ്/ നിർദ്ദേശം കേരള സർക്കാരിൽ നിന്ന് ലഭിച്ചാൽ കമ്പനി അത് നടപ്പിലാക്കേണ്ടതുണ്ട്.

എന്നിരുന്നാലും, കമ്പനിയുടെ ഡയറക്ടർ ബോർഡ്, 2021 ഫെബ്രുവരി 26-ന് കേരള സർക്കാരിന്റെ അംഗീകാരമില്ലാതെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പെൻഷനും പരിഷ്കരിച്ചു. കമ്പനിയും അതിന്റെ മുൻഗാമിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും (കെഎസ്ഇബി) 1995, 2001, 2007, 2011, 2016 എന്നീ വർഷങ്ങളിൽ ഇത്തരം ക്രമരഹിതമായ പരിഷ്കരണങ്ങൾ നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച്, ഇനിപ്പറയുന്നവ ഓഡിറ്റിന്റെ ശ്രദ്ധയിൽ വന്നു:

- 1995-ൽ കെഎസ്ഇബിയുടെ ശമ്പള പരിഷ്കരണം അനിയതമാണെന്ന് ഇന്ത്യയുടെ സിഎജി അഭിപ്രായപ്പെട്ടിരുന്നു[242]. കെഎസ്ഇബിയിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച തീരുമാനങ്ങൾ സർക്കാരിന്റെ അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ എടുക്കൂ എന്ന് കേരള സർക്കാർ (ഫെബ്രുവരി 2009) കമ്മറ്റി ഓൺ പബ്ലിക് അണ്ടർടേക്കിംഗ്സിന് (കോപ്പു) ഉറപ്പ് നൽകിയിരുന്നു. അത്തരത്തിലുള്ളഉറപ്പ് ഉണ്ടായിരുന്നിട്ടും, 2011, 2016, 2021 വർഷങ്ങളിലും കേരള സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ കമ്പനി ശമ്പളം പരിഷ്കരിച്ചു. 2016-ലെ ശമ്പള പരിഷ്കരണത്തിന് ഇതുവരെ കേരള സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

- കമ്പനി 2016 ഫെബ്രുവരിയിൽ ഓഫീസർമാരുടെയും തൊഴിലാളികളുടെയും ശമ്പളവും അലവൻസുകളും[243] പരിഷ്കരിച്ചപ്പോൾ, കേഡർ പേ പോലുള്ള ചില വേതന ഘടകങ്ങൾ നിർത്തലാക്കാനും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അടുത്ത പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കാനും കേരള സർക്കാർ നിർദ്ദേശിച്ചിരുന്നു (ഓഗസ്റ്റ് 2016). സംസ്ഥാന സർക്കാർ ജീവനക്കാരെ അപേക്ഷിച്ച് കമ്പനിയിലെ ജീവനക്കാർ അനുഭവിക്കുന്ന മികച്ച ശമ്പളവും ആനുകൂല്യങ്ങളും, കമ്പനിയുടെ ദുർബലമായ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്തായിരുന്നു ഇത്. എന്നിരുന്നാലും, 2021-ലെ ശമ്പള പരിഷ്കരണം സർക്കാരിന്റെ ഈ നിർദ്ദേശങ്ങൾ അവഗണിച്ചാണ് നടത്തിയത്.

- 2021-ലെ ശമ്പള പരിഷ്കരണം മൂലമുള്ള വാർഷിക സാമ്പത്തിക ബാധ്യത പ്രതിവർഷം 543 കോടി രൂപയായി കണക്കാക്കപ്പെട്ടു. തൽഫലമായി, 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ശമ്പളത്തിനായുള്ള ചെലവ് കമ്പനിയുടെ വരുമാനത്തിന്റെ 23.77 ശതമാനത്തിൽ[244] നിന്ന് 46.59 ശതമാനമായി[245] വർദ്ധിച്ചു. കൂടാതെ, 2019-20-നെ അപേക്ഷിച്ച് 2020-21-ൽ വിരമിക്കൽ ആനുകൂല്യങ്ങളിൽ ആക്ചറിയൽ

---

[242] റിപ്പോർട്ട് നമ്പർ.1 (വാണിജ്യ)-കേരള സർക്കാർ- 1997 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഖണ്ഡിക 4.2.1.1).

[243] ജൂലൈ/ഓഗസ്റ്റ് 2013 മുതൽ ജൂൺ/ജൂലൈ 2018 വരെയുള്ള കാലയളവിലെ ശമ്പള പരിഷ്കരണം.

[244] 2017-18-ൽ, ജീവനക്കാരുടെ ആനുകൂല്യ ചെലവുകൾ: 3,038.40 കോടി രൂപ, വരുമാനം : 12,784.95 കോടി രൂപ.

[245] 2020-21-ൽ, ജീവനക്കാരുടെ ആനുകൂല്യ ചെലവുകൾ: 7,067.28 കോടി രൂപ, വരുമാനം : 15,169.60 കോടി രൂപ.

മൂല്യനിർണ്ണയപ്രകാരം 14,152.56 കോടി രൂപയുടെ[246] കുത്തനെയുള്ള വർദ്ധനവുണ്ടാകാനുള്ള പ്രധാന കാരണം ശമ്പള പരിഷ്കരണമായിരുന്നു. ***ഖണ്ഡിക 3.5***–ൽ ചർച്ച ചെയ്തതുപോലെ, മാസ്റ്റർ ട്രസ്റ്റിലേക്ക് ഫണ്ട് കൈമാറുന്നതിനുള്ള കമ്പനിയുടെ ബാധ്യതയും ഇത് വർധിപ്പിച്ചു.

- ജൂലൈ 2018 മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനാൽ, ശമ്പളവും അലവൻസുകളുമായും (1,011 കോടി രൂപ) പെൻഷനായും (306.66 കോടി രൂപ) ചേർത്തു കമ്പനി 1,317.66 കോടി രൂപ കുടിശ്ശിക ഇനത്തിൽ നൽകി.

കമ്പനിയുടെ നെഗറ്റീവ് അറ്റമൂല്യം മാർച്ച് 2020–ൽ, 8,605.38 കോടി രൂപ ആയിരുന്നത് മാർച്ച് 2022–ൽ 15,701.34 കോടി രൂപയായി വർദ്ധിച്ചത് പരിഗണിക്കുമ്പോൾ, ശമ്പളവും പെൻഷൻ പരിഷ്കരണവും മൂലമുള്ള വർദ്ധിച്ച ചെലവ് ഇപ്പോൾ തന്നെ ദുർബലമായ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ ദുർബലമാക്കും.

ഓഗസ്റ്റ് 2022–ൽ ഇക്കാര്യം സർക്കാരിന് റിപ്പോർട്ട് ചെയ്തു. അംഗീകൃത ട്രേഡ് യൂണിയനുകളുമായുള്ള ദീർഘകാല ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് ശമ്പള പരിഷ്കരണമെന്നും അത് നിയമപരമായ ബാധ്യത ആണെന്നും കമ്പനി മറുപടി നൽകി (മാർച്ച് 2023). സമയമെടുക്കുന്ന പ്രക്രിയയായ സർക്കാരിന്റെ അംഗീകാരം ലഭ്യമായില്ല എങ്കിലും കമ്പനിക്ക് അതിന്റെ ബാധ്യതയിൽനിന്ന് ഒഴിവാകാൻ ആകില്ല എന്നും കമ്പനി മറുപടി നൽകി. സർക്കാരിന്റെ അനുമതിയോടെ മാത്രമേ ദീർഘകാല ഉടമ്പടിയിൽ ഏർപ്പെടാൻ കമ്പനിക്ക് അധികാരമുള്ളൂ എന്നതിനാൽ മറുപടി വസ്തുതാപരമല്ല.

സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ചതിന് ഗ്രാന്റ് തടഞ്ഞുവയ്ക്കൽ, വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കൽ തുടങ്ങിയ കർശന നടപടി സ്വീകരിക്കാൻ വൈദ്യുതി വകുപ്പിനോട് അഭ്യർത്ഥിച്ചതായി ധനകാര്യ വകുപ്പ് (ഡിസംബർ 2022) അറിയിച്ചു. എന്നാൽ, ധനകാര്യവകുപ്പിന്റെ ഈ അപേക്ഷയിൽ നടപടിയെടുക്കാൻ വൈദ്യുതി വകുപ്പ് ഇതുവരെ തയ്യാറായിട്ടില്ല.

കേരള സർക്കാരിന്റെ വൈദ്യുതി വകുപ്പിൽ നിന്നുള്ള മറുപടി, ഇത് വരെ ലഭിച്ചില്ല[247] (ഏപ്രിൽ 2023).

ഇപ്രകാരം, സർക്കാരിന്റെ അനുമതി ഇല്ലാതെ തുടർച്ചയായി ശമ്പളവും ആനുകൂല്യങ്ങളും പരിഷ്കരിച്ചത് ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷന്റെ ലംഘനത്തോടൊപ്പം കമ്മറ്റി ഓൺ പബ്ലിക് അണ്ടർടെക്കിങ്സ് കമ്മറ്റിയുടെ ശുപാർശകളോടുള്ള അനാദരവും ആയിരുന്നു.

***ശുപാർശകൾ:***

***താഴെ പറയുന്നവ സർക്കാർ ഉറപ്പ് വരുത്തുക***

- ***ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ അവഗണിച്ചതിന് ഗ്രാൻറ് തടഞ്ഞുവയ്ക്കൽ, കുറ്റക്കാരായ ബോർഡ് അംഗങ്ങൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കൽ തുടങ്ങിയ കർശനമായ നടപടി സ്വീകരിക്കാനുള്ള ധനകാര്യ വകുപ്പിന്റെ ശുപാർശ വൈദ്യുതി വകുപ്പ് നടപ്പിലാക്കണം.***
- ***സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ ശമ്പളം അലവൻസുകളും പെൻഷനും കമ്പനി പരിഷ്ക്കരിക്കുന്നുള്ളൂ എന്നും സർക്കാർ ഉറപ്പ് വരുത്തണം.***

---

[246] 2019–20 മുതൽ 2020–21 വരെയുള്ള കാലയളവിൽ (34,512.29 കോടി രൂപയിൽ നിന്നും 20,359.73 കോടി രൂപ കുറച്ചാൽ = 14,152.56 കോടി രൂപ).

[247] 2022 ജനുവരിയിൽ വസ്തുതകളുടെ ഒരു പ്രസ്താവനയായി ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. പിന്നീട് കരട് ഖണ്ഡിക പുറപ്പെടുവിക്കുകയും 06 ഒക്ടോബർ 2022, 21 ഡിസംബർ 2022, 13 ഫെബ്രുവരി 2023, 15 മാർച്ച് 2023 തീയതികളിൽ ഓർമ്മപ്പെടുത്തൽ കത്തുകൾ നൽകുകയും ചെയ്തു. കരട് ഖണ്ഡിക പരിഷ്കരിച്ച് വീണ്ടും (12 മെയ് 2023) സർക്കാരിന് നൽകി. ഇക്കാര്യത്തിൽ മറുപടി അഭ്യർത്ഥിക്കുന്നതിനായി 15 മാർച്ച് 2023–ന് വൈദ്യുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ഒരു കൂടിക്കാഴ്ചയും നടത്തി.

## *3.7 പർച്ചേസ് ഓർഡറിൽ വില വ്യതിയാന നിബന്ധന ഉൾപ്പെടുത്താതിരുന്നത് ഒഴിവാക്കാവുന്ന അധിക ചെലവിന് കാരണമായി*

**ഹൈടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ ഒരേ കാലയളവിൽ ഒരേ സ്ഥാപനത്തിൽ നിന്ന് വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതിന്റെ ഫലമായി ഒഴിവാക്കാമായിരുന്ന 1.73 കോടി രൂപയുടെ അധികച്ചെലവ് ഉണ്ടായി.**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കമ്പനി) കേരളത്തിൽ വൈദ്യുതി ഉത്പാദനം, പ്രസരണം, വിതരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം ഇലക്ട്രിക്കൽ ഉൽപന്നങ്ങളുടെ വിപണി വിലയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ദൃശ്യമാകുന്നു. വിതരണ കാലയളവ് ആറ് മാസത്തിൽ കൂടുകയാണെങ്കിൽ, സാമഗ്രികൾ[248] വാങ്ങുന്നതിനുള്ള കരാറുകളിൽ വില വ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്താൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്[249] (മേയ് 2008) തീരുമാനിച്ചിരുന്നു. വിലവ്യതിയാന വ്യവസ്ഥയുള്ള പർച്ചേസ് ഓർഡറുകളിൽ ഐഇഇഎംഎ[250] സമവാക്യം ഉപയോഗിക്കണമെന്ന് കമ്പനിയുടെ പ്രൊക്യുർമെന്റ് മാന്വലിന്റെ (2017) വ്യവസ്ഥ 7.1.4 നിഷ്ക്കർഷിക്കുന്നു.

കമ്പനിയുടെ ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ സൗത്ത്) (സിഇഡിഎസ്) 440 കിലോമീറ്റർ ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ (എച്ച്ടിഎബിസി)[251] വിതരണം ചെയ്യുന്നതിനായി രണ്ട് ഭാഗങ്ങളുള്ള ടെൻഡറുകൾ ക്ഷണിച്ചു (ഓഗസ്റ്റ് 2018). ഫിനാൻഷ്യൽ അഡ്വൈസറും (12 ഡിസംബർ 2018), പർച്ചേസ് കമ്മിറ്റിയും (04 ജനുവരി 2019) ബിഡ്ഡുകൾ വിലയിരുത്തിയ ശേഷം, ഒരു കിലോമീറ്റർ എച്ച്ടിഎബിസി വിതരണത്തിനായി[252] 8,02,460 രൂപ എന്ന നിരക്കിൽ[253] 380 കിലോമീറ്റർ പാരാമൗണ്ട് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡിനും 132 കിലോമീറ്റർ ഹാവെൽസ് ഇന്ത്യ ലിമിറ്റഡിനും സിഇഡിഎസ് പർച്ചേസ് ഓർഡറുകൾ നൽകി (ജനുവരി 2019). 35.31 കോടി രൂപയായിരുന്നു പർച്ചേസ് ഓർഡറിന്റെ ആകെ മൂല്യം. എന്നാൽ, പർച്ചേസ് ഓർഡറിൽ വിലവ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നില്ല. പർച്ചേസ് ഓർഡർ തീയതി മുതൽ 60 ദിവസത്തിനകം വിതരണം പൂർത്തിയാക്കേണ്ടിയിരുന്നു. ഏപ്രിൽ 2019 മുതൽ ഓഗസ്റ്റ് 2019 വരെയുള്ള വൈകിയ കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങൾ 447.417 കിലോമീറ്റർ എച്ച്ടിഎബിസി വിതരണം ചെയ്തു. പർച്ചേസ് ഓർഡർ അധികാരപ്പെടുത്തിയ പ്രകാരം 110 കിലോമീറ്റർ എച്ച്ടിഎബിസിയുടെ അധിക അളവിന് സിഇഡിഎസ് നൽകിയ അധിക ഓർഡറിൽ (സെപ്റ്റംബർ 2020) വിലവ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു.

ഇതുമായി ബന്ധപ്പെട്ട്, ഇനിപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ വന്നു (മാർച്ച് 2022).

- വിതരണ കാലയളവിൽ എച്ച്ടിഎബിസി നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാന വില 2.55 ശതമാനം മുതൽ 6.35 ശതമാനം വരെ കുറഞ്ഞതായി മാർച്ച് 2019 മുതൽ ഓഗസ്റ്റ് 2019 വരെയുള്ള കാലയളവിലെ ഐഇഇഎംഎ സർക്കുലറുകളിൽ കാണാം. ടെൻഡർ/പർച്ചേസ് ഓർഡറിൽ സിഇഡിഎസ് വിലവ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്താതിരുന്നതിനാൽ കമ്പനിക്ക് താഴോട്ടുള്ള വില വ്യതിയാനം പ്രയോജനപ്പെടുത്താനായില്ല. പകരം മൊത്തം അളവിനും കമ്പനി നിശ്ചിത വില നൽകേണ്ടി വന്നു. ***അനുബന്ധം 42***-ൽ കാണിച്ചിരിക്കുന്നതുപോലെ ഈ ഇനത്തിൽ സംഭവിച്ച ഒഴിവാക്കാമായിരുന്ന അധികച്ചെലവ് 1.73 കോടി രൂപയായിരുന്നു.

---

[248] 50 ശതമാനമോ അതിൽ കൂടുതലോ ലോഹത്തിന്റെ ഉള്ളടക്കം.

[249] കെഎസ്ഇബിഎല്ലിന്റെ മുൻഗാമിയായ സ്ഥാപനം.

[250] ഇന്ത്യൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ.

[251] ഈ കേബിളുകൾ ഉയർന്ന സുരക്ഷയും വിശ്വാസ്യതയും പ്രദാനം ചെയ്യുന്നു, കുറഞ്ഞ വൈദ്യുതി നഷ്ടവും ഗ്രാമപ്രദേശങ്ങളിലും പ്രയാസകരമായ ഭൂപ്രദേശങ്ങളിലും തിരക്കേറിയ നഗരപ്രദേശങ്ങളിലും വൈദ്യുതി വിതരണത്തിന് അനുയോജ്യമാണ്.

[252] 70:30 അനുപാതത്തിൽ.

[253] അടിസ്ഥാന വില 6,46,000 രൂപ.

- കമ്പനിയുടെ ചീഫ് എഞ്ചിനീയർ (സപ്ലൈ ചെയിൻ മാനേജ്മെന്റ്) (എസ്സിഎം) രണ്ട് സ്ഥാപനങ്ങൾക്ക്[254] 60 മുതൽ 90 ദിവസം വരെ വിതരണ കാലയളവുള്ള (ഡിസംബർ 2018) പർച്ചേസ് ഓർഡറുകൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടു. ഐഇഇഎംഎ സമവാക്യം അനുസരിച്ച് വ്യതിചലിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ ആയിരുന്നു ഈ പർച്ചേസ് ഓർഡറുകൾ എന്നും അവയ്ക്ക് ഫിനാൻഷ്യൽ അഡ്വൈസറും (29 നവംബർ 2018) പർച്ചേസ് കമ്മിറ്റിയും (05 ഡിസംബർ 2018) അനുമതി നൽകിയതായും ഓഡിറ്റ് നിരീക്ഷിച്ചു.

- എന്നിരുന്നാലും, അതേ കാലയളവിൽ സിഇഡിഎസ് നൽകിയ (ജനുവരി 2019) പർച്ചേസ് ഓർഡറുകൾ വില വ്യതിയാന നിബന്ധന ഇല്ലാതെ ഉറച്ച വിലയുടെ അടിസ്ഥാനത്തിൽ ആയിരുന്നു. ഇതേ കാലയളവിൽ വിലവ്യതിയാന വ്യവസ്ഥ പർച്ചേസ് ഓർഡറിൽ ഇല്ലാതിരുന്നത് ചൂണ്ടിക്കാണിക്കുന്നതിൽ ഫിനാൻഷ്യൽ അഡ്വൈസറും പർച്ചേസ് കമ്മിറ്റിയും അലംഭാവം കാട്ടിയതായി ശ്രദ്ധയിൽ പെട്ടു.

2008 മെയ് മാസത്തിൽ ബോർഡ് തീരുമാനിച്ചതനുസരിച്ച്, വിതരണ കാലയളവ് ആറ് മാസത്തിൽ കൂടുതലാണെങ്കിൽ ടെൻഡറിൽ വില വ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്താറുണ്ടെന്ന് സർക്കാർ മറുപടി നൽകി (ഒക്ടോബർ 2023). 60 ദിവസത്തിനുള്ളിൽ വിതരണം പൂർത്തിയാക്കുന്നുവെങ്കിൽ, വിലയിൽ കുറവുണ്ടാകുന്നത് മൂലമുള്ള ഐഇഇഎംഎ വിലവ്യതിയാന സമവാക്യം പ്രകാരമുള്ള, സാമ്പത്തിക നഷ്ടം ബാധകമായിരുന്നില്ല.

ആറ് മാസത്തിൽ താഴെയുള്ള വിതരണ കാലയളവുള്ള കരാറുകളിൽ വിലവ്യതിയാന നിബന്ധന ഒഴിവാക്കുന്നതിന് (മേയ് 2008) ന്യായീകരണമൊന്നും നൽകിയിട്ടില്ലാത്തതിനാൽ മറുപടി നിലനിൽക്കുന്നതല്ല. വിലവ്യതിയാന നിബന്ധനയുമായി ബന്ധപ്പെട്ട് കമ്പനിയുടെ പ്രൊക്യൂർമെന്റ് മാന്വൽ (2017) ഒരു വിതരണ കാലയളവും നിഷ്ക്കർഷിച്ചിട്ടില്ല. അതുപോലെ, ആറ് മാസത്തിൽ താഴെ വിതരണ ഷെഡ്യൂൾ ഉള്ള ടെണ്ടറുകളിൽ വിലവ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിൽ നിന്ന് കമ്പനിയെ തടയുന്ന ഒന്നും തന്നെയില്ല. തന്നെയുമല്ല, ചീഫ് എഞ്ചിനീയർ (സപ്ലൈ ചെയിൻ മാനേജ്മെന്റ്) നൽകിയ പർച്ചേസ് ഓർഡറിൽ പറഞ്ഞിരിക്കുന്ന വിതരണ കാലയളവ് ആറ് മാസത്തിൽ താഴെയായിരുന്നു. കൂടാതെ, എച്ച്ടിഎബിസിയുടെ 110 കിലോമീറ്റർ അധിക അളവിന് ഓർഡറുകൾ നൽകുമ്പോൾ (സെപ്റ്റംബർ 2020), 60 ദിവസത്തിനുള്ളിൽ വിതരണം പൂർത്തിയാകുമെന്നിരിക്കെ, വിലവ്യതിയാനത്തിനുള്ള ഒരു വ്യവസ്ഥ കമ്പനി ഉൾപ്പെടുത്തിയിരുന്നു. ഓഡിറ്റ് നിരീക്ഷണത്തിന് ശേഷം, തുടർന്നുള്ള എല്ലാ ടെൻഡറുകളിലും വിലവ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്തിയതായി കമ്പനിയും (ജൂൺ 2022) സമ്മതിച്ചിരുന്നു.

അങ്ങനെ, കരാറിൽ വിലവ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്താതിരുന്നത് 1.73 കോടി രൂപയുടെ അധികച്ചെലവിലേക്ക് നയിച്ചു.[255]

## 3.8 ഈ റിപ്പോർട്ടിലെ ഖണ്ഡികകളെക്കുറിച്ചുള്ള സർക്കാരിന്റെ പ്രതികരണം

സ്റ്റേറ്റ്മെൻറ് ഓഫ് ഫാക്റ്റ്സും, അവയെ തുടർന്ന കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിച്ചുള്ള കരട് ഓഡിറ്റ് ഖണ്ഡികകളും, ബന്ധപ്പെട്ട ആറു വകുപ്പുകളുടെ[256] പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ എന്നിവർക്ക് ആറ് ആഴ്ചകൾക്കുള്ളിൽ അവരുടെ പ്രതികരണം അറിയിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഓഡിറ്റ് കണ്ടെത്തലുകളിലേക്ക് ശ്രദ്ധ ക്ഷണിക്കാനായി അയക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ ഉചിതമായ രീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പന്ത്രണ്ട്

---

[254] എപിഎആർ ഇൻഡസ്ട്രീസ് ലിമിറ്റഡും, പാരാമൗണ്ട് കമ്മ്യൂണിക്കേഷൻ ലിമിറ്റഡും.

[255] ചെയർമാനും മാനേജിംഗ് ഡയറക്ടറും അതിന്റെ ചെയർമാനാണ്. എല്ലാ മുഴുവൻ സമയ ഡയറക്ടർമാരും സാമ്പത്തിക ഉപദേഷ്ടാവും അംഗങ്ങളും ചീഫ് എഞ്ചിനീയർ(എസ്സിഎം) കൺവീനറുമാണ്.

[256] പുരാവസ്തുശാസ്ത്രം, മ്യൂസിയം-മൃഗശാല, വ്യവസായം, വനം-വന്യജീവിസംരക്ഷണവകുപ്പ്, പൊതുമരാമത്ത്, ഊർജ്ജം.

അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾക്കുള്ള മറുപടികൾ സർക്കാരിൽ നിന്ന് ലഭിച്ചു. അഞ്ച് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾക്കുള്ള മറുപടികൾ (ഏപ്രിൽ 2023) സംസ്ഥാന സർക്കാരിൽ നിന്ന് ഇതുവരെ ലഭിച്ചിട്ടില്ല.

**(എസ്. സുനിൽ രാജ്)**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ**
**(ഓഡിറ്റ് II), കേരളം**

**തിരുവനന്തപുരം,**
**തിയതി 20 ജൂൺ 2024**

**മേലൊപ്പിട്ടത്**

**(ഗിരീഷ് ചന്ദ്ര മുർമു)**
**കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ**

**ന്യൂ ഡൽഹി,**
**തിയതി 03 ജൂലൈ 2024**

# അനുബന്ധങ്ങൾ

**അനുബന്ധം 1**

**ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ പ്രൊഫൈൽ**

***(ഖണ്ഡിക 1.2–ൽ പരാമർശിച്ചിരിക്കുന്നു)***

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | വകുപ്പിന്റെ ലക്ഷ്യം പ്രവർത്തനങ്ങൾ |
|---|---|---|
| 1 | പരിസ്ഥിതി– കാലാവസ്ഥ വ്യതിയാനം | പരിസ്ഥിതി വകുപ്പിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച് (ഡിഇഇസിസി) –ന്റെ പ്രധാന ലക്ഷ്യം സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തുന്നതിനായി പരിസ്ഥിതി നിയമങ്ങളെ ശക്തിപ്പെടുത്തുക; വികസന പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക ആശയങ്ങൾ ഉൾക്കൊള്ളിക്കുക; പരിസ്ഥിതി പരിപാലന പദ്ധതികളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തി ധനവിനിയോഗം നിർവഹിക്കുക; സുസ്ഥിര വികസനം ലക്ഷ്യമാക്കി കൊണ്ട് ഒരു സമൂഹ മുന്നേറ്റം സൃഷ്ടിക്കുക എന്നിവയിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനു വേണ്ടി പരിസ്ഥിതി സംബന്ധിച്ച ആശങ്കകളെ സുസ്ഥിര വികസനത്തിന്റെ മുൻ ശ്രേണിയിലെത്തിക്കുക എന്നതാണ്. |
| 2 | വനം വന്യജീവി | കേരളത്തിന്റെ സവിശേഷവും സങ്കീർണ്ണവുമായ പ്രകൃതിവനങ്ങൾ, പ്രത്യേകിച്ച് ജലം, ജൈവവൈവിധ്യം, വ്യാപ്തി, ഉത്പാദനക്ഷമത, മണ്ണ്, പാരിസ്ഥിതിക, ചരിത്ര, സാംസ്കാരിക, സൗന്ദര്യാത്മക മൂല്യങ്ങൾ, എന്നിവ അവയുടെ പാരിസ്ഥിതിക പ്രക്രിയകളെ ബാധിക്കാതെ, ഭാവിതലമുറയ്ക്കായി സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക, ഭാവി തലമുറകൾക്കായി സംസ്ഥാനത്ത് നിലനിൽക്കുന്ന വംശാവലികളെ പരിരക്ഷിക്കുന്നതിനും, നിലനിർത്തുന്നതിനും, പരിപോഷിപ്പി ക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുക; വനങ്ങൾക്കുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുവാനായി അനുയോജ്യമായ ഇടപെടലുകൾ നടത്തുക; കണ്ടൽക്കാടുകൾ, സർപ്പക്കാവുകൾ തീരപ്രദേശങ്ങൾ, തണ്ണീർത്തടങ്ങൾ, പുരയിടങ്ങൾ, സ്വകാര്യ തോട്ടങ്ങൾ മുതലായ വനം വകുപ്പിന്റെ നിയന്ത്രണത്തിന് പുറത്തുള്ള ജൈവവൈവിധ്യ സമ്പന്നവും പരിസ്ഥിതി ദുർബലവുമായ ആവാസവ്യവസ്ഥയെ സുസ്ഥിരമായി സംരക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുക, ആദിവാസികളുടെയും മറ്റ് വനത്തെ ആശ്രയിച്ചു ജീവിക്കുന്ന സമൂഹങ്ങളുടെയും ഉപജീവന ആവശ്യങ്ങൾ നിറവേറ്റുക, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവയുടെ പൂർത്തീകരണമാണ് കേരള വനംവകുപ്പിന്റെ പ്രധാനപ്പെട്ട ചുമതലകളും ലക്ഷ്യങ്ങളും. |
| 3 | പൊതുമരാമത്ത് | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർക്കാർ കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ മുതലായവയുടെ രൂപകൽപ്പന, ആസൂത്രണം, നിർമ്മാണം, പരിപാലനം എന്നിവയ്ക്കുവേണ്ടി സംസ്ഥാന സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണ് പൊതുമരാമത്ത് വകുപ്പ്. |
| 4 | ശാസ്ത്ര സാങ്കേതികം | ശാസ്ത്രസാങ്കേതിക വിദ്യയുടെ പുതിയ മേഖലകൾ പ്രോത്സാഹിപ്പിക്കുക, രാജ്യത്തെ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഒരു നോഡൽ വകുപ്പിന്റെ പങ്ക് വഹിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. |
| 5 | വ്യവസായം വാണിജ്യം | ആവശ്യമായ വ്യാവസായിക അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുക, സംസ്ഥാനത്ത് വ്യവസായവളർച്ച |

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | വകുപ്പിന്റെ ലക്ഷ്യം പ്രവർത്തനങ്ങൾ |
|---|---|---|
| | | സുഗമമാക്കുന്നതിന് മതിയായ ലോജിസ്റ്റിക് പിന്തുണ നൽകുക എന്നിവയാണ് ലക്ഷ്യങ്ങൾ. |
| 6 | ഊർജ്ജം | വർദ്ധിച്ച ആവശ്യകതയ്ക്ക് അനുസൃതമായി വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിന് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. |
| 7 | സാംസ്കാരിക കാര്യം | കേരളത്തിന്റെ തനത് സംസ്കാരം, കല, സാഹിത്യം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയാണ് സാംസ്കാരിക വകുപ്പ് രൂപീകരിക്കുന്നത്. |
| 8 | ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി | ഡിജിറ്റൽ കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തെ ഒന്നാം നമ്പർ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |
| 9 | തുറമുഖം | വിവിധ മേഖലകളിലെ നൂതനസാങ്കേതിക വിദ്യകൊണ്ടുള്ള പരിഹാരങ്ങൾ നവീകരിക്കുക വഴി തുറമുഖപ്രവർത്തനങ്ങളുടെയും തുറമുഖങ്ങളുടെ ഉൽപ്പാദനക്ഷമതയെയും വർദ്ധിപ്പിക്കുകയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |
| 10 | വിനോദസഞ്ചാരം | സംസ്ഥാനത്തെ വിനോദസഞ്ചാരവികസനത്തിനും പ്രോത്സാഹന ത്തിനുമായി പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വകുപ്പ് നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നു. |
| 11 | ഗതാഗതം | സുസ്ഥിരവും കാര്യക്ഷമവും സുരക്ഷിതവും അന്തർദ്ദേശീയമായി താരതമ്യപ്പെടുത്താവുന്നതുമായ റോഡ് അടിസ്ഥാന സൗകര്യങ്ങളുടെ പൊതുവിലും പ്രത്യേകിച്ച് സംസ്ഥാന പാതകളുടെ അടിസ്ഥാന സൗകര്യവികസനത്തിലും മെച്ചപ്പെട്ട കണക്ടിവിറ്റി, സാമൂഹികസാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്ന തലത്തിലേക്കും ദ്രുതഗതിയിൽ മൊബിലിറ്റി കൈവരിക്കുക എന്നതാണ് ലക്ഷ്യം. |

## അനുബന്ധം 2

### വകുപ്പുകളുമായി ബന്ധപ്പെട്ട തീർപ്പാകാത്ത ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും കാലപ്പഴക്കം അനുസരിച്ചുള്ള വിവരണം

*(ഖണ്ഡിക 1.7.1.1–ൽ പരാമർശിച്ചിരിക്കുന്നു)*

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | തീർപ്പാകാത്ത ഐആറുകളുടെ എണ്ണം | | | | തീർപ്പാകാത്ത ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|
| | | 5 വർഷത്തിന് മുകളിൽ പഴക്കമുള്ളവ | 3 മുതൽ 5 വർഷം വരെ പഴക്കമുള്ളവ | 3 വർഷം വരെ പഴക്കമുള്ളവ | ആകെ | 5 വർഷത്തിന് മുകളിൽ പഴക്കമുള്ളവ | 3 മുതൽ 5 വർഷം വരെ പഴക്കമുള്ളവ | 3 വർഷം വരെ പഴക്കമുള്ളവ | ആകെ |
| 1 | സാംസ്കാരികകാര്യം | 57 | 26 | 9 | 92 | 195 | 212 | 67 | 474 |
| 2 | ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി | 17 | 2 | 5 | 24 | 159 | 12 | 45 | 216 |
| 3 | വ്യവസായം വാണിജ്യം | 54 | 20 | 4 | 78 | 158 | 179 | 42 | 379 |
| 4 | തുറമുഖം | 11 | 5 | 0 | 16 | 29 | 18 | 0 | 47 |
| 5 | വിനോദസഞ്ചാരം | 14 | 2 | 2 | 18 | 68 | 19 | 21 | 108 |
| 6 | ഗതാഗതം | 161 | 101 | 32 | 294 | 872 | 1,083 | 422 | 2,377 |
| 7 | ഊർജ്ജം | 19 | 6 | 2 | 27 | 67 | 33 | 10 | 110 |
| 8 | പരിസ്ഥിതികാലാവസ്ഥ വ്യതിയാനം | 4 | 2 | 6 | 12 | 18 | 23 | 45 | 86 |
| 9 | പൊതുമരാമത്ത് | 257 | 31 | 39 | 327 | 1,124 | 255 | 355 | 1,734 |
| 10 | വനം വന്യജീവി | 70 | 32 | 62 | 164 | 191 | 125 | 463 | 779 |
| 11 | ശാസ്ത്ര സാങ്കേതികം | 18 | 2 | 4 | 24 | 55 | 15 | 15 | 85 |
| **ആകെ** | | **682** | **229** | **165** | **1,076** | **2,936** | **1,974** | **1,485** | **6,395** |

## അനുബന്ധം 3

### പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തീർപ്പാക്കാത്ത പരിശോധനാ റിപ്പോർട്ടുകളുടേയും ഖണ്ഡികകളുടേയും കാലപ്പഴക്കം തിരിച്ചുള്ള അവലോകനം കാണിക്കുന്ന പ്രസ്താവന

*(ഖണ്ഡിക 1.7.1.2-ൽ പരാമർശിച്ചിരിക്കുന്നു)*

| ക്രമ നമ്പർ | പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | തീർപ്പാക്കാത്ത പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം | | | | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|
| | | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ |
| 1 | ദി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | 1 | 1 | 0 | 2 | 3 | 6 | 0 | 9 |
| 2 | ഓട്ടോകാസ്റ്റ് ലിമിറ്റഡ് | 2 | 0 | 0 | 2 | 9 | 0 | 0 | 9 |
| 3 | ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2 | 0 | 1 | 3 | 7 | 0 | 7 | 14 |
| 4 | ഫോം മാറ്റിങ്സ് (ഇന്ത്യ) ലിമിറ്റഡ് | 2 | 0 | 1 | 3 | 9 | 0 | 4 | 13 |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് | 3 | 1 | 1 | 5 | 11 | 10 | 10 | 31 |
| 6 | ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് | 0 | 1 | 1 | 2 | 0 | 7 | 7 | 14 |
| 7 | ടെക്നോളജി ആൻഡ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ മാനേജ്മെന്റ് -കേരള | 1 | 1 | 0 | 2 | 3 | 8 | 0 | 11 |
| 8 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് | 2 | 1 | 1 | 4 | 6 | 7 | 5 | 18 |
| 9 | കഞ്ചിക്കോട് ഇലക്ട്രോണിക്സ് ആൻഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് | 3 | 0 | 0 | 3 | 8 | 0 | 0 | 8 |
| 10 | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് | 1 | 0 | 0 | 1 | 21 | 0 | 0 | 21 |
| 11 | കെസിസിപി ലിമിറ്റഡ് | 0 | 0 | 1 | 1 | 0 | 0 | 5 | 5 |
| 12 | കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | 1 | 1 | 1 | 3 | 1 | 5 | 12 | 18 |
| 13 | കെൽട്രോൺ കമ്പോണെന്റ് കോംപ്ലക്സ് ലിമിറ്റഡ് | 3 | 1 | 1 | 5 | 12 | 4 | 2 | 18 |
| 14 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 1 | 1 | 0 | 2 | 3 | 11 | 0 | 14 |
| 15 | കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 1 | 0 | 1 | 2 | 4 | 0 | 12 | 16 |

| ക്രമ നമ്പർ | പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | തീർപ്പാക്കാത്ത പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം | | | | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|
| | | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ |
| 16 | കേരള കാഷ്യു ബോർഡ് ലിമിറ്റഡ് | 0 | 0 | 1 | 1 | 0 | 0 | 8 | 8 |
| 17 | കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് ലിമിറ്റഡ് | 0 | 0 | 1 | 1 | 0 | 0 | 9 | 9 |
| 18 | കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് | 1 | 0 | 0 | 1 | 1 | 0 | 0 | 1 |
| 19 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | 5 | 1 | 0 | 6 | 15 | 16 | 0 | 31 |
| 20 | ദി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് | 1 | 1 | 2 | 4 | 2 | 8 | 13 | 23 |
| 21 | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 0 | 0 | 1 | 1 | 0 | 0 | 11 | 11 |
| 22 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | 2 | 1 | 1 | 4 | 4 | 5 | 10 | 19 |
| 23 | ദി കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 0 | 1 | 1 | 2 | 0 | 7 | 15 | 22 |
| 24 | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് | 0 | 1 | 0 | 1 | 0 | 7 | 0 | 7 |
| 25 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 1 | 1 | 1 | 3 | 4 | 9 | 6 | 19 |
| 26 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 1 | 1 | 1 | 3 | 5 | 3 | 13 | 21 |
| 27 | കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2 | 1 | 0 | 3 | 7 | 8 | 0 | 15 |
| 28 | കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 1 | 1 | 1 | 3 | 6 | 2 | 12 | 20 |
| 29 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 3 | 0 | 0 | 3 | 19 | 0 | 0 | 19 |
| 30 | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2 | 1 | 0 | 3 | 7 | 6 | 0 | 13 |
| 31 | കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 1 | 1 | 0 | 2 | 9 | 9 | 0 | 18 |

| ക്രമ നമ്പർ | പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | തീർപ്പാക്കാത്ത പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം | | | | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|
| | | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ |
| 32 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 0 | 1 | 1 | 2 | 0 | 3 | 6 | 9 |
| 33 | കേരള സ്റ്റേറ്റ് പാൽമിറ പ്രൊഡക്ട്സ് ഡെവലപ്പ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് | 3 | 1 | 0 | 4 | 12 | 4 | 0 | 16 |
| 34 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | 3 | 1 | 0 | 4 | 6 | 11 | 0 | 17 |
| 35 | കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 1 | 2 | 1 | 4 | 7 | 23 | 12 | 42 |
| 36 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2 | 1 | 0 | 3 | 5 | 5 | 0 | 10 |
| 37 | കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 4 | 2 | 0 | 6 | 31 | 20 | 0 | 51 |
| 38 | കിനെസ്കോ പവർ ആൻഡ് യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് | 1 | 1 | 0 | 2 | 2 | 8 | 0 | 10 |
| 39 | കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്സ് ലിമിറ്റഡ് | 1 | 1 | 1 | 3 | 3 | 10 | 4 | 17 |
| 40 | കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക് ലിമിറ്റഡ് | 1 | 0 | 1 | 2 | 2 | 0 | 6 | 8 |
| 41 | കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്സ് ലിമിറ്റഡ് | 1 | 1 | 1 | 3 | 2 | 4 | 3 | 9 |
| 42 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 3 | 1 | 1 | 5 | 23 | 2 | 14 | 39 |
| 43 | മലബാർ സിമന്റ്സ് ലിമിറ്റഡ് | 3 | 1 | 1 | 5 | 8 | 7 | 10 | 25 |
| 44 | മലബാർ ഇന്റർനാഷണൽ പോർട്ട്സ് ആൻഡ് എസ്ഇസെഡ് ലിമിറ്റഡ് | 0 | 0 | 1 | 1 | 0 | 0 | 5 | 5 |
| 45 | മറൈൻ പ്രൊഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 0 | 1 | 0 | 1 | 0 | 5 | 0 | 5 |
| 46 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 0 | 1 | 1 | 2 | 0 | 3 | 6 | 9 |
| 47 | മുസിരിസ് പ്രോജക്റ്റ്സ് ലിമിറ്റഡ് | 0 | 1 | 0 | 1 | 0 | 6 | 0 | 6 |

| ക്രമ നമ്പർ | പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | തീർപ്പാക്കാത്ത പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം | | | | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|
| | | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ |
| 48 | സെയിൽ– എസ്സിഎൽ കേരള ലിമിറ്റഡ് | 3 | 1 | 0 | 4 | 14 | 8 | 0 | 22 |
| 49 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2 | 1 | 1 | 4 | 14 | 6 | 14 | 34 |
| 50 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 6 | 1 | 1 | 8 | 5 | 6 | 9 | 20 |
| 51 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 6 | 1 | 1 | 8 | 25 | 7 | 11 | 43 |
| 52 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 1 | 1 | 0 | 2 | 3 | 7 | 0 | 10 |
| 53 | ദി കേരള സെറാമിക്സ് ലിമിറ്റഡ് | 0 | 1 | 0 | 1 | 0 | 2 | 0 | 2 |
| 54 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | 2 | 1 | 0 | 3 | 4 | 11 | 0 | 15 |
| 55 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 3 | 1 | 1 | 5 | 7 | 10 | 13 | 30 |
| 56 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 1 | 1 | 1 | 3 | 1 | 7 | 8 | 16 |
| 57 | ദി ട്രാവൻകൂർ–കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 1 | 1 | 1 | 3 | 1 | 1 | 6 | 8 |
| 58 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ് | 0 | 1 | 1 | 2 | 0 | 5 | 5 | 10 |
| 59 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 1 | 1 | 0 | 2 | 2 | 14 | 0 | 16 |
| 60 | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2 | 0 | 1 | 3 | 14 | 0 | 9 | 23 |
| 61 | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് | 1 | 0 | 1 | 2 | 5 | 0 | 6 | 11 |
| 62 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 38 | 7 | 7 | 52 | 154 | 73 | 60 | 287 |
| 63 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 59 | 21 | 13 | 93 | 284 | 135 | 116 | 535 |
| 64 | കേരള സ്റ്റേറ്റ് പവർ ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 0 | 0 | 1 | 1 | 0 | 0 | 5 | 5 |
| 65 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 0 | 1 | 1 | 2 | 0 | 11 | 9 | 20 |

| ക്രമ നമ്പർ | പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | തീർപ്പാക്കാത്ത പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം | | | | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|
| | | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ | അഞ്ച് വർഷത്തിൽ കൂടുതൽ | മൂന്ന് മുതൽ അഞ്ച് വർഷം വരെ | മൂന്ന് വർഷം വരെ | ആകെ |
| 66 | റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് | 1 | 0 | 1 | 2 | 6 | 0 | 4 | 10 |
| 67 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 2 | 1 | 0 | 3 | 2 | 6 | 0 | 8 |
| 68 | റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2 | 1 | 0 | 3 | 7 | 9 | 0 | 16 |
| | **ആകെ** | **197** | **78** | **60** | **335** | **825** | **567** | **502** | **1,894** |

## അനുബന്ധം 4
## കയ്യേറ്റത്തിന്റെ വിശദാംശങ്ങൾ
*(ഖണ്ഡിക 2.1.7.4–ൽ പരാമർശിച്ചിരിക്കുന്നു)*

| ഡിവിഷന്റെ പേര് | കെഎഫ്.എസ്. ഡാറ്റ – കയ്യേറ്റത്തിന്റെ വ്യാപ്തി (ഹെക്ടർ) | | | ഓഡിറ്റ് നിരീക്ഷണം | റിപ്പോർട്ട് ചെയ്യപ്പെടാനുള്ളത് |
|---|---|---|---|---|---|
| | 2018 മാർച്ച് 31 വരെ | 2021 മാർച്ച് 31 വരെ | കൂടിയത് / കുറഞ്ഞത് (–) | | |
| **ടെറിട്ടോറിയൽ ഡിവിഷനുകൾ** | | | | | |
| തിരുവനന്തപുരം | 0 | 0.59 | 0.59 | വർദ്ധിച്ചു | – |
| റാന്നി | 1.13 | 1.74 | 0.61 | വർദ്ധിച്ചു | – |
| മറയൂർ | 0.03 | 0.03 | 0 | 1903 ഹെക്ടർ വനഭൂമി റവന്യൂ ഭൂമിയാക്കി മാറ്റുകയും 88.46 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകുകയും ചെയ്തു. | |
| മലയാറ്റൂർ | 129.29 | 127.66 | (-) 1.63 | കുറഞ്ഞു. എന്നാൽ കാലടി റേഞ്ചിലെ 28.50 ഹെക്ടർ കൈയേറ്റം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, കയ്യേറ്റത്തിൽ 26.87 ഹെക്ടറിന്റെ വർദ്ധനവ് ഉണ്ടായി. | 28.50 |
| പാലക്കാട് | 190.58 | 37.69 | (-) 152.89 | കുറഞ്ഞു | – |
| മണ്ണാർക്കാട് | 2,700.34 (യഥാർത്ഥത്തിൽ 677.14=2,700.34-2,023.20) | 664.28 | (-) 12.86 | കുറഞ്ഞു. 2016–ലെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഗോത്രവർഗ്ഗക്കാർ കൃഷി മാറ്റി ചെയ്യുന്നതിനായി ഉപയോഗിച്ച 2,023.20 ഹെക്ടർ ഭൂമി കൈയ്യേറ്റമായി കണക്കാക്കി. അതിനാൽ, യഥാർത്ഥ കുറവ് 12.86 ഹെക്ടർ മാത്രമാണ്. | |
| വയനാട് സൗത്ത് | 1369.29 (യഥാർത്ഥത്തിൽ 668.03) | 717.63 | 49.60 | വർദ്ധിച്ചു. | |
| കണ്ണൂർ | 11.02 | 50.66 | 39.64 | വർദ്ധിച്ചു | – |
| **വന്യജീവി ഡിവിഷനുകൾ** | | | | | |
| പെരിയാർ ഈസ്റ്റ് | 0.01 | 4.39 | 4.38 | വർദ്ധിച്ചു | – |
| വയനാട് | 0 | 0.63 | 0.63 | വർദ്ധിച്ചു. 354 ഹെക്ടർ സ്ഥലം കയ്യേറിയത് റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽ, കൈയ്യേറ്റത്തിൽ ആകെ വർദ്ധനവ് 354.63 ഹെക്ടറാണ്. | 354 |
| **ആകെ** | **1,677.23** | **1,605.30** | **(-)71.93** | | **382.50** |

തിരഞ്ഞെടുത്ത 11 ഡിവിഷനുകളിൽ:

- തിരഞ്ഞെടുത്ത 10 ഡിവിഷനുകളിലായി 1,605.30 ഹെക്ടർ കയ്യേറ്റമുണ്ടായി. പറമ്പിക്കുളം കടുവാ സങ്കേതത്തിൽ കൈയ്യേറ്റങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.
- രണ്ട് ഡിവിഷനുകളിൽ (മണ്ണാർക്കാട്, സൗത്ത് വയനാട്) 2016-ലെ സ്ഥിതിവിവരക്കണക്കുകളിൽ കാണിച്ച പ്രദേശം അന്ന് തെറ്റായിട്ടാണ് കണക്കാക്കിയത്. ഇത് പിന്നീട് 2020-ൽ ശരിയാക്കി. അതിനാൽ 2018-ലെ കണക്കുകളിൽ യഥാർത്ഥ വർദ്ധനവ് അല്ലെങ്കിൽ കുറവ് വരുന്നതിന് വ്യത്യാസം ക്രമീകരിച്ചു.
- മലയാറ്റൂർ (28.50 ഹെക്ടർ), വയനാട് (354 ഹെക്ടർ) എന്നീ ഡിവിഷനുകളിലെ കൈയ്യേറ്റങ്ങൾ ഉൾപ്പെടുത്താത്തതിനാൽ, 382.50 ഹെക്ടർ കൈയ്യേറ്റം കുറവായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## അനുബന്ധം 5
## അനുവദിച്ച ഫെൻസിങ് പദ്ധതികൾ നടപ്പാക്കാത്തത്
*(ഖണ്ഡിക 2.1.8.1, നാലാമത്തെ ബുള്ളറ്റിൽ പരാമർശിച്ചിരിക്കുന്നു)*

| പദ്ധതിയുടെ പേര് | പദ്ധതിയുടെ വിശദാംശങ്ങൾ |
|---|---|
| കൃഷി രക്ഷാ പദ്ധതി | മനുഷ്യ-വന്യജീവി സംഘർഷത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ 692 കിലോമീറ്റർ[257] ദൈർഘ്യത്തിൽ ആനയെ പ്രതിരോധിക്കുന്ന മതിലുകൾ, കല്ല് പാകിയ കിടങ്ങുകൾ, അഴി വേലികൾ, ജൈവവേലികൾ, സൗരോർജ്ജ വേലികൾ തുടങ്ങിയ വിവിധ നടപടികളിലൂടെ കാർഷിക വിളകളെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി കർഷകർക്ക് പ്രയോജനപ്പെടുന്ന കൃഷി രക്ഷാ പദ്ധതിക്ക് കേരള സർക്കാർ ഭരണാനുമതി[258] നൽകി (2014 ഓഗസ്റ്റ്). 259.81 കോടി രൂപയായിരുന്നു മൊത്തം പദ്ധതിച്ചെലവ്, 2014-16 കാലയളവിലാണ് ഇത് നടപ്പിലാക്കാൻ പദ്ധതിയിട്ടിരുന്നത്. പദ്ധതിയ്ക്കായി 3.20 കോടി രൂപ (0.01 ശതമാനം) മാത്രമാണ് വിനിയോഗിച്ചത്. പൂർത്തീകരിച്ച പ്രവൃത്തിയുടെ വിശദാംശങ്ങളും കൂടാതെ/അല്ലെങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതിന്റെ കാരണവും വകുപ്പിന് നൽകാൻ കഴിഞ്ഞില്ല. |
| സംയോജിത ആദിവാസി വികസന പദ്ധതി (ഐ.ടി.ഡി.പി) | അട്ടപ്പാടി ആദിവാസി മേഖലയിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിനായി മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിൽ നാലിടങ്ങളിലായി 18.7 കിലോമീറ്റർ ആനയെ പ്രതിരോധിക്കുന്ന കിടങ്ങും; അട്ടപ്പാടി, അഗളി എന്നീ റേഞ്ചുകളിലായി 2.3 കിലോമീറ്റർ ആനയെ പ്രതിരോധിക്കുന്ന ഭിത്തിയും നിർമ്മിക്കുന്നതിന് 2016 ഡിസംബറിൽ അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പ്രകാരം 2.66 കോടി രൂപ അനുവദിച്ചു[259]. രണ്ടിടങ്ങളിലായി 0.41 കോടി രൂപ ചെലവിൽ ആനയെ പ്രതിരോധിക്കുന്ന കിടങ്ങുകൾ നിർമ്മിച്ചു. എന്നാൽ നിർമ്മാണത്തിലെ ജനകീയ പ്രതിഷേധവും സാങ്കേതിക പ്രശ്നങ്ങളാൽ അവ നടപ്പിലാക്കുന്ന ബുദ്ധിമുട്ടും ചൂണ്ടിക്കാട്ടി പദ്ധതി ഉപേക്ഷിക്കുകയും ബാക്കി തുകയായ 2.29 കോടി രൂപ (പലിശ ഉൾപ്പെടെ) 2020 ജനുവരിയിൽ തിരികെ നൽകുകയും ചെയ്തു. പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് മുമ്പ് ശരിയായ പഠനങ്ങളുടെ അഭാവവും പൊതുജന പിന്തുണ ഉറപ്പാക്കുന്നതിലുള്ള പിഴവും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമായി. |
| ക്രാഷ് ഗാർഡ് ഫെൻസിങ് നിർമ്മാണം | മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി കൽപ്പറ്റ, സൗത്ത് വയനാട് ഡിവിഷനിലെ, പുൽപ്പള്ളി, മേപ്പാടി റേഞ്ചിനു കീഴിലുള്ള നാലിടങ്ങളിലായി ആകെ 25.7 കിലോമീറ്റർ ദൈർഘ്യത്തിൽ 13.90 കോടി രൂപയ്ക്ക് ക്രാഷ് ഗാർഡ് ഫെൻസിങ് നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി[260] നൽകി (2018 നവംബർ). 2019 ഒക്ടോബറിൽ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചു.<br>പ്രവൃത്തിയുടെ ആകെ ദൈർഘ്യം നാല് റീച്ചുകളായി തിരിച്ച് നാല് പ്രത്യേക പ്രവൃത്തികളായി ടെൻഡർ ക്ഷണിച്ചു. ടെൻഡർ അന്തിമമാക്കുന്നതിലെ കാലതാമസം കാരണം നാല് പ്രവൃത്തികളിൽ രണ്ടെണ്ണത്തിന്റെ കരാർ നൽകിയില്ല. മറ്റ് രണ്ട് പ്രവൃത്തികളുടെ കാര്യത്തിൽ, അവ അനുവദിച്ചെങ്കിലും (2021 ഫെബ്രുവരി) നിർദ്ദിഷ്ട സ്ഥലത്തിന്റെ അവസ്ഥ പരിഗണിക്കാതെ രണ്ട് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും പരിഷ്കരിക്കുകയും ചെയ്യേണ്ടി വന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല.<br>ആത്യന്തികമായി ഒരു പ്രവൃത്തിയും ആരംഭിച്ചില്ല, കൂടാതെ പ്രതിരോധ ഘടന നിർമ്മിച്ച് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുക എന്ന ലക്ഷ്യം കൈവരിക്കാനുമായില്ല. |

[257] സൗരോർജ്ജ വേലി -106 കി.മീ, ആനയെ പ്രതിരോധിക്കുന്ന കിടങ്ങ് - 340 കി.മീ, ആനയെ പ്രതിരോധിക്കുന്ന മതിൽ -139 കി.മീ, അഴി വേലി - 61 കി.മീ, ജൈവവേലി - 46 കി.മീ.

[258] 2014 ഓഗസ്റ്റ് 28-ലെ ജി.ഒ.(എം.എസ്) നമ്പർ 73/2014/എഫ്&ഡബ്ല്യു.എൽ.ഡി

[259] പാലക്കാട് ജില്ലാ കളക്ടറുടെ 2016 ഡിസംബർ 01-ലെ ഉത്തരവ് നമ്പർ ബി2-1790/4/ഐ.റ്റി.ഡി.പി

[260] 2018 നവംബർ 12-ലെ ജി.ഒ എം.എസ് നമ്പർ 46/2018/എഫ്&ഡബ്ല്യു.എൽ.ഡി

**അനുബന്ധം 6**

**റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനത്തിലെ വീഴ്ചകൾ**

***(ഖണ്ഡിക 2.1.8.8 -ൽ പരാമർശിച്ചിരിക്കുന്നു)***

| ഇനം | ആനയും മനുഷ്യനും തമ്മിലുള്ള സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നത് | ആർആർടി മാർഗ്ഗനിർദ്ദേശങ്ങൾ | ആർആർടികൾ പ്രവർത്തിക്കുന്ന തിരഞ്ഞെടുത്ത ആറ് ഡിവിഷനുകളിലെ നിരീക്ഷണങ്ങൾ. |
|---|---|---|---|
| തസ്തിക വിന്യാസം | സംഘർഷത്തിന്റെ എല്ലാ വശങ്ങളെയും അഭിമുഖീകരിക്കാൻ ആർആർടി-യിൽ ഒരു ജീവശാസ്ത്രജ്ഞനും മൃഗഡോക്ടറും ഉൾപ്പെട്ടിരിക്കണം | ജീവശാസ്ത്രജ്ഞനെയും മൃഗഡോക്ടറേയും ഉൾകൊള്ളിക്കുന്നതിനെ കുറിച്ച് വിഭാവനം ചെയ്തിട്ടില്ല | ആർആർടി വയനാട് വന്യജീവി ഡിവിഷനിൽ ഒഴികെ ഒരു ആർആർടി-യിലും ഒരു ജീവശാസ്ത്രജ്ഞനോ മൃഗഡോക്ടറോ ഇല്ല. |
| പ്രാഥമിക പ്രതികരണ സംഘത്തിന്റെ (പിആർടി) രൂപീകരണം | ആർആർടി എത്തുന്നതുവരെ ജനക്കൂട്ടത്തെ അകറ്റി നിർത്താനും ആനയെ തുരത്താനും പ്രതിരോധത്തിന്റെ ആദ്യ തലമായി പ്രവർത്തിക്കാൻ കഴിയുന്ന പ്രാഥമിക പ്രതികരണ സംഘത്തെ (പിആർടി) ഓരോ ഗ്രാമത്തിലും രൂപീകരിക്കുക. | വ്യവസ്ഥയില്ല | പിആർടി-കൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവുകൾ/മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല, തിരഞ്ഞെടുത്ത ഡിവിഷനുകളിൽ പിആർടി-കളൊന്നും പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞില്ല. |
| ഉപകരണങ്ങൾ | ആർആർടിയിലും പിആർടിയിലും ഉള്ള വ്യക്തികൾ വേണ്ടത്ര സജ്ജീകരണങ്ങളോടു കൂടിയവരും പരിശീലനം സിദ്ധിച്ചവരുമായിരിക്കണം. | കൈവശം വയ്ക്കേണ്ട ഉപകരണങ്ങളുടെ പട്ടിക നൽകിയിരിക്കുന്നു. | വകുപ്പിന്റെ ആർആർടി മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ, ആർആർടി-കൾക്കൊന്നും മതിയായ ഉപകരണങ്ങൾ ഇല്ല (2019 മാർച്ച്). |
| പരിശീലനം | ആർആർടി-കൾക്കും പിആർടി-കൾക്കും എച്ച്ഇസി ലഘൂകരണത്തിൽ വേണ്ടത്ര പരിശീലനം നൽകുകയും സജ്ജീകരിക്കുകയും വേണം. | ഉയർന്ന പരിശീലനം ലഭിച്ച, അനുഭവപരിചയമുള്ള വരായിരിക്കണം, വേണ്ടത്ര സജ്ജീകരണങ്ങളുണ്ടായിരിക്കണം. ആവശ്യമായ കഴിവുകൾ പ്രതിപാദിച്ചിരിക്കുന്നു. | ടീമുകൾക്കായി പ്രത്യേക പരിശീലന മൊഡ്യൂൾ രൂപകൽപന ചെയ്തതായി കണ്ടില്ല. നിലവിലുള്ള ഫോറസ്റ്റ് ഓഫീസർമാരെ പ്രത്യേക പരിശീലനമില്ലാതെയാണ് ആർആർടിയിലേക്ക് നിയോഗിച്ചിരിക്കുന്നത്. ആനയെ തുരത്തുന്ന യത്നത്തിൽ വനം ജീവനക്കാർക്കും താത്കാലിക വാച്ചർമാർക്കും പരിക്കേൽക്കുകയോ മരിക്കുകയോ ചെയ്ത സംഭവങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു, ഇത് ശരിയായ പരിശീലനത്തിലൂടെ കുറയ്ക്കാമായിരുന്നു. |

**അനുബന്ധം 7**

**2019–20 മുതൽ 2021–22 വരെയുള്ള കാലയളവിൽ അടച്ച വാടകയുടെ വിശദാംശങ്ങൾ**

***(പരാമർശം: ഖണ്ഡിക 2.3.4.1, മൂന്നാം ബുള്ളറ്റ്)***

***(രൂപ ലക്ഷത്തിൽ)***

| ക്രമ നമ്പർ | അക്കൗണ്ട് ഹെഡ് | 2019 - 20 | 2020 - 21 | 2021 - 22 | ആകെ |
|---|---|---|---|---|---|
| 1 | 2235–സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 756.63 | 2,035.46 | 1,633.64 | 4,425.73 |
| 2 | 2014–നീതിന്യായ നിർവ്വഹണം | 714.44 | 931.18 | 1,065.63 | 2,711.25 |
| 3 | 2055–പോലീസ് | 347.10 | 619.07 | 662.55 | 1,628.72 |
| 4 | 2030–മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 124.54 | 240.35 | 273.02 | 637.91 |
| 5 | 2054–ട്രഷറികളുടെയും അക്കൗണ്ടുകളുടെയും ഭരണം | 133.21 | 299.26 | 130.95 | 563.42 |
| 6 | 2043–സംസ്ഥാന ചരക്ക് സേവന നികുതിക്ക് കീഴിലുള്ള സംഭരണച്ചെലവുകൾ | 145.74 | 212.39 | 185.87 | 544.00 |
| 7 | 2230–തൊഴിലും, തൊഴിൽ സൗകര്യങ്ങളും, നൈപുണ്യ വികസനവും | 72.77 | 181.88 | 161.14 | 515.79 |
| 8 | 2051–പബ്ലിക് സർവീസ് കമ്മീഷൻ | 139.34 | 169.36 | 194.19 | 502.89 |
| 9 | 2039–സംസ്ഥാന എക്സൈസ് | 128.59 | 208.00 | 165.97 | 502.56 |
| 10 | 2204–കായിക വിനോദവും യുവജന സേവനങ്ങളും | 118.82 | 123.63 | 174.95 | 417.40 |
| 11 | 3452–വിനോദ സഞ്ചാരം | 20.88 | 28.11 | 360.58 | 409.57 |
| 12 | 2202–പൊതു വിദ്യാഭ്യാസം | 134.02 | 142.87 | 99.35 | 376.24 |
| 13 | 2041–വാഹന നികുതികൾ | 100.22 | 163.23 | 108.10 | 371.55 |
| 14 | 2210–വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും | 104.11 | 121.24 | 145.37 | 370.72 |
| 15 | 2075–പലവക പൊതു സർവ്വീസുകൾ | 94.34 | 96.40 | 156.87 | 347.61 |
| 16 | 2029–ഭൂനികുതി | 88.66 | 130.07 | 125.18 | 343.91 |
| 17 | 2058–സ്റ്റേഷനറിയും അച്ചടിയും | 89.65 | 155.04 | 76.01 | 320.70 |
| 18 | 2062–വിജിലൻസ് | 64.00 | 126.88 | 120.61 | 311.49 |
| 19 | 2045–ക്രയ വസ്തുക്കളിലും സേവനങ്ങളിലും ചുമത്തുന്ന മറ്റ് നികുതികളും ചുങ്കങ്ങളും | 29.72 | 130.27 | 133.70 | 293.69 |

| ക്രമ നമ്പർ | അക്കൗണ്ട് ഹെഡ് | 2019 - 20 | 2020 - 21 | 2021 - 22 | ആകെ |
|---|---|---|---|---|---|
